L 175

2882

ശ്രീകൃഷ്ണവിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

L-175

# ലോകാലോകം

(ഒന്നാംഭാഗം)

ഗ്രന്ഥകത്താ,

എം. രാജരാജവമ്മ,

എം. ഏ.; ബി. എൽ.

പ്രസാധകൻ

കെ. ആർ. ജി. മേനോൻ

ബി. വി. ബുക്ക്ഡിപ്പോ & പ്രിൻറിംഗ് വർക്ക്സ്

തിരുവനന്തപുരം.

വില രൂപ 2.

ബി. വി. ബുക്കഡിപ്പോ മുദ്രയില്ലാത്തപ്രതി വ്യാജനിമ്മിതമാകുന്നു.

# വിഷയാനുക്രമണിക


| അദ്ധ്യായം | വിഷയം | പുറം |
|---|---|---|
| | പ്രസ്താവന | ൧ മുതൽ ൫ വരെ |
| ൧ | ദ്രമിളരും ആൎയ്യരും | ൬ ,, ൧൧ ,, |
| ൨ | ഭാരതഭൂമിയും ചീനയും | ൧൧ ,, ൧൪ ,, |
| ൩ | പുരാതന യൂറോപ്പ് | ൧൫ ,, ൧൯ ,, |
| ൪ | മദ്ധ്യേഷ്യ | ൨൦ ,, ൨൪ ,, |
| ൫ | യൂദർ | ൨൫ ,, ൩൦ ,, |
| ൬ | ഗ്രീക്കുകാർ | ൩൦ ,, ൩൩ ,, |
| ൭ | ഭാരതഖണ്ഡത്തിലെ ആൎയ്യസമുദായം | ൩൩ ,, ൪൧ ,, |
| ൮ | ചീനസംസ്ഥാനം | ൪൧ ,, ൪൮ ,, |
| ൯ | പരിഷ്കാരം | ൪൮ ,, ൫൨ ,, |
| ൧൦ | ബുദ്ധമതം | ൫൩ ,, ൬൨ ,, |
| ൧൧ | ഗ്രീസ്സും പാരസീകസാമ്രാജ്യവും | ൬൨ ,, ൬൬ ,, |
| ൧൨ | ഗ്രീസ്സും മാസിഡോണിയയും അലക്സാണ്ടരും | ൬൭ ,, ൭൭ ,, |
| ൧൩ | മഗധസാമ്രാജ്യം | ൭൭ ,, ൮൭ ,, |
| ൧൪ | അശോകനും മൌൎയ്യസാമ്രാജ്യവും | ൮൭ ,, ൯൫ ,, |
| ൧൫ | ചീനയുടെ സ്ഥിതി | ൯൬ ,, ൯൯ ,, |
| ൧൬ | റോമാസാമ്രാജ്യം | ൯൯ ,, ൧൦൮ ,, |
| ൧൭ | അശോകന്റെ അനന്തരകാലം | ൧൦൮ ,, ൧൧൪ ,, |
| ൧൮ | യവനസാമ്രാജ്യവും ബുദ്ധമതവും | ൧൧൪ ,, ൧൧൯ ,, |
| ൧൯ | ക്രിസ്തുവിന്റെ അവതാരം | ൧൧൯ ,, ൧൨൮ ,, |
| ൨൦ | റോമാസാമ്രാജ്യത്തിന്റെ അധഃപാതം | ൧൨൮ ,, ൧൩൮ ,, |
| ൨൧ | പാരസീക സംസ്ഥാനം | ൧൩൮ ,, ൧൪൩ ,, |
| ൨൨ | തെന്നിന്ത്യയുടെ അധിവാസഭൂമികൾ | ൧൪൩ ,, ൧൪൭ ,, |
| ൨൩ | ഗുപ്തസാമ്രാജ്യം. | ൧൪൭ ,, ൧൫൫ ,, |
| ൨൪ | രാജ്യങ്ങളുടെ വൃദ്ധിക്ഷയനിദാനം | ൧൫൫ ,, ൧൬൩ |

| അദ്ധ്യായം | വിഷയം | പുറം | | | |
|---|---|---|---|---|---|
| ൨൫ | ചീനയുടെ അഭിവൃദ്ധിയും കൊറിയയും ജപ്പാനും | ൧൬൩ | ,, | ൧൭൩ | ,, |
| ൨൬ | ഹർഷവർദ്ധനനും ഹിയൻസാങ്ങും | ൧൭൩ | ,, | ൧൮൧ | ,, |
| ൨൭ | തെന്നിൻഡ്യയും ശങ്കരഭഗവൽപാദരും ഭരണതന്ത്രവും | ൧൮൧ | ,, | ൧൯൩ | ,, |
| ൨൮ | മലേഷ്യയും ഇൻഡോചീനയും | ൧൯൩ | ,, | ൧൯൯ | ,, |
| ൨൯ | റോമാസാമ്രാജ്യാധഃപതനവും അന്ധകാരാരംഭവും | ൧൯൯ | ,, | ൨൦൬ | ,, |
| ൩൦ | അറേബ്യയും, ഇസ്ലാംമതവും | ൨൦൬ | ,, | ൨൧൫ | ,, |
| ൩൧ | ഇസ്ലാംമിൻെറ വിജയയാത്രയും അധഃപതനവും | ൨൧൫ | ,, | ൨൩൪ | ,, |
| ൩൨ | ഹിന്ദുക്കളും മഹമ്മദീയരും | ൨൩൪ | ,, | ൨൪൧ | ,, |
| ൩൩ | വിശുദ്ധറോമാസാമ്രാജ്യവും യൂറോപ്പിൻെറ നവീകരണവും | ൨൪൧ | ,, | ൨൫൬ | ,, |


Printed at The B. V. Printing Works, Trivandrum—1943

2882
L 175

ശ്രീ

# മുഖവുര

ഒരു ലോകചരിത്രസംഗ്രഹം എഴുതണം എന്നുള്ള മോഹം ഏറെ നാൾ മുമ്പ് തന്നെ എനിക്ക് ഉണ്ടായി. എച്ച്. ജി. വെൽസിൻെറ പുസ്തകം വായിച്ചപ്പോൾ ആഗ്രഹം ഇരട്ടിച്ചു. എന്നാൽ പണ്ഡിതൈകവേദ്യമായ അദ്ദേഹത്തിൻെറ ആവിഷ്കരണരീതിയും പാശ്ചാത്യദുരഭിമാനകലുഷിതമായ അഭിപ്രായഗതിയും എനിക്ക് രുചിച്ചില്ല. മൂന്നു കൊല്ലം കഴിഞ്ഞപ്പോൾ പണ്ഡിത ജവഹർലാൽ നീഹ്രുവിൻെറ പുസ്തകം ഞാൻ വായിച്ചു. ആ പണ്ഡിതവര്യൻെറ അഗാധമായ ജ്ഞാനവും സരളയായ ഉപപാദനരീതിയും ബാലവിദ്യാർത്ഥികൾക്കു പോലും മനസ്സിലാകത്തക്ക ലാളിത്യവും എന്നെ അത്യന്തം ആനന്ദിപ്പിച്ചു. അപ്പൊഴാണു് ആ മാതൃകയിൽ ഒരു പുസ്തകം എഴുതാമെന്ന് ഞാൻ ഉറച്ചതു്.

ഈ ചരിത്രത്തിൻെറ കഥനസമ്പ്രദായം പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളതു്, ഇവിടെ ആവർത്തിക്കുന്നില്ല. നാലു് ഭാഗങ്ങളായിട്ടാണു് ഈ ഗ്രന്ഥത്തിൻെറ ഗ്രഥനം. ആദി മുതൽ ക്രിസ്ത്വബ്ദം ആയിരാമാണ്ട് വരെ ഒന്നാംഭാഗത്തിലും, അതുമുതൽ നെപ്പോളിയൻ ബോണപാർട്ടിന്റെ കാലാംശംവരെ രണ്ടാംഭാഗത്തിലും, പിന്നെ ഒരു ശതവർഷകാലം (1815-1914) ജർമ്മൻ മഹാസമരാരംഭം വരെ മൂന്നാംഭാഗത്തിലും, അതിൽപിന്നീടു് നാളതുവരെ നാലാം ഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഒന്നാം ഭാഗം ഇതാ പ്രസിദ്ധപ്പെടുത്തുന്നു; രണ്ടും മൂന്നും ഭാഗങ്ങൾ എഴുതിത്തീർന്നിട്ടുണ്ടു്; നാലാം ഭാഗം എഴുതാൻ അവശേഷിക്കുന്നു.

സാധാരണ ചരിത്രഗ്രന്ഥങ്ങളിൽ കാണുന്ന കഥാകഥനം ഈ പുസ്തകത്തിൽ ചെയ്തിട്ടില്ല. അങ്ങനെ ഒരു ചരിത്രഭണ്ഡാരം സൃഷ്ടിക്കാനല്ല എന്റെ ഉദ്യമം. ആധുനികങ്ങളായ സമുദായങ്ങളുടെ ആദിമുതൽഉള്ള വളർച്ചയെ പ്രതിപാദിക്കാനാണു്. എന്റെ പരിശ്രമം. അതിനു് ദോഹദങ്ങളായ സംഭവങ്ങളെ അവിടവിടെ കുറിച്ചിട്ടുണ്ടു്. മലയാളഭാഷയിൽ ഈ സമ്പ്രദായത്തിൽ ഒരു ഗ്രന്ഥം മുമ്പു് കണ്ടിട്ടുള്ളതായി ഞാൻ ഓർമ്മിക്കുന്നില്ല. കഴിയുന്നതും സാധാരണ ലളിതഭാഷയിൽ സംഗതികളെ മനസ്സിലാക്കാൻ അല്ലാതെ, സാഹിത്യമോടികൾ വരുത്താൻ ഞാൻ ഉദ്യമിച്ചിട്ടില്ല. പരിശോധകസാഹായ്യാഭാവത്താലും അച്ചുനിരത്തുകാരുടെ അജ്ഞതയാലും വല്ല പ്രമാദങ്ങൾ നേരിട്ടിട്ടുണ്ടാവാം. അവയെ ഇനി ഒരു പതിപ്പിൽ പരിഹരിക്കാനല്ലാതെ നിർവാഹമില്ല.

പല വേലയുടെ ബഹളത്തിനിടയിൽ പത്തു മാസം തികഞ്ഞു് ഈ പുസ്തകശിശുവിന്റെ പ്രസവം നിർവഹിപ്പിച്ച തന്നെ ബി. വി. മുദ്രാലയത്തോടു് എനിക്കുള്ള കൃതജ്ഞതയെ പ്രസ്താവിച്ചും, നവീനരീതിയിലുള്ള ഈ പുസ്തകത്തെ സഹൃദയർ വായിച്ചു നോക്കണം എന്നു് അപേക്ഷിച്ചും ഈ ചെറിയ പ്രസ്താവനയെ വിരമിപ്പിക്കാം.

എന്നു്,

തിരുവനന്തപുരം }
1114 മീനം 22-ാനു- }

ഗ്രന്ഥകർത്താ.

ശ്രീരസ്തു

# ലോകാലോകം

## പ്രസ്താവന

ചരിത്രവും കഥയും തമ്മിൽ ഉള്ള ഭേദം പലരും ചിന്തിച്ചിട്ടുണ്ടാവില്ല. രാജാക്കന്മാരുടേയോ വീരന്മാരുടേയോ കഥകൾതന്നെയല്ലേ ചരിത്രം, എന്നാണു് മിക്കപേരുടേയും ബോധം. പുരാണവും ചരിത്രവും തമ്മിലും വ്യത്യാസമുണ്ടെന്നുഗണിക്കുന്നവരും ചുരുക്കമാണു്. പഴയതു പുരാണം, നവീനം ചരിത്രം എന്നൊരു ഭേദം മാത്രമുണ്ടാവാം. ശ്രീരാമന്റേയും സൂൎയ്യവംശത്തിന്റേയും കഥയാണു് രാമായണം; സോമവംശരാജാക്കന്മാരുടെ ചരിത്രമാണു് ഭാരതം; വിഷ്ണുവിൻെറ പല അവതാരങ്ങളിൽ ചെയ്തിട്ടുള്ള അത്ഭുതകൎമ്മങ്ങളെ വിവരിക്കുന്നതാണു് ഭാഗവതം; വിക്രമാദിത്യരാജാവിന്റെ പ്രതാപങ്ങളുടെ കഥയാണു് വിക്രമാദിത്യകഥ; ബുദ്ധനും അനുയായികളും ചെയ്തിട്ടുള്ള കാൎയ്യങ്ങളാണു് ബുദ്ധചരിത്രത്തിൽ പറയുന്നതു്. ഇതുപോലെ മുകിലന്മാർ, വെള്ളക്കാർ എന്നിവർ ചെയ്തിട്ടുള്ള കാൎയ്യങ്ങളെ വിവരിക്കുന്ന ഗ്രന്ഥങ്ങൾ ചരിത്രങ്ങളെന്നു നാം പറയുന്നു.

എന്നാൽ പുരാണവും കഥയും ചരിത്രവും ഒന്നല്ല. വ്യക്തിയെ പ്രമാണമാക്കി പ്രസിദ്ധരായ് പലരുടേയും ജീവിതത്തെ കുറിക്കുന്ന കഥകൾ പുരാണങ്ങളിലുണ്ടാവും; അവ ചരിത്രമല്ല. ലോകത്തിന്റെ ഗതിയെ നിർദ്ദേശിക്കുന്ന കഥനമാണു് വാസ്തവത്തിൽ ചരിത്രം. പുരാണ

ങ്ങളുടെ ശാസ്ത്രീയലക്ഷണം, "സർഗ്ഗശ്ച പ്രതിസർഗശ്ച വംശോ മന്വന്തരാണി ച—വംശാനുചരിതഞ്ചൈവ പുരാണം" എന്നാണെങ്കിലും, സത്യത്തിൽ പുരാണം കേവലം കഥാപരമ്പര മാത്രമാകുന്നു. പൂർവ്വാപരങ്ങളുടെ പരിണാമബന്ധങ്ങളേയോ താരതമ്യസ്ഥിതികളേയോ ഗണനിക്കാത്ത കഥാപടലങ്ങൾ ഒരിക്കലും ചരിത്രകോടിയിൽ ഉൾപ്പെടുത്താവുന്നതല്ല.

വിദ്യാർത്ഥികളായി നാം പഠിച്ചിട്ടുള്ള ചരിത്രങ്ങളെല്ലാം കഥകളും പുരാണങ്ങളും മാത്രമാണ്. ഇന്നും ആവക പുസ്തകങ്ങൾ പ്രചരിക്കുന്നുണ്ട്. തിരുവിതാംകൂർ ചരിത്രമായാലും, ഇൻഡ്യാചരിത്രമായാലും, ഇംഗ്ലീഷ് ചരിത്രമായാലും, പള്ളിക്കൂടങ്ങൾ പഠിപ്പിക്കുന്നതു്, രാജാക്കന്മാരുടെ ഭരണവൃത്താന്തവും, യുദ്ധവും, ഉടമ്പടിയും, മന്ത്രിമാരും, ചട്ടങ്ങളും, വത്സരങ്ങളും മാത്രമാണ്. ഓരോ കാലഘട്ടങ്ങളിൽ ജനസമുദായത്തിന് എന്തു പുരോഗതിയോ അധഃപതനമോ നേരിട്ടതെന്നുള്ള സംഗതി ചരിത്രപാഠ്യപുസ്തകങ്ങൾക്കു് അജ്ഞാതമായിത്തന്നെ ഇരിക്കുന്നു. അശോകനെക്കുറിച്ചും അലക്സാണ്ടറെക്കുറിച്ചും പല കഥകളും അവയിൽ കാണാം, പ്ലാസീയുദ്ധവും വാട്ടർല്ലൂയുദ്ധവും വർണ്ണിക്കും; നെപ്പോളിയനെ പാറാവിലാക്കിയതും, അമേരിക്കാകണ്ടുപിടിച്ചതും, ഐക്യനാടുകൾസ്വാതന്ത്ര്യം സമ്പാദിച്ചതും, കൈസർ ഓടിപ്പോയതും, റഷ്യൻ രാജവംശം തുലഞ്ഞതും മററും വളരെ തന്മയത്വത്തോടെ വർണ്ണിച്ചിരിക്കും. അല്ലാതെ, ഈ സംഭവങ്ങൾ മനുഷ്യസമുദായത്തെ ഏതുമാതിരി പരിണാമത്തിന് അധീനമാക്കി എന്നു് ഒന്നും പറഞ്ഞുകാണുന്നില്ല. ഈ ഗ്രന്ഥത്തിലാകട്ടെ, ലോകസാമാന്യത്തിന്റെ പുരോഗമനഘട്ടങ്ങളെ പ്രതിപാദിക്കാനാണ് പ്രധാനമായി ഉദ്ദേശിച്ചിരിക്കുന്നതു്. അതതുഘട്ടങ്ങളെ ഉത്പാ-

ദിപ്പിക്കുന്നതിനു സഹായികളായി തീൎന്നിട്ടുള്ള സംഗതികളേയും പ്രസ്താവിക്കുന്നതാണു്.

ലോകത്തിന്റെ ഉദ്ഭവം എന്നാണെന്നു നിൎണ്ണയിക്കാൻ നവീനശാസ്ത്രജ്ഞന്മാർ വളരെ പണിപ്പെടുന്നുണ്ടെങ്കിലും, സ്ഥാലീപുലാകന്യായേന അങ്ങുമിങ്ങും ചില സംഗതികളെ അടിസ്ഥാനമാക്കി അഭ്യൂഹങ്ങൾ ചെയ്തിട്ടുള്ളതല്ലാതെ തീൎച്ചമായി ഒന്നും പറയാൻ ഇതുവരെ അവൎക്കു സാധിച്ചിട്ടില്ല. എങ്കിലും, ഇന്നു കാണുന്ന ലോകം അപ്പടിയേ ഇതുപോലെ ദൈവം സൃഷ്ടിച്ചതാണെന്നു പറഞ്ഞാൽ വിശ്വസിക്കുന്നവർ ചുരുങ്ങും. നമ്മുടെ കൺവെട്ടത്തു തന്നെ പല പരിണാമങ്ങളുമുണ്ടാകുന്നുണ്ട്. ഇങ്ങനെ മുൻപും യുഗാന്തരങ്ങളിൽ സംഭവിച്ചിട്ടുണ്ടെന്നുള്ളതിൽ അവിശ്വാസം ജനിക്കാൻ വഴിയില്ല. ഭൂമി ഒരു ഗോളമാണെന്നും, അതു് സൂൎയ്യനെ പ്രദക്ഷിണം ചെയ്യുന്ന പല ഗ്രഹങ്ങളിൽ ഒന്നു മാത്രമാണെന്നും, അതു് സൂൎയ്യമണ്ഡലത്തിൽനിന്നു് ഭിന്നിച്ചിട്ട് ഇരുനൂറു കോടി വർഷത്തിനു മേലായിരിക്കാമെന്നും, ആദികാലത്തു് ഉരുകിയ ലോഹംപോലെ ജലപ്രായമായിരുന്നു എന്നും, ക്രമേണ ഉറഞ്ഞു് സ്ഥലജലങ്ങൾ വേർതിരിഞ്ഞു എന്നും, തണുത്ത സ്ഥലഭാഗങ്ങളിൽ ഉദ്ഭിത്തുകളും പിന്നീട്ട് ജീവികളും ഉദ്ഭവിച്ചു എന്നും, അനന്തരമായ കാലപരിവൎത്തനത്തിൽ കൃമികൾ, മത്സ്യങ്ങൾ, ഉരഗങ്ങൾ, അണ്ഡജങ്ങൾ, മൃഗങ്ങൾ, എന്നിങ്ങനെ പല പ്രാണികൾ ഉണ്ടായി, ഒടുവിൽ മനുഷ്യാവതാരമുണ്ടായി എന്നും, ശാസ്ത്രവിദഗ്ദ്ധന്മാർ ഉപന്യസിക്കുന്നതിനു് പല ലക്ഷ്യങ്ങളും അവർ കാണിക്കുന്നുണ്ടെങ്കിലും, അദ്ഭുതകഥാകഥനകോടിയിൽ ഗണിക്കാനല്ലാതെ നിവൃത്തിയില്ല. ജന്തുക്കളുടെ സൃഷ്ടിയിൽ പ്രകൃതി കാണിച്ചിട്ടുള്ള വിശിഷ്ടപരിണാമങ്ങളിൽ ഉത്തമമാണു് മനുഷ്യാവതാരമെന്നു വിസംവദിക്കാൻ തരമില്ല. കുരങ്ങു മൂത്തു മനുഷ്യനുണ്ടായി

എന്നുള്ള പരിണാമവാദിപ്രമേയത്തിന് ആക്ഷേപങ്ങൾ പലതും പറയാം. എങ്കിലും ജീവിജാലത്തിൽ ഉത്തമത്വം അവനു നൽകാൻ ആരും മടിക്കയില്ല.

ബുദ്ധികൊണ്ടു് മനുഷ്യർ തിര്യക്കുകളെ എല്ലാം ജയിച്ചു മേലായ്മസ്ഥാനം കയ്യേറ്റ കഥ പുരാണമെന്നു് വേണമെങ്കിൽ പറയാം. ആകൃതിയുടെ വലിപ്പംകൊണ്ടോ, കായശക്തിയുടെ താരതമ്യംകൊണ്ടോ, സൃഷ്ടിമൂലം സിദ്ധിച്ചിട്ടുള്ള പ്രഹരണവിധാനം കൊണ്ടോ, മനുഷ്യനു് മൃഗങ്ങളിൽ നിന്നു തുലോം എളപ്പമുണ്ടെങ്കിലും, ബുദ്ധി-വൈശിഷ്ട്യംകൊണ്ടു് ആ വക ന്യൂനതകളെ ദൂരീകരിക്കാനും ജന്തുക്കളെ കീഴടക്കാനും സാധിച്ചു. കാട്ടാളനും ക്രൂരമൃഗവും തമ്മിൽ ജീവിതരീതിക്ക് വളരെ അന്തരമില്ലായിരിക്കാം. എങ്കിലും, ബുദ്ധിസാമത്ഥ്യത്തിൽ ആനയും ആട്ടുംപോലെ ഭേദമുണ്ടു്. ജന്തുക്കൾക്കു് വാസനാധിരൂഢമായി പല ശക്തികളുമുണ്ടെങ്കിലും, തഞ്ചവും, തരവും നോക്കി സമയോചിതമായി പ്രവൎത്തിക്കുന്നതിനുള്ള വിശേഷബുദ്ധി ഇല്ല അതാണു് മനുഷ്യനുള്ള മേന്മ; അതുകൊണ്ടാണു് അവർ ഉയന്നതു്; ലോകം ജയിച്ചതു്. നികൃഷ്ടനിലയിൽ നിന്നു വളന്നു് മനുഷ്യൻ പരിഷ്കൃതനായിത്തീരുന്ന കഥയാണു് ചരിത്രം. ജന്തുക്കളിൽനിന്നു വ്യതിരിക്തനായി, ഏകാകിത്വത്തെ ത്യജിച്ചു് കൂട്ടുകൂടി വ്യക്തിയേക്കാൾ സാമാന്യത്തിൽ ദൃഷ്ടിവച്ചു്, പടിപ്പടിയായി മനുഷ്യൻ സാമൂഹ്യഗുണസമ്പന്നനായ കഥ വിസ്തരിച്ചു പറയണമെങ്കിൽ എത്ര പുസ്തകമെഴുതിയാലും മതിയാകയില്ല. പുരാണപ്രതിപാദിതങ്ങളായ പല ഉപാഖ്യാനങ്ങളും ഈ ദൃഷ്ടികോണിൽക്കൂടി നോക്കിയാൽ അത്ഥവത്തുക്കളായി കാണാം.

ചതുർയ്യുഗങ്ങളെപ്പററിയും ഓരോന്നിലും നടന്നിട്ടുള്ള സംഭവങ്ങളെപ്പററിയും ഇതിഹാസങ്ങൾ പലതുമുണ്ടു്. എങ്കിലും പതിനായിരം കൊല്ലത്തിനുമുൻപുള്ള സംഭവ-

ങ്ങൾക്കപോലും നമുക്ക് അനിഷേധ്യങ്ങളായലക്ഷ്യങ്ങൾ കിട്ടീട്ടില്ല. ഇത്ര ചുരുങ്ങിയ കാലാന്തരത്തിലെതന്നെപൂർണ്ണജ്ഞാനം ഉണ്ടോ എന്നു സംശയമാണ്. കല്ലും മരവും ആയുധമാക്കിയിരുന്നഹനൂമാൻ മുതലായ വാനരമാനുഷരുടേയോ, ലോകശസ്ത്രങ്ങളെക്കൊണ്ടു വിജയം നേടിയ വീരമാനുഷരുടേയോ, ഭീമനെപ്പോലെ മഹാകായന്മാരും ദശമുഖനെപ്പോലെ ഭയങ്കരന്മാരും ബാലിയെപ്പോലെ വിക്രമന്മാരുമായ മാനുഷരുടേയോ, ലാഞ്ഛനപോലും ഇന്നു കാണ്മാനില്ലെങ്കിലും, നമ്മെ അത്ഭുതപരതന്ത്രരാക്കുന്ന പല അസ്ഥിപഞ്ജരങ്ങളും ആയുധസാമഗ്രികളും മഹാഖനികളിൽനിന്ന് കിട്ടിയിട്ടുള്ളതു നോക്കുമ്പോൾ, പച്ചക്കള്ളം പറഞ്ഞിട്ടുള്ളതായി പാശ്ചാത്യവിദ്വാന്മാർ ഇതുവരെ കരുതിയിരുന്ന നമ്മുടെ പുരാണങ്ങൾ കേവലം മിഥ്യാവാദങ്ങളല്ലെന്നു സ്പഷ്ടമായിട്ടുണ്ട്. സുമേരു, ഇൻഡ്യാ, ചീനാ; ഈജിപ്ത്, നോസസ്, മായാ എന്നിങ്ങനെ പല നാട്ടുകളിലും വളരെ പുരാതനമായിത്തന്നെ മനുഷ്യർ പരിഷ്കൃതാവസ്ഥയെ പ്രാപിച്ചിരുന്നു എന്നും, ഇന്നു നമുക്ക് അറിയാവുന്ന ചരിത്രകാലങ്ങൾക്ക മുൻപുതന്നെ അവയിൽ പലതും ജീർണ്ണാവസ്ഥയെ പ്രാപിച്ചു എന്നും തെളിഞ്ഞിട്ടുണ്ട്. ഇൻഡ്യയുടെ പശ്ചിമോത്തരദേശത്തു് മോഹൻജദാരോ എന്ന സ്ഥലത്തുനിന്നും അയ്യായിരം വർഷത്തിനുമേൽ പഴക്കമുള്ള അസ്ഥിക്കൂടങ്ങളും സാധനങ്ങളും കണ്ടുകിട്ടിയിരിക്കുന്നു. അതുകൊണ്ട് എവിടം തൊട്ടാണ് നമ്മുടെ ചരിത്രം തുടങ്ങേണ്ടതെന്ന് അമ്പരപ്പു വന്നുപോകുന്നു. എങ്കിലും, എങ്ങോട്ടു പുറപ്പെട്ടന്നതും വീട്ടിൽനിന്നാണല്ലൊ. അതുകൊണ്ട് നമ്മുടെ ഭാരതഭൂമിയെപ്പററിത്തന്നെ ആദ്യമായി നോക്കാം.

---

# ഒന്നാം അദ്ധ്യായം

### ദ്രമിളരും ആൎയ്യരും.

പ്രതിക്ഷണം സകലവും ഭേദിക്കുന്നുണ്ടു്. ഈ ഭേദഗതിയുടെ വൎണ്ണനമാണു് ചരിത്രം. ഒന്നിനും ഭേദഗതി ഉണ്ടായില്ലെങ്കിൽ ചരിത്രവുമില്ല. നാം സ്കൂളുകളിൽ പഠിക്കുന്ന ചരിത്രം ഈ മാററങ്ങളിൽ ചിലതുമാത്രം പ്രതിപാദിക്കുന്നതേയുള്ളു. ഉപരിഗ്രന്ഥങ്ങൾ വായിച്ചും ലോകഗതികളെ നിരീക്ഷിച്ചും വേണം ശരിയായ ചരിത്രദൃഷ്ടി സമ്പാദിക്കാൻ.

ഇൻഡ്യയുടെ പുരാതനചരിത്രം ആൎയ്യന്മാരുടെ പ്രവേശനം മുതലാണു് ചരിത്രപുസ്തകങ്ങളിലെല്ലാം ആരംഭിക്കുന്നതു്. അതിനുമുൻപുതന്നെ ഇൻഡ്യാസംസ്ഥാനം പരിഷ്കൃതദശയെ പ്രാപിച്ചിരുന്നു എന്നു് മോഹൻജദാരോവിൽനിന്നു് കണ്ടുകിട്ടീട്ടുള്ള പുരാണവസ്തുക്കൾതെളിയിക്കുന്നു. സുമേരുജാതിക്കാരുടെ വൎഗ്ഗത്തിലുൾപ്പെട്ട ദ്രമിളന്മാർ ഭാരതഭൂമിയെ ആവസിച്ചിരുന്നു. ഏഷ്യാമഹാഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാറു മൂലയ്ക്കുള്ള ചിന്നേഷ്യ (Asia Minor) എന്ന രാജ്യത്തു് യൂഫ്രററീസ് എന്നും ടൈഗ്രീസ് എന്നും രണ്ടു നദികൾ ഇന്നു കാണുമ്പോലെ ഒന്നുചേൎന്നല്ലായിരുന്നു പണ്ടു് സമുദ്രത്തിൽ സംഗമിച്ചിരുന്നതു്. അവയുടെ സംഗമനങ്ങൾക്കു് അകലമുണ്ടായിരുന്നു. ഇടയ്ക്കുണ്ടായിരുന്ന സ്ഥലത്താണു് സുമേരുവൎഗ്ഗക്കാർ പാൎത്തിരുന്നതു്. ഇരുനിറക്കാരായിരുന്നഅവർകന്നുകാലികളെമേച്ചും, ഗോപുരംപോലെ പൊങ്ങിയദേവാലയങ്ങൾ ഉണ്ടാക്കിയും, വെള്ളോട്ടുകൊണ്ടുള്ള പാത്രങ്ങൾ നിൎമ്മിച്ചും, കുന്തവും പരിചയുംകൊണ്ടു് പദാതികളായി യുദ്ധങ്ങൾ ചെയ്തും, മൺകെട്ടിടങ്ങളോട്ടുകൂടിയ പട്ടണങ്ങൾ പണിഞ്ഞും, ചെളിക്കട്ടകളിൽ കല്പനാരായം

കൊണ്ടു ചിത്രഭാഷ കൊത്തിയും, രോമങ്ങൾകൊണ്ടുള്ള വസ്ത്രങ്ങൾ ധരിച്ചും, മുടികൾ കളഞ്ഞും, പരിഷ്കൃത സ്ഥിതിയെ പ്രാപിച്ചിരുന്നതായിതെളിവുകൾകിട്ടീട്ടുണ്ടു്. അവർ ദേശാന്തരങ്ങളിൽ സഞ്ചരിച്ച് മദ്ധ്യേഷ്യാഭാഗങ്ങളിൽക്കൂടിഭാരതഖണ്ഡത്തിലും കടന്നിരിക്കണം. എത്രയോ സഹസ്രവർഷം മുൻപിലായിരിക്കണം ഇവർ വന്നതു്.

ആര്യന്മാർ ഈ ദ്രമിളരെ കീഴടക്കി എങ്കിലും,അവരുടെ സംസ്കാരം കൂടി സ്വീകരിച്ച് ഒരു പുതിയ സാമുദായിക സ്ഥിതിവളർത്തി എന്നുള്ളതിന് സംശയമില്ല. ആര്യന്മാർ എവിടെ നിന്ന് കുടിയേറി എന്നുള്ള സംഗതിയിൽഇന്നും തർക്കമേററിട്ടില്ല. മധ്യേഷ്യാഭാഗത്തുനിന്നാണെന്ന് ചിലരും, മദ്ധ്യാഞ്ഞവതീരങ്ങളിൽനിന്നാണെന്ന് വേറെചിലരും അതല്ല; ഹിമത്സാനുക്കളിൽ നിന്നാണെന്ന് മററു കൂട്ടരും വാദിക്കുന്നുണ്ടു്. ഇതൊന്നുമല്ല, ഉത്തരധ്രുവദേശത്തുനിന്നാണെന്ന് ഒരു വാദവും പുറപ്പെട്ടിട്ടുണ്ടു്. ഈ വാദ കോലാഹലങ്ങളിൽ നമുക്ക് തലയിടേണ്ട കാര്യമൊന്നുമില്ല. ആര്യന്മാർ എന്നൊരു കൂട്ടർ വന്നു കയറിയതും പൂർവ്വനിവാസികളായിരുന്ന ദ്രമിളരെ പാട്ടിലാക്കിയതും ആർക്കും വാദവിഷയമല്ല. ആര്യവർഗ്ഗങ്ങളുടെ വ്യാപ്തി ഏഷ്യായിൽ മാത്രമല്ല, യൂറോപ്പുമഹാഖണ്ഡത്തിലേക്കുമുണ്ടായി. ഇന്നുകാണുന്ന മിക്കയൂറോപ്യൻജാതിക്കാരുംഈ ആര്യവർഗ്ഗങ്ങളുടെ സന്താനങ്ങളാകുന്നു. നാർഡിക്ജാതിയിലുൾപ്പെട്ട ആര്യന്മാർ നാലഞ്ചു സഹസ്രവർഷമായി ലോകത്തിൽ പ്രധാനന്മാരായി വർത്തിക്കുന്നു. ആദികാലത്തു് അവർ കാലികളെധനമായികരുതിവളർത്തിവന്നവരായിരുന്നു. അവയെ തീററാൻവേണ്ടി നാടുചുററിനടക്കുന്നതൊഴിൽ അവർശീലിച്ചു. കൃഷിയെക്കാൾ കന്നുകാലി മേയ്പായിരുന്നു അവരുടെ വൃത്തി, ചെളിക്കട്ടെ കൊണ്ടും കാട്ടുകമ്പുകൾ കൊണ്ടും വീടുകൾ പണിയാൻ അവൎക്കു

വശമായിരുന്നു. മരിച്ചവരെ ദഹിപ്പിച്ച് അസ്ഥികഴിച്ചിടുന്നനടപ്പും പണ്ടേ അവക്കുള്ളതാണ്. കൃഷിചെയ്തുവന്നു എങ്കിലും ഒരിടത്ത് സ്ഥിരവാസമില്ലാത്തവരായിരുന്നു. പൊതുകാൎയ്യത്തിൽ പ്രമാണികളുടെ വരുതി അനുസരിക്കയാൽ നല്ലൊരു കെട്ടുപാട്ടുണ്ടായിരുന്നു. വീട്ടുകാൎയ്യത്തിൽ സ്വാതന്ത്ര്യം പരിപാലിച്ചിരുന്നു; എങ്കിലും അവിടെയും കുലപിതാവിന്റെ വരുതി അനിഷേധ്യമായിരുന്നു. ഉത്സാഹപ്രിയന്മാരും, ഉത്സവപ്രിയന്മാരും മൃഗയാവിനോദത്തിലും സംവാദകോലാഹലങ്ങളിലും വിരുതന്മാരുമായിരുന്നു. അവക്ക് സകല വിജ്ഞാനവും മുഖസ്ഥമായിരുന്നു. ഗാനങ്ങളായും ഗാഥകളായും പൂൎവ്വവൃത്തങ്ങളേയും വീരസ്തുതികളേയും ദൈവസ്തോത്രങ്ങളേയും മുഖപാഠമായി പാരമ്പൎയ്യക്രമത്തിനു ചൊല്ലാൻ സമൎത്ഥന്മാരായിരുന്നു. പിന്നെ ഏറെ നാൾ കഴിഞ്ഞു; സുമേരുവൎഗ്ഗവാസനാവിശിഷ്ടരായിട്ടാണ് അക്ഷരമെഴുത്ത് ആൎയ്യന്മാക്ക കിട്ടിയതു്. അതുകൊണ്ടായിരിക്കണം ഇന്നും വേദം ചൊല്ലിയല്ലാതെ എഴുതി പഠിച്ചുകൂടെന്ന് പറഞ്ഞുവരാറുള്ളതു്. കൂട്ടുകുടുംബമെന്നുള്ള ഏൎപ്പാട്ട് ആൎയ്യന്മാരാണ് സമുദായത്തിനു നല്കിയതു്. ഗോത്രാപത്യക്രമത്തിനുള്ള കൂട്ടുകെട്ടും, ജാതിക്രമവും, ആചാരസമ്പ്രദായങ്ങളും, ആൎയ്യന്മാർ ജനസമുദായത്തിനു സമ്പാദിച്ചുകൊടുത്ത സ്വത്താകുന്നു. പൊതുസ്വത്തുക്കളുടെ വിനിയോഗം കുലപതിയുടെ അധികാരമാക്കിയതും അവരാണ്. കുലമെന്നും, ഗ്രാമമെന്നും, സമൂഹമെന്നും, നാടെന്നും അവയ്ക്ക് ഓരോന്നിനും നാഥനെന്നുമുള്ള കെട്ടുപാടുകൊണ്ട് ആൎയ്യജനങ്ങൾക്ക് അചിരേണ ശക്തി വൎദ്ധമാനമായിത്തീൎന്നു. തന്നിമിത്തമത്രേ പൂൎവ്വവാസികളായ ദ്രമിളജനങ്ങളെ അവർ ജയിച്ച് ഭാരതഖണ്ഡത്തിൽ പ്രാമാണ്യം നേടിയതു്.

യൂറോപ്പിലും ആൎയ്യപ്രാബല്യം വന്നതു് ഇപ്രകാരം

തന്നെ ആയിരുന്നു. ഭാരതഖണ്ഡം ആയ്യപരിഷ്കൃതമായ കാലത്തു്, യൂറോപ്പ് കേവലം കാട്ടുമൃഗങ്ങൾ അധിവസിച്ചിരുന്ന വനപ്രദേശമായിരുന്നു. ഇന്നാകട്ടെ, യൂറോപ്യന്മാർ പരിഷ്കൃതസമുദായങ്ങളുടെ മുതൽപന്തി പിടിച്ച് മററുള്ളവരെ ഹസിക്കുന്നു! അവർ ഏഷ്യയും മററു ഭൂഖണ്ഡങ്ങളും നിസ്സാരരായ ജനങ്ങളാൽ അധ്യുഷിതങ്ങളായി ഗണിച്ച് കയ്യൂക്കുകൊണ്ട് അവയെ സ്വാധീനമാക്കി സ്വാത്ഥാശാപൂരണത്തിന് ഉദ്യുക്തരായിരിക്കുന്നു! കാലം എങ്ങനെ മറിഞ്ഞുപോയി! ഒരു ഭൂപടം എടുത്തുനോക്കുക, ഏഷ്യാമതംഗജത്തിന്റെ പുഛം പോലെ കാണാം, യൂറോപ്പിനെ; ഒരു കാലത്തു് ഏഷ്യയുടെ പ്രാഭവം മഹത്തായിരുന്നു. സമുദ്രത്തിൽ തിര കയറും പോലെ പല കൂട്ടക്കാരും ഏഷ്യയിൽനിന്ന് തുടരെത്തുടരെ യൂറോപ്പിനെ ആക്രമിച്ച് ജയിച്ചിട്ടുണ്ടെന്ന് ചരിത്രം നോക്കുന്നവക്ക് അറിയാം. ആയ്യന്മാർ, സിതിയന്മാർ, ഹൂണന്മാർ, അറബികൾ, മംഗോളിയർ, തുക്കികൾ എന്നുള്ള വഗ്ഗക്കാരെല്ലാം ഏഷ്യയിൽനിന്നും പുറപ്പെട്ട് ഓരോകാലത്തു് കൂട്ടംകൂട്ടമായി ശലഭങ്ങളെപ്പോലെ യൂറോപ്പാസകലം വ്യാപിച്ച് കുടിപാക്കയും നശിപ്പിക്കയും ചെയ്തിട്ടുണ്ട്. അവരുടെ സന്താനങ്ങളാണ് ഇന്നു കാണുന്ന വെള്ളക്കാർ. അന്നു യൂറോപ്പ് ഏഷ്യയുടെ ഒരുചെറിയ അധിവാസഭൂമി മാത്രമായിരുന്നു എന്ന് പറയാം.

ഗാന്ധാരിമുളക് കണ്ടാൽ ചെറുതാണെങ്കിലും എരിവു കൂടുതലുള്ളതാണല്ലോ. വലിപ്പമല്ല വീയ്യമാണ് പ്രമാണം. ഭൂഖണ്ഡങ്ങളിൽവെച്ച് ഏററവും ചെറുതാണു യൂറോപ്പ്; എങ്കിലും ഇന്ന് അതിനോടൊപ്പം വിഭുത്വം മറേറതിനുമില്ല. യൂറോപ്പിലെ ഓരോ രാജ്യങ്ങളുടെ ചരിത്രവും വീരകമ്മങ്ങളെക്കൊണ്ട് അലംകൃതമാകുന്നു. മഹാന്മാർ, വീരന്മാർ, ജ്ഞാനികൾ, പണ്ഡിതന്മാർ, ശാസ്ത്രജ്ഞന്മാർ എന്നീവിധം പലകേമന്മാർ അവിടെ ഉണ്ടാ-

യിട്ടുണ്ട്. പലതും നൂതനമായി കണ്ടുപിടിച്ചും സൃഷ്ടിച്ചും ലോകജീവിതരീതിയെ പൊലിപ്പിക്കയും പരിഷ്കാരം വർദ്ധിപ്പിക്കയും യൂറോപ്യന്മാർ ചെയ്തിട്ടുണ്ട്. ധീരന്മാരും സ്ഥിര പരിശ്രമശാലികളുമായ അവരുടെ തല ഇന്നും പൊങ്ങിത്തന്നെ നില്ക്കുന്നു എന്നു് ആരും സമ്മതിക്കുന്ന സംഗതിയാകുന്നു.

എങ്കിലും, ഏഷ്യയുടെ വലിപ്പം ഒട്ടും വിസ്മരിക്കത്തക്കതല്ല. യൂറോപ്പിന്റെ ഇന്നത്തെ മോടിമിടുക്ക് കണ്ടു് മയങ്ങി നമ്മുടെ പൂർവ്വസ്ഥിതി മറക്കുന്നതു് യുക്തമാണോ? ലോകമൊട്ടുക്ക് വ്യാപിച്ചിരിക്കുന്ന വൻമതങ്ങളുടെ എല്ലാം കൂടസ്ഥപുരുഷന്മാർ ഏഷ്യ പെററ മക്കളാണ്. പ്രധാന മതങ്ങളിൽ ഏററവും പുരാതനമായ വേദമതം (ഹിന്ദുമതം) ഇൻഡ്യയിൽ ഉദ്ഭവിച്ചതാണ്; മഹത്തരത്തിലേതും താഴ്ചയില്ലാത്ത ബുദ്ധമതവും ഭാരതോപജ്ഞമാണ്. ചീന, ജപ്പാൻ, ബമ്മാ, തിബറററ്, സിലോൺ ഈ രാജ്യങ്ങളിൽ പ്രചാരം ഇന്നും ബുദ്ധമതത്തിനാണ്. ജൂദമതം (യഹൂദമതം), ക്രിസ്തുമതം എന്നീ രണ്ടും ഏഷ്യയിലെ പാലസ്റ്റൈൻരാജ്യത്തു് മുളച്ചവയാണ്. പാർസികളുടെമതം, സോറൊ ആസ്റ്ററിയാനിസം (അഗ്നിദൈവമതം), ഏഷ്യയിൽ പാരസീകരാജ്യത്തു് വളന്നതാണ്. ഒടുവിൽ വന്ന മഹമ്മദുമതം അറേബ്യാരാജ്യത്തു് പിറന്നതാണ്. കൃഷ്ണൻ, ബുദ്ധൻ, സോറോ ആസ്റ്റർ, ക്രിസ്തു, മഹമ്മദ്, കൺഫ്യൂഷ്യസ്, ലയോത്സി എന്നിങ്ങനെ ഓരോ കാലത്തുണ്ടായ അനവധി സിദ്ധന്മാരുടെ പേരുകളെല്ലാം എഴുതാൻതന്നെ ഒരു ഗ്രന്ഥം പോരാ. ജ്ഞാനസിദ്ധന്മാരും കർമ്മസിദ്ധന്മാരും ഇത്രധാരാളം ഉണ്ടായ ഒരുഭൂഭാഗം ഉണ്ടോഎന്നു് സംശയമാണ്.

ഇത്ര ഉററപദവി ഏററിരുന്ന ഏഷ്യാ ഇന്നു് വിദേശീയരുടെ ചവിട്ടുകൊണ്ടു് കിടക്കേണ്ടതായി വന്നിരിക്കുന്ന അവസ്ഥ അത്ഭുതംതന്നെ! എന്തു ദേദഗതി വന്നു

പോയി! ഇന്നും ആ ഭേദഗതി നിലച്ചിട്ടില്ല. നമ്മുടെ ദൃഷ്ടിയിൽത്തന്നെ അവ തുടരുന്നുണ്ട്. ശതവർഷാനുമേയമാണ് ചരിത്രമെങ്കിലും, ചിലപ്പോൾ കാലം വേഗത്തിലോട്ടും, പൊടുന്നനെ കലാപങ്ങൾ പ്രത്യക്ഷപ്പെട്ടും. അപ്രകാരം ഒരു ഘട്ടമാണ് ഇന്നു ഏഷ്യാഖണ്ഡത്തിലുദിച്ചിരിക്കുന്നതു്. ഇതുവരെ ഏറിയ കാലമായി ഉറങ്ങിക്കിടന്ന ഏഷ്യ ഇന്ന് ഉണർന്നിരിക്കുന്നു. കുംഭകർണ്ണനെ ഉണർത്തിവിട്ടാൽ പിന്നത്തെ കോലാഹലം എന്താണാവോ?

## രണ്ടാം അദ്ധ്യായം

### ഭാരതഭൂമിയും ചീനയും

പണ്ടേതന്നെ പരിഷ്കാരം സിദ്ധിച്ചിരുന്ന പല വർഗ്ഗക്കാരുടെ പേരുകൾ പറഞ്ഞിട്ടുണ്ടല്ലോ. ആഫ്രിക്കാമഹാഖണ്ഡത്തിലെ ഈജിപ്റ്റുകാർ (മിസ്രാക്കാർ), മദ്ധ്യാർണ്ണവാന്തരീപമായ ക്രീററിലെ നോസസ്സുകൾ, ഇറാക്കെന്നും മെസപ്പൊട്ടേമിയ എന്നും ഇന്നു് പേർ വിളിച്ചുവരുന്ന മദ്ധ്യേഷ്യാപ്രദേശങ്ങളിൽ സുമേരുവർഗ്ഗക്കാരുടെ പിൻഗാമികളായ അസ്സിറിയന്മാർ, കാൽഡിയന്മാർ, ബാബിലോണിയന്മാർ, ചീനന്മാർ, ഗ്രീക്കുകാർ എന്നീ പുരാതനപരിഷ്കൃതവർഗ്ഗക്കാരിൽ ഒട്ടും പാരമ്പര്യം കുറഞ്ഞവരല്ല ഹിന്ദുക്കൾ. ഈജിപ്ത്, ചീന, ഇറാക്ക് എന്നീ നാട്ടുകളിലെ പരിഷ്കാരത്തിനു മുൻപുതന്നെ, അഥവാ സമകാലമായിത്തന്നെ, ഭാരതഭൂമിയും പരിഷ്കൃതാവസ്ഥയെ പ്രാപിച്ചുകഴിഞ്ഞു. ഗ്രീക്കുകാരുടെപരിഷ്കാരം പിന്നെ എത്രയോ കാലം കഴിഞ്ഞുണ്ടായതാണ്. ഗ്രീക്കുകാരാണ് നോസസ്സുകളെ നശിപ്പിച്ചതു്. അനേകസഹസ്രവർഷം മേന്മയോടെ വിളങ്ങിയിരുന്ന ഈജിപ്ററിൻെറ പരിഷ്കാരം നാമാവശേഷമായി; പിറമി-

ഷ്ഡുകളെന്ന അത്ഭുതമേരുക്കളും സ്പിൻക്സ് എന്ന വിശേഷ ബിംബവും, മഹാദേവാലയങ്ങളുടെ പൊളിഞ്ഞ ചില അവശിഷ്ടങ്ങളും മാത്രമേ ഇന്നു കാണ്മാനുള്ളു. പണ്ടേ-പ്പോലെ നീലനദി ഇന്നും ആ രാജ്യത്തു് ഒഴുകുന്നുണ്ടു്; അന്നത്തേപ്പോലെ മനുഷ്യർ, ആണും പെണ്ണും, ഇന്നും അവിടെ കാലം കഴിക്കുന്നുണ്ടു്; പക്ഷേ, ഇന്നുള്ളവക്കും പണ്ടുള്ളവക്കും തമ്മിൽ യാതൊരു ബന്ധവുമില്ല. രണ്ടും വേറെതന്നെ. അതിന്മണ്ണം ഇറാക്കിലും പാരസീക-ത്തിലും എത്ര സാമ്രാജ്യങ്ങൾ പണ്ടു് പുലന്നിരുന്നു! ബാബിലാണിയ, അസ്സിരിയ, കാൽഡിയാ ഈ സാമ്രാ-ജ്യങ്ങളും ബാബിലോൺ, നിനവെ തുടങ്ങിയ പ്രസിദ്ധ പത്തനങ്ങളും ഇന്നു് എവിടെ? ബൈബിൾ എന്ന ക്രൈസ്തവവേദത്തിൽ ഈ നാടുകളുടേയും നാട്ടുകാരുടേയും കഥകൾ അനവധി ഉണ്ടു്. ഈ സാമ്രാജ്യങ്ങൾ നശിച്ച പ്രദേശത്തു് പിന്നെയും പല മഹാരാജ്യങ്ങൾ ഉണ്ടായി; അവയും നശിച്ചു. അറബിക്കഥകളിൽ പ്രസിദ്ധമായ ബാഗ്ദാദ്നഗരം ഈ പ്രദേശത്തായിരുന്നു. സാമ്രാജ്യ-ങ്ങളും ചക്രവത്തികളും ഉണ്ടാകുന്നു; കുറേക്കാലം പ്രാബ-ല്യം നേടുന്നു, പിന്നീടു നശിക്കുന്നു. ഇപ്രകാരം രംഗം മാറിമാറി വരുന്നു. ഈജിപ്റ്റിലും ഇറാക്കിലും പാര-സീകത്തിലുമുണ്ടായ പഴമയും പരിഷ്കാരവും നാമാവ-ശേഷങ്ങളായിപ്പോയി.

പണ്ടു് ഗ്രീക്കുകാർ കേമന്മാരായിരുന്നു. അവരുടെ ചരിത്രം ഇന്നും നമുക്കു് അത്ഭുതമുളവാക്കുന്നു. അവർ പണ്ടു് തീർത്തുവച്ചിട്ടുള്ള സജീവങ്ങളായ മാർബിൾബിം-ബങ്ങൾ നമ്മെ ആശ്ചര്യപരതന്ത്രരാക്കുന്നു. അന്നത്തെ മഹാകവികളുടെ കൃതികൾ ഇന്നും നമ്മുടെ ഭക്തിബഹു-മാനങ്ങൾക്കു് പാത്രമായിരിക്കുന്നു. യൂറോപ്പിൽ ഇന്നു കാണുന്ന പരിഷ്കൃതികൾക്കെല്ലാം മൂലം ഗ്രീക്കുകാരാണെ-ന്നു പറയുന്നതിൽ തീരെ അവാസ്തവമില്ല. അന്നിരുന്ന

ഗ്രീക്കുകാരുടെ മാഹാത്മ്യമെല്ലാം, അഹോ! എങ്ങു പോയി! വളരെ വളരെ നാളായി അതെല്ലാം അസ്തമിച്ചിട്ട്. ഇന്ന് യൂറോപ്പിന്റെ കിഴക്കുതെക്കേമൂലയ്ക്ക് ഒരു പൊട്ടുപോലെയായിത്തീർന്നിരിക്കുന്നു പണ്ടത്തെ ഗ്രീക്കു സാമ്രാജ്യം!

പണ്ടുണ്ടായിരുന്ന പരിഷ്കാരങ്ങളിൽ രണ്ടെണ്ണം മാത്രമേ ഇന്നും തുടർന്നുനില്ക്കുന്നുള്ളു. ഇൻഡ്യയിലും ചീനത്തും ഉത്പത്തിമുതൽ ഇന്നുവരെ ഇടമുറിയാതെ പരിഷ്കാരഗംഗ പ്രവഹിച്ചുകൊണ്ടിരിക്കുന്നു. മററു സാമ്രാജ്യങ്ങളിലുണ്ടായ പോലെ പല വിദേശീയാക്രമണങ്ങളും സമരകോലാഹലങ്ങളും മഹാനാശങ്ങളും ഇൻഡ്യയിലും ചീനത്തും ഉണ്ടാകാതെയല്ല; പലജാതിക്കാർ കുടിയേറി; അനവധി വംശക്കാർ രാജ്യം ഭരിച്ചു; അനവധി ധനംകൊള്ളയിട്ട് പലരും കൊണ്ടുപോയി; പട്ടണങ്ങൾ നശിച്ചു; പുതുരാജധാനികളുണ്ടായി; എന്നുവേണ്ട, നിശ്ശേഷനാശോന്മുഖങ്ങളായ പല സംഭവങ്ങളും നടന്നു. എന്നിട്ടും, ഹിന്ദുക്കളുടേയും ചീനന്മാരുടേയും പരിഷ്കാരധാരയ്ക്കു വിച്ഛേദമുണ്ടായിട്ടില്ല. ആ മാലയുടെ പണ്ടത്തേ ചരട് പൊട്ടിയിട്ടില്ല. ഏറിയ നാളത്തെ അഴുക്കു പിടിച്ചു കറുത്തുപോയെങ്കിലും പണ്ടത്തെ മംഗലസൂത്രംതന്നെ ഇന്നും ഭാരതലക്ഷ്മിയുടെ കണ്ഠത്തെ അലങ്കരിക്കുന്നു. കണ്ടപേരെല്ലാം കയറി ഇറങ്ങിയിട്ടും ബ്രഹ്മക്ഷേത്രത്തിലെ വാടാവിളക്ക് ഇന്നും കെട്ടിട്ടില്ല. ബുദ്ധരും, ക്രിസ്ത്യരും, മുസൽമാന്മാരും വേണ്ടുവോളം ചലിപ്പിക്കാൻ തുനിഞ്ഞിട്ടും ഇന്നും ഭാരതഭൂമി പണ്ടത്തെ അടിസ്ഥാനത്തിൽനിന്ന് ഇളകീട്ടില്ല. ലോകമൊട്ടുക്ക് പുതുമ വന്നിട്ടുണ്ട്; ആവിയന്ത്രപ്രവർത്തിതങ്ങളായ റെയിലും, കപ്പലും, തൊഴിൽയന്ത്രങ്ങളും, വിദ്യുച്ഛക്തിപ്രേരിതങ്ങളായ അസംഖ്യംസൗകര്യങ്ങളും നവയുഗത്തെ അവതരിപ്പിച്ചിട്ടുണ്ട്. അവയെ

ക്കൊണ്ടു് ഭാരതഭൂമിയ്ക്കും അനേകഭേദഗതികൾ വന്നിട്ടുണ്ടു്. എങ്കിലും ആദിമകാലംമുതൽ ഇന്നുവരെ എത്രയോവർഷസഹസ്രങ്ങൾകഴിഞ്ഞിട്ടും പണ്ടത്തേതുതന്നെയാണു് ഇന്നും ഭാരതീയരുടെ സംസ്കാരവുംശീലവുമെന്നുള്ളതു് അത്യത്ഭുതമായ സംഗതിയാകുന്നു. ബ്രഹ്മാവർത്തവും ആര്യാവർത്തവും നിവസിച്ചിരുന്ന പൂർവന്മാരുടെ വംശപരമ്പരാഗതരായ സന്താനങ്ങൾതന്നെയാണു ഇന്നും ഭാരതഖണ്ഡത്തേയും ഇന്ദുസ്ഥാനത്തേയും അധിവസിക്കുന്നതു്. വടക്കുപടിഞ്ഞാറെ അതിർത്തിമലകളിലുള്ള ഇടുക്കുകളിൽക്കൂടി വർഷസഹസ്രങ്ങൾക്കുമുമ്പു സിന്ധുനദീതീരങ്ങളിൽ കടന്നു് ഗംഗാതടങ്ങളെ പ്രാപിച്ചധീരന്മാരായ ആര്യന്മാരുടെ സന്താനങ്ങളാണു് നാം എന്നു് നിനയ്ക്കുമ്പോൾ പോലും രോമാഞ്ചമുണ്ടാകുന്നില്ലേ?

ആര്യന്മാരെക്കാൾ പുരാതനരായ ദ്രമിളന്മാർ ഭാരതഭൂനിവാസികളായിരുന്നു എന്നു് മുമ്പു് പറഞ്ഞിട്ടുണ്ടല്ലോ. ആര്യന്മാർ ഈ ആദിമനിവാസികളെ കീഴടക്കിഎങ്കിലും നിശിപ്പിച്ചില്ല. നേരെ മറിച്ചു് അവരെക്കൂടി ആര്യസംഘത്തിൽ ഉൾപ്പെടുത്തി ജാതിവ്യവസ്ഥകളെക്കൊണ്ടു ബന്ധിച്ചു. പരസ്പരസമ്പർക്കംകൊണ്ടു് ആര്യദ്രമിളപരിഷ്കാരങ്ങൾ ഒന്നുചേർന്നു് വിശിഷ്ടമായ ഒരു നവീനസംസ്കരണം ഭാരതഭൂമിയ്ക്കുണ്ടായി. അതാണു് ഇന്നും നിലനിൽക്കുന്നതു്. സംസ്കൃതഭാഷപോലെ മഹത്വം ദ്രമിളഭാഷയ്ക്കും സിദ്ധിച്ചു.

പുരാതനകുടുംബക്കാരാണു് നാം എന്നു് ഒട്ടും ഭള്ളു ഭാവിച്ചുകൂടാ. അതിൽ ഗുണമുണ്ടെങ്കിലും ദോഷവും ചില്ലറയല്ല. എത്രയോ ശതവർഷങ്ങളായി നാം കീഴ്പ്പണിയേണ്ടിവന്നിട്ടുള്ളതു മാത്രമാലോചിച്ചാൽ മതി അതിൻെറ ദോഷം അറിയാൻ.

# മൂന്നാം അദ്ധ്യായം

## പുരാതനയൂറോപ്പ്

കഴിഞ്ഞ അദ്ധ്യായത്തിൽ നാം ഏഷ്യയേയും യൂറോപ്പിനേയും തമ്മിൽ താരതമ്യപ്പെടുത്തി, ഏഷ്യയുടെ മാഹാത്മ്യത്തേയും, ഇൻഡ്യയുടെ പൌരാണികപാരമ്പര്യത്തേയും പററി പ്രസ്താവിച്ചു. ഇനി യൂറോപ്പിൻെറ കഥ അല്പം നോക്കാം. യൂറോപ്പ് എന്നു പറയുന്നത് ഏറിയകാലം മദ്ധ്യാഞ്ണവതീരങ്ങൾ മാത്രമായിരുന്നു. അതിനു വടക്കുഭാഗങ്ങളെല്ലാം ഒരുകാലത്ത് ധ്രുവപ്രദേശങ്ങളെപ്പോലെ മഞ്ഞുറഞ്ഞുകിടന്നിരുന്നതായും പിന്നീട് വൻകാടു വളൎന്ന് ദുഷ്ടമൃഗങ്ങളുടേയും കാട്ടാളന്മാരുടേയും അധിവാസമായിരുന്നതായും തെളിവുണ്ട്. ഇന്നു കാണുന്ന ഇംഗ്ലണ്ടും ഫ്രാൻസും ജൎമ്മനിയുമെല്ലാം പണ്ട് ദണ്ഡകാരണ്യംപോലെ കിടന്നിരുന്നു. മദ്ധ്യാഞ്ണവത്തിൻെറ കിഴക്കു വടക്കേതീരത്ത് നോസസ്സുകളും, തെക്കുകിഴക്കേതീരത്ത് ഈജിപ്ററുകാരും മാത്രം പരിഷ്കൃതരായി കുടിപാൎത്തിരുന്നു. ആൎയ്യവൎഗ്ഗക്കാർ ഇൻഡ്യയിൽ കടന്ന് ഭാരതസംസ്കാരമുണ്ടായതുപോലെ, അവരിൽ ഒരുകൂട്ടർ കിഴക്കോട്ടു കടന്ന് ഗ്രീസിൽ കയറി അവിടെയും സമീപദ്വീപങ്ങളിലും വ്യാപിച്ചിരുന്ന നോസസ്സുകളെ ക്രിസ്തുവിന് ആയിരംകൊല്ലത്തിനുമുൻപായി നശിപ്പിച്ചു സാമ്രാജ്യം നേടി.

ഈ നോസസ്സുകളുടെ പരിഷ്കാരം ഈജിപ്ററുകാരുടേതിനൊപ്പം പഴക്കമുള്ളതായിരുന്നു. ക്രിസ്തുവിനു നാലായിരംകൊല്ലത്തിനുമുമ്പും അവർ തമ്മിൽ കച്ചവടം നടത്തിയിരുന്നതായി കാണുന്നുണ്ട്. വലിയ പട്ടണങ്ങളും കോട്ടകളും അവക്കില്ലായിരുന്നു. രാജധൎമ്മ്യം മാത്രം 'മിനോസ്' എന്നായിരുന്നു. ഈജിപ്ററുകാരുടെ രാജാ-

വിന്ന 'ഫേറോ' എന്നായിരുന്നു സ്ഥാനപ്പേർ. നീരാഴികഠം മുതലായ സുഖസംവിധാനങ്ങഠം മീനോസിൻെറ കൊട്ടാരത്തിൽ ഉണ്ടായിരുന്നു. ഉത്സവങ്ങളും ആഘോഷങ്ങളും അവിടെ നടത്തിവന്നു. മേഷയുദ്ധം മുതലായ വിനോദങ്ങഠം നടത്തിവന്നതിൻെറ സമ്പ്രദായം ഇന്നും സ്പെയിനിൽ കാണാം. സ്ത്രീകളുടെ ഉടുത്തുകെട്ട് ഏതാണ്ട് നവീനവേഷങ്ങളുടെ മാതിരി ആയിരുന്നു. മൺപാത്രവേല, നെയ്ത്ത്, കൊത്തുപണി, ചിത്രമെഴുത്ത്, ദന്തവേല, ലോഹവേല, കഫ്ടഗാറിവേല, (ഒരു ലോഹത്തകിടിൽ മററു ലോഹക്കമ്പികളെ വിചിത്ര രൂപങ്ങളിൽ ചെലുത്തുക) എന്നീവക കൈത്തൊഴിലുകഠം ചെയ്തുവന്നു. അവരുടെ ഇടയിൽ നടപ്പായിരുന്ന കൈയെഴുത്തുകഠം ഇന്നും നല്ലപോലെ വായിച്ചു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. പ്രഭുക്കന്മാക്ക് വീട്ടുപണി എടുക്കാൻ അടിമകളുണ്ടായിരുന്നു. ബുദ്ധിമാന്മാരും മിടുക്കന്മാരും നോസസ്സുകളിലുണ്ടായിരുന്നു എന്നുള്ളതിന്നു തെളിവായി, വിമാനമുണ്ടാക്കിയ ദിദേലസ് എന്നൊരാളെപ്പററി ഗ്രീക്കുകാർ പറഞ്ഞിരിക്കുന്നു. ഉൽക്കകളിൽനിന്നു ലഭിച്ച കാരിരുമ്പല്ലാതെ, ഇരുമ്പ് അവക്ക് അജ്ഞാതമായിരുന്നു. കഴുതകളെയല്ലാതെ കുതിരകളെ അവർ കണ്ടിട്ടില്ല. ഈ സംഗതികളെല്ലാം പുരാണഗവേഷകന്മാർ നമുക്ക് മനസ്സിലാക്കിട്ട് അൻപതുകൊല്ലത്തിനു മേലായിട്ടില്ല. ഈ പരിഷ്കൃതസമുദായവും അവരുടെ തലസ്ഥാനമായിരുന്ന ക്രീററം എങ്ങനെ നശിച്ചു എന്ന് ഇന്നും തിട്ടമായിട്ടില്ല. ഭൂകമ്പംകൊണ്ടോ മററു മഹോത്പാതങ്ങളെക്കൊണ്ടോ നാശോന്മുഖമായിത്തീന്ന അവരെ ഗ്രീക്കുകാർ നിശ്ശേഷം നശിപ്പിച്ചു എന്നുമാത്രം അറിയാം.

അക്കാലത്തുതന്നെ ഫിനീഷ്യന്മാർ എന്നൊരു സാമുദ്രികവൎഗ്ഗക്കാരും പ്രാബല്യം നേടിയിരുന്നു. ജലസ-

ഞ്ചരണോപകരണങ്ങളായ നൗകകൾ വളരെ പുരാണ-കാലത്തുതന്നെ ഉണ്ടായിട്ടുണ്ട്. ഇന്നത്തെ ചാളത്തടിക-ളെപ്പോലെയുള്ള പൊങ്ങുതടികളിലും, കാററു നിറച്ച തുകിലുകളിലും, സുമേരുവാസികളും ഈജിപ്ററുകാരും സഞ്ചരിച്ചിരുന്നതായി കാണുന്നുണ്ട്. രാമായണകാലത്തു പോലും വഞ്ചിയിൽ ശ്രീരാമൻ ഗംഗയെ തരണംചെയ്ത-തായി പറഞ്ഞിട്ടുണ്ടല്ലൊ. മഹാപ്രളയകാലത്തു നോവാ-യുടെ കപ്പൽ ഉള്ളതായി ബൈബിളിൽ കാണുന്നു. സി-റിയാ, അറേബ്യ എന്നീ പ്രദേശങ്ങളിൽനിന്നു സെമററി-ക്ക വർഗ്ഗക്കാരിൽ ഉൾപ്പെട്ട ഒരുക്കൂട്ടം ഗോസായികൾ പല നാടും സഞ്ചരിച്ച് പാർപ്പിടം പിടിച്ച കൂട്ടത്തിൽ മദ്ധ്യാർണ്ണവതീരത്തിൽ പല തുറകളും ഉറപ്പിച്ച സാംയാ-ത്രികരായിത്തീർന്നവരാണ് ഫിനീഷ്യന്മാർ. അവർ കര-വാരമായി ആഫ്രിക്കാമഹാഖണ്ഡത്തിന്റെ തീരങ്ങളിലും ജിബ്രാൾട്ടർ കടലിടുക്കിലും സ്പെയിൻരാജ്യത്തും കയറി താവളങ്ങൾ ഉറപ്പിച്ചു അവിടെനിന്ന് അവർ യൂറോ-പ്പിൻെറ പലഭാഗത്തും, ആംഗ്ലദ്വീപുകളിൽപോലും കടി കയറി.

അതിനുമേലാണ് യൂറോപ്പിലേക്ക് ആര്യവർഗ്ഗക്കാർ കടന്നതു്. അവർ കിഴക്കുഭാഗത്തു് ചിന്ന്യേഷ്യയിൽക്കൂടി ഗ്രീസ്സിൽ എത്തി. അവിടെ പ്രബലന്മാരായിരുന്ന നോ-സസ്സുകളെ തുരത്തി സ്ഥാനമുറപ്പിച്ചു. ഇൻഡ്യയിൽ ക-ടന്ന ആര്യവർഗ്ഗക്കാർ ദ്രമിളസംസർഗ്ഗമേററു് ഒരു നൂതന-പരിഷ്കൃതസ്ഥിതിയെ പ്രാപിച്ചതുപോലെ, ഗ്രീസ്സിൽ കിടന്ന ആര്യന്മാർ നോസസ്സുകളുടെ പരിഷ്കൃതി കൂട്ടിച്ചേ-ർത്തു് ഒരു പുതിയ സംസ്കാരം സ്ഥാപിച്ചു. ആര്യജാതി-ക്കാർ പണ്ടേതന്നെ ശൂരന്മാരും, ക്ലേശസഹന്മാരും, വൈരനിര്യാതനനിരതന്മാരും ആയിരുന്നു. ഗ്രീസ്സിൽ താ-മസിച്ച ആര്യന്മാരെയാണ് ഗ്രീക്കുകാർ എന്നു വിളിക്കു-ന്നതു്. ഗ്രീക്കുകാരെ ഹെല്ലന്മാരെന്നാണ് അക്കാലത്തു

വിളിച്ചുവന്നതു്. ക്രിസ്തുവിന്നു് ഏകദേശം ആയിരംകൊല്ലത്തിന്നു മുൻപാണു് ഹെല്ലന്മാർ ഗ്രീസ്സിൽ കയ്യേറിയതു്. ഗ്രീസ്സു് പല ദ്വീപുകൾ ചേൎന്നുള്ളതാണു്. അതുകൊണ്ടു് സമുദ്രസഞ്ചാരം ഹെല്ലന്മാൎക്കു് നല്ല വശമായിരുന്നു. വളരെ പ്രശസ്തങ്ങളായ ആത്തെൻസ്, സ്പാർട്ടാ, തീബ്സ്, കാറിന്തു്, സാമോസ്, മിലീററസ് മുതലായി പല നഗരങ്ങൾ അവർ നിൎമ്മിച്ചു. നീലനദി, യൂഫ്രെററീസ്-നദി, സിന്ധുനദി മുതലായ നദീതീരങ്ങളിൽ സ്ഥാപിതങ്ങളായ ഭരണസമ്പ്രദായമല്ല, പല ദ്വീപുകളായി പിരിഞ്ഞിരുന്ന ഗ്രീസ്സിലുണ്ടായതു്. സുമേരു, ഈജിപ്റ്റു്, ഭാരതഖണ്ഡം എന്നീ ദിക്കുകളിൽ ജനങ്ങൾ തമ്മിൽ ഒരു കെട്ടുപാടുണ്ടാകയാൽ ഏകശാസനയിൽ രാജ്യങ്ങൾ വളൎന്നു. ഗ്രീസ്സിലാകട്ടെ, അവിടവിടെ നഗരങ്ങളും പ്രമാണികളുമായ നഗരഭരണമാണു് നടപ്പായതു്. ഒററയ്ക്കൊററയ്ക്കു് വളൎന്നുവന്ന ഈ നഗരഭരണം വെവ്വേറെ ആയിത്തന്നെ കഴിഞ്ഞു. ശത്രുക്കളുടെ ആക്രമണമുണ്ടായ കാലത്തുമാത്രമേ നഗരപ്രമാണികൾ ഒന്നുചേൎന്നുള്ളു. ഗ്രീക്കുകാരെ ഒരുമിപ്പിച്ച മറെറാരു സംഗതി, കൊല്ലംതോറും നടത്തിവന്ന ഒളിമ്പിക്കുകളിലാണു്. ആ ഉത്സവത്തിന്നു് എല്ലാ നഗരക്കാരും കൂട്ടംകൂടി വന്നു. അവരെ ഒന്നിച്ചുചേൎത്ത മറെറാരുബന്ധം, "ഇലിയഡ്" എന്നും "ഒഡിസ്സി" എന്നും പ്രസിദ്ധങ്ങളായ രണ്ടു പുരാണങ്ങളോടുള്ള ഭക്തിബഹുമാനമായിരുന്നു. നമുക്കു് രാമായണവും ഭാരതവും എങ്ങനെയോ, അതുപോലെയാണു് ഗ്രീക്കുകാൎക്കു് ഇലിയഡും ഒഡിസ്സിയും. "ഹോമർ" എന്ന അന്ധകവി രചിച്ചവയാണു് ഈ പുരാണങ്ങൾ എന്നു പറഞ്ഞുവരുന്നു. "പാരിസ്" എന്നൊരു വീരൻ "ഹെലൻ" എന്നൊരു സുന്ദരിയായ കന്യകയെ ചിന്നേഷ്യയിൽ "ട്രായി" എന്ന നഗരത്തിലേക്കു് ബലാൽക്കാരമായി കൊണ്ടുപോകയാൽ, ഗ്രീക്കുകാർ ഒന്നുചേൎന്നു് ട്രാ-

യനഗരത്തെ നിരോധനം ചെയ്തു് നശിപ്പിച്ച കഥയാണു് "ഇലിയഡ്" എന്ന പുരാണത്തിലെ ഇതിവൃത്തം. ട്രായിയിൽനിന്നു തിരികെ ജയഭേരിയോടെ സ്വന്തദ്വീപിലേക്കു മഹാസേനാനിയായിരുന്ന ഒഡിസ്യൂസ്സ് വന്നപ്പോളുണ്ടായ ദേശാടനവൃത്താന്തമാണു് ഒഡിസ്സി പുരാണം.

ട്രായിനഗരം നശിച്ചിട്ടു് എത്രയോ വർഷശതങ്ങളായി. ഈ പുരാണങ്ങളുടെ മാഹാത്മ്യം ഇന്നും നില്ക്കുന്നു. ഗ്രീക്കുകാൎക്കുപിന്നീടു് മറെറാരു മഹാശക്തി ഇററലിയിൽ ഉദിച്ചു. ഗ്രീക്കുകാൎക്കു് പ്രാബല്യമുണ്ടായിരുന്ന കാലത്തു് റോമാനഗരമുണ്ടായി. റോമന്മാർ ഗ്രീക്കുകാരെ ക്രമേണ നശിപ്പിച്ചു. റോമാനഗരി "സന്താനപുരി" എന്ന സംജ്ഞയോടുകൂടി ലോകലക്ഷ്മിയായി ഏറ്റവുംകാലം വിലസി.

റോമാനഗരത്തിനു് സമകാലമായിത്തന്നെ മദ്ധ്യാൎണ്ണവത്തിന്റെ തെക്കേക്കരയിൽ ആഫ്രിക്കാമഹാഖണ്ഡത്തിൻെറ വടക്കേതീരത്തു് "കാൎത്തേജ്" എന്നൊരു നഗരമുണ്ടായി. പണ്ടു് ഫിനീഷ്യന്മാർ സ്ഥാപിച്ചതാണതു് എന്നാണു് പ്രസിദ്ധി. റോമിനോടൊപ്പം അതിനും പ്രാബല്യം സിദ്ധിക്കയാൽ തമ്മിൽ മഹാകലഹങ്ങളുണ്ടായി. ഒടുവിൽ റോം കാൎത്തേജിനെ നശിപ്പിച്ചു.

ഇങ്ങനെ ആയിരുന്നു അന്നു് യൂറോപ്പുമഹാഖണ്ഡത്തിലെ അവസ്ഥ. ഗ്രീസ്സും റോമും ഒഴിച്ചു് ഇന്നു പരിഷ്കാരപാരമ്യത്തിൽ എത്തിയിരിക്കുന്ന മററു രാജ്യങ്ങളെല്ലാം വനപ്രായങ്ങളായി കാട്ടാളന്മാരുടേയും ഹിംസ്രമൃഗങ്ങളുടേയും അധിവാസഭൂമികളായിരുന്നു.

# നാലാം അദ്ധ്യായം

## മദ്ധ്യേഷ്യ

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സ്ഥിതിയിൽ യൂറോപ്പുമഹാഖണ്ഡം വൎത്തിച്ചിരുന്ന കാലത്തു് ഈജിപ്തിൽ പരിഷ്കാരത്തിന്റെ മൂർദ്ധന്യാവസ്ഥ വന്നിരുന്നു മദ്ധ്യേഷ്യയിലും അതുപോലെ മഹാരാജ്യങ്ങൾ ഉദിക്കയും അസ്തമിക്കയും ചെയ്തിരുന്നു. ഈജിപ്തിലെ നരപതിപുങ്ഗവന്മാരായിരുന്ന ഫേറോക്കളും, ബാബിലോണിയായിലെ ചക്രവൎത്തികളും തമ്മിൽ എന്നുംകലഹങ്ങളും സമാധാന ഉടമ്പടികളും നടന്നുവന്നു. ക്രമേണ ബാബിലോണിയംസംസ്ഥാനം ഹിത്തെതിവൎഗ്ഗക്കാരാലും അസ്സിറിയൻ വർഗ്ഗക്കാരാലും പരാജിതമായി. നിനവെ എന്ന നഗരത്തിൽ രാജധാനി ഉറപ്പിച്ചു് അസ്സിറിയന്മാർ ഈജിപ്തു്കാരുമായി എന്നും കലഹം നടത്തിവന്നു. അക്കാലത്തു് കുതിരകളും രഥങ്ങളും യുദ്ധോപകരണങ്ങളായിത്തീൎന്നതായികാണുന്നു. 'തുമ്പ്രഥ'നെന്നരാജാവു നിനവേനഗരം പിടിച്ചതിൻേറയും "തിഗ്ലത്തപിലേസരൻ" എന്ന രാജാവു് ബാബിലോൺനഗരം പിടിച്ചതിന്റേയും മററും കഥകൾ ഇവിടെ പറയുന്നതുടങ്ങിയാൽ കുറേയുണ്ടു്. ചുരുക്കത്തിൽ, ആയസായുധധരന്മാരായ അസ്സിരിയന്മാർ അക്കാലത്തു് യുദ്ധവീരന്മാരായിത്തീൎന്നു. സാർഗ്ഗുണൻ രണ്ടാമന്റെ മകനായ "സെന്നാക്കിറിബ്" എന്നരാജാവു ഈജിപ്തിനെ എതിൎത്തുവെങ്കിലും, മഹാമാരിപിടിച്ചു് സേനകൾ നശിച്ചുപോകയാൽ, തോററുപോയി. അദ്ദേഹത്തിന്റെ പൌത്രൻ 'അസുരപാനിപാല'നാണു അതു സാധിച്ചതു്.

ഇക്കാലത്തുണ്ടായിരുന്ന രാജ്യങ്ങളെ കുറിക്കുന്ന പടം നോക്കിയാൽ, സെമററിക്കുവൎഗ്ഗത്തിലുൾപ്പെട്ട ബാ-

ബിലോണിയന്മാർ, സുറിയാനികൾ, ഹിത്തൈതികൾ, അസ്സിരിയന്മാർ, ഈജിപ്റ്റുകാർ എന്നീജാതിക്കാർ തമ്മിൽ എന്നും കലഹിച്ച് അവരവർ അധിവസിച്ചിരുന്ന നാടുകൾ ഏറുകയും കുറയുകയും ചെയ്യുന്നതും ഈജിപ്റ്റുരാജ്യം, കായലുകളിൽ കിടക്കുന്ന 'ചൊറി' എന്നജന്തുവിനെപ്പോലെ വീക്കുകയും ചുരുങ്ങുകയും ചെയ്യുന്നതും കാണാം. ചിന്നേഷ്യയുടെ പടിഞ്ഞാറു്, ഈജിയൻ കടലോരത്തു്, ഡിലിയാ തുടങ്ങിയ ചെറുരാജ്യങ്ങൾ ഉത്ഭവിച്ച് പുലരുന്നതും ദൃശ്യമാകും. അപ്പോൾ കാണാം വടക്കുകിഴക്കും വടക്കുപടിഞ്ഞാറുംനിന്നു് ഒരുകൂട്ടം ക്രൂരവർഗ്ഗങ്ങൾ ഇരുമ്പുകൊണ്ടുള്ള ആയുധങ്ങളോടുകൂടി യുദ്ധരഥങ്ങളിൽ കയറിവന്നതു്. അവരെല്ലാം ആര്യഭാഷ സംസാരിക്കുന്നവരാണു്. സെമിററിക്‌വർഗ്ഗക്കാരേയും ഏജിയൻ കടലോരവാസികളേയും അവർ തുരത്തുന്നു. കൃഷ്ണാർണ്ണവത്തിനും കാസ്പിയൻ സമുദ്രത്തിനും തെക്കുകിഴക്കുനിന്നു് മീഡുകളും പാരസീകരും വന്നിറങ്ങുന്നു. സിതിയന്മാരും, സാർമേഷ്യന്മാരും, അർമ്മീനിയന്മാരും, കൂട്ടംകൂടി വരുന്നു. ബാൽക്കൻപ്രദേശങ്ങളിൽനിന്നു് കിമ്മറിയന്മാരും, ഫ്രീജിയന്മാരും, പിന്നീടു ഗ്രീക്കുകാരായിത്തീർന്ന പല വർഗ്ഗങ്ങളും പ്രവേശിക്കുന്നു. ഒരു ആയിരം വർഷകാലം ഇങ്ങനെ മദ്ധ്യേഷ്യാപ്രദേശം പലരാജ്യക്കാരുടേയും പലജാതിക്കാരുടേയും കോലാഹലംകൊണ്ടു് സജീവമായിരുന്നു.

ഈ ബഹളങ്ങൾ നടക്കുന്ന കാലത്തു് അവിടെ പരിഷ്കാരത്തിനു് ഒരു വാട്ടവും തട്ടിയില്ല. കാലം പോകുന്തോറും അതു കൂടിക്കൂടി വലിയ ദേവാലയങ്ങളും ഹർമ്മ്യങ്ങളും പണിയത്തക്ക നിലയെ പ്രാപിച്ചു. അക്കാലത്തു് ഉണ്ടായിരുന്നപല കൊത്തുപണികളും വിചിത്രവേലകളും കൂടാതെ അനേകം എഴുത്തുകുത്തുകളും, കണക്കുകളും, കവിതകളും, ഇന്നു് കണ്ടുകിട്ടീട്ടുണ്ടു്. അവിടത്തെ ജനങ്ങൾ അന്നു സുഖജീവിതം നയിച്ചതായും, അവർക്കു പല

വിശേഷവസ്ത്രാഭരണങ്ങളുണ്ടായിരുന്നതായും, ഉത്സവാഘോഷങ്ങളും പെരുനാളുകളും അവർനടത്തിവന്നതായും, പാട്ടുകാരും ആട്ടക്കാരുംവൈദ്യന്മാരുമായി അവരുടെഇടയിൽ പല വിദ്വാന്മാരുണ്ടായിരുന്നതായും തെളിഞ്ഞിരിക്കുന്നു. വള്ളംകളി അവർക്ക് പ്രധാനമായിരുന്നു. കഴുതയായിരുന്നു ഭാരമൃഗം. യുദ്ധത്തിൽ രഥത്തിൽ പൂട്ടുന്നതിനു മാത്രമേ കുതിരകളെ ഉപയോഗിച്ചിരുന്നുള്ളു. ഒട്ടകങ്ങൾ വന്നുകഴിഞ്ഞിരുന്നില്ല. ഓട്ടുകൊണ്ടും ചെമ്പുകൊണ്ടും ഇരുമ്പുകൊണ്ടും പല പാത്രങ്ങൾ ഉപയോഗപ്പെടുത്തിവന്നു. അഭ്രംപോലെ ഒരുവക സ്ഫടികചില്ലുകൾ ഉണ്ടായിരുന്നു. സ്വർണ്ണാഭരണങ്ങൾ നിർമ്മിച്ചിരുന്നു. നൂലുകൊണ്ടു് വസ്ത്രങ്ങൾ നെയ്തുവന്നു; പട്ടുണ്ടായിരുന്നില്ല. നാണയമില്ലായിരുന്നു; സാധനങ്ങളെ വെച്ചുമാറുകയായിരുന്നു കച്ചോടം. സ്വർണ്ണവും വെള്ളിയും കട്ടിയായി കച്ചോടക്കാരുടെ മുദ്രകുത്തി കൈമാററിവന്നു. രത്നങ്ങൾ കൊടുത്തു് ഭക്ഷണസാധനങ്ങൾ വാങ്ങുന്നതു് ഒട്ടും അപൂർവ്വമല്ലായിരുന്നു. സാധനങ്ങളായിട്ടാണു് കൂലി കൊടുത്തുവന്നതു്.

മതം ബിംബാരാധനത്തിൽ അന്തർഭൂതമായിരുന്നു. ജന്തുക്കളേയും മനുഷ്യരേയും കുരുതികൊടുത്തു് ദൈവങ്ങളെ പ്രീതിപ്പെടുത്തി വന്നു. ഒരാൾ മരിച്ചാൽ അയാളുടെ ഭാര്യമാരേയും അടിമകളേയും കൊന്നു ശവത്തോടൊരുമിച്ചു് കുഴിച്ചിടുക പതിവായിരുന്നു. അതിന്റെ അർത്ഥം, മരിച്ച ആൾ ഏകാകിയായി പോകരുതു് എന്നായിരുന്നുവത്രെ! അയാളുടെ ആയുധങ്ങളും അവിടെ കുഴിച്ചിടണമെന്നായിരുന്നു ഏർപ്പാടു്. കുറേകാലം കഴിഞ്ഞപ്പോൾ ഉരുവങ്ങൾ (രൂപങ്ങൾ) ഉണ്ടാക്കി കഴിച്ചിടുന്ന സമ്പ്രദായം ഏർപ്പെട്ടു.

ഇങ്ങനെ മദ്ധ്യേഷ്യയിലെ പുരാണപരിഷ്കാരം ഈജിപ്റ്റിലും ഇൻഡ്യയിലും ചീനത്തുമുണ്ടായതിൽ ഒട്ടും കുറ-

ഞ്ഞതല്ലായിരുന്നു. ആസുരപാനിപാലൻ പിടിച്ചടക്കിയ ശേഷം ഈജിപ്തിലെ ഫേറോ രാജാക്കന്മാർ പല പ്രാവശ്യവും സ്വാതന്ത്ര്യരാവാനും അസ്സിറിയന്മാരുടെ രാജ്യം പിടിക്കാനും ശ്രമിച്ചു. അചിരേണ അസ്സിറിയന്മാർ ക്ഷയോന്മുഖന്മാരായിത്തീൻ. മെസപ്പൊട്ടേമിയയുടെ തെക്കുകിഴക്കുനിന്ന് കാൽഡിയന്മാർ എന്നൊരു 'സെമററിക്ക്'-വൎഗ്ഗക്കാരും പാരസീകവൎഗ്ഗക്കാരും കൂടിച്ചേൎന്ന് രാജധാനിയായിരുന്ന നിനവെനഗരം പിടിച്ചു; പുത്തനായി വടക്ക് ഒരു മീഡിയൻസാമ്രാജ്യം ഉറപ്പിച്ച്; രാജധാനി എൿബത്തനം എന്ന നഗരത്തിലേക്കു മാററി, ക്യാക്ഷാരൻ എന്ന വീരൻ ചക്രവൎത്തിയായി അവിടെ വാണു. അക്കാലത്തുതന്നെ അതിനു തെക്കായി ചന്ദ്രക്കലയുടെഭാഷയിൽ മറെറാരു സാമ്രാജ്യം കാൽഡിയന്മാർ സൃഷ്ടിച്ചു. അതിനു രണ്ടാംബാബിലോണിയാ സാമ്രാജ്യം എന്ന് പേർ പറഞ്ഞുവരുന്നു. ഈ രണ്ടാം സാമ്രാജ്യത്തിൽ കേമനായി ഒരു ചക്രവൎത്തി ഉണ്ടായി. അദ്ദേഹത്തിൻെറ പേർ 'നെബ്യുക്കാഡ്നസ്സർ' എന്നായിരുന്നു. ഈജിപ്തിലെ ഫെറോരാജാവായ നെക്കോ രണ്ടാമൻ അസ്സിറിയന്മാരെ ജയിക്കാൻ പുറപ്പെട്ടപ്പോഴും, ഈ മഹാനാണ് രാജ്യം ഭരിച്ചിരുന്നതു്. അദ്ദേഹം ഈജിപ്റുകാരെ കാന്ദിശീകരാക്കി. പ്രബലതരമായിരുന്ന മീഡിയാസാമ്രാജ്യത്തോട് ബന്ധുത്വത്തിൽ കഴിഞ്ഞേടത്തോളം ബാബിലോണിയാ കേമമായിരുന്നു. അക്കാലത്തു് വിദ്യാഭ്യാസംകൊണ്ടു ബാബിലോണിയന്മാരും അസ്സിറിയന്മാരും മുന്നണിയെ പ്രാപിച്ചിരുന്നു. ആസുരപാനിപാലൻ ജനനാൽ ഒരു അസ്സിറിയൻരാജാവായിരുന്നു. എങ്കിലും, ബാബിലൺ പരിഷ്കാരത്തിൽ മുഴുകിയിരുന്നു. ആ രാജാവാണു് ആദ്യമായി ഒരു ഗ്രന്ഥശാല നിൎമ്മിച്ചതു്. ഇന്നത്തെപ്പോലെ കടലാസുപുസ്തകങ്ങളോ, ഹിന്ദുക്കളുടേതു-

പോലെ താലപത്രഗ്രന്ഥങ്ങളോ അല്ലായിരുന്നു ആ ഗ്രന്ഥശാലയെ അലങ്കരിച്ചതു്. കയ്യെഴുത്തുള്ള ഒരു മാതിരി ചെളിപ്പലകകളായിരുന്നു. ഈ ഗ്രന്ഥങ്ങളെ ഇന്നു് പുരാണവസ്തുഗവേഷകന്മാർ കുഴിച്ചെടുത്തിരിക്കുന്നു. അവയിൽനിന്നു് അന്നത്തെ പല കാര്യങ്ങളും നമുക്കു് മനസ്സിലാക്കാൻ സാധിച്ചിരിക്കുന്നു. ഒടുവിലത്തെ കാൽഡിയൻ രാജാവായിരുന്ന നബോണിദാസനും പല കല്ലെഴുത്തുകളും കൊത്തിച്ചിട്ടുണ്ടു്. അദ്ദേഹം പല ദേവന്മാരുടെ വിഗ്രഹങ്ങൾ കൊണ്ടുവന്നു് പ്രതിഷ്ഠിപ്പിച്ചതു് ബാബിലോണിയന്മാർക്കു് രസിച്ചില്ല. 'ബലമരുദുകനാ'യിരുന്നു അവരുടെ കുലദൈവം. ഈ വിരോധം നിമിത്തം, മീഡിയൻ ചക്രവർത്തിയായിരുന്ന സൈറസ്സിനെ ജനങ്ങൾ വിളിച്ചുവരുത്തി ബാബിലോണിയയിൽ രാജാവാക്കി. ഇങ്ങനെ ബാബിലോണിയയും മീഡിയയും ഒരു സാമ്രാജ്യമായി. സൈറസ്സിൻെറ മകൻ 'കംബീസസ്' ഈജിപ്റ്റുരാജ്യം പിടിച്ചു. അദ്ദേഹത്തിനു് ഭ്രാന്തുപിടിക്കയാൽ, സൈറസ്സിൻെറ പ്രധാന മന്ത്രിമാരിൽ ഒരാളായിരുന്ന ഡെറയസ് രാജ്യഭരണം ഏറ്റു. അയാൾ ആര്യവർഗ്ഗത്തിൽപെട്ടവനായിരുന്നു. ഡെറയസ്സിൻെറ കാലത്തു്, അസ്സിരിയ, ബാബിലോണിയ, ഈജിപ്തു്, മീഡിയ, പാരസീകം മുതലായി ചിന്നേഷ്യയിലും ആഫ്രിക്കയിലും ഉണ്ടായിരുന്ന രാജ്യങ്ങളെല്ലാം കീഴടങ്ങി ആര്യമഹാസാമ്രാജ്യമായിത്തീർന്നു.

ഡെറയസ്സിന്റെ രാജ്യം സിന്ധുനദീതീരംവരെ വിസ്തൃതമായിരുന്നു. അന്നാണു് ഗതാഗതത്തിനു് വലിയ റോഡുകളും ഏർപ്പെട്ടതു്. അക്കാലം മുതൽ നാണയമുണ്ടായി, കച്ചോടം വർദ്ധിച്ചു. ഈ മഹാസാമ്രാജ്യത്തിന്റെ തലസ്ഥാനം സൂസാ ആയിരുന്നു. പഴയ രാജധാനിയായിരുന്ന നിനവെ ക്ഷയിച്ചു. പാർസിപ്പോലീസ്, ഏകപത്തനം മുതലായവ പ്രധാനപ്പെട്ട പത്തനങ്ങളുമായി:

# അഞ്ചാം അദ്ധ്യായം

## യൂദർ

മുൻഅദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള സെമററിക്ക വർഗ്ഗക്കാരെല്ലാം കുററിയററുപോയിട്ട് വർഷശതങ്ങൾ ഏറ്റെ കഴിഞ്ഞിരിക്കുന്നു. ഒരു കൂട്ടക്കാരെ മാത്രമേ ഇന്നും കാണ്മാനുള്ളു. ഹിബ്രൂക്കളെന്നും യൂദന്മാരെന്നും വിളിച്ചുവരുന്ന ജാതിക്കാർ ലോകമൊട്ടുക്ക് ചിതറിക്കിടക്കുന്നു എങ്കിലും, ആന്തരമായി ഒരു കെട്ടുപാടുള്ളവരായും വ്യവസായ സാമത്ഥ്യം നിമിത്തം കുബേരന്മാരായും ഇന്നും പുലരുന്നു. അവരുടെ കഥ നമുക്കു മനസ്സിലാക്കാം.

യൂദന്മാർ എന്നു് ഈ വർഗ്ഗക്കാരെ വിളിക്കാൻ കാരണം അവർ ക്രിസ്തുവിനു് ആയിരംകൊല്ലം മുൻപുമുതൽ തന്നെ മദ്ധ്യാഹ്നവത്തിൻെറ കിഴക്കേക്കരയിൽ ജൂഡിയാ എന്ന പ്രദേശത്തു് അധിവസിച്ചിരുന്നതുകൊണ്ടാകുന്നു. അവരുടെ തലസ്ഥാനം അന്നു് യരുശേലമായിരുന്നു. തെക്കുപുറത്തു് ഈജിപ്ററുസാമ്രാജ്യവും, വടക്ക് ചിന്നേഷ്യയിൽ പ്രതാപത്തോടുകൂടിയിരുന്ന അസ്സിറിയ, ബാബിലൺ മുതലായ സാമ്രാജ്യങ്ങളും ആയിരുന്നതിനാൽ യൂദന്മാരുടെ ചരിത്രം ആ മഹാസാമ്രാജ്യങ്ങളും ആയി ഇടപെട്ടു കിടക്കുന്നു. ബൈബിൾ എന്ന മഹാഗ്രന്ഥത്തിലെ പഴയ നിയമം (Old Testament) എന്ന ഭാഗം മുഴുക്കെ യൂദന്മാരുടെ കഥയാണു്. ചരിത്രത്തെ ഗ്രന്ഥരൂപത്തിൽ ആദ്യമായി സംക്ഷേപിച്ചതു് യൂദന്മാരാണു് എന്നൊരു മെച്ചം അവക്കുണ്ട്. ആദ്യം അഞ്ചു കാണ്ഡങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു; പിന്നീടു്, അതായതു് ക്രിസ്തുവിനു് അഞ്ഞൂറുകൊല്ലം മുൻപിൽ മാത്രമേ, മററുള്ള കാണ്ഡങ്ങൾകൂടി കൂട്ടിയിണക്കി പഴയനിയമം ഇന്നത്തേ വലിപ്പത്തിൽ വന്നുള്ളു. കഥകൾ, സ്തോത്രങ്ങൾ, പഴഞ്ചൊ-

ല്ലുകൾ എന്നുള്ള കാണ്ഡങ്ങളെല്ലാം ചേർത്തു് ബാബിലൺ സാമ്രാജ്യത്തിൽ യൂദർ താമസിക്കുമ്പോഴാണു്.

നെക്കോ രണ്ടാമൻ എന്ന ഈജിപ്റ്റിലെ ഫെറോരാജാവു് അസ്സിറിയൻസാമ്രാജ്യത്തെ ആസ്കന്ദനം ചെയ്യുകാലത്തു് ജൂഡിയായിലെ രാജാവായിരുന്ന ജൊസയ അദ്ദേഹത്തെ എതിർത്തു് തോററു. ഇതു് ബി. സി. ന്നാംവ്വ-ൽആണു്. ജൂഡിയ ഈജിപ്റ്റിനു് അടിപണിഞ്ഞു. പിന്നീടു് ബാബിലൺ രാജാവായിരുന്ന നെബുക്കാഡ്നസ്സർ ഈജിപ്റ്റുകാരെ ഓടിച്ചു യരുശലേം പിടിച്ചു് യൂദന്മാരെ തടവുകാരാക്കി ബാബിലണിൽ കൊണ്ടുപോയി. അനന്തരം മീഡ്യയൻചക്രവർത്തിയായിരുന്ന സൈറസ്സ്, ബി. സി. ൫൩൮-ൽ ബാബിലൺ പിടിച്ചപ്പോൾ അദ്ദേഹം യൂദരെ തിരികെ യരുശലേത്തേക്കു് അയച്ചു. അവർ തിരികെ വന്നശേഷം കോട്ടകൊത്തളങ്ങൾ ഉറപ്പിച്ചു് യരുശ്ശേലംപള്ളിയെ പുതനായി പണിയിച്ചു. ബാബിലണിൽ താമസിച്ചാണു് യൂദന്മാർ പരിഷ്കൃതരായതും, അവരുടെ ചരിത്രപുസ്തകം എഴുതാൻ തുടങ്ങിയതും. അവരുടെ പുരാണപുരുഷന്മാരായ മോസസ്സിൻേറയും സാംസൻേറയും കഥകൾ ബാബിലണിലെ പുരാണകഥകളെ അനുസരിച്ചുളവായവയാണു്. ഏബ്രഹാമിൻെറ കഥമുതൽ യൂദന്മാരുടെ സ്വന്തം ചരിത്രം ആരംഭിക്കുന്നു.

ഏബ്രഹാം ബാബിലോണിലെ ഹമ്മുറാബിരാജാവിൻെറ സമകാലികനായിരുന്നു; ദേശാടനം ചെയ്തുവന്ന ഒരു വർഗ്ഗക്കാരുടെ കുലപതിയായിരുന്നു; ഏബ്രഹാം പുത്രപൗത്രാദികളോടുകൂടി ഈജിപ്റ്റിൽ സഞ്ചരിച്ചതും, അവർ അവിടെ തടവിൽ കിടന്നതും, കാനാൻ എന്ന പ്രദേശത്തു് അവർ കിടന്നതും, ദൈവം പ്രത്യക്ഷമായി അവർക്കു് സുഭിക്ഷമായ രാജ്യം കിട്ടുമെന്നു് അനുഗ്രഹിച്ചതും മററും ബൈബിൾ വായിച്ചു് അറിയേണ്ടതാണു്.

ഈജിപ്തിലെ പാർപ്പുവിട്ട് മോസസ്സിൻെറ നേതൃത്വത്തിൽ അമ്പതുകൊല്ലം വനാന്തരസഞ്ചാരം കഴിഞ്ഞു് ഏബ്രഹാമിൻെറ സന്താനങ്ങൾ പന്ത്രണ്ടു ക്രൂരവകാരായി അറേബ്യൻസൈകതത്തിൽക്കൂടി കാനാൻ പ്രദേശത്തു പ്രവേശിച്ചു. ദൈവത്തിൻെറ വരത്താൽ കിട്ടിയ ഈ നാടിൻെറ കുന്നിൻപുറങ്ങൾ മാത്രമേ അവക്ക് സ്വാധീനപ്പെടുത്താൻ കഴിഞ്ഞുള്ളു. തീരപ്രദേശങ്ങളെല്ലാം ഫിലിസ്റ്റീൻഎന്നജാതിക്കാരുടെ കൈവശമായിരുന്നു. ഏറെനാൾ യൂദന്മാരും ഫ്ലിലീസ്റ്റീൻകാരുമായി ശണ്ഠ നടന്ന കഥ ബൈബിളിൽ പറയുന്നുണ്ടു്.

യൂദന്മാരുടെ ഇടയിൽ വൈദികന്മാരായിരുന്നു ഭരണാധിപന്മാർ. ജനങ്ങളിൽ പെരിയോർകൾ (പ്രമാണികൾ) ഭരണാധിപന്മാരെ തിരഞ്ഞെടുത്തുവന്നു. ഭരണം അത്ര ഫലവത്തല്ലാതെ വരികയാൽ, ബി. സി. ആയിരാമാണ്ടിടയ്ക്കു് സാൾ എന്നൊരാളെ നേതാവാക്കി. അദ്ദേഹം കേമനായിരുന്നു. ഏതെങ്കിലും ഒരു കാലത്തു ഹിബ്രൂജനങ്ങൾക്കു് മേന്മ വന്നിട്ടുണ്ടെങ്കിൽ അതു അദ്ദേഹത്തിൻെറയും പിൻഗാമികളുടെയും ഭരണകാലത്താണു്. ഫിനീഷ്യന്മാരുടെ രാജാവായിരുന്ന ഹീരത്തിനോടു സഖ്യംചെയ്തതുകൊണ്ടാണു് അവക്കു് ഗുണം കിട്ടിയതു്. ദാവീദിൻെറ മകൻ സോലോമൺ ആ സഖ്യത്തെ നിലനിറുത്തി, ഏററവും പ്രസിദ്ധനായി സോലോമണ്ണിനെപ്പോലെ ബുദ്ധിമാൻ ലോകത്തുണ്ടായിട്ടില്ലെന്നു് ഇന്നും പ്രസിദ്ധമാണു്. സാക്ഷാൽ ബൃഹസ്പതിതന്നെയായിട്ടാണു് അദ്ദേഹത്തെ ഗണിച്ചിരുന്നതു്. എങ്കിലും അദ്ദേഹം പ്രതാപത്തിനു വേണ്ടി കണ്ടമാനം ചെലവുചെയ്കയും ജനങ്ങളെ നികുതിഭാരത്താൽ ക്ഷീണിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ കാലത്തു തന്നെ രാജ്യത്തിൽ വടക്കുഭാഗം പിരിഞ്ഞു് ഇസ്രായേൽ എന്നൊരു സ്വാതന്ത്ര്യരാജ്യമായി. അദ്ദേഹത്തിൻെറ പൗൽ-

ക്കാലം ഈജിപ്ററുകാർ യരുശേലംപിടിച്ചുകൊള്ളയിട്ടു.

ഹീബ്രൂജനങ്ങളുടെ പ്രാബല്യം ക്ഷണികമായിരുന്നു. ഹീരംരാജാവു് മരിച്ചതോടുകൂടി അവരുടെ താങ്ങ്പോയി. രാജ്യം രണ്ടായി പിരിഞ്ഞു. ജൂഡിയയും ഇസ്രായേലും രണ്ടു ചെറുരാജ്യങ്ങൾ, പ്രബലങ്ങളായ സാമ്രാജ്യങ്ങളുടെ മദ്ധ്യത്തിൽ കിടന്നു ഞെരുങ്ങി ദീർഘകാലം സങ്കടം അനുഭവിച്ചു. ബി. സി. ൭൨൧-ൽ അസ്സിരിയന്മാർ ഇസ്രായേൽ രാജ്യത്തെ ഭസ്മീകരിച്ച് ജനങ്ങളെ തടവുകാരാക്കി. ബി. സി. ൬൦൮-വരെ നിന്നു ജൂഡിയാരാജ്യം. പിന്നെ അതും ഇസ്രായേലിന്റെ അവസ്ഥയെ പ്രാപിച്ചു. എന്നും കഷ്ടത അനുഭവിച്ച ഒരു ജാതിക്കാരാണ് യൂദന്മാർ. ദൈവം പ്രത്യക്ഷനാകുമെന്നും സ്വർഗ്ഗസാമ്രാജ്യം അവൎക്ക് കിട്ടുമെന്നും ഇന്നും നോക്കിയിരിക്കുന്ന വൎഗ്ഗക്കാരാണ് അവർ.

ഒരു കാലത്ത് സെമററിക്ക് വർഗ്ഗക്കാൎക്ക് ലോകം കീഴടങ്ങിയിരുന്നു. അസ്സിറിയ, ഈജിപ്റ്റ്, ബാബിലൺ, സിറിയ, കാൎത്തേജ്, സ്പെയിൻ, ആഫ്രിക്ക, അറേബ്യ, എന്നുവേണ്ട, അന്ന് അറിവുണ്ടായിരുന്ന നാടുകളെല്ലാം സെമററിക്കുകാരുടെ സ്വാധീനത്തിലിരുന്നു. ഇന്ന് അറേബ്യയിലും സഹാറയിലുമുള്ള സൈകതങ്ങളിൽ സഞ്ചാരികളായി കഴിഞ്ഞുകൂടുന്ന ബദൗൻ വർഗ്ഗക്കാരൊഴികെ ആ വർഗ്ഗത്തിലുൾപ്പെട്ടവരെ കാണണമെങ്കിൽ യൂദന്മാരാണ്. പരാജയപരിപൂർണ്ണവും, സങ്കടസംഭൃതവുമായ ആ വർഗ്ഗക്കാരുടെ പൂർവ്വകാലചരിത്രം ദീർഘകാലജീവിതത്തെ അല്ല നാശത്തേയാണ് ലക്ഷീകരിക്കുന്നത്. എന്നിരുന്നിട്ടും, ഇന്നും അവർ നിലനിൽക്കുന്നതിന്റെ രഹസ്യം എന്തായിരിക്കാമെന്ന് പ്രത്യേകം മനസ്സിലാക്കാനുള്ളതാണ്.

സത്യത്തിൽ യൂദന്മാരെ ഇരുപത്തഞ്ച് ശതവൎഷമായി ജീവിപ്പിച്ചിരുന്നത് മതബോധമാണ്. മററു സെമ-

ററിക്ക് വർഗ്ഗക്കാരെപ്പോലെ ബിംബങ്ങളിലും അമ്പലങ്ങളിലും മാത്രമല്ല അവരുടെ ദൈവത്തിന്റെ അധിവാസം. ധർമ്മവും സത്യവുമാണ് അവരുടെ ദൈവം, ഭൂമിയിലല്ല, സ്വർഗ്ഗത്തിലാണ് ധർമ്മസ്ഥാനം. ധർമ്മദൈവത്തിന്റെ ദാസന്മാരാണ് സിദ്ധന്മാർ. ജ്ഞാനംകൊണ്ടാണ് ധർമ്മം; ധർമ്മംകൊണ്ടാണ് ലോകം നടക്കുന്നത് എന്നുള്ള തത്വബോധമാണ് യൂദന്മാരെ ഇന്നും നില നിറുത്തുന്നത്. ബൈബിളാണ് അവരുടെ വേദം. അതൊന്നുകൊണ്ടുമാത്രമാണ് വിവിധജാതികളായും പല ദേശവാസികളായും ഉള്ള യൂദന്മാർ തമ്മിൽ കെട്ടുപാട് ഉറച്ചു നിൽക്കുന്നത്. വേദപുസ്തകമാണ് അവരുടെ ജീവൻ; രാജാവും രാജ്യവും ഭരണവുമല്ല. യൂദന്മാർക്ക് രാജാവില്ല, രാജ്യമില്ല, നേതാവില്ല; എങ്കിലും അവർ പുലരുകയും ചെയ്യുന്നു. ചരിത്രത്തിൽ ഇതു് ഒരു അത്ഭുതമാണ്. ഹീബ്ര്യൂജനങ്ങൾ അതിയായ സങ്കടങ്ങൾ അനുഭവിച്ചു് ഒരു കാലത്ത് ഭിന്നിച്ച് വശമായപ്പോഴാണ് അവരിൽ സിദ്ധന്മാരുണ്ടായതു്. യൂദചരിത്രത്തിൽ സിദ്ധന്മാർക്ക് ഒരു പ്രധാന സ്ഥാനമുണ്ട്. പല ജാതിയിലുംപ്പെട്ടവരായിരുന്നു സിദ്ധന്മാർ. സിദ്ധൻ എസിക്കീൽ വൈദികരിൽ ഒരാളായിരുന്നു. സിദ്ധൻ ആമോസ് ഒരു തോലാണ്ടി വാനപ്രസ്ഥനായിരുന്നു. സിദ്ധന്മാരെല്ലാം തത്വദർശികളായിരുന്നു. "ദൈവം ഇങ്ങനെ കല്പിച്ചിരിക്കുന്നു" എന്നാണ് എപ്പോഴും അവർ പറഞ്ഞു തുടങ്ങുന്നതു്. മതകാര്യങ്ങൾ മാത്രമല്ല ലൗകികവും സാമുദായികവുമായ സംഗതികളേക്കുറിച്ചും അവർ അനുശാസിച്ചുവന്നു. ഈജിപ്റ്റുകാരോടും അസ്സിറിയന്മാരോടും ബാബിലോണിയന്മാരോടുള്ള വിരോധം അവരുടെ ശാസനകളിൽ സ്ഫുരിച്ചിരുന്നു. സിദ്ധന്മാരുടെ അരുളപ്പാടുകളെല്ലാം കുറിച്ചെടുത്തു യൂദവേദപുസ്തകത്തിൽ കൊള്ളിച്ചിട്ടുണ്ട്. അവയിൽ ഒരു പ്രധാന സംഗതി സ്പഷ്ടമാ-

ണ്. ലോകാതീതനാണ് ദൈവമെന്നും, അതു ധമ്മസ്ഥാനമാണെന്നും, ദൈവം ഒരുകാലത്തു് ലോകത്തിൽ അവതരിച്ച് സത്യത്തേയും ധമ്മത്തേയും നിലനിറുത്തി ജനസാമാന്യത്തിന് ഒട്ടുക്കു് ക്ഷേമം നൽകുമെന്നും ഉള്ള ബോധം യൂദർ മനുഷ്യൎക്കു് ഉണ്ടാക്കിത്തീൎത്തു. ഹിന്ദുക്കളൊഴിച്ച് മററു ജനസമുദായക്കാരൊന്നും അക്കാലത്തു് ധമ്മത്തിനും സത്യത്തിനും ദിവ്യത്വം കല്പിച്ചിരുന്നില്ല. സെമററിക്കു് വൎഗ്ഗങ്ങളിൽ ആ ജ്ഞാനമുദിപ്പിച്ചതു് യൂദന്മാരാണ്. ആ ജ്ഞാനമാണ് മാനുഷോപജ്ഞങ്ങളായ ക്രിസ്തുമതത്തിലും ഇസ്ലാംമതത്തിലും പകൎന്നതു്.

# ആറാം അദ്ധ്യായം

## ഗ്രീക്കുകാർ

ഏഷ്യയിൽനിന്നു് യൂറോപ്പിലേക്കു് നമുക്കു കടക്കാം. സോളമന്റെ ഭരണകാലത്തു് രാജ്യം ജൂഡിയയും ഇസ്രായേലുമായി രണ്ടായി പിരിഞ്ഞു. പിന്നെ ബാബിലോണിയന്മാർ കയറി നശിപ്പിച്ച്, ഹീബ്രൂജനങ്ങൾ ബാബിലോണിൽ തടവുകാരായി കിടന്നു് പുതുപരിഷ്കാരം ഏറ്ററകാലത്തു്, ആൎയ്യവൎഗ്ഗത്തിലുൾപ്പെട്ട ഒരു ക്രൂരകാർ, ഗ്രീസ്സും സമീപത്തുള്ള ദ്വീപങ്ങളും കുടിയേറി. ഈജിയൻവൎഗ്ഗക്കാരെ നശിപ്പിച്ച്, ഒരു നവീനസംസ്കാരം സൃഷ്ടിച്ചു. ഇന്നുള്ള സ്ഥിതിഗതികളും ജീവിതരീതികളും പരിചയിച്ചിരിക്കുന്ന നമുക്കു് പണ്ടത്തെ ഹിന്ദുക്കൾ, ചീനന്മാർ, ഗ്രീക്കുകാർ: ഇവരുടെ കാലത്തു് ഉണ്ടായിരുന്ന കാലക്ഷേപത്തിന്റെ സ്വരൂപം ബോധിക്കാൻ പ്രയാസം. അവർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽനിന്നു് ഏതാണ്ടെല്ലാം ഊഹിക്കാമെന്നേ ഉള്ളു.

ആൎയ്യന്മാർ ഏതുദിക്കിലും ഗീതികഥനനിപുണന്മാരായിരുന്നു. ഭാരതഖണ്ഡത്തിൽ വേദഗാനങ്ങളെക്കൊണ്ടും,

മദ്ധ്യേഷ്യയിൽ സെന്ദവസ്ഥയിലെ ഗാഥകളെക്കൊണ്ടും ഗ്രീസ്സിൽ ഇല്ലിയഡ്സും ഒഡിസ്സിയുമെന്ന പുരാണകഥനങ്ങളെക്കൊണ്ടും, അവർ ശാശ്വതയശസ്സ് സമ്പാദിച്ചിരിക്കുന്നു. തത്വചിന്തയിൽ ആചാര്യന്മാർ ഒരു പ്രത്യേകതയുള്ളവരാണു്. ഇൻഡ്യയിലും ഗ്രീസ്സിലും ഒരുപോലെ ലോകരഹസ്യം അറിയാനുള്ള ആഗ്രഹം പണ്ടേ ഉദിച്ചു് ഏറിയ മഹാന്മാർ തത്വപ്രവചനങ്ങൾ ചെയ്തിട്ടുണ്ടു്. അവ ഇന്നും ലോകത്തിനു് സമ്പാദ്യമായി വിലസുന്നു. ഭാരതഖണ്ഡത്തിലും മദ്ധ്യേഷ്യയിലും ആദികാലത്തു് പഞ്ചായത്തുകളും കരക്കാരും സ്വയംഭരണം നടത്തിവന്നു. എങ്കിലും അചിരേണ പ്രബലന്മാരായ പ്രമാണികളുടെ ആധിപത്യം മുഴുത്തു്, നാട്ടുകളായും, രാജ്യങ്ങളായും, മണ്ഡലങ്ങളായും തീർന്നു്, സാർവ്വഭൗമന്മാരുണ്ടായി. ഗ്രീസ്സിൽ അങ്ങനെ വളരെ നാളത്തേക്കു് ഉണ്ടായില്ല എന്നൊരു വിശേഷമുണ്ടു്. ക്രിസ്തുവിനു് ആയിരം കൊല്ലത്തിനു മുമ്പു് ഗ്രീസ്സിൽ ആര്യന്മാർ പ്രവേശിച്ച നാൾ മുതൽ നഗരഭരണസമ്പ്രദായമാണു് ഏർപ്പെട്ടതു്. ചെറിയ ചെറിയ നഗരങ്ങൾ സ്വയംഭരണം നടത്തിവന്നു. നഗരങ്ങൾ എന്നു കേൾക്കുമ്പോൾ ഇന്നത്തെ ലണ്ടൻ, കൽക്കട്ടാ, ബാംബാ, മദ്രാസ് എന്നപോലെ വലിയ നഗരങ്ങളാണെന്നു തെററിദ്ധരിക്കരുതു്. ഇന്നു കാണുന്ന ഗ്രാമങ്ങളും കരകളുംപോലെ ചെറിയ ചെറിയ പ്രദേശങ്ങൾ ഏതാനും ജനങ്ങളാൽ അധ്യുഷിതങ്ങളായിരുന്നു അന്നത്തെ നഗരങ്ങൾ. ഓരോ നഗരവും സ്വതന്ത്രമായിരുന്നു. ഓരോ നഗരത്തിനു ചുററും കോട്ടകൾ ഉണ്ടായിരുന്നു. കോട്ടയ്ക്കു് ഉള്ളിൽ ഗ്രാമങ്ങളായി കുടിപാർപ്പും, കൃഷിസ്ഥലങ്ങളും, ദേവാലയങ്ങളും, ഭരണാധികാരികളും ഉണ്ടായിരുന്നു. ഭരണാധികാരം പ്രമാണികളായ ജനങ്ങളുടെ 'കൂട്ട'ത്തിനായിരുന്നു. ആദ്യമായി ജനസമുദായരാജ്യഭരണസമ്പ്രദായത്തിനു് വഴി കാണിച്ചതു് ഗ്രീക്കുകാ-

രാണ്. എല്ലാ പ്രജകൾക്കും നഗരക്കൂട്ടത്തിൽ സ്ഥാനമില്ലായിരുന്നു. പ്രമാണികൾക്ക മാത്രമേ അതു് ഉണ്ടായിരുന്നുള്ളു എങ്കിലും ഈ പ്രമാണികൾക്ക് രാജസ്ഥാനം കല്പിച്ചിരുന്നില്ല. ഈജിപ്റ്റിലും മദ്ധ്യേഷ്യയിലും ഇൻഡ്യയിലും ഉണ്ടായിരുന്നതുപോലെ അവക്ക ദിവ്യത്വവും മതാദ്ധ്യക്ഷവുമുണ്ടായിരുന്നില്ല. ഓരോ നഗരത്തിലും കുറേ പ്രമാണികളും, അനവധി ദാസന്മാരും, അടിമകളും ഉണ്ടായിരുന്നു. ഇവരിൽ പ്രമാണികളെ മാത്രമേ പൗരന്മാരായി ഗണിച്ചിരുന്നുള്ളു. പൗരസംഘത്തിൽ അവക്ക മാത്രമേ പ്രവേശവും വോട്ടവകാശവും ഉണ്ടായിരുന്നുള്ളു. ഈ മാതിരി ആയിരുന്ന ആത്തൻസ് സ്പാർട്ട, തീബ്സ് സാമോസ്, മിലിററസ്, മുതലായി ഗ്രീക്കചരിത്രത്തിൽ സുപ്രസിദ്ധങ്ങളായ നഗരങ്ങൾ ഉദിച്ചതു്. പ്രജകളിൽ സ്വാതന്ത്ര്യബോധമുദിപ്പിച്ചു് നഗരങ്ങൾക്ക് ഒരു പ്രത്യേകവ്യക്തിത്വം സൃഷ്ടിച്ചതു് ഗ്രീക്കകാരാണ്. ലോകചരിത്രത്തിൽ അതൊരു പ്രധാന സംഗതിയാകുന്നു.

ഈ സ്വതന്ത്രനഗരങ്ങൾ തമ്മിൽ എന്നും മത്സരങ്ങളും കലഹങ്ങളും ഉണ്ടായിരുന്നെങ്കിലും, രണ്ടു് അവസരങ്ങളിൽ മാത്രം അവർ ഒത്തൊരുമയെ വ്യക്തമാക്കി. പുറമേ നിന്നു ശത്രു ആക്രമിക്കുന്ന കാലത്തു്, നാലുകൊല്ലത്തിലൊരിക്കൽ ഒലിമ്പസ് പവ്വതസാനുക്കളിൽ വച്ചു നടത്തിവന്ന കായികാഭ്യാസമഹോത്സവകാലത്തും ഗ്രീക്ക നഗരങ്ങളെല്ലാം ഒന്നിച്ചു ചേൎന്നുവന്നു, ഭാഷ, മതം, ബുദ്ധിസംസ്കാരം, ദൈവങ്ങൾ, പുരാണങ്ങൾ, ഐതിഹ്യങ്ങൾ, എന്നു തുടങ്ങി പല കൂട്ടംകൊണ്ടും ഗ്രീക്കനഗരങ്ങൾക്ക് സാമ്യമുണ്ടായിരുന്നു. ഇക്കാലത്തു് ഒളിമ്പിക്ക് മത്സരക്കളികൾ നടന്നുവരുന്നതു് പണ്ടു ഗ്രീക്കകാർ നടത്തിവന്നതിന്റെ അനുകരണമാകുന്നു.

ഇന്നു് കാണുന്ന വെള്ളക്കാരുടെ പരിഷ്കാരത്തിനു കാൽ നാട്ടിയതു് ഗ്രീക്കകാരാണ്. അവരുടെ ഭാഷയും

വേഷവും, കാവ്യങ്ങളും, കലകളും, കഥകളും, പുരാണങ്ങളും എല്ലാം കാലോചിതങ്ങളായ സംസ്കാരങ്ങളോടുകൂടി ഇന്നും വിളങ്ങുന്നു. സുന്ദരതത്വബോധം യൂറോപ്പിൽ അവരാണ് ഉദിപ്പിച്ചതു്. അവർ നിർമ്മിച്ചിട്ടുള്ള ബിംബങ്ങളും രൂപങ്ങളും ഇന്നും ലോകാത്ഭുതങ്ങളാകുന്നു. അവയുടെ രാമണീയകം മറികടക്കാൻ ഇന്നും ആർക്കും സാധിച്ചിട്ടില്ല. അവയെ കണ്ടു മതിമയങ്ങാത്തവരാരുമില്ല. അതുപോലെ, ഗ്രീക്കുകാവ്യങ്ങളുടെ ആസ്വാദ്യതയോട് ഹിന്ദുക്കളുടെ ഗീർവ്വാണകവനങ്ങൾക്ക് മാത്രമേ ഒപ്പം നേടാൻ സാധിച്ചിട്ടുള്ളു. ഇത്ര നിർമ്മലന്മാരായി പാശ്ചാത്യലോകത്തിന് പുതുവെളിച്ചം കാട്ടികൊടുത്ത ജനസമുദായത്തിന് ഏഷ്യായിലെ പാരസീകജനങ്ങളുടെ സംസർഗ്ഗമുണ്ടായപ്പോൾ വന്ന ഭേദഗതികളെ അടുത്ത മറെറാരു അദ്ധ്യായത്തിൽ വിവരിക്കാം.

---

# ഏഴാം അദ്ധ്യായം

---

## ഭാരതഖണ്ഡത്തിലെ ആര്യസമുദായം

യൂറോപ്പിൽ ഗ്രീക്കുകാരെ ഒഴിച്ചു് മറെറാരുത്തരേയുംപററി പുരാണകാലത്തു് ഗണിച്ചിട്ടാവശ്യമില്ല. അയുതവർഷങ്ങൾക്കു മുമ്പു്, യൂറോപ്പിന്റേയും ഏഷ്യയുടേയും ഉത്തരഭാഗങ്ങൾ ഹിമാനികളാൽ ആക്രാന്തങ്ങളായി വാസയോഗ്യങ്ങളല്ലായിരുന്നു. അക്കാലത്തിന് 'ഹിമാനിഘട്ടം' എന്നാണ് ശാസ്ത്രജ്ഞന്മാർ പേരിട്ടിരിക്കുന്നതു്. യൂറോപ്പിൽ മദ്ധ്യപ്രദേശങ്ങളും ഇംഗ്ലണ്ടുമെല്ലാം ഹിമംകൊണ്ടു മൂടപ്പെട്ടിരുന്നു. പിന്നീട് ഉഷ്ണവായുപ്രചാരം വന്ന് മഞ്ഞു് ഉരുകിയപ്പോൾ മഹാവനങ്ങൾ ഉണ്ടായി. അവിടെ കാട്ടാളവർഗ്ഗക്കാർ ഉപജീവിച്ചിരുന്നു. ആര്യവർഗ്ഗക്കാർ യൂറോപ്പിൽ കടന്ന് ഗ്രീക്കുസംസ്കാരമുദിച്ചപ്പോൾ യൂറോപ്പിന്റെ മദ്ധ്യഭാഗത്തു് പാർത്തുവന്ന കാട്ടുവർഗ്ഗങ്ങളെ

രാക്ഷസപാഖണ്ഡരായി ഗണിച്ചുവന്നു. എങ്കിലും, ആ കാട്ടാളവൎഗ്ഗങ്ങൾ അനന്തരകാലങ്ങളിൽ അവരെ ധ്വംസിച്ചു് നവീനസാമ്രാജ്യങ്ങൾ സൃഷ്ടിച്ചു. കൊളംബസ്സാണു് അമേരിക്ക കണ്ടുപിടിച്ചതു്. എന്നു പറയാറുണ്ടല്ലോ. എങ്കിലും അതിനു് എത്രയോമുമ്പു തന്നെ ആ മഹാഖണ്ഡത്തിൽ ജനങ്ങൾ പരിഷ്കൃതരീതികളെ അവലംബിച്ചിരുന്നു എന്നു് ലക്ഷ്യങ്ങൾ കാണുന്നുണ്ടു്. നാം നിരൂപണം ചെയ്യുന്ന കാലത്തു് അമേരിക്ക ഉണ്ടെന്നു് ആരും അറിഞ്ഞിരുന്നില്ല. ആഫ്രിക്കയും അപ്രകാരം തന്നെ. വടക്കേ അററത്തു് ഈജിപ്തും മധ്യാർണ്ണവതീരങ്ങളിലുള്ള ചില പ്രദേശങ്ങളും മാത്രമേ ജ്ഞാതങ്ങളായിരുന്നുള്ളു. ഏഷ്യാഖണ്ഡത്തിനായിരുന്നു പ്രസിദ്ധി സിദ്ധിച്ചിരുന്നതു്. ഏഷ്യയിൽ അഞ്ചു സംസ്ഥാനങ്ങളാണു് വമ്പിച്ചിരുന്നതു്. മെസോപൊട്ടേമിയ, ഇൻഡ്യാ, ചീന, പാരസീകം, ചിന്നേഷ്യ, ഈ പ്രദേശങ്ങളിൽ സാമ്രാജ്യങ്ങൾ ഉദിക്കയും അസ്തമിക്കയും ചെയ്തുവന്ന കഥ മുൻ അദ്ധ്യായങ്ങളിൽ ഏതാണ്ടുവിവരിച്ചിട്ടുണ്ടല്ലോ. അസ്സീറിയൻ, മീഡിയൻ, ബാബിലോണിയൻ, പർസ്യൻ, എന്നീ സാമ്രാജ്യങ്ങൾ തമ്മിൽ കലഹിച്ചു് ഒടുവിൽ യാദവന്മാരെപ്പോലെ നാമാവശേഷങ്ങളായി. ഗ്രീസിലുണ്ടായ നഗരസംസ്ഥാനങ്ങളും ഏഷ്യയിലെ സാമ്രാജ്യങ്ങളും തമ്മിൽ അക്കാലത്തു വളരെ അന്തരമുണ്ടായിരുന്നു. ഏഷ്യയിൽ സംസ്ഥാനങ്ങൾ ചേൎന്നു് സാമ്രാജ്യങ്ങളുണ്ടായി ക്രമേണ നശിച്ചു. ഗ്രീസ്സിൽ നഗരസംസ്ഥാനങ്ങൾ നിലനിന്നു. ക്രീസസ് എന്ന മഹാധനികനായ ഒരു രാജാവു് ചിന്നേഷ്യയിലുണ്ടായതും അദ്ദേഹത്തെ വൈശ്രവണൻെറ അവതാരമെന്നപോലെ ഇന്നും ഗണിച്ചുവരുന്നതും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ക്രീസസ്സിൻെറ ഭരണകാലത്തു് സൈറസ് എന്ന രാജാവു് പാരസീകസാമ്രാജ്യത്തെ പ്രബലപ്പെടുത്തി. ഒടുവിൽ-

ആ വൈശ്രവണനെ അദ്ദേഹം തോല്പിച്ചതും മററും ഗ്രീക്കചരിത്രകാരനായ ഹെറോഡോട്ടസ് വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്.

സൈറസ്സിൻെറ സാമ്രാജ്യം വളൎന്ന് ഇൻഡ്യയിൽ സിന്ധുതീരംവരെ വ്യാപിച്ചത്, അദ്ദേഹത്തിന്റെ പിൻവാഴ്ച്ചക്കാരനായ ഡെറയസ്സിൻെറ കാലത്തായിരുന്നു. അക്കാലത്ത് സിന്ധുനദിയിൽക്കൂടി ഒലിച്ചുവന്ന കനകപ്പൊടിയായിരുന്നുവത്രേ ഡെറയസ്സിന്ന് കപ്പം കൊടുത്തുവന്നത്. ഇന്ന് സിന്ധുനദീസംഗമസ്ഥലത്ത് സ്വൎണ്ണം ഒട്ടും കാണ്മാനില്ല. അവിടം കേവലം ഒരു മരുപ്രദേശമായിരിക്കുന്നു. കാലാവസ്ഥയുടെ ഭേദം എത്ര വന്നുപോയി! അതുപോലെ മദ്ധ്യേഷ്യാപ്രദേശങ്ങൾ അന്നു മഹാരാജ്യങ്ങളുടേയും, ധീരരും കേമന്മാരും ആയ ജനങ്ങളുടേയും സ്ഥാനമായിരുന്നു. ബോംബെ, കൽക്കട്ട തുടങ്ങിയ ഇദാനീന്തനനഗരങ്ങളോടൊപ്പം വലിപ്പവും ജനബാഹുല്യവും ഉണ്ടായിരുന്നസമരഖണ്ഡം, ബൊഖാറാ, മുതലായ വൻപത്തനങ്ങളാൽ അവിടം അലംകൃതമായിരുന്നു. പറമ്പുകളും നിലങ്ങളും ഉദ്യാനങ്ങളുംകൊണ്ട് രമണീയവും സുഖവാസയോഗ്യവും ആയിരുന്ന ആ പ്രദേശം, ഇന്ന് കേവലം നിർജീവമായ സൈകതങ്ങളാൽ അലങ്കോലപ്പെട്ടിരിക്കുന്നു. കാലഗതിയുടെ വൈലക്ഷണ്യം എത്രമാത്രം ആണെന്നു നോക്കുക!

രണ്ടായിരം മൂവായിരം കൊല്ലങ്ങൾക്കു മുമ്പുള്ള കഥയാണ് ഇപ്പറഞ്ഞതെല്ലാം. ഈജിപ്ത്, ചിന്നേഷ്യ, പെർസിയ, ഗ്രീസ്, മധ്യാൎണ്ണവപ്രദേശങ്ങൾ, ഇവയെ കടന്ന് നമ്മുടെ ഭാരതഭൂമിയെ ലക്ഷീകരിക്കാം. അവിടെ പ്രവേശിച്ച ആൎയ്യന്മാർ ചരിത്രം ഒന്നും എഴുതീട്ടില്ല. വേദങ്ങൾ, ഉപനിഷത്തുകൾ, രാമായണം ഭാരതം മുതലായ പുരാണഗ്രന്ഥങ്ങൾ, എന്നിവയെ നിൎമ്മിച്ച അവർ കേമന്മാരായിരുന്നു എന്നുള്ളത് ആരും വിസമ്മതിക്ക-

യില്ല. ഇവയിൽനിന്നുവേണം അക്കാലത്ത് അവക്ക് ഉണ്ടായിരുന്ന ആചാരങ്ങളും നടപടികളും മനസ്സിലാക്കാൻ. അവയെ ചരിത്രമെന്നു പറയാമോ എന്നു സംശയമാണ്. കാശ്മീരരാജാക്കന്മാരുടെ ഒരു ചരിത്രാവലി „രാജതരംഗിണി" എന്നൊരു ഗ്രന്ഥം മാത്രം കല്ഹണകവി എഴുതിയിട്ടുണ്ട്. അതൊന്നു മാത്രമേ ചരിത്രഗ്രന്ഥമായിട്ടുള്ളു.

ആര്യന്മാർ പ്രവേശിച്ച കാലത്തുപോലും ഇൻഡ്യാ അപരിഷ്കൃതജനങ്ങളാൽ അധ്യൂഷിതമായിരുന്നില്ലെന്ന് മോഹൻജോദാരോവിൽനിന്ന് ഈയിടെ കുഴിച്ചെടുത്തിട്ടുള്ള ലക്ഷ്യങ്ങൾ സാക്ഷീകരിക്കുന്നു. എന്നുമാത്രമല്ല, ദ്രാവിഡന്മാർ മഹത്തായ പരിഷ്കാരം തെന്നിൻഡ്യയിലും ഉത്തരഇൻഡ്യയിലും സ്ഥാപിച്ചിരുന്നു. ദ്രാവിഡഭാഷ സംസ്കൃതഭിന്നയാണ്. അതിൽ നല്ല നല്ല കവനങ്ങൾ ഉണ്ട്. തമിഴ്, തെലുങ്ക്, കൎണ്ണാടകം, മലയാളം എന്നുള്ള ദ്രാവിഡ ഭാഷകൾ, സംസ്കൃതസന്താനങ്ങളായ ഹിന്ദി, ബംഗാളി, ഗുജറാത്തി, മറാത്തി, മഹാരാഷ്ട്രി എന്നീ ഭാഷകളെപ്പോലെ ഇന്നും പ്രചരിക്കുന്നുണ്ട്. ഉർദ്ദു ഹിന്ദിയുടെ വകഭേദമാണ്. അതും ഹിന്ദിയും ചേൎന്നതാണ് ഹിന്ദുസ്ഥാനി. ഉറിയാഭാഷയും അപ്രകാരംതന്നെ മൂലഭാഷയുടെ ദേശീയഭേദങ്ങളാണിവയെല്ലാം. ഇൻഡ്യയിൽ നടപ്പുള്ള പ്രധാന ഭാഷകൾ പത്താണ്; ഹിന്ദുസ്ഥാനി, ബങ്കാളി, ഗുജറാത്തി, തമിഴ്, തെലുങ്ക്, കൎണ്ണാടകം, മലയാളം, ഉറിയാ, ആസ്സാമീസ്, ഇവയിൽ ഉത്തരഇൻഡ്യയിൽ പതിമ്മൂന്നുകോടി ജനങ്ങളോളം ഹിന്ദുസ്ഥാനിയോ അതിന്റെ ഉപഭാഷകളോ സംസാരിക്കുന്നവരാണ്. മററുള്ള ഭാഷകൾ അല്പപ്രദേശങ്ങളിൽ മാത്രമേ പ്രചരിക്കുന്നുള്ളു. അതുകൊണ്ട് ഹിന്ദുസ്ഥാനിക്ക് ഭാരതീയഭാഷയായിത്തീരാനുള്ള മാഹാത്മ്യം ഉണ്ടെന്ന് പറയപ്പെടുന്നു. തെന്നിൻഡ്യയിലൊഴിച്ച് എവിടെച്ചെന്നാലും

ഹിന്ദുസ്ഥാനിഭാഷ കേൾക്കാം. പക്ഷേ, ഒരു സംഗതി ഓർമ്മിക്കണം. ഏതു സംസ്ഥാനത്തിനും ഉണർച്ചയും ഉയർച്ചയും വരണമെങ്കിൽ സ്വഭാഷയിൽക്കൂടി അല്ലാതെ വരാൻ തരമില്ല. വാസനാമയമായ കവനവും അതിലേ ഉണ്ടാവൂ. ചിററമ്മ എത്ര ചമഞ്ഞാലും പെററമ്മയാകയില്ലല്ലോ.

ചരിത്രം പറയാൻ തുടങ്ങി ഭാഷയിലവസാനിച്ചു. അതു് നിൽക്കട്ടെ; ചരിത്രത്തിലേക്കു കടക്കാം. ഇന്നു് അഫ്ഘനസ്ഥാനമെന്നു് പേരു പറയപ്പെടുന്ന സ്വതന്ത്രരാജ്യം, പണ്ടു ഭാരതഖണ്ഡത്തിൻെറ വടക്കുപടിഞ്ഞാറുണ്ടായിരുന്ന ഗാന്ധാരരാജ്യമായിരുന്നു. ഋഗ്വേദത്തിൽപോലും അവിടെയുള്ള നദികളെപ്പററി നിർദ്ദേശിച്ചിട്ടുണ്ടു്. സിന്ധു, ഗംഗ എന്നീ വൻപുഴകളുടെ തീരങ്ങളിലാണു് ആദ്യമായി ആര്യന്മാർ കുടിപാർത്തതു്. അവർ ഗൃഹനിർമ്മാണത്തിൽ സമർത്ഥന്മാരായതു്, മധ്യേഷ്യയിൽക്കൂടി കടന്നപ്പോൾ അവിടെ പ്രശോഭിച്ചിരുന്ന മഹാനഗരങ്ങളെ കണ്ടു പഠിച്ചിട്ടാവാം. ആദ്യം ആര്യാവർത്തം എന്നു പറയപ്പെടുന്ന പ്രദേശത്തു്, അതായതു് ഹിമവാൻെറയും വിന്ധ്യൻെറയും ഇടയ്ക്കു കിടക്കുന്ന പ്രദേശത്തു് അവർ വ്യാപിച്ചു. ദക്ഷിണഖണ്ഡം അന്നു് മഹാവനമായിരുന്നു. രാമായണപ്രസിദ്ധമായ ദണ്ഡകാരണ്യം മുതലായ അരണ്യാനികളിൽ മഹാരാക്ഷസന്മാർ വസിച്ചുവന്നതായി അവർ ഗണിച്ചു. ക്രമേണ അവർ ദക്ഷിണദേശത്തേക്കു കടന്നു് ആര്യസംസ്കാരത്തെ പരത്തി. അഗസ്ത്യമഹർഷിയാണു് ആദ്യമായി തെന്നിൻഡ്യയ്ക്കു കടന്നതു് എന്നാണു് ഐതിഹ്യം. ഏതായാലും ആന്ധ്രന്മാരാണു് ആദ്യമായി ഉതക്കൻനാട്ടിൽ ആര്യമതം സ്വീകരിച്ചതു്. അവർ മററുള്ള ദ്രാവിഡവർഗ്ഗങ്ങളേയുംക്രമേണ അതിലേക്കുവശീകരിച്ചു. കേരളദേശീയർക്കും ആന്ധ്രന്മാർക്കും പല വിഷയത്തിൽ സാ-

മ്യമുണ്ടെന്നു് സൂക്ഷ്മം നോക്കുന്നവൎക്ക് അറിയാം. ഇൻഡ്യയും മററു രാജ്യങ്ങളും തമ്മിൽ ധാരാളം വ്യാപാരം പണ്ടു നടന്നിരുന്നു. മലയാളത്തുള്ള കുരുമുളക്, ഏലം, മുത്ത്, തേക്ക് മുതലായ സാധനങ്ങൾ ബാബിലോണിയയിലെ രാജസദനങ്ങളെ അലങ്കരിച്ചിരുന്നു. അറേബ്യ, ഈജിപ്ത്, സിലോൺ, മലാക്ക, ജാവ മുതലായ ദ്വീപങ്ങൾ, ഗ്രീസ് എന്നീ സ്ഥലങ്ങളിൽ ഭാരതഭൂമിയിലുള്ള തടികളും, സ്വൎണ്ണവും, നെല്ലും ധാന്യങ്ങളും, മററു സാധനങ്ങളും, കച്ചോടം നടത്തിവന്നതായി റിക്കാർട്ടുകൾ ഉണ്ട്.

ആൎയ്യന്മാർ ഭാരതഭൂമിയിൽ സൃഷ്ടിച്ച ഗ്രാമപഞ്ചായത്തുകൾ വാസ്തവത്തിൽ ദ്രാവിഡരുടെ കൂട്ടങ്ങളെ കണ്ടു പഠിച്ച് പരിഷ്കരിച്ചവരായിരിക്കണം. ഗ്രാമപഞ്ചായത്തുകൾ സ്വാതന്ത്ര്യഭരണത്തിന്റെ അധിഷ്ഠാനമാകുന്നു. ഏതാനും ഗ്രാമങ്ങളും പുരങ്ങളും ഒന്നിച്ച് ഒരു പ്രമാണിയുടെ കീഴിൽ ചേൎന്നിരുന്നതായിരുന്നു ഗ്രാമപഞ്ചായത്ത്. ഈ പ്രമാണിക്ക് രാജാവെന്ന സംജ്ഞ കൊടുത്തുവന്നു. രാജാവ് ചിലപ്പോൾ പാരമ്പൎയ്യമുറയ്ക്കും, ചിലപ്പോൾ ജനങ്ങൾ തിരഞ്ഞെടുത്തും ഭരിച്ചുവന്നു. ചിലപ്പോൾ പല പഞ്ചായത്തുകളുംകൂടി സഹകരിച്ച് പൊതുവായി ഉപയോഗമുള്ള പെരുവഴികൾ, സത്രങ്ങൾ, തോട്ടകൾ, കൃഷിക്കുളങ്ങൾ എന്നുള്ളവ ഉണ്ടാക്കിവന്നു. ഗ്രീസിൽ ഉണ്ടായ നഗരഭരണസംവിധാനവും ഭാരതഭൂമിയിൽ ഉണ്ടായ ഗ്രാമപഞ്ചായത്തുകളും രണ്ടും സ്വാതന്ത്ര്യഭരണത്തിന്റെ അടിസ്ഥാനങ്ങളായിരുന്നെങ്കിലും, തമ്മിൽ കുറെ ഭേദമില്ലാതെ ഇരുന്നില്ല. ഭാരതഭൂമിയിൽ ചാതുൎവ്വൎണ്ണ്യം എന്നൊരു ഏർപ്പാടുമൂലം ജനസമുദായം ജാതികളായി പിരിഞ്ഞു് സ്ഥിരപ്പെട്ടു. ഗ്രീസിലാകട്ടെ, പ്രഭുക്കളും, സാമാന്യരും, അടിമകളും എന്നുള്ള വ്യത്യാസം ഉണ്ടായിരുന്നതു്, കാലക്രമേണ മാഞ്ഞുപോയി,

രാഷ്ട്രീയബോധം ഉദിച്ചു് ഏകത്വത്തെപ്രാപിച്ചു. രാജാവിന്റെ സ്വാതന്ത്ര്യാധികാരം ആൎയ്യധൎമ്മങ്ങളാലും ആചാരങ്ങളാലും നിയമിതങ്ങളായിരുന്നു. അവയെ ഉല്ലംഘിക്കുന്ന രാജാക്കളെ സ്ഥാനഭ്രഷ്ടരാക്കാനും പിഴ തീർപ്പിക്കാനും പഞ്ചായത്തുകൾക്കു് ശക്തി ഉണ്ടായിരുന്നു. ആൎയ്യന്മാർ തൊഴിലാളികളെ ഭരണാധികാരികളാക്കിയില്ല. എങ്കിലും, അവരെ തീരെ തള്ളിക്കളഞ്ഞില്ല. സാധാരണയായി ക്ഷത്രിയരായിരുന്നു രാജാധികാരംവഹിച്ചതു്. എങ്കിലും ശൂദ്രരേയും അതിനു കീഴിലുള്ളവരേയും ചിലപ്പോൾ രാജാക്കളായി വാഴിച്ചിട്ടുണ്ടു്. വീരവും ശക്തിയും ഉണ്ടായിരുന്നാൽ ചണ്ഡാലനും നാടു വാഴാമായിരുന്നു. ഏറിയനാൾ ചെന്നതിനു മേലാണു്, ജാതികൾക്കു് സങ്കരം പാടില്ലെന്നും, ജന്മംകൊണ്ടു് ജാതി എന്നും, അവ്യഭിചാരേണ സ്ഥിരപ്പെട്ടതു്. ആൎയ്യന്മാർ ഒരുത്തരും അടിമകൾ അല്ലെന്നുള്ള പൂൎവ്വവിശ്വാസം വിട്ടതുമുതൽ ഭാരതീയൎക്കു് ഗ്ലാനി തുടങ്ങി.

ആൎയ്യവൎഗ്ഗക്കാരുടെ കുടിപാർപ്പുകളും ഗ്രാമങ്ങളും പട്ടണങ്ങളും ഒരു പ്ലാൻ അനുസരിച്ചു് വളൎന്നിട്ടുള്ളതായി കാണാം. ക്ഷേത്രഗണിതപ്രകാരമുള്ള വൃത്തങ്ങളും കോണങ്ങളും ചതുരശ്രങ്ങളും അനുസരിച്ചുള്ള രൂപങ്ങളെ അവ അനുകരിച്ചു. വൈദികകാൎയ്യങ്ങൾക്ക യാഗശാല ഉണ്ടാക്കുന്നതും, പത്മങ്ങൾ ഇടുന്നതും, കോലങ്ങൾ വരയ്ക്കുന്നതും, ക്ഷേത്രഗണിതരൂപങ്ങളിലാണു്. തച്ചുശാസ്ത്രം ക്ഷേത്രഗണിതോപജ്ഞമാകുന്നു. പഴയ ആൎയ്യഗ്രാമങ്ങൾ ഒരു മാതിരി സുരക്ഷിതങ്ങളായ പടവീടുകളായിരുന്നിരിക്കാം. എപ്പോഴും ശത്രുബാധ തടുക്കാനുള്ള മട്ടിലായിരുന്നു ആലയനിൎമ്മാണം. അതിനു് അനുസരിച്ചു്, ചതുരശ്രാകൃതിയിൽ ചുററും കോട്ടയും നാലു പ്രധാന ദ്വാരങ്ങളും, നാലു് അവാന്തരവിനിൎഗ്ഗമനമാൎഗ്ഗങ്ങളും ആയിട്ടാണു് ഗ്രാമങ്ങൾ സ്ഥാപിതങ്ങളായതു്. കോട്ടയ്ക്കു്

ഉള്ളിൽ വീഥികളും അവയെതൊട്ടു വീടുകളും പണിഞ്ഞു വന്നു. ഒരു ഗ്രാമത്തിന്റെ മദ്ധ്യത്തായിരുന്നു പഞ്ചായത്തു ഗൃഹം, അഥവാ ആൽത്തറ; പിന്നീട് അതു് അമ്പലമായി. ആണ്ടുതോറും ഗ്രാമജനങ്ങൾ കൂടി പഞ്ചായത്തുകാരെ തിരഞ്ഞെടുത്തുവന്നു. പരദേശത്തുണ്ടായിരുന്ന ഈ നടപ്പ് കേരളത്തു് അല്പം ഭേദപ്പെട്ടുകാണാം. അവിടെ ഗ്രാമവീഥിക്കു പകരം ഒററയൊററയായി വീടുകളും തറകളും പറമ്പുകളുമാണെങ്കിലും, മദ്ധ്യസ്ഥലം ദേവാലയം തന്നെയാകുന്നു. പല യോഗ്യന്മാരും ഗ്രാമവാസം വിട്ടു് വാനപ്രസ്ഥന്മാരായി ആശ്രമങ്ങളിൽതാമസിച്ചു് ധ്യാനനിഷ്ഠകളെക്കൊണ്ടും പരീക്ഷണങ്ങൾ ചെയ്തും ജ്ഞാനം സമ്പാദിച്ചു വന്നു. ഋഷീശ്വരന്മാരുടെ ശിഷ്യരായി പലരും പാത്തു് വിദ്യ അഭ്യസിച്ചു. ഇങ്ങനെ അനവധി ആശ്രമങ്ങളുണ്ടായവ എല്ലാം, ഓരോ വിഷയങ്ങളിൽ പ്രാവീണ്യം സമ്പാദിച്ച യതിവര്യന്മാരായ കുലപതികളുടെ അധിഷ്ഠാനങ്ങളായിരുന്നു. ദൂരദേശങ്ങളിൽ നിന്നു് പലരും വന്നു് അന്തേവാസികളായി താമസിച്ചുപഠിച്ച കലാശാലകളായിരുന്നു എന്നു വേണം അവയെ പറയാൻ. കണ്വാശ്രമം, ഭരദ്വാജാശ്രമം, അഗസ്ത്യാശ്രമം, വിശ്വാമിത്രാശ്രമം, എന്നിങ്ങനെ പുരാണേതിഹാസങ്ങളിൽ പ്രസിദ്ധങ്ങളായുള്ള ആശ്രമങ്ങളെല്ലാം ഓരോ മഹാവിദ്യാലയങ്ങളായിരുന്നു. എല്ലാ ശാസ്ത്രങ്ങളിലും തന്ത്രങ്ങളിലും മന്ത്രങ്ങളിലും ഗൂഢതത്വങ്ങളെ ഈ യോഗീന്ദ്രന്മാർ മനസ്സിലാക്കി ശിഷ്യരെ അഭ്യസിപ്പിച്ചു. യുദ്ധപരിശീലനംപോലും അവർ നടത്തി വന്നു എന്നു്, ദ്രോണാചാര്യരുടേയും മററും കഥകൊണ്ടു് നമുക്കറിയാം; ശ്രീരാമനുപോലും അസ്ത്രോപദേശം സിദ്ധിച്ചതു് വിശ്വാമിത്രനിൽ നിന്നാണല്ലോ.

ആ പുരാതനകാലം ആര്യന്മാരുടെ ശുക്രദശയായിരുന്നു. ആര്യഭരണത്തിൽ അനേകം സംസ്ഥാനങ്ങളുണ്ടാ-

യിരുന്നു. മഗധരാജ്യം, വിദേഹരാജ്യം, കാശിരാജ്യം, കോസലരാജ്യം, പാഞ്ചാലരാജ്യം എന്നിങ്ങനെ പേരുകേട്ട രാജ്യങ്ങളും, മധുര, കന്യാകുബ്ജം, ഉജ്ജയിനി, അയോധ്യ, പാടലീപുത്രം മുതലായ പ്രസിദ്ധ പട്ടണങ്ങളും അക്കാലത്തു് ശോഭിച്ചിരുന്നു. പാടലീപുത്രത്തിനു സമീപം വൈശാലി എന്നൊരു നഗരമുണ്ടായിരുന്നു. അവിടെ ലിഛവികൾ എന്നൊരു വർഗ്ഗക്കാരായിരുന്നു അധിവസിച്ചിരുന്നതു്. അവർ ജനസമുദായഭരണരീതിയെ അനുഷ്ഠിച്ചിരുന്നു.

---

## എട്ടാം അദ്ധ്യായം

---

### ചീനസംസ്ഥാനം

ഇൻഡ്യയിൽനിന്നു് നമുക്കു അടുത്തു വടക്കേ സംസ്ഥാനമായ ചീനത്തേക്കു കടക്കാം. ആര്യവർഗ്ഗക്കാരല്ല അവിടെ പാർക്കുന്നതു്. അവിടെയും കിഴക്കൻ ഏഷ്യയിലുള്ള ജപ്പാൻ, കൊറിയ, ഇൻഡോചീന, സയാം, ബർമ്മ ഈ രാജ്യങ്ങളിലും മംഗോളിയൻവർഗ്ഗക്കാർ അധിവസിക്കുന്നു. കൃഷിയും കന്നുകാലിവളർത്തലും അവർക്കു പരിചിതമായിരുന്നു. നല്ല വീടുകൾ പണിഞ്ഞു് സുഖമായി പാർക്കുന്ന കൃഷീവലന്മാരായിരുന്നു അവർ. അവർ മദ്ധ്യേഷ്യയിൽനിന്നു പുറപ്പെട്ടു്, ആദ്യമായി മഞ്ഞനദി എന്നു പേർ പറയുന്ന ഹോയാങ്ഹൊ നദീതീരത്തു് കുടി ഉറപ്പിച്ചു; അവിടം പിടിച്ചു് ക്രമേണ ഒരു രാജ്യമാക്കി അനേക ശതവർഷകാലത്തേക്കു് അവർ അവിടെനിന്നു് ചീനത്തുള്ള മററു പ്രദേശങ്ങളിൽ കടന്നു്, സ്വന്തതൊഴിലുകളും പരിഷ്കാരവും പരത്തി. ചീനക്കാര മിക്കവാറും കൃഷിക്കാരാണു്. അവരുടെ പ്രമാണികൾ കുലപതികളായി വാണു. നാലായിരം വർഷം മുമ്പിൽ യാവോ എ-

ന്നൊരു ചക്രവർത്തി അവൎക്കുണ്ടായിരുന്നത്രെ. ചക്രവർത്തി എന്നു കേൾക്കുമ്പോൾ ഇന്ന് ആ സംജ്ഞവഹിക്കുന്നവരെപ്പോലെ കേമത്തമുള്ള ആളായിരുന്നു എന്ന് തെററിദ്ധരിക്കരുത്. ഈജിപ്ററിലും മെസപ്പോട്ടേമിയയിലും ഉണ്ടായിരുന്നതുപോലെയുള്ള ആളല്ലായിരുന്നു അന്നത്തെ ചീനാചക്രവർത്തി. കേവലം കുലപതി മൂത്ത ആൾ എന്ന് ധരിച്ചാൽ മതി.

ചീനന്മാർ ഏറിയകാലം അങ്ങനെ കൃഷിക്കാരായി കഴിഞ്ഞു. പല പ്രദേശങ്ങളിൽ കുടിയേറി പാർത്തുവെങ്കിലും ഒരു കേന്ദ്രഭരണസംസ്ഥാപനം അവൎക്ക് അന്ന് ഇല്ലായിരുന്നു. ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രമാണി ആയിരുന്നു രാജാവ്. യാവോചക്രവർത്തിയുടെമക്കളോ മരുമക്കളോ അല്ല അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാരായിത്തീർന്നത് പിന്നീടുണ്ടായിരുന്നവരിൽ ഏററവും കെൽപുള്ള ആളെ ജനങ്ങൾ തിരഞ്ഞെടുത്തു വന്നു. ക്രമേണ ഈ ഏൎപ്പാട് ലുപ്തമായി, പിൻതുടച്ചാവകാശസമ്പ്രദായം നടപ്പായി. ഹിസിയാവംശക്കാർ നാനൂറുകൊല്ലം ഭരണ കർത്താക്കളായിരുന്നു. ഒടുവിലത്തെഹിസിയാവംശക്കാരൻ മഹാദുഷ്ടനായിരുന്നതിനാൽ കലാപമുണ്ടായി. ‘ഷാങ്ങ്’ എന്നും ‘ഇൻ’ എന്നും പേരുള്ള വംശക്കാർ രാജ്യഭരണം കയ്യേററു. ആ വംശക്കാർ അറുനൂററിഅമ്പതു വർഷം രാജ്യം ഭരിച്ചുത്രെ.

ഇങ്ങനെ അഞ്ഞൂറും അറുനൂറും എണ്ണൂറും വർഷ കാലങ്ങളിലെ കഥകളെല്ലാം വിസ്തരിച്ചു പറയാൻ എത്ര മഹാഭാരതംകൊണ്ടും സാദ്ധ്യമല്ല. എങ്കിലും ചരിത്രം ഇങ്ങനെ ആയിരവർഷക്കണക്കിലാണ് വളരുന്നത്. അതിനിടെ എത്ര തലമുറകൾ കഴിയുന്നു, രാജ്യങ്ങൾ തുലയുന്നു ജനിക്കുന്നു, എത്ര കേമന്മാർഉണ്ടാകുന്നു ക്ഷയിക്കുന്നു, നടപ്പുകൾക്കും ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും എന്തു ഭേദം വരുന്നു! ഇതെല്ലാം ആലോചിച്ചാൽ

അത്യത്ഭുതമായി തോന്നും. ചീനന്മാരുടെ ചരിത്രവും വികാസവും ഇപ്രകാരം ഒരു അത്യൽഭുതകഥയാണ്. സാധാരണയുള്ള കാലമാനമൊന്നും പോര, അവരുടെ വിഷയത്തിൽ ആയിരത്തിഎണ്ണൂറുകൊല്ലംകൊണ്ടു് കലാപതിഭരണം പോയി, കേന്ദ്രീകൃതമായി, സുസ്ഥിരമായ ഒരു ഗവൺമെൻറ് അവർക്ക് ഉണ്ടായിത്തീർന്നു. ഇത്ര പുരാതനകാലത്തുതന്നെ ചീനന്മാർക്ക് കൈയ്യെഴുത്ത് വശമായിരുന്നു. നമ്മുടേതുപോലെ അക്ഷരങ്ങളായിട്ടല്ല, ചിത്രങ്ങളായിട്ടാണ് അവരുടെ എഴുത്ത്. ഷാങ്ങ വംശക്കാർ അറുന്നൂററിനാല്പതുവർഷം രാജ്യം ഭരിച്ചു. പിന്നെ ഒരു കലാപമുണ്ടായി, 'ചൌ' വംശക്കാർ കയ്യേറി. അവർ 867 കൊല്ലം ഇരുന്നു. ഈ വംശക്കാരുടെ കാലത്താണ് ചീനന്മാർ പ്രബലന്മാരായി സാമ്രാജ്യഭരണം തുടങ്ങിയതു്. അക്കാലത്താണ് ചീനയിലെ പ്രസിദ്ധമതസ്ഥാപകരായ കൺഫ്യൂഷ്യസ്സും ലയോത്സിയുംഉണ്ടായതു്. അവരെപ്പററി ഇനി ഒരദ്ധ്യായത്തിൽ പറയാം.

ഷാങ്ങ്വംശക്കാർ ധിക്കൃതരായപ്പോൾ, അന്ന് ധനാമാത്യനായിരുന്ന കിത്സി എന്ന ആൾ, ചൌവംശക്കാരുടെ കീഴിൽ പണിയെടുക്കുന്നതിനേക്കാൾ നാടുവിട്ടുപോകുന്നതാണ് നല്ലതെന്നുറച്ചു്, അയ്യായിരം ആളുകളോടുകൂടി കിഴക്കോട്ടു് തിരിച്ചു്; ഇന്ന് കൊറിയ എന്ന പേരുള്ള ദേശത്തു് എത്തി പാർത്തു. ആ ദേശത്തിന് 'വരഭൂമി', അല്ലെങ്കിൽ 'അരുണോദയഭൂമി' എന്നു പേരിട്ടു. സൂര്യൻ ഉദിച്ചുവരുന്ന ദിക്കാണെന്നും അതിനു കിഴക്ക് ഭൂമിയില്ലെന്നും ആയിരുന്നു അയാളുടെ വിശ്വാസം. അതാണ് ഈ പേരിട്ടതു്. ബി. സി. 1112-ാം കൊല്ലം ഈ കിത്സിയുടെ കാലംമുതൽ കൊറിയാചരിത്രം ആരംഭിക്കുന്നു. ചീനത്തു് ഉണ്ടായിരുന്ന തൊഴിലുകളും, വേലകളും കൃഷിയും, വീട്ടുപണിയും, പട്ടുനെയ്ത്തും എല്ലാം അയാൾ അവിടെ നടപ്പാക്കി. അനവധി

ചീനന്മാർ പിന്നീട് അവിടെ കുടികേറി. തൊള്ളായിരം വർഷം അയാളുടെ വംശജന്മാർ കൊറിയ ഭരിച്ചു.

കൊറിയയ്ക്കു കിഴക്കാണ് ജപ്പാൻ. കിത്സി കൊറിയയിൽ പ്രവേശിച്ച കാലത്തു് ജപ്പാനെക്കുറിച്ചു യാതൊരു അറിവും ഇല്ലായിരുന്നു. ജപ്പാൻകാർ വളരെ പഴമ നടിച്ച് സ്വരാജാവിനെ സൂര്യനിൽനിന്ന് വംശ-പാരമ്പര്യം സിദ്ധിച്ച ആളായി ഗണിക്കുന്നുണ്ടെങ്കിലും, അവരുടെ ചരിത്രം സത്യത്തിൽ ചീനയുടേയും കൊറി-യയുടേയുംപോലെ അത്ര പഴക്കമുള്ളതല്ല. അവരുടെ ആദ്യത്തെ രാജാവിന്റെ പേർ 'ജിമ്മുതെന്നൊ' എന്നാ-യിരുന്നത്രെ. അദ്ദേഹത്തിന്റെ കാലം ക്രിസ്തുവിന് അറു-ന്നൂറോ എഴുന്നൂറോ കൊല്ലം മുമ്പായിരുന്നു. സൂര്യവംശ-ജനായി അദ്ദേഹത്തെ ഗണിച്ചിരിക്കുന്നു. ജപ്പാനിൽ സൂര്യനെ പുരുഷനായിട്ടല്ല സ്ത്രീ ആയിട്ടാണ് കല്പന! ഇന്നത്തെ ജപ്പാൻചക്രവർത്തി ജിമ്മുതെന്നോവിന്റെ വംശജനായിട്ടാണ് ഗണിക്കപ്പെടുന്നതു്. ഹിന്ദുരാജാക്കൾ സൂര്യവംശജരും ചന്ദ്രവംശജരും ആണ് എന്ന് ഐതി-ഹ്യം ഉണ്ടല്ലൊ. രജപുത്തു് രാജാക്കൾ ഇന്നും ആ ഐതിഹ്യത്തെ പരിപാലിക്കുന്നുണ്ട്.

ഈ അദ്ധ്യായത്തിലും പൂർവ്വാദ്ധ്യായത്തിലും ആയി രണ്ടായിരത്തിഅഞ്ഞൂറുവർഷത്തിനു മുമ്പുവരെയുള്ള പു-രാണലോകത്തെ ഒന്ന് നാം ചുററിനോക്കിക്കണ്ടു. അന്ന് അറിവുണ്ടായിരുന്ന പ്രദേശങ്ങളെ മാത്രമേ നാം ദർശി-ച്ചുള്ളു. അന്നുതന്നെ വിമാനസഞ്ചാരം ചെയ്തല്ലാതെ ഓരോ സ്ഥലത്തും ഇറങ്ങി വിസ്തരിച്ചുനോക്കാൻ നമുക്ക് സാധിച്ചിട്ടില്ല. അങ്ങനെ ചെയ്‌വാൻ തുടങ്ങിയാൽ പുരുഷായുസ്സു പോരാ. പിരമിഡ്ഡുകളും (സൂചിമുഖ-മുള്ള ചതുരശ്രസ്തംഭങ്ങൾ) സ്ഫിൻക്സുകളും (മഹാബിം-ബങ്ങൾ) സൃഷ്ടിക്കത്തക്ക മിസ്രദേശക്കാരുടെ പരിഷ്കാരം ക്രിസ്തുവർഷാരംഭകാലത്തിനു മുമ്പുതന്നെ ഉടഞ്ഞു. നോ-

സോസ്സകാരുടെ കാലവും അവസിതമായി ചീന പരി-ഷ്കൃതമഹാസാമ്രാജ്യമായി ചമഞ്ഞുകഴിഞ്ഞു. ഭാരതഭൂമി-യിൽ പുരാതനദ്രാവിഡമഹിമപോയി, ആൎയ്യന്മാർ പ്ര-മാണികളായി, ഗ്രാമപഞ്ചായത്തുകളും ആശ്രമങ്ങളും പുലൎത്തി, ആൎയ്യവൎത്തം വിട്ട് ദക്ഷിണദേശങ്ങളേയും അവർ വ്യാപിച്ചു. മെസോപ്പൊട്ടേമിയയിലും പൎസ്യ-യിലും പല പല സാമ്രാജ്യങ്ങൾ ഉദിക്കയും അസ്തമിക്ക-യും ചെയ്തതിനുശേഷം, ഒടുവിൽ ഡയറസ്സിന്റെ ദിഗ്-ജയയാത്രയിൽ സിന്ധുനദീതീരംവരെ വിസ്തൃതമായ ഒരു സാമ്രാജ്യം മൂതിന്ന് ശുക്രദശ അനുഭവിച്ചു. പാല-സ്റ്റീനിൽ ദാവീദെന്നും സോലോമെൻ എന്നും പ്രസിദ്ധ-രായ രാജാക്കന്മാരാൽ സംഭൃതരായ യൂദന്മാർ, എണ്ണ-ത്തിൽ ചുരുങ്ങിയിരുന്നാലും വണ്ണത്തിൽ വലിയവരായി, കഴിഞ്ഞുകൂടി. ഗ്രീസ്സുകാർ ആൎയ്യപ്രവേശാനന്തരം വൎ-ദ്ധമാനമായ വീൎയ്യം പൂണ്ട്, പല പ്രാന്തദേശങ്ങളിൽ വ്യാപിച്ച്, ജനസമുദായരാജ്യഭരണത്തിനു യൂറോപ്പുമഹാ-ഖണ്ഡത്തിൽ യശസ്കരമായ പ്രാബല്യത്തെ പ്രാപിച്ച്, മാതൃക നൽകി. അനന്തരകാലത്ത് മാഹാത്മ്യം നേടാൻ ഒരുങ്ങി റോമാനഗരവും തല്പ്രതിരോധിയായ കാൎത്തേജുപ-ത്തനവും കാലരംഗത്തിലേക്കു തിരനോട്ടം ആരംഭിച്ചു.

പരിഷ്കൃതലോകം അന്ന് ഈ ദശയെ അവലം-ബിച്ചിരുന്നപ്പോൾ, യൂറോപ്പിൽ ഇന്നു കാണുന്ന മററു-രാജ്യങ്ങൾ നാഗരികതാലേശം ഏൽക്കാതെ വന്യമൃഗ-ങ്ങളാലും തൽസമാനരായ നരജന്തുക്കളാലും അധ്യുഷിത-ങ്ങളായിരുന്നു. തെന്നിൻഡ്യയിലെ കേരളീയ ജനങ്ങൾ അന്ന് സാമുദ്രികരായി ബങ്കാൾ ഉൾക്കടലിൽസഞ്ചരി-ച്ച് മലയ മുതലായ തെക്കുകിഴക്കുള്ളദ്വീപങ്ങളിൽ കുടി-യേറി കച്ചോടം നടത്തീട്ടുള്ളതായി കാണുന്നുണ്ട്. സ-ഞ്ചാരം അക്കാലത്ത് സുസാധമല്ലായിരുന്നു. ബഹുനാൾ-കൊണ്ട് പാക്കപ്പലുകളിലും ഓടങ്ങളിലും കച്ചോടത്തി-

ന് ധീരതയോടെ പുറപ്പെട്ട നാവികരുടെ തുനിവ് അത്ഭുതമായി തോന്നുന്നില്ലേ? എത്ര ആപത്തുകൾ അവർക്ക് നേരിട്ടിരിക്കണം! ഭൂമിയുടെ കിടപ്പ്, പുരാണങ്ങളേയും ഐതിഹ്യങ്ങളേയും ആശ്രയിച്ചിരുന്നതല്ലാതെ, അനുഭവത്തിൽ കണ്ടറിഞ്ഞിരുന്നില്ല. കേട്ടുകേൾവികളെമാത്രം ആശ്രയിച്ച് കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത നാടുകളിൽ മഹോദധി കടന്നുപോകുന്ന സാഹസം എത്രമാത്രം ഉണ്ടായിരിക്കണമെന്ന് ഊഹിക്കാൻപോലും മേല. ഭൂമിതന്നെ ഉരുണ്ടതല്ല, പരന്നതാണ് എന്നായിരുന്നു അന്നത്തെ ബോധം. പിന്നെ ഉണ്ടോ മറുവശത്തു് പുതുഖണ്ഡമായ അമേരിക്ക ഉണ്ടെന്ന് അന്നുള്ളവർക്ക് ബോധം ജനിച്ചതു്? പാതാളം എന്നൊരു സംജ്ഞകൊണ്ട് അതിന്റെ കഥ തീർന്നു. ഒരു ദിക്കിൽനിന്ന് മറെറാരു ദിക്കിലേക്ക് കരമാർഗ്ഗമായിപ്പോലും പോകണമെങ്കിൽ ഒരു യുഗം വേണം. അതുകൊണ്ട് ഗ്രീക്കുകാർക്ക് ഭാരതഭൂമിയേയോ ചീനരാജ്യത്തേയോ അറിയാനും, ഇൻഡ്യാക്കാർക്ക് മധ്യാർണ്ണവതീരത്തുണ്ടായിരുന്ന ദേശങ്ങളെ അറിയാനും ഇടവരാൻ പ്രയാസമാണ്. എന്നിരുന്നിട്ടും, അവർ തമ്മിൽ സമ്പർക്കമുണ്ടായി എന്നുള്ളതു് ആശ്ചര്യജനകമല്ലേ?

ചരിത്രം വായിക്കുമ്പോൾ ഭൂപടംകൂടി നോക്കിയാലുള്ള രസം ഒന്നു വേറെയാണ്. സിനിമയിൽ കാണുമ്പോലെ ഓരോ സംഭവങ്ങളും കൺമുമ്പിൽ നടക്കുന്നു എന്നു തോന്നും. ഓരോ രാജ്യങ്ങൾ ഉണ്ടായതും വളർന്നതും, വീരന്മാർ പലരും വന്നതും പോയതും, മഹാസമരങ്ങൾ നടന്നതും, മഹാനഗരങ്ങൾ നിർമ്മിച്ചതും പേരുകേട്ട ദേവാലയങ്ങളും ഉയർന്ന മണിമന്ദിരങ്ങളും സൃഷ്ടിച്ചതും നശിച്ചതും എല്ലാം നാടകത്തിൽ എന്നപോലെ കാണുമ്പോൾ, ചരിത്രം സജീവമായിത്തീരുന്നു. ദേശസഞ്ചാരം ചെയ്തു് പുരാണപ്രസിദ്ധങ്ങളായ അ-

യോദ്ധ്യ, ഹസ്തിനപുരം, വാരാണസി, ഗോകുലം, ഹരിദ്വാരം ഹിമവാൻ മുതലായവയെ സന്ദർശിക്കുമ്പോൾ എന്തെന്നില്ലാത്ത ഭക്തിയും ആനന്ദവും നമുക്ക് ഉണ്ടാകുന്നു. പുരാതനശില്പങ്ങളുടേയും, കെട്ടിടങ്ങളുടേയും, ആയുധങ്ങളുടേയും മററും അവശിഷ്ടങ്ങൾ കൗതുകാവഹങ്ങളാകുന്നു. പുരാതനവസ്തുക്കളെ സംഭരിച്ചിരിക്കുന്ന മ്യൂസിയങ്ങൾ (കൌതുകാഗാരങ്ങൾ) ദർശിക്കുമ്പോൾ ഉണ്ടാവുന്ന അത്ഭുതാനന്ദങ്ങൾ ചില്ലറയല്ല. ഭൂമിക്ക് അടിയിൽ സുരക്ഷിതങ്ങളായിരിക്കുന്ന പുരാതനപരിഷ്കാരചിഹ്നങ്ങളെ ഖനനവിദ്യ ഇന്ന് ഏതാണ്ടെല്ലാം വെളിപ്പെടുത്തീട്ടുള്ളതുതന്നെ നമ്മെ ആശ്ചര്യപരതന്ത്രരാക്കുന്നുണ്ട്. ഇങ്ങനെ പൂർവ്വചരിത്രത്തെ സജീവമാക്കുന്ന ഉപകരണങ്ങളോടും ഉപായങ്ങളോടുംകൂടി വായിക്കുമ്പോൾ, അക്കാലത്ത് നാം ജീവിച്ചിരിക്കുന്നു എന്നുതന്നേ തോന്നിപ്പോകും. ഇൻഡ്യാസംസ്ഥാനത്തിന്റെ തലസ്ഥാനമായിരിക്കുന്ന ദില്ലീനഗരം എത്ര പുരാതനസ്മരണകളെ ഉജ്ജീവിപ്പിക്കുന്നു! എത്ര ചക്രവർത്തികൾ അവിടെ വാണു! മഹാഭാരതകാലത്ത് ഉണ്ടായിരുന്ന ഇന്ദ്രപ്രസ്ഥം, ഹസ്തിനപുരം എന്നുള്ള രാജധാനികളായിരുന്നു അവിടം; പിന്നെ മഹമ്മദീയഭരണകാലത്ത് തുഗ്ലക്ക്ബാദായി, ഷാജിഹാൻബാദായി, ദില്ലിയായി; ഇപ്പോൾ ഇതാ വെള്ളക്കാരുടെ ഭരണകാലത്ത് റായിസീനാ എന്ന പുതുപട്ടണമായി! അതുപോലെ, കാശിയിൽ പോയി നോക്കുക. എത്ര പുരാണകഥ അവിടെ സംഗൃഹീതമായിരിക്കുന്നു! എത്രസംസ്ഥാനങ്ങൾ അവിടെ പുലന്ന്, നശിച്ചു. എത്രയോ വർഷശതങ്ങൾക്കു മുമ്പ് അവിടെ അനശ്വരയശസ്സായ ഗൗതമബുദ്ധൻ സ്നേഹോപജ്ഞമായ പുതുമതത്തെപ്പററി പ്രസംഗിച്ച് ശിഷ്യഗണങ്ങളേ ആവർജ്ജിച്ചു. ഇൻഡ്യാചരിത്രം മുഴുക്കെ ഭാഗീരഥീ-

പ്രവാഹത്തിൽ പ്രതിഫലിച്ചുകാണാം. പ്രയാഗയിൽ ചെന്നു നോക്കിയാൽ, അശോകചക്രവർത്തിയുടെ ശാസനശില രണ്ടായിരം കൊല്ലം മുമ്പുള്ള കഥ പറഞ്ഞ് നമ്മെ ആനന്ദിപ്പിക്കും! അഹോ! പഴമയുടെ മാഹാത്മ്യം അന്യാദൃശം തന്നെ!

## ഒമ്പതാം അദ്ധ്യായം

### പരിഷ്കാരം

മുന്നദ്ധ്യായങ്ങളിൽ പരിഷ്കാരം എന്നും അഭിവൃദ്ധി എന്നും മററുമുള്ള പദങ്ങൾ നാം ധാരാളമായി ഉപയോഗിച്ചിട്ടുണ്ടല്ലോ. അതെന്താണ്? എന്തൊരു സാധനമാണ്? കറുത്തതോ, പൂവോ, കറുത്തതോ, വെളുത്തതോ, പൊള്ളയോ ഉള്ളതോ? ആരെങ്കിലും നോക്കീട്ടുണ്ടോ? നമുക്ക് ഏതെങ്കിലും ഒന്ന് പരിശോധിച്ചു നോക്കാം. മനുഷ്യർ ലോകത്തിൽ സൃഷ്ടരായപ്പോൾ ജീവിക്കാൻ വളരെ പ്രയത്നപ്പെട്ടിരിക്കണം, സംശയമില്ല. ആഹാരം കൂടാതെ എങ്ങിനെ ജീവിക്കും? അതിന് വേണ്ടിവന്ന ശ്രമം അമിതമായിരുന്നിരിക്കണം. ഇന്നത്തെപ്പോലെ ചന്തയിലോ വീട്ടുവാതലിലോ ആരും ഒന്നും കൊണ്ടുവരാനില്ലായിരുന്നു. വീടുതന്നെ എവിടെ? വല്ല മരങ്ങളുടെ പോടോ, പാറകളുടെ ഗുഹയോ, വൃക്ഷത്തിൻെറ ചുവടോ ആശ്രയമായിരുന്നിരിക്കാം. കാട്ടുജന്തുക്കളെപ്പോലെ ഇര തേടി അങ്ങുമിങ്ങും നടന്നു, കമ്പുകൊണ്ടും കല്ലുകൊണ്ടും അടിച്ചും എറിഞ്ഞും നായാടി, ആമിഷം അന്നന്നു സമ്പാദിച്ചിരിക്കണം. ഇന്ന് വീടുതോറും ചിരട്ട എടുത്ത് തെണ്ടിനടക്കുന്ന ഭിക്ഷുക്കളുടെ അവസ്ഥയെക്കാൾ എത്ര ശോച്യസ്ഥിതി ആയിരിക്കണം അന്ന് മനുഷ്യർ, അനുഭവിച്ചുവന്നത്. നായാടിയും, കായ്കനികൾ പറിച്ചുതിന്നും

ഉപജീവനം കഴിച്ചു കാടോടിനടന്ന മനുഷ്യർ ഒന്നിച്ചു-ചേൎന്ന് വർഗ്ഗങ്ങളായി കൂട്ടമായി ആഹാരസമ്പാദനം ചെയ്തു തുടങ്ങിയപ്പോൾ, ഒററയ്ക്കൊററയ്ക്ക് അനുഭവിച്ചു വന്ന സങ്കടത്തിന് ഏതാണ്ട് കുറവ് ഉണ്ടായി. തനിച്ച് കഴിഞ്ഞുകൂടുന്നതിനെക്കാൾ ഒന്നിച്ച് കാലക്ഷേപം ചെയ്യുന്നതാണു സുഖം എന്ന് മനുഷ്യൎക്ക് മനസ്സിലായപ്പോൾ അവർ കുടുംബങ്ങളായും വർഗ്ഗങ്ങളായും കൂട്ടകൂടി അന്നന്ന് പോയി ആഹാരം കൊണ്ടുവരുന്നതിനെക്കാൾ കൃഷിചെയ്ത് ആഹാരമുണ്ടാക്കാം എന്നു കണ്ടുപിടിച്ചപ്പോൾ, പരിഷ്കാരത്തിന്റേയും അഭിവൃദ്ധിയുടേയും വിത്ത് വിതച്ചു. പരിഷ്കാരത്തിൻെറ മൂലകന്ദമാണ് കൃഷി. ഇംഗ്ലീഷിൽ 'കൾച്ചർ' (Culture) എന്നും, ജൎമ്മൻഭാഷയിൽ കുൾട്ടൂർ (Kultur) എന്നും ഉള്ള വാക്കുകളുടെ ധാതപൎത്ഥം കൃഷി എന്നാകുന്നു.

കൃഷി മനുഷ്യസമുദായത്തെ ആകമാനം ഭേദിപ്പിച്ചു സമുദായത്തിനു ആഹാരസമ്പാദനം സുലഭവും നിശ്ചിതവും ആയപ്പോൾ, അദ്ധ്വാനത്തിനു വളരെ വിശ്രമം ലഭിച്ചു. വേലപ്പിരിവ് സമുദായത്തിൽ ഏൎപ്പെട്ടു. എല്ലാവരും കൃഷിചെയ്തില്ല: ചിലർ കൃഷി ചെയ്തു; ചിലർ മേൽവിചാരം വഹിച്ചു; ചിലർ വേറെ തൊഴിലുകളിൽ ഏൎപ്പെട്ടു. ഇങ്ങനെ പല വേലകളും തൊഴിലാളികളും ഉണ്ടായി. അധികാരം മേൽവിചാരക്കാരുടെ പക്കൽ തങ്ങി.

സൂക്ഷ്മം ആലോചിച്ചാൽ, ചരിത്രം എന്നു പറയുന്നതു ഭക്ഷണവും മററു പദാൎത്ഥങ്ങളും നേടാനുള്ള പുതുവഴികൾ കണ്ടുപിടിച്ച് പ്രവൎത്തിച്ചതിൻെറ കഥയാണെന്നു തന്നെ പറയാം. ഉണ്ണാൻ മാത്രമല്ല, ഉടുക്കാനും; പാൎക്കാനും, സുഖിക്കാനും മനുഷ്യൎക്ക് അനവധി കൂട്ടം ആവശ്യമുണ്ട്. അവയെ ഉണ്ടാക്കിവന്ന ക്രമത്തിനു മനുഷ്യസമുദായത്തിൻെറ കെട്ടുപാടുകൾ വിഷമങ്ങളാ-

കയും, സാധനനിർമ്മാണവും വ്യാപാരവും പുരോഗമിക്കയും ചെയ്തു. ഒരു പെറിയ ഉദാഹരണം നോക്കുക. ആവികൊണ്ടുള്ള പ്രയോജനം കണ്ടുപിടിച്ചു കഴിഞ്ഞപ്പോൾ പഴയ വാഹനങ്ങൾ പോയി, തീവണ്ടി ആയി; പാക്കപ്പലുകൾ പോയി, ആവിക്കപ്പലുകളായി; കൈവേല പോയി, യന്ത്രവേല ആയി. ഇവററയുടെ ആവിർഭാവത്തിൽ മനുഷ്യരുടെ ജീവനസമ്പ്രദായം എത്ര പകർന്നു! എത്ര പുതുനാട്ടുകൾ നമുക്ക് പരിചിതങ്ങളായി, അയൽരാജ്യങ്ങളായി! എത്ര ആയുധങ്ങൾ, ചക്രങ്ങൾ, വേലക്കാർ, വിദഗ്ദ്ധന്മാർ, കങ്കാണികൾ, തൊഴിൽശാലകൾ, ഖനികൾ എന്നുവേണ്ട ആകമാനം ഒരു പുതുലോകം വിവൃതമായി. വൈദ്യുച്ഛക്തിയുടെ ആവിർഭാവത്തോടുകൂടി കാലവും ദേശവും മനുഷ്യരുടെ ചൊല്പടിയിലായി! ഇവ എല്ലാം കൂടുതൽ ഭക്ഷണപദാർത്ഥങ്ങളും സുഖസൌകര്യങ്ങളും നേടാനുള്ള ഉപകരണങ്ങളല്ലേ?

എത്രഎത്രസാധനങ്ങൾപെരുകുന്നോ അത്രയ്ക്കത്രക്കു ധനവും സുഖവും വർദ്ധിക്കുന്നുഎന്നാണു മൂഢജനബോധം ചില തള്ളമാരുണ്ടു്, കുട്ടികൾ തിന്നുന്തോറും വളരും എന്നുവിശ്വസിക്കുന്നവർ. സത്യത്തിൽ അമിതഭക്ഷണം അജീർണ്ണവും രോഗവും ഉണ്ടാക്കുംപോലെയാണു്, സമുദായത്തിൽ അമിതമായ സാധനനിർമ്മാണംദാരിദ്ര്യം വർദ്ധിപ്പിക്കുന്നതു്. പണ്ടു് ഉണ്ടായിരുന്നെങ്കിൽ ഇന്നു് സാധുക്കളും ദരിദ്രന്മാരും പട്ടിണിക്കാരും എത്ര പെരുകിയിരിക്കുന്നു! ഇതിനു് എന്താണു് നിദാനം? ഈ സാധനങ്ങളും ചെഴിപ്പും എല്ലാം എവിടെ പോകുന്നു?, എന്നു് നിങ്ങൾ ആകാംക്ഷിക്കുന്നുണ്ടാവും. പറയാം. ഒരു കൃഷിക്കാരന്റെ നില നോക്കുക. കൃഷിചെയ്യുന്നവനല്ല നിലത്തിന്റെ ഉടമസ്ഥൻ. ഒരാൾ കണ്ടത്തിൽഇറങ്ങി ഉഴുതു് നെല്ലു് വിളയിക്കുന്നു, മറേറ ആൾ വീട്ടിൽഇരുന്നു് കൃഷിക്കാരന്റെ പക്കൽനിന്നു നെല്ലു് പാട്ടം വാങ്ങുന്നു കൃഷി-

ക്കാരന്ന് കിട്ടുന്നതിൽ ഇരട്ടിയാണ് ഉടമസ്ഥന്ന കിട്ടുന്നതു്. ഇങ്ങനെ ഏതു തൊഴിലിൽ നോക്കിയാലും കാണാം. അതിനാൽ വേലക്കാരൻ എന്നും ദരിദ്രനും മേലായ്മക്കാരൻ ധനികനും ആയി പരിണമിക്കുന്നു. ഏതന്നിമിത്തമാണ് ലോകത്തിൽ സകല ശണ്ഠകളും കലഹങ്ങളും, യുദ്ധങ്ങൾപോലും നേരിടുന്നതു്.

പണ്ടു് ഉണ്ടായിരുന്ന മനുഷ്യർ കാടു് വെട്ടിത്തെളിച്ചും വീടു് കെട്ടിപ്പാർത്തും ഭൂമികൃഷിചെയ്തും വന്ന കാലത്തു് ഈ കലഹത്തിന്ന് നിമിത്തം ഇല്ലായിരുന്നു. പ്രകൃതിമാതാവിന്റെ പണ്ടങ്ങളെ സേവിച്ചുവാങ്ങാനുള്ള കൗതുകം ആയിരുന്നു അന്നു് ഉണ്ടായിരുന്നതു്. മനുഷ്യൻപ്രപഞ്ചവിജയംനടത്തി എന്നു പലരും പറയാറുണ്ടു്. അതു് വെറും ഒരു വമ്പു് ചൊല്ലുന്നതാണ്. മനുഷ്യർ പ്രപഞ്ചപ്രകൃതിയെ കുറഞ്ഞൊന്നു് മനസ്സിലാക്കിത്തുടങ്ങി എന്നുള്ളതാണ് സത്യം. പ്രകൃതി നമ്മുടെ മാതാവാണ്; ആ അമ്മയുടെ മക്കളാണ് നാം, എന്നല്ല, മററു പ്രപഞ്ചവും അമ്മ മക്കളെ ദ്രോഹിക്കയോ മക്കൾ അമ്മയെ ദണ്ഡിപ്പിക്കയോ ചെയ്യുന്നു എന്നു് വിചാരിക്കുന്നതുതന്നെ പാപമാണ്. ആ തായുടെ സമ്പാദ്യം എല്ലാം മക്കളുടെ ഉപയോഗത്തിനും അനുഭവത്തിനും ഉള്ളതാണ്. ആദികാലത്തു് അവരെ ഭയപ്പെട്ടു് നാം അടുത്തു് ചെന്നില്ല. അവർ കാണിക്കുന്ന ഭാവങ്ങളെ നാം തെററിദ്ധരിച്ചു. കാററും മഴയും, ഇടിയും മിന്നലും, തീയും മഹാമാരിയും എല്ലാം നമ്മെ ദ്രോഹിക്കാൻ അവർ കാണിക്കുന്ന ഭീഷണങ്ങളാണ് എന്നു വിശ്വസിച്ചു് സാഷ്ടാംഗ്പാതം പ്രാർത്ഥനങ്ങൾ ചെയ്തുവഴിപാടുകൾ നടത്തി ശാന്തിവരുത്തി. ഗ്രഹണങ്ങൾ സൂര്യചന്ദ്രന്മാരെ രാഹുവിഴുങ്ങുകയാണെന്നു് വിശ്വസിക്കുന്നവർ ഇന്നും എത്ര ഉണ്ടു്! അതിന്നു പ്രായശ്ചിത്തങ്ങളും ദാനങ്ങളും ചെയ്യാറുണ്ടല്ലൊ. പ്രകൃതിസിദ്ധങ്ങളായ സംഭവങ്ങളെക്കുറിച്ചു് ജ്ഞാനമുള്ളവർ

പോലും വൈദികവൃത്തിക്കുവേണ്ടി പല ആചാരങ്ങളും നടത്തിവരുന്നവ, പുരാതന സാമുദായികസ്ഥിതികളെ അനുസ്മരിപ്പിക്കുന്നു. ഈ അജ്ഞതവിട്ട്, ഗ്രാമങ്ങളിലും നഗരങ്ങളിലും ആളുകൾ പാക്കാൻ തുടങ്ങിയപ്പോൾ, പരിഷ്കാരത്തിൻെറയും അഭിവൃദ്ധിയുടേയും കാൽ ഊന്നി. ഭക്ഷണസാധനം ധാരാളമായി ശേഖരിച്ചു തുടങ്ങിയപ്പോൾ ആളുകൾക്ക് വിശ്രമം ലഭിച്ചു; വിശ്രമം വന്നപ്പോൾ തീററി വിട്ട് മററുള്ള കാര്യങ്ങളെ അവർ ചിന്തിക്കാൻ ആരംഭിച്ചു; ചിന്തയുടെ ഫലമായി, തൊഴിലുകളും കലകളും ഉദിച്ചു, ജനങ്ങൾ പെരുകി; ആൾപ്പെരുക്കം വന്നപ്പോൾ, അടുത്തടുത്ത് പാർത്ത് പരസ്പരം ഇടപെടാതെ തരമില്ലെന്നായി; ഒന്നിച്ചു പാർത്തപ്പോൾ ഓരോരുത്തരും മററുള്ളവരുടെ സൌകര്യങ്ങൾ കൂടി നോക്കാതെ തരമില്ലെന്നുവന്നു; അല്ലാതെകലഹമായാൽ സമുദായം ഉദിക്കയില്ലല്ലോ. ഒരു തറവാട്ടിൽപോലും ഛിദ്രം തുടങ്ങിയാൽ നാശം നേരിടുന്നില്ലേ? ഏകകുടുംബക്കാർക്ക് രക്തബന്ധംകൊണ്ടെങ്കിലും ഇണക്കം വരാം; എന്നിട്ടുപോലും കലഹം ഉണ്ടാകുന്നതു നോക്കുമ്പോൾ, ജന്തുസ്വഭാവം ഇനിയും നമ്മെ വിട്ടുമാറിയില്ലെന്നു തെളിയുന്നു. ഒരു തറവാടായാലും, നഗരമായാലും, ഗ്രാമമായാലും, രാജ്യമായാലും സോദരസ്നേഹം ഒന്നുണ്ടെങ്കിൽ മാത്രമേ ഒന്നിച്ചിരിക്കാൻ സാധിക്കൂ. സൌജന്യമാണ് പരിഷ്കാരചിഹ്നം. കീരിയും പാമ്പുംപോലെ ചേരാത്തവർ വന്യമൃഗങ്ങൾക്കൊപ്പം അപരിഷ്കൃതർതന്നെ. സാമുദായികജീവിതം വ്യാപരിക്കുന്തോറും നമ്മുടെ സ്വാതന്ത്ര്യം പരന്‍വേണ്ടി നിയന്ത്രിതമായി വരുന്നു. "സ്വസുഖനിരഭിലാഷഃ ഖിദ്യതേ ലോകഹേതോഃ" എന്നുള്ള ആപ്തവചനമനുസരിച്ചു പ്രവർത്തിക്കുന്നതാണ് പരിഷ്കൃതൻെറ മുഖ്യലക്ഷണം.

---

# പത്താം അദ്ധ്യായം

## ബുദ്ധമതം

കഴിഞ്ഞ ഏതാനും അദ്ധ്യായങ്ങളിൽ പത്തുപന്തീരായിരംവർഷത്തെ ചരിത്രം ക്രോഡീകരിച്ചിരിക്കുന്നു. ജന്തുക്കളെപ്പോലെ മനുഷ്യർ കാട്ടിൽ ഇരതേടി ഒററയ്ക്കോററയ്ക്കു് വല്ല ഗുഹകളിലോ പോടുകളിലോ കിടന്നു് ഉപജീവനം കഴിച്ചുവന്നതു് വിട്ടു്, സാമുദായികസ്ഥിതിയെ പ്രാപിച്ചു്, ഗ്രാമങ്ങളിലുംനഗരങ്ങളിലും പാർത്തു്, കൃഷിയും കൈത്തൊഴിലുകളും ചെയ്തു് പരിഷ്കൃതരായി, പലവർഗ്ഗങ്ങളായിപിരിഞ്ഞു്,ദേശങ്ങളും നാടുകളും പിടിച്ചു്, സാമ്രാജ്യങ്ങൾ സ്ഥാപിച്ചു്, വിദ്യയിലും വ്യാപാരത്തിലും എന്നല്ല കലഹങ്ങളിലുംയുദ്ധങ്ങളിലും വിരുതരായി ദേവാലയങ്ങളും മന്ദിരങ്ങളും ഗോപുരങ്ങളും ജയസ്തംഭങ്ങളും നിർമ്മിച്ചു്, വരാൻപോകുന്ന തലമുറകൾക്കു വൻപരിഷ്കാരങ്ങൾ ഒന്നിനൊന്നു മേലായി ഉയരാനുള്ള അടിവാനക്കല്ലുകൾ ഉറപ്പിച്ച കഥാസംഗ്രഹമാണു് ഏതാണ്ടു് നാം ഇതുവരെ കണ്ടതു്. ഒരു സംഗതിമാത്രം ഒന്നുകൂടി സൂക്ഷിച്ചുനോക്കിക്കണ്ടിട്ടു് നമുക്കു് മുന്നോട്ടു കടക്കാം.

ഏതു നാട്ടിൽ നോക്കിയാലും ജനങ്ങളെ നാം ഒരേ നിലയിൽ അല്ല കാണുന്നതു്. കായികമായി മാത്രമല്ല, സാമുദായികമായുമുള്ള സ്ഥിതിഭേദം വരാൻ എന്താണു് നിദാനം? ജന്തുക്കളിൽ ആ ഭേദം നാം കാണുന്നില്ല ഈ ഭേദം ചിലേടത്തു് അഭംഗുരമായും ചിലേടത്തു് അലപോലെ പൊങ്ങിയും താണും പലമാതിരി പ്രത്യക്ഷപ്പെടുന്നു. ഈ അസമത്വം പുരാതന പരിഷ്കാരം പരന്ന ഇൻഡ്യ, ഈജിപ്ററു്, ബാബിലോണിയാ മുതലായ നാടുകളിൽ അയ്യായിരം വർഷങ്ങൾക്കു മുമ്പുപോലും പ്രത്യക്ഷപ്പെടുന്നുണ്ടു്. അതിനെ തുടർന്നാണു് ഇന്നും

അസമത്വം നിലനിൽക്കുന്നതു്. ജ്ഞാനാഭിവൃദ്ധിയുടെ താരതമ്യം നിമിത്തമാണു് ഈ ഭേദം ആദ്യമായി ജനിച്ചതു്. ഏതുരാജ്യത്തും വൈദികസംഘം വിദ്യയുടെ കൂടസ്ഥന്മാരായിത്തീൎന്നു. അറിവു സമ്പാദിച്ചവരും സൂക്ഷിച്ചവരും അവരായിരുന്നു. അവരിൽനിന്നാണു് മററുള്ളവരിൽ വിദ്യ സംക്രമിച്ചതു്. പുരോഹിതവൎഗ്ഗത്തിൽനിന്നായിരുന്നു വിദ്വാന്മാരും വൈദ്യന്മാരും മന്ത്രവാദികളും പ്രമാണികളും ഉദിച്ചതു്. ക്രമേണ അവൎക്കുണ്ടായിരുന്ന ജ്ഞാനം വൈദികം എന്നും ലൗകികം എന്നും വേർതിരിഞ്ഞു. ലൗകികജ്ഞാനം കാലുസ്ഥരായിരുന്ന പ്രമാണികൾ വശമാക്കി. ശേഷിമാന്മാർ ശേമുഷിയും ഉള്ളവരായിത്തീൎന്നപ്പോൾ പ്രഭുക്കളും രാജാക്കന്മാരും ഉണ്ടായി. അവർ വൈദികരെ കൂട്ടുപിടിച്ചു് ദിവ്യത്വം സമ്പാദിച്ചു. പുരാതനാപരിഷ്കൃതനാടുകളിൽ എവിടേയും രാജാവിനെ ദിവ്യപുരുഷനായി ആദരിച്ചുവന്നിരുന്നു. എത്ര ബുദ്ധിയും ദിവ്യത്വവും വന്നാലും വേല ചെയ്താൽ അല്ലാതെ ഫലം നേടാൻ തരമില്ലല്ലൊ. വേലക്കാർ കൃഷിചെയ്തു് സമ്പാദിച്ചതിൽ ഒരു അംശം മേലുള്ളവൎക്കു് കൊടുത്തു അവർ കീഴ്പ്പണിക്കാരായിരുന്നതുകൊണ്ടു് വൈദികന്മാൎക്കും പ്രഭുക്കന്മാൎക്കും ഒരു പടി താണു കിടന്നതേയുള്ളൂ. അവരിൽ ചിലർ മേൽവിചാരക്കാരും അധികംപേരും കീഴ്പ്പണിക്കാരും ആയിത്തീൎന്നു. മേൽവിചാരക്കാർ പ്രമാണികളും മുതലാളികളും വ്യാപാരികളും ആയി മററുള്ളവർ വേലക്കാരും ആയി. ഇങ്ങനെ സമുദായം വേർതിരിഞ്ഞതാണു് ഭാരതഭൂമിയിൽ ജാതികളും, ചീനത്തു് മന്ത്രാരികളും സാമാന്യജനങ്ങളും, പാശ്ചാത്യരാജ്യങ്ങളിൽ പ്രഭുക്കളും സാധാരണരും വേലക്കാരുമായി സ്ഥിരപ്പെട്ടതു് എന്നാണു് ഒരു പക്ഷം. ആൎയ്യജനങ്ങൾ പണ്ടേതന്നെ പ്രജാസമത്വത്തിൽ പക്ഷപാതമുള്ളവരായിരുന്നതിനാൽ, അവരുടെ സമുദായത്തിൽ ജാതിവിഭാഗം

ഏപ്പെട്ടതു് ഒരു വിശേഷവിധിയായി ഗണിക്കുന്നവരും ഇല്ലാതില്ല. ഒരു കാര്യം സ്പഷ്ടമാണു്. വർഷങ്ങൾക്കു് സ്ഥിരപ്രതിഷ്ഠ ഭാരതഖണ്ഡത്തിൽ അല്ലാതെ ഒരിടത്തും കാണുന്നില്ല. വൃത്തിവ്യത്യാസം നിമിത്തമാണു് ഇതു് ഉണ്ടായതു് എങ്കിൽ എവിടെയും അതുകാണേണമായിരുന്നു. അതുകൊണ്ടു് കാരണം വേറെ ഉണ്ടെന്നു് ഊഹിക്കാം. സത്യത്തിൽ, ആര്യപ്രവേശകാലത്തു് പരിഷ്കൃതദശയെ പ്രാപിച്ചിരുന്ന ഭാരതഖണ്ഡത്തിലെ നാട്ടുജനങ്ങളെ ആര്യന്മാർ സ്വസമുദായത്തിലേക്കു ചേർത്തു് പ്രാണഹാനി കൂടാതെ പുതുസമുദായത്തെ വളർത്തുന്നതിനു് ഭരണതന്ത്രസംബന്ധമായി സംഘടിപ്പിച്ച ഒരു ഉപായമായിട്ടാണു് ഈ ജാതിവിഭാഗത്തെ വീക്ഷിക്കേണ്ടതു്. അതു് ആദികാലത്തു് വൃത്തിവ്യത്യാസങ്ങളാൽ അനർഗ്ഗളമായി പ്രചരിച്ചുവന്നതു് കാലക്രമേണ പ്രവണത കുറഞ്ഞു് കഠിനമായിത്തീർന്നതായി വിചാരിക്കാൻ പല ന്യായങ്ങളും ഉണ്ടു്. ഏറെക്കാലം പരമ്പരയായി ഒരേ വൃത്തിയെ ആശ്രയിച്ചുകഴിഞ്ഞവനു് അതു് സ്ഥിരപ്പെടുന്നതുപോലെ, ജാതികളും ഉറച്ചുപോയിരിക്കണം. അപ്പോൾ ജന്മംകൊണ്ടു ജാതി എന്നുള്ള സിദ്ധാന്തവും സ്ഥിരപ്പെട്ട ഭാരതഭൂമിയിൽ ജാതികൊണ്ടുള്ള ഉച്ചനീചത്വം ഇന്നും നിലനിന്നുവരുന്നു. മറുനാടുകളിൽ ഈ അവസ്ഥവരാതെ ഇരിക്കാൻ ഉള്ള കാരണം ഇവിടെ വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല.

ഇനി നമുക്കു് ചരിത്രം തുടരാം. ക്രിസ്തുവിനു് ആറു ശതവർഷം, അതായതു് രണ്ടായിരത്തി അഞ്ഞൂറുകൊല്ലം മുമ്പു് ചരിത്രത്തിലെ ഒരു വിശേഷകാലഘട്ടം ആയിരുന്നു. അന്നു് യുഗാന്തരം വന്നതുപോലെ, ചീനമുതൽ ഇൻഡ്യ, പർസ്യ, ഗ്രീസ്സ് വരെ ഉണ്ടായിരുന്ന പരിഷ്കൃതരാജ്യങ്ങളിൽ വിജ്ഞാനികളും മതസ്ഥാപകരും ഉദിച്ചു. അവർ

എല്ലാവരും ഒരേ കാലത്തു് അല്ല ഉണ്ടായതു്. എങ്കിലും സാമാന്യേന ബി. സി. ആറാം ശതവഷം തൊട്ടു്, അന്നു പരിഷ്കൃതങ്ങളായിരുന്ന നാടുകളിൽ എല്ലാം താൽക്കാലികസ്ഥിതിയെപ്പററി അതൃപ്തിയും ഉൽഗതി നേടുന്നതിനുമോഹവും സാവജനീനമായിത്തീൎന്നു. പുതു മതങ്ങളുടെ എല്ലാം ഉദ്ദേശ്യം കഷ്ടനിവാരണവും സവ്വജനോദ്ധാരണവും ആണല്ലോ. പുതുമതപ്രചാരകർ, പഴയ വിശ്വാസങ്ങളിൽ പഴുതുകൾ കണ്ടുപിടിച്ചു് അവയെ ധിക്കരിക്കാൻ നിർഭയം പ്രസംഗിക്കുന്ന ഒരുവക വിപ്ലവകാരികളാണു്. അവരുടെ പരിശുദ്ധജീവനവും, ശ്രേഷ്ഠവൃത്തിയും ചുരുങ്ങിയ കാലക്ഷേപവും, ധമ്മനിഷ്ഠയും അനേകകോടിജനങ്ങളുടെഹൃദയത്തെ ആവജ്ജനംചെയ്തു മേൽഗതിക്കു ഔത്സുക്യം ജനിപ്പിക്കുന്നു. അതുകൊണ്ടു് അവർ മഹാത്മാക്കൾ ആയി, ഇന്നും സൂര്യചന്ദ്രന്മാരെപ്പോലെ അന്ധകാരം അകററി മനസ്സിനുവെളിച്ചംനൽകുന്നു.

അപ്രകാരം ക്രിസ്തുവിനു് ആറു ശതവർഷം മുമ്പിൽ ഭാരതഭൂമിയിൽ പിറന്ന മഹാന്മാരാണു് ഗൗതമബുദ്ധനും; മഹാനും, ചീനത്തു കൺസൺഫ്യൂഷ്യസ്സും ലയോത്സിയും, പർസ്യയിൽ സോറോആസ്റ്ററും, ഗ്രീസ്സിൽ പിത്താഗോറസ്സും. ഇന്നത്തെ സ്കൂളുകളിൽ പഠിക്കുന്ന പിള്ളേർപോലും ഈ പേരുകൾ പക്ഷേ കേട്ടിരിക്കാം. യൂക്ലിഡിന്റെ ക്ഷേത്രഗണിതം പഠിക്കുന്നവർ ഒരു സമകോണത്രികോണത്തിന്റെ കർണ്ണത്തുള്ള ചതുരശ്രം ഇരുവശത്തും ഉള്ള ചതുരശ്രങ്ങളുടെ സങ്കലനത്തിനോടു് ഒപ്പമാണു്, എന്നുള്ള പ്രമേയം കണ്ടുപിടിച്ച ആളാണു് പിത്താഗോറസ്സ് എന്നു് ധരിച്ചിരിക്കാം. ഈ മാതിരി ജ്യോതിഷപ്രമേയങ്ങൾ കണ്ടുപിടിക്ക മാത്രമല്ല ആ മഹാൻ ചെയ്തിട്ടുള്ളതു്. അദ്ദേഹം ഒരു മഹാജ്ഞാനനിധി ആയിരുന്നു. പർസ്യയിൽ സോറൊ ആസ്റ്റർ പുതുതായി

ഒരു മതം ഉണ്ടാക്കി എന്നല്ല പറയേണ്ടതു്. മതബോധം-ഇല്ലാതെ ഇരുന്ന ജനങ്ങളെ സന്മാൎഗ്ഗങ്ങളിലേക്കു് തിരിച്ചുവിടുകയാണു് അദ്ദേഹം ചെയ്തതു്. അദ്ദേഹ-ത്തിൻെറ അനുയായികളെ ആണു് പാൎസികൾ എന്നു് നാം വിളിക്കുന്നതു്. പാൎസികൾ പൎസ്യവിട്ടിട്ടു് നാ-ളേറെ ആയി അവർ ഏറിയകാലം മുമ്പുതന്നെ ഭാരത-ഭൂമിയിൽ കുടിയേറി ഇന്നും പാൎത്തുവരുന്നുണ്ടു്. അവ-രിൽ അനേകധൎമ്മിഷ്ഠർ ഇന്നും പുലരുന്നു. ചീനത്തു് ഉണ്ടായ കൺഫ്യൂഷ്യസ് എന്നും ലയോത്സി എന്നും ഉള്ള മഹാന്മാർ പുതുമതസ്ഥാപകരാണെന്നു് പറഞ്ഞുകൂടാ. അവർ ധൎമ്മമാൎഗ്ഗങ്ങളേയും സാമുദായികാചാര-ങ്ങളേയും സ്ഥാപിച്ചു. അവരുടെ മരണാനന്തരം ജന-ങ്ങൾ ദിവ്യത്വം കല്പിച്ചു്, അവൎക്കു് ആലയങ്ങൾ നിൎമ്മി-ക്കയും, അവരുടെ ഗ്രന്ഥങ്ങളെ നമ്മുടെ വേദങ്ങളോടൊ-പ്പം ആരാധിക്കയും ചെയ്തു. കൺഫ്യൂഷ്യസ്സിൻെറ ഉപ-ദേശങ്ങൾകൊണ്ടാണു് ചീനന്മാർ സൌജന്യവും ജ്ഞാ-നവും സിദ്ധിച്ച ജനങ്ങളായതു്.

ഇവരെക്കാളെല്ലാം കേമന്മാരായിരുന്നു ഭാരതഭൂമി പെററ മഹാവീരനും ഗൌതമബുദ്ധനും. ഇവരിൽ ആ-രാണു് മുമ്പേ പിറന്നതു് എന്നുള്ളതു് ഇന്നും തിട്ടപ്പെ-ട്ടിട്ടില്ല. രണ്ടുപേരും ക്ഷത്രിയകുലജാതന്മാരായിരുന്നു. ഇ-രുപേരും ബ്രാഹ്മണമതത്തിനു വന്നിരുന്ന അധഃപതന-ത്തെ ശോചിച്ചു് പുതുതായ മോക്ഷമാൎഗ്ഗം തേടി പുറ-പ്പെട്ടവരാണു്. ഇരുപേരും വേദപ്രാമാണ്യത്തേയും 'ജന്മനാ ജാതി' എന്നുള്ള മൂഢസിദ്ധാന്തത്തേയും ധിക്ക-രിച്ചു് വൃത്തിമാഹാത്മ്യത്തെ അനുഷ്ഠിച്ചു. ബ്രഹ്മക്ഷത്ര-ജാതികളുടെ വിരോധത്തെ ആണു് ഈ രണ്ടു മഹാന്മാരും പ്രത്യക്ഷീകരിക്കുന്നതു് എന്നു് ഒരു അഭിപ്രായമുണ്ടു്. അതിൽ എത്രമാത്രം സത്യം ഉണ്ടെന്നു് അറിഞ്ഞുകൂടാ. ഏതായാലും ബി. സി. ആറാംശതകത്തിൽ വൈദികാ-

ചാരങ്ങളിൽ വലുതായ അനാദരവും അസന്തൃപ്തിയും ഉണ്ടായിരുന്നിരിക്കണം എന്നു് ഊഹിക്കാം. മഹാവീരനും ബുദ്ധനും രാജകുമാരന്മാരായി ജനിച്ച് വലിയ പദവിയിൽ വളൎന്നുവരവെ, ലോകത്തിന്റെ കഷ്ടതകണ്ടു സഹിക്കാതെ, രാജ്യവും ധനവും കളത്രവും എല്ലാം ഉപേക്ഷിച്ച്, മുനിവൃത്തിയെ ആശ്രയിച്ച്, തപശ്ചര്യകളാൽ മഹാജ്ഞാനം സിദ്ധിച്ചവരാകുന്നു. ഇരുപേൎക്കും അഹിംസയാണ് പരമധൎമ്മം. സൎവ്വപ്രാണികളോടും ഉള്ള സ്നേഹം ജൈനമതത്തിനും ബുദ്ധമതത്തിനും മൂലാധാരം-ആകുന്നു. മാംസഭക്ഷണം അവർ വെറുത്തു. ഗ്രീസ്സിലെ മഹാനായിരുന്ന പിത്താഗോറസ്സും സസ്യഭുക്കായിരുന്നത്രെ.

മഹാവീരന്റെ സാക്ഷാൽ പേരു് വൎദ്ധമാനൻ എന്നായിരുന്നു വിദേഹരാജ്യത്തിന്റെ തലസ്ഥാനമായിരുന്ന വൈശാലി നഗരത്തിന്റെ സമീപം കുണ്ഡഗ്രാമത്തിൽ ചേടകരാജാവിന്റെ സോദരിയായിരുന്ന ത്രിശാല എന്ന രാജകുമാരിയുടെ രണ്ടു പുത്രന്മാരിൽ ഇളയവനായി ജനിച്ച ആളാണ് വൎദ്ധമാനൻ. അക്കാലത്തു് മഹാപരാക്രമികളെന്നു് പേരുകേട്ട ലിഛവിവൎഗ്ഗത്തിൽ ഉൾപ്പെട്ട ആളാണ്. അച്ഛന്റെ പേർ പാൎശ്വൻ എന്നായിരുന്നു. പാൎശ്വൻ തന്നെ ഒരു പുതുമതം ഉണ്ടാക്കിയതിനെ പരിഷ്കരിച്ചതാണ് മകൻ ജൈനമതം ആയി പ്രസിദ്ധപ്പെടുത്തിയതു്, എന്നും പറയുന്നുണ്ടു്. ഏതായാലും തീൎത്ഥങ്കരർ എന്നു് പ്രസിദ്ധന്മാരായ ജൈനമതസന്യാസികളുടെ മൂലപുരുഷൻ മഹാവീരൻ ആയിരുന്നു എന്നു് സൎവ്വസമ്മതമാണ്. ജൈനമതത്തിന് ഉത്തരദേശത്തു് പ്രചാരം വളരെ ഉണ്ടായിരുന്നതു്, ബുദ്ധമതത്തിന്റെ ആക്രമണത്തിൽ കുറഞ്ഞു്, ദക്ഷിണദേശത്തേക്ക് അതു പരന്നു. തെന്നിൻഡ്യയിൽ ഉള്ള മഹാക്ഷേത്രങ്ങളിൽ എല്ലാം ജൈനന്മാരുടെ പണിത്തര-

ങ്ങൾ കാണുന്നുണ്ട്. കത്തിയവാറിലും രാജപുട്ടാണാവിലുള്ള ആബുമലയിലും ജൈനന്മാരുടെ വിശേഷപ്പെട്ട അമ്പലങ്ങൾ ഇന്നും ഉണ്ട്. ജൈനന്മാരെ ഹിന്ദുക്കളായിട്ടാണ് ഗണിച്ചുവരുന്നത്.

ഗൗതമബുദ്ധന്റെ യഥാൎത്ഥനാമം സിദ്ധാൎത്ഥൻ എന്നാകുന്നു. ഹിമവൽസാനുവിൽ ശാക്യവൎഗ്ഗത്തിൽ ഉൾപ്പെട്ട രാജകുമാരനായി മായാദേവിയിൽ ജനിച്ച്, ഇരുപത്തിഒമ്പതുവയസ്സുവരെ രാജപദവിയിൽ സകലൈശ്വൎയ്യങ്ങളോടുകൂടി വളൎന്നു. ബുദ്ധജനനത്തെപ്പററി പല ദിവ്യങ്ങളായ ഐതിഹ്യങ്ങൾ ഉള്ളവ ഒന്നുംഇവിടെ പ്രസ്താവിക്കുന്നില്ല. പത്തൊമ്പതുവയസ്സിൽ സുന്ദരിയായ രാജകന്യകയെ വിവാഹംകഴിച്ച് അച്ഛനമ്മമാരുടെ പ്രത്യേക നിഷ്കൎഷയിൽസകലസുഖാനുഭോഗങ്ങളും അനുഭവിച്ചിരിക്കെ, സാധുക്കളുടേയും ജരാന്മാരുടേയും വ്യാധിതന്മാരുടേയും കഷ്ടതകൾ കണ്ട് ലോകം വെറുത്ത്, സകല സുഖാനുഭവങ്ങളേയും മിത്രകളത്രാദികളേയും മാതാപിതാക്കളേയുംകൂടി ത്യജിച്ച്, ഏകനായി രാത്രിയിൽ കൊട്ടാരത്തിൽനിന്നും ഇറങ്ങി പുറപ്പെട്ട്, ലോകക്ഷേമം വരുത്താൻ മാൎഗ്ഗം തേടിനടന്ന മഹാകുലപ്രസൂതനായ സിദ്ധാൎത്ഥനെപ്പററി ആൎക്കാണ് ബഹുമാനം തോന്നാത്തത്! സംസാരസങ്കടം തീൎക്കാൻ വേദങ്ങളോ ഉപനിഷത്തുകളോ പുരാണങ്ങളോ ഒന്നും ശരിയായ സമാധാനം നൽകുന്നില്ലെന്നു തോന്നി, സൂക്ഷ്മം കണ്ടുപിടിക്കാൻ സൎവ്വസംഗസന്ന്യാസം ചെയ്ത് ചിന്താകുലനായി ഏറെനാൾഅങ്ങുമിങ്ങും തെണ്ടിനടന്ന്, ഒടുവിൽ ഗയാനുവിന്റെ സമീപം ഒരു അരയാലിന്റെ മൂട്ടിൽ വന്നിരുന്ന് അദ്ദേഹം തപം ചെയ്തു. അപ്പോൾ അദ്ദേഹത്തിന് തത്വജ്ഞാനം ഉദിച്ചു. അന്നുമുതലാണ് സിദ്ധാൎത്ഥൻ 'ബുദ്ധൻ' ആയത്. അരയാലിന് ബോ,-

ധി വൃക്ഷം എന്നും പേർ സിദ്ധിച്ചു. പിന്നീട് അദ്ദേഹം കാശിക്കു സമീപം ഋഷിപത്തനം എന്നു പേർപെററ സാരനാഥനഗരത്തിൽ ഹരിണോദ്യാനത്തിൽവന്ന് പ്രസംഗങ്ങൾ ചെയ്യുവാൻ ആരംഭിച്ചു. "ആര്യപഥം" എന്താണെന്ന് അദ്ദേഹംവിശദീകരിച്ചു. യാഗാദികർമ്മങ്ങളെ പുഷിച്ചു. പശുക്കളെഹിംസിച്ച് ദൈവത്തെപ്രീതിപ്പെടുത്തുന്ന യജ്ഞങ്ങൾക്കു പകരം, തന്നെത്തന്നെ സത്യജ്ഞാനത്തിന്ന് ബലികൊടുക്കയാണവേണ്ടത് എന്നഅദ്ദേഹം ഉപദേശിച്ചു. രാഗദോഷാദികളെ മോചിച്ചാൽ അല്ലാതെ നിർവ്വാണം നേടുകയില്ലഎന്ന് അദ്ദേഹംസിദ്ധാന്തിച്ചു. പൂജകൾ കഴിച്ചതുകൊണ്ടും തന്ത്രങ്ങൾ നടത്തിയതുകൊണ്ടും മനുഷ്യർമൂഢരായി, ദൈവത്തെ കോഴ നൽകിതോഷിപ്പിക്കാം എന്നുള്ള അന്ധവിശ്വാസങ്ങൾ പരന്ന് ആഭിചാരവൃത്തികളിൽ തല്പരരായി, വൈദികബ്രാഹ്മണരുടെഅടിമകളായി, ശകുനവിശ്വാസികളായി. ചാതുർവർണ്ണ്യത്തിൻെറ അഭേദ്യതയിൽ ദൃഢവ്രതരായി, മതവ്യാജേനചെയ്ത പല പ്രഹേളനങ്ങളാൽ അപഹൃതചിത്തരായിതീർന്നതിൽ ഉണ്ടായവേദമതവൈരസ്യത്തിന്റെശാന്തിക്ക് ആയിട്ടാണ് ബുദ്ധൻസ്വമതത്തെപ്രചരിപ്പിച്ചത്. ആദ്യം ബുദ്ധമതത്തിന് പ്രചാരം കുറവായിരുന്നു എങ്കിലും, പിന്നീട് അത് കാട്ടുതീപോലെ ഹിമവൽസേതുപര്യന്തം പരന്ന് വേദമതത്തെ നിർജ്ജീവമാക്കി. പക്ഷേ ഏതാനുംവർഷശതങ്ങൾകഴിഞ്ഞപ്പോൾ ഉമിക്കുള്ളിൽ കിടന്ന അഗ്നിപോലെ ശാന്തമായിരുന്ന വേദമതം, ശങ്കരഭഗവൽപാദർ മുതലായ ആചാര്യന്മാരുടെസോചിവ്യത്തോടെപുനരപി പടർന്നുകത്തി, ബൗദ്ധമതത്തെ ഭാരതഭൂമിയിൽ ഭസ്മമാക്കിയത് ആലോചിക്കുമ്പോൾ, വേദമതത്തിന എത്രമാത്രംസത്വം ഉണ്ടെന്നും, അതിന് കാലാനുസരണമായ പരിണാമത്തിന് എത്രമാത്രം പ്രാവിണ്യം ഉണ്ടെന്നും ഏതു തത്വത്തിനും അ-

തു് അനുകൂലമാണെന്നും പ്രത്യക്ഷപ്പെടുന്നു. എതുകൊ-ണ്ടാലും ചാകാത്തതു് സനാതനം എന്നു് സമ്മതിക്കാതെ തരമില്ലല്ലോ. അതുകൊണ്ടാണു് വേദമതത്തെ സനാ-തന മതം എന്നു് ഇന്നും നാം ആദരിക്കുന്നതു്.

ബുദ്ധമതം ഭാരതത്തെ വെടിഞ്ഞു പോയി എങ്കി-ലും അയൽരാജ്യങ്ങളായ ചീന, സിലോൺ, സയാം, ബർമ്മ, ജപ്പാൻ, മലയാദ്വീപുകൾ, എന്നീ ദിക്കുകളിൽ പരന്നു. ലോകത്തിലുള്ള മതങ്ങളിൽ ഏററവും പ്രചാരം ഇന്നും ബുദ്ധമതത്തിനു് ആകുന്നു. അടുത്തു നിൽക്കുമാ-യിരിക്കും ക്രിസ്തുമതം. യൂദമതം, സിക്കുമതം, പാർസിമതം, ഇസ്ലാംമതം എന്നിങ്ങനെ അനവധി മതങ്ങൾ ലോക-ത്തിൽ പ്രചരിക്കുന്നുണ്ടു്. മതം ഇല്ലാത്ത മനുഷ്യരില്ല. പുരുഷോപജ്ഞമതങ്ങളാണു് അധികം പ്രകൃതിമതം. അനുഷ്ഠിക്കുന്നവരും ധാരാളമുണ്ടു്. ഹിന്ദുമതം എന്ന പേർ ഈയിടെ സൃഷ്ടിച്ചതാണു്. ഇന്ത്യാമഹാരാജ്യ-ത്തിലെ ജനങ്ങളെ ഹിന്ദുക്കൾ എന്നു ഒരു പേരും ഇട്ടു്, അവരുടെ മതത്തിനു് ഹിന്ദുമതം എന്നു് ഒരു പൊതു-സംജ്ഞയും കൊടുത്തിരിക്കുന്നു. ഭാരതീയരുടെ ആദിമതം പ്രകൃത്യാരാധനത്തിൽ മുളച്ചു്, ക്രമേണ വേദാന്തമത-ത്തിൽ പര്യവസാനിച്ചു. അതിനു് ആദിയോ അന്തമോ ഇല്ല. സനാതനമാണു്. അതുകൊണ്ടാണു് അതു് ഇന്നും നിലനിൽക്കുന്നതു്.

മനുഷ്യസമുദായത്തിൽ മതത്തിൻെറ സ്ഥാനം എ-ന്തു് എന്നു് അതു എളുപ്പത്തിൽ ഉത്തരം പറയാവുന്ന ചോദ്യം അല്ല. അതിനെപ്പററി ഒരു ഉപന്യാസം എഴു-താൻ ആരംഭിക്കുന്നതു് സാഹസമായിരിക്കാം. എങ്കിലും, ഏതു മതത്തിൻെറയും പരമോദ്ദേശ്യം മനുഷ്യസമുദാ-യോന്നതി ആണെന്നു് തക്കമില്ല. മുക്തിയോ, സ്വർഗ്ഗ-പ്രാപ്തിയോ, ലോകക്ഷേമമോ, ഏതായാലും, ഉന്നതി ആണു് ലക്ഷ്യം. അതിനുള്ള മാർഗ്ഗങ്ങൾ പ്രവൃത്തിപര-

മായും നിവൃത്തിപരമായും രണ്ടും കൂടിയും പലതുണ്ട്. ഏതു മതവും അനുയായികളുടെ വാസനാനുരൂപം ഭേദപ്പെട്ട് വരുന്നുണ്ട്. ആദികാലത്ത് ഉണ്ടായ ആചാര്യന്മാർ മഹാന്മാരായിരുന്നെങ്കിലും പിൻവാഴ്ചക്കാർ രാഗദ്വേഷാദിവികാരങ്ങളാൽ മലീമസന്മാരായി തീരുകയാൽ മതവ്യാജേന ബഹുദുരിതങ്ങൾ ലോകം അനുഭവിക്കാൻ ഇടവന്നിട്ടുണ്ട് എന്ന് ഏതു ചരിത്രവും സാക്ഷ്യം വഹിക്കും. അതുകൊണ്ട് മതമേ വേണ്ട എന്ന്, റഷ്യയിലെ രക്തബീജന്മാരെപ്പോലെ, ഉപേക്ഷിച്ച് നിർമ്മതസ്ഥർ എന്നും നാസ്തികർ എന്നും ഉള്ള കൂട്ടർ ഉണ്ടായിട്ടും, അവരും ലോകകണ്ടകന്മാരായിത്തന്നെ പരിണമിക്കുന്നു. എലിയെ പേടിച്ച് ഇല്ലം ചുടുന്ന ആ വർഗ്ഗക്കാർക്കും സദസദ്വിവേകം കൂടാതെ ലോകയാത്ര സാദ്ധ്യമാകുന്നില്ല. മതം ഇല്ലെന്ന് വാദിക്കുന്നവർ, മനുഷ്യന് ദേഹം അല്ലാതെ ആത്മാവോ മനസ്സോ ഇല്ലെന്ന്, പറയേണ്ടിവരും. ഐഹികവൃത്തികൾ എല്ലാം ദൈഹികവും പാരത്രികവൃത്തികൾ ആത്മീയവും ആകുന്നു. ഒന്ന് സ്ഥൂലവും മറേറതു് സൂക്ഷ്മവും; ഒന്ന് നശ്വരവും മറേറതു് അനശ്വരവും അത്രെ. ദേഹവും ആത്മാവും ചേർന്നെങ്കിൽ മാത്രമേ മനുഷ്യൻ ആകയുള്ളൂ. അതുപോലെ ആണ് ആചാരവും മതവും. ആചാരം ഇല്ലാത്ത മതമോ, മതം ഇല്ലാത്ത ആചാരമോ ദേഹം ഇല്ലാത്ത ദേഹിയും ദേഹി ഇല്ലാത്ത ദേഹവുംപോലെ, വിലക്ഷണം ആണെന്ന് പറയാം.

---

# പതിനൊന്നാം അദ്ധ്യായം

---

## ഗ്രീസ്സും പാരസീകസാമ്രാജ്യവും

മതങ്ങളെപ്പററിയുള്ള പ്രസ്താവം അവിടെ നിൽക്കട്ടെ. നമുക്ക് ചരിത്രം തുടരാം. പഴയ ഗ്രീക്കുകാരും പാർ-

സ്യന്മാരും തമ്മിൽ ഉണ്ടായ കലഹം രണ്ടാംഭാരതയുദ്ധം-തന്നെ ആയിരുന്നു. ഗ്രീക്കുകാർ അനേകാനഗര സംസ്ഥാനങ്ങളായി പാത്ത് പരിഷ്കൃതരായി ജനസമുദായ രാജ്യഭരണത്തെ പുലത്തിവന്നതും, പാരസീകർ ഡറയസ്സ് എന്ന വീരൻെറ പ്രതാപത്താൽ സാമ്രാജ്യപദവി നേടിയതും മററും മുമ്പൊരു അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. ഡറയസ്സിൻെറ സാമ്രാജ്യം വിസ്തൃതികൊണ്ട് മാത്രമല്ല ഭരണവ്യവസ്ഥകൊണ്ടും മഹത്തായിരുന്നു. ചിന്നേഷ്യ മുതൽ സിന്ധുനദീതീരംവരെ ഉള്ള പ്രദേശവും, ഈജിപ്ററും, ചിന്നേഷ്യയോട്ട് തൊട്ടുകിടക്കുന്ന ഗ്രീക്കുകാരുടെ നഗരങ്ങളും, ആ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. ഇത്ര വലിയ സംസ്ഥാനത്തിൻെറ ഒരററം മുതൽ മറേറ അററംവരെ നല്ല വെട്ടുവഴികൾ ഉണ്ടാക്കി പട്ടാളങ്ങളേയും തപാലുകളേയും സഞ്ചരിപ്പിച്ചിരുന്നു. എന്തു് കാരണത്തിന്മേലോ ഗ്രീക്കുകാരും ഡറയസ്സും തമ്മിൽ പിണങ്ങി മഹായുദ്ധംനടന്നു. അതിന്റെ ചരിത്രം ഹെറോടോട്ടസ്സ് എന്ന ചരിത്രകഥകൻ മഹാഭാരതംപോലെ എഴുതി ഇട്ടിട്ടുണ്ട്. ഡറയസ്സിന്റെ പൂർവ്വികന്മാരായ സൈറസ്സും കംബിസസ്സും ഈജിപ്ററും സിറിയയും പിടിച്ചു. അന്നേ ഗ്രീക്കുകാർ വളന്നു തുടങ്ങിയിരുന്നു. ഡറയസ്സിന്നു് അവരെക്കൂടി കീഴടക്കണം എന്നു് ആദ്യമേ മോഹംഉണ്ടായിരുന്നു. എന്നുമാത്രമല്ല, പാരസികരുടെ പൂർവ്വകുടുംബം റഷ്യയുടെ ദക്ഷിണദേശങ്ങളിലായിരുന്നു എന്നും, അവിടം സൈരസഞ്ചാരികളായ സിതിയൻ വർഗ്ഗക്കാരാൽ അദ്ധ്യൂഷിതമായിരുന്നതു് കൈക്കലാക്കണം എന്നും ഉള്ള ആഗ്രഹം അനല്പമായിരുന്നു. അതിന്നു, തൽക്കാലം ഒരു കാരണവും കൂടി കിട്ടി. എന്തെന്നാൽ, ഈ സിതിയന്മാർ പാരസീകസാമ്രാജ്യത്തിൻെറ വടക്കും കിഴക്കും ഭാഗങ്ങളെ ആക്രമിച്ചുവന്നി-

രുന്നു. ഇങ്ങനെ ഇരിക്കവെ, ഒരു ഗ്രീക്കുവൈദ്യൻ ഡറയസ്സിൻെറ രാജധാനിയിൽ പാൎത്തിരുന്നു. അയാൾക്ക് തിരികെ ഗ്രീസിൽ പോയാൽ കൊള്ളാമെന്ന് ആഗ്രഹം മുഴുത്തു. അയാളാണ് ഡറയസ്സിനെ ഗ്രീസിൽ അഭിസരണം ചെയ്യാൻ ഉദ്യമിപ്പിച്ചതു് എന്ന് ഒരു ഐതിഹ്യമുണ്ട്. ഡറയസ്സ് യൂറോപ്പുഖണ്ഡത്തിലേക്ക് കടന്നതു് ബൾഗേറിയ എന്ന് ഇന്ന് സംജ്ഞ വഹിക്കുന്ന ത്രേസ്സ് എന്ന രാജ്യത്തുക്കൂടി ആയിരുന്നു എന്നും ദാന്യൂബ് വൻനദി കടക്കാൻ ഇട്ടിരുന്ന പാലം അയോണിയൻ ഗ്രീക്കുകാർ പൊളിക്കയാൽ കാന്ദിശീകരായി. പാരസീകപട്ടാളം പിൻതിരിയേണ്ടിവന്നു എന്നും, അതിന് പകരം വീടാൻ വലുതായ നാവികബലത്തോടെ ഡറയസ്സ് കടൽ വഴി ബി. സി. 490-ൽ ഗ്രീസിൻെറ തലസ്ഥാനമായ ആത്തൻസിനു സമീപം മാരതാൺ എന്ന തുറമുഖത്തിൽ ഇറങ്ങി എന്നും, വലുതായ പാരസീകസന്നാഹത്തിൻെറ സർവ്വാഭിസാരവൃത്താന്തം അറിഞ്ഞു ഗ്രീക്കുകാർ പൂർവ്വവൈരങ്ങളെല്ലാം മറന്ന് വീരന്മാരായ സ്പാർട്ടന്മാരുമായി യോജിച്ച് പാരസീകസേനയോട്ട് എതിൎത്ത് അവരെ ഓടിച്ചു എന്നും, ഉള്ള ചരിത്രം ഹിറോഡോട്ടസ് വിസ്തരിച്ചു എഴുതീട്ടുണ്ട്. സ്പാർട്ടന്മാർ അതിവേഗം അനേകകാലം വഴി ഓടി എത്തിയ അൽഭുതകൃത്യത്തിൻെറ സ്മാരകമായിട്ടാണ് ഇന്നും "മാരതാൺ ഓട്ടമത്സരം" എന്ന പേരിൽ കളികൾ നടക്കുന്നതു്.

അക്കാലത്തു് ലോകപ്രസിദ്ധി നേടിയിരുന്ന പാരസീകസേന, ഇന്നല്ല തലപൊക്കിയ ഗ്രീക്കുസൈന്യത്തോട്ട് തോറ്റുപോയ കുറച്ചിൽ സഹിക്കാതെ ഡറയസ്സ് മരിച്ചു. അദ്ദേഹത്തിൻെറ പുത്രൻ ക്സർക്സീസ് പിതാവിൻെറ ഉദ്യമത്തെ തുടന്നു. നാലുകൊല്ലക്കാലം സേനാസന്നാഹം ചെയ്തു് വേണ്ടുന്ന ഒരുക്കങ്ങളോടുക്കൂടി അദ്ദേഹം ഗ്രീസിലേക്കു പുറപ്പെട്ടു. മന്ത്രിപ്രമുഖനും

പിതൃവ്യനും ആയിരുന്ന ആർട്ടഫാനസ് എന്നയാൾ ഈ യാത്ര ആപല്ക്കരമാണെന്നു തടുത്തതിനെ രാജാവ് കൂട്ടാക്കിയില്ല. എന്നുമാത്രമല്ല, "ഉത്സാഹിനം പുരുഷസിംഹമുപൈതി ലക്ഷ്മീഃ" എന്നുള്ള ന്യായംപറഞ്ഞു, "ഗുണദോഷങ്ങളെ ത്രാസിലിട്ടു തൂക്കി കാര്യങ്ങൾ നടത്തുന്ന മന്ത്രിമാരായിരുന്നു എങ്കിൽ പിതാവിന് സാമ്രാജ്യം ഉണ്ടാകയില്ലായിരുന്നു" എന്ന് അധിക്ഷേപിക്കയും ചെയ്തു. പിതാവു പോയ വഴിയേ അല്ല പുത്രൻ പുറപ്പെട്ടതു്. സാർഡിസ് നഗരത്തിൽ മഹാസേനയെ എല്ലാം ഒരുമിച്ചു ചേർത്തു്, ഇന്ന് ബാസ്പറസ് എന്നു പേരു പറയുന്ന ഹെല്ലസ്പാണ്ട് കടലിടുക്കുവഴി ത്രേസ്സിലും മാസിഡോണിയയിലും കൂട്ടികടന്ന്, തെർമ്മാപ്പിലേയിൽ വന്നെത്തിയ യുദ്ധയാത്രാവൃത്താന്തം ഏററവും തന്മയത്വത്തോടും വർണ്ണനകളോടും ഹിറോഡോട്ടസ് വിസ്തരിച്ചിരിക്കുന്നതു് വായിക്കേണ്ടതാണ്. തന്റെ മഹാസേന ഹെല്ലസ്പാണ്ട് കടലിടുക്കിൽക്കൂടി ഓടങ്ങളിൽ കയറി കടന്നുപോകുന്നതു് കണ്ടപ്പോൾ, രാജാധിരാജനായ ക്സർക്സീസ് ആദ്യം അതിസന്തുഷ്ടനായി; പിന്നീട് ചിന്താമഗ്നനായി വിലപിച്ചു. പിതൃവ്യനായ ആർട്ടബാനസ് ഈ ഭാവഭേദം കണ്ടിട്ട്, 'എന്തൊരു കഥയാണ്' എന്നു ചോദിച്ചതിനു മറുപടിയായി 'മററൊന്നുമല്ല' എല്ലാ സംഗതികളുംകൂടി ചിന്തിച്ചപ്പോൾ മനുഷ്യായുസ്സ് എത്ര തുച്ഛമാണെന്നും, ഇക്കാണുന്ന സേനാസമൂഹത്തിൽ ഒരു ജീവനെങ്കിലും നൂറുകൊല്ലം കഴിഞ്ഞാൽ കാണുകയില്ലല്ലോ എന്നും ചിന്തിച്ച് വിഷാദിച്ചതാണ് എന്ന് ക്സർക്സീസ് മറുപടി പറഞ്ഞു. തെർമ്മാപ്പിലേ എന്ന സ്ഥലം ഒരുവശം കടലും മറുവശം മലയും ആയ ഒരു ഇടുക്കായിരുന്നു. അവിടെ ലിയോനിഡാസ് എന്ന സ്പാർട്ടൻ വീരന്റെ നേതൃത്വത്തിൽ ആയിരത്തിനാനൂറു ഭടർ ക്സർക്സീസിന്റെ മഹാസേനയോട്ട് അതിധീരതയോടെ പൊരുതു്

ഒന്നൊഴിയാതെ വീരസ്വൎഗ്ഗം പ്രാപിച്ച കഥ വായിക്കുമ്പോൾ, രജപുത്തുരാജധാനിയായിരുന്ന ചിറവൎകോട്ടയെ പിടിച്ചപ്പോൾ നടന്ന വീരായോധനകഥയും ഭാരതത്തിലെ അഭിമന്യുയുദ്ധവും ആരും ഓൎമ്മിക്കാതെ ഇരിക്കയില്ല. പാരസീകമഹാസേന അവിടം കടക്കാൻ എത്ര കഷ്ടനഷ്ടങ്ങൾ അനുഭവിച്ചു എന്നു കണക്കില്ല. പിന്നീട് പാരസീകർ ഗ്രീസ്സിൻെറ തലസ്ഥാനമായിരുന്ന ആത്തൻസ് നഗരം ധ്വംസിച്ചു. എങ്കിലും, ഗ്രീക്കുകാരുടെ നാവികബലം അടങ്ങിയിരുന്നില്ല, സലാമിസ് എന്ന കടലിടുക്കിനു സമീപം വെച്ച് ഗ്രീക്കുകാരുടെ കപ്പലുകളും പാരസീകനാവികബലവും കൂട്ടിമുട്ടി ഒരു വലിയ കടൽയുദ്ധം നടന്നതിൽ ഗ്രീക്കുകാർ ജയഭേരി നേടി. തെമിസ്റ്റാക്ലീസ് എന്ന നാവികസേനാനായകൻെറ നേതൃത്വംകൊണ്ടു മാത്രമാണു് ഈ വിജയം സിദ്ധിച്ചതു്. ക്സൎക്സിൻെറ മോഹം ഭഗ്നമായി. അദ്ദേഹം ശേഷിച്ച സേനയുംകൊണ്ടു് തിരികെ സ്വരാജധാനിയിൽ വന്നെത്തി, യൂറോപ്പിലെ സംസ്ഥാനങ്ങളെ ആക്രമിക്കുന്നതിൽനിന്നു് നിശ്ശേഷം വിരമിച്ചു. അന്നുമുതലാണു് പാരസീകസാമ്രാജ്യത്തിൻെറ അധഃപതനം ആരംഭിച്ചതു്. അതു നശിച്ചതു് എങ്ങിനെ എന്നു് വഴിയെ പറയാം. ഒരു മഹാരാജ്യത്തിൻെറ അധഃപതനത്തെപ്പററി ചരിത്രകാരനായ ഹിറോഡോട്ടസ് ഇങ്ങനെ പറയുന്നു:—"ആദ്യം വിജയം; പിന്നീടു തന്നിമിത്തം മദാന്ധതയും അന്യായവും; ഒടുവിൽ അധഃപതനം; ഈ മൂന്നവസ്ഥകളെ ഏതു് രാജ്യചരിത്രവും വ്യക്തമാക്കുന്നു."

# പന്ത്രണ്ടാം അദ്ധ്യായം

## ഗ്രീസും മാസിഡോണിയയും അലക്സാണ്ടരും

പാരസീകരുമായുള്ള സമരത്തിൽ നേടിയ വിജയം ഗ്രീക്കുകാരെ ഉയർത്തി. ശത്രുബാധ ഇല്ലാതെ ഉള്ള സുഖവാസം അവരിൽ നിലീനമായിരുന്ന കലാവൈദഗ്ദ്ധ്യത്തെ ഉജ്ജീവിപ്പിച്ചു. ഈ ഔന്നത്യം പക്ഷേ ക്ഷണികമായിരുന്നു. നൂററമ്പതു കൊല്ലത്തിനു മേൽ നിന്നില്ല എങ്കിലും, തദനന്തരം ഇന്നു് ഇരുപത്തിമൂന്നു വർഷശതങ്ങൾ കഴിഞ്ഞിട്ടും, അതു് ലോകത്തിൽ ഒരു അത്ഭുതമാതൃകയായി വിളങ്ങുന്നു. സാമ്രാജ്യത്തിന്റെ വിസ്തൃതി നോക്കിയാൽ ഒരു പൊട്ടുപോലെ അല്പമായിരുന്നെങ്കിലും, വൈദഗ്ദ്ധ്യംകൊണ്ടും വിജ്ഞാനംകൊണ്ടും കലാകൗശലംകൊണ്ടും ഗ്രീസ്സ് പർസ്യയെക്കാൾ പതിന്മടങ്ങ് മഹത്തായിരുന്നു. ഒരു രാജ്യത്തിന്റെ വിസ്താരമോ, ജനബാഹുല്യമോ, യുദ്ധസാമർത്ഥ്യമോ അല്ല, ജനങ്ങളുടെ ഉൾക്കരുത്തു്, ജ്ഞാനം, ചിന്താപഥം, അനുഭവം, സൌന്ദര്യബോധം, സൌജന്യം എന്നുള്ള സുകുമാരമനോഭാവങ്ങളാണ് മഹത്വത്തെ കുറിക്കുന്നതു്. അതോതു് അനുസരിച്ചു നോക്കുന്നപക്ഷം ഗ്രീക്കുകാർ മഹാന്മാരായിരുന്നു, സംശയമില്ല.

തെർമാപ്പിലേയും സലാമിസ്സും യുദ്ധങ്ങൾ നടന്നപ്പോൾ യോജിച്ചിരുന്ന ഗ്രീക്കുവർഗ്ഗക്കാർ, അമ്പതുകൊല്ലം കഴിയുംമുമ്പ് തങ്ങളിൽ പിണങ്ങി സ്പാർട്ടയും, ത്ബ്സും, ആത്തൻസും തമ്മിൽ ഏറിയകാലം കലഹിച്ചു് ഉണ്ടായ യുദ്ധത്തിനു് "പെലപ്പോനീഷ്യൻ സമരം" എന്നാണ് സംജ്ഞ. മുപ്പതു് കൊല്ലത്തോളം തുടർന്നിന്ന ഈ മത്സരസമരം ഓരോ കക്ഷിക്കു് ഓരോ സമയത്തു് പ്രാബല്യം വരുത്തി; എങ്കിലും, ഒടുവിൽ ആത്തൻ-

സ് പരിക്ലേശരാജാവിന്റെ കാലത്തു് വിഭുത്വം നേടി. ജനരഞ്ജകനായിരുന്ന പരിക്ലേശരാജാവിനെപ്പോലെ ഗ്രീസ്സിൽ ഒരു നരപതി ഉണ്ടായിട്ടില്ലെന്നു് സർവ്വസമ്മതമാണു്. ഗ്രീസ്സിൽ രാജാവു് എന്നതു് ജനപ്രമാണിയ്ക്കു് ഉള്ള സംജ്ഞയാണെന്നു് ധരിക്കണം. അല്ലാതെ, പാരസീകസാമ്രാജ്യങ്ങളിലും മററും ഉണ്ടായിരുന്നവണ്ണം പാരമ്പര്യസിദ്ധമായ സ്ഥാനമല്ല. രാജ്യതന്ത്രത്തിൽ എന്നല്ല, പ്രവൃത്തിപഥത്തിലും സമരാംകണത്തിലും സമർത്ഥൻ ആയിരുന്ന പരിക്ലേശരാജാവിന്റെ മുപ്പതുകൊല്ലത്തെ ഭരണകാലം ഒരു നവയുഗമായി ചരിത്രകാരന്മാർ ഗണിക്കുന്നു അന്നാണു് ആതൻസ് നഗരം മന്ദിരങ്ങളാലും ശ്ലാക്ഷ്ണശിലാബിംബങ്ങളാലും അലംകൃതമായി ലോചനാസേചനമായിത്തീൎന്നതു്. വിദ്വാന്മാർ അന്നാണു് അവിടെ വിളങ്ങിയതും ബഹുമതരായതും. ഫീഡിയാസ്, എന്ന പ്രസിദ്ധ തക്ഷകനും, സാഫക്ലീസ്, ഏസ്കലസ്, യൂറിപ്പിഡീസ്, ആരിസ്റ്റോഫേനീസ്, പിൻഡാർ മിനാൻഡർ, സാപ്പോ തുടങ്ങി അനവധി കവികളും നാടകകൎത്താക്കളും സാക്രട്ടീസ്, പ്ലേറേറാ, ആരിസ്റ്റാട്ടൽ തുടങ്ങിയ തത്വജ്ഞാനികളും, ഹിറോഡോട്ടസ്, ക്സിനോഫൺ മുതലായ ചരിത്രകാരന്മാരും വിളങ്ങിയ ആതൻസ് നഗരം പരിഷ്കൃതലോകതിലകമായി തീൎന്നതിൽ എന്താണു് അത്ഭുതം! വിശ്വവിഖ്യാതരായ ഇവരുടെ സാന്നിദ്ധ്യം മതി ഏതു് ദേശത്തെയും പൂതമാക്കാൻ. എലിസബെത്തിന്റെ ഇംഗ്ലണ്ടു്, വിക്ടോറിയയുടെ ഇംഗ്ലണ്ടു് എന്നു പറയുമ്പോലെ, പരിക്ലേശരാജാവിന്റെ നഗരം എന്നാണു് ആതൻസിനു് ഇന്നും പ്രസിദ്ധി. അന്നത്തെ മഹാന്മാരുടെ ഓരോരുത്തരുടേയും കഥ ഓരോ പുസ്തകമായി എഴുതാം. അക്കാലത്തു് ഉണ്ടായിരുന്ന മനോവിലാസത്തിന്റെ പ്രതിഭാനങ്ങളായിരുന്നു അവർ. ഇന്നു് ഗാന്ധി എങ്ങനെയോ, എന്നപോലെ സത്യാ-

ന്വേഷി ആയിരുന്നു സാക്രട്ടീസ്. അനവധി ശിഷ്യന്മാർ അദ്ദേഹത്തിന് ഉണ്ടായിരുന്നവരിൽ പ്രമാണി പ്ലേറ്റോ ആയിരുന്നു. സംവാദരൂപത്തിൽ ആയിരുന്നു അദ്ദേഹം ശിഷ്യരെ ജ്ഞാനപഥത്തിൽ സഞ്ചരിപ്പിച്ചതു്. അന്നത്തെ ഭരണകർത്താക്കന്മാൎക്കു് അദ്ദേഹത്തിൻെറ തത്വാന്വേഷണപദ്ധതി രസിച്ചില്ല. സത്യം ആൎക്കും രുചിക്കയില്ലല്ലോ. ഒന്നുകിൽ സംവാദസംരംഭം നിറുത്തണം, അല്ലെങ്കിൽ വിഷംകുടിച്ചു ജീവത്യാഗം ചെയ്യണം, എന്നു് അധികാരികൾ സാക്രട്ടീസിനെ നിർബന്ധിച്ചപ്പോൾ, ധനത്തിനും സ്ഥാനത്തിനും വേണ്ടി ജ്ഞാനത്തേയും സത്യത്തേയും ധരിക്കുന്നവരെക്കുറിച്ചു ശോചിക്കയും, മരണം എന്താണു് നല്ലതോ ചീത്തയോ എന്നു് തിട്ടമില്ലെങ്കിലും അതിനെക്കുറിച്ചു ഭയം ഇല്ലെന്നും, സത്യനില വിട്ടു ദുഷ്ടമായതിനെ സ്വീകരിക്കാൻ മനസ്സില്ലെന്നും പറകയും ചെയ്തതനുസരിച്ചു് അധികാരികൾ കൊണ്ടു കൊടുത്ത വിഷം കുടിച്ചു പ്രാണനെ അദ്ദേഹം ഉപേക്ഷിച്ചു! സത്യത്തിനു വേണ്ടി പ്രാണത്യാഗം ചെയ്ത ഈ മഹാനെ ആരാണു് വന്ദിക്കാത്തതു്! ഗുരുവിനെപ്പററി പ്ലേറ്റോ എഴുതീട്ടുള്ള കഥകൾ വായിച്ചാൽ ആനന്ദംകൊണ്ടു് ആർ കണ്ണുനീർപ്പൊഴിക്കയില്ല! സൎവ്വശാസ്ത്രപാരംഗതനായിരുന്നു പ്ലേറ്റോ. രാജ്യഭരണതന്ത്രത്തെപ്പററിപ്പോലും അദ്ദേഹം എഴുതീട്ടുണ്ടു്. ജ്ഞാനത്തിനു് ആത്മോൽപത്തിയും സൂക്ഷ്മരൂപവും കല്പിച്ചു്, അവയുടെ സനാതനത്വത്തിലാണു് ആ മഹാൻ തത്വചിന്തകളെ ഉറപ്പിച്ചതു്. നേരെ മറിച്ചു് പ്രായോഗികജ്ഞാനത്തെ പ്രമാണമാക്കി ചിന്തകൾ ചെയ്ത മഹാനായിരുന്നു ആരിസ്റ്റാട്ടൽ. നവീനപ്രായോഗിക ശാസ്ത്രങ്ങളുടെ പിതൃസ്ഥാനം പാശ്ചാത്യർ അദ്ദേഹത്തിനു് നൽകിയിരിക്കുന്നു. ഈ ആരിസ്റ്റാട്ടലിൻെറ ശിഷ്യനായിരുന്നു പേർപെററ മഹാൻ അലക്സാണ്ടർ

അലക്സാണ്ടരുടെ ചരിത്രം പറയും മുമ്പിൽ അദ്ദേഹത്തിന്റെ പിതാവായ ഫിലിപ്പിനെപ്പററി പ്രസ്താവിക്കാതെ തരമില്ല. അലക്സാണ്ടർ ഗ്രീക്കുകാരനാണെന്നു പറയുന്നതു് കേവലം ഉപചാരമാണു്; വാസ്തവത്തിൽ മാസിഡോണിയക്കാരനായിരുന്നു. ഗ്രീക്കുകാർ ആഭ്യന്തരകലഹം നടത്തി ക്ഷീണിച്ച കാലത്തു് ഉത്തരദേശത്തു് മാസിഡോണിയ എന്നൊരു ചെറിയ സംസ്ഥാനം തല പൊക്കി. അവിടെ പാർത്തിരുന്നവർ സത്യത്തിൽ ഗ്രീക്കുകാരല്ലായിരുന്നു; എങ്കിലും അവരുടെ പരിഷ്കാരനിഴൽ തട്ടി വളൎന്നവരായിരുന്നു. ബി. സി. ൩൫൯-ൽ ഫിലിപ്പ് അവിടത്തെ പ്രമാണിയായി. ഫ്ലിപ്പ് മദ്യപാനിയായിരുന്നു എന്നൊരു അപഖ്യാതിയുണ്ടു്. അതിൽ വാസ്തവം മറെറാന്നുമല്ല, മാസിഡോണിയന്മാർ ഉത്സവാവസരങ്ങളിലും സദ്യകളിലും ധാരാളം കുടിക്കുന്ന കൂട്ടരായിരുന്നതുപോലെ ഫ്ിലിപ്പും ചെയ്തിരിക്കാമെന്നുള്ളതാകുന്നു. മാസിഡോണിയാക്കാർ ഗ്രീക്കുകാരെക്കാൾ താണപടിയിലുള്ള കൃഷീവലവൎഗ്ഗങ്ങളായിരുന്നു. അവരുമായി കൂട്ടുകൂടുന്നതു് കുറച്ചിലെന്നായിരുന്നു ഗ്രീക്കുകാരുടെ ഭാവം. ബുദ്ധികൊണ്ടും സാമൎത്ഥ്യംകൊണ്ടും മാസിഡോണിയരിൽ ഫ്ിലിപ്പ് പ്രമാണിയായി. നാർഡിക്കു ആൎയ്യവൎഗ്ഗത്തിൽ ചേൎന്നവനായിരുന്നതുനിമിത്തം സഹിഷ്ണുതയും ആജ്ഞാശക്തിയും നിൎവ്വഹണസാമൎത്ഥ്യവും ഉണ്ടായിരുന്നു. ഒരു തുറമുഖംപോലും ഇല്ലാതെ ഉൾരാജ്യം ആയിരുന്ന മാസിഡോണിയ ഫ്ിലിപ്പിന്റെ നേതൃത്വത്തിൽ വിസ്തൃതമായി. അദ്ദേഹത്തിൻെറ അക്ഷൌഹിണി പ്രസിദ്ധമാണു്. അമ്പു് കടക്കാത്തവിധം ഞെരുങ്ങിയ പദാതിസംഘവും, 'സഖാ'ക്കളെന്നു പേർകൊടുത്തിരുന്ന സാദിവ്യൂഹവും കൂടിച്ചേൎന്ന ആ സേനാസന്നാഹം അഭേദ്യവും ദുർദ്ധൎഷവും ആയിരുന്നു. കുറേകാലം പണയപ്പെട്ടവനായി ഗ്രീസ്സിൽ ഫ്ിലിപ്പ് പാൎത്തി-

രുന്നപ്പോൾ പരിഷ്കൃതസമുദായരീതികളും സമരകൌശലങ്ങളും എല്ലാം അഭ്യസിച്ചിരുന്നതുകൊണ്ടു്, ഗ്രീക്കകാരോട്ടു് ഒപ്പം അയാൾക്കു് പരിഷ്കാരവും, ഉൗജ്ജിതം ഇരിട്ടിയും, കിട്ടി. മാസിഡോണിയാസംസ്ഥാനം വളരുന്നതു കണ്ടു് ഗ്രീക്കകാൎക്കു് കണ്ണുകടി സഹിക്കാതെ, ഡിമാസ്തനീസ്, എന്ന പ്രസിദ്ധവാഗ്മി ശക്തിമത്തായ പ്രസംഗപരമ്പരയാൽ ("ഫിലിപ്പിക്സ്" എന്നാണു് പ്രസംഗങ്ങൾക്കപേർ) ഫിലിപ്പിനേയും മാസിഡോണിയന്മാരേയും ഒട്ടുക്ക ശകാരിച്ചു. ആഭ്യന്തരകലഹം നിമിത്തം എതിക്കാൻ ഗ്രീക്കകാൎക്കു കഴിഞ്ഞില്ല. ഗ്രീക്കകാരുടെ മതവും പ്രബുദ്ധസംസ്കാരവുംനിലനിൽക്കണമെങ്കിൽ മാസിഡോണിയാക്കാരെ കൂട്ടപിടിക്കണം എന്നു മാത്രമല്ല, സൎവ്വഗ്രീക്കസംസ്ഥാനങ്ങളും ഒന്നുചേൎന്ന ഒരു കൂട്ടുകെട്ടു വേണമെന്നു് ഐസൊക്രാററീസ് വാദിക്കയും അതിൻവണ്ണം ഗ്രീക്കകാർ ഫീലിപ്പിനോട്ടു് സഖ്യത്തിനു, ദൂതന്മാരെ അയയ്ക്കുകയും ചെയ്തു. ഇതിൽവെച്ചു് ഗ്രീസ്സിലെ ജനങ്ങൾ രണ്ടു കക്ഷികളായി പിരിഞ്ഞു് കലഹിച്ചു. ആ യുദ്ധത്തിൽ ഫിലിപ്പിൻെറ സഹായത്തോടുകൂടി ഷിറോണിത എന്ന സമരാങ്കണത്തിൽവെച്ചു് ഗ്രീക്കകക്ഷിക്കാർ നിശ്ശേഷം തോററു. പ്രധാന നഗരമായ ആതൻസ് ഫിലിപ്പിനെ രാജാവായി സ്വീകരിച്ചു. ഇതു് ബി. സി. 336-ലാണു് നടന്നതു്; അതായതു്, അദ്ദേഹം മാസിഡോണിയായിൽ ആധിപത്യം വഹിച്ചിട്ടു് ഇരുപത്തിമൂന്നുകൊല്ലം കഴിഞ്ഞപ്പോൾ.

ഇത്ര ശൂരനായിരുന്ന ഫിലിപ്പിനെ ഭാൎയ്യയാണു വധിപ്പിച്ചതു് എന്നു കേൾക്കുമ്പോൾ ആ രാക്ഷസിയെപ്പററി നമുക്കു വെറുപ്പുതോന്നാതെ വരുമോ? എപ്പിറസ്സു് രാജ്യത്തിലെ രാജാവിൻെറ മകളായിരുന്ന ഒളിമ്പിയാസ് എന്നു പേരായ ഭാൎയ്യ, അന്ധവിശ്വാസങ്ങളാലും ആഭി-

ചാരവ്യഭിചാരവൃത്തികളാലും കളങ്കിതയായി. പതിയേയും പുത്രനേയും ഒരുപോലെ ദ്രോഹിച്ചു. പതിയെ കൊല്ലിച്ചു; പുത്രനായ അലക്സാണ്ടരെ അച്ഛനോട്ട് വിരോധപ്പെടുത്തി ദാംഭികനാക്കി. അച്ഛനാകട്ടെ, മകനെ വളരെ നിഷ്കർഷയോടുകൂടി വൈദികവും ലൗകികവുമായ സകല കാര്യങ്ങളിലും, വിശിഷ്യ സേനാനിർവഹണത്തിലും, അഭ്യസിപ്പിച്ചിരുന്നു.

ആരിസ്റ്റാട്ടൽ എന്ന പ്രസിദ്ധപണ്ഡിതനെക്കൊണ്ടാണ് അലക്സാണ്ടരെ പഠിപ്പിച്ചത്. മകനു് വേണ്ടുവോളം പരിശീലനം ചെയ്യിപ്പിച്ച് തന്റെ പിൻവാഴ്ചക്കാരനാക്കണം എന്ന് ഫ്ലിപ്പ് മോഹിച്ചിരുന്നു. ദുർവൃദ്ധയായ ഒളിമ്പിയാസ് മകനെ അച്ഛനോടു വെറുപ്പിച്ച് മാതൃഗൃഹത്തിൽ കൊണ്ടുപോയി താമസിപ്പിച്ചു. പിന്നീട് സോദരന്റെ കല്യാണത്തിനു് ക്ഷണിച്ചുവരുത്തിയ ഭർത്താവിനെ കുത്തിക്കൊല്ലിച്ചു. തദനന്തരം മാസിഡോണിയയിൽ തിരിച്ചെത്തി, അവൾ ഘാതകന്റെ ശവദാഹം ഭർത്താവിൻേറതുപോലെ സകലാഡംബരങ്ങളോടുകൂടി നടത്തിച്ചു! സപത്നിയായിരുന്ന ക്ലീയോപ്പാട്രായേയും കുട്ടിയേയും ഞെരുക്കിക്കൊല്ലിച്ചു! ഈ രാക്ഷസകൃത്യങ്ങൾ മകൻ അലക്സാണ്ടരെ വിറപ്പിച്ചു. അമ്മയുടെ സർവാധികാരത്തിൽ അയാൾ അകപ്പെട്ടു. അമ്മയുടെ പാപകൃത്യം നിമിത്തമായിട്ട് ഇരുപതാമത്തെ വയസ്സിൽ അലക്സാണ്ടർ ഒരു മഹാരാജ്യത്തിനു് രാജാവായി. അലക്സാണ്ടൎക്ക് "മഹാൻ" എന്നൊരു ബഹുമതിനാമം ചരിത്രകാരന്മാർ നൾകുന്നുണ്ടു്. തള്ളയുടെ ദുരുപദേശങ്ങളെക്കൊണ്ടും ഉപജാപങ്ങളെക്കൊണ്ടും ഉന്മത്തനായി, കളിക്കൂട്ടുകാരോട്, "അച്ഛനെല്ലാം ചെയ്തിട്ടേ പോവൂ; പിന്നെ ഞാൻ നിങ്ങളോട്ട് ഒത്തു നടത്താനുള്ള വലിയ കാര്യം ഒന്നും ശേഷിക്കയില്ല." എന്ന് പരാതി പറഞ്ഞ പയ്യൻ, "മഹാൻ" എന്ന

സംജ്ഞയ്ക്ക് അർഹനാകാൻ ഉള്ള ആരംഭമല്ല പ്രത്യക്ഷപ്പെട്ടത്തിയതു്. രാജസ്ഥാനമേററ കാലത്തു ചെയ്തിട്ടുള്ള തോന്ന്യാസങ്ങളും കഠിനകൃത്യങ്ങളും ആലോചിച്ചാലും ആ പേരിനു അർഹത കാണുന്നില്ല. എങ്കിലും ഏഡ്രിയാററിക്ക് ഉൾക്കടലിന്റെ തീരം മുതൽ കിഴക്കോട്ടും തെക്കോട്ടും വിസ്തൃതമായി കിടന്നിരുന്ന പ്രശസ്തമഹാരാജ്യങ്ങളോടുകൂടിയ പ്രദേശം ആസകലവും സിന്ധുനദീതീരംവരെയും യുദ്ധം ചെയ്തു പിടിച്ചടക്കി, സാർവഭൗമതയ്ക്കു വഴി കാട്ടിയ അലക്സാണ്ടരെ അന്നു് എല്ലാവരും "മഹാൻ" എന്ന ബിരുദംകൊണ്ടു് അഭിമാനപുരസ്സരം പുകഴ്ത്തിയതു് കുററമല്ല. ഒരു കാര്യം ധരിച്ചാൽ മതി; പിതാവിന്റെ നേട്ടങ്ങളും നോട്ടങ്ങളും ഇല്ലാതെ ഇരുന്നെങ്കിൽ അലക്സാണ്ടർക്ക് ദിഗ്വിജയം നടത്താൻ യാതൊരു ശേഷിയും ഉണ്ടായിരിക്കയില്ലായിരുന്നു. ഉണ്ടായാലും ഉപയോഗിക്കാൻ കെൽപുണ്ടായിരുന്നെങ്കിൽ മാത്രമേ ആരും വിളങ്ങൂ. ആ വിഷയത്തിൽ അലക്സാണ്ടർക്ക് മെച്ചം ഉണ്ടായിരുന്നു. അച്ഛന്റെ യുദ്ധച്ചട്ടങ്ങളെ മകൻ നല്ലപോലെ ധരിച്ചു് ഫലിപ്പിച്ചു. അലക്സാണ്ടരെ മഹാനായി ഗണിച്ചാലും ഇല്ലെങ്കിലും അദ്ദേഹത്തിന്റെ യശസ്സു് ഏഷ്യയിലും യൂറോപ്പിലും ഒന്നുപോലെ പരന്നു. ആദ്യം വളരെവിസമ്മതത്തോടുകൂടിയാണെങ്കിലും, വീര്യംകൊണ്ടു് വിരാജമാനനായിരുന്ന അലക്സാണ്ടരുടെ ആധിപത്യം ഗ്രീക്കസേന സ്വീകരിച്ചു. തീബ്സ് മാത്രം ധിക്കരിച്ചു. അതിനു് പ്രതിക്രിയയായി അലക്സാണ്ടർ ആ പ്രസിദ്ധനഗരത്തെ ചുട്ടുപൊടിച്ചു. അതിൽ കാണിച്ച രാക്ഷസവൃത്തി ഗ്രീസ്സിനെ ആസകലം നടുക്കി. ഈജിപ്തു് അക്കാലത്തു് പാരസീക രാജാവിന്റെ ഭരണത്തിലായിരുന്നു. അവിടം കീഴടക്കാൻ അലക്സാണ്ടർക്ക് ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. അനന്തരം കിഴക്കോട്ടു പുറപ്പെട്ടു് പുരാതനശ-

ത്തുക്കളായ പാരസീകരുടെ രാജ്യത്തിൽ കയറി, അന്ന് നാടുവാണിരുന്ന ഡയറസ്സ് മൂന്നാമനെ തോല്പിച്ച്, സാമ്രാജ്യം സ്വാധീനമാക്കി. പണ്ട് എക്സർക്സീസ് ആത്തൻസ് നഗരം ചുട്ടതിനു പകരം, ഡയറസ്സിന്റെ രാജധാനി നശിപ്പിച്ചു. അന്ന് ഫിർദ്ദൗസി എന്ന പ്രസിദ്ധ പർഷ്യൻ കവി 'ഷാനാമാ' എന്നു പേരായി പാരസീക രാജാക്കന്മാരുടെ പുരാണം എഴുതീട്ടുണ്ട്. അതിൽ കാന്ദിശീകനായ ഡയറസ്സ്, സിന്ധുരാജാവായിരുന്നപൂരുവിനോട്ട് സഹായം അപേക്ഷിച്ചതായിപ്പറഞ്ഞിരിക്കുന്നു. പൂരുവിന്ന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല, എന്നുതന്നെയല്ല, താമസിയാതെ അദ്ദേഹം അലക്സാണ്ടരുടെ അഭിഷേണനത്തിൽ പരാജിതനായിത്തീരാനും ഇടവന്നു. ഷാനാമാവിൽ ഭാരതഭൂമിയിൽനിർമ്മിച്ചിരുന്ന വാളുകളുടേയും കുന്തങ്ങളുടേയും മഹിമവർണ്ണിച്ചിരിക്കുന്നതു നോക്കുമ്പോൾ, അക്കാലത്തുപോലും വിദേശീയരെ അത്ഭുതവാന്മാരാക്കത്തക്കവിധം ഉരുക്കുകൊണ്ടുള്ള പ്രഹരണായുധങ്ങൾ നിർമ്മിക്കാൻ ഭാരതീയർ വിദഗ്ദ്ധന്മാരായിരുന്നു എന്ന് ഊഹിക്കാം.

പർസ്യാവിൽനിന്ന് അലക്സാണ്ടർ ഇന്നത്തെ അഫ്ഘാനസ്ഥാനംവഴി ഹീരത്തിലും കാബൂളിലും കടന്ന്, സമരഖണ്ഡം മുഴുക്കെ ജയിച്ച്, ഖൈബർമലയിടുക്കിലൂടെ ഹിന്ദുസ്ഥാനത്തിൽ കയറിയപ്പോൾ, ആദ്യമായി ഭാരതീയ പ്രതാപത്തോട്ട് നേരിട്ടു. "ഹിന്ദു" എന്നുള്ള പേർ ഗ്രീക്കുകാർ നിർമ്മിച്ചതാണ്. പൂരുരാജാവ് യുദ്ധത്തിൽ പരാജിതനായി എങ്കിലും, അദ്ദേഹത്തിന്റെ വീര്യപരാക്രമങ്ങളും, ധീരതയും, തോലിയിൽ പോലുമുള്ള സൌജന്യവും കണ്ട് സന്തുഷ്ടനായ അലക്സാണ്ടർ, രാജ്യം അദ്ദേഹത്തിനുതന്നെ തിരിച്ചുകൊടുത്ത്, അദ്ദേഹത്തെ രാജപ്രതിനിധിയാക്കി. സിന്ധുനദീതീരത്തുനിന്ന് ഗംഗാനദീതീരത്തേക്ക് പുറപ്പെടണം എന്നായിരുന്നു അല-

ക്സാണ്ടർക്ക് മോഹം. പക്ഷേ, ഏറിയനാളായി വളരെ ദൂരം സ്വരാജ്യംവിട്ടു വന്നിരുന്ന സേനയുടെ വിസമ്മതം ഹേതുവാൽ, സിന്ധുനദീവാരത്തുകൂടി തിരികെ പാരസീകരാജ്യത്തിൽ പോയി, ബാബിലൺനഗരത്തിൽവെച്ച് അലക്സാണ്ടർ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ മരിച്ചു.

പതിമ്മൂന്നുവർഷത്തെ രാജ്യഭാരത്തിനിടയിൽ ഇത്ര വലുതായ ദിഗ്വിജയം നടത്തി ഒരാഠം സാമ്രാജ്യം സ്ഥാപിച്ചിട്ടുള്ളതു്, പുരാണങ്ങളിൽ അല്ലാതെ കേട്ടുകേൾവി ഇല്ലാതിരുന്നതിനാൽ, അലക്സാണ്ടരെ ഒരു ദിവ്യപുരുഷനായും മഹാനായും ചരിത്രകാരന്മാർഗണിച്ചിരിക്കുന്നതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. പൗരുഷേയത്തിലാണ് മഹത്ത്വം സ്ഥിതിചെയ്യുന്നതു് എങ്കിൽ, അലക്സാണ്ടർ മഹാനായിരുന്നു. പൂരുവിന്റെ സേനയെതോല്പിച്ചു; എങ്കിലും അദ്ദേഹം ഭാരതഖണ്ഡത്തിന്റെ ഉള്ളിൽ പ്രവേശിച്ചിരുന്നാൽ, അന്ന് ആര്യാവർത്തത്തിൽ ഉണ്ടായിരുന്ന മഗധ മുതലായ മഹാസംസ്ഥാനങ്ങളിലെ വമ്പരായ നരപതി പരിവൃഢന്മാരോട് വിജയംനേടുമായിരുന്നോ എന്നു് ഊഹിക്കാൻ മാർഗ്ഗമില്ല. ഏതായാലും അലക്സാണ്ടരെപ്പോലെ ഒരുസാർവഭൗമൻ അതുവരെ ഉണ്ടായിട്ടില്ല എന്നുള്ളതിന്ന് തർക്കമില്ല. 'ഇനി ജയിക്കാൻ ഭൂമി ഇല്ലല്ലോ' എന്നു ഖേദിച്ച ആ വീരന്റെ ദാംഭികത്വത്തിന്ന് അതിര് ഇല്ലായിരുന്നു. പാരസീക രാജധാനിയിൽ കടന്നതോടുകൂടി അലക്സാണ്ടർ ലഘുജീവിതം വെടിഞ്ഞു് ആഡംബരത്തിലും സുഖജീവിതത്തിലും പദവികളിലും നിഷ്ണാതനായതാണ്, ആയുസ്സു കുറിച്ച് ദാത്രിംശദ്യോഗാനുഭവത്തിന് അദ്ദേഹത്തെ പാത്രമാക്കിയതു എന്നു പറയപ്പെടുന്നു. അദ്ദേഹത്തിന്റെ രാക്ഷസകൃത്യങ്ങളും, ഉഗ്രപ്രകൃതിയും, ദേവത്വഭാവവും, ദുശ്ചേഷ്ടകളും മററും ആലോചിക്കുമ്പോൾ 'മഹത്ത്വ'ത്തിനു ഒരു വഴിയും കാണുന്നില്ല. പോരെങ്കിൽ,

സമരഞ്ജയനായിരുന്നതൊഴിച്ച്, ലോകത്തിൽ എന്തു ഗുണമാണ് അലക്സാണ്ടരെക്കൊണ്ടു ഉണ്ടായിട്ടുള്ളതു്? മഹാരാജ്യത്തിൽ ഒരു നല്ല വെട്ടുവഴിപോലും അദ്ദേഹം ഉണ്ടാക്കിച്ചിട്ടില്ല. അതിതേജസ്സോടെ ചരിത്രനഭോമണ്ഡലത്തിൽ പാഞ്ഞെരിഞ്ഞണഞ്ഞ ഒരു തീപ്പന്തമായിരുന്നു അലക്സാണ്ടർ. ലോകജൈത്രനായി എല്ലാവരും കൊണ്ടാടുന്നുണ്ടെങ്കിലും, അക്കാലത്തു് പരിഷ്കാരശൃംഗത്തിലിരുന്ന ഹിന്ദുസ്ഥാനത്തിന്റെ മർമ്മപ്രദേശങ്ങളോ ചീനാമഹാസാമ്രാജ്യമോ അദ്ദേഹം കണ്ടിട്ടുപോലും ഇല്ല.

അലക്സാണ്ടരുടെ മരണാനന്തരം അദ്ദേഹത്തിന്റെ മഹാരാജ്യം ശിഥിലമായി. ടോളമി എന്ന അദ്ദേഹത്തിന്റെ രാജപുരുഷൻ ഈജിപ്റ്ററിനെ കരസ്ഥമാക്കി. മറെറാരു സേനാധിപനായിരുന്ന സെല്യൂക്കസ് പർസ്യ, ചിന്നേഷ്യ, സിന്ധുനദീവാരം, ഈ പ്രദേശങ്ങളെ കൈക്കലാക്കി. സിന്ധുവാരം ക്ഷണേന അയാൾ ഉപേക്ഷിക്കേണ്ടതായി വന്നു. ഗ്രീക്കുകാരുടെ സിന്ധുനദീതീരവാസം ക്ഷണികമായിരുന്നു.

ബി. സി. ൩൨൬ ലാണ് അലക്സാണ്ടർ ഇൻഡ്യയിൽ കടന്നതു്. ഈ കയ്യേററം അല്പകാലവ്യാപ്തമായിരുന്നെങ്കിലും, ഇൻഡ്യയുടെ സംസ്കാരത്തെ നല്ലപോലെ ബാധിക്കാതിരുന്നില്ല. മുമ്പുതന്നെ ഇൻഡ്യയും പർഷ്യയുമായി ഉണ്ടായിരുന്ന കൂട്ടുകെട്ടു് ഗ്രീസ്സിലേയ്ക്കും വ്യാപിച്ചു. ഭാരതീയവും ഗ്രീക്കും തമ്മിൽ ചേർന്ന സംസ്കാരം ഇരുരാജ്യക്കാർക്കും ശ്രേയസ്കരമായിത്തീർന്നു. കച്ചോടസാമാനങ്ങൾ മാത്രമല്ല, ജ്ഞാനവും തമ്മിൽ വ്യാപാരം നടത്തി. ഗ്രീക്കുകാരുടെ പഴയ നാണയങ്ങൾ ഇന്നു് ഭാരതഖണ്ഡത്തിൽനിന്നു് കുഴിച്ചെടുത്തിട്ടുണ്ടു്. 'ഇൻഡ്യ' എന്നുള്ള പേർ പോലും ഗ്രീക്കുകാരുടെ 'ഇൻഡോസ്' എന്ന പദത്തിൽനിന്നു് ഉണ്ടായതാണ്. അതിനേ

മഹമ്മദീയർ 'ഹിന്ദുസ്ഥാന'മാക്കി. അലക്സാണ്ടരുടെ ആക്രമണവും അദ്ദേഹത്തിന്റെ മരണവും കഴിഞ്ഞു് ഏറെതാമസിയാതെ പ്രസിദ്ധമായ മൌര്യസാമ്രാജ്യം ഭാരതഖണ്ഡത്തിൽ ഉദിച്ചു. അതിന്റെ കഥ അടുത്ത അദ്ധ്യായത്തിൽ പറയാം.

---

# പതിമ്മൂന്നാം അദ്ധ്യായം

L 175

---

## മഗധസാമ്രാജ്യം

അലക്സാണ്ടർ സിന്ധുനദീതീരത്തെ ആസ്കന്ദനം ചെയ്ത കാലത്തു് പൌരവരാജ്യത്തേക്കാൾ പ്രബലമായ മഗധരാജ്യം ശോഭിച്ചിരുന്നു. ഇന്നു് ബീഹാർ എന്നു പറയുന്ന സംസ്ഥാനമാണു് പണ്ടത്തെ മഗധരാജ്യം. രാജധാനി പാടലീപുത്രം, അതായതു് ഇന്നത്തെ പാട്-നാ നഗരം ആയിരുന്നു. നന്ദവംശരാജാക്കന്മാരാണു് അവിടെ വാണിരുന്നതു്. ആ വംശത്തിൽ മുരാ എന്നു പേരായ ദാസിയിൽ ചന്ദ്രഗുപ്തൻ ജനിച്ചു. ദാസീപുത്രനായതുകൊണ്ടു് രാജ്യാവകാശം നിഷേധിക്കപ്പെട്ടു. നന്ദരാജാവിന്റെ സേനാപതി ആയിരിക്കുംകാലം സ്വസ്വാമിയുടെ നാശത്തിന്നു് ഉപജാപങ്ങൾ നടത്തുകയാൽ, രാജദ്രോഹക്കുററത്തിന്നു് ചന്ദ്രഗുപ്തൻ ബഹിഷ്കൃതനായി. ചാണക്യൻ എന്നു് അപരനാമം സിദ്ധിച്ച വിഷ്ണുഗുപ്തൻ എന്ന ബ്രാഹ്മണന്റെ ഉപദേശപ്രകാരം ആണു് ചന്ദ്രഗുപ്തൻ രാജദ്രോഹക്കുററത്തിന്നു് ഒരുങ്ങിയതു്. അതുകൊണ്ടു് അയാളെ കൂട്ടപിടിച്ചു് യവന (ഗ്രീക്കുകാൎക്കു അന്നു് ഭാരതീയർ ഈ പേരാണു് കൊടുത്തിരുന്നതു്.) സാമ്രാട്ടായ അലക്സാണ്ടരുടെ പ്രതാപങ്ങൾ കേട്ടറിഞ്ഞു, തക്ഷശിലാപ്രദേശത്തേക്കു് പുറപ്പെട്ടു. പഞ്ചാബിൽ വെച്ചു് ചന്ദ്രഗുപ്തൻ അലക്സാണ്ടരെ കണ്ടുമുട്ടി എന്നാണു്

ഐതിഹ്യം. അലക്സാണ്ടരുടെ മരണാനന്തരം, അദ്ദേഹത്തിന്റെ പ്രതാപത്തെ കണ്ടു ഭ്രമിച്ച ചന്ദ്രഗുപ്തൻ, ഹിമവൽസാനുക്കളിലുണ്ടായിരുന്ന ചെറു സംസ്ഥാനങ്ങളെ കൈക്കലാക്കി, സംഘപ്രമാണിയായി. പഞ്ചാബിൽ ഉണ്ടായിരുന്ന സാമന്തരാജാക്കന്മാരോടുകൂടി, ചാണക്യന്റെ മന്ത്രാലോചനയാൽ മഗധരാജ്യത്തെ ആക്രമിച്ചു്; ബി. സി. ൩൨൧-ൽ പാടലീപുത്രം പിടിച്ചു. അന്നുമുതൽ മൌൎയ്യസാമ്രാജ്യം ഉത്ഭവിച്ചു. ഗ്രീക്കു സേനാനി ആയിരുന്ന സെല്യൂക്കസ്സിന്റെ അവകാശത്തിൽ ഉൾപ്പെട്ട തക്ഷശിലാപ്രദേശങ്ങളെ ചന്ദ്രഗുപ്തൻ കീഴടക്കിയപ്പോൾ നടന്ന യുദ്ധത്തിൽ ആ സേനാനി നിശ്ശേഷം പരാജിതനായി, ഗാന്ധാരരാജ്യത്തെ (ഇന്നത്തെ അഫ്ഘാനസ്ഥാനം) ചന്ദ്രഗുപ്തന് വിട്ടുകൊടുക്കേണ്ടിവന്നു. പിന്നീടു് ഇരുകൂട്ടരും സഖ്യമായി കഴിഞ്ഞു. സെല്യൂക്കസ്സിന്റെ മകളെ ചന്ദ്രഗുപ്തൻ വേളികഴിച്ചു. സെല്യൂക്കസ്സ് രാജദൂതനായി മെഗാസ്തനിസ്സിനെ ചന്ദ്രഗുപ്തന്റെ രാജധാനിയിൽ അയച്ചു. ഈ മെഗാസ്തനീസ് ഗ്രീക്കുഭാഷയിൽ എഴുതീട്ടുള്ള ചെയ്തികളിൽ മൌൎയ്യസാമ്രാജ്യത്തിന്റെ സ്ഥിതിഗതികളെ വിവരിച്ചിരിക്കുന്നു. നമുക്കു് അക്കാലത്തെപ്പററിയുള്ള അറിവിനു് ആ ഗ്രന്ഥമാണു് ഒരു പ്രധാന പ്രമാണം. ചാണക്യൻ തന്നെയാണു് കൌടില്യൻ. കൌടില്യന്റെ "അൎത്ഥശാസ്ത്ര"മെന്ന ഗ്രന്ഥം അക്കാലത്തെ രാജ്യഭരണസമ്പ്രദായത്തെ വിവരിക്കുന്നു. മേൽപറഞ്ഞ രണ്ടു തെളിവുകൾ കൂടാതെ, ജൈനന്മാരുടേയും ബൌദ്ധന്മാരുടേയും അനവധി റിക്കാർഡുകളുണ്ടു്. ഇവയിൽനിന്നു് മൌൎയ്യസാമ്രാജ്യകാലത്തു് ഭാരതഭൂമിയ്ക്കു് ഉണ്ടായിരുന്ന പരിഷ്കൃതസ്ഥിതി നമുക്കു് നല്ലപോലെ മനസ്സിലാക്കാം.

മൌൎയ്യസാമ്രാജ്യം ബ്രഹ്മാവൎത്തവും ആൎയ്യാവൎത്തവും മുഴുക്കെ വ്യാപിച്ചിരുന്നു ബങ്കാൾ ഉൾക്കടൽമുതൽ പ-

ടിഞ്ഞാറ് അറേബ്യൻകടൽവരെയും, വടക്ക് ഹിമവാൻ മുതൽ തെക്ക് ഗൂർജരദേശംവരെയും, രാജ്യം വിസ്തൃതമായിരുന്നു. ചുരുക്കത്തിൽ, ദക്ഷിണദേശം ഒഴിച്ചുള്ള ഇൻഡ്യാസംസ്ഥാനവും ഇന്നത്തെ അഫ്ഘാനസ്ഥാനവും മൌര്യസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു എന്നു പറയാം.

രാജ്യഭരണക്രമം, ഇരുപത്തിമൂന്ന് വർഷശതകത്തിന് ഇപ്പുറം, ഇന്ന് കാണുന്നതിൽ ഒട്ടും താണതല്ലായിരുന്നു. പുരാണപ്രസിദ്ധമായ ശ്രീരാമന്റെ രാജ്യഭരണത്തിന് ഇപ്പുറം ചരിത്രകാലത്തിൽ ഇത്ര പ്രശസ്തമായ ഭരണം ഉണ്ടായിട്ടില്ലെന്ന് പറയാം. ഭാരതീയക്ക് സ്വയംഭരണനൈപുണ്യത്തെവിസംവദിക്കുന്നപാശ്ചാത്യമേധാവികൾക്ക് കൌടില്യന്റെ അർത്ഥശാസ്ത്രം ഒരു പുതു വെളിച്ചം നൽകാതിരിക്കയില്ല. പരിഷ്കാരത്തിന്റെ ഉച്ചനിലയിൽ നിന്ന് ഭാരതീയർ എത്തിക്കഴിഞ്ഞിരുന്നു എന്നുള്ള സംഗതി ബോധപ്പെടുത്താൻ മൌര്യസാമ്രാജ്യഭരണത്തിന്റെ ഒരു ചുരുക്കം ഇവിടെ പ്രസ്താവിക്കാം.

ഒരു രാജ്യഭരണത്തിന്റെ അസ്ഥിവാരം ഭൂഭരണത്തിൽ പ്രതിഷ്ഠിതമാകുന്നു. ഭൂമിയാണ് മനുഷ്യന് സർവ്വസമ്പത്തും നൽകുന്നതു്. അതിനെ ആശ്രയിച്ചും കൃഷിചെയ്തുമാണ് മനുഷ്യൻ ജീവിതം നയിക്കുന്നതു്. കച്ചോടവും, ധനവും തൊഴിലും, സ്ഥാനവും, മാനവും, എല്ലാം അതിനെ ആശ്രയിച്ചിരിക്കുന്നു. കൃഷിവേലക്കാർ ആണ് നൂററിന് തൊണ്ണൂററിരുമ്പതു ജനങ്ങളും. അതുകൊണ്ടു് മൌര്യന്മാരുടെ ഭൂഭരണരീതിയെ ആദ്യംനോക്കാം. കൃഷിസ്ഥലം, മാട്ടുമന്ത, (കന്നുകാലികളുടെ തീററിസ്ഥലം) കാട്ടു്, എന്നിങ്ങനെ മൂന്നു തരമാണല്ലൊ ഭൂമി. കൃഷി സ്ഥലത്തു കുടിയാന്മാർ കൃഷിചെയ്തുണ്ടാക്കുന്നതിന് കരം കൊടുക്കണം. അന്ന് ഭൂമി തന്നിഷ്ടേരിലല്ല

ഉണ്ടായതന്നതു്. ജാഗീരായിട്ടാണു്; നമ്മുടെ ജന്മവ-സ്തുക്കളെപ്പോലെയാണു വിളങ്ങിയിരുന്നതു്. ഒരു ജാഗീരിൽ അനവധി കുടിയാന്മാരും വസ്തുഉടമസ്ഥരും ഉണ്ടാവും. കുടിയാന്മാർ കൃഷിചെയ്തു് ആദായത്തിൽ ഒരു ഭാഗം വസ്തു കൈവശക്കാർക്കും അവർ ജന്മിക്കും ഒരു അംശം കൊടുത്തു. ജന്മി രാജഭോഗം കൊടുക്കണം. വസ്തുഉടമസ്ഥന്മാൎക്കു് ക്രയവിക്രയാവകാശം ഉണ്ടായിരുന്നു. രാജ്യത്തിലെ ഭൂമിക്കെല്ലാം സ്വാമിത്വം, അതായതു്, മേൽകോയ്മ, രാജാവിനുണ്ടായിരുന്നു. എന്നുവച്ചാൽ, രാജഭോഗം ഇല്ലാത്ത കൃഷിഭൂമി ഇല്ല എന്നു് അർത്ഥം. മാട്ടുമന്തകൾ അതതു ഗ്രാമങ്ങൾക്കു് പൊതുസ്ഥലം ആയിരുന്നു. കാടായികിടന്നതു് എല്ലാം രാജസ്വം ആയിരുന്നു. അവിടെ ക്രട്ടതലായി പ്രജകളെ പാർപ്പിച്ചു് വിളഭൂമി ആക്കേണ്ടതിനുള്ള ചുമതല സക്കാരിന്നു് ആയിരുന്നു, അതായതു്, വെളിപ്പുറംപോക്കും പുതുവലും പേരിൽ പതിപ്പിച്ചു് വിളനിലമാക്കുന്നതിന്നു് സക്കാർ പ്രയത്നപ്പെടണം. മററുള്ള കാടുകൾ കണ്ടുകൃഷി ആയി രാജാവിന്നു് നായാടാനും രാജാവിൻെറ ഗോക്കളെ മേയ്ക്കാനും ഉപയോഗപ്പെട്ടുത്തിവന്നു. വനത്തിൽനിന്നു കിട്ടുന്നആദായം രാജഭോഗമായിരുന്നു. ഋഷിമാരുടെ ആശ്രമഭൂമി ഒഴിച്ചുള്ള സ്ഥലങ്ങളിലെ ജന്തുക്കളും രാജാവിന്നു് ഉള്ളവആയിരുന്നു കാട്ടുവർഗ്ഗക്കാർ വനങ്ങളിൽ പലേടവും തെളിച്ചു കൃഷിചെയ്തെടുത്തതിന്നു് കരം ഇല്ലായിരുന്നു. കൃഷിക്കുവേണ്ടുന്ന ജലവിതരണം സക്കാരിൻെറ കൃത്യമായിരുന്നു. കൃഷിവർദ്ധനയ്ക്കു് വേണ്ടുന്ന ഉപായങ്ങൾ എല്ലാം സക്കാർ ചെയ്യേണ്ടതു് ആയിരുന്നു. വെള്ളത്തിരുവ പ്രത്യേകം പിരിച്ചുവന്നു. കന്നുകാലികളെമേയ്ക്കുന്ന മന്തകളിലെ കരം കാലി ഉടമസ്ഥന്മാരോടു് ഈടാക്കിവന്നു. കുടിപാർപ്പുസ്ഥലങ്ങൾ പലവിധം ആയിരുന്നു. യോഗീശ്വരന്മാർ തപസ്സു ചെയ്തിരുന്ന പർണ്ണശാലകൾ വനങ്ങളിൽ ഉണ്ടായിരുന്നു. കാട്ടാളവർഗ്ഗങ്ങൾ മാറി മാറ

കുടിലുകൾ വിവിക്തപ്രദേശങ്ങളിൽ ഉണ്ടാക്കിയിരുന്നു. അവയ്ക്കു് 'ഘോഷാ' എന്നായിരുന്നു പഴയ പേർ. ഗ്രാമങ്ങളിൽ ആയിരുന്നു സാമാന്യജനങ്ങളുടെ വാസം. ഗ്രാമത്തിനു് അതിരുകളും, മൺകോട്ടകളും, അവിടവിടെ പഞ്ചായത്തു ഗൃഹങ്ങളും ഉണ്ടായിരുന്നു കൃഷിക്കാരായിരുന്ന അധികജനങ്ങളും ജാതിത്തൊഴിൽ പാരമ്പര്യക്രമത്തിനു് നടത്തിവന്നു. രാജപാതകൾ സർക്കാരിൽ നിന്നു് വെട്ടിച്ചു്, ആറായിരം അടി ദൂരത്തിനു് ചൂണ്ടിപ്പലകകൾ നിറുത്തി, എങ്ങോട്ടു് തിരിവു് ഉണ്ടെന്നും മററും കുറിച്ചിരുന്നു. വാർത്താവിതരണം ഓട്ടക്കാരെക്കൊണ്ടാണു് നടത്തിവന്നതു്. കാട്ടുപുറങ്ങളിൽ വനചാരികളും വേടരും മുഖാന്തിരം അതു് നിർവഹിച്ചിരുന്നു.

പട്ടണങ്ങൾ പലവിധം അനവധി ഉണ്ടായിരുന്നു. സാമന്തരാജാക്കളുടെ അധികാരത്തിൽതന്നെ ഒരാൾക്കു് രണ്ടായിരം എണ്ണം ഉണ്ടായിരുന്നതായി ഗ്രീക്കുകാർ പറയുന്നു. പത്തു ഗ്രാമങ്ങളുടെ സംരക്ഷണത്തിനുള്ള പട്ടണത്തിനു് 'സംഗ്രഹണം' എന്നായിരുന്നു പേർ. ആ ഗ്രാമങ്ങളുടെ തലസ്ഥാനം, ചന്ത കൂടുന്ന സ്ഥലം ആയിരുന്നു, ഇരുനൂറോ നാനൂറോ ഗ്രാമങ്ങൾക്കു ഒരു 'ഖാർവ്വാടകം' അതായതു്, നമ്മുടെ താലൂക്കു കസ്ബാപട്ടണം ഉണ്ടായിരുന്നു. ഒരു സംസ്ഥാനത്തിന്റെ തലസ്ഥാനം 'സ്ഥാനീയം' (താനാ); അതിലും മേലായിരുന്നു പുരം, അല്ലെങ്കിൽ നഗരം; എല്ലാത്തിനും മേൽ രാജധാനിപട്ടണം. ഇവയ്ക്കെല്ലാം കോട്ടകളും കൊത്തളങ്ങളും കാവലുകളും ഉണ്ടായിരുന്നു. മൌര്യന്മാർ തീർത്തിരുന്ന കോട്ടകൊത്തളങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും കാണ്മാനുണ്ടു്. ദുർഗ്ഗനിർമ്മാണത്തിൽ അവർ നല്ല സമർത്ഥന്മാരായിരുന്നു. അവിടവിടെ 'ഗുല്മങ്ങളും' (ഗാട്ടുപുരകളും) കെട്ടിയിരുന്നു.

പട്ടണങ്ങൾ സാമാന്യേന ചതുരാകൃതിയിൽ ആയിരുന്നു. കൊട്ടാരങ്ങൾ, പണിശാലകൾ, ശേഖരിപ്പുകൾ, ആയുധശാലകൾ, ഠാണാവുകൾ എന്നിങ്ങനെ പല ഭാഗങ്ങളായി തിരിച്ചിരുന്നു. വീടുകൾ മിക്കതും പലകകൊണ്ടു നിറച്ചവ ആയിരുന്നു. പ്രധാനഗൃഹങ്ങളിൽ രണ്ടും മൂന്നും നിലകൾ കാണും. ധാരാളം തെരുവുകളും, കഴുവെള്ളം വാടത്തോട്ടിൽ വീഴത്തക്കവണ്ണം ഓടകളും ഉണ്ടായിരുന്നു. തെരുവുകളെ വൃത്തികേടാക്കുകയോ അവിടെ ചവറും കുപ്പയും വിതറുകയോ ചെയ്യുന്നതു കുററകരമായിരുന്നു. കോട്ടയ്ക്കു വെളിയിൽ ആയിരുന്നു ശ്മശാനങ്ങൾ. മറെറാരു ഗൃഹത്തിലേക്ക് എത്തിനോക്കത്തക്കവിധം വാതായനങ്ങൾ ഇട്ടുകൂടാ. അഗ്നിഭയം വരാതിരിക്കാൻ എല്ലാ വീട്ടുടമസ്ഥന്മാരും തെരുവുകളിൽ പാത്രങ്ങൾ നിറയെ എപ്പോഴും വെള്ളം സന്നദ്ധമാക്കിയിരിക്കണം. അക്കാലങ്ങളിൽ തെരുവുകളിൽ സഞ്ചരിക്കുകയോ വാദ്യങ്ങൾ മുഴക്കുകയോ ചെയ്തുകൂട. വീട്ടുകളുടെ അളിന്ദങ്ങളിൽ (പുറന്തിണ്ണകൾ) രാത്രിയിൽ കാവൽ ഉണ്ടായിരിക്കണം. കൊട്ടാരങ്ങളുടേയോ ഗോപുരകളുടേയോ സമീപത്തു് ആരും രാത്രിയിൽ സഞ്ചരിക്കാൻ പാടില്ല. അത്യാഹിതങ്ങൾ ഉണ്ടാവുന്നതെല്ലാം നഗരപ്രമാണി മേലാവിലേക്കു റിപ്പോർട്ടു ചെയ്യണം. ജനങ്ങളെ ഏഴായി തരംതിരിച്ചിരുന്നു. ബ്രാഹ്മണർ (ശ്രവണർ), കർഷകർ, ഗോപാലർ, (ശാജനീനർ, വാഗുരികർ, മാർഗ്ഗായുക്കൾ), ഭടർ, മന്ത്രികൾ, (അമാത്യർ, മഹാമാത്രർ), പ്രതിവേദകർ, (അദ്ധ്യക്ഷർ, സത്രികൾ) കാരുക്കൾ, (ശില്പികൾ, വൈദേഹകർ) എന്നായിരുന്നു ഏഴുതരക്കാർ. ബ്രാഹ്മണർ വൈദികവൃത്തിയിൽ ഇരിക്കണം; ആപദ്ധർമ്മമായി അവർക്കു മററു തൊഴിലുകളും ചെയ്യാം. കൃഷിക്കാർ, പശുപാലർ, കുലാലൻ, കൊല്ലൻ, ആശാരി, ക്ഷുരകൻ മുതലായ തൊഴിലാളികൾ, ഇവർക്കെല്ലാം

പരിശോധകന്മാർ ഉണ്ടായിരുന്നു. തട്ടാൻ, നെയ്ത്തുകാരൻ, നടൻ, ഗായകൻ, സങ്കീർത്തകൻ, പ്രശ്നവാദി എന്നിങ്ങനെ അനവധി തൊഴില്ക്കാർക്കും അപ്രകാരം ഉണ്ടായിരുന്നു. വ്യാപാരാദ്ധ്യക്ഷന്മാരായസർക്കാർഉദ്യോഗസ്ഥന്മാർ വേണം സാമാനങ്ങൾക്കു നിരക്കു നിശ്ചയിക്കുവാൻ. കച്ചോടപ്രമാണികളായ ശ്രേഷ്ഠികൾക്ക് സർക്കാരിൽ പ്രത്യേകസ്ഥാനം ഉണ്ടായിരുന്നു. വണിക്ശ്രേണികളും, പൂഗങ്ങളും (guilds) വേലക്കാരെ നിയന്ത്രണം ചെയ്തു. കൂട്ടത്തോടെ തൊഴിൽ മുടക്കുന്നതു (strikes) അന്നു ശിക്ഷാർഹം ആയിരുന്നു. സാമാനങ്ങൾക്ക് ഏറ്റുമതി ഇറക്കുമതിചുങ്കങ്ങൾ ചുമത്തിവന്നു. കളവായി കൊണ്ടുപോകുന്നവരെ പിടിക്കുവാൻ ചാരന്മാർ ഉണ്ടായിരുന്നു. അളവുകളും തൂക്കങ്ങളും സർക്കാരിൽ നിന്നും പരിശോധന ചെയ്തുവന്നു. പട്ടണങ്ങളിൽ സാമാനങ്ങൾകൊണ്ടുവരുന്നതിനു പ്രത്യേകം തീരുവ തീർക്കണം. നിരക്കുവിലയിൽ കൂടുതലായി കിട്ടുന്ന ലാഭം സർക്കാർ ഖജനാവിൽ മുതൽ കൂട്ടണം. ഭൂനികുതി, വനം, ഖനി, തൊഴിൽശാലകൾ, ഠാണാവുകൾ, എന്നിവയിൽ നിന്നു വരുന്ന ആദായങ്ങൾ കൂടാതെ, വെള്ളിയും സ്വർണ്ണവും നാണയങ്ങളായി അടിക്കുന്നതിൽ കിട്ടുന്ന വരവുകളും രാജാവിന്റെ കോശഗൃഹത്തിൽ മുതൽ കൂട്ടണം.

സമുദായജീവിതത്തിനു് എത്രമാത്രം ഉൽഗതി വന്നിട്ടുണ്ടെന്നുള്ളതിനു് മേൽ വിവരിച്ച സംഗതികൾ പ്രത്യേക ലക്ഷ്യങ്ങളാകുന്നു. രാജാവിനു് തോന്ന്യാസമായി സ്വയാധികാരംനടത്തിക്കൂടായിരുന്നു. സിംഹാസനാരോഹണകാലത്തുതന്നെ ധർമ്മാനുസരണംപ്രജകളെ പരിപാലിച്ചുകൊള്ളാം എന്നു് രാജാവു് സത്യംചെയ്യണം; ജനങ്ങൾക്കുവേണ്ടിസർവ്വസുഖത്തെയുംത്യജിക്കണം. ജനങ്ങൾക്കുള്ള ക്ഷേമംസ്വക്ഷേമംആയികരുതണം; എല്ലാസമയത്തും അവരുടെ ദാസനായിരിക്കണം; മന്ത്രിമാരുടേയും

പുരോഹിതന്മാരുടേയും ആലോചനകൂടാതെ ഒന്നും ചെയ്തുകൂടാ.

തൊഴിൽ അനുസരിച്ച് ജാതിവിഭാഗം ഉറച്ചുതുടങ്ങിയതു് മൗര്യന്മാരുടെ കാലത്താണ്. പഞ്ചാബിൽ മേൽജാതിക്കാർ കൃഷീവലവൃത്തിയിൽ ഏർപ്പെട്ടിരുന്നെങ്കിലും, മഗധരാജ്യത്തെ കൃഷി ചതുർത്ഥവർണ്ണത്തിന്റെ തൊഴിൽ ആയിരുന്നു. അതുപോലെ പ്രവൃത്തി പ്രതിഫലരൂപമായി ഇറയിലി ഏർപ്പാടിൽകുടിയാന്മാൎക്ക് ഉണ്ടായിരുന്ന സ്വാതന്ത്ര്യംപോയി കുടിയാന്മാരുടെഅടിമത്തം പ്രത്യക്ഷപ്പെട്ടു തുടങ്ങിയതു് ഇക്കാലത്താണ്. ബിംബാരാധനത്തിനും ക്ഷേത്രനിൎമ്മാണത്തിനും പ്രാബല്യം സിദ്ധിച്ചു. വിശേഷവസ്ത്രധാരണത്തിൽ രുചി വീണു. വിധവകൾക്ക് പുനർവിവാഹം നിഷിദ്ധമായിരുന്നില്ല. ധൎമ്മശാലകളും, വഴിഅമ്പലങ്ങളും, അന്നദാനശാലകളും ഉണ്ടായിരുന്നു. ദാസികളും, വിദൂഷകരും, നടന്മാരും, ഗായകന്മാരും പ്രാമരെ രസിപ്പിച്ചുവന്നു. ആൎയ്യവൎഗ്ഗത്തിൽ ഒരുവനും അടിമയായിക്കൂടാ എന്നു് നിയമം ഉണ്ടായിരുന്നു.

സംസ്കൃതം ആയിരുന്നു വിദ്വൽഭാഷ. അതിൽനിന്നു് പ്രാകൃതമായിത്തീൎന്ന പല നാട്ടുഭാഷകളും സാധാരണരുടെ ഇടയിൽ പ്രചരിച്ചു. പാലി, പൈശാചി, മാഗധി, മുതലായവ അവയിൽ ഉൾപ്പെട്ടവയാകുന്നു. പതഞ്ജലിയുടെ വ്യാകരണമഹാഭാഷ്യം, കൗടില്യന്റെ അൎത്ഥശാസ്ത്രം, പാലിയിലുള്ള കഥാവസ്തു, വാത്സ്യായനന്റെ കാമസൂത്രം മുതലായി പല ഗ്രന്ഥങ്ങളുംഇക്കാലത്തു് ഉണ്ടായി. ഗ്രന്ഥങ്ങളിലും, പബ്ലിക്കും പ്രൈവറ്റുമായ റിക്കാർട്ടുകളിലും, കയ്യെഴുത്തു ധാരാളമായി ഉപയോഗിച്ചുവന്നു. കല്ലെഴുത്തുകളായും മററും അനേകം പ്രമാണങ്ങൾ അതിനു ലക്ഷ്യങ്ങളാകുന്നു.

ധമ്മം, വ്യവഹാരം, ചരിത്രം, രാജശാസന എന്നീ നാലു തൂണുകളിന്മേലാണ് നീതിഭരണക്രമം പ്രതിഷ്ഠിച്ചിരുന്നതു്. എല്ലാ സിവിൾ ആവലാതികളും പഞ്ചായത്തുകാർ കേട്ടു തീരുമാനിക്കണം. അതിന്മേൽ പ്രാഡ്വിവാകനും, ഒടുവിൽ രാജാവിനും അപ്പീൽ കൊടുക്കാം. ക്രിമിനൽ അന്യായങ്ങൾ ആദ്യമായി പ്രദേഷ്ടികൾ വിസ്തരിക്കണം. തെളിവുകൾ കൊടുക്കാൻ പല ചാരവർഗ്ഗങ്ങളും ഉണ്ടായിരുന്നു. മതസംബന്ധമായും ജാതിസംബന്ധമായും ഉള്ള കുററങ്ങൾവിസ്തരിക്കാൻ പ്രത്യേകം പരിഷത്തുകൾ ഉണ്ടായിരുന്നു.

ഭരണസമ്പ്രദായത്തെക്കുറി അല്പം പ്രസ്താവിക്കാം. സിവിൾഭരണത്തിന്റെ മൂലം ഗ്രാമങ്ങളാണല്ലോ. ഗ്രാമങ്ങളിൽ സൎക്കാരിൽനിന്നും നിയമിതനായ ഗ്രാമണിയുടെ ആദ്ധ്യക്ഷത്തിൽ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകാർ ഭരണം നടത്തി. കൃഷി, കരം, തൊഴിലാളികളുടെ കൂലി, അവകാശങ്ങൾ ഇവ സംബന്ധിച്ച സകല കാൎയ്യങ്ങളും അവർ ഭരിച്ചു. അഞ്ചോ പത്തോ ഗ്രാമണികൾക്കു മേലാവായി ഗോപൻ എന്നൊരു ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു. അതിനു മേലാവായി സ്ഥാനികൻ, ഒരു ഡിവിഷൻപേഷ്കാരുടെ സ്ഥാനത്തിൽ, ഒരാൾ ഉണ്ടായിരുന്നു. എല്ലാവൎക്കും മേലായിരുന്നു സാമാഹർത്തി. അയാൾ സചിവന്മാരിൽ ഒരാളായിരുന്നു. ഭൂനികുതി, ചുങ്കങ്ങൾ, വനാദായങ്ങൾ, വരികൾ, തൊഴിൽക്കരം, പതിനൊന്നു് മുതലായ സകല ആദായങ്ങളും വരുത്താൻ ചുമതലക്കാരൻ ധനാദ്ധ്യക്ഷൻ ആയിരുന്നു. ചുങ്കത്തിൽ, റവന്യൂ, ഡവലപ്പ്മെൻറ്, ഇറിഗേഷൻ ഈ തുറകളെല്ലാം ആ സചിവന്റെ ഭാരമായിരുന്നു. അനവധി ഗൃമസ്ഥന്മാരും ഉദ്യോഗസ്ഥന്മാരും അയാളുടെ കീഴിൽ ഉണ്ടായിരുന്നു. പിന്നെ ഒരു സചിവൻ സന്നിധാതൃ ആയിരുന്നു. പബ്ളിക്ക്‌വർക്സ്

ഡിപ്പാർട്ടുമെൻറു മുഴുക്കെ അയാൾ ഭരിച്ചു. മഴക്കണക്ക് എഴുതാൻ അയാൾക്കു ചുമതലകൂടി ഉണ്ടായിരുന്നത്രേ. പ്രദേഷ്ടി (നീതിന്യായം), പ്രശാസ്ത്രി (രായസം) എന്നുള്ളവരും സചിവന്മാരായിരുന്നു. ഇവർക്കെല്ലാം പ്രധാനി ആയിരുന്നു മന്ത്രി (ദിവാൻ). ദൌവാരികൻ (ഹരിക്കാർ വിചാരിപ്പ്), അന്തർവംശികൻ (രക്ഷാസേനാദ്ധ്യക്ഷൻ) പുരോഹിതൻ, സേനാപതി, യുവരാജാവ് ഇവർ എല്ലാം മന്ത്രിസഭാംഗങ്ങളായിരുന്നു. വലിയ സംസ്ഥാനങ്ങളെ ഭരിക്കാൻ ഉപരാജാക്കളെ (വൈസ്രായി) നിയമിച്ചിരുന്നു. പട്ടണങ്ങളിൽ നഗരകൻ (മേയർ) ഉണ്ടായിരുന്നു.

രഥതുരഗഗജപദാതി എന്ന് ചതുരംഗിണി ആയിരുന്നു സേന. സ്ഥിരയോധന്മാർ, കൂലി കൊടുത്താക്കിയ ചേവുകർ ശ്രേണികളിൽനിന്ന് ചേർത്ത പട്ടാളക്കാർ, കാട്ടുവർഗ്ഗങ്ങളിൽനിന്ന് ചേർത്തവർ, എന്നിങ്ങനെ നാലുതരത്തിലായിരുന്നു ഭടന്മാർ. സ്ഥിരയോധന്മാർ മിക്കപേരും ക്ഷത്രിയവംശജന്മാരായിരുന്നു. യുദ്ധച്ചട്ടങ്ങളിലും, കോട്ട കെട്ടുന്നതിലും, ആസ്കന്ദനക്രിയകളിലും, പട്ടാളക്കാർക്ക് പരിശീലനം കൊടുത്തുവന്നു ചുരുക്കത്തിൽ, യുദ്ധവൈദഗ്ദ്ധ്യം ഭാരതീയർക്ക് അന്ന് അചഞ്ചലമായി ഉണ്ടായിരുന്നു. വിദേശരാജ്യതന്ത്രത്തിൽ ഉണ്ടായിരുന്ന പാടവം അനന്യസദൃശമായിരുന്നു. ചാരന്മാർ ആ തുറയിൽ വളരെ ഉപകരിച്ചു.

രാജഗൃഹത്തിലും അന്തഃപുരത്തിലും ഉണ്ടായിരുന്ന ഏർപ്പാടുകൾ ഇന്നത്തെ രാജധാനികളിൽപോലും കാണുമാറുണ്ടോ എന്നു സംശയമാണ്. രഹസ്യരക്ഷണത്തിനും ജീവിതരക്ഷണത്തിനും ചെയ്തിരുന്ന കരുതലുകൾ ആശ്ചര്യതരങ്ങളായിരുന്നു. ഭക്ഷണത്തിലും, വിനോദത്തിലും, സവാരിയിലും, യാത്രയിലും, നായാട്ടിലും എപ്പോഴും രാജാവ് സുരക്ഷിതനായിരുന്നു. ഒരു രാജാവിന്റെ

അന്തരത്തിൽ കലഹം ഉണ്ടാകാതെ ഇരിക്കാൻ പോലും മുൻകരുതലുകൾ ചെയ്തിരുന്നത്രേ.

ഇത്ര വിശേഷപ്പെട്ട സ്വരാജ്യഭരണം ഭാരതീയക്ക് രണ്ടായിരം കൊല്ലം മുമ്പ് ഉണ്ടായിരുന്നു എന്ന് ഏട്ടിൽ നിന്ന് നാം ഇന്ന് മനസ്സിലാക്കേണ്ടിവന്നിരിക്കുന്നതാണ് അത്ഭുതം.

---

# പതിന്നാലാം അദ്ധ്യായം

## അശോകനും മൌര്യസാമ്രാജ്യവും.

ചന്ദ്രഗുപ്തൻ ഇരുപത്തിനാലുവർഷം ചക്രവർത്തി ആയിരുന്നിട്ട് ബി. സി. 296-ൽ കാലധർമ്മം പ്രാപിച്ചു. അദ്ദേഹത്തിൻെറ മകൻ ബിന്ദുസാരൻ ഇരുപത്തിഅഞ്ചോ ഇരുപത്തിആറോ കൊല്ലം വാണു. "അമിത്രഘാതൻ" എന്നൊരു ബഹുമതിനാമം അദ്ദേഹത്തിന് ഉണ്ടായിരുന്നെങ്കിലും, അച്ഛൻ സമ്പാദിച്ച സാമ്രാജ്യത്തെ കളഞ്ഞില്ലെന്ന് ഒരു മെച്ചം മാത്രമേ പറയാനുള്ളു. അദ്ദേഹം ഗ്രീക്കുകാരുമായുള്ള ബന്ധം നിലനിറുത്തിയിരുന്നു. ഈജിപ്തിലെ അധിപനായിരുന്ന ടോളമി ദൂതന്മാരെ അയച്ചിരുന്നു എന്നും സെല്യൂക്കസ്സിൻെറ മകൻ ആൻറിയാക്കസ്സും അപ്രകാരം ചെയ്തുവെന്നും കാണുന്നു. ഇൻഡ്യയും ആ പ്രദേശങ്ങളുമായി കച്ചോടം നടന്നുവന്നു. ഈജിപ്തിലെ ശവങ്ങൾ ഇൻഡ്യയിലെ മസ്ലിൻ (മന്മൽ) തുണികൊണ്ട് മൂടിവന്നിരുന്നു എന്ന് അവിടത്തെ ശവക്കല്ലറകളെ പുരാണവസ്തുഗവേഷകന്മാർ തുറന്നുനോക്കിയപ്പോൾ കണ്ടിരിക്കുന്നു. ഒരുമാതിരി വിശേഷപ്പെട്ട കണ്ണാടികൾ അക്കാലത്ത് ഉണ്ടായിരുന്നതായി ബിഹാറിൽ കണ്ടു കിട്ടിയിട്ടുണ്ട്. ചന്ദ്രഗുപ്തൻെറ രാ-

ജധാനിയിൽ ദൂതനായി വന്നിരുന്ന മെഗാസ്ഥനീസ്സിൻെറ കുറിപ്പുകളിൽ, അന്ന് പൊക്കമുള്ള മെതിയടികൾ ഉപയോഗിച്ചു വന്നിരുന്നതായി പറഞ്ഞിരിക്കുന്നു. യൂറോപ്യന്മാരുടെ പൊക്കമുള്ള പാദരക്ഷകൾ ഹിന്ദുക്കളാണ് ആദ്യം കണ്ടുപിടിച്ചതെന്ന് ഇതിൽനിന്നു തെളിയുന്നു. ബിന്ദുസാരൻെറ മകൻ അശോകചക്രവത്തിയുടെ യശഃസ്തംഭങ്ങൾ ഇന്നും നിലനിൽക്കുന്നു. പ്രസിദ്ധചരിത്രകൃത്തായ വെൽസ് അദ്ദേഹത്തെപ്പററി ഇങ്ങനെയാണ് പറയുന്നത്:—"ചരിത്രഗ്രന്ഥങ്ങളിൽ കാണുന്ന പത്യനായിരം രാജാക്കന്മാരുടെ പേരുകളുടേയും അവരുടെ ബിരുദങ്ങളുടേയും മാഹാത്മ്യങ്ങളുടേയും മദ്ധ്യേ, അശോകൻെറ ഒരാളുടെ പേർ മാത്രമേ നക്ഷത്രംപോലെ തിളങ്ങുന്നുള്ളു. വാംഗാ നദിമുതൽ ജപ്പാൻവരെ അദ്ദേഹത്തിൻെറ നാമം ബഹുമാനപുരസ്സരം സ്മരിക്കപ്പെടുന്നു. ചീനയും ടിബററും ഇൻഡ്യയും മതത്തെ തിരസ്കരിച്ചിട്ടുപോലും അദ്ദേഹത്തിൻെറ മാഹാത്മ്യത്തെ പുകഴ്ത്തുന്നു. കാൺസ്റ്റൻൈൻറനിൻേറയോ, ചാർല്ലിമൈനിൻേറയോ, പേരുപോലും കേട്ടിട്ടില്ലാത്തവർ ഇന്നും അശോകനെ സ്മരിക്കുന്നുണ്ട്." ഇതു് ഏററവും വലുതായ സ്തോത്രമാണ്. എന്നാൽ അശോകൻ അതിന്ന് അർഹനുമായിരുന്നു.

അശോകചക്രവത്തി ബി. സി. ൨൭൪-ൽ സാമ്രാജ്യത്തിൻെറ ഭരണം ഏററു. ഇൻഡ്യയുടെ ഉത്തരഭാഗവും മദ്ധ്യേഷ്യയുടെ കുറേ ഭാഗവും അന്ന് സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു ദക്ഷിണദേശങ്ങളെക്കൂടി ജയിച്ച് കൈവശപ്പെടുത്താനായി, രാജ്യഭാരം തുടങ്ങി. ഒൻപതാം വർഷം അദ്ദേഹം കലിംഗദേശത്തെ ആക്രമിച്ചു. മഹാനദി, ഗോദാവരി, കൃഷ്ണ, ഈ നദികളുടെ മദ്ധ്യേ ബങ്കാൾ ഉൾക്കടലിൻെറ തീരംതൊട്ട് വിന്ധ്യാദ്രിവരെ കിടക്കുന്ന പ്രദേശം ആയിരുന്നു അന്നത്തെ കലിംഗദേശം. അക്കാ-

ലംവരെ ആരും ജയിച്ചിട്ടില്ലാത്ത ആ ദേശത്തിൽ മഹായുദ്ധം നടന്നു. ആ നാട്ടുകാർ അതിധീരതയോടെ പൊരുതുകയാൽ അനവധി ആൾ നാശം ഉണ്ടായി, ചക്രവത്തി ജയിച്ചു. ആ യുദ്ധത്തിൽ അനേകായിരം ജനങ്ങൾ ഹിംസതരായി കണ്ടതിൽ അശോകൻ യുദ്ധത്തെ വെറുത്തു. മേലാൽ യുദ്ധം പാടില്ല എന്നു് വിളംബരങ്ങൾ പ്രസിദ്ധപ്പെടുത്തി. ധമ്മംകൊണ്ടും സ്നേഹംകൊണ്ടും ജനങ്ങളെ രക്ഷിക്കണമെന്നും തീരുമാനിച്ചു. അദ്ദേഹത്തിന്റെ തിരുവെഴുത്തുവിളംബരങ്ങളിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—"മഹാരാജാവിനാൽ കലിംഗദേശം ജയിക്കപ്പെട്ടു. ലക്ഷത്തി അമ്പതിനായിരം ജനങ്ങൾ തടവുകാരാക്കപ്പെട്ടു. ഒരുകോടി കൊല്ലപ്പെട്ടു. അതിൽ എത്രയോ മടങ്ങു് ആളുകൾ ചത്തു. കലിംഗം സാമ്രാജ്യത്തോടു് ചേർത്തതൊട്ടു് ധമ്മവും ഭക്തിയും സ്നേഹവും പരിപാലിക്കാൻ തുടങ്ങി. മുമ്പിൽ ആരും ജയിച്ചിട്ടില്ലാത്ത പ്രദേശത്തെ കീഴടക്കുന്നതിൽ അനവധി കൊലയും മരണവും ബന്ധനവും ഉണ്ടായതുകണ്ടു് തിരുമനസ്സിൽ വിഷാദം ഉളവായി. യുദ്ധം ചെയ്തതിനെപ്പററി തിരുമനസ്സിൽ വളരെ കുണ്ഠിതമുണ്ടു്." മേലാൽ ഈ മാതിരി കൂട്ടക്കൊല ഒരുകാലത്തും അനുവദിക്കത്തക്കതല്ലെന്നു് കല്പനകൊടുത്തിട്ടു്, വിളംബരം തുടരുന്നു:—"വിശേഷിച്ചും, ആരെങ്കിലും തിരുമേനിയോടു് അപരാധം ചെയ്താൽ കഴിവുള്ളിടത്തോളം തിരുമേനി സഹിക്കുന്നതാണു്. തിരുമനസ്സിലെ പ്രജകളായ കാട്ടാളജാതികളെപ്പോലും ദാക്ഷിണ്യപൂവം നേർവഴിയിൽ കൊണ്ടുവരാൻ യത്നിക്കേണ്ടതാണു്. അല്ലെങ്കിൽ തിരുമനസ്സിൽ അനുതാപം ഉണ്ടാവുന്നതാകുന്നു. എല്ലാ ജീവപ്രാണികൾക്കും രക്ഷയും മനസ്സമാധാനവും ആത്മസംയമനവും ആനന്ദവും ഉണ്ടാകണം എന്നാണു് തിരുമനസ്സിലെ മോഹം." കൃത്യഭക്തികളെക്കൊണ്ടാണു് മനുഷ്യഹൃദയം

വശീകരിക്കേണ്ടതെന്നും, അപ്രകാരമാണ് തന്റെ സംസ്ഥാനങ്ങളിലും പുറമേയും വിജയം നേടിട്ടുള്ളതെന്നും അശോകചക്രവർത്തി തിരുവെഴുത്തു വിളംബരത്തിൽ പ്രസ്താവിക്കുന്നു.

അശോകചക്രവർത്തിയുടെ വിളംബരങ്ങളിൽ പ്രസ്താവിച്ചിരിക്കുന്ന ധർമ്മം ബുദ്ധമുനിയുടെ ധർമ്മപാഠമാകുന്നു. അദ്ദേഹം ബുദ്ധമതത്തിൽ അതിവിശ്വാസിയായി, ആ മതത്തെ എങ്ങും പരത്തി. എന്നാൽ ബലാൽക്കാരമായി ആരെയും മതം മാററീട്ടില്ല. സ്നേഹപൂർവ്വമായ ഉപദേശംകൊണ്ടു് ജനമനസ്സിനെ ആവർജ്ജനം ചെയ്തു. ഇത്ര ദാക്ഷിണ്യപൂർവമായ മതപരിവർത്തനം ചരിത്രത്തിൽ കേട്ടുകേൾവിയില്ല. മതത്തിന്റെ പേരുപറഞ്ഞു് എത്ര കൊലപാതകങ്ങളും ദ്രോഹങ്ങളും മഹാസമരങ്ങളും ഓരോ നാട്ടുകളിൽ ഉണ്ടായിരിക്കുന്നു! മഹാസാമ്രാജ്യാധിപനായ ഒരു വീരചക്രവർത്തി യാതൊരുപദ്രവവും ചെയ്യാതെ പുതുമതത്തെ ഹിമവൽസേതുപര്യന്തം എന്നല്ല അതിനപ്പുറവും പ്രചരിപ്പിച്ചു എന്നുള്ള അത്ഭുതം ഭാരതഭൂമിയിൽ അല്ലാതെ മറെറങ്ങാനുംനടന്നിട്ടുണ്ടോ? അതു് അറിഞ്ഞിരുന്നിട്ടും ഖഡ്ഗപാണികളായി മതപ്രചരണത്തെ മനുഷ്യരുടെതൊണ്ടയിൽ കുത്തി ഇറക്കുന്നതിനു് ഇന്നും ചില ക്രൂരർ ഒരുമ്പെട്ടിരിക്കുന്നതു് കാണുമ്പോൾ, "കാലോഹി ദുരതിക്രമഃ" എന്നു് വിലപിക്കാനല്ലാതെ നിർവാഹമില്ല.

അശോകനു് "ദേവാനാം പ്രിയൻ" എന്നൊരു ബിരുദസംജ്ഞ ഉണ്ടു്. ഇന്നു് സംസ്കൃതത്തിൽ അതിനു് രൂഢാർത്ഥം മൂഢൻ എന്നാണു്. അന്നു് ശബ്ദാർത്ഥം അനുസരിച്ചു ദേവന്മാർക്കു് ഇഷ്ടൻ എന്നുതന്നെ എല്ലാവരും ധരിച്ചിരുന്നു. സാമ്രാജ്യം ഉറപ്പിച്ചശേഷം, അശോകൻ പശ്ചിമേഷ്യാനാട്ടുകളിലേയ്ക്കും യൂറോപ്പിലേയ്ക്കും ആഫ്രിക്കയിലേയ്ക്കും മതദൂതന്മാരെ അയച്ചു് ബു-

ദ്ധമതം പ്രചരിപ്പിച്ചു. സിലോണി (ലങ്ക)ലേയ്ക്കു് സോദരൻ മഹേന്ദ്രനേയും സോദരി സംഘമിത്രയേയും പറഞ്ഞയച്ചു. അവർ അന്നു് ഗയാവായിൽ നിന്നു കൊണ്ടുപോയ ബോധിവൃക്ഷത്തിൻെറ കൊമ്പു് ഇന്നും അനുരാധപുരത്തുള്ള വിഹാരത്തിൽ പടർന്നു നിൽക്കുന്നതു് കാണാം.

ഭാരതഭൂമിയിൽ ബുദ്ധമതം പരന്നു് വേദമതത്തെ മിക്കവാറും അസ്തമിപ്പിച്ചു. ബുദ്ധൻെറ ധമ്മപഥം, കേവലം മന്ത്രജപങ്ങൾ, പൂജകൾ, ഹോമങ്ങൾ, യോഗാദികമ്മങ്ങൾ എന്നുള്ളവയെ അല്ല ആശ്രയിച്ചിരുന്നതു്; സൽകമ്മങ്ങൾ ചെയ്തു് സമുദായോന്നതിവരുത്തുക ആതുരശാലകൾ, വിശ്രമോദ്യാനങ്ങൾ, റോട്ടുകൾ, കിണറുകൾ, വഴിയമ്പലങ്ങൾ, സത്രങ്ങൾ എന്നിങ്ങനെ പരക്കെ ജനങ്ങൾക്കു് ക്ഷേമപ്രദങ്ങളായ ഏർപ്പാട്ടുകൾ ചെയ്ക, എന്നുള്ളവയായിരുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസത്തിലും പ്രത്യേകം നിഷ്കർഷ ഉണ്ടായിരുന്നു. വടക്കുപടിഞ്ഞാറേ അതിർത്തിയിൽ ഇന്നത്തെ പേഷവാറിനു് സമീപം തക്ഷശില, മധുര, ഉജ്ജയിനി, പാടലീപുത്രത്തിനു സമീപം നളന്ദ, എന്നു നാലു സർവകലാശാലകൾ അശോകൻ സ്ഥാപിച്ചു. ഇൻഡ്യ, ചീന, പശ്ചിമേഷ്യ എന്നീ സ്ഥലങ്ങളിൽ നിന്നു അനവധി ഛാത്രന്മാർ ആ കലാശാലകളിൽ പഠിച്ചു് ബുദ്ധസംസ്കാരത്തെ അന്തതു നാട്ടുകളിൽ പരത്തി. അനവധി ബുദ്ധവിഹാരങ്ങൾ (മഠങ്ങൾ) സാമ്രാജ്യമൊട്ടുക്കു് വളൎന്നു. ഈ മഠങ്ങളാണു് പിന്നീടു് ക്രിസ്ത്യാനികൾക്കും ഹിന്ദുക്കൾക്കും മാതൃക നൽകിയതു് എന്നു പറയാം. പാടലീപുത്രത്തിനു ചുററും അനേകം വിഹാരങ്ങൾ ഉണ്ടായിരുന്ന കാരണമാണു് ആ ദേശവിഭാഗത്തിനു ബീഹാർ എന്നുള്ള സംജ്ഞ ലഭിച്ചതു്. ഏർപ്പെട്ട കാലത്തു് ഈ വിഹാരങ്ങൾ സത്യത്തിൽ ജ്ഞാനസമ്പാദനത്തിനുള്ള ക്ഷേത്രങ്ങളായിരുന്നു.

ക്രമേണ എല്ലാ മതങ്ങൾക്കും ഉണ്ടാവുന്ന അധോഗതി ബുദ്ധമതത്തിനും കടന്നുകൂടിയപ്പോൾ, അവ ഹിന്ദുക്ഷേത്രങ്ങളെപ്പോലെ സത്വം പോയി, കേവലം വൈദികചടങ്ങുകൾക്കും ആഘോഷങ്ങൾക്കും പതിവുകൾക്കും ആവാസങ്ങളായി. പിന്നീടു വേദമതത്തിന് പുനരുദ്ധാരണം വന്നപ്പോൾ പലതും ഹിന്ദുക്ഷേത്രങ്ങളായി പരിണമിച്ചു.

മനുഷ്യരെ മാത്രമല്ല ജന്തുക്കളേയും രക്ഷിക്കാൻ പല ഏർപ്പാടുകൾ ഉണ്ടായിരുന്നു മൃഗാശുപത്രികൾ ഏർപ്പെടുത്തിയിരുന്നു. ജന്തുഹിംസ നിരോധിച്ചിരുന്നു. ചോരക്കുരുതി നിഷിദ്ധമായിരുന്നു. മാംസാഹാരം ആരും ഭക്ഷിച്ചുകൂടാ. ജനങ്ങൾ അന്നാണ് ഭാരതഭൂമിയിൽ സസ്യഭുക്കുകളായത്. പണ്ട് യോഗീശ്വരൻ ഒഴികെ എല്ലാ ജാതിക്കാരും മദ്യമാംസങ്ങൾ ഉപയോഗിച്ചിരുന്നതായി പുരാണങ്ങൾ പറയുന്നു. ആ ദുരാചാരത്തെ അകററിയത് അശോകനാണ്.

ഇങ്ങനെ സർവ്വപ്രാണിക്ഷേമവരനായി അശോകസാമ്രാട്ട് മുപ്പത്തിഎട്ടുകൊല്ലം രാജ്യഭാരം ചെയ്തു. ഏതു സമയത്തും, ഉണ്ണുകയോ, ഉറങ്ങുകയോ, സവാരി പോകയോ, ഉല്ലസിക്കയോ, എന്തു ചെയ്യുമ്പോഴും, പബ്ളിക്ക് കാര്യത്തിന് അദ്ദേഹം സന്നദ്ധനായിരുന്നു. ഏതു സങ്കടവും ഏതു സമയവും അദ്ദേഹത്തെ കണ്ടു അറിയിക്കാൻ യാതൊരു തടസ്ഥവും ഇല്ലായിരുന്നു. തന്റെ ജീവിതം ജനസുഖത്തിനായി ത്യാഗംചെയ്ത ആ മഹാനുഭാവൻ, ഒടുവിൽ ബുദ്ധസന്ന്യാസപട്ടം വാങ്ങി, ബി. സി. ൨൨൬-ൽ നിർവ്വാണം അണഞ്ഞു. അറുനൂറുകൊല്ലം കഴിഞ്ഞു പാടലീപുത്രപ്രദേശത്ത് വന്നു സഞ്ചരിച്ച "ഫാഹിയൻ" എന്ന ചീനസഞ്ചാരി അവിടം സമൃദ്ധിമത്തായി കണ്ടതായി പ്രസ്താവിച്ചിട്ടുണ്ട്. അക്കാലത്തുതന്നെ അശോകന്റെ കൊട്ടാരം ജീർണ്ണമായി-

രുന്നു. എന്നിട്ടുപോലും അതു് അമാനുഷമായി അദ്ദേഹ-ത്തിനു തോന്നി. ഇന്നു് അതിന്റെ പൊടിപോലും കാ-ണ്മാനില്ല. എങ്കിലും അശോകന്റെ യശസ്സ് യാതൊരു വാട്ടവും തട്ടാതെ ഏഷ്യാമഹാഖണ്ഡം ആസകലം വി-ളങ്ങുന്നു. അദ്ദേഹത്തിന്റെ ശാസനസ്തംഭങ്ങൾ ഇന്നും സർവ്വസാഹോദര്യത്തെ ഉപദേശിക്കുന്നു.

മൗര്യസാമ്രാജ്യകാലമായിരുന്നു ഭാരതഭൂമിയുടെ ശുക്രദശ. പല വിദേശനാട്ടുകളുമായി മതസംബന്ധമാ-യും വ്യാപാരസംബന്ധമായും എടപാടുകൾ അന്നു് ഉണ്ടായിരുന്നു. അശോകന്റെ ദൂതന്മാർ വിദൂരദേശ-ങ്ങളിലും രാജധാനികളിലും സഞ്ചരിച്ചു. ഇന്നത്തെ വേ-ഗമേറിയ വാഹനങ്ങളോ സൌകര്യപ്പെട്ട മാർഗ്ഗങ്ങ-ളോ അന്നു് ഇല്ലാതിരുന്നതിനാൽ യാത്ര ഏററവും ക്ലേ-ശാവഹവും വിളംബിതവും ആയിരുന്നു. വിദൂരദേശങ്ങ-ളെന്നു് അന്നു് അറിവുണ്ടായിരുന്നവ, മദ്ധ്യാണ്ണവതീര-ത്തുണ്ടായിരുന്ന രാജ്യങ്ങളും, ഈജിപ്ററും ചീനയും മദ്ധ്യേഷ്യയും മാത്രമായിരുന്നു. യൂറോപ്പിന്റെ പൂർവ്വോ-ത്തരഭാഗങ്ങൾ അന്നു് അജ്ഞാതങ്ങളായിരുന്നു. അമേ-രിക്കയുടെ നാമംപോലും കേട്ടിരുന്നില്ല. പിന്നെ എത്ര-യോ വർഷശതങ്ങൾ കഴിഞ്ഞതിനു മേലാണു്, കൊ-ളംബസ് ആ മഹാഖണ്ഡത്തിന്റെ സത്ത മനസ്സിലാ-ക്കിയതു്. ആ സാംയാത്രികൻ അമേരിക്കാഖണ്ഡം കണ്ടു-പിടിച്ചു എന്നു പറയുന്നതു് കേവലം ഔപചാരികമാ-യിട്ടാണു്. അമേരിക്ക പണ്ടേ ഉണ്ടു്. തെക്കേഅമേരി-ക്കയിൽ പെരു എന്ന രാജ്യത്തും പ്രാന്തങ്ങളിലും പുരാത-നമായി പരിഷ്കൃതജനങ്ങൾ അധിവസിച്ചിരുന്നതാ-യി തെളിഞ്ഞിട്ടുണ്ടു്. അശോകന്റെ രാജ്യഭരണത്തിനു് സമകാലമായി അവിടെ പല സംസ്കാരങ്ങളും ഉണ്ടാ-യിരുന്നിരിക്കാം. അന്നു് അതു് ആക്കും അറിഞ്ഞുകൂടാതെ ഇരുന്നു. നമുക്കു് ഒരു ദൃഷ്യമുണ്ടു്, നാം അറിഞ്ഞിട്ടുള്ളതേ-

ഉള്ളൂ എന്നൊരു മിഥ്യാബോധം. ആര്യന്മാർ ആര്യാവർത്തത്തിൽ വ്യാപിച്ചപ്പോൾ ദക്ഷിണദേശം പ്രത്യന്തമാണെന്നും അവിടത്തുകാർ ദുഷ്ടരാക്ഷസരാണെന്നും ഗണിച്ചു. അതുപോലെ, യൂറോപ്യന്മാർ ഗ്രീസ്സ് ഒഴിച്ചുള്ള ദേശം ആസകലം വനാന്തരമാണെന്നും, തദധിവാസികൾ കാട്ടാളരാണെന്നും ബോധിച്ചു. ഇതു തെററാണ്. പുരാണവസ്തുഗവേഷകന്മാർ ഈ മിഥ്യാബോധത്തെ അകററുന്നു. ചീനം (കഥെ എന്നാണ് അന്നു വിളിച്ചുവന്നതു്) യെപ്പററിപ്പോലും അന്നത്തെ പാശ്ചാത്യപരിഷ്കൃതജനങ്ങൾക്ക് എത്ര മിഥ്യാജ്ഞാനം ഉണ്ടായിരുന്നു!

അലക്സാണ്ടരുടെ മരണാനന്തരം അദ്ദേഹത്തിന്റെ സാമ്രാജ്യം മൂന്നു സേനാധിപന്മാർ പങ്കിട്ടെടുത്തു. പശ്ചിമേഷ്യ, പർഷ്യ, മെസപ്പോട്ടേമിയ, ഈ രാജ്യങ്ങളെ സെല്യൂക്കസ്സും ഈജിപ്ററിലെ ടോളിമിയും, മാസിഡോണിയയെ ആൻറിഗോണസ്സും ഭരിച്ചു. ആദ്യത്തെ രണ്ടു വിഭാഗങ്ങളും ഏറിയ കാലം നിന്നു. സെല്യൂക്കസ്സ് ചന്ദ്രഗുപ്തനുമായി പിണങ്ങി ഒടുവിൽ അഫ്ഘനസ്ഥാനംകൂടി തുല്ലിട്ടതു് മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. ഈജിപ്ററ് ടോളിമിവംശക്കാരുടെ കീഴിൽ വളരെക്കാലം പുലന്നു. അലക്സാൺട്രിയ എന്ന തുറമുഖപട്ടണം അതിന്റെ രാജധാനിയായി വളരെ പുകൾ പെററു. ഗ്രീസ്സിന്റെ പ്രധാന നഗരമായിരുന്ന ആഥൻസിന്റെ മാഹാത്മ്യം ക്ഷയിച്ചതെല്ലാം അലക്സാൺട്രിയയിൽ സംക്രമിച്ചു. അവിടമായി ഗ്രീക്കസംസ്കാരത്തിന്റെ കേന്ദ്രം. അവിടെ ഉണ്ടായിരുന്ന മഹാവിദ്യാശാല, ഗ്രന്ഥശാല, മ്യൂസിയം എന്നിവ അന്യാദൃശങ്ങളും വളരെ പേരുകേട്ടവയും ആയിരുന്നു. മഹാവിദ്വാന്മാരും അവിടെ ഉണ്ടായി, ജ്യോതിശ്ശാസ്ത്രം തത്വശാസ്ത്രം എന്നീ വിഷയങ്ങളിൽ കേമന്മാരായ പണ്ഡിതന്മാർ ഉണ്ടായിരുന്നവരിൽ ഒരാളാണ് യൂക്ലിഡ്. യൂക്ലിഡിന്റെ ക്ഷേത്രഗണിതം ഇന്നും നമ്മുടെ

കുട്ടികൾ പള്ളിക്കൂടങ്ങളിൽ പഠിക്കുന്നുണ്ടല്ലോ. അദ്ദേഹം അശോകന്റെ കാലത്തു് ജീവിച്ചിരുന്നു.

ടോളിമികൾ സത്യത്തിൽ ഗ്രീക്കുകാരായിരുന്നു. അവർ മിസ്രദേശത്തു വന്നു് ദേശീയാചാരങ്ങളും മതച്ചടങ്ങുകളും കൂട്ടിക്കലർത്തി, ജൂപ്പിററർ, അപ്പോളോ മുതലായ ഗ്രീക്കുദേവന്മാൎക്കു് പകരം ഐസിസ്സിനേയും, ഒസൈറിനേയും, ഹോറസ്സിനേയും കല്പിച്ചു് ആരാധിച്ചു. ഇങ്ങനെ അവർ കാലക്രമത്തിൽ മിസ്രദേശക്കാരായിത്തീൎന്നു. അവരുടെ കാലത്തു് അലക്സാൺട്രിയ പല നാട്ടുകാരും വന്നുകൂടുന്ന കച്ചോടസ്ഥലം ആയിത്തീൎന്നിരുന്നു. അവിടെ മലയാളക്കരയിൽനിന്നുപോലും കച്ചോടക്കാർ പോയി വ്യാപാരം ചെയ്തു് പാണ്ടികശാലകൾ ഉറപ്പിച്ചിരുന്നതായി കാണുന്നുണ്ടു്.

മൂന്നാമത്തെ ഭാഗമായ മാസിഡോണിയയെ അല്പകാലം കഴിഞ്ഞപ്പോൾ ഗാൾസ് എന്നൊരു വീരസഞ്ചാരിവൎഗ്ഗക്കാർ യൂറോപ്പിന്റെ മദ്ധ്യാടവികളിൽനിന്നു വന്നു് നശിപ്പിച്ചു. ആ സംസ്ഥാനത്തിന്റെ ഒരു അംശമായ ചിന്നേഷ്യാഭാഗത്തു് അന്നു ഉണ്ടായിരുന്ന പർഗാമം എന്ന രാജ്യം മാത്രം ഗാൾസുകളെ പിൻതിരിച്ചു് സ്വതന്ത്രമായി നൂറുകൊല്ലത്തിനു മേൽ നിലനിന്നു. ഇന്നു് കാണുന്ന തുൎക്കിരാജ്യമായിരുന്നു ആ ഭാഗം. അവിടെ അലക്സാണ്ട്റിയയിലെപ്പോലെ ഗ്രീക്കുപരിഷ്കാരം പുലൎന്നു.

മദ്ധ്യാൎണ്ണവത്തിന്റെ തെക്കേക്കരയിൽ വിളങ്ങിയിരുന്ന മിസ്രസംസ്ഥാനത്തിനു് അനതിദൂരത്തു് വടക്കേ തീരത്തു് റോമാനഗരവും അക്കാലത്തു് പതുക്കെ തല പൊക്കിത്തുടങ്ങി. അതിന്റെ കഥ ഇനി ഒരു അദ്ധ്യായത്തിൽ പ്രസ്താവിക്കാം.

---

# പതിനഞ്ചാം അദ്ധ്യായം

## ചീനയുടെ സ്ഥിതി

അശോകചക്രവത്തിയുടെ കാലത്തു് ചീന വളരെ ശോകമമായ നിലയെ പ്രാപിച്ചിരുന്നു. അക്കഥകൂടി പറഞ്ഞെങ്കിൽ അല്ലാതെ അക്കാലത്തെപ്പററി ശരിയായ ജ്ഞാനം സിദ്ധിക്കയില്ല. ചീന ഭാരതഖണ്ഡം പോലെ പുരാതന ജനസമുദായത്താൽ അദ്ധ്യുഷിതമായിരുന്നു. പടത്തിൽ നോക്കിയാൽ ഏഷ്യാമഹാഖണ്ഡത്തിൻെറ മദ്ധ്യഭാഗം മുഴുക്കെ വ്യാപിച്ചു കിടക്കുന്ന ഭീമനെപ്പോലെ ചീനാസാമ്രാജ്യം കാണാം. അതിൻെറ ആകാരത്തിന്റെ വലിപ്പത്തിനൊത്തതായിരുന്നു അവിടെ കാൎയ്യങ്ങൾ നടന്ന കാലദൈർഘ്യവും. ആദിയിൽ ഹോയാങ്ഹോനദീതീരത്തു് കുടിപാർപ്പുമുറപ്പിച്ചതു മുതൽ രണ്ടായിരം കൊല്ലത്തിനു മേലുള്ള ചീനാചരിത്രസംഗ്രഹം എട്ടാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ചൌരാജവംശക്കാരുടെ കാലത്തു് ചെറിയ വിഭാഗങ്ങളായി എന്നും കലഹിച്ചുകൊണ്ടിരുന്ന ഇടവകപ്രഭുക്കളെ ക്രമേണ കീഴടക്കി, ഏകീകൃതഭരണത്തിനു ശ്ലിട്ടു. അതിനിടെ ചിൻ വംശക്കാരനായ ഒരു ഇടപ്രഭു ചൗവംശത്തിലെ സാധുവായ രാജാവിനെ തല്ലി ഓടിച്ചു് രാജ്യഭാരം ഏററു. ഇതു് ബി. സി. ൨ ൨ ൪ ൽ ആയിരുന്നു; അതായതു്, അശോകന്റെ ഭരണകാലം ഭാരതഭൂമിയിൽ തുടങ്ങീട്ടു് പതിമ്മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ ചിൻവംശത്തിലെ ആദ്യത്തെ മൂന്നു രാജാക്കന്മാർ അല്പകാലം മാത്രമേ ജീവിച്ചിരുന്നുള്ളു. നാലാമൻ ബി. സി. ൨ ൪ ൬-ൽ വന്നു. അയാൾ ഒരു വല്ലാത്ത മനുഷ്യനായിരുന്നു. സാക്ഷാൽ പേരു് വാങ്ചെങ് എന്നായിരുന്നു എങ്കിലും, രാജസ്ഥാനത്തിൽ വന്നപ്പോൾ സ്വീകരിച്ച നാമം ഷിഹ്വാന്തി എന്നായിരുന്നു. അതിന്റെ അത്ഥം ഒന്നാമത്തെ ചക്ര-

വൎത്തി എന്നാണ്. ആൾ മഹാദാംഭികനും, തന്നെക്ക-
വിഞ്ഞു ഒരാളില്ലെന്നു് ഞെളിഞ്ഞിരുന്നവനുമായിരുന്നതു
പോരാതെ, പഴമകളിലെല്ലാം പുച്ഛമുള്ളവനുമായിരുന്നു.
ചരിത്രം തന്റെ കാലം മുതൽക്കേ പാടുള്ളൂ എന്നു വരു-
ത്താനായി പുരാണങ്ങളെ എല്ലാം നശിപ്പിക്കാൻ കല്പന
കൊടുത്തു. എന്നുമാത്രമല്ല, പഴയഗ്രന്ഥങ്ങളോ ചരിത്ര-
ങ്ങളോ ഉണ്ടായിരുന്നതെല്ലാം ചുട്ടുകരിച്ചു. വല്ലവരും
ഒളിച്ചുവയ്ക്കുകയോ പഴയകാൎയ്യങ്ങളെപ്പററി പറകപോ-
ലുമോ ചെയ്താൽ അവരെ ജീവനോടെ കുഴിച്ചിടുകയോ
ദഹിപ്പിക്കയോ ചെയ്തുവന്നുവത്രേ! അഹോ! പ്രഥമചക്ര-
വൎത്തിയുടെ ചരിതം കേമം തന്നെ! എത്രയോ യോഗ്യ-
ന്മാരുടെ ജീവനാശം ഇങ്ങനെ വരുത്തിയതു് തന്റെ
കാലത്തിന്റെ മാഹാത്മ്യം ആധിമതാപവും സ്ഥാപിക്കാൻ
ആയിരുന്നു. പഴമയെ മുറകെപ്പിടിച്ചു് പല കാൎയ്യങ്ങ-
ളിലും സിദ്ധാന്തിക്കുന്നഭാരതീയൎക്കു് ഇതൊരുപാഠമാവാം.
എപ്പോഴും പിന്നോക്കമല്ല മുന്നോട്ടാണു് ദൃഷ്ടി വേണ്ട-
തെന്നു് ഉള്ളതിനു് ഒരു ഉപദേശവും ആകാം. കണ്ണുകൾ
പിറകെ അല്ല മുമ്പിലാണെന്നു് ആൎക്കും അറിയാം
അതിനു് ഇത്ര കഠിനപ്രവൃത്തി ഒന്നും വേണ്ടതാനും.

ഈ വീരന്റെ വംശപ്പേരിനെ അടിസ്ഥാനമാക്കി
ആണു് ചീനയ്ക്കു് ആ പേരു കിട്ടിയതു്. അന്നുമുതലാ-
ണു് ചീനയിൽ ഇടവകൾ എല്ലാം പോയി രാജ്യം
ഒന്നായതു്. മുമ്പുണ്ടായിരുന്ന വംശക്കാരെപ്പോലെ ചിൻ-
വംശവും ഏറിയകാലം തലമുറകളായിരാജ്യം ഭരിക്കുമെ-
ന്നാണു് ആദിചക്രവൎത്തി നിനച്ചിരുന്നതു്. പക്ഷേ,
പഴയതെല്ലാം ഒന്നോടെപെട്ടെന്നു നശിപ്പിച്ചതിന്മണ്ണം,
അയാളുടെ വംശവും അയാളോടുകൂടിതീൎന്നു. അമ്പതുവൎഷ
ത്തിനുള്ളിൽ അതു് നാമാവശേഷമായി. ആദിചക്രവൎത്തി
മരിച്ചതു ബി. സി. ൨ ൦ ൯-ലാണു്. പിന്നെമൂന്നുകൊല്ലം
കഴിഞ്ഞു് ആ വംശം കുററി അററു. എല്ലാവരും പഴയ

ഗ്രന്ഥങ്ങൾ ഒളിച്ച് കഴിച്ചിട്ടിരുന്നതെല്ലാം തുരന്നെടുത്ത് പണ്ടത്തെ രീതിയെ അനുഷ്ഠിച്ചു.

ഷിഫപാന്തി ഒരു വിധം നോക്കുമ്പോൾ ഒരു ശക്തനായ രാജാവായിരുന്നു. ഇടപ്രഭുക്കളുടെ അഹമ്മതികളും ദുസ്സ്വാതന്ത്ര്യങ്ങളും അടക്കി ചീനയിൽ ഏകനായകത്വം സ്ഥാപിച്ചു. ചീനമുഴുക്കെയും ആസാമും കീഴടക്കി. ചീനത്തു് ഇന്നും കാണുന്ന നെടുങ്കോട്ട അന്നാണു് പണിയാൻ ആരംഭിച്ചതു്. അതിനുവേണ്ടി ചിലവാക്കിയധനത്തിനും ആളിനും കണക്കില്ല. എന്നാൽ ശത്രുക്കളെതടുക്കാൻകെട്ടിയ ആ കോട്ട വലിയഉപകാരമൊന്നുംനൽകിയതുമില്ല.

ഷിഫപാന്തിക്കുപ്പുറം ഫാൻവംശക്കാർ രാജാക്കന്മാർ ആയി നൂറു കൊല്ലം ചീനാസാമ്രാജ്യം ഭരിച്ചു. ആ വംശത്തിൽ ഒരു ചക്രവർത്തിനിയും ഉണ്ടായി. ആറാമത്തെ രാജാവു് ആയ വൂതി എന്ന ചക്രവർത്തി കേമൻ ആയിരുന്നു. അമ്പതുകൊല്ലം രാജ്യഭാരം ചെയ്തു. വടക്കുനിന്നും വന്നുകയറിയ ടാർട്ടർപടയെ ഓടിച്ചു. കിഴക്ക് കൊറിയ മുതൽ കാസ്പിയൻകടൽവരെ മദ്ധ്യേഷ്യ മുഴുക്കെ ഉള്ള ഭൂഭാഗം ആ ചക്രവർത്തിയുടെ മേൽകോയ്മയെ സമ്മതിച്ചു. പിൻകാലത്തു് 'ലോകനാഥ' എന്ന ബിരുദം പെററ റോമാവിശ്വംഭരയുടെപോലും ഇതിൻെറ ഒരു സംസ്ഥാനത്തിൻെറ വലിപ്പം ഉണ്ടായിരുന്നില്ല. എങ്കിലും റോമാസാമ്രാജ്യത്തെ എല്ലാവരും കൊണ്ടാടുന്നു. ചീനസാമ്രാജ്യത്തെപ്പററി, കഷ്ടം! ആർക്കും അറിവുപോലും ഇല്ല! ഇക്കാലത്താണു് ചീനവും റോമും തമ്മിൽ കച്ചോടബന്ധം തുടങ്ങിയതു്. പാർത്തിയർ മുഖാന്തിരം തുടങ്ങിയ ഈ ബന്ധം പിന്നീടു് നശിച്ചു. വളരെ നാൾ കഴിഞ്ഞു നടന്ന കഥയാണു് ഇതു്. ഇവിടെ അതു് അപ്രകൃതമാകുന്നു.

ഫാൻവംശഭരണകാലത്താണു് ബുദ്ധമതം ചീനത്തു് പ്രചരിച്ചതു് അതിനു ഒരു ഐതിഹ്യം ഉണ്ടു്. ചക്ര-

വർത്തി ഒരു ദിവസം പതിനാറടി പൊക്കം ഉള്ള ദിവ്യ-തേജോമയനായ അമാനുഷനെ സ്വപ്നം കണ്ടു. പ-ശ്ചിമാശയിൽനിന്ന് വരുന്നതായിട്ടാണ് തോന്നിയതു്. അതിനാൽ ആ ദിക്കിലേക്ക് ദൂതന്മാരെ അയച്ചു. അവർ വലുതായ ഒരു ബുദ്ധവിഗ്രഹവും കുറെ മതഗ്രന്ഥങ്ങളും കൊണ്ടുവന്നു. അന്നുമുതൽ ആ മതത്തിന് പ്രചാരം തുടങ്ങി. ഇങ്ങനെ ആര്യസംസ്കാരം ചീനത്തു് കടന്നു. അവിടെനിന്ന് കൊറിയയിലും ജപ്പാനിലും സംക്രമിച്ചു. മരക്കഷണങ്ങളിൽനിന്ന് അച്ചടിക്കുന്ന വിദ്യ ഹാൻ-വംശക്കാരുടെ കാലത്തു് ഉണ്ടായതാണ്. അച്ചടി അ-വിടെ ധാരാളമായി നടപ്പാക്കാൻ പിന്നെയും സഹസ്ര വർഷം വേണ്ടിവന്നു. അതിനും അഞ്ഞൂറുകൊല്ലം കഴി-ഞ്ഞതിൽ പിന്നീടേ അച്ചടിവിദ്യ യൂറോപ്യന്മാർ ഗ്രഹി-ച്ചുള്ളു.

പിന്നൊരു വിശേഷസംഗതി പറയാനുള്ളതു്, പബ്ളിക്ക് പരീക്ഷകൊണ്ടു് ഉദ്യോഗത്തിനു യോഗ്യത നിശ്ചയിക്കുന്ന ഇന്നത്തെ രീതി ആദ്യമായി ചീനയിൽ ഏർപ്പെട്ടതു് ഹാൻ വംശഭരണകാലത്താണ് എന്നുള്ള-താണ്. കേവലം ശുപാർശ്ശ വിട്ടു് യോഗ്യതയ്ക്കു് പ്രാ-മാണ്യം നൽകിയതു് പരിഷ്കാരത്തിൻെറ ഉച്ചനിലയെ ദ്യോതിപ്പിക്കുന്നു.

---

# പതിനാറാം അദ്ധ്യായം

## റോമാസാമ്രാജ്യം

അശോകൻ ഭാരതഭൂമിയിൽ സാമ്രാജ്യം ഭരിക്കയും ഹാൻവംശചക്രവർത്തികൾ ചീനാസാമ്രാജ്യം പാലിക്ക-യും ചെയ്തിരുന്ന കാലത്തു്, യൂറോപ്പിൽ റോമാസാമ്രാ-ജ്യത്തിൻെറ നിഴൽ വീണുതുടങ്ങി. ആര്യവർഗ്ഗക്കാർ

ഭാരതഭൂമിയിലേക്ക് പ്രയാണം ചെയ്തതുപോലെ, യൂറോപ്പിലേക്കും കടന്ന് ഗ്രീക്ക് പരിഷ്കാരം സൃഷ്ടിച്ച കഥ പറഞ്ഞുകഴിഞ്ഞിട്ടുണ്ടല്ലോ. അതിലും പടിഞ്ഞാറോട്ടു കടന്ന്, ക്രിസ്തുവിന് ഏഴോ എട്ടോ ശതവർഷം മുമ്പിൽ റോമാ നഗരം ടൈബർനദിയുടെ സമീപത്തുള്ള ഏഴു കുന്നുകളിൽ അവർ സ്ഥാപിച്ചതായി ഐതിഹ്യങ്ങളുണ്ട്. ഗ്രീക്കപ്രാബല്യകാലത്ത് ഇററലിയിൽ കടന്നു സ്ഥലങ്ങൾ പിടിച്ച് നഗരീയരീതിയിൽ ചെറുതാവളസ്ഥലങ്ങൾ അവർ സൃഷ്ടിച്ചിരുന്ന കൂട്ടത്തിൽ റോമും ഒന്നായിരുന്നു. റോം ആകട്ടെ, ക്രമേണ അല്പവിസ്തൃതികൊണ്ടു തൃപ്തിപ്പെടാതെ, അടുത്തുള്ള ചെറുനഗരതാവളങ്ങളെ പിടിച്ചു പിടിച്ച് ഇററലി ഉപദ്വീപിന്റെ തെക്കേക്കോടിയായ മെസ്സീനാവരെ സ്വാധീനപ്പെടുത്തി. അല്പവിസ്തൃതമായ ദേശത്തിന് ഉതകുന്ന ഗ്രീക്കുകാരുടെ നഗരഭരണസമ്പ്രദായം ബഹുവിസ്തൃതമായ ഇററലി സംസ്ഥാനത്തിന് ഉതകുന്നതല്ലല്ലോ. അതുകൊണ്ട് ഭരണസമ്പ്രദായം മാററി. പ്രധാനനഗരമായ റോമാനഗരത്തിൽ ഒരു കേന്ദ്രഗവമ്മെൻറു സ്ഥാപിതമായി ഏഷ്യയിൽ ഉണ്ടായിരുന്ന രാജ്യങ്ങളിലെപ്പോലെ ഒരു രാജാവിന്റെ ആധിപത്യത്തിലല്ല റോമാഗവമ്മെൻറു ഭരണം നടത്തിയത്! എന്നാൽ ഇന്നത്തേപ്പോലെ പ്രജാപ്രതിനിധിഭരണവും ആയിരുന്നില്ല. പിന്നെയോ? പേരിന് പ്രജായത്തഭരണം ആയിരുന്നില്ലെങ്കിലും വാസ്തവത്തിൽ പ്രഭുഭരണമായിരുന്നു. "സെനററു" എന്നു പേരായ ഒരു സംഘത്തിനായിരുന്നു ഭരണകർത്തൃത്വം. സെനററിലെ അംഗങ്ങളെ നിശ്ചയിക്കേണ്ടതു് രണ്ടു "കാൺസ്സൽ" എന്നു പേരുള്ള ജനപ്രതിപുരുഷന്മാരായിരുന്നു. ഈ പ്രതിപുരുഷന്മാരെ തിരഞ്ഞെടുക്കേണ്ടതു് പൗരാവകാശം സിദ്ധിച്ചിരുന്ന പ്രജകളായിരുന്നു. ഇതു കേൾക്കുമ്പോൾ എത്ര പുരാതന

കാലത്തുപോലും റോമന്മാർ നവീനമായ ജനഭരണസമ്പ്രദായം സൃഷ്ടിച്ചല്ലോ എന്ന് അത്ഭുതം തോന്നിയേക്കാം. സത്യത്തിലാകട്ടെ, ജനങ്ങൾ ഒന്നും കേട്ടതുമില്ല, കണ്ടതുമില്ല. പൗരാവകാശം സിദ്ധിച്ചവർ തന്നെ ചുരുക്കം, അവരുടെ വോട്ട് വിലയ്ക്കു വാങ്ങാൻ ഒരു പ്രയാസവും പ്രഭുക്കൾക്ക് ഉണ്ടായിരുന്നില്ല. അതുകൊണ്ട് വാസ്തവത്തിൽ പ്രഭുക്കന്മാർ തന്നെയാണു ഭരണം നടത്തിവന്നതു്.

റോമാ സംസ്ഥാനത്തിലുണ്ടായിരുന്ന ജനങ്ങൾ "പെട്രിഷ്യൻ" എന്നു പേർ പറഞ്ഞുവന്ന പ്രഭുക്കളും, "പ്ലിബിയൻ" എന്നു പേരായ സാധാരണരും, അടിമകളും, എന്നു മൂന്നു തരക്കാരായിരുന്നു. ആദ്യത്തെ ഇരുകൂട്ടരും പൗരന്മാരും മൂന്നാമത്തേവർ ആടുമാടുകളെപ്പോലെ മററു കൂട്ടരുടെ ജംഗമസ്വത്തുക്കളും ആയിരുന്നു. അടിമകൾ ആയിരുന്നു ഭൂരിജനങ്ങൾ. അവരെ ഉടമസ്ഥന്മാക്ക് എന്തും ചെയ്യാം വിൽക്കാം, കൊല്ലാം, പണയം വയ്ക്കാം. ചിലരെ അടിമത്തത്തിൽ നിന്നു വിമുതൽ ചെയ്തു വന്നു; എങ്കിലും സ്വതന്ത്രരായവർ പൗരരായിരുന്നില്ല; കൂലിവേലക്കാർ എന്നൊരു പ്രത്യേകം ജാതിയായിരുന്നു. പുരാതനകാലത്ത് പാശ്ചാത്യരാജ്യങ്ങളിൽ അടിമകൾ അനവധി ഉണ്ടായിരുന്നു. അടിമക്കച്ചോടം ഒരു നല്ല ആദായമാർഗ്ഗമായിരുന്നു. യുദ്ധത്തിൽ പിടിക്കുന്നവരെ കൂടാതെ, മറുനാടുകളിൽ നിന്നു ആണുങ്ങളേയും പെണ്ണുങ്ങളേയും കുട്ടികളേയും പിടിച്ചു കൊണ്ടുവന്നു വിൽക്കുന്ന അടിമക്കമ്പോളങ്ങൾ ധാരാളം വർദ്ധിച്ചിരുന്നു. ഗ്രീസിന്റേയും റോമിന്റേയും ഈജിപ്തിന്റേയും പ്രാബല്യം മുഴുക്കെ അടിമഏർപ്പാടുകൊണ്ടു ദൂഷിതമായിരുന്നു. ഭാരതഖണ്ഡത്തിലും ചീനത്തും അടിമകൾ ഇല്ലാതിരുന്നില്ല. എങ്കിലും പാശ്ചാത്യരാജ്യങ്ങളെ അപേക്ഷിച്ചു അവർ കുറവായിരുന്നു. എന്നുമാത്രമല്ല, വീട്ടുജോലിക്കാണു അവരെ ഏറിയ കൂറും ഉപയോഗിച്ചു വന്നതു്. അല്ലാതെ കാടുതെളിച്ച്

നാടാക്കാനും മററും പററം പററമായി ജന്തുക്കളെപ്പോലെ വേലചെയ്യിപ്പിച്ചിരുന്നതായി കാണുന്നില്ല.

ഇങ്ങനെ റോമിലെ പ്രഭുക്കന്മാർ ധനികന്മാരും ബലവാന്മാരുമായി പുലൎന്നു. സാധാരണർ ഒന്നിനൊന്ന് ക്ഷീണിച്ചും വന്നു. ഇരുകൂട്ടക്കാരും അടിമകളെ ചവുട്ടിത്തേച്ചു. ഇങ്ങനെ എത്രകാലം കഴിയും? മനുഷ്യന് അതിയായ സഹനശക്തി ഉണ്ടെന്നിരുന്നാലും അതിന് ഒരു അതിരുണ്ട്. ഒരു കൂട്ടർ മാത്രം എന്നും സുഖാനുഭോഗങ്ങൾ അനുഭവിച്ചിരിക്കയും, മററുള്ളവർ—അതും ഏററിയ കക്ഷികൾ—ദാരിദ്ര്യഗൎത്തത്തിൽ കിടന്നുഴലുകയും ചെയ്യുമ്പോൾ, ഒരു കലാപമുണ്ടായി കലഹത്തിൽ പൎയ്യവസാനിക്കുമെന്നുള്ളതിൽ തൎക്കമില്ല.

അക്കഥ പറയുന്നതിനു മുമ്പിൽ, റോമാപ്രഭുക്കന്മാൎക്ക് പൊണ്ണത്വാൎയ്യവും, ആഡംബരവും, സുഖലോലുപതയും വളൎന്ന് ഉച്ചനില വരാൻ യുദ്ധജയം സഹായിച്ച സംഗതികൾകൂടി പ്രസ്താവിക്കാം. ഇററലിക്ക് പ്രാബല്യം വന്ന കാലത്തു തന്നെ മദ്ധ്യാണ്ണവത്തിന്റെ എതിൎക്കരയിൽ ആഫ്രിക്കയിൽ കാൎത്തേജുരാജ്യം വളൎന്നുവന്നിരുന്നു. കാൎത്തജീനന്മാർ പണ്ടത്തെ ഫിനീഷ്യൻ വൎഗ്ഗക്കാരുടെ വംശപാരമ്പരയിൽ ഉൾപ്പെട്ടവരായിരുന്നതിനാൽ സാമുദ്രികന്മാരും കച്ചോടത്തിൽ നിപുണന്മാരുമായിരുന്നു. അവിടെയും ധനികന്മാരായ പ്രഭുക്കൾ തന്നെയായിരുന്നു ഭരണാധിപർ. റോമും കാൎത്തേജും തമ്മിൽ ആദ്യമേ മത്സരം തുടങ്ങി; എങ്കിലും ഗ്രീക്കുകാരുടെ കുടിപാർപ്പുകളെ നിഷ്കാസനം ചെയ്യുന്നതിൽ ഇരുകൂട്ടരും യോജിക്കാതിരുന്നില്ല. അപ്രകാരമാണ് ഇററലിയുടെ മൂക്കായ മെസ്സീനവരെ റോമന്മാർ പിടിച്ചുകയററിയതും, സിസിലിദ്വീപത്തെ കാൎത്തജീനർ കൈക്കലാക്കിയതും. ഇത്രയും ആയപ്പോൾ ഒരു ചെറിയ കടലിടുക്കിന് അക്കരെയും ഇക്കരെയുമായി കടുവായും കരടി-

യുംപോലെ തക്കംനോക്കി ഇരുകൂട്ടരും ഇരുപ്പായി. അ-
ചിരേണ അവർ തമ്മിൽ കലഹം തുടങ്ങി. കാത്തജീ-
നർ പുനാതനരാണെന്നും സമുദ്രത്തിൽ അവരോട്ട് നേ-
രിടാൻ ഒരുത്തരും ഇല്ലെന്നും ഒരു അഹങ്കാരം കൊണ്ടി-
രുന്നതിനാൽ, ഇന്നലെ വീണ മഴയ്ക്കു കുരുത്ത തകര-
പോലെ വളൎന്നുവന്ന റോമിനോട്ട് അവൎക്ക് ഏറ്റവും
പുച്ഛം തോന്നിയിരുന്നു. റോമിനാകട്ടെ, പരാക്രമംകൊ-
ണ്ടും ധനശക്തികൊണ്ടും, ആൾപ്പെരുക്കം (അധികവും
അടിമകളായിരുന്നു) കൊണ്ടും, വിജയലക്ഷ്മി വൎദ്ധിച്ച്
വന്നിരുന്നു. ഇവർ തമ്മിൽ ഉണ്ടായ മഹായുദ്ധങ്ങൾ
ഇടയ്ക്കിടെ സമാധാനങ്ങളോടുകൂടി മൂന്നു ഘട്ടങ്ങളിൽ
ആയി ഒരു ശതവൎഷക്കാലം നീണ്ടുനിന്നു. ആ യുദ്ധങ്ങൾ-
ക്ക് 'പ്യൂണിക്ക്' സമരങ്ങൾ എന്നാണു പേർ. ആദ്യ-
ത്തെ പ്യൂണിക്ക് സമരം ഇരുപത്തിമൂന്നുകൊല്ലം, ബി.സി.
൨൬൪ മുതൽ ൨൪൧ വരെ, നിന്നതിൽ റോം ജയിച്ചു.
അതു കഴിഞ്ഞു് ഇരുപത്തിരണ്ടുകൊല്ലം കഴിഞ്ഞപ്പോൾ
രണ്ടാം പ്യൂണിക്ക് സമരം തുടങ്ങി. അന്ന് അതിപ്ര-
സിദ്ധനായി കാത്തജീനരുടെ സേനാധിപനായ ഹാന്നി-
ബാൾ എന്ന മഹാവീരൻ ബി. സി. ൨൧൬-ൽ കന്നേ
എന്ന സ്ഥലത്തുവെച്ച് റോമന്മാരെ നിശ്ശേഷം തോല്പി-
ച്ച് കുരുതികൊടുത്തു; റോമാനഗരവും പ്രദേശങ്ങളും
ആസകലം ധ്വംസിച്ച് ഭസ്മമാക്കി. ഈ ജയഭേരിയെ
തുടരാൻ സ്വരാജ്യത്തിൽനിന്ന് സഹായം ലഭിക്കാതെ
കുഴങ്ങി. നിലവിട്ട് കടന്നു കയറിയ ഈ വീരനെ പി-
ടിക്കാൻ റോമന്മാർ കടൽവഴിയും കരവഴിയും തടഞ്ഞു.
ഹാന്നിബാലിനോട്ട് നേരിട്ട് യുദ്ധം ചെയ്വാൻ റോമാ-
സേനാധിപനായിരുന്ന ഫേബിയന്നു് ധൈൎയ്യം ഇല്ലാ-
യിരുന്നു. അതുകൊണ്ടു് ഒളിച്ചും പതുങ്ങിയും എന്നാൽ
പിടികൊടുക്കാതേയും സേനയെ നയിച്ച്, കാലാതിപാ

തംകൊണ്ട് ഹാന്നിബാലിനേയും അയാളുടെ ശേഷിച്ച സേനയേയും പട്ടിണിയിട്ട് പിടിക്കാനുള്ള സന്നിവേശങ്ങളെ ഫേബിയൻ നടത്തിവന്നു. ഒടുവിൽ സഹായത്തിന് വഴിയെല്ലാം അടഞ്ഞുപോയി എന്നു കണ്ടപ്പോഠം, ഹാന്നിബാഠം അററക്കൈയ്ക്കു് ബി.സി. ൨൦൨-ൽ സാമാ എന്ന സ്ഥലത്തു വച്ച് ശത്രുവിനെ എതിർത്ത് ഗംഭീരമായ യുദ്ധം നടത്തി. എങ്കിലും ക്ഷീണബലനായതുകൊണ്ട് തോററു് കാന്ദിശീകനായി ഓടി. പിന്തുടരുന്ന റോമന്മാർ പിടിച്ചാൽ അപമാനിക്കുമെന്നു കരുതി അയാഠം തന്നത്താനെ വിഷം തിന്നു മരിച്ചു. ഫേബിയൻെറ ഇഴഞ്ഞ നടപടിയെ അടിസ്ഥാനപ്പെടുത്തി, ഇംഗ്ലീഷിൽ 'ഫേബിയൻ' എന്ന ഒരു വാക്കു് നിഘണ്ടുവിൽ കാണാം. ദീർഘസൂത്രതയ്ക്കു് പര്യായമായിട്ടാണ് ആ പദം ഉപയോഗിക്കുന്നതു്.

പിന്നീടു് ഒരു അമ്പതുകൊല്ലത്തേയ്ക്കു് വഴക്കു് കൂടാതെ കഴിഞ്ഞു എങ്കിലും കാർത്തേജിന് നിശ്ശേഷനാശം വരുത്തണമെന്നു് കരുതിയിരുന്ന റോമന്മാർ, മൂന്നാമത്തും ഒരു പ്യൂണിക്ക് സമരം തുടങ്ങി. അതോടുകൂടി "മദ്ധ്യാണ്ണവരാജ്ഞി!" എന്ന പേർ പെററിരുന്ന, കാർത്തേജിനെ സമൂലഘാതം ചെയ്ത് റോമന്മാർ കുളം കുഴിച്ചു.

കാർത്തേജ്ജ് നശിച്ചതോടുകൂടി റോമന്മാരുടെ യശസ്സും രാജ്യവും ഒന്നുപോലെ പരന്നു. പശ്ചിമദേശത്ത് അവർ ഏകച്ഛത്രാധിപതികളായി. ഗ്രീക്കുകാരെ അവർ മുമ്പുതന്നെ ജയിച്ചു. കാർത്തേജിൻെറ അധിവാസഭൂമികഠം അവക്കു് കിട്ടി. രണ്ടാം പ്യൂണിക്കുസമരത്തിൽ സ്പെയിൻരാജ്യം കൈക്കലാക്കി. ചുരുക്കത്തിൽ, മദ്ധ്യാണ്ണവത്തിന്റെ ഇരുകരകളും റോമന്മാക്കു് സ്വാധീനപ്പെട്ടു. യൂറോപ്പിന്റെ മദ്ധ്യഭാഗവും ഉത്തരഭാഗവും സ്വതന്ത്രമായിരുന്നു.

ജ. ഭരിയെ പിന്തുടൎന്നു് ധനവും സുഖാനുഭോഗാസക്തി വളൎന്നു. ജിതരാജ്യങ്ങളിൽ നിന്നും കനകം റോമിൽ അനവധി വന്നു് കുമിഞ്ഞു. അതെല്ലാം ആൎക്കു കിട്ടി? ധനികന്മാൎക്കും പ്രഭുക്കൾക്കും. സാധുക്കൾക്കു് പിന്നെയും പട്ടിണി തന്നെ. അവരെ തൃപ്തിപ്പെടുത്തി വിനോദങ്ങളിൽ അവരുടെ മനോഗതിയെ സംക്രമിപ്പിക്കാൻവേണ്ടി മല്ലയുദ്ധങ്ങളും ആയുധകേളികളും മൃഗമത്സരങ്ങളും മററു ഉത്സവങ്ങളും നടത്തി. അതിൽ അനവധി അടിമകൾക്കു് ജീവനാശം നേരിട്ടു. ഹിംസ്രമൃഗങ്ങളുമായി പൊരുതാൻ അവരെയാണു് വിടാറുണ്ടായിരുന്നതു്. യുദ്ധത്തിൽ പിടിച്ചവരും മറുനാട്ടിൽനിന്നു കൊണ്ടുവന്നവരുമായി പതിനായിരക്കണക്കിനു് അടിമകൾ ഉണ്ടായിരുന്നവർ ധനികന്മാരുടേയും പ്രഭുക്കളുടേയും കേളിസാധനങ്ങളായി ചമഞ്ഞു.

ൟ അസമത്വം അസഹ്യമായപ്പോൾ രാജ്യത്തു് വിപ്ലവങ്ങൾ മുളച്ചു. കലഹങ്ങളും കൊലപാതകങ്ങളും വൎദ്ധിച്ചു. "സ്പാൎട്ടാകസ്" എന്നു് പേരായ ഒരു മല്ലവീരന്റെ നേതൃത്വത്തിൽ അടിമകൾ ആഭ്യന്തരകലഹത്തിനു് മുതിൎന്നു. റോമൻസേന അവരെ നിശ്ശേഷം അടക്കി. റോമാനഗരത്തിനു് സമീപം "ആപ്പിയൻവെ" എന്ന സ്ഥലത്തുവച്ചു് ആറായിരം അടിമകളെ കുരിശിൽ തറച്ചു! ആഭ്യന്തരകലഹങ്ങൾ തുടങ്ങിയപ്പോൾ സിനററു് സഭയേക്കാൾ സേനാധിപന്മാൎക്കു് പ്രാമാണ്യം സിദ്ധമായി. അവർ തമ്മിൽ ക്രമേണ മത്സരിക്കാൻ തുടങ്ങി. യൂറോപ്പുഖണ്ഡം വിട്ടു് കിഴക്കോട്ടു് ഏഷ്യയിൽ പണ്ടു് മെസപ്പൊട്ടേമിയാസംസ്ഥാനം ഉണ്ടായിരുന്നദേശത്തു് പാൎത്ഥിയന്മാർ എന്നു് ഒരു കൂട്ടർ ആധിപത്യം വഹിച്ചിരുന്നു. അവരുടെ രാജ്യം പിടിച്ചു് റോമാസാമ്രാജ്യത്തിൽ ചേൎക്കാൻ ഒരു മഹായുദ്ധം നടന്നതിൽ; ബി. സി. ൫൩-ൽ 'കറെറ' എന്ന സ്ഥലത്തുവച്ചു്, റോ

നീകം പരാജിതമായി. ജയിച്ച പാർത്ഥിയന്മാർ റോമൻ സൈന്യത്തെ ഒന്നൊഴിയാതെ നശിപ്പിച്ചു.

റോമൻസേനാധിപന്മാരിൽ അക്കാലത്തു് രണ്ടു പേരായിരുന്നുപ്രമാണികൾ,പാമ്പിയും ജൂലിയസ്‌സീസറും പാമ്പി കിഴക്കൻനാട്ടുകളെ പിടിക്കാനും, സീസർ പടിഞ്ഞാറൻപ്രദേശങ്ങളെ കീഴടക്കാനുമായി പുറപ്പെട്ടു. ഈ ദിഗ്വിജയത്തിൽ പാമ്പിക്കു് പാർത്തിയന്മാരുമായി ഉണ്ടായ യുദ്ധത്തിൽ തോൽവിപററി. സീസറാകട്ടെ, ഇന്നു് ഫ്രാൻസ് എന്നു പേരുള്ള അന്നത്തെ ഗാൾരാജ്യവും ബ്രിട്ടൻദ്വീപവും പിടിച്ച ജയഭേരിയോടെ നഗരപ്രവേശം നടത്തി. ഇവർതമ്മിൽ "ഞാനാണു കേമൻ ഞാനാണു കേമൻ" എന്നു മത്സരം വർദ്ധിച്ചു: രണ്ടുപേർക്കും ദുരഹങ്കാരവും ദുർമ്മോഹവും ഒട്ടും കുറവല്ലായിരുന്നു. സാധു സിനെററു് ശക്തി ക്ഷയിച്ചു് മാദ്ധ്യസ്ഥം അവലംബിച്ചു. ഒടുവിൽ, അവർ തമ്മിൽ ഒരു രാമരാവണയുദ്ധംനടന്നതിൽ പാമ്പിതോററു് സീസർ പ്രമാണിയായി. ജനങ്ങൾ സീസറെ ചക്രവർത്തിയായി അഭിഷേകം ചെയ്യാൻ വട്ടംകൂട്ടി. പ്രജാഭരണപാരമ്പര്യത്തെ ഉപേക്ഷിച്ചു് സാമ്രാജ്യഭരണം വരുത്താൻ മനസ്സില്ലാതെ ഇരുന്ന കക്ഷിയുടെ പ്രമാണി ആയിരുന്ന ബ്രൂട്ടസ് എന്ന ആൾ സീസറെ ന്യായാസനമന്ദിരത്തിൽവെച്ച പരസ്യമായി കുത്തിക്കൊന്നു. ഈ കഥ ഷേക്‌സ്പീയർ മഹാകവി ഒരു നാടകമായി എഴുതീട്ടുണ്ടു്; ബി. സി. ൪൪-ലാണു് ഈ കൊലപാതകം നടന്നതു്. അതുകൊണ്ടുമാത്രം പ്രജാഭരണത്തിനു സുസ്ഥിതി നേടാൻ കഴിഞ്ഞില്ല. ജൂലിയസ്‌സീസറുടെ ദത്തുപുത്രനായി സ്വീകൃതനായിരുന്ന ദൗഹിത്രനായ അക്ടേവിയൻ, പ്രിയസഖാവായിരുന്ന അന്തോണിയുടെ ഒത്താശയോടുകൂടി സിനററിനെ നിരാകരിച്ചു്, അഗസ്റ്റസ്‌സീസർ എന്നുള്ള ബഹുമതിനാമം പൂണ്ടു് രാജാധികാരം ഗ്രഹിച്ചു. അന്നുമുതൽ 'സീസർ'

എന്നുള്ള പദം ചക്രവർത്തി എന്നതിനു പര്യായമായി. നമ്മുടെ ഇൻഡ്യാചക്രവർത്തിക്ക് "കൈസറീഹിൻഡ്" എന്നുള്ള നാമധേയം ഉണ്ടല്ലൊ. 'കൈസറും', 'സാറും' 'സീസർ' എന്ന പദത്തിന്റെ പരിഭാഷകളാണ്.

നാം കഥ പറഞ്ഞു പറഞ്ഞ് മൗര്യവംശജന്മാരുടേയും ഹാൻ വംശജന്മാരുടേയും കാലത്തിൽനിന്ന് വളരെ ഇപ്പുറം തള്ളിക്കടന്നു പോയല്ലോ! എങ്കിലും ഇത്രയും പറഞ്ഞ സ്ഥിതിക്ക് അന്ന് നടന്ന അല്പം ചില സംഗതികൾകൂടി പറഞ്ഞ് ഈ അദ്ധ്യായം മുഴപ്പിക്കാം. റോമാരാജ്യം പ്രജാഭരണത്തിൽനിന്ന് സാമ്രാൾഭരണത്തിലേക്ക് പരിണമിക്കുന്ന കാലത്ത്, ഈജിപ്തുരാജ്യത്ത് ക്ലീയോപ്പട്രാ എന്ന് ഒരു തരുണീരത്നം ഉണ്ടായിരുന്നു. അലക്സാണ്ടരുടെ പിൽക്കാലം നാടുവാണ ടോളമിവംശത്തിൽ പിറന്ന ഒരു രാജകന്യക ആയിരുന്നു അംവൾ. ജൂലിയസ്സീസർ മിസ്രാരാജ്യം ആക്രമിച്ച കാലത്ത് അവൾ കുമാരി ആയിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ ഉററസഖാവായിരുന്ന അന്തോണിയെ മയക്കി അവൾ സ്വാധീനപ്പെടുത്തി. അതുകൊണ്ട് അയാൾക്ക് ഒടുവിൽ നാശമാണ് സംഭവിച്ചത് എങ്കിലും, ദേവാംശഭൂതനാണ് രാജാവ് എന്നുള്ള ഈജിപ്തിലെ വിശ്വാസം റോമാസാമ്രാജ്യത്തിൽ സ്ഥിരീകൃതമായി. അക്ടേവിയനും പിന്നീട് റോമാസാമ്രാജ്യം ഭരിച്ച ചക്രവർത്തികളും ദേവതാഭാവം നടിച്ച് ഞെളിഞ്ഞിരുന്നു. ഈ ക്ലിയോപ്പാട്രാ സർപ്പവിഷം തീണ്ടിയാണ് മരിച്ചതത്രേ! റൈൻനദിയുടെ തെക്കുവശം ഗാൾ (ഫ്രാൻസ്), സ്പെയിൻ, കിഴക്ക് ചിന്നേഷ്യയിൽ പർഗാമം എന്ന ദേശം ഒഴിച്ച് മെസപ്പൊട്ടേമിയയുടെ പടിഞ്ഞാറുഭാഗം, ആഫ്രിക്കയുടെ വടക്കേ അററം, കാർത്തേജ്ദേശം, ഈജിപ്തിന്റെ മേൽക്കോയ്മ, എന്നിവയാണ് റോമാസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നത്. ഏഷ്യയിൽ ഉണ്ടായിരുന്ന ഭാരതസാ-

മ്രാജ്യവും ചീനാസാമ്രാജ്യവും ഇതിൽ എത്രയോ മടങ്ങു വലുതായിരുന്നു. എങ്കിലും യൂറോപ്യന്മാൎക്കു് റോമാസാമ്രാജ്യംപോലെ വലുതായ ഒരു സാമ്രാജ്യം ഉണ്ടായിട്ടില്ലെന്നു് ഒരു ദുർബോധം ഇന്നും തീരെ വിട്ടിട്ടില്ല. ആ പേരിൽനിന്നാണു് ഇന്നു കാണുന്ന യൂറോപ്പിലെ പരിഷ്കൃതരാജ്യങ്ങൾ മുളച്ചതു് എന്നു് ഒരു അഭിമാനംകൊണ്ടാണു് ഇത്രമഹാത്മ്യംറോമൻചരിത്രത്തിനു് സിദ്ധിച്ചതു്. ഭാരതചക്രവൎത്തിയും ചീനാചക്രവൎത്തിയും സൎവ്വലോകാധിപന്മാരാണെന്നു് ഭാവിച്ചിരുന്നതുപോലെ റോമാചക്രവൎത്തിയും പൂജിതനായിരുന്നു. അലക്സാണ്ടർ, ഇമ്പറർ ജൂലിയസ് സീസറായിരുന്നു സാൎവ്വഭൗമികനായിത്തീൎന്നതു്.

---

# പതിനേഴാം അദ്ധ്യായം.

---

## അശോകന്റെ അനന്തരകാലം

നമ്മുടെ ചരിത്രം ക്രിസ്തുവിന്റെ ജനനകാലത്തോടു സമീപിച്ചു കഴിഞ്ഞിരിക്കുന്നു അ വൃത്താന്തം പറഞ്ഞുതുടങ്ങുംമുമ്പേ, അശോകമരണാനന്തരം ഭാരതഭൂമിയിൽ ഉണ്ടായ മാററങ്ങളെക്കൂടി പ്രസ്താവിക്കേണ്ടതുണ്ടു്. അശോകചക്രവൎത്തിയുടെശേഷംമൗൎയ്യസാമ്രാജ്യം വിച്ഛിന്നമായി. പല കീഴ്സംസ്ഥാനങ്ങളും സ്വതന്ത്രങ്ങളായ കൂട്ടത്തിൽ ഒരു ദസ്യുന്മാരുടെ ശക്തി പ്രബലീഭവിച്ചു. അശോകന്റെ പിൻവാഴ്ചക്കാർ അമ്പതുകൊല്ലത്തോളം ചെങ്കോൽ വഹിച്ചു. അപ്പോൾ സേനാധിപനായിരുന്ന പുഷ്യമിത്രൻ എന്നൊരു ബ്രാഹ്മണൻ മൌൎയ്യവംശക്കാരെ ഓടിച്ചു രാജ്യഭാരം കയ്യേററു. അയാളുടെ കാലത്താണു് ബ്രാഹ്മണമതം പുനരായി തല പൊക്കിത്തുടങ്ങിയതു്.

പിന്നെയും ഏറിയനാൾ ബുദ്ധമതം ഭാരതഖണ്ഡത്തിൽ പ്രചാരത്തിൽ ഇരുന്നു. ശങ്കരഭഗവൽപാദരുടെ കാലം കഴിഞ്ഞതിന്നുശേഷമേ ബുദ്ധമതം തീരെ നിഷ്കാസിതമായുള്ളൂ.

ഇവിടെ ഒരു സംഗതി നല്ലപോലെ മനസ്സിലാക്കാനുണ്ട്. സത്യത്തിൽ ബുദ്ധമതം പോയോ? അതോ, ഹിന്ദുമതം അതിനെ പാട്ടിലാക്കി കൂട്ടമതമാക്കിയോ? പുരുഷോപജ്ഞങ്ങളായ മതങ്ങൾക്കും വേദമതത്തിനും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഒന്ന് ഒരാളുടെ ജ്ഞാനദൃഷ്ടിയിൽനിന്നു ജനിച്ചു വളർന്നതാണ്; മറേറതു് അനാദ്യന്തമാണ്. ബുദ്ധൻ, ക്രിസ്തു, മുഹമ്മദ്, മുതലായ ദിവ്യദൃഷ്ടികളുടെ ഉപദേശങ്ങളെ ആശ്രയിച്ചാണ് അതതു മതങ്ങൾ ഉല്പാദിച്ചതു്. ഹിന്ദുമതം വേദമൂലമാണ്. വേദം ആരും ഉണ്ടാക്കിയതല്ല; കാലമൂലമാണ്. കാലം അനാദിയാണ്. അതാണ് ഹിന്ദുമതം സനാതനമെന്നും, അതിനു നാശമില്ലെന്നും പറയുന്നതിൻെറ അർത്ഥം. സനാതനമതത്തിന് പരിതഃസ്ഥിതി ഭേദങ്ങളെക്കൊണ്ടു മാലിന്യം പററുമ്പോൾ അതിലെ അഴുക്കുകളെ കളഞ്ഞു മിനുക്കാനാണ് വിമതങ്ങൾ പുറപ്പെടുന്നതു്. അപ്രകാരം പുറപ്പെട്ടതാണ് ബുദ്ധമതം. അതിൻെറ പൂർവ്വവാസന സനാതനമതം തന്നെ. അതിന് കാലക്രമേണ ശുദ്ധസ്ഥിതി മാറി മാലിന്യം പുരണ്ടുതുടങ്ങി. ബിംബാരാധനം, ആലയനിർമ്മാണം, പൂജാദിചടങ്ങുകൾ മുതലായി പല അദ്ധ്യാരോപങ്ങൾ ബുദ്ധമതത്തിൽ കടന്നുകയറി, ബ്രാഹ്മണമതമേതു് ബുദ്ധമതമേതു് എന്ന് തിരിച്ചറിവാൻപോലും മേലാതായപ്പോൾ ജ്ഞാനവൃദ്ധരായിമേധാവികളായ ഋഷീശ്വരന്മാർ രണ്ടിന്റേയുംഐക്യത്തെ ഉപപാദിച്ച് ഹിന്ദുമതത്തെ നിലനിറുത്തി; ബുദ്ധനെ അവതാരപുരുഷനായി ആരാധിച്ചു; ബുദ്ധമതവിഹാരങ്ങൾ ഹിന്ദുക്ഷേത്രങ്ങളായി. ഇതിനാണ് ബുദ്ധ-

മതനിഷ്കാസനം എന്നു് നാമാന്തരംകല്പിക്കുന്നതു്. സത്യത്തിൽ ബുദ്ധമതാവേശത്തിനിപ്പുറം ഹിന്ദുമതത്തിനു് ഒരു പരിണാമം വന്നിട്ടുണ്ടു്. ആ പരിണാമം ഇന്നും വരുന്നുമുണ്ടു്. ശങ്കരാചാൎയ്യരും രാമാനുജനും മാധവനും തുളസീദാസനും ഗുരുനാനക്കും റാംമോഹൻ റായിയും, ശ്രീരാമകൃഷ്ണപരമഹംസനും, എന്നുവേണ്ട അനവധി മതപരിഷ്കാരണാചാൎയ്യന്മാരും ഇന്നിതാ ഗാന്ധിജിയും സനാതനമതത്തിന്റെ പങ്കങ്ങളെ ക്ഷാളനം ചെയ്യുകതന്നെയാണു ചെയ്യുന്നതു്. വേഷം പലതു കെട്ടിയാലും നടൻ ഒരാളാണു് എന്നുള്ളതുപോലെ, പല മാതിരി ഉപന്യസിച്ചാലും സനാതനമതം അന്നും ഇന്നും ഒന്നുതന്നെ. പ്രേക്ഷകരുടെ ദൃഷ്ടികോണിന്റെ ഭേദംകൊണ്ടു് രൂപാന്തരം തോന്നിക്കുന്നു എന്നേയുള്ളു.

ഈ തത്വചിന്തയിൽനിന്നു് പ്രകൃതത്തിലേക്കു കടക്കാം. അശോകചക്രവൎത്തിയുടെ പിൻവാഴ്ചക്കാരായ രാജാക്കന്മാരുടേയും വംശങ്ങളുടേയും വിസ്താരം നമുക്കു് ആവശ്യമില്ല. ഇരുനൂറുകൊല്ലം കഴിഞ്ഞപ്പോൾ മഗധരാജ്യത്തിന്റെ പ്രാബല്യം കുറഞ്ഞു എന്നുവരികിലുംബുദ്ധമതസംസ്കാരത്തിനു് അവിടം ഒരു കേന്ദ്രസ്ഥാനമായി ത്തന്നെവിളങ്ങിയിരുന്നു. ഇക്കാലത്തു് ദക്ഷിണോത്തരദേശങ്ങളിൽ പല കോലാഹലങ്ങളും നടക്കുന്നുണ്ടായിരുന്നു. സ്ഥിരവസതി ഇല്ലാതെ ദേശാന്തരസഞ്ചാരികളായ ഗോസായികളെപ്പോലുള്ള അനവധി വൎഗ്ഗക്കാരെ മദ്ധ്യേഷ്യാപ്രദേശം പല ദിക്കുകളിലേക്കും പ്രചരിപ്പിച്ചിട്ടുണ്ടു്. ആ വൎഗ്ഗങ്ങളുടെ ജനനഭൂമി ചരിത്രകാലം മുതൽ മദ്ധ്യേഷ്യയാണു്. ക്രിസ്തുവിനു് ഇരുനൂറു കൊല്ലം മുമ്പു അവിടെ നിന്നു് ബാക്ത്രിയന്മാർ,ശകന്മാർ,സിതിയന്മാർ തുൎക്കികൾ, കുശാനന്മാർ എന്നിങ്ങനെ പല സഞ്ചാരിവൎഗ്ഗങ്ങളും പുറപ്പെട്ടു് ഉത്തരദേശങ്ങളിൽ വന്നുകയറി. അവർ കേവലം കൊള്ളയിടാനും അക്രമം നടത്താനും

ത് ഇങ്ങനെ കൂട്ടംകൂട്ടമായി കുടിയേറിയതു്. പിന്നെയോ? അവരുടെ നാട്ടിൽ ഇരിപ്പിടം മുട്ടി മററു വർഗ്ഗങ്ങൾ വന്നു കുടിയേറി നിർവ്വാഹമില്ലാതെ അലഞ്ഞുവന്നവരാണു്. ജനപ്പെരുക്കം ഭൂമിക്കു് താങ്ങാൻ ശേഷിപോരാതെ വന്നപ്പോൾ പുറന്തള്ളപ്പെട്ട വർഗ്ഗക്കാരാണു് ഇവർ. ചീനത്തും ഇങ്ങനെ പലരും കുടികയറാറുണ്ടായിരുന്നു. അവരുടെ പ്രവാഹം തടുക്കാനാണു് ഒരു കാലത്തു് നെടുംകോട്ട കെട്ടിയതു്. ആര്യഹിന്ദുക്കൾ ഈ വർഗ്ഗങ്ങളെ നിഷാദന്മാരായും ശ്വപചന്മാരായും മ്ലേച്ഛന്മാരായും ഗണിച്ചു. സത്യത്തിൽ പരിഷ്കാരത്തിൽ അവർ എത്രയോ താണവരായിരുന്നു; എങ്കിലും ബുദ്ധസംസ്കാരം അവരിൽ നിലീനമായിരുന്നതു കൂടാതെ, ആര്യാവർത്തത്തെ അവർ ബുദ്ധധർമ്മമൂലഭൂമിയായി അഭിമാനിക്കയും ചെയ്തിരുന്നു.

പുഷ്യമിത്രന്റെ കാലത്തു് പശ്ചിമോത്തരഭാഗത്തുകൂടി ബാക്ത്രിയന്മാർ മിനാന്ദരുടെ നായകത്വത്തിൽ ആര്യാവർത്തത്തിൽ കയറി. മിനാന്ദർ ഗ്രീക്കുനായകനായിരുന്ന സെല്യൂക്കസ്സിന്റെ പിൻവാഴ്ചക്കാരനും ബുദ്ധമതവിശ്വാസിയും ആയിരുന്നു. മഗധാസേനാധികാരികൾ അവരെ തിരിച്ചോടിച്ചു. എങ്കിലും സിന്ധുദേശവും കാബൂളും അവർ വിട്ടില്ല. പിറകേ വന്ന ശകന്മാരുടെ ആക്രമണം: അവർ തുർക്കിസഞ്ചാരിവർഗ്ഗത്തിൽ ഉൾപ്പെട്ടഒരു മുഖ്യസംഘക്കാരായിരുന്നു. കുശാനന്മാർ അവരെ നാട്ടിൽ നിന്നു വിരട്ടിയതു് നിമിത്തമാണു് ഇൻഡ്യയിൽ വന്നു കയറിയതു്. അവർ ബാക്ത്രിയായും പാർത്ഥിയായും ജയിച്ചു്, പഞ്ചാബിലും, രാജപുട്ടാണാവിലും, കത്തിയവാറിലും പരന്നു് വാസം ഉറപ്പിച്ചു. ഇൻഡ്യയിലെ പരിഷ്കാരം സിദ്ധിച്ചതോടുകൂടി അവർ ദേശാടനശീലത്തെ ഉപേക്ഷിച്ചു. ബാക്ത്രിയന്മാരുടേയും തുർക്കികളുടേയും വരവുകൊണ്ടു് ഇൻഡ്യയിലെ ആര്യസംസ്കാ-

രത്തിന് ഭേദമൊന്നും വന്നില്ല. എന്തെന്നാൽ അവരും ബുദ്ധസംസ്കാരോപജീവികളാണ്; സ്വയംഭൃതഗ്രാമീണസമുദായങ്ങളായിരുന്നു. ഒരു കേന്ദ്രഗവമ്മെൻറിന്റെ കീഴിൽ ഈ ഗ്രാമീണസമുദായങ്ങൾ വർദ്ധിച്ചു. അക്കാലത്ത് തക്ഷശിലയും മധുരയും ബുദ്ധസംസ്കാരത്തിൻെറ കേന്ദ്രസ്ഥാനങ്ങളായി ശോഭിക്കയും ചീനത്തുനിന്നും പശ്ചിമഏഷ്യയിൽനിന്നും അനവധി വിദ്യാർത്ഥികൾ ജ്ഞാനസമ്പാദനത്തിനായി വരികയും ചെയ്തിരുന്നു. ഉത്തരഇൻഡ്യയിൽ ഇന്നുള്ള മിക്ക ജനങ്ങളും ഈ വന്നുകേറിയ ശകന്മാരുടേയും സിതിയന്മാരുടേയും മററും സന്താനങ്ങളാകുന്നു. വിശിഷ്യ, സുമഖന്മാരും വീരന്മാരും ആയ രജപുത്തുകളും പരിശ്രമനിഷ്ഠന്മാരായ കത്തിയവാറിലെ ജനങ്ങളും അവരുടെ വംശപാരമ്പര്യം സിദ്ധിച്ചവരാകുന്നു.

വിദേശീയാക്രമണങ്ങളാലും മററും മൌര്യസാമ്രാജ്യം വിഛിന്നമായതാണ് പുരാതനാര്യപരിഷ്കാരം തെന്നിൻഡ്യയെ പ്രാപിക്കാൻ ഇടയാക്കിയത്. അക്കാലത്ത് ഉണ്ടായ കലാപങ്ങളിലും മതപരിവർത്തനങ്ങളിലും അസഹ്യത തോന്നിയ പല പണ്ഡിതവർഗ്ഗങ്ങൾ അന്ന് വടക്കുനിന്ന് തെക്കോട്ട് കടന്ന് നിർബാധമായി പൂർവ്വാചാരങ്ങളേയും വൃത്തികളേയും അനുഷ്ഠിച്ചു. ഇതുപോലെ ഒരു ദേശാന്തരഗമനം, പിന്നീട് ആയിരംകൊല്ലം കഴിഞ്ഞ് മുഹമ്മദുചക്രവർത്തികളുടെ നിഷ്ഠുരമതപ്രചരണംകൊണ്ടും ഉണ്ടായതായി വഴിയേ കാണാം. ഇങ്ങനെയാണ് ആര്യമതം പണ്ടുണ്ടായിരുന്ന പരിശുദ്ധതയോടുകൂടി ഇന്നും കേരളത്തിൽ കുടികൊള്ളുന്നത്. ഉത്തരദേശം പല വിദേശങ്ങളുടെ സങ്കലനത്താൽ മലീമസമായപ്പോൾ ദക്ഷിണദേശം, വിശിഷ്യ കേരളദേശം, അന്യസമ്പർക്കം കൂടാതെ ഇരിക്കനിമിത്തം പുരാതന ആര്യസംസ്കാരത്തിൻെറ ശരിയായ ഒരു പതിപ്പ് ഇവി-

ടെ മാത്രമേ കാണാൻ കഴിയൂ. ശുചിത്വം, വൈദികവൃത്തി ധർമ്മം, ആചാരം, ഗ്രാമസമ്പ്രദായം എന്നുള്ള പണ്ടത്തെ ആര്യമര്യാദകൾ കാണണമെങ്കിൽ ദക്ഷിണാപഥത്തിൽ വേണം. ഉത്തരദേശത്തിൽ എല്ലാം കൂട്ടകറിയായി. സംസ്കൃതഭാഷപോലും ഹിന്ദിയായും, ഉർദ്ദുവായും ഹിന്ദുസ്ഥാനിയായും പ്രാകൃതമായിത്തീർന്നു. ഏററിയകാലം ഒരു കോട്ട കെട്ടി അടച്ചതുപോലെ ദക്ഷിണാപഥം ഉത്തരദേശകോലാഹലങ്ങളെ തടുത്തു. പഴയ സമുദായാചാരങ്ങളെ കേരളം സംരക്ഷിച്ചതുനിമിത്തം ഇന്ന് അവയുടെ സ്വരൂപം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. ഒന്ന് പക്ഷേ ചിന്തിക്കാനുണ്ട്. മതിൽ കെട്ടി അടയ്ക്കുന്നത് പുറമേ ഉള്ള ഉപദ്രവങ്ങളെ തടുത്ത് നിർബാധമായിരിക്കാൻ നന്നുതന്നെ. പക്ഷെ, ആ മതിൽ കെട്ട് നമുക്ക് പാറാപ്പുര ആയിത്തീരുന്നു. നിർബാധക്കു വേണ്ടി നമ്മെത്തന്നെ പണയം വയ്ക്കുന്നത് നന്നാണോ? ശുദ്ധിയെ മോഹിച്ച് ജലപിശാചിന് അടിമയാകുന്നത് യുക്തമാണോ? സ്വാതന്ത്ര്യം നേടാൻ വേണ്ടി പുരയ്ക്കകത്ത് അടച്ചുകിടക്കുന്നത് സുഖമാണോ? പുറമേ സൃഷ്ടിക്കുന്ന മതിൽക്കെട്ടിനേക്കാൾ ഉറപ്പേറുന്നതാണ് മനസ്സിനുള്ളിലുള്ള വർജ്ജ്യബോധം. പഴയത് എത്ര ദുഷിച്ചാലും നന്ന് എന്നും, പുത്തൻ എത്ര ഗുണമുള്ളതായാലും വഷളെന്നും തോന്നിക്കുന്ന ഹാബുദ്ധിക്കുള്ള കാഠിന്യം മററ് ഒന്നിനും ഇല്ല. അതല്ലേ മഹാകവി കാളിദാസൻ,

> "പുരാണമിത്യേവ ന സാധു സർവം
> ന ചാപി കാവ്യം നവമിത്യവദ്യം,
> സന്തഃ പരീക്ഷ്യാന്യതരൽ ഭജന്തേ,
> മൂഢഃ പരപ്രത്യയനേയബുദ്ധിഃ" എന്ന് ഉ-

പദേശിച്ചിരിക്കുന്നത്.

പണ്ഡിതന്മാരും, കലാവാന്മാരും മഹാശില്പികളും, മററു തൊഴിലാളികളും, വേലക്കാരും, മഗധസാമ്രാജ്യവിലയത്തിൽ ദക്ഷിണാപഥത്തെ പ്രാപിച്ചു. അവിടം, വിശേഷിച്ചും തെലുങ്കുനാടായ ആന്ധ്രദേശവും മലയാളക്കരയായ കേരളവും, ഉന്നതി ഏററവു് പ്രശോഭിച്ചു. തെന്നിന്ഡ്യയും യൂറോപ്പും തമ്മിൽ വ്യാപാരം അഭിവൃദ്ധമായി. മുത്തു്, സ്വർണ്ണം, ദന്തം, നെല്ലു്, കുരുമുളകു്, മയിൽ, എന്നല്ല കുരങ്ങുകളെപ്പോലും ബാബിലോണിയാ, ഈജിപ്ററു്, ഗ്രീസ്സ്, റോം മുതലായ സ്ഥലങ്ങളിൽ കൊണ്ടുപോയി ദക്ഷിണാത്യന്മാർ കച്ചോടം നടത്തി. മലയാളക്കരയിൽ നിന്നുള്ള തേക്കുതടി ബാബിലോണിയായിലും കാൽഡിയയിലും പണിയാൻ ഉപയോഗപ്പെട്ടുത്തിവന്നു! ദ്രാവിഡരായ കപ്പലോട്ടക്കാരാണു് നാട്ടോടങ്ങളിൽ സാമാനങ്ങൾ കൊണ്ടുപോയി അക്കാലത്തു വാണിഭം നടത്തിവന്നതു് എന്നുള്ള സംഗതി അവരുടെ പരിഷ്കൃതാവസ്ഥയെ വ്യഞ്ജിപ്പിക്കുന്നു. അനവധി റോമൻനാണയങ്ങൾ ഇന്നും തെന്നിൻഡ്യയിൽ കണ്ടുകിട്ടീട്ടുണ്ടു്. മിസ്രരാജ്യത്തിലെ പ്രധാന തുറമുഖമായിരുന്ന അലക്സാൺഡ്റിയാവിൽ മലയാളികൾക്കു് അന്നു് കുടിപാർപ്പും പാണ്ടികശാലകളും ഉണ്ടായിരുന്നതു് നമുക്കു് ഇന്നു അത്ഭുതമായി തോന്നുന്നില്ലേ?

---

# പതിനെട്ടാം അദ്ധ്യായം

## യവനസാമ്രാജ്യവും ബുദ്ധമതവും

തുരുഷ്കരും, പഹ്ലവികളും, ശകന്മാരും, മററു മ്ലേച്ഛജാതികളും ഇൻഡ്യയുടെ വടക്കുപടിഞ്ഞാറുഭാഗങ്ങളെ വ്യാപിച്ചു ഒരു യവനസാമ്രാജ്യം സ്ഥാപിച്ചതും ബുദ്ധാം

ഉൾക്കടലിൻെറ തീരം മുതൽ പടിഞ്ഞാറ് അറേബ്യൻ കടൽതീരംവരെ വിപുലമായ ഒരു സംസ്ഥാനത്തിന് അധിപന്മാരായി ആന്ധ്രന്മാർ വളൎന്നതും ഇക്കാലത്താണ്. ശകന്മാരുടെ പിന്നാലെ പുറപ്പെട്ട കുശാനന്മാരാണ്. മൂന്നുറു കൊല്ലം ഇൻഡ്യയുടെ വടക്കേപടിഞ്ഞാറേ അതിൎത്തിക്ക് നാഥന്മാരായിരുന്നതു്. കുശാനന്മാരുടെ സാമ്രാജ്യം തെക്ക് വാരാണസിയും വിന്ധ്യപൎവ്വതവുംവരെയും വടക്ക് കാഷ്ഗാർ, യാക്കാണ്ട്, ഖോടാൻ എന്നീ പ്രദേശങ്ങൾവരെയും, പടിഞ്ഞാറ് പാൎത്തിയുയുടേയും പൎസ്യയുടേയും അതിൎത്തിവരെയും നീണ്ടിരുന്നു. ചുരുക്കത്തിൽ ഇന്നത്തെ ഐക്യസംസ്ഥാനം, പഞ്ചാബ് കാശ്മീരം, മദ്ധ്യേഷ്യയുടെ ഒരു നല്ല അംശം, ഇവ എല്ലാം, കുശാനരാജാക്കന്മാൎക്ക് അധീനമായിരുന്നു. കുശാനസംസ്ഥാനത്തിൻെറ തലസ്ഥാനം ആദ്യം കാബൂളും, പിന്നീട് പുരുഷപുരം എന്നു വിളിച്ചുവന്ന പേഷവാർനഗരവും ആയിരുന്നു. സിന്ധുനദിയുടെ പശ്ചിമതീരത്ത് പുഷ്കലാവതി, ഗാന്ധാരം എന്നീ പ്രദേശങ്ങളെ അവർ സ്വാധീനപ്പെടുത്തിയതിന്, തക്ഷശിലയും മററും നിന്ന് കിട്ടിയ ചെപ്പേടുകളും നാണിയങ്ങളും സാക്ഷ്യം വഹിക്കുന്നു. വിക്രമസംവത്സരം (അതായത്തു് ബി. സി. ൫൭) തുടങ്ങിയത്തു് അസീശൻ എന്ന ആദ്യത്തെ യവനരാജാവിൻെറ ഭരണാരംഭം മുതലാണെന്നു് ഒരു പക്ഷമുണ്ട്. യവനരാജ്യഭരണകാലത്താണ് ഗ്രീസ്സിലേയും ഇൻഡ്യയിലേയും ആൎയ്യസംസ്കാരങ്ങൾക്ക് ഒരു സമ്മേളനം സിദ്ധിച്ചതു്. അന്നുണ്ടായ കലാസംഗമത്തിന്റെ ഫലം ആ പ്രദേശത്തു് ഇന്നും കാണ്മാനുണ്ട്.

കുശാനനൃപതിമാർ ഈ യവനന്മാരുടെ പിൻഗാമികളായിരുന്നു. അവർ പാൎത്ഥിവവംശക്കാരിൽനിന്നു "രാജാധിരാജ" ബിരുദം സ്വീകരിച്ച് ചക്രവൎത്തികളായി വാണു. കുശാനസാമ്രാജ്യം വിദേശീയജനാദ്ധ്യുഷിതമായിരുന്നു

എങ്കിലും അവരെല്ലാം ബുദ്ധമതാനുയായികളായിരുന്നതിനാൽ ഹൈന്ദവസംസ്കാരത്തിൽ അഭിമാനവും വിശ്വാസവും ഉള്ളവർ ആയിരുന്നു. അസീശൻ, ഋഷഭദത്തൻ, അശ്വവർമ്മൻ, നഹപാലൻ, ഗന്ധ ണ്ണൻ, ചാകോരൻ, വീരത്രുമല്ലൻ, വനാനൻ, ഭീമകാഡ്ഫീശൻ, ശാപഭാനൻ, ശാതവസ്രൂൻ എന്നിങ്ങനെയുള്ള യവനരാജാക്കന്മാരുടെ പേരുകൾ പരിചിതങ്ങളായി തോന്നുന്നു എങ്കിലും ഭീമകാഡ്ഫീശന്റെ പിൻവാഴ്ചക്കാരനായി ഏ. ഡി. ൧൨൦-ൽ രാജ്യം ഭരിക്കാൻ തുടങ്ങിയ കനിഷ്കമഹാരാജാവിന്റെ പേർ ഇൻഡ്യാചരിത്രം വായിച്ചിട്ടുള്ള കുട്ടികൾ പോലും ധാരാളം കേട്ടിരിക്കാനിടയുണ്ട്. കനിഷ്കൻ കേമനായ കുശാനസാമ്രാട്ടായിരുന്നു; ബുദ്ധധർമ്മവിശ്വാസി ആയിരുന്നു. അദ്ദേഹത്തിന്റെ രാജധാനിആയിരുന്ന പുരുഷപുര (പേഷവാർ)ത്തിനുസമീപമായിരുന്നുപ്രസിദ്ധപ്പെട്ട തക്ഷശിലാവിഹാരം. ബുദ്ധമതവൈദുഷ്യത്തിനു കേന്ദ്രസ്ഥാനമായിരുന്ന അവിടെ അനവധി വിദേശീയർ മംഗോളിയാ ചീന മുതലായ പ്രദേശങ്ങളിൽ നിന്ന് വന്നുപോയിക്കൊണ്ടിരിക്കുന്നതു നിമിത്തം, ഇൻഡ്യയുംആ പ്രദേശങ്ങളും തമ്മിൽ പല കെട്ടുപാടുകൾ സിദ്ധിച്ചു. കുശാനന്മാർ വാസ്തവത്തിൽ മംഗോളിയന്മാരായിരുന്നു. അലക്സാണ്ടരുടെ കാലം മുതൽ പശ്ചിമേഷ്യയിൽ ഗ്രീക്കുപരിഷ്കാരം പുലർന്നതായി മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. അപ്പോൾ കുശാനസംസ്ഥാനം ഹൈന്ദവം, ബൌദ്ധം, ഗ്രീക്ക്, എന്നീ മൂന്ന് സംസ്കാരങ്ങൾക്കും സംഗമസ്ഥാനമായിരുന്നു. പടിഞ്ഞാറ് ഗ്രീക്കും റോമൻ സംസ്ഥാനവും കിഴക്ക് മഹത്തായ ചീനാസാമ്രാജ്യം, തെക്ക് ആര്യാവർത്തം, ഇങ്ങിനെ മൂന്ന് വൻപരിഷ്കാരനദികൾ കുശാനസാമ്രാജ്യത്തിൽ സംഗമിക്കയാൽ, അത് ഇൻഡ്യയും ചീനയും റോമും തമ്മിൽ ഇടപെടാനുള്ള താവളസ്ഥലമായിത്തീർന്നു. പരസ്പരസമ്പർക്കംവ്യാപാരവർ-

ധാനയ്ക്കു് നിദാനമായി. റോമാറിപ്പബ്ളിക്ക് (പ്രജാ-
ഭരണം) ഉടഞ്ഞുപോയി. സാമ്രാജ്യഭരണത്തിനു് നൂലിട്ട
പ്രസിദ്ധനായ ജൂലിയസ് സീസറുടെ കാലത്തു്, കുശാന-
സാമ്രാജ്യവും റോമുമായി ഇടപാടുകൾ തുടങ്ങിയതായും,
പിന്നീടു് വാണ അഗസ്റ്റസ്സ് സീസറുടെ രാജധാനിയിൽ
കുശാനചക്രവത്തി ദൂതന്മാരെ അയച്ചിട്ടുള്ളതായും കാ-
ണുന്നു. കടൽവഴിയായും കരവഴിയായും ഇൻഡ്യയും
റോമുമായി കച്ചോടം വർദ്ധിച്ചു. അത്തർ മുതലായ സു-
ഗന്ധദ്രവ്യങ്ങൾ, ഏലം, ഗ്രാമ്പു്, കുരുമുളകു്, ജാതിപ
ത്രി മുതലായ വാസനക്കോപ്പുകൾ, പട്ടുകൾ, കസവുവ-
സ്ത്രങ്ങൾ, പഞ്ഞിനൂൽത്തുണികൾ, നീരാളങ്ങൾ, രത്ന-
ങ്ങൾ എന്നിങ്ങനെയുള്ള അനേകം വിലയേറിയ സാധ-
നങ്ങൾ ഇൻഡ്യയിൽനിന്നു് റോമിൽ കൊണ്ടുപോയി
വിററുവരിക നിമിത്തം, റോമൻ സാമ്രാജ്യത്തിലുള്ള
കോടി കോടി ധനം ഇൻഡ്യയിലേക്കു് പൊയ്പ്പോകുന്ന-
തായി പ്ലൈനി എന്ന റോമൻ ചരിത്രകാരൻ വിലപി-
ച്ചിരിക്കുന്നു.

കുശാനസാമ്രാജ്യം പ്രാബല്യത്തിലിരുന്ന കാലത്തു്
ബുദ്ധവിഹാരങ്ങളിൽ അനവധി സംഘങ്ങൾകൂടി വാദ-
കോലാഹലങ്ങൾ നടന്നുവന്നു. ഒരു വശത്തു് ആര്യമത-
വും മറുവശത്തു് ഗ്രീക്കുറോമൻമതങ്ങളും വന്നു് ഞെരു-
ങ്ങിയപ്പോൾ, ബുദ്ധമതത്തിനു് മുമ്പുണ്ടായിരുന്ന ലാളി-
ത്യംവിട്ടു് ഒരു പുതുപരിവത്തനം ഉളവായി. അഭിപ്രാ-
യങ്ങളും വിശ്വാസങ്ങളും ക്രമേണ മാറി, ബുദ്ധമതസ്ഥർ
മഹായാനപഥക്കാരെന്നും ഹീനയാനപഥക്കാരെന്നും
രണ്ടു മാർഗ്ഗങ്ങളിലായി പിരിഞ്ഞു. അതനുസരിച്ചു് ക
ർമ്മാദികളും, ആചാരങ്ങളും, കലകളും, തന്ത്രങ്ങളും ഭേദ-
പ്പെട്ടു. ജാതിവിഭാഗം, ബ്രാഹ്മണപൗരോഹിത്യം, തന്ത്ര-
പ്രാമാണ്യം എന്നിവയെ വെറുത്തിട്ടു ഉദിച്ചതാണു് ബു-
ദ്ധമതം, ബിംബാരാധനം ഗൌതമൻ നിഷിദ്ധമായി

ഗണിച്ചു. തനിക്ക് ദേവത്വം ഉണ്ടെന്ന് അദ്ദേഹം തീരെ അഭിമാനിച്ചില്ല. അതുകൊണ്ട് ബുദ്ധവിഹാരങ്ങളിൽ അന്ന് യാതൊരു ബിംബങ്ങളോ പ്രതിമകളോ ഉണ്ടായിരുന്നില്ല. ക്രമേണ ബ്രാഹ്മണമതാനുയായികളുടെ സമ്പക്കവും പൂർവ്വവാസനയും നിമിത്തം പ്രതിമാനിമ്മാണത്തിലും താന്ത്രികച്ചടങ്ങുകളിലും ബുദ്ധമതത്തിന്ന് ആവേശം ഉണ്ടായി. ഹിന്ദുക്കളും ബുദ്ധന്മാരും യോജിക്കുന്നതിന് ഇതു് ഒരു നല്ല വഴിയായി. ഗ്രീക്കകാരും റോമന്മാരും ബിംബാരാധകരും പ്രതിമാനിമ്മാണത്തിൽ അതിയായ കൌശലം നേടിയവരും ആയിരുന്നു. അവർ പണിചെയ്ത ബിംബങ്ങളുടെ രാമണീയകം ഏവരേയും ഹഠാൽ ആവർജ്ജനം ചെയ്തു. ആദ്യം ബുദ്ധവിഹാരങ്ങൾ ബുദ്ധൻെറ അല്ല, ബോധിസത്വന്മാരുടെ (അതായതു് ബുദ്ധൻെറ പൂർവാവതാരങ്ങൾ) ബിംബങ്ങളെക്കൊണ്ട് അലംകൃതങ്ങളായി ക്രമേണ അവിടെ ഗൌതമബുദ്ധൻെറ പ്രതിമകൾതന്നെവെച്ചു പൂജിച്ചുതുടങ്ങി.

മഹായാനപഥക്കാർ ഈ പരിഷ്കാരം സ്വീകരിച്ചു; ഹീനയാനന്മാർ നിഷേധിച്ചു. ഇങ്ങനെ ആണ് ബുദ്ധമതസ്ഥർ രണ്ടായി പിരിഞ്ഞതു്. കുശാനചക്രവത്തികൾ മഹായാനപഥം സ്വീകരിച്ചു. എങ്കിലും ഹീയാനപഥക്കാരെ വിരോധിച്ചില്ല. സത്യത്തിൽ കനിഷ്കൻ യാതൊരു മതത്തേയും, പാരസീകമതത്തെപ്പോലും, ദ്രോഹിച്ചില്ല. മഹായാനക്കാരും, ഹീനയാനക്കാരും തമ്മിൽ കാശ്മീരത്തുവെച്ച് സംഘംകൂടി, കനിഷ്കമഹാരാജാവിന്റെ സാന്നിദ്ധ്യത്തിൽ, വളരെ വാഗ്വാദങ്ങൾ നടത്തി. പിന്നീട് ഒരു ശതവഷകാലം കഴിഞ്ഞിട്ടും ഈ കലഹം അവസാനിച്ചില്ല. ഒടുവിൽ ഉത്തരേൻഡ്യയിൽ മഹായാനക്കാർ ജയിച്ചു. ഹീനയാനക്കാർ ദക്ഷിണാപഥത്തിലേക്ക് പോയി. കാലക്രമേണ ഇരുകൂട്ടരും ഹി-

ന്ദമതത്തിൽ വന്നു് ഒതുങ്ങി. ചീന, ജപ്പാൻ, തിബററ് ഈ രാജ്യങ്ങളിൽമഹായാനപഥവും, സിലോൺ, ബമ്മ എന്നീ രാജ്യങ്ങളിൽ ഹീനയാനപഥവും ഇന്നു് നടപ്പായിരിക്കുന്നു. ഇരുക്കൂട്ടരും അനേകം ബിംബങ്ങളും താന്ത്രികങ്ങളായ പണിത്തരങ്ങളോടുകൂടിയ വിശേഷതരങ്ങളായ ആലയങ്ങളും ഉണ്ടാക്കീട്ടുള്ളവ ഇന്നു് നമ്മെ അത്ഭുതപരതന്ത്രരാക്കുന്നു. അജാന്താവിൽ കാണുന്ന ഗുഹാഭിത്തിചിത്രങ്ങളും, അവിടെ കൊത്തിവച്ചിരിക്കുന്ന ബിംബങ്ങളും, കലാമമ്മജ്ഞന്മാക്ക് ആസേചകമായും ബൌദ്ധശില്പത്തിന്റെ ആഹോപുരുഷികളായും പ്രശോഭിക്കുന്നു.

---

# പത്തൊമ്പതാം അദ്ധ്യായം

---

## ക്രിസ്തുവിന്റെ അവതാരം

കാലമാണു് സൃഷ്ടികത്താവു്. ഏതേതു കാലത്തു് ഏതേതു മാതിരി മനുഷ്യർ ഉണ്ടാകണമോ അപ്പോൾ അവർ ലോകത്തിൽ ജനിക്കുന്നു. അതുതന്നെയാണു് അവതാരകഥയുടെ മമ്മം. അതുതന്നെയാണു് ഗീതയിൽ ഭഗവാൻ "യദാ യദാ ഹി ധമ്മസ്യ ഗ്ലാനിർഭവതി ഭാരത! അഭ്യുത്ഥാനമധമ്മസ്യ തദാത്മാനം സൃജാമ്യഹം" എന്നു് ഉപന്യസിച്ചിരിക്കുന്നതും. വേദമതം ദുഷിച്ചു് ഐഹികസുഖാനുഭോഗത്തിലും, ജന്തുഹിംസയിലും, ജാത്യാചാരവ്യാജേന സാധുജനദ്രോഹത്തിലും പരിണമിച്ചപ്പോൾ, ഗൌതമബുദ്ധൻ ഉദിച്ചു സർവ്വസമതത്തേയും സർവ്വസംഗത്യാഗത്തേയും സാർവത്രികദയാലുതയേയും ഉപന്യസിച്ചു. ബുദ്ധൻ ആവിർഭവിച്ചതുപോലെ, സിറിയാവിലുംപാലസ്റ്റൈനിലും പണ്ടു് ഉണ്ടായിരുന്ന മറുതയും മാടനും യക്ഷിയും പോയി ആദ്യ-

മായി ഏകദൈവവിശ്വാസത്തെ മുതലിച്ച യൂദമതം,
രാജാധികാരപ്രമത്തതയിലും ദ്രവ്യസമ്പാദനകാംക്ഷയി-
ലും അകപ്പെട്ടു മലീമസമായപ്പോൾ, ആ പങ്കത്തെ ക്ഷാളനം
ചെയ്തു മനുഷ്യരെ സന്മാർഗ്ഗപ്പെരുവഴിയിൽ സഞ്ചരിപ്പി-
ക്കാൻ പിറന്ന ആളായിരുന്നു ജീസസ് എന്ന ഗോപാല-
ബാലൻ. യൂദന്മാരുടെ പുരാതനചരിത്രത്തിന്റെ ഒരു ല-
ഘുവായ സംഗ്രഹം അഞ്ചാം അദ്ധ്യായത്തിൽ പറഞ്ഞിട്ടു-
ണ്ടല്ലോ. ഏററവും അല്പകാലം മാത്രമേ യൂദന്മാർക്കു്
ശുക്രദശ ഉണ്ടായിട്ടുള്ളു എങ്കിലും, മെസ്സയ്യാ (ദൈവം) മേ-
ലിൽ ഭൂമിയിൽ വന്നു് അവതരിച്ച് യഹൂദവർഗ്ഗത്തെ
സ്വർഗ്ഗസുഖം അനുഭവിപ്പിക്കുമെന്നുള്ള അനശ്വരപ്രതീ-
ക്ഷ ആ വർഗ്ഗക്കാരെ, എത്ര ചിതറിക്കിടന്നിട്ടും, ഒന്നി-
ച്ച് കെട്ടിയുറപ്പിച്ചിരുന്നു. ഇതരസമുദായങ്ങളിൽ, അതാ-
യതു ബാബിലോണിയൻ, ഗ്രീക്ക്, റോമൻ എന്നീ സമുദായ-
ങ്ങളിൽ, പരസ്പരസ്പർദ്ധ മൂർച്ഛിച്ചിരുന്ന കാലത്തും യൂദന്മാർ
ഒരു കയ്യായി നിന്ന ഐകമത്യമാണു് ആ സമുദായത്തെ
ഇന്നും നിലനിറുത്തുന്നതു്. റോമൻ ചക്രവർത്തികളുടെ
ദിഗ്വിജയകാലഘട്ടത്തിൽ പല തവണയും റോമൻ-
പട യൂദന്മാരുടെ പുണ്യഭൂമിയായ യരുശലേമിനെ ആക്ര-
മിച്ചു്, സോളമൻ പണിയിച്ച ദേവാലയത്തിന്റെ അം-
ശങ്ങൾ നശിപ്പിച്ചു. ഒടുവിൽ എ. ഡി. ൭൦-ൽ ആ-
ണ്ടു് വെസ്പേഷ്യൻ എന്ന റോമൻ ചക്രവർത്തി അതിനെ
നിശ്ശേഷം നിരത്തിയതു്. എന്നിട്ടും യൂദന്മാരുടെ കെട്ടു-
പാടു് നശിപ്പിക്കാൻ അദ്ദേഹത്തിനു് കഴിഞ്ഞില്ല. നേ-
രേമറിച്ചു്, ഈജിപ്റ്ററിലെ ബന്ധനത്തിൽ നിന്നു് തി-
രിച്ചു് വന്നതു മുതൽ യരുശലേം നശിപ്പിച്ച കാലംവരെ
അഞ്ഞൂറു കൊല്ലത്തെ അവരുടെ ചരിത്രം
നോക്കിയാൽ, യൂദന്മാരുടെ പ്രകൃതി ഒന്നിനൊന്നിനു് ഉ-
റച്ചുവന്നതായി കാണാം. ഏകദൈവവിശ്വാസത്തി-
ലും, ബിംബാരാധനവൈമുഖ്യത്തിലും, സിദ്ധന്മാർ ഉപ-

ദേശിച്ചിരുന്ന വൈദികങ്ങളായ ഉടമ്പാടുകളെ നിർവഹിക്കുന്നതിലും ഉള്ള നിഷ്ഠയിൽനിന്നു് അവർ ഒരു കാലത്തും വ്യതിചലിച്ചില്ല. പക്ഷേ, അവരിൽ ഒരു കൂട്ടർ അക്ഷരം പ്രതി എട്ടിലുള്ള നിയമങ്ങളെ അനുഷ്ഠിച്ചു് ഇതരസമ്പക്കത്തെ വെറുത്തു. അവരെ "ഫ്രാരിസികൾ" എന്നാണു് പറയാറുള്ളതു്. സെല്യൂസിഡു് ചക്രവത്തി ആയിരുന്ന ആന്റിയാക്കസ് രണ്ടാമൻ ഒരിക്കൽ യരൂശേലം ആക്രമിച്ചതു് ഒരു ശനിയാഴ്ച പ്രാത്ഥനദിവസം ആയിരുന്നു. അന്നു് യാതൊരു ജോലിയും ചെയ്തുകൂടാ എന്നുള്ള വൈദികനിയമത്തെ അനുഷ്ഠിച്ചു് ഫ്രാരിസികൾ ശത്രുവിനെ തടുക്കാതിരുന്നതു നിമിത്തം വളരെ കഷ്ടനഷ്ടങ്ങൾ നേരിട്ടു. അതുപോലെ, റോമൻ സേനാധിപനായ പാമ്പിയും യരൂശേലം പിടിച്ചതു് ശനിയാഴ്ചദിവസം യൂദന്മാർ യുദ്ധം ചെയ്യാതിരുന്നിട്ടാണു്. ഇത്ര മതാചാരനിഷ്ഠന്മാരായിരുന്നു ഫ്രാരിസികൾ. മറെറാരു കൂട്ടർ ഗ്രീക്കു സംസ്കാരമേററ പരിഷ്കാരികളാകയാൽ അവക്കു് ഈ മതഭ്രാന്തി ഇല്ലായിരുന്നു. അവരിൽ ചിലർ ആത്മാവിന്റെ അനശ്വരതയിൽപോലും വിശ്വാസമില്ലാത്തവരായിരുന്നത്രേ. ഏതായാലും ഈ പൃതുകക്ഷികൾ ആരോടും സഹകരിക്കുവാനും, ലാഭത്തിനുവേണ്ടി കഴുതക്കാലുപോലും പിടിക്കാനും മടിയുള്ളവരായിരുന്നില്ല. വരാൻ പോകുന്ന ദേവാവതാരം യൂദജാതിക്കാരുടെ പ്രത്യേകമാഹാത്മ്യത്തെ വളർത്തി അവക്കു് ഐഹികമായ സർവ്വസമ്പൽസമൃദ്ധിവരുത്തും എന്നായിരുന്നു അവരുടെ വിശ്വാസം! അതുകൊണ്ടു് ധനാർജ്ജനത്തിനുള്ള വ്യാപാരങ്ങൾ വിഹിതങ്ങളാണെന്നും, അതിനുള്ള ഉദ്യമങ്ങളിൽ സത്യസന്ധത അത്ര ഗൗനിക്കേണ്ടതില്ലെന്നു ആയിരുന്നു ആ വർഗ്ഗക്കാരുടെ പൊതുവായ അഭിപ്രായം. പണ്ടത്തെ ഫിനീഷ്യന്മാരുടെ വാസന യൂദന്മാരിൽ സംക്രമിക്കയാൽ, വാണിജ്യവ്യവസായങ്ങളിൽ അവക്കു്

നൈപുണ്യം സിദ്ധിച്ചിരുന്നു. അതിനാൽ ലോകത്തിൽ അവർ കുബേരന്മാരായിത്തീൎന്നു.

ഇങ്ങനെ ഇരിക്കുമ്പോഴാണു് ടൈബീരിയസ് സീസർ എന്ന റോമൻ ചക്രവൎത്തിയുടെ കാലത്തു് നാസറത്തിൽ ജീസസ്സ് ജനിച്ചതു്. ജീസസ്സിൻെറ ജനനത്തെപ്പററി പല ദിവ്യങ്ങളായ ഐതിഹ്യങ്ങളുള്ളവയെ ഇവിടെ പ്രസ്താവിക്കുന്നില്ല. ആ മഹാൻെറ ജീവിതത്തേയും ഉപദേശങ്ങളേയും ബൈബിൾ പുസ്തകത്തിലുള്ള മാത്യു, മാൎക്ക്, ല്യൂക്ക്, സെൻറ്ജാൺ എന്നീ സുവിശേഷാധ്യായങ്ങളിൽ നിന്നു് ഗ്രഹിക്കേണ്ടതാണു്. അദ്ദേഹം നാസറത്തിൽ ജനിച്ചു്, ഗലിലീയിൽ വെച്ചു് മതപ്രസംഗങ്ങൾ നടത്തി എന്നും, യറുശേലത്തു് എത്തിയപ്പോൾ ഏതാണ്ടു് മുപ്പതു വയസ്സ് പ്രായമായിരുന്നു എന്നും, താമസിയാതെ റോമൻദേശാധിപനായിരുന്ന പാൺടിയസ്സ് പൈലററിൻെറ മുമ്പാകെ രാജദ്രോഹത്തിനും സമുദായവിപ്ലവകാരിത്വത്തിനും ജസിമാനിയിൽ വെച്ചു് വിസ്തരിക്കപ്പെട്ടു എന്നും, ബൈബിളിൽ കാണാം. ഈ ആപത്തു നേരിട്ടപ്പോൾ പ്രധാന ശിഷ്യന്മാർപോലും അദ്ദേഹത്തെ പരിത്യജിക്കയാൽ, "ദൈവമേ! ദൈവമേ! അങ്ങു് എന്നെ ഉപേക്ഷിച്ചതെന്താണു്?" എന്നു് പ്രാണവേദനയോടെ ആക്രോശിച്ചുവത്രേ! ഈ കഥകളെല്ലാം സുവിശേഷ്യാദ്ധ്യായങ്ങളിൽ വായിക്കുമ്പോൾ ആരുടേയും മനസ്സ് അലിഞ്ഞുപോകാതിരിക്കയില്ല. യുവാവായി വീരനായ ഒരു പയ്യൻ, ബലിഷ്ഠന്മാരായ ശത്രുക്കളോടു പൊരുതി, സത്യത്തിനും ദൈവത്തിനും വേണ്ടി സൎവത്യാഗങ്ങളും ചെയ്തു്, ലോകഹിതത്തിനായി പ്രാണൻ ഉപേക്ഷിച്ച കഥ വിമതസ്ഥരേപോലും അത്ഭുതപരതന്ത്രരാക്കാതിരിക്കുകയില്ല. ആ ഒരു കൊലപാതകംകൊണ്ടു് പുതുമതത്തിൻെറ വേരറുത്തുകളയാമെന്നു വിചാരിച്ച മൗഢ്യ-

ത്തിനോ, പിന്നീട് പാശ്ചാത്യലോകമാസകലം തട്ടിയുണർത്തിയ ക്രിസ്തുമതപ്രചാരത്തിനോ ഏതിനാണ് വലിപ്പമെന്നു നിശ്ചയിക്കാൻ മേല. ജീസസ്സ് ജ്ഞാനസമ്പാദനത്തിനുള്ള ദേശാടനത്തിൽ ഇൻഡ്യയിൽ വന്നിട്ടുണ്ടെന്നു് ചിലർ വാദിക്കുന്നതു് ശരിയായ തെളിവില്ലാതെ വിശ്വസിക്കാൻ തരമില്ല. മദ്ധ്യേഷ്യയിൽ നിന്നു് തക്ഷശില മുതലായ കലാശാലകളിൽ അനവധി ജ്ഞാനാർത്ഥികൾ വന്നിട്ടുള്ള കൂട്ടത്തിൽ വരാൻ പാടില്ലാതില്ല. ബുദ്ധമതസംസ്കാരത്തിൻെറ വാങ്ങലാണു് ക്രിസ്തുമതത്തിൽ പ്രതിഫലിച്ചുകാണുന്നതു് എന്നുള്ള സംഗതിയിൽനിന്നാണു് ക്രിസ്തു ഇൻഡ്യയിൽ വന്നിട്ടുണ്ടെന്നു് ഊഹിക്കുന്നതെങ്കിൽ, അന്നു മദ്ധ്യേഷ്യയിൽ മുഴുക്കെ ബുദ്ധമതപ്രചാരം ഉണ്ടായിരുന്നതിനാൽ അതിന്റെ വാസന ലഭിക്കാൻ ഇൻഡ്യയിൽ വരേണ്ടതുണ്ടായിരുന്നില്ലെന്നു് മനസ്സിലാക്കണം.

ജീസസ്സ് അവതാരപുരുഷനാണെന്നു് അദ്ദേഹം ഒരിക്കലും അഭിമാനിച്ചിരുന്നില്ല. യൂദന്മാർ ആദ്യമായി പ്രതിപാദിച്ച ഏകദൈവമതത്തിൻെറ കല്മഷങ്ങളെ കളഞ്ഞു് ദൈവത്തെ ലോകപിതാവായും സ്വർഗ്ഗസാമ്രാജ്യാധിപതിയായും ഉപപാദിച്ചപ്പോൾ അനേകംപേർ അദ്ദേഹത്തിൻെറ ദിവ്യജ്ഞാനത്തിൽ മയങ്ങി ശിഷ്യരായിതീർന്നു. സ്വജനങ്ങളായ യൂദന്മാർ പ്രതീക്ഷിതനായ ദേവാവതാരപുരുഷനായി ജീസസ്സിനെ ആദ്യം അഭിമാനിച്ചു. അനവധി സാധുക്കളെ രക്ഷിച്ചും സ്നേഹിച്ചും, അവരുടെ മനശ്ചാഞ്ചല്യങ്ങളെ ദൈവാനുഗ്രഹശക്തികൊണ്ടു് ധൈര്യപ്പെടുത്തിയും ആതുരരെ ശുശ്രൂഷിച്ചാശ്വസിപ്പിച്ചും ജീസസ്സ് ജനങ്ങളെ ദുർമ്മാർഗ്ഗങ്ങളിൽനിന്നു സൽപഥത്തിലേക്കു് തിരിച്ചുവിട്ടു. ഏകദേശം മൂന്നു കൊല്ലം ജൂഡിയയിൽ പല ഉപാഖ്യാനങ്ങളേക്കൊണ്ടും പ്രസംഗങ്ങളെക്കൊണ്ടും ജനമനസ്സിനെആകർഷിച്ചു. യൂദ

ജനങ്ങളുടെ ദുരാഗ്രഹങ്ങളേയും ദുർവ്വൃത്തങ്ങളേയും ഐഹികസുഖേച്ഛയേയും അധികാരഭ്രമത്തേയും മററും ദൂഷിക്കയും ചെയ്യുതുകൂടാതെ ദൈവം ഒരു കൂട്ടർക്ക് പ്രത്യേകമല്ലെന്നും, സൂര്യനെപ്പോലെ സർവജനങ്ങൾക്കും പിതാവാണെന്നും സത്യവും ന്യായവും ത്യാഗവും സ്നേഹവും ഉള്ളവരെല്ലാം ആ പിതാവിന്റെ മക്കളാണെന്നും ദൈവം ഒരാളുടെ പങ്കല്ലെന്നും അദ്ദേഹത്തിന്ന് ഇഷ്ടാനിഷ്ടങ്ങളോ പ്രത്യേകതയോ ഒന്നുമില്ലെന്നും സ്വർഗ്ഗസാമ്രാജ്യത്തിന്റെ അവകാശം ആക്കും ഒന്നുപോലെ ആണെന്നും മററും ജീസസ്സ് ഉപദേശിച്ചുതുടങ്ങിയപ്പോൾ, അയാൾ ദേവാവതാരപുരുഷനല്ല, വിപ്ലവകാരി ആണെന്നു യൂദന്മാർ ഗണിച്ചു. അന്നുമുതൽ അയാളെ അകപ്പെടുത്താൻ പല വഴിയും അവർ നോക്കി. റോമൻചക്രവർത്തിയെ പ്രജകൾ എല്ലാവരും ദേവനായി ആരാധിക്കുകയും റോമൻപതാകയെ വന്ദിക്കയും ചെയ്യണം എന്നുള്ള ചട്ടത്തിന്നു വിപരീതമായി, ദൈവം എല്ലാവർക്കുംമേലാണെന്നും, ഏകനാണെന്നും റോമൻ ചക്രവർത്തിയും കീഴ്പണി എടുക്കുന്ന കുലാലനും ദൈവത്തിന്നു സമമാണെന്നും മററും പ്രസംഗം ചെയ്യുന്ന ഒരു പ്രജയെ രാജദ്രോഹി ആക്കിത്തീർക്കാൻ ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. ഇങ്ങനെയാണ് ജീസസ്സിനെ ശിക്ഷിപ്പിച്ചു കൊല്ലിച്ചത്. വാസ്തവത്തിൽ റോമന്മാർ ഇതരമതാസഹിഷ്ണുത തീരെ ഇല്ലാത്തവരായിരുന്നു. "ദേവന്മാരെ ആക്ഷേപിച്ചാൽ അതു് അവർ തന്നെ നോക്കിക്കൊള്ളട്ടെ" എന്ന് ടൈബീരിയസ് ചക്രവർത്തി തന്നെ ഒരിക്കൽ പറഞ്ഞിട്ടുണ്ടത്രേ. അതിനാൽ രാജദ്രോഹിയാക്കിയാണ് ജീസസ്സിനെ കുരിശ്ശിൽ തറച്ചതു്. യൂദന്മാർ ഈ കൃത്രിമം ചെയ്തനിമിത്തം ക്രിസ്ത്യാനികൾക്കും അവർക്കും തമ്മിലുള്ള വൈരം അന്നുമുതൽ ഇന്നുവരെ തുടരുന്നു.

മതകലഹം നമുക്ക് പുത്തരിയല്ല. ഏതു് മതവും ആദികാലത്തു് പരിശുദ്ധമായും സകല ജനങ്ങളേയും രമ്യതയിൽ വർത്തിപ്പിക്കുന്നതായും കാണാം. പിന്നെ മതനിയമങ്ങളെ പല മാതിരി ഉരച്ചു്, ഗാത്രം ചുരുക്കി, പുരോഹിതവർഗ്ഗങ്ങളുടെ സ്വേച്ഛാലാഭപൂർവ്വമായ കേവണത്തിൽ മഷിയിട്ടു് കെട്ടി, സ്വകീയധാവള്യം വിട്ടു് പല വ്യാജരങ്കുകൾ കാട്ടി തിളക്കുമ്പോഴാണു്, മത്സരങ്ങളും ശണ്ഠകളും തുടങ്ങുന്നതു്. അനന്തരം സ്വാധികാരപ്രമത്തതയ്ക്കും വർഗ്ഗീയോന്നമനത്തിനും ഭരണതന്ത്രപാടവത്തിനും വശപ്പെട്ടുപോകുമ്പോൾ, മതം സ്വധർമ്മംവിട്ടു് പരധർമ്മത്തെ ആശ്രയിക്കുന്നു. സാധാരണ ജനങ്ങളുടെ മൂഢവിശ്വാസങ്ങളെ നിലനിറുത്തി അവരുടെ സത്വക്ഷയം വരുത്തുക റോമൻരാജ്യഭരണതന്ത്രമായിരുന്നു. പണ്ഡിതന്മാർക്കു് ഉതകുന്ന ജ്ഞാനം സാധാരണക്കു് അവിഹിതമായി ഗണിക്കുന്ന മൂഢതന്ത്രം, റോമന്മാർക്കു് മാത്രമല്ല, മററുള്ള സമുദായങ്ങളിലും അന്നുമിന്നും പ്രത്യക്ഷീഭവിക്കുന്നുണ്ടു്. "ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജ്ജയേൽ" എന്നും മററും സ്മൃതികാരന്മാർ വിധിച്ചിട്ടുള്ളതു്, മക്കിയവല്ലി എന്ന ഇററാലിയൻ ചാണക്യൻ മൂഢമതപ്രോത്സാഹനം രാജധർമ്മമാണെന്നു് ഏറിയകാലം കഴിഞ്ഞു് ഉപദേശിച്ചതിനുള്ള പ്രമാണസൂത്രമായി ഗണിക്കാവുന്നതാണു്. മതവ്യാജേന ലോകത്തിൽ നടന്നിട്ടുള്ള അതിക്രമങ്ങളും സാർവ്വഭൌമതാപവും കണ്ടു് വെറുത്ത കാറൽമാർക്സ് എന്ന വിദ്വാൻ കുററമാണോ "മഹാജനങ്ങൾക്കു് കൊടുക്കുന്ന കറുപ്പാണു് മതം" എന്നു വിലപിച്ചതു്.

ജീസസ്സ് യൂദനായിട്ടാണു് ജനിച്ചതു്. ആ മഹാൻ മുതലിച്ച ക്രിസ്തുമതം യൂദന്മാരുടെ ദുർമ്മോഹങ്ങളെ ഉടച്ചതു കൂടാതെ വിമതസഹിഷ്ണുത ഉണ്ടായിരുന്ന റോമൻ-അധികാരികളുടെ രാജഭക്തിയെ കുറയ്ക്കുകയും ചെയ്തു. അതു

നിമിത്തം ക്രിസ്തുമതാനുയായികൾക്ക് ആദികാലത്തു് വളരെ പീഡകൾ അനുഭവിക്കേണ്ടിവന്നു. ജീസസ്സിന്റെ കാലംകഴിഞ്ഞു്, സെയിന്റ് പാൾ എന്ന സന്യാസിആണു് ക്രിസ്തുമതത്തെ പൊലിപ്പിച്ച് പ്രചരിപ്പിച്ചതു്. റോമന്മാർ ക്രിസ്ത്യാനികളെ യൂദന്മാരുടെ ഒരു വർഗ്ഗഭേദമാണെന്നു് മാത്രമേ ആദ്യം ഗണിച്ചിരുന്നുള്ളു. പിന്നീടാണു് അവരെ രാജദ്രോഹികളായി കരുതി, സിംഹം മുതലായ ഹിംസ്രമൃഗങ്ങൾക്ക് ഇരയിട്ടുകൊടുക്കയും, മററു പ്രകാരത്തിൽ ഹിംസിച്ചുകൊല്ലുകയും ചെയ്തതു്. അനവധി മഹാന്മാർ അപ്രകാരം വീരസ്വർഗ്ഗം പ്രാപിച്ചു. ഇങ്ങനെ ദ്രോഹിച്ചു് ആ മതത്തെ നശിപ്പിക്കാമെന്നു കരുതിയിരുന്ന പ്രതീക്ഷ ഫലിച്ചില്ലെന്നു മാത്രമല്ല, അതിന്റെ ശക്തിയും പ്രചാരവും പതിന്മടങ്ങ് വർദ്ധിച്ച് പാശ്ചാത്യദേശം മുഴുക്കെ വ്യാപിക്കുകയും ചെയ്തു. എന്തിനേറേ? റോമൻ ചക്രവർത്തിയായിരുന്ന കാൺസ്റ്റെൻടൈൻപോലും ക്രിസ്തുമതം സ്വീകരിച്ചു! കാൺസ്റ്റാൻറിനോപ്പിൾ എന്ന മഹാനഗരം സ്ഥാപിച്ചതു് അദ്ദേഹമായിരുന്നു. അതിനെപ്പററി പിന്നെ പറയാം.

ക്രിസ്തുമതം പ്രചരിച്ചതോടുകൂടി ജീസസ്സ് ദേവാവതാരപുരുഷനായിത്തീർന്നു. അദ്ദേഹം ഒരു കാലത്തും ദേവത്വം കാംക്ഷിച്ചിരുന്നില്ല. നേരേ മറിച്ച്, താൻ കേവലം മനുഷ്യനാണു്, ഈശന്റെ സൃഷ്ടിയിൽ ഒരുവനാണു്, എന്നു പല അവസരങ്ങളിലും പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ അതിമാനുഷരായവരെ ദേവന്മാരായി പിന്നീടുള്ളവർ ഗണിച്ച് ആരാധിക്കുന്ന സ്വഭാവം ഗൗതമബുദ്ധന്റെ വിഷയത്തിലും നാം കണ്ടുവല്ലൊ. ഈ സ്വഭാവം കണ്ടിട്ടായിരിക്കണം അറുനൂറു കൊല്ലം കഴിഞ്ഞു ജനിച്ച മഹാമത്തു്, തനിക്ക് ദേവത്വത്തെ നിശ്ശേഷം നിരസിച്ചതു്. ക്രിസ്ത്യാനികൾ ജീസസ്സിൻെറ ദേവത്വത്തെക്കുറിച്ചും ത്രിമൂർത്തിത്വത്തെക്കുറിച്ചും തമ്മിൽ പി-

ണങ്ങി, കക്ഷികളായി പിരിഞ്ഞു്, ആഭ്യന്തരകലഹങ്ങളിൽ ഏർപ്പെട്ടു്, അനവധി കൊലപാതകങ്ങളും മററും നടന്ന കഥ ഇവിടെ വിസ്തരിക്കുന്നില്ല. ഈ തർക്കങ്ങളും കക്ഷിവഴക്കുകളും പാശ്ചാത്യരാജ്യങ്ങളിൽ ഇന്നും നിലച്ചിട്ടില്ല. ഏതു മതവും വർദ്ധിച്ചുവരുമ്പോൾ ഈ മാതിരി വൈമത്യങ്ങൾ പ്രത്യക്ഷീഭവിക്കുന്നുണ്ടു്. ഹിന്ദുമതത്തിൽ ശൈവരും വൈഷ്ണവരും ഇന്നും കലഹിക്കുന്നു! അവരിൽ തന്നെ പല വകഭേദങ്ങളും കാണ്മാനുണ്ടു്. ബൗദ്ധരിൽ മഹായാനക്കാരും ഹീനയാനക്കാരുമുണ്ടെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുപോലെ ക്രിസ്തുമതത്തിലും പല വർഗ്ഗഭേദങ്ങൾ ഉണ്ടായതിൽ ആശ്ചര്യപ്പെടാനില്ല.

ഒന്നാണു് അത്യാശ്ചര്യം, ക്രിസ്തുമതം ആവിർഭവിച്ചിട്ടു് ഒരു നൂററാണ്ടു കഴിയുന്നതിനു് മുമ്പുതന്നെ ആ മതപ്രാസംഗികന്മാർ തെന്നിൻഡ്യയിൽ വന്നെത്തി അനവധി പേരെ ആ മതത്തിൽ ചേർത്തു റോമാസാമ്രാജ്യത്തിൽ പോലും ഹീനരായി ഗണിച്ചുവന്ന ക്രിസ്ത്യന്മാർക്കു തെന്നിൻഡ്യ ആധിപത്യം നൽകിയതു് ഓർക്കുമ്പോൾ, ഹിന്ദുജനങ്ങളുടെ ദാക്ഷിണ്യം അന്യാദൃശമെന്നേ പറഞ്ഞുകൂടൂ. എ. ഡി. ഒന്നാംശതവർഷംതൊട്ടു് കുടിയേറിയ സുറിയാനിക്രിസ്ത്യാനികളുടെ പഴമ ചില്ലറയല്ല. അവർ ഇന്നും പുരാതന ക്രിസ്ത്യൻവഴക്കങ്ങളെ സംരക്ഷിക്കുന്നു. ചിന്നേഷ്യയിലൊഴിച്ചു് അവരുടെ കൂററുകാർ ഇന്നു മറെറാരിടത്തും കാണ്മാനില്ല അവിടെ നിന്നാണു് അവർ ആദികാലത്തുവന്നതു്; അതുകൊണ്ടു് അവിടം മൂലസ്ഥാനമായി ഇന്നും അവർ കരുതുന്നു.

സാമുദായികമായും രാഷ്ട്രീയമായും ഉള്ള പ്രാബല്യം നിമിത്തം ഇന്നു് ക്രിസ്തുമതം മുന്നണിയെ പ്രാപിച്ചിട്ടുണ്ടു്. എന്നാൽ ആ മതസ്ഥാപകൻ ഉപദേശിച്ചിരുന്നതും അനുഷ്ഠിച്ചിരുന്നതും ആയ അഹിംസാധർമ്മ-

വും സവ്വാംഗീണമായ മൈത്രിയും പമ്പ കടന്നിട്ട്, സാംയുഗീനസന്നാഹങ്ങളിലും സാമ്രാജ്യസംരംഭങ്ങളിലും ധനാർജനതന്ത്രങ്ങളിലും പരിണമിച്ചിരിക്കുന്ന അവസ്ഥ നോക്കുമ്പോൾ, പ്രത്യക്ഷത്തിൽ ക്രിസ്തുമതാനുയായികളായ പാശ്ചാത്യവഗ്ഗങ്ങളേക്കാൾ ഇതരമതസ്ഥരായ പൌരസ്ത്യരല്ലയോ പരോക്ഷമായി ജീസസ്സിന്റെ അനുശാസനങ്ങളെ ശരിയായി അനുഷ്ഠിക്കുന്നവർ എന്നു തോന്നിപ്പോകുന്നു.

---

## ഇരുപതാം അദ്ധ്യായം

---

റോമാസാമ്രാജ്യത്തിൻെറ അധഃപാതം.

റോമന്മാർ, അഥവാ രോമകന്മാർ, പ്രജാധിഗതഭരണസമ്പ്രദായം വെടിഞ്ഞു്, ജൂലിയസ്സ് സീസരുടെ ദത്തുപുത്രനായിരുന്ന ഒക്ടേവിയസ്സ്, 'അഗസ്റ്റസ്സ് സീസർ' എന്ന ബഹുമതിനാമംപൂണ്ടു് ചക്രവത്തി ആയതു മുതൽ, സാമ്രാജ്യഭരണസമ്പ്രദായം കൈക്കൊണ്ട വിവരം പതിനാറാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. ഇനി നാം പറയാൻ പോകുന്ന സംഗതികളെല്ലാം ക്രിസ്തുവർഷകാലത്തിൽ നടന്നിട്ടുള്ളവയാണു്. ക്രിസ്തുവിനു മുമ്പുള്ള വർഷങ്ങൾക്കു് ബി. സി. എന്ന അക്ഷരങ്ങളോടു് ചേത്തു് കുറിക്കാറുള്ളതുപോലെ, ക്രിസ്തുവിനു് ഇപ്പുറമുള്ള ആണ്ടുകൾക്കു് എ. ഡി. (ദേവാവതാരവർഷം) എന്നുള്ള അക്ഷരങ്ങൾ ചേത്തെഴുതുക പതിവാണു്.

അഗസ്റ്റസ്സ് സീസർ "രാജാവു്" എന്നുള്ള സ്ഥാനപ്പേർ സ്വീകരിച്ചില്ല അതിനു കാരണം, ആ സംജ്ഞയ്ക്കു് പൊലിപ്പം പോരെന്നുള്ളതു കൂടാതെ, പണ്ടത്തെ പ്രജായത്തഭരണത്തിൻെറ ആംഗികംകാട്ടണമെന്നു-

ള്ള ചരലോദ്ദേശ്യവും ഉണ്ടായിരുന്നതായിരുന്നു. "നായകൻ" എന്നു് അർത്ഥമുള്ള "ഇമ്പറേറർ" എന്ന പേരാണു് അദ്ദേഹം സ്വീകരിച്ചതു്. ഇമ്പറേറർ എന്ന വാക്കിൽനിന്നാണു് "എമ്പറർ' (ചക്രവർത്തി) എന്നുള്ള ഇംഗ്ലീഷ് വാക്കുണ്ടായതു്. 'എമ്പറർ' എന്നും, 'സീസർ' എന്നും, 'കൈസർ' എന്നും, സാർ എന്നും യൂറോപ്പിലെ ചക്രവർത്തികൾ സ്വീകരിച്ചിട്ടുള്ള വിരുതുകളെല്ലാം റോമൻ സാമ്രാട്ടുകളെ അനുകരിച്ചാകുന്നു. ലോകത്തിനെല്ലാം അധിപതിയായി ഒരാളേ പാടുള്ളു എന്നും, അതു് ലോകനാഥയായ റോമാനഗരിയുടെ ഭർത്താവാണെന്നും ആയിരുന്നു അന്നത്തെ പാശ്ചാത്യബോധം. ലോകത്തിനു് ഏകാധിപത്യം ഉണ്ടാകുന്നതു് അസാദ്ധ്യം; പിന്നെ റോമാസാമ്രാജ്യത്തേക്കാൾ പുരാതനങ്ങളും മഹത്തരങ്ങളുമായ സാമ്രാജ്യങ്ങൾ അന്നു് ചീനത്തും ഇൻഡ്യയിലും ഉണ്ടായിരുന്നു. സത്യത്തിൽ റോമാസാമ്രാജ്യം മദ്ധ്യാർണ്ണവമേഖലിതമായ ഒരു സാമ്രാജ്യം ആയിരുന്നതേ ഉള്ളു. കിഴക്കു് മെസോപൊട്ടേമിയയ്ക്കു് ഇപ്പുറം അതിന്റെ അതിരു കടന്നിട്ടില്ല. എങ്കിലും ഭൂമിയുടെ വ്യാപ്തി അറിഞ്ഞിട്ടില്ലാത്ത അക്കാലത്തെ പാശ്ചാത്യജനങ്ങൾക്കു്, റോമാസാമ്രാജ്യം ഭൂലോകം ഒട്ടുക്കുണ്ടെന്നു തോന്നിയതുകൊണ്ടു്, തദനുസരണമായ ബഹുമാനത്തിനു് പാത്രമായി. സാർവഭൗമത്വബോധം പാശ്ചാത്യദേശങ്ങളിൽ അലക്സാണ്ടർ ഉദിപ്പിച്ചെങ്കിലും, റോമന്മാരുടെ ആധിപത്യത്തോടുകൂടിയാണു് അതിനു് അവിടെ സ്ഥിരപ്രതിഷ്ഠ ലഭിച്ചതു്. റോമാസാമ്രാജ്യം അധഃപതിച്ചു കരിച്ചിൽകുത്തിക്കഴിഞ്ഞിട്ടുപോലും ലോകാധിപത്യബോധം ആ പേരിൽ ഏറെനാൾ നിലനിന്നതാണു് ആശ്ചര്യം. ജീവൻ പോയി ശവമായിട്ടും പിശാചുബാധിക്കുന്നതുപോലെ, റോമാസാമ്രാജ്യം ചത്തുകെട്ടിട്ടും അതിന്റെ നിഴൽ അനവധി ശതവർഷം യൂറോപ്പിനെ ബാധിച്ചുനിന്നു ഒടുവിൽ, ക-

ഷ്ടിച്ച് ഒരു നൂററമ്പതുകൊല്ലം മുമ്പു മാത്രമേ, നെപ്പോ-ളിയൻ ബോണപ്പാർട്ട് എന്ന മഹാവീരൻ ആ ബാധ-യെ ഒഴിപ്പിച്ചുള്ളു.

റോമാസാമ്രാജ്യം വാണ സാമ്രാട്ടുകളുടെ എണ്ണവും വണ്ണവും പറയണമെങ്കിൽഗിബ്ബൺഎന്നഇംഗ്ലീഷ്ചരി-ത്രകാരൻ എഴുതിയിട്ടുള്ളതുപോലെഒരുമഹാഗ്രന്ഥംവേ-ണം. ക്രിസ്തുവർഷാരംഭത്തിന് അല്പം മുമ്പായി ആഗസ്റ്റ-സ്റ്റ്സീസർ സ്വാധികാരത്തോടെ ഭരിക്കാൻ തുടങ്ങി. റോമൻചക്രവർത്തികൾ കേവലം രാജാക്കന്മാരല്ല, ദേവാം-ശഭൂതരാണ് എന്നുള്ള ബോധം ജനങ്ങളിൽ ഉല്പാദിപ്പി-ച്ചു. ജീവിതകാലത്തുള്ളതിനേക്കാൾ മരണാനന്തരം ദി-വ്യാരാധനയ്ക്ക് അവർ പാത്രമായി. ആഗസ്റ്റസ്സ് ചക്ര-വർത്തിയുടെ കാലം സുവർണ്ണകാലമായിട്ടാണ് ചരിത്രകാ-രന്മാർ പറയുന്നത്. രാജാക്കന്മാരെ പുകഴ്ത്തുന്നതും അ-വരെ സ്തോത്രം ചെയ്യുന്നതും ഒരു ലാഭകരമായ തൊഴി-ലായി പണ്ടേ ഏർപ്പെട്ടിട്ടുള്ളതാണ്. വന്ദികളില്ലാത്ത രാജാവുണ്ടായിട്ടില്ല, വർജിൽ, ഓവിഡ്, ഹോറസ്, എന്നുള്ള പ്രസിദ്ധ ലത്തീൻകവിപുംഗവന്മാർ അഗസ്റ്റ-സ്റ്റിൻെറ കാലത്തുള്ളവരായിരുന്നു. ഇന്നും അവരുടെ ഗ്ര-ന്ഥങ്ങൾ മഹാകാവ്യങ്ങളായി ആസ്വാദനീയങ്ങളാകുന്നു. ഏറിയകാലമായിട്ടുണ്ടായിരുന്ന കലാപങ്ങളും കലഹങ്ങ-ളും പോയി, പ്രജകൾക്ക സൈ്വരം സിദ്ധിച്ച കാലമാ-യിരുന്നു ആഗസ്റ്റസ്സ് സീസറുടെ രാജ്യഭരണകാലം. അ-തുകൊണ്ട് അന്ന് കച്ചോടവും ജ്ഞാനവും പരിഷ്കാരവും പുലന്ന് ജനങ്ങൾ സുഖിച്ചു.

എന്നാൽ റോമൻ പരിഷ്കാരത്തെ ആണിക്കിട്ടു-നോക്കിയാൽ മാററു കുറവാണെന്നു കാണാം. സാമാ-ന്യജനങ്ങൾക്ക കഷ്ടതവേണ്ടുവോളം ഉണ്ടായിരുന്നു. ധ-നികന്മാരും പ്രഭുക്കന്മാരും വേണ്ടവിധം സുഖാനുഭോഗ-മനുഭവിച്ചു. മറുനാട്ടുകളിലുണ്ടാകുന്ന വിലയേറിയ ച-

രക്കകളും ഭക്ഷണപദാൎത്ഥങ്ങളും കൊണ്ടുവന്നു് ഉപയോഗിച്ചു്, വേണ്ടുവോളം പദവിയും സുഖവും ആഡംബരവും അനുഭവിച്ചിരുന്ന കൂട്ടരെ കണ്ടാൽ, ഭൂമിയിലെ സ്വൎഗ്ഗമാണു് റോമാനഗരം എന്നു് ആരും ഭ്രമിച്ചേക്കാം. സൎക്കസ്സുകളും, ഹിംസ്രമൃഗങ്ങളുമായിട്ടുള്ള പോരുകളും, വമ്പിച്ച ഘോഷയാത്രകളും മററുള്ള ആഘോഷങ്ങളും കൊണ്ടു് വിളങ്ങിയിരുന്ന റോമാനഗരത്തിന്റെ മാഹാത്മ്യം ഏതൊരുവനേയും മയക്കാതിരുന്നില്ല. എന്നാൽ ഈ പ്രഭാവത്തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞു കിടന്നിരുന്ന ജനതയുടെ ദാരിദ്ര്യസ്ഥിതിയും താങ്ങാൻവയ്യാത്ത കരഭാരവും അടിമത്തത്തിന്റെ മൂൎച്ഛനയും കാണുമ്പോഴാണു്, മുമ്പിൽ കണ്ടതെല്ലാം കേവലം പുറംപൂച്ചാണെന്നു് നാം മനസ്സിലാക്കുന്നതു്. പണ്ടു് ഗ്രീക്കുകാരുടെ പരിഷ്കൃതാവസ്ഥയും ഏതാണ്ടു് ഇപ്രകാരം ധനികന്മാരുടെ മേലായ്മയിലും എളിയവരുടെ ദാസത്വത്തിലും പ്രതിഷ്ഠാപിതമായിരുന്നെങ്കിലും കലാഭിവൃദ്ധികൊണ്ടും പാണ്ഡിത്യവിലാസംകൊണ്ടും രമണീയമായിരുന്നു എന്നു് ഒരു ആശ്വാസം ഉണ്ടാവാം. റോമൻപരിഷ്കാരം കേവലം സുഖാനുഭോഗത്തെ മാത്രം ആശ്രയിച്ചിരുന്നു; എന്നു തന്നെ അല്ല, ഗ്രീക്കുകാരിൽനിന്നു് നേടിയ ജ്ഞാനത്തെ അഭിവൃദ്ധമാക്കാനോ ഭരണീയരുടെ സ്ഥിതി അറിഞ്ഞു് അവരെ ഉയൎത്താനോ ഉതകിയിരുന്നില്ല എന്നുള്ള ദോഷം കലൎന്നതും ആയിരുന്നു.

അഗസ്റ്റസ്സിന്റെ പിൽക്കാലം പല ചക്രവൎത്തികളും ഉണ്ടായി. മിക്ക പേരും ദുഷ്ടന്മാരും ചിലർ അതിദുഷ്ടന്മാരും സുഖൈകനിരതന്മാരുംആയിരുന്നു. നീറോ എന്ന ചക്രവൎത്തിയുടെ ദൗഷ്ട്യംപുരാണത്തിൽ കാണുന്ന മഹാരാക്ഷസൻ വേനന്റേതിനേക്കാൾ കഠിനതരമായിരുന്നു. റോമാനഗരം അഗ്നിക്കു് ഇരയായപ്പോൾ നീറോ ചക്രവൎത്തി ഫിഡിൽ വായിച്ചുകൊണ്ടിരുന്നതായി ഒരു പഴ-

ഞ്ചൊല്ലപോലും ഏർപ്പെട്ടു. കാൺസ്റ്റൻടൈൻ എന്നും മാർക്കസ് ഔറിലിയസ് അന്തോണിയസ് എന്നും രണ്ടു ഗുണവാന്മാരായ ചക്രവർത്തികൾ ഉണ്ടായിരുന്നവർ പ്രത്യേകം പ്രസ്താവ്യരാണ്.

ചക്രവർത്തികൾ സ്വസുഖാഭിലാഷികളായിത്തീർന്നപ്പോൾ, വാസ്തവത്തിൽ രാജാധികാരം സേനയിൽ സംക്രമിച്ചു. സേനയുടെ സഹായം ഇല്ലാതെ രാജ്യത്തിൽ സമാധാനപരിപാലനം ശാക്യമല്ലാതായപ്പോൾ, അതിൻെറ പ്രീതിക്ക് വേണ്ടി ജനങ്ങളിൽനിന്നും അമിതമായ കരം പിരിച്ച് പട്ടാളങ്ങൾക്ക് ചിലവ് നടത്തിവന്നു. പുത്തനായി ജയിച്ചു പിടിക്കുന്ന രാജ്യങ്ങളെക്കൊണ്ട് സേനക്കു കോഴ കൊടുപ്പിച്ചു. കരങ്ങൾ കൂടാതെ ഖജനാവിൽ മുതൽ വരുത്താനുള്ള പ്രധാനമാർഗ്ഗം അടിമകച്ചോടമായിരുന്നു. റോമൻ പട്ടാളങ്ങൾ ഓരോ പരസ്ത്യദേശങ്ങളേയും ആക്രമിച്ച് ലക്ഷക്കണക്കിന് അടിമകളെ പിടിച്ചു. പട്ടാളങ്ങളോടുകൂടിത്തന്നെ മൊത്തവ്യാപാരികൾ സഞ്ചരിക്കയും കിട്ടുന്നവരെ എല്ലാം ഏററുവാങ്ങിക്കുകയും ചെയ്തുവന്നുവത്രേ. പുരാതനഗ്രീക്കുകാർ പുണ്യസ്ഥലമായി മാനിച്ചിരുന്ന ഡീലാസ്ദ്വീപ് അടിമക്കച്ചോടത്തിൻെറ വൻകമ്പോളമായിരുന്നു. അവിടെ ദിനംപ്രതി പതിനായിരം ആണും പെണ്ണുമായി അടിമകളെ വിററഴിച്ചു വന്നുപോൽ! റോമാനഗരത്തിലെ വിനോദക്കളരിയായിരുന്ന കൊളീസിയത്തിൽ ആയിരക്കണക്കിനുള്ള അടിമകളെ ക്രൂരജന്തുക്കളുമായി പൊരുതാൻ ചാവരാക്കി ചക്രവർത്തികൾ കണ്ടു് രസിക്കമാറുണ്ടായിരുന്നു! അഹോ! ഇതായിരുന്നു റോമൻ പരിഷ്കാരം! ശാന്തം! പാപം!!

എങ്കിലും ചരിത്രകാരനായ ഗിബ്ബൻ പറയുന്നതു്, ഏതു കാലത്തിലെങ്കിലും മനുഷ്യസമുദായം സുഖാതിരേകം അനുഭവിച്ചിട്ടുണ്ടെങ്കിൽ അതു് ഡോമിഷ്യൻ

ചക്രവൎത്തിയുടെ മരണാനന്തരം കമ്മോഡിയസ്സ് ചക്രവൎത്തിയുടെ മരണാരംഭംവരെ, എ. ഡി. ൯൬ മുതൽ ൧൮൦ വരെ, ൮൪ കൊല്ലങ്ങളിലായിരുന്നു എന്നാണു്. അതിന്റെ സൂക്ഷ്മം വേറെ ഒന്നുമല്ല. അതിൎത്തിപ്രദേശങ്ങളിൽ യുദ്ധങ്ങൾ നടന്നിരുന്നെങ്കിലും റോമൻസാമ്രാജ്യത്തിനുള്ളിൽ സമാധാനവും ക്ഷേമവും ഉണ്ടായിരുന്നു; അവരവൎക്കുള്ളതുകൊണ്ടു് കാലക്ഷേപം ചെയ്യാനുള്ള രക്ഷ ഉണ്ടായിരുന്നു. റോമൻ പൗരാവകാശം സാമ്രാജ്യത്തിൽ എവിടെയും ലബ്ധമായപ്പോൾ, തന്നിമിത്തം സിദ്ധിച്ച രക്ഷ ജനങ്ങൾക്കു് സ്വാതന്ത്ര്യത്തെ നൽകി. റോമന്മാർ വരുന്നതിനു മുമ്പിൽ, അതാതുനാട്ടിലെ ദുഷ്പ്രഭുക്കന്മാരുടെ ദ്രോഹങ്ങൾക്കു് അടിപണിഞ്ഞിരുന്ന ജനങ്ങൾ റോമൻ പൗരരായപ്പോൾ രക്ഷ പൂണ്ടു് ആശ്വസിച്ചു. പക്ഷേ ഈ ആശ്വാസം മേൽത്തരക്കാൎക്കു മാത്രമല്ലാതെ, സാധുജനങ്ങൾക്കു ഇല്ലായിരുന്നു എന്നു ധരിക്കണം. സാധുക്കൾക്കു് പൗരത്വമേ ഇല്ലായിരുന്നു.

മുമ്പുണ്ടായിരുന്ന പൗരുഷവും ഉത്സാഹവും ക്രമേണ കുറഞ്ഞു് റോമന്മാർ അലസരും സുഖികളുമായി. പട്ടാളത്തിൽചേൎന്നു് യുദ്ധംചെയ്യാൻപോലും അവർ മടിച്ചു. സാമ്രാജ്യത്തിനു പുറമേ ഉള്ളവരെ അവർ മ്ലേച്ഛന്മാരായി ഗണിച്ചിരുന്നിട്ടും, അവരെക്കൊണ്ടാണു് സേനയെ നടത്തിച്ചതു്. തിരിഞ്ഞുകുത്താതെ സേനയെ ഉത്സാഹിപ്പിക്കാൻവേണ്ടി ചക്രവൎത്തികൾ പല വിനോദങ്ങൾ നടത്തി, സമ്മാനങ്ങളും മറ്റും നൽകി. അതുകൊണ്ടൊന്നും ഫലം ഉണ്ടായില്ല. മ്ലേച്ഛന്മാർ എന്നു് പുച്ഛിച്ചു വെച്ചിരുന്നവർ ക്രമേണ പ്രബലന്മാരും, സാക്ഷാൽ റോമന്മാർ അധഃപതിതരുമായി. പ്രാന്തരാജ്യങ്ങളിലുള്ളവരായിരുന്നു ഈ മ്ലേച്ഛന്മാർ. അകലെ കിടന്ന സംസ്ഥാനങ്ങളെ രക്ഷിക്കാൻ കഴിയാത്തതു പോകട്ടെ; റോമാനഗരംപോലും രക്ഷിക്കുന്നതിനു് റോ

മന്മാക്ക് തരമില്ലെന്നായപ്പോഠം, തലസ്ഥാനംതന്നെ അവിടെനിന്ന് കിഴക്കൻനാട്ടിലേക്ക മാററി. അഗസ്റ്റസ്സ് സീസരുടെ കാലം കഴിഞ്ഞു മുന്നൂറു കൊല്ലമായപ്പോഠം, കാൺസ്റ്റൺടൈൻ ചക്രവത്തിയാണ് റോമിൽനിന്ന് ബൈസാൻറിയം എന്നു പറയുന്ന സ്ഥലത്തേക്ക് തലസ്ഥാനം മാററിയതു്. ഈ സ്ഥലം മധ്യാണ്ണവത്തിന്റേയും കരിങ്കടലിൻേറയും സംഗമമായ ബാസ്പറസ്സ് കടലിടുക്കിൻെറ തീരത്തായിരുന്നു. അവിടെ ഒരു വലിയ നഗരമുണ്ടാക്കി. സ്വനാമധേയസ്മാരകമായി കാൺസ്റ്റാന്റിനോപ്പിഠം എന്നു പേരും കൊടുത്തു. അതിനെ ഏഷ്യയിലുള്ള ജനങ്ങഠം ഇന്നും പുതുറോമാനഗരം എന്നാണു വിളിക്കുന്നതു്.

രണ്ടു് മഹാഭൂഖണ്ഡങ്ങളുടെ, അതായതു് ഏഷ്യയുടേയും യൂറോപ്പിന്റേയും, പടിവാതുക്കൽഇരുന്ന കാൺസ്റ്റാന്റിനോപ്പിഠം, പണ്ടുപണ്ടേ രണ്ടു ഖണ്ഡങ്ങളിലും തമ്മിൽ നടന്ന കച്ചോടത്തിനു പെരുവഴി ആയിരുന്നു. കരവഴിയായും കടൽവഴിയായും അനവധി വ്യാപാരം അവിടെ നടന്നു. അതുകൊണ്ടു് ചക്രവത്തി തിരഞ്ഞെടുത്ത സ്ഥലം തലസ്ഥാനത്തിന് യുക്തം ആയിരുന്നു. റോമാനഗരം ഏഷ്യാസംസ്ഥാനങ്ങളിൽനിന്ന് അകലെ ആയിരുന്നതുപോലെ, കാൺസ്റ്റാന്റിനോപ്പിഠം, ബ്രിട്ടൻഗാഠം മുതലായ കീഴ് സംസ്ഥാനങ്ങളിൽനിന്ന് ദൂരത്തായിപ്പോയി. അക്കാരണത്താൽ റോമിൽ ഒരു ചക്രവത്തിയും കാൺസ്റ്റാന്റിനോപ്പിളിൽ ഒരു ചക്രവത്തിയും ഇങ്ങനെ റോമാസാമ്രാജ്യം ഇരുചക്രവത്തികളാൽ ഭരിക്കപ്പെടാൻ ഇടയായി. അവയ്ക്കു് പാശ്ചാത്യസാമ്രാജ്യമെന്നും പൗരസ്ത്യസാമ്രാജ്യം എന്നും പേരും വീണു. ഭാഗം പിരിഞ്ഞശേഷം പാശ്ചാത്യസാമ്രാജം ഏറെ നാഠം നിന്നില്ല. ജമ്മനി നാട്ടുകാരായിരുന്ന ഗാത്തുകളെന്നും വാന്ദല്ലുകളെന്നും ഹൂണന്മാരെന്നും പേർ പറഞ്ഞുവന്ന

മ്ലേച്ഛവൎഗ്ഗക്കാർ റോമാനഗരം നശിപ്പിച്ചു. ഹൂണവൎഗ്ഗങ്ങൾ കയറി ബാധിച്ചതോടുകൂടി പാശ്ചാത്യസാമ്രാജ്യം ഉടഞ്ഞു. പൌരസ്ത്യസാമ്രാജ്യത്തിന് അറബികളുടേയും തുരുഷ്കരുടേയും ബാധ ധാരാളം ഉണ്ടായിരുന്നിട്ടും ഏറിയ ശതവൎഷം, അതായത് ആയിരത്തിന്മേൽ വൎഷം നിലനിന്നു. ഒടുവിൽ എ. ഡി: ൧൪൫൩-ൽ ആണ്, ഓസ്മാലികൾ, എന്നു വെച്ചാൽ ഓട്ടോമാൻതുൎക്കികൾ, കാൺസ്റ്റാൻറിനോപ്പിൾ പിടിച്ചതു്. ആ പട്ടണത്തിന് അവർ ഇസ്താംബൂൾ എന്നു പേർ കൊടുത്തു. അക്കഥ എല്ലാം മേൽ പറയാം.

കാൺസ്റ്റൻറൈൻ ചക്രവൎത്തി മറെറാരു വൻകാൎയ്യം ചെയ്തതു്, ക്രിസ്തുമതം സ്വയമേ സ്വീകരിച്ചതും, അതിനെ രാജ്യത്തിലെ മതമാക്കിയതും ആകുന്നു. റോമന്മാർ ആദ്യം നിഷിദ്ധമാക്കി ദ്രോഹിച്ചുവന്ന മതത്തെ അവർതന്നെ കൈക്കൊണ്ടതു് ഒരു അത്ഭുതമാണു്. ഈ മതഭേദംകൊണ്ടു് ആദ്യം വലിയ ഗുണം ഒന്നും ഉണ്ടായില്ല. ക്രിസ്ത്യാനികളിൽ പല കക്ഷികളുണ്ടായി തമ്മിൽ കലഹങ്ങൾ തുടൎന്നുനടന്നു. ഒടുവിൽ ഈ ആഭ്യന്തരകലഹം മൂത്തു്, രണ്ടു പ്രധാന കക്ഷികളായി തിരിഞ്ഞു, ലത്തീൻ കക്ഷിയും ഗ്രീക്കു് കക്ഷിയും. ലത്തീൻകക്ഷിക്കാർ റോമിലെ ബിഷോപ്പിനെ പ്രമാണിയാക്കി റോമാനഗരത്തിൽ താവളം ഉറപ്പിച്ചു. ഗ്രീക്കുകക്ഷിക്കാർ കാൺസ്റ്റാൻറിനോപ്പിൾ തലസ്ഥാനമാക്കി. യൂറോപ്പുഖണ്ഡത്തിന്റെ വടക്കും പടിഞ്ഞാറുമുള്ള പ്രദേശങ്ങളിൽ ലത്തീൻകക്ഷികൾ വ്യാപിച്ചു് റോമൻകത്തോലിക്കരായും, ഗ്രീക്കുകക്ഷികൾ കിഴക്കൻ നാടുകളിൽ വ്യാപിച്ചു് പരിശുദ്ധ (ആൎത്തഡാക്സ്) ക്രിസ്ത്യാനികളായും തീൎന്നു. പരിശുദ്ധക്രിസ്ത്യാനികൾ പൌരസ്ത്യറോമാസാമ്രാജ്യത്തിന്റെ അധഃപതനത്തിനുശേഷം

റഷ്യയിൽ വ്യാപിച്ചതും അവിടെനിന്നു ബഹിഷ്കൃതരായതും എല്ലാം നവീനചരിത്രമാണ്. അതു പിന്നെ പറയാം.

പൌരസ്ത്യറോമാസാമ്രാജ്യത്തിനു് റോമുമായി ബന്ധമൊന്നും ഇല്ലായിരുന്നു. ഭാഷപോലും ലത്തീനല്ല, ഗ്രീക്കായിരുന്നു. എന്നിട്ടും 'റോമാ' എന്നുള്ള പേർക്രൂടി ചേർത്തുവെച്ചതു നോക്കുമ്പോൾ, ആ പേരിന് എന്തുമാത്രം മാഹാത്മ്യം കല്പിച്ചിരുന്നു എന്ന് ഊഹിക്കാം. മ്ലേച്ഛരായി വന്നു് കൊള്ളയിട്ട വർഗ്ഗക്കാർപോലും ആ പേരിനെ വണങ്ങി. പെരുമാക്കന്മാരുടെ കാലം കഴിഞ്ഞിട്ട് എത്രയോ ശതവർഷങ്ങളായിട്ടും, നമ്മുടെ പൊന്നുതമ്പുരാനെ കുലശേഖരപ്പെരുമാൾ എന്ന് വിളിക്കുന്നില്ലേ? മ്ലേച്ഛജാതികൾ സ്വാധീനമാക്കി എത്രനാൾ കഴിഞ്ഞതിനുമേലും, പൌരസ്ത്യറോമാചക്രവർത്തി പാശ്ചാത്യറോമാസാമ്രാജ്യത്തിന്റെ മേൽകോയ്മസ്ഥാനം ഉണ്ടെന്നു നടിച്ചുവന്നു.

റോമാനഗരത്തിനു് ഉണ്ടായിരുന്ന രാഷ്ട്രീയമാഹാത്മ്യം കെട്ടുപോയെങ്കിലും, അചിരേണ വൈദികമാഹാത്മ്യം അതിനു സിദ്ധമായി. റോമാസാമ്രാജ്യം 'വിശുദ്ധറോമാസാമ്രാജ്യ'മായി. ജീസസ്സിന്റെ ശിഷ്യനായിരുന്ന പീററർ, റോമിൽവന്നു് ആദ്യത്തെ ബിഷോപ്പായി വാണതിനാൽ, ക്രസ്ത്യാനികൾക്കു് റോമാപ്പള്ളി ഇടവകയോടു് മററുള്ള ഇടവകകളെ അപേക്ഷിച്ച് ഒരു പ്രത്യേകാഭിമാനം ഉണ്ടായി. ചക്രവർത്തി കിഴക്കു് കാൺസ്റ്റാൻറിനോപ്പിളിൽ തലസ്ഥാനം ഉറപ്പിച്ചു കഴിഞ്ഞപ്പോൾ, റോമാ ബിഷോപ്പിനു് പ്രാധാന്യം സിദ്ധിച്ചു. പുണ്യവാളനായ പീററിന്റെസ്ഥാനത്തു് ഇരുന്നതിനാൽ എല്ലാവരും അദ്ദേഹത്തെ ബഹുമാനിച്ചു. ഇരുന്നുകൊണ്ടു് കാൽ നീട്ടി, റോമാബിഷപ്പു്, 'പോപ്പു്' അല്ലെങ്കിൽ 'മാർപാപ്പ' എന്ന മഹാസ്ഥാനം ക്രമേണ കൈ-

ക്കൊണ്ടു്, റോമൻകത്തോലിക്കരുടെ മഹാപുരോഹിതനായി, പള്ളികൾക്കും ഇടവകകൾക്കും എല്ലാം മേൽക്കോയ്മപ്പട്ടം കൈവശപ്പെടുത്തി. ഇന്നും ആ സ്ഥാനം നിലനിൽക്കുന്നുണ്ടു്. കുറേക്കാലം റോമാബിഷോപ്പന്മാർ കാൺസ്റ്റാന്റിനോപ്പിളിലെ ചക്രവത്തിയുടെആധിപത്യത്തെ അനുവത്തിച്ചിരുന്നു. ശക്തിയും സ്വാധീനവും ഏറുകയും, 'ബിംബാരാധനത്തെക്കുറിച്ച് തക്കപ്പെടുകയും ചെയ്യപ്പോൾ, മാർപാപ്പ ചക്രവത്തിയുടെ അധികാരത്തെ നിഷേധിച്ചു. പാശ്ചാത്യക്രൈസ്തവാനികൾ ബിംബാരാധകരും പൌരസ്ത്യർ അതിനു് വിരോധികളും ആയി പിരിഞ്ഞു.

അക്കാലമായപ്പോഴേക്കു് ഇസ്ലാംമതം ഉണ്ടായി. അറബികൾ ആഫ്രിക്കാമഹാഖണ്ഡത്തിൻെറ വടക്കൻ പ്രദേശങ്ങളും സ്പെയിൻരാജ്യവും കൈവശപ്പെടുത്തി പ്രബലന്മാരായി. യൂറോപ്പുഖണ്ഡത്തിൽ വടക്കും പടിഞ്ഞാറും സ്വതന്ത്രരാജ്യങ്ങൾ ഉണ്ടായിത്തുടങ്ങി. റോമിൽ അറബികളുടെ ആക്രമണം സഹിക്കാൻ പാടില്ലാതെ ആയി. അപ്പോൾ മാർപാപ്പ പരന്തരീസ്വഗ്ഗക്കാരൽ കേമനായ കാറൽ അഥവാ ചാറൽസ് എന്ന പ്രമാണിയെറോമിൽവരുത്തി ചക്രവത്തിയായി അഭിഷേകംചെയ്തു. ഇദ്ദേഹമാണു് പ്രസിദ്ധനായ ചാർല്ലിമെയിൻ. ഈ പുതിയ സാമ്രാജ്യം മാർപാപ്പയാൽ അഭിഷിക്തനായ ചക്രവത്തിയാൽ പരിപാലിതമാകയാൽ, "വിശുദ്ധറോമാസാമ്രാജ്യ"മെന്നു് പ്രസിദ്ധവുമായി. പക്ഷേ അതു വിശുദ്ധവുമല്ലായിരുന്നു, പുരാതന റോമാസാമ്രാജ്യത്തിൻെറ പിൻതുടർച്ചയുമല്ലായിരുന്നു. കേവലം ഒരു ക്രിസ്ത്യൻ സംസ്ഥാനം; മാർപ്പാപ്പ അതിൻെറ കമ്പാരി (God-father), എന്നുവെച്ചാൽ പരിശുദ്ധപിതാവു്. മദ്ധ്യേഷ്യയിൽ ഉണ്ടായിരുന്ന പണ്ടത്തേ മ്ലേച്ഛരിൽ ഉൾപ്പെട്ട ഒരു പരന്തിരീസുകാരൻ, റോമൻസീസർസ്ഥാനം കൈ-

ക്കൊണ്ടതു് ആലോചിക്കുമ്പോൾ, പഴയപേരിന്റെ മാഹാത്മ്യം എത്രയുണ്ടെന്നറിയണം. മ്ലേച്ഛൻ വിശുദ്ധനായതും ആശ്ചര്യംതന്നെ. നേരേമറിച്ചു്, പൗരസ്ത്യസാമ്രാജ്യം വാസ്തവത്തിൽ സാമ്രാജ്യം ആയിരുന്നു. പാശ്ചാത്യസാമ്രാജ്യത്തിനാകട്ടെ, ഔപചാരികമായി ആ പേർ പറഞ്ഞുവന്നു എന്നല്ലാതെ, സത്യത്തിൽ കത്തോലിക്കാ മതത്തിന്റെ പ്രചാരത്തിനു പര്യായമായിരുന്നു. സാമ്രാജ്യശബ്ദം അതിനു് കേവലം മിഥ്യയായിരുന്നു. അതു് ഒരു ഭാവന മാത്രം. എങ്കിലും സ്വപ്നപ്രായമായ ഈ സാമ്രാജ്യം പിന്നീടു് ആയിരം കൊല്ലത്തോളം പേർ മുഴക്കി.

റോമൻസംസ്കാരം ഗ്രീക്കുസംസ്കാരത്തെക്കാൾ എത്രയോ തുച്ഛമായിരുന്നു. ഒരു സംഗതിയിൽ മാത്രം റോമന്മാർക്കു് വമ്പു നൽകിവരുന്നുണ്ടു്, അതായതു്, നിയമശാസ്ത്രപാരംഗത്യം. യൂറോപ്പിലുള്ള നിയമങ്ങൾക്കെല്ലാം അടിസ്ഥാനം റോമൻലാ ആണത്രേ! ഇന്നും നിയമവിദ്യാർത്ഥികൾ അതുകൊണ്ടു് റോമൻലാ പഠിക്കണമെന്നു് നിർബ്ബന്ധമുണ്ടു്.

---

## ഇരുപത്തിഒന്നാം അദ്ധ്യായം

### പാരസീകസംസ്ഥാനം

റോമാസാമ്രാജ്യത്തിന്റെ കഥ പറഞ്ഞു് നാം അധികം കാതം കടന്നുപോയി. അതിനിടെ ഏഷ്യയിൽ പല കോലാഹലങ്ങളും ഉണ്ടായതു് കാണണമെങ്കിൽ കുറെ പിന്നോക്കം നടക്കണം. റോമാസാമ്രാജ്യമാകുമ്മുമ്പെ സേനാധിപന്മാർ പല നാട്ടുകളും പിടിക്കാൻ പുറപ്പെട്ട കൂട്ടത്തിൽ ഏഷ്യയിൽ കയറി മെസപ്പൊട്ടേ-

മിയവരെ വന്നു്, പാൎത്തിയന്മാരുടെ പക്കൽനിന്നു് തോൽവി ഏററു തിരികെ പോയ വിവരം മുമ്പു് പറഞ്ഞിട്ടുണ്ടു്. പാൎത്തിയന്മാർ മദ്ധ്യേഷ്യാധിവാസികളായ ഒരു വൎഗ്ഗക്കാരായിരുന്നു. ദിഗ്വിജയം കഴിഞ്ഞതു് അലക്സാണ്ടർ കാലധൎമ്മം പ്രാപിച്ചപ്പോൾ, അദ്ദേഹത്തിന്റെ പ്രധാന സേനാനായകനായിരുന്ന സെല്യൂക്കസ് സിന്ധു മുതൽ ചിന്നേഷ്യവരെ ഉള്ള ഭൂഭാഗത്തിനു് അധിപനായിത്തീൎന്നു. സെല്യൂക്കസ്സിന്റെ വംശക്കാർ മൂന്നുറു കൊല്ലത്തോളം ആ പ്രദേശം ഭരിച്ചു. അപ്പോഴാണു് പാൎത്തിയൻവൎഗ്ഗക്കാർ മുതിൎന്നതു്. അവർ അവിടം ജയിച്ചു് പാൎത്തീയസംസ്ഥാനമാക്കി. അവരാണു് റോമന്മാരെ തോല്പിച്ചതു്. രണ്ടര ശതവർഷം പാൎത്തിയന്മാർ പ്രബലന്മാരായിരുന്നു. പാൎത്തിയാദേശത്തെയാണു പാരസീകമെന്നും പൎസ്യ എന്നും പിന്നീട്ടു് വിളിച്ചുവരുന്നതു്. പാൎത്തിയാരാജവംശത്തിനു് അരശകിദവംശം എന്നാണു പേർ. കിഴക്കു് അവരുടെ സാമ്രാജ്യവും, പടിഞ്ഞാറു് റോമാസാമ്രാജ്യവും, മദ്ധ്യത്തിൽ ആൎമ്മീനിയാവും സിറിയാവും ആയിരുന്നു. ഇരുകൂട്ടരും മദ്ധ്യേ കിടന്ന രാജ്യങ്ങളെ പിടിക്കയും കൈവിടുകയും ചെയ്തുവരികയാൽ ആ നാട്ടുകൾക്കു് ഒരിക്കലും സ്വൈരമില്ലായിരുന്നു. എ. ഡി. ൨൨൬-ൽ ഒരു ആഭ്യന്തരകലഹം ഉണ്ടായതിൽ അരശകിദവംശം തുലഞ്ഞു. പ്രബലതരന്മാരും സ്വരാജ്യാഭിമാനത്തിൽ ദൃഢവ്രതരും ആയിരുന്ന ശാസ്സനീദവംശക്കാർ ആൎദ്ദാഷീർ ഒന്നാമൻ എന്നയാളെ രാജാവാക്കി വാഴിച്ചു. ആൎദ്ദാഷീറിന്റെ സംസ്ഥാനത്തിനും, ഒരു ശതവർഷാനന്തരം കാൺസ്റ്റന്റൈൻ സ്ഥാപിച്ച പൌരസ്ത്യറോമാസാമ്രാജ്യത്തിനും തമ്മിൽ ഒരു പൊരുത്തമുണ്ടു്. രണ്ടും മതാധിപത്യത്തിൽ പ്രതിഷ്ഠിതങ്ങളായിരുന്നു. പുരാതന പാരസീകമതമായി സോറോആസ്റ്റർ ഉപന്യസിച്ച പാർ-

സിമതവും, ദേവാലയങ്ങളും, പുരോഹിതരും; അഗ്ന്യാ-രാധനതന്ത്രങ്ങളും, ആർദ്ദാഷീർ സ്വരാജ്യത്തിൽ ഏൎപ്പെടുത്തി, സകലജനങ്ങളും അനുഷ്ഠിച്ചുകൊള്ളണമെന്ന് നിർബന്ധിച്ചു. ക്രിസ്ത്യാനികളെ ഉപദ്രവിച്ചു. എ. ഡി ൨൭൬-ൽ മണി എന്നു പേരായ ഒരു വിദ്വാൻ ഒരു പുതുമതം പ്രചരിപ്പിച്ചു എന്നുള്ള കുററത്തിന് കുരിശിൽ തറയ്ക്കപ്പെട്ടതുകൂടാതെ, അയാളുടെ ദേഹത്തിലെ തൊലി ഉരിക്കയും ചെയ്യപ്പെട്ടു. അയാളുടെ അനുയായികളായ മണിക്കിയന്മാരെ ക്രിസ്ത്യാനികൾ നശിപ്പിച്ചു. റോമന്മാരും ഇതരമതാസഹിഷ്ണുക്കളായി വാമതസ്ഥരെ അതിയായി ദ്രോഹിച്ചുവന്നു. ശാസ്സനീദരാജാക്കന്മാരും റോമൻചക്രവൎത്തികളും എന്നും തമ്മിൽ കലഹമായിരുന്നു. റോമൻചക്രവൎത്തിയായ വലേറിയനെ പാരസീകരാജാവ് പിടിച്ചുകെട്ടിക്കൊണ്ടുവന്നു. പലപ്പോഴും പാരസീകസേന കോൺസ്റ്റാന്റിനോപ്പിളിന്റെ പടിവാതുക്കലോളം കടന്നുചെന്നിട്ടുണ്ട്.

ആർദ്ദാഷീറിന്റെ പിൻഗാമി ആയിരുന്ന ശാർപ്പൂർ ഒന്നാമൻ അന്തോക്കിയാദേശം പിടിച്ചു. അയാൾ സ്വരാജ്യത്തിലേക്ക് തിരിച്ചുവരവെ, പല്മയറാ എന്ന നഗരത്തിലെ അറബിരാജാവായിരുന്ന ഓദനാത്തൂസ്സിനാൽ ഹതനായി. ഓദനാത്തൂസ്സ് മരിച്ചപ്പോൾ അയാളുടെ വിധവ സിനോബിയാ എന്ന രാജ്ഞി ഭരണം നടത്തി. ഈ രാജ്ഞിയെ ഒൗറീലിയൻ എന്ന റോമൻ ചക്രവൎത്തി എ. ഡി. ൨൭൨ ൽ ജയിച്ച് ചങ്ങലകൊണ്ട് പൂട്ടി റോമാനഗരത്തിലെ തെരുവുകളിൽക്കൂടി ജയഭേരിയാത്രയിൽ വലിച്ചിഴച്ചു! കഷ്ടം!

ക്രിസ്തുമതത്തെ പൌരസ്ത്യറോമാസാമ്രാജ്യവും, പാർസിമതത്തെ പാരസീകസാമ്രാജ്യവും ബലമായി താങ്ങി പരസ്പരം കലഹിച്ചുവരവേ, എ. ഡി. ൪൩൩-ൽ

ക്രിസ്ത്യാനികൾ രണ്ടായി പിരിഞ്ഞു. നെസ്റ്റോറിയൻ-കക്ഷിക്കാർ ഗ്രീക്കക്രിസ്ത്യൻ സമുദായത്തിലെ ബിഷോപ്പുകളുടെ അധികാരത്തെ ധിക്കരിച്ചു. അന്നുമുതൽ ക്രൈസ്തവർ രാജദ്രോഹികളല്ലെന്നു കണ്ടു് പാരസീകർ അവരെ പർസ്യയിൽ പാർത്തുകൊള്ളാൻ അനുവദിച്ചു.

കസ്രു ഒന്നാമന്റെ (എ. ഡി. ൫൩൧—൫൭൯) കാലത്തായിരുന്നു ശാസ്സനീദവംശക്കാരുടെ ശുക്രദശ. അദ്ദേഹം ജസ്റ്റിനിയൻ എന്ന റോമൻചക്രവർത്തിയുടെ സമകാലീനനായിരുന്നു. ജസ്റ്റിനിയന്റെ കഥ പിന്നെ പറയാം. കസ്രു അറബിരാജ്യം, തുർക്കിസ്ഥാനം, മുതലായി പല ദേശങ്ങളും പിടിച്ചു് സാമ്രാജ്യം വർദ്ധിപ്പിച്ചു്, ജസ്റ്റീനിയൻചക്രവർത്തിയുമായി യുദ്ധം നടത്തി. ഗ്രീക്കതത്വജ്ഞാനികളും വിദ്വാരും കാൺസ്റ്റാൻറിനോപ്പിൾ വിട്ടു് കസ്രുവിന്റെ രാജധാനിയെ അഭയം പ്രാപിക്കത്തക്ക പരിഷ്കാരം അന്നു പാരസീകസാമ്രാജ്യത്തിനു് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പിൻവാണ കസ്രു രണ്ടാമനും രാജ്യത്തെ വിസ്തൃതമാക്കി. അന്തോക്കിയ, ഡമാസ്കസ്, യെരുശലേം മുതലായ സ്ഥലങ്ങൾ പിടിച്ചു്, തെസിഫാൺനഗരത്തിൽ തലസ്ഥാനം ഉറപ്പിച്ചു. ക്രിസ്തുവിനെ തറച്ച സാക്ഷാൽ കുരിശു് അദ്ദേഹം യരുശലേത്തുനിന്നു് അവിടെ കൊണ്ടുവന്നതായി വദന്തി ഉണ്ടു്. ആ സംഗതിയെപ്പററി വാദമില്ലാതില്ല. പിന്നെ ഈജിപ്ററുരാജ്യം പിടിച്ചു. ഒടുവിൽ ഹിറാക്ലിയസ് എന്ന റോമൻചക്രവർത്തി, ൬൨൭-ൽ നിനവേ എന്ന സ്ഥലത്തുവെച്ചു് പാരസീകസേനയെ തോല്പിച്ചു. അടുത്ത വർഷം കസ്രു രണ്ടാമൻ മകനാൽ വധിക്കപ്പെട്ടു. അന്നുമുതൽ ശാസ്സനീദവംശം ക്ഷയിച്ചു.

കസ്രു രണ്ടാമന്റെ കാലത്തു് ഇസ്ലാംമതം ഉദിച്ച കഥ മറെറാരു അദ്ധ്യായത്തിൽ പ്രസ്താവിക്കാം.

ഹിറാക്ലിയസ്സ് ചക്രവത്തി, കസ്രു, രണ്ടാമൻ നശിപ്പിച്ച സിറിയാസംസ്ഥാനത്തിലെ കഴപ്പങ്ങൾ തീത്തുകൊണ്ടിരിക്കമ്പോഴാണ്, അറബിഭാഷയിൽ ഒരു സന്ദേശം ഡമാസ്കസ്പട്ടണത്തിന്ന് തെക്കുള്ള വനാന്തരപ്രദേശത്തിൽനിന്ന് ലഭിച്ചത്. ദേവദൂതനായ മഹാമത്തിൻെറ സന്ദേശമായിരുന്നു അത്. സത്യസ്വരൂപനായ ഏകദൈവത്തെ വിശ്വസിക്ക, ആരാധിക്കുക, എന്നായിരുന്നു ആ സന്ദേശം. പാരസീക രാജാവിന്നും ഇതുപോലെ ഒരു സന്ദേശം ലഭിച്ചു. അന്ന് പാരസീകം ഭരിച്ചിരുന്നത് കസ്രു രണ്ടാമൻെറ മകനും ഘാതകനുമായ കവധൻ ആയിരുന്നു. അദ്ദേഹം ആ സന്ദേശത്തെ വലിച്ചുകീറി ദൂതൻെറ മുഖത്തുതന്നെ എറിഞ്ഞുകൊടുത്തു. പിന്നെ ഏറെ നാൾ വേണ്ടിവന്നില്ല ശാസ്സനിദവംശം കെടാൻ. "ദൈവമേ! രാജ്യത്തിന്ന് കവധനിൽനിന്ന് മോക്ഷം നൽകണേ" എന്നുള്ള പ്രാത്ഥന, വൃത്തികെട്ട ചെറുപട്ടണമായിരുന്ന മദീനയിൽ അന്ന് ഉദിച്ചത് അചിരേണ പരന്നു. ഇസ്ലമിങ്ങളാൽ ശാസ്സനിദവംശം നാമാവശേഷിതമായി. അന്ന് ശിക്ഷയെ ഭയന്ന് ഓടിയ പാരസീകർ ഇൻഡ്യാസംസ്ഥാനത്തിൽ വന്ന് അഭയം പ്രാപിച്ചു. അവരുടെ സന്താനങ്ങൾ ഇന്നും ഭാരതഭൂമിയെ അധിവസിക്കുന്നു. ഭാരതമാതാവ് ഏതെല്ലാം ജാതിക്കാക്കും മതക്കാക്കും ആശ്രയം നൽകീട്ടില്ല!

സിറിയാ ഇക്കാലത്ത് ഒരു അഭിവൃദ്ധമായ പ്രദേശമായിരുന്നു. അവിടം റോമൻസാമ്രാട്ടുകളുടേയും പാരസീകസാമ്രാട്ടുകളുടേയും യുദ്ധരംഗമായിത്തീരുകയാൽ ക്രമേണ ക്ഷയം പ്രാപിച്ച് കാടായിത്തീൎന്നു. അവിടെ പല്മയറാ എന്നൊരു ചെറുരാജ്യം ഉണ്ടായിരുന്നതിൽ രാജ്ഞിയായിരുന്ന സിനോബിയയെ റോമൻചക്രവത്തി പിടിച്ചുകെട്ടിക്കൊണ്ടുപോയ കഥ മുമ്പു പറഞ്ഞിട്ടുണ്ട-

ല്ലോ. അവിടെയും ബാൽബക്ക് എന്ന സ്ഥലത്തും അനവധി പുരാതനപരിഷ്കാരലക്ഷ്യങ്ങൾ ഇന്ന് കുഴിച്ചെടുക്കുന്നുണ്ട്. പണ്ടത്തെ കച്ചോടപ്പെരുവഴി ആയിരുന്നു ആ പ്രദേശം.

---

# ഇരുപത്തിരണ്ടാം അദ്ധ്യായം

---

## തെന്നിൻഡ്യയുടെ അധിവാസഭൂമികൾ

ഇൻഡ്യാസംസ്ഥാനം ഹിമവൽസേതുപര്യന്തമാണെന്ന് എല്ലാവർക്കും അറിയാം. ഉത്തരേൻഡ്യ സമുദ്രബന്ധമില്ലാത്തതാണെങ്കിലും, മദ്ധ്യേൻഡ്യയും തെന്നിൻഡ്യയും സമുദ്രത്തിലേക്ക് ഉന്തിനിന്ന് കന്യാകുമാരിയിലേക്ക് ഒരു മുനമ്പായി നീണ്ടുനില്ക്കുന്നു എന്ന് പടം നോക്കിയാൽ ആർക്കും മനസ്സിലാക്കാം. അതുകൊണ്ടാണ് ഇൻഡ്യ ഒരു ഉപദ്വീപാണെന്നു പറയുന്നത്. നാം ഇതുവരെ ഉത്തരേൻഡ്യയിൽ കിടന്ന് കളിച്ചതേ ഉള്ളു. അവിടെ കുശാനസാമ്രാജ്യം വർദ്ധമാനമായിരുന്നതും, ദക്ഷിണാപഥത്തിൽ ആന്ധ്രസംസ്ഥാനം ഉദിച്ചതുംമററും നാം കണ്ടുവല്ലോ. ഏകദേശം ഒരു മുന്നൂറുകൊല്ലം ഈ രണ്ടു സംസ്ഥാനങ്ങളും വിളങ്ങി. പിന്നീട് അവ ക്ഷയിച്ച് ചെറുരാജ്യങ്ങളായി പിരിഞ്ഞു. പിന്നെ ഒരു നൂററാണ്ടു കഴിഞ്ഞപ്പോഴാണ് പാടലീപുത്രത്തിൽ ചന്ദ്രഗുപ്തൻ എന്നൊരു വമ്പൻ ഉണ്ടായി ഗുപ്തസാമ്രാജ്യം സ്ഥാപിച്ചതു്. അതു് പിന്നെ പറയാം. അതിനിടയിൽ തെന്നിൻഡ്യയിൽ ഉൽഗതിയെ പ്രാപിച്ച ദ്രമിളസമുദായം ഹൈന്ദവകലകളേയും സംസ്കാരത്തേയും പോഷിപ്പിച്ച് കിഴക്കൻദ്വീപുകളിൽ സാംക്രമിപ്പിച്ചു. സമുദ്രോ-

ഖണ്ഡങ്ങളിൽ പാർത്തിരുന്ന ഇവർ സാമുദ്രികരായിത്തീ-
ന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. ഓടങ്ങളും മരക്ക-
ലങ്ങളും തീർക്കയും പായ്ക്കപ്പലുകളുണ്ടാക്കി അടുത്ത് കിടന്ന
സിംഹളം, മലയ, സുമാത്ര, ജാവ, ബോർണ്ണിയോ, കം-
ബോഡിയ മുതലായ ദ്വീപങ്ങളിൽ പോയി അധിവസി-
ച്ച് അവിടെ വ്യാപാരങ്ങൾ നടത്തുകയും, ക്ഷേത്രങ്ങൾ
നിർമ്മിക്കയും, കുടിപാർപ്പുസ്ഥലങ്ങളും കെട്ടിടങ്ങളും തീ-
ർക്കയും, ഹിന്ദുമതത്തെ ആദ്യവും പിന്നീട് ബുദ്ധമതത്തെ-
യും പ്രചരിപ്പിക്കയും, ക്രമേണ നാട്ടുകാരുമായി കലർന്ന്
സന്താനങ്ങളെ സൃഷ്ടിക്കയും ചെയ്തു, ഈ ദ്വീപങ്ങളെ
ഭാരതഭൂമി പെററ മക്കളെന്നപോലെ ബന്ധുക്കളായി
സാമ്രാജ്യസ്ഥാപനം ചെയ്ത കഥ ഏററവും രസാവഹ-
മാകുന്നു. കപ്പലോട്ടത്തിലും സമുദ്രസഞ്ചാരത്തിലും ക്രിസ്തു-
വർഷത്തിന്റെ ആദികാലത്തുപോലും വിരുതരായിരുന്ന
ഭാരതീയർ പിന്നീട് സമുദ്രലംഘനം നിഷിദ്ധമായികല്പി-
ച്ച് വിരമിച്ചത്, കടൽ കണ്ടിട്ടില്ലാത്ത ഉത്തരദേശീയ-
രുടെ ആഭിജാത്യഭ്രമത്തിൽ അകപ്പെട്ടുപോയിട്ടായിരി-
ക്കണമെന്ന് ശങ്കിക്കാൻ ന്യായമുണ്ട്. ചന്ദ്രഗുപ്തമൌര്യന്റെ
മന്ത്രിയായിരുന്ന ചാണക്യൻ അർത്ഥശാസ്ത്രമെന്ന ഗ്രന്ഥ-
ത്തിൽ നാവികസേനയെപ്പററി പറഞ്ഞിട്ടുണ്ട്. ആ-
സാമ്രാട്ടിന്റെ രാജധാനിയിൽ രാജദൂതനായി വന്ന മെ-
ഗസ്തനീസ് അതിനെപ്പററി പ്രസ്താവിച്ചിട്ടുണ്ട്. അതു-
കൊണ്ട് അക്കാലത്തു സമുദ്രയാനസൃഷ്ടിയിൽ വിരുത്
സമ്പാദിച്ചവരായിരുന്നു ഭാരതീയർ എന്ന് ഊഹിക്കാം.
തെന്നിൻഡ്യയിൽനിന്നു പല ചരക്കുകളും ഈജിപ്ററ്,
ഗ്രീസ്, റോം മുതലായ പാശ്ചാത്യദേശങ്ങളിൽ കപ്പൽ
കയററിക്കൊണ്ടുപോയി വ്യാപാരം നടന്നിട്ടുള്ളതായി
റിക്കാർട്ടുകളുണ്ടെന്ന് മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. പല
പഴയ തമിഴ് പാടലുകളിൽ യവനന്മാരെപ്പററി പ്രസ്താ-
വിക്കുന്നുണ്ട്. ഗ്രീക്കുകാരെ ആണ് ആദ്യം യവനന്മാരായി

ഗണിച്ചിരുന്നതു് എങ്കിലും, പിൽക്കാലത്തു് ഏതു് വിദേശക്കാർക്കും ആ സംജ്ഞ നൽകിവന്നു. ക്രിസ്ത്വബ്ദം രണ്ടും മൂന്നും ശതവർഷങ്ങളിലുള്ള ആന്ധ്രനാണയങ്ങളിൽ ഇരുപാക്കപ്പലിന്റെ രൂപം കൊത്തിയിരിക്കുന്നു.

തെന്നിൻഡ്യാക്കാരാണു് സാമുദ്രികവ്യവസായത്തിൽ വിരുതന്മാരായിരുന്നതു്. അവർ കിഴക്കൻദ്വീപുകളിൽ മാത്രമല്ല, ബർമ്മ, സയാം, ഇൻഡൊച്ചീന മുതലായ രാജ്യങ്ങളിലും കുടികയറി. അവിടെ നഗരങ്ങൾക്കും ദേശങ്ങൾക്കും ഇൻഡ്യയിലുള്ള പേരുകൾ കൊടുത്തു. എത്രയോ കാലം കഴിഞ്ഞു് ഇംഗ്ലണ്ടിൽനിന്നു് അമേരിക്കയിൽ കുടിയേറിയവരും അതുപോലെതന്നെയാണല്ലോ ചെയ്തതു്. ആദ്യകാലത്തു് ഇൻഡ്യയിൽനിന്നു് ചെന്നവർ ആ നാട്ടുകാരെ ഉപദ്രവിക്കയും ബലാൽക്കാരമായി അവരുടെപ്രയത്നഫലങ്ങളെ കൈക്കലാക്കുകയുംചെയ്തിരിക്കാം. അതു് ഏതു പ്രബലന്മാരായ കുടിയേററക്കാരും ചെയ്യാവുള്ളതാണു്. ക്രമേണ നാട്ടുജനങ്ങളോട്ട് ഇണങ്ങിയും ബാന്ധവിച്ചും അവർ ഒരു മിശ്രജനവർഗ്ഗമായിത്തീർന്നു. പിന്നീടു ബൗദ്ധന്മാർ വന്നു. അവരും ഹിന്ദുക്കളുമായി മത്സരങ്ങൾ ഉണ്ടായെങ്കിലും രണ്ടുകൂട്ടരും ഒരമ്മ പെററ മക്കളാകകൊണ്ടു് മേൻപോകാൻ ഏറെ നാൾ വേണ്ടിവന്നില്ല. അവർ രാഷ്ട്രങ്ങളെ സൃഷ്ടിക്കയും ഭരിക്കയും വലിയ നഗരങ്ങളും മററു വിശേഷതരങ്ങളായ പണിത്തരങ്ങളും ഉണ്ടാക്കയും ചെയ്തതിന്റെ അവശിഷ്ടങ്ങൾ ഇന്നും കാണ്മാനുണ്ടു്. കാംബോജം, ശ്രീവിജയം, ആങ്കോരം, മതജപഹിതം, അനുരാധപുരം എന്നിങ്ങനെ പല നഗരങ്ങളുടെ ഉച്ഛിഷ്ടങ്ങൾ അവരുടെ മഹിമയെ പുകഴ്ത്തുന്നു. ഈ ദ്വീപങ്ങളിൽ ആയിരത്തിനാനൂറുകൊല്ലത്തോളം ഹിന്ദുക്കളും ബൗദ്ധന്മാരും പ്രാമാണ്യം വഹിച്ചു. ക്രിസ്ത്വബ്ദം പതിനഞ്ചാം ശതവർഷത്തിൽ മഹമ്മദീയർ വന്നുകയറി. താമസിയാതെ പോർത്തുഗീസ്സുകാരായ പറങ്കികളും

ഡച്ചുകാരായ ലന്തക്കാരും ഇംഗ്ലീഷുകാരും അമേരിക്കരും അവിടെ കൈവശപ്പെടുത്തി. ഇതിനിടെ ചീനന്മാരും വെറുതേ ഇരുന്നില്ല. തരം കിട്ടുമ്പോഴെല്ലാം അവരും ഇങ്ങങ്ങിയും പിണങ്ങിയും അധിവസിച്ചും ചീനസംസ്കാരത്തെ പരത്തി.

ഹിന്ദുക്കളിൽ അധിനിവേശസംരംഭം ആദ്യമായി തുടങ്ങിയതു് തെന്നിൻഡ്യാക്കാരായ പല്ലവന്മാരാണ്. ആ തമിഴൻ രാജവംശക്കാർ മലേഷ്യയിൽ ആദ്യമായി പ്രവേശിച്ചു. പിന്നീട്' കച്ചോടം തുടങ്ങി, അനന്തരം കുടികൾ ഉണ്ടാക്കി പാർപ്പിടം ഉറപ്പിച്ചു; പിന്നെ സ്വന്ത രാജ്യമാക്കി. ഉത്തരേൻഡ്യയിൽനിന്നു് ആദ്യം കലിംഗന്മാരും പിന്നീട് വംഗന്മാരും ഗൂർജരന്മാരും കുടിയേറിയതായിക്കാണുന്നു. അഞ്ഞൂറുകൊല്ലം ഹിന്ദുമതം അവിടെ പ്രചരിച്ചു. പിന്നീട് ബുദ്ധമതം വന്നു. തദനന്തരം ഇസ്ലാംമതം പരന്നു. ഇന്നു മലേഷ്യയിൽ ഏതാനും മുസ്ലിമിങ്ങളും ഏതാനും ബുദ്ധമതാനുയായികളുമാണ്. ഉള്ളതു്. രാജ്യങ്ങളും സംസ്ഥാനങ്ങളും അവിടെ ഉണ്ടായി. അവിടെയുള്ള ജനങ്ങൾ ഇൻഡോ ആര്യൻസംസ്കാരത്തിൽ വളർന്നവരാകകൊണ്ടു്. നമ്മോട്ട് ഏററവും അടുപ്പമുള്ളവരാകുന്നു: ചീനത്തെ സംസ്കാരവും അവിടെ ഒട്ടും കുറവല്ല. ഹിന്ദുവും ചീനയും ചേർന്നാൽ എന്തു ഫലമാണെന്നു് അവിടെ കാണാം. ബർമ്മാ, സയാം, ഇൻഡൊചീന എന്നീ സംസ്ഥാനങ്ങളിൽ ഉള്ളവർ മിക്കവാറും ചീനക്കാരുടെ മംഗോളിയൻരൂപം ഉള്ളവരായിക്കാണാം.

ഇൻഡ്യയിലുള്ള പെരുന്തച്ചന്മാർ പണിചെയ്തപല വിശേഷതരങ്ങളായ ബൗദ്ധദേവാലയങ്ങളും ബുദ്ധൻെറ ചരിത്രം മുഴുക്കെ കൊത്തിട്ടുള്ള ശിലകളും പുരാതന ഹിന്ദുകലാമർമ്മങ്ങളേയും രാമണീയകതയേയും വ്യഞ്ജിപ്പിക്കുന്നു. ഹിന്ദുസംസ്കാരം മലയാദ്വീപങ്ങൾക്കപ്പുറം ഫിലിപ്പൈൻ ദ്വീപങ്ങളിലും ഫാർമോസാദ്വീപത്തിലും

കിടന്നിരുന്നതായി കാണുന്നു. ഫ്ിലിപ്പൈൻദ്വീപത്തിലെ തലസ്ഥാനനഗരിയായ മനിലാവിലുള്ള നിയമസഭാഗൃഹത്തിന്റെ ഗോപുരദ്വാരത്തിൽ ഹിന്ദുസ്മൃതികർത്താവായിരുന്ന മനുവിന്റെയും ചീനാതത്വജ്ഞാനിയായിരുന്ന ലിയോത്സിയുടേയും രൂപങ്ങളും ഇംഗ്ലീഷുകാരുടെ നീതിദേവതയുടേയും സ്പെയിൻരാജ്യത്തിന്റെ ധർമ്മദേവതയുടേയും ബിംബങ്ങളും കൊത്തിവെച്ചിരിക്കുന്നു.

ഇന്ന് ഫ്ിലിപ്പൈൻദ്വീപം അമേരിക്കയുടെ ആധിപത്യത്തിൽ ഇരിക്കുന്നു. അചിരേണ ആ നാട്ടുകാൎക്കു സ്വാതന്ത്ര്യം നൽകാമെന്ന് അവർ പ്രതിജ്ഞ ചെയ്തിട്ടുണ്ടു്.

---

# ഇരുപത്തിമൂന്നാം അദ്ധ്യായം

## ഗുപ്തസാമ്രാജ്യം

തെന്നിൻഡ്യാക്കാർ മഹാസമുദ്രങ്ങൾ ലംഘിച്ചു് ദ്വീപാന്തരങ്ങളിൽ മരുശിമകൾ സൃഷ്ടിച്ചുവരവേ; ഉത്തരേൻഡ്യയിൽ കുശാനസാമ്രാജ്യം ക്രമേണ ക്ഷയിച്ചു്, സന്താനങ്ങൾ ചെറുചെറു രാജ്യങ്ങളെ സ്വതന്ത്രമായി ഭരിക്കാൻ തുടങ്ങി. കുശാനന്മാരും മററുള്ളവരും ബുദ്ധമതാനുയായികളായിരുന്നതിനാൽ, ഭാരതഭൂമി അവരെ വിദേശീയരായി ഗണിച്ചില്ല. അതാണു് കുശാനന്മാരെ ആത്മാവത്തും ഇത്ര ഏറിയനാൾ വാഴിച്ചതു്. ആചാരങ്ങളിലും മതത്തിലും മററു നടപടികളിലും അവർ ഭാരതീയരെ അനുകരിച്ചു. വിദേശീയരാണെന്നു് മററുള്ളവൎക്കു തോന്നിക്കാത്തവണ്ണം അവർ നടന്നുവന്നു എങ്കിലും, ക്ഷ-

ത്രിയരാജാക്കൾ അവരെ മ്ലേച്ഛജാതികളായിത്തന്നെ ഗണിച്ചുവന്നു. പ്രാബല്യകാലത്ത് അവരെ കീഴടങ്ങി പാർക്കേണ്ടിവന്നതിൽ ഉണ്ടായ ക്ഷാത്രം ഹൃദയത്തിൽ ഉമിത്തീപോലെ അടങ്ങിക്കിടന്നിരുന്നു. കുശാനാധിപന്മാർ ക്ഷീണദശയെ പ്രാപിച്ചപ്പോൾ ആ വൈരാഗ്നി ക്രമേണ വൃദ്ധമായി. ശരിയായ ഒരു നായകനില്ലാതെ പുറപ്പെട്ടാൽ പ്രയോജനമില്ലെന്നു ക്ഷത്രിയരാജാക്കൾ കരുതിയിരുന്നു.

അങ്ങനെ നോക്കിയിരിക്കുമ്പോൾ പാടലീപുത്രത്തിലെ ഒരു അല്പരാജാധിപനായ ചന്ദ്രഗുപ്തൻ എന്ന രാജാവു്, പ്രബലന്മാരായിരുന്ന ലിച്ഛവിവർഗ്ഗത്തിൽനിന്നു കുമാരിദേവി എന്ന രാജകന്യകയെ വിവാഹംചെയ്തു് ആ സംഘക്കാരുടെ സഖ്യം സമ്പാദിച്ചു. ഈ ചന്ദ്രഗുപ്തനെ അശോകചക്രവർത്തിയുടെ പിതാമഹനായിരുന്ന ചന്ദ്രഗുപ്തമൌര്യനാണെന്നു് മാറിധരിക്കരുത്. നമ്മുടെ കഥ ഇപ്പോൾ ക്രിസ്ത്വബ്ദം നാലാംശതകത്തിലായിരിക്കുന്നു; അതായതു്, ഏ. ഡി. 368—ൽ ആയി; അശോകചക്രവർത്തിയുടെ മരണാനന്തരം 534 കൊല്ലം കഴിഞ്ഞിരിക്കുന്നു.

ഈ ചന്ദ്രഗുപ്തൻ ഭരണസാമർത്ഥ്യവും ധൈര്യവും ഉള്ള രാജാവായിരുന്നതു മാത്രമല്ല, ഉൽഗതിക്കു മോഹം ഏറെയുള്ള ആളുമായിരുന്നു. നായകത്വം വഹിക്കാനുള്ള ശേഷിയും തഞ്ചവും ബന്ധുബലവും ഉണ്ടായിരുന്നതിനാനാൽ, വിദേശീയമ്ലേച്ഛരെ ആര്യാവർത്തത്തിൽനിന്നു് ഓടിച്ചു്, അവിടം പണ്ടേപ്പോലെ പുണ്യഭൂമിയാക്കാൻ ഹിന്ദുക്കൾ അദ്ദേഹത്തെ നായകനാക്കി ഒരു പുണ്യസമരം ആരംഭിച്ചു. ഏറിയ കാലമായി ആധിപത്യവും അധികാരങ്ങളും പോയിവിഷമിച്ചിരുന്ന ക്ഷത്രിയരാജാക്കന്മാരും പ്രജകന്മാരും ഈ സമരത്തെ പിൻതാങ്ങിയതിനാൽ, ഒരു പന്തീരാണ്ടുകൊണ്ടു ഉത്തരേൻഡ്യവിദേശീയ

വർജ്ജിതമായിത്തീൎന്നു. ഇന്നത്തെ സംയുക്തസംസ്ഥാനം (യൂണൈററഡ് പ്രാവിൻസസ്,) ചന്ദ്രഗുപ്തന് അധീനമായി. അവിടെ 'രാജാധിരാജൻ' എന്ന പേരോടുകൂടി അദ്ദേഹം അഭിഷിക്തനായി.

അന്നുമുതലാണ് ചന്ദ്രഗുപ്തവംശം ഇൻഡ്യാസാമ്രാജ്യാധിപത്യം വഹിച്ചുതുടങ്ങിയത്. ഇരുനൂറുകൊല്ലം ഗുപ്തസാമ്രാജ്യം നിലനിന്നു. അന്നാണ് ഹിന്ദുക്കൾക്ക് രാഷ്ട്രീയബോധമുദിച്ച് പുരോഗമനേച്ഛ ഉണ്ടായത്. തുൎക്കികളേയും പാൎത്ഥിയന്മാരേയും മററു വിദേശീയവൎഗ്ഗങ്ങളേയും ബലാൽ ബഹിഷ്ക്കരിച്ച് വിജാതിമത്സരം ഉറച്ചു. വിദേശിയർ മ്ലേച്ഛരെന്ന് ധിക്കൃതരായി. പരാജിതരാക്കിയ നാട്ടുകാരായ ആൎയ്യജനങ്ങളെ ഗുപ്തന്മാർ ഉപദ്രവിച്ചില്ലതാനും.

ചന്ദ്രഗുപ്തന്റെ മകനും അനന്തരഗാമിയും ആയിരുന്ന സമുദ്രഗുപ്തൻ അച്ഛനേക്കാൾ വിദേശീയസംഹാരതല്പരതയിൽ ഒരുപടി കടന്നുനിന്നു. അദ്ദേഹം നല്ലൊരു സേനാനായകനായിരുന്നതിനാൽ, അനവധി യുദ്ധങ്ങൾ നടത്തി ജയഭേരി നേടി, രാജ്യത്തെ വിപുലമാക്കി, ദക്ഷിണദേശത്തേ വ്യാപിച്ചു. വടക്ക് കുശാനന്മാരെ സിന്ധുനദിയുടെ അക്കരെ കടത്തി. സമുദ്രഗുപ്തൻെറ വിജയങ്ങളെ പുകഴ്ത്തി ഒരു കവി രചിച്ച പദ്യങ്ങൾ പ്രയാഗയിലുള്ള അശോകസ്തംഭത്തിൽ കൊത്തിയിരിക്കുന്നതു് ഇന്നും കാണാം.

സമുദ്രഗുപ്തൻെറ മകൻ രണ്ടാം ചന്ദ്രഗുപ്തൻ മഹാവീരനായിരുന്നു. അദ്ദേഹം ശകവംശക്കാൎക്ക് അധീനമായിരുന്ന ഗൂർജ്ജരവും കത്തിയവാറും രാജ്യങ്ങൾ ഗുപ്തസാമ്രാജ്യത്തോട് ചേൎത്തു രണ്ടാം ചന്ദ്രഗുപ്തൻ "വിക്രമാദിത്യൻ" എന്നൊരു സ്ഥാനപ്പേർ സ്വീകരിച്ചു. ഈ സ്ഥാനപ്പേർ പിന്നീട് പല രാജാക്കന്മാരും ബഹുമതിയായി സ്വീകരിച്ചിട്ടുണ്ട്. യൂറോപ്പിൽ 'സീസർ' എന്ന

സംജ്ഞയ്ക്കൊപ്പമാണ് ഭാരതഭൂമിയിൽ 'വിക്രമാദിത്യൻ' എന്ന പേർ. അതുകൊണ്ട് ചരിത്രകഥകന്മാർക്ക് പല അബദ്ധവും പിണഞ്ഞിട്ടുണ്ട്. ദില്ലിയിൽ കുട്ടബ്ബ്മിനാർ എന്ന പ്രസിദ്ധസ്തംഭത്തിന്റെ സമീപം ഒരു ആയസജം യസ്തംഭം വിക്രമാദിത്യൻ സ്ഥാപിച്ചിട്ടുണ്ട്.

ഗുപ്തന്മാരുടെ കാലത്താണ് ഭാരതഭൂമിക്ക് സാമ്രാജ്യമാഹാത്മ്യം സിദ്ധിച്ചിരുന്നത്. വിദേശീയരായ ഗ്രീക്കുകാർ, ചീനന്മാർ, തുർക്കികൾ, പാരസീകർ എന്നീ വർഗ്ഗങ്ങളിൽനിന്ന് സംക്രമിച്ചിരുന്ന സംസ്കാരങ്ങളെല്ലാം തിരസ്കരിച്ച്, ആര്യസംസ്കാരത്തിന് അവർ പ്രാബല്യം നൽകി. സംസ്കൃതമായിരുന്നു രാജഭാഷ; അതിൻെറ പ്രാകൃതരൂപങ്ങളായിരുന്നു സാധാരണ നാട്ടുഭാഷ. കാവ്യനാടകാലങ്കാരാദികളിൽ പ്രാവീണ്യം സിദ്ധിച്ചിരുന്ന പണ്ഡിതന്മാരും പ്രസിദ്ധ കവികളും അക്കാലത്തുണ്ടായി. സാക്ഷാൽ കാളിദാസൻ വിക്രമാദിത്യസദസ്സിലെ ഒരു കവി മാത്രമേ ആയിരുന്നുള്ളൂ.

സമുദ്രഗുപ്തൻെറ കാലത്തുതന്നെ രാജധാനി പാടലീപുത്രത്തിൽനിന്നും അയോദ്ധ്യയിലേക്ക് മാററി: ശ്രീരാമചന്ദ്രൻെറ രാജധാനിയായിരുന്ന ആ പാവനനഗരത്തിൻെറ പുരാതനത്വവും മാഹാത്മ്യവും സാമ്രാജ്യത്തിൻെറ തലസ്ഥാനമായി വിളങ്ങാൻ ഉതകി. ആര്യവേദമതത്തിൻെറ പുനരുദ്ധാരണം ബുദ്ധമതഘാതകമായിത്തീൎന്നു. ക്ഷത്രിയരാജാക്കന്മാരുടെ ആഭിജാത്യത്തിനും പൗരുഷത്തിനും ഘോരാത്തതായിരുന്നു സർവ്വജനസമത്വത്തിൽ ഉറച്ചിരുന്ന ബുദ്ധമതം. അതും പോരാതെ വിദേശീയരായി ഡിക്കതരായ കുശാനന്മാർ മഹായാനന്മാരായിരുന്നതുകൊണ്ട് ബുദ്ധമതം മ്ലേച്ഛമതമായി എങ്കിലും, ഗുപ്തന്മാർ ബൗദ്ധരെ ഉപദ്രവിച്ചില്ലെന്നുള്ളതു് ഭാരതീയരുടെ സഹിഷ്ണുതയ്ക്കു് ഉത്തമദൃഷ്ടാന്തമാകുന്നു. ബുദ്ധവിഹാരങ്ങൾ അന്നും വിദ്യാമന്ദിരങ്ങളായും ആതു-

രശരണസ്ഥാനങ്ങളായും ശോഭിച്ചിരുന്നു. സിംഹളാധിപനായ മേഘവൎണ്ണനോട് ഗുപ്തന്മാർ സഖ്യംചെയ്തതായും സമുദ്രഗുപ്തന് പല വിലയേറിയ കാഴ്ചകൾ ആ ലങ്കാധിപൻ അയച്ചുകൊടുത്തതായും, സിംഹളീയരായ ബൗദ്ധൎക്ക് ഗയാവിൽ സമുദ്രഗുപ്തൻ ഒരു വിഹാരം സ്ഥാപിച്ചുകൊടുത്തതായും കാണുന്നു. എങ്കിലും ബുദ്ധമതം ഇൻഡ്യയിൽ ക്ഷയിച്ചു. അതിന് കാരണം ബ്രാഹ്മണരുടെ വൈരനിൎയ്യാതനമോ ഭരണാധികാരികളുടെ നിർബ്ബന്ധമോ അല്ല, ഇതരമതങ്ങളെ സ്വാധീനമാക്കാൻ ഹിന്ദുമതത്തിനുള്ള പ്രാവീണ്യം കൊണ്ടാകുന്നു.

പ്രസിദ്ധ ദേശസഞ്ചാരിയായിരുന്ന ഫാഹിയാൻ എന്ന ചീനൻ ഇക്കാലത്താണ് ഇൻഡ്യയെ സന്ദർശിച്ചത്. മുമ്പ് ഹ്യൂൻസാങ്ങ് വന്നിരുന്ന കഥ പറഞ്ഞിട്ടുണ്ടല്ലോ. ഫാഹിയാൻ വന്നത് ബുദ്ധമതഗ്രന്ഥങ്ങളെ തേടി സമ്പാദിക്കാനായിരുന്നു. അക്കാലത്ത് ചീനന്മാർ ബുദ്ധമതക്കാരായി കഴിഞ്ഞിരുന്നു. മഗധരാജ്യം നല്ല നിലയിൽ ഇരിക്കുന്നത് ഫാഹിയാൻ കണ്ടു. നീതിന്യായഭരണം അവിടെ പ്രശസ്തമായിരുന്നു. കൊലശിക്ഷ പാടില്ലെന്ന് വച്ചിരുന്നു. ബുദ്ധമതം പിറന്ന സ്ഥലമായ ഗയാ മരുപ്രദേശമായി ജനവാസമില്ലാതായും, കപിലവാസ്തു കാടു കയറിയതായും ഫാഹിയാൻ കണ്ടു. പാടലീപുത്രത്തിലാകട്ടെ ധനികന്മാരും യോഗ്യന്മാരും ധൎമ്മിഷ്ഠന്മാരും പാൎത്തിരുന്നു. അനേകം വിഹാരങ്ങൾ ക്ഷേമമായിനടന്നുവന്നിരുന്നു. പെരുവഴികളിൽ ധൎമ്മശാലകൾ അനവധി പാന്ഥന്മാൎക്ക് വിശ്രമസ്ഥാനവും ഭക്ഷണവും കൊടുത്തുവന്നു. പ്രധാന പട്ടണങ്ങളിൽ ധൎമ്മാശുപത്രികളും ഉണ്ടായിരുന്നു. ഫാഹിയാൻ ഇൻഡ്യയിൽനിന്ന് സിംഹളദ്വീപിൽ പോയി രണ്ടുകൊല്ലം പാൎത്തതിന്റെശേഷം കടൽവഴി ചീനത്ത് തിരിക്കെപ്പോയി. അയാളുടെ കൂടെ

വന്ന താ്യോചിങ്ങ് എന്നയാൾ ഇൻഡ്യയിലുണ്ടായിരുന്ന ബുദ്ധമതസന്യാസികളുടെ ഭക്തിശ്രദ്ധകളിൽ മയങ്ങി ഇൻഡ്യയിൽത്തന്നെ പാർത്തു.

അജന്താവിൽ കാണുന്ന ഭിത്തിചിത്രങ്ങൾ ബുദ്ധന്മാരുടെ സുകുമാരകലയിലുള്ള പാരംഗത്യത്തെ ഇന്നും വെളിവാക്കുന്നു. അവയിലെ ചായങ്ങൾ ക്രമേണ മാഞ്ഞുപോയിക്കൊണ്ടിരുന്നതു് വലിയ കഷ്ടംതന്നെ.

വിക്രമാദിത്യചന്ദ്രഗുപ്തൻ ഇരുപത്തിമൂന്നുകൊല്ലം രാജ്യം ഭരിച്ചു. പിന്നീടു് മകൻ കുമാരഗുപ്തൻ നാല്പതു കൊല്ലം വാണു. അനന്തരം സ്കന്ദഗുപ്തൻ എ. ഡി. 453—ൽ സിംഹാസനാരോഹണം ചെയ്തു. അദ്ദേഹത്തിന്റെ കാലത്താണു് ഹൂണന്മാരുടെ പടയോട്ടം ഉണ്ടായി ഗുപ്തസമ്രാജ്യം നശിച്ചതു്. ഗുപ്തരാജാക്കന്മാരുടെ രാജ്ഞിമാർക്കു് "മഹാദേവി" എന്നൊരു സ്ഥാനപ്പേർ ഉണ്ടായിരുന്നു. ചന്ദ്രഗുപ്തന്റെ രാജ്ഞിയുടെ പേർ മഹാദേവികുമാരിദേവി എന്നായിരുന്നു. അന്നുമുതലാണു് ആ സ്ഥാനപ്പേരുണ്ടായതു്. ഒന്നാം ചന്ദ്രഗുപ്തൻ മഹാനായ കാൺസ്റ്റന്റൈൻ ചക്രവർത്തിയുടെ സമകാലീനനായിരുന്നു. പിന്നീടു വന്ന ഗുപ്തരാജാക്കന്മാരുടെ കാലത്താണു് റോമാസാമ്രാജ്യം പശ്ചിമപൗരസ്ത്യസംസ്ഥാനങ്ങളായി പിരിഞ്ഞതും ക്രമേണ പശ്ചിമസംസ്ഥാനം ക്ഷയിച്ചതും. മഹത്തായ റോമാസാമ്രാജ്യം ക്ഷയോന്മുഖമായ കാലത്തു് ഭാരതഭൂമിയിൽ അതിനേക്കാൾ പ്രബലമായിരുന്നഗുപ്തസാമ്രാജ്യം ധനംകൊണ്ടും ബലംകൊണ്ടും ഭാഗ്യലക്ഷ്മിയെ അനുഭവിച്ചിരുന്നു. സമുദ്രഗുപ്തനെ "ഭാരതനെപ്പോളിയൻ" എന്നു പറയാറുണ്ടു്. പക്ഷെ ഇൻഡ്യയ്ക്കു് അപ്പുറം അദ്ദേഹം കണ്ടിട്ടില്ല.

ഗുപ്തരാജവംശത്തിലെ അഞ്ചാം ചക്രവർത്തിയായ സ്കന്ദഗുപ്തന്റെ കാലത്തു് മദ്ധ്യേഷ്യയിൽനിന്നു് ഹൂണന്മാർ—വെള്ളക്കാർ എന്ന സംജ്ഞ അവർക്കുണ്ടായതാ-

ണ്—വടക്കുപടിഞ്ഞാറു ദേശങ്ങളിൽക്കൂടി ആൎയ്യാവൎത്തത്തിൽ കടന്നു. യൂറോപ്പിൽ റോമൻസാമ്രാജ്യം നശിച്ചതു്, അററില്ല എന്നു് പേർ പെററ നായകനാൽ നീതരായ ഹൂണന്മാരുടെ ആക്രമണംകൊണ്ടുതന്നെ ആയിരുന്നു. ഈ ഹൂണന്മാർ സഞ്ചാരിവൎഗ്ഗങ്ങളിൽ ഉൾപ്പെട്ടവരായിരുന്നു. സ്കന്ദഗുപ്തൻ അവരെ ആദ്യം അടിച്ചുവിരട്ടി നാടുകടത്തി. ഒരുപന്തീരാണ്ടു കാലം അവർ ഗാന്ധാരദേശത്തു് (അതായതു് ഇന്നത്തെ അഫ്ഘനിസ്ഥാനം) ചുററിത്തിരിഞ്ഞു് അവിടെ വ്യാപിച്ചു്, ക്രമേണ ഭാരതഭൂമിയുടെ വടക്കൻ പ്രദേശങ്ങളിൽ കയറി. ബുദ്ധന്മാരെ അവർ കഠിനമായി ദ്രോഹിച്ചു. ഗുപ്തരാജാക്കന്മാരും അവരുമായി എന്നും കലഹം നടന്നുവന്നു. അനേകം സമരങ്ങളും ഉണ്ടായി. എന്നിട്ടും അവരെ ഓടിക്കാൻ കഴിഞ്ഞില്ല. സ്കന്ദഗുപ്തന്റെ പിൽക്കാലം ബാലാദിത്യൻ ചക്രവൎത്തി ആയി. അദ്ദേഹത്തിന്റെ കാലത്തു് ഹൂണന്മാർ പ്രബലന്മാരായി. തേറോമാൻ എന്ന പ്രമാണിയെ അവർ രാജാവാക്കി. അയാൾ മഹാദുഷ്ടനായിരുന്നു. അയാളുടെ മകൻ മിഹിരകുലൻ കേവലം രാക്ഷസൻതന്നെ ആയിരുന്നു. ആനകളെ മലയുടെ മുകളിൽനിന്നു് കുണ്ടിലേക്കു തള്ളിയിട്ടു കൊല്ലുന്നതു് അയാൾക്കു വിനോദമായിരുന്നു എന്നു് കൽഹണൻ രാജതരംഗിണിയിൽ പ്രസ്താവിച്ചിരിക്കുന്നു. മിഹിരകുലൻ നടത്തിവന്ന അതിക്രമങ്ങളും ദ്രോഹങ്ങളും സഹിക്കവയ്യാതായിട്ടു്, ബാലാദിത്യനും മദ്ധ്യേൻഡ്യയിലെ രാജാവായിരുന്ന യശോധൎമ്മനുംകൂടി മിഹിരകുലനെ തോല്പിച്ചു് കാരാഗൃഹത്തിലാക്കി. ആൎയ്യന്മാർ വീരധൎമ്മം അനുഷ്ഠിക്കുന്നവരാണു്; ഹൂണന്മാരെപ്പോലെ നീചമായ രാക്ഷസകൎമ്മം ചെയ്യുന്നവരല്ല. അതിനാൽ ബാലാദിത്യൻ മിഹിരകുലനെ വധിച്ചില്ലെന്നു മാത്രമല്ല, മാപ്പു കൊടുത്തു് നാടുകടത്തി. മിഹിരകുലനാകട്ടെ, കാശ്മീരത്തിൽ ഒളിച്ചുന-

ടന്നു്, ഒടുവിൽ സ്വപ്രാണരക്ഷകനായ ബാലാദിത്യനെ ചതിവിൽ വധിച്ചു!

ഹൂണന്മാരുടെ ആധിപത്യം ഭാരതഭൂമിയിൽ അമ്പതുകൊല്ലത്തിനു മേൽ നിലനിന്നില്ല. അവർ ആര്യന്മാരുമായി ഒന്നുചേർന്നു ബന്ധുജനങ്ങളായി. രാജപുത്രുകളിൽ അവരുടെ രക്തബന്ധത്തിന്റെ ലാഞ്ഛനതാം ഇന്നും കാണാം. പ്രാബല്യം കുറഞ്ഞതോടുകൂടി ഹൂണന്മാർ ശാന്തരായി എങ്കിലും, അവർ മുമ്പു കാണിച്ച അതിക്രമങ്ങൾ ആര്യസമുദായത്തിന്റെ ജീവിതരീതിക്കും ഭരണരീതിക്കും ഒരു വലിയ മാററം വരുത്താതിരുന്നില്ല. ആര്യജനങ്ങൾ സ്വയമേ സ്വാതന്ത്ര്യബോധത്തിൽ വളന്നവരായിരുന്നു. രാജാക്കന്മാർപോലുംജനാഭിപ്രായത്തെ ആദരിച്ചുവന്നു. ഗ്രാമപഞ്ചായത്തുകൾക്കു് ഉണ്ടായിരുന്ന അധികാരം അനാക്രാന്തമായിരുന്നു. ഹൂണാധിപത്യം മുഴുത്തതോടുകൂടി ആര്യസമുദായത്തിനു് ഉണ്ടായിരുന്ന ഈ ഗുണങ്ങൾ ക്ഷയിച്ചു് സ്വാധികാരപ്രമത്തതയിൽ പര്യവസാനിച്ചു.

ബാലാദിത്യനായിരുന്നു ഗുപ്തരാജവംശത്തിൽ ഒടുവിലത്തെ രാജാവു്. അദ്ദേഹം എ. ഡി. ൫൩൦-ൽ മരിച്ചു. അന്ത്യകാലത്തു് ഈ ഹിന്ദുസാമ്രാട്ടു, ബുദ്ധമതവിശ്വാസിയായി, ഒരു ശ്രമണഗുരുവിനെ വരിച്ചുവത്രെ! ഗുപ്തരാജാക്കന്മാരുടെ കാലത്താണു് കൃഷ്ണാരാധനം പുനരുജ്ജീവിച്ചതു്. എങ്കിലും, അതു് ബുദ്ധമതത്തെ ഭഞ്ജിച്ചില്ലെന്നു തന്നെയല്ല, ഏതാണ്ടു് അതിനോടു യോജിച്ചും കഴിഞ്ഞു. അതുകൊണ്ടായിരിക്കണം ബുദ്ധൻ വിഷ്ണുവിന്റെ അവതാരമെന്നു് ഒരു വിശ്വാസം പരന്നതും, ജയദേവൻപോലും ഗീതഗോവിന്ദത്തിൽ സ്തുതിച്ചതും.

ഇരുനൂറുകൊല്ലം ഗുപ്തന്മാർ ഭരിച്ചുവന്ന കാലത്തു തന്നെ ഉത്തരദേശങ്ങളിൽ പല ചെറുസംസ്ഥാനങ്ങളും

കേന്ദ്രഗവൎമ്മെന്റിനെ വകവെയ്ക്കാതെ സ്വതന്ത്രങ്ങളായി തീൎന്നിരുന്നു. ദക്ഷിണദേശത്തും അപ്രകാരം ഒരു വലിയ സംസ്ഥാനം മുതിൎന്നുവന്നു. ശ്രീരാമചന്ദ്രന്റെ വംശജനാണെന്നുള്ള അഭിമാനത്തോടുകൂടി പുലകേശി എന്നൊരു പ്രജാധിപൻ ചാലൂക്യസാമ്രാജ്യത്തെ ദക്ഷിണ ദേശത്തിൽ സ്ഥാപിച്ചു. ഈ ചാലൂക്യന്മാർ ജാവാ, മലാക്ക മുതലായ പൗരസ്ത്യങ്ങളായ ആന്തരീപദേശങ്ങളുമായി വ്യാപാരവും സഖ്യവും നടത്തിവന്നതുകൂടാതെ, പൎസ്യയുമായി ഇടപാടുകൾ ചെയ്തിരുന്നു. പൎസ്യയിലെ കേമൻ രാജാവായിരുന്ന ഖുസ്രു രണ്ടാമനും ചാലൂക്യരാജാവും തമ്മിൽ ദൂതന്മാരെ അയച്ചിരുന്നതായികാണുന്നുണ്ട്.

## ഇരുപത്തിമൂന്നാം അദ്ധ്യായം

### രാജ്യങ്ങളുടെ വൃദ്ധിക്ഷയനിദാനം

ഗുപ്തസാമ്രാജ്യകാലത്തിനു് ആയിരം കൊല്ലംമുമ്പുതന്നെ ഭാരതീയർ പശ്ചിമേഷ്യയിലും യൂറോപ്പിലും ചീനത്തും കച്ചോടം നടത്തിവന്നതായി നാം കണ്ടുവല്ലോ. അതെല്ലാം നിലച്ചുപോയതുമാത്രമല്ല, ഇന്നു് മറുനാട്ടുകാർ ഇൻഡ്യയിൽ കയറി വ്യാപാരം നടത്തുകയും ചെയ്യുന്നു. ഈ ഭേദം വരാനുള്ള നിദാനം എന്താണു്? ഭാരതീയർ അക്കാലത്തു് നല്ല നാവികരും വ്യാപാരികളും ആയിരുന്നതു മാത്രമല്ല കാരണം; കൈത്തൊഴിലിൽ നല്ല സാമൎത്ഥ്യമുണ്ടായിരുന്നതും മാത്രമല്ല; അവൎക്കു് രസതന്ത്രം മുതലായ ശാസ്ത്രരഹസ്യങ്ങൾ അറിയാമായിരുന്നു; മററുള്ളവൎക്കു് അതു് അറിഞ്ഞുകൂടായിരുന്നു; അതാണു് പ്രധാനകാരണം; അഴിയാച്ചായങ്ങൾ അവർ സൃഷ്ടിച്ചു. അമരിയിൽനിന്നു് നീലം മുതലായ ചായങ്ങൾ വാററി എടുത്തു് വസ്ത്രങ്ങളെ നിറംപിടിപ്പിക്കയും

മററും ചെയ്തുവന്നു. അന്ന് ഉണ്ടാക്കിട്ടുള്ള തണ്ണിച്ചായങ്ങ-
ങ്ങളിൽ എഴുതീട്ടുള്ള ചിത്രങ്ങൾ എത്രയോ ശതവർഷ-
ങ്ങൾക്കിപ്പുറം ഇന്നും പുത്തനായിരിക്കുന്നു. ആ ചായ-
ങ്ങളുടെ ചേർവ ഇന്ന് നമുക്ക് അറിഞ്ഞുകൂടാ. അതു-
പോലെ ഇരുമ്പിനെ ഒന്നാന്തരം ഉരുക്കാക്കുന്ന വിദ്യ-
അവൎക്ക് വശമായിരുന്നു. അലക്സാണ്ടരുടെ പട്ടാളങ്ങൾ
ക്കുപോലും മാഹാത്മ്യം സിദ്ധിച്ചതു്, ഭാരതഭൂമിയിലെ
ഉരുക്കുകൊണ്ടുണ്ടാക്കിയ വാളുകളും കുന്തങ്ങളും കഠാരി-
കളും ആയുധങ്ങളായി ഉണ്ടായിരുന്നതു നിമിത്തമായി-
രുന്നു. ഇപ്രകാരം പുതുസാമാനങ്ങൾ ഉണ്ടാക്കാനുള്ള
കൗശലം വശമായിരുന്നതുകൊണ്ടാണ് അന്ന് ഭാരതീ-
യരുടെ സാധനങ്ങൾക്ക് മറുനാട്ടുകളിൽ പ്രിയം വർ-
ദ്ധിച്ചിരുന്നതു്. സാധനനിൎമ്മാണത്തിന് സൗലഭ്യവും
ഭംഗിയും ഉറപ്പും കൂട്ടുന്ന ഉപകരണങ്ങൾ ഉണ്ടാക്കുന്നതു്
എവിടെയോ, അവിടെ വ്യാപാരവും ലക്ഷ്മിയും വർദ്ധി-
ക്കതന്നെ ചെയ്യും. പണ്ടത്തേ കാലത്തു് ഏഷ്യയിൽ
ആയിരുന്നു ഈ സാമർത്ഥ്യം ഉണ്ടായിരുന്നതു്. ഇന്നു്
യൂറോപ്പിലും അമേരിക്കയിലും ആണു്. പുതിയ പുതിയ
ഉപകരണങ്ങളും സംവിധാനങ്ങളും അവർ കണ്ടുപിടിച്ചു-
ച്ചപ്പോൾ യൂറോപ്യൻ ചരക്കുകൾക്കു് വില്പന ഏറി.
അവർ വ്യാപാരലോകത്തിൽ മുതൽക്കുന്തി പിടിച്ചു.
ധനവും അധികാരവും അവരിൽ സംക്രമിച്ചു. മററു കാ-
രണങ്ങളും അതിന് സഹായമായി തീരാതിരുന്നില്ല.

സത്യം ആലോചിച്ചാൽ മനുഷ്യൻെറ പ്രാബല്യം
എല്ലാം അവൻ സൃഷ്ടിക്കുന്ന ഉപകരണങ്ങൾ; അതായ-
തു് ആയുധങ്ങളിലാണു്, നിലനിൽക്കുന്നതു്. ജനനാൽ
തന്നെ മനുഷ്യൻ ജന്തുക്കളെപ്പോലെ ആത്മരക്ഷയ്ക്കു
പോലും ആയുധോപകരണങ്ങളുള്ളവനല്ല. ജന്തുക്കളെ-
പ്പോലെ കൊമ്പോ, പല്ലോ, നഖങ്ങളോ, ഒന്നും ബല-
മായി അവനില്ല. കല്ലോ, കമ്പോ എടുത്തിട്ടു് വേണം

ശത്രുക്കളെ തടുക്കാൻ. വീടുണ്ടാക്കാൻ ജന്തുക്കൾക്കു് സ്വ-
യമേ വശതയുണ്ടു്. മനുഷ്യനു് പരസഹായം വേണം;
ഭക്ഷണം ഉണ്ടാക്കാൻ അവനു് കൃഷിചെയ്യണം, പാകം
ചെയ്യണം; ജന്തുക്കൾക്കു് അതൊന്നും വേണ്ട. ഇങ്ങനെ
ആദികാലം മുതൽക്കുതന്നെ മനുഷ്യൻ ഉപകരണങ്ങൾ-
ക്കു് അധീനനാണു്. ഉപകരണസമ്പാദനത്തിൽ വൈ-
ശിഷ്ട്യം നേടുന്തോറും മനുഷ്യനു് ശക്തി ഏറുന്നു.

ഈ ഉപകരണങ്ങളെ നന്മയ്ക്കും തിന്മയ്ക്കും ഉപ-
യോഗിക്കാം. മൺവെട്ടിയും കന്താലിയുംകൊണ്ടു് കി-
ളച്ചു് കൃഷിചെയ്തു് ഭൂമിയെ സസ്യസമൃദ്ധയാക്കാം, അവ-
യെക്കൊണ്ടുതന്നെ സ്വന്തസഹോദരന്റെ തല വെട്ടിപ്പി-
ളന്നു് കൊല്ലാം. കല്ലുകൊണ്ടു് നല്ല വീടു പണിയാം;
മറ്റുള്ളവരെ എറിഞ്ഞു് മുറിവേല്പിക്കാം. ആവിയുടെ
ശക്തികൊണ്ടു് പല ഗുണങ്ങൾ നമുക്കു നേടാം; പല
ദ്രോഹങ്ങളും ചെയ്യാം. അതുപോലെതന്നെ വിദ്യുച്ഛ-
ക്തികൊണ്ടും ആവാം. ഒരു കത്തി ഏറ്റവും ഉപയോ-
ഗപ്രദമായ ആയുധമാണെങ്കിലും മുറിവേല്പിക്കാവുന്ന ഉ-
പകരണവുമാകുന്നു. ഇതു് ഉപകരണത്തിന്റെ കുറ്റമല്ല,
ഉപയോഗിക്കുന്നവന്റെ ദൌഷ്ട്യത്തിന്റേയോ കരുതലി-
ല്ലായ്മയുടേയോ ദൂഷ്യമാകുന്നു. സുഖത്തേയും ക്ഷേമ-
ത്തേയും നൽകുന്ന സാധനംതന്നെ, ദുഃഖത്തിനും ദ്രോ-
ഹത്തിനും നിമിത്തമാകുന്നു. "വിഷമപ്യമൃതം ക്വചിൽ
ഭവേൽ അമൃതം വാ വിഷം" എന്നു് മഹാകവി പറ-
ഞ്ഞിട്ടുള്ളതു് ശരിയാണു്. പക്ഷേ, അതു ഈശ്വരേച്ഛ-
കൊണ്ടു മാത്രമല്ല മനുഷ്യേച്ഛകൊണ്ടുമാണു് വരുന്നതു്;
ഒരിക്കലും സാധനദോഷം കൊണ്ടല്ല. ഇന്നു് ഉപകരണ
ങ്ങളെ മിക്കവാറും നാം ദുർവിനിയോഗം ചെയ്യുകയാണു്.
പണ്ടുള്ള ഭാരതീയരാകട്ടെ, സുകൃതശിഷ്യന്മാർക്കു് മാത്രം

നൽകിയ ഉപദേശക്രമത്തിന് പാരമ്പര്യമായി സിദ്ധിച്ചിരുന്ന വിദ്യ, സദ്വ്യവസായത്തിനു മാത്രം ഉപയോഗപ്പെട്ടുതുടങ്ങി. അങ്ങനെയാണ് മററുള്ളവരേക്കാൾ ഭാരതീയർക്ക് വ്യാപാരവും ധനവും യശസ്സും വർദ്ധിച്ചത്.

തെന്നിൻഡ്യയിലുള്ളവർ ഏലം, കുരുമുളക്, മുതലായ സുഗന്ധസാധനങ്ങളെക്കൊണ്ട് മററുദേശങ്ങളുമായി വ്യാപാരം ചെയ്തുവന്നിരുന്നത് മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ഈ വക സാധനങ്ങൾ പൌരസ്ത്യദ്വീപങ്ങളിൽ ഉണ്ടായവപോലും ഇൻഡ്യയിൽക്കൂടിയാണ് കടന്നു മറുനാട്ടുകളിൽ പോയിട്ടുള്ളത്. എ. ഡി. ൪൧൦-ൽ ഗാത്തിക് പ്രമാണി ആയിരുന്ന അലേറിക്ക് റോമാനഗരം പിടിച്ചു കത്തിക്കവെന്നപ്പോൾ മൂവായിരം റാത്തൽ കുരുമുളക് കൂടി കൊണ്ടുപോയതായി കാണുന്നതു്, ഇൻഡ്യയിൽനിന്ന് അവിടെ ചെന്നതാകാനേ തരമുള്ളൂ.

യൂറോപ്പിൽ റോമാസാമ്രാജ്യം ഉച്ചനിലയിലെത്തി, ക്രമേണ ക്ഷയിച്ചു, ഗാത്തിക് മുതലായ വന്യജനങ്ങളാൽ ആക്രാന്തമായി അന്ധകാരാന്തരിതമായ കാലഘട്ടമായിരുന്നു ഇതു്. മുമ്പിലത്തെ ഗ്രീക്കുകാരുടേയും റോമന്മാരുടേയും കാലത്തു ഉണ്ടായിരുന്ന അന്തരീക്ഷം നിശ്ശേഷം ഭേദപ്പെട്ടിട്ടാണ്, ട്യൂട്ടാണിക് വർഗ്ഗങ്ങളുടെ പുതിയ പരിഷ്കൃതിസമ്പ്രദായം അവിടെ ഏർപ്പെട്ടതു്. ഒന്നു തീരെ അററുപോയിട്ടാണ് അടുത്തതു അവിടെ ഉദിച്ചതു്. രണ്ടും ഭിന്നഗതികളായിരുന്നു ഏഷ്യയിലാകട്ടെ, മുന്നണിയിൽ നിന്നിരുന്ന ചീനത്തും ഭാരതഖണ്ഡത്തിലും അന്നും ഇന്നും ഉള്ള സംസ്കാരത്തിന് അനുസ്യൂതി വിട്ടിട്ടില്ല. സാമ്രാജ്യങ്ങൾ ജനിക്കയും നശിക്കയും, മഹാക്ഷോഭങ്ങൾ നടക്കയും, നാശങ്ങൾ സംഭവിക്കയും, വംശപരമ്പരകൾ മാറുകയും, പഴയ നഗരങ്ങൾ പോയി പുതു നഗരങ്ങൾ ഉത്ഭവിക്കുകയും, ആചാരങ്ങളിലും നടവടികളിലും പല ഭേദങ്ങൾ വരികയും, ചുരുക്കത്തിൽ,

കാലഗതി അനുസരിച്ചു് പല വ്യത്യാസങ്ങൾ ഭാരതഭൂമിക്കും ചീനത്തിനും വരാതിരുന്നില്ലെന്നു വരികിലും; പഴയതു തന്നെയാണു് പുത്തനായി വിലസിയതു്. വേഷപ്പകർച്ച വന്നെങ്കിലും നടൻ ഒന്നുതന്നെ ആയിരുന്നു. പകൽ രാത്രി ആയതും രാത്രി പകലായി വെളുത്തതും പെട്ടെന്നല്ല, സന്ധ്യാകാലാന്തരിതമായിട്ടായിരുന്നു. യൂറോപ്പിൽ അപ്രകാരമല്ല സംഭവിച്ചതു്. റോമാസൂര്യന്റെ അസ്തമയത്തിൽ പശ്ചിമദേശത്തു് അന്ധകാരം പൊട്ടന്നനെ വന്നു് ബാധിച്ചു. പണ്ടു് നട്ടുവളർത്തി, ബഹുശാഖമായി പടന്നു് ബഹുഫലപ്രദമായിരുന്ന ഗ്രീക്കോ—റോമാകല്പശിഖയുടെ വിത്തുകൾ മാത്രമല്ല വേരുകൾ പോലും നശിച്ചു. തൽസ്ഥാനത്തു് ഒരു പുതുമരം നട്ടു് വളർന്നുവന്നു. അതിനു് പഴയ സംജ്ഞതെ കൊടുത്തു; എങ്കിലും അതിന്റെ ഫലവും ഗുണവും വേറെതന്നെ ആയിരുന്നു. പഴയ വൃക്ഷത്തിനു നൽകിയിരുന്ന വളങ്ങളും, അതിൽനിന്നു് പഴുത്തു വീണു ഉണങ്ങിക്കിടന്ന കായ്കളും പുതുവൃക്ഷത്തിനു് ദോഹദങ്ങളായിത്തീരാതിരുന്നില്ല; എങ്കിലും അതിലുണ്ടായ ഫലം വേറെ തന്നെ ആയിരുന്നു. ഈ പുതിയ വൃക്ഷം വലുതായി വരാൻ ഏറെ നാൾ വേണ്ടിവന്നു. അത്രയും കാലം, അതായതു് ആയിരം കൊല്ലം, യൂറോപ്പുമഹാഖണ്ഡത്തിനു് വന്ധ്യകാലമായിരുന്നു. റോമാ അമാവാസ്യ കഴിഞ്ഞ ശേഷം ദൃഷ്ടാന്തിക്കു് വളർക്കുപക്ഷചന്ദ്രൻ ഉദിച്ചു് ബലം ലഭിക്കാൻ വർഷശതമിതമായ കാലതാമസം വേണ്ടിവന്നു. ഈ സഹസ്രവർഷങ്ങളെ "ഇരുട്ടുകാലം" എന്നു് ചരിത്രകാരന്മാർ ഗണിച്ചിരിക്കുന്നു.

ഇൻഡ്യയ്ക്കും ചീനയ്ക്കും വരാത്ത ഈ അന്ധകാരകാലം യൂറോപ്പിനെ ബാധിക്കാൻ എന്തു് കാരണമെന്നു് ചിന്തിക്കാനുള്ളതാണു്. അനേകം നൂറാണ്ടുകളി-

ലായി സമ്പാദിച്ച ജ്ഞാനവും പുണ്യവും ഇങ്ങനെ പെ-
ട്ടെന്നു നശിച്ച് ലോകം പിന്നോട്ട് ഉരുളാൻ ഉണ്ടായ
കർമ്മവിപാകം എന്തായിരിക്കാമെന്ന് ഗണിച്ചു പറയാ-
നുള്ള പ്രാശ്നികവൈദഗ്ദ്ധ്യം നമുക്കില്ല. അതുപോലെ,
ജ്ഞാനശക്തിയിലും കർമ്മശക്തിയിലും അനവധി സഹ-
സ്രവർഷകാലം ഔന്നത്യം പ്രാപിച്ചിരുന്ന ഭാരതഭൂമി,
ഏറിയനാളായി ദാസ്യശനിദശയിൽ പെട്ട് ഉഴലാൻ
ഇടവന്നതു് എന്തെന്നുള്ള പ്രശ്നത്തിനും മറുപടി പ-
റയാൻ അത്ര എളുപ്പമല്ല. പുരാതനകാലം മുതൽ
മഹാസംസ്ഥാനമായി നവീനപരിഷ്കാരങ്ങൾക്കും ക-
ലകൾക്കും തുലിട്ട ചീനാസാമ്രാജ്യം അവസാനമില്ലാത്ത
കലഹത്തിന് കളരിയായി തീർന്നിരിക്കുന്നതു് എന്തെന്നും
നിർവ്വചിക്കാൻ നിർവാഹമില്ല. ജന്മജന്മാന്തരങ്ങളിൽ
മനുഷ്യർ അല്പാല്പമായി സമ്പാദിച്ചു കൂട്ടിയ ജ്ഞാനനി-
ധികൾ നശ്വരങ്ങളല്ല, തിട്ടം തന്നെ. ഭൂഗർഭത്തിലാണ്ടു
കിടക്കുന്ന അവയെ മഷിവെച്ചു് നോക്കി കണ്ടുപിടി-
ക്കാൻ നമുക്കു് സാമർത്ഥ്യം പോരാ. സുഭസ്മരമായി വി-
ലസുന്ന ലോകത്തെ ഉറങ്ങിക്കിടക്കുന്നവരുണ്ടോ കാണു-
ന്നു? പണ്ടു് ഭോജരാജാവു് പ്രഭാതത്തിൽ എഴുന്നേററി-
രുന്ന് പതിവുപോലെ ഒരു പദ്യം രചിച്ചതിൽ സകല
സൗഭാഗ്യവും തനിക്കുണ്ടെന്ന് മൂന്നു പാദങ്ങളെക്കൊണ്ടു
പറഞ്ഞിട്ട് നാലാമത്തെ പാദം തോന്നാതെ വിഷമി-
ച്ചു്, മൂന്നു പാദങ്ങളെ പിന്നെയും പിന്നെയും ആവർത്തി
ച്ചു് ചൊല്ലിക്കൊണ്ടിരിക്കുന്നതു് കേട്ടുകൊണ്ടു വന്ന കാ
ളിദാസൻ, കണ്ണടച്ചാൽ അതൊന്നുമില്ല എന്നു് നാലാം
പാദം പൂരിപ്പിച്ചതായി ഒരു ഐതിഹ്യം കേട്ടിട്ടുണ്ടു്.
അതുപോലെ കണ്ണടച്ചാൽ എല്ലാം ഇരുൾ തന്നെ.
എന്നാൽ ലോകമെല്ലാം ഇരുൾ തന്നെ. എന്നാൽ
ലോകമെല്ലാം ഇരുളാണോ? വെളിച്ചം നശിച്ചു പോകു-
ന്നോ? അതിന്മുന്നും അന്ധകാരകാലഘട്ടത്തിൽ ജ്ഞാ-

നം അസ്തമിച്ചു എന്നു പറയുന്നതു തെററാണ്. കണ്ണ് ആരും തുറന്നു നോക്കിയില്ല എന്നേയുള്ളു.

ക്രിസ്തുമതമാണ് യൂറോപ്പിൽ അന്ധകാരം പരത്തിയതു് എന്നു ചിലർ പറയുന്നുണ്ട്. നിശ്ചയമായിട്ട് ജീസസ്സിൻെറ മതമല്ല, കാൺസ്റ്റൻൈറൻ പരത്തിയ ഔദ്യോഗികക്രിസ്തുമതമായേക്കാം. ആ മതം പത്തു നൂററാണ്ടുകാലം മനുഷ്യരുടെ ബുദ്ധിസ്വാതന്ത്ര്യത്തെ ബന്ധിച്ച് പുരോഗമനത്തെ അടക്കി എന്നാണ് അവർ പറയുന്നതു്. മതഭ്രാന്തും വിമതാസഹിഷ്ണതയും ദ്രോഹവും നിമി ം ശാസ്ത്രങ്ങളുടെ വളർച്ച നിലച്ചു. മതഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്ന വാക്കുകളെ വേദവാക്യമായി എല്ലാവരും സ്വീകരിക്കയല്ലാതെ അതിൽ അവിശ്വാസമോ, അനാസ്ഥയോ, നാസ്തികബുദ്ധിയോ കാണിക്കുന്നവർ ശിക്ഷാർഹരായി. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മതഗ്രന്ഥങ്ങൾ ആയിരുന്നു പ്രമാണം. അതുകൊണ്ട് എന്തു വന്നു? കാലം ഭേദിച്ചിട്ടും അഭിപ്രായങ്ങളോ നടവടികളോ ഭേദിച്ചുകൂടാ എന്നായി. അതാണ് അന്ധതയ്ക്കു കാരണമാക്കിയതു് എന്നാണ് ഒരു പക്ഷം' മറെറാരു പക്ഷക്കാർ പറയുന്നതു്; ക്രിസ്തുമതവും വൈദികന്മാരുമാണ് അന്ധകാരകാലഘട്ടത്തിൽ ജ്ഞാനദീപം കെടാതെ വെച്ചു സൂക്ഷിച്ചതു് എന്നാണ്. രണ്ടു കൂട്ടരുടെ അഭിപ്രായത്തിലും വാസ്തവം ഇല്ലാതില്ല. എങ്കിലും ക്രിസ്തുമതമാണ് റോമാസാമ്രാജ്യത്തെ നശിപ്പിച്ചതു് എന്നുള്ളതു് അതിശയോക്തിയാണ്. ഒരു കാര്യം സ്പഷ്ടം. പെട്ടെന്നുള്ള മാററംകൊണ്ട് യൂറോപ്പ് ഉണർന്നു. ഇൻഡ്യയിലും ചീനത്തും പുരാതനപരിഷ്ക്കാരം ഉന്നങ്ങിക്കരിഞ്ഞിട്ട് കളകളാണ് വളർന്നു തളിർത്തുനിന്നതു്. യൂറോപ്പാകട്ടെ, ഗാഢനിദ്രാസുഖമനുഭവിച്ചതുമൂലം പുതുമയേററ് പരിഷ്കാരത്തെ ശക്തിമത്തായി വളർത്തി.

ഇൻഡ്യയിൽ പുരാതനസംസ്കാരത്തെ നിലനിറുത്തിയതിനു് ഒരു മുഖ്യനിദാനം, സ്വതന്ത്രഭരണമൂലങ്ങളായ ഗ്രാമപഞ്ചായത്തുകളുടെ ശക്തിയാകുന്നു. ഇന്നത്തേപ്പോലെ അന്നു വലിയ ജന്മികളും പ്രഭുക്കന്മാരും മുതിർന്നിരുന്നില്ല. ഭൂമി ഗ്രാമസമുദായത്തിൻെറ പൊതുസ്വത്തായിരുന്നു; അല്ലെങ്കിൽ കൃഷിവലന്മാരുടെ വകയായിരുന്നു. പഞ്ചായത്തുകൾക്കുള്ള അധികാരം ചില്ലറ അല്ലായിരുന്നു. ഗ്രാമജനങ്ങൾ പഞ്ചായത്തുകാരെ തിരഞ്ഞെടുത്തുവന്നു. രാജാക്കന്മാർ അനവധി ഉണ്ടാകയും പരസ്പരം കലഹിക്കയും നശിക്കയും ചെയ്യുങ്കിലും, ഗ്രാമപഞ്ചായത്തുകളുടെ കെട്ടുപാടിനെ നശിപ്പിച്ചില്ല; അവയുടെ അധികാരങ്ങളെ കുറച്ചുമില്ല. യുദ്ധങ്ങളും കലഹങ്ങളും എല്ലാം മേൽ തട്ടിലുള്ള ജനങ്ങളെ അല്ലാതെ ഗ്രാമങ്ങളെ ബാധിച്ചില്ല.

പണ്ടു് ഉണ്ടായിരുന്ന ജാതിവ്യവസ്ഥയും പുരാതനസംസ്കാരത്തെ സ്ഥിരീകരിച്ചു. പണ്ടു് ജാതികൾ ഇന്നത്തെപോലെ മരവിച്ചുപോയിരുന്നില്ല. ജന്മംകൊണ്ടു മാത്രം ജാതിനിർണ്ണയം ചെയ്തിരുന്നുമില്ല. കാലാനുസരണം ജാതികൾക്കു ചായാനുള്ള അയവു് ഉണ്ടായിരുന്നു. സജീവമായിരുന്നു ജാതിവ്യവസ്ഥ. ഹിന്ദുമതത്തിനു് ഉണ്ടായിരുന്ന ഒരു പ്രത്യേകഗുണം നവീനഭേദഗതികളെ സ്വാധീനമാക്കാനുള്ള ശക്തി ആയിരുന്നു. ആ ഗുണം ജാതിവ്യവസ്ഥയ്ക്കും ഉണ്ടായിരുന്നു. പിന്നീടു് ഉണ്ടായ വിദേശീയാക്രമണങ്ങളുടെ ദുസ്സഹതനിമിത്തമാണു് ആത്മമതത്തിനും വർണ്ണാശ്രമധർമ്മങ്ങൾക്കും തീരെ പ്രവണത ഇല്ലാതേ കാഠിന്യമുണ്ടായതു്. കഠിനമായപ്പോൾ ജാതിവ്യവസ്ഥ ദുഷ്ടമായി. എളിയവൻ എന്നാളും നീചനും, വലിയവൻ എന്നും ശ്രേഷ്ഠനുമായി; കീഴുള്ളവൻ വേലചെയ്തുണ്ടാക്കുന്നതു് മേലുള്ളവൻ കരസ്ഥമാക്കി

വയർ നിറച്ചു; പരസ്പരസഹായം നിലച്ചു; കഷ്ടത വർദ്ധിച്ചു.

ചീനത്തും ഗ്രാമസംസ്ഥാപനം തന്നെയാണ് പഴയ സംസ്കാരത്തെ നിലനിറുത്തിയതു. അവിടെ കൃഷിയായിരുന്നു ലക്ഷോപലക്ഷം ജനങ്ങളുടെ കാലക്ഷേപം. വലിയ ജന്മികൾ ഇല്ലായിരുന്നു. എല്ലാവരും കൃഷീവലന്മാരായിരുന്നു. മതനിഷ്ഠയും അവിടെ ഒരിക്കലും കാഠിന്യത്തെ പ്രാപിച്ചിരുന്നില്ല. റോമിലും, ഗ്രീസിലും, ഈജിപ്ററിലും മററും ഉണ്ടായിരുന്ന മാതിരി; ഒരു കാലത്തും ഇൻഡ്യയിലും ചീനത്തും അടിമത്തവും ഉണ്ടായിട്ടില്ല വേലക്കാരും അടിയാന്മാരും അവിടെ ഇല്ലാതല്ല; അവരുടെ സാന്നിദ്ധ്യം സാമുദായികവ്യവസ്ഥയെ ബാധിച്ചിരുന്നില്ല എന്നേ ഉള്ളു. അങ്ങനെ അല്ലായിരുന്നു റോമിലുംമററും. അടിമകൾ സമുദായാംഗങ്ങളായിരുന്നു. സകല ദേഹാദ്ധ്വാനവും അവർ ചെയ്തുവന്നു. അവർ ഇല്ലാതിരുന്നെങ്കിൽ അവിടെ യാതൊന്നും നടക്കയില്ലായിരുന്നു. അടിമകൾ നിമിത്തമാണ് വാസ്തവത്തിൽ ആ സാമ്രാജ്യങ്ങൾ ക്ഷയിച്ചതു്.

---

# ഇരുപത്തിഅഞ്ചാം അദ്ധ്യായം

---

## ചീനയുടെ അഭിവൃദ്ധിയും, കൊറിയയും ജപ്പാനും.

നമുക്ക് ചീനയിലേക്ക കടക്കാം. അവിടെ നൂററാണ്ടുകൾ കണക്കിന് രാജവംശങ്ങൾ ഭരിക്കയും നശിക്കയും പുതുവംശങ്ങൾ ഉദിക്കയും ചെയ്തുവന്നിരുന്നെങ്കിലും, സാമുദായികോന്നമനത്തിന് യാതൊരു ഹാനിയും പററിയില്ല. പൂർവ്വികരിൽനിന്നു ലഭിച്ച സംസ്കാരം തുടരെ അഭിവൃദ്ധിയെ പ്രാപിച്ചു. രാജ്യംപോലും പല ഭാഗങ്ങളായി പിരിഞ്ഞു; ദുഷ്ടന്മാരും ദ്രോഹികളുമായ രാജാ-

ക്കന്മാർ ഉണ്ടാകാതെഇരുന്നില്ല; പരസ്പരകലഹങ്ങളും സമരങ്ങളും ധാരാളം നടന്നു; എന്നിട്ടും ബുദ്ധസാസ്കാരത്തിനും സാഹിത്യസംരംഭത്തിനും കലാകുശലതയ്ക്കും യാതൊരു കുറവും ഉണ്ടായില്ല. അനവധി കവനങ്ങൾ ഉണ്ടായി; ഒന്നാംതരം ചിത്രങ്ങൾ എഴുതപ്പെട്ടു; മനോഹരങ്ങളായ പിഞ്ഞാണപാത്രങ്ങൾ നിർമ്മിതങ്ങളായി; ഭംഗിയുള്ള മന്ദിരങ്ങൾ പണിചെയ്യപ്പെട്ടു; അച്ചടി നടപ്പായി; തേയില പാനീയമായി; അതിനെ സ്തുതിച്ച് കവികളും പുറപ്പെട്ടു. ചുരുക്കത്തിൽ, ചീനന്മാർ കലാവിദ്യകളിലും, കൈത്തൊഴിലുകളിലും, കവനങ്ങളിലും കാണിച്ച കുശലതയും അന്തസ്സും ലാവണ്യവും ഇന്ന് പരിഷ്കാരപാരമ്യം സിദ്ധിച്ചിരിക്കുന്ന സമുദായങ്ങൾക്കുപോലും ആദരണീയങ്ങളാകുന്നു.

ഹാൻവംശരാജാക്കന്മാരുടെ രാജ്യഭരണകാലത്താണ് ബുദ്ധമതം ചീനത്തു പരന്നതും, അച്ചടിവിദ്യ കണ്ടുപിടിച്ചതും, ഉദ്യോഗങ്ങൾക്കു പരീക്ഷ വച്ചതും. ഏ. ഡി. മൂന്നാംശതാബ്ദത്തിൽ ഹാൻവംശം നശിച്ചു. രാജ്യം മൂന്നു ഭാഗമായി പിരിഞ്ഞു. ത്രിസംസ്ഥാനങ്ങളായി പിരിഞ്ഞിരുന്നതു് ഒന്നു രണ്ടു ശതവർഷകാലത്തേക്കുമാത്രമല്ല; നാലു ശതവർഷങ്ങൾ കഴിഞ്ഞതിനു മേൽ, അതായതു്, ഏ. ഡി. 7-ാംശതാബ്ദത്തിൽ താർങ്ങ്രാജവംശം രാജ്യഭാരം ഏററതിൽ പിന്നീടാണ്, മൂന്നു സംസ്ഥാനങ്ങളും ഒന്നായിച്ചേർന്ന് ഏകമായ സാമ്രാജ്യമായതു്. രാജ്യം പിരിഞ്ഞിരുന്ന കാലത്തും പരിഷ്കാരം തുടരുകതന്നെ ചെയ്തു. ടാർട്ടർ ജാതിക്കാർ വടക്കൻദേശങ്ങളിൽ കടന്ന് അതിക്രമങ്ങൾ നടത്തിയിട്ടും അതിനു കുലുക്കം ഉണ്ടായില്ല. അക്കാലത്തു് വലിയ ഗ്രന്ഥശാലകൾ ഉണ്ടായി. ഇൻഡ്യയിൽനിന്നുള്ള ഒന്നാന്തരം തുണിച്ചരക്കുകളും മററു പല സാമാനങ്ങളും അവിടെ വിററഴിഞ്ഞു. ഇൻഡ്യാ തുണിച്ചരക്കുകൾ മാത്രമല്ല,

ജ്ഞാനച്ചരക്കുകളും ചീനത്തു് ഇറക്കുമതിചെയ്തു. ബുദ്ധമതംതന്നെ ഭാരതീയർ അവിടെ കൊണ്ടിറക്കിയതാണു്. അതുകൊണ്ടു് ചീനത്തു് ഉണ്ടായ പരിവൎത്തനം അന്യാദൃശമായിരുന്നു. ചീനം പണ്ടേ പരിഷ്കൃതദേശമാണു്. അവിടെ ബുദ്ധസംസ്കാരവും, ആൎയ്യകലാവൈദഗ്ദ്ധ്യവും, തത്വജ്ഞാനകുശലതയും ചെന്നു ചേൎന്നപ്പോൾ, രണ്ടുംകൂടി കലൎന്നുള്ള ഒരു നവീനപരിഷ്കാരം ഉത്ഭവിച്ചു. അതിൽ മുക്കാലും ചീനവും കാൽഭാഗം ഭാരതീയവുമായിരുന്നു. ഈ സമ്മേളനം ചീനയെ തട്ടി ഉണൎത്തി. ചീനത്തുകൂടി ബുദ്ധമതവും ഭാരതകലയും കിഴക്ക് കൊറിയയിലും ജപ്പാനിലുംകടന്നു് ഓരോ സംസ്ഥാനത്തും അതതിന്റെ യുക്തമായ പരിണാമത്തെപ്രാപിച്ചു. ഇൻഡ്യയിൽനിന്നു സംക്രമിച്ച ബുദ്ധമതമല്ല ഇന്നു് ചീനത്തും ജപ്പാനിലും കാണുന്നതു്. അതുപോലെ, നാടനുസരിച്ചു് കലകൾക്കും വ്യത്യാസം വന്നു. ഇൻഡ്യയിൽ കലകളും സൗന്ദൎയ്യബോധവും ക്ഷയിച്ചു. ചീനത്തും ജപ്പാനിലും അവ പുതുമ ഏററു. ബുദ്ധമതം ചീനത്തു പരന്നതോടുകൂടി ഭാരതീയസന്യാസികളും ശിഷ്യരും അവിടെ കുടിയേറി. ചീനന്മാർ പലരും ഇൻഡ്യയിലും വന്നു. ഹിയൂൻസാങ്ങും ഫാഹിയാനും വന്നിരുന്നതു് മുമ്പു പറഞ്ഞല്ലോ. ഹിഷേങ്ങ് എന്നൊരാൾ പിന്നെ വന്നു. അയാൾ കിഴക്കോട്ടു സഞ്ചരിച്ചു് ശാന്തസമുദ്രം ലംഘിച്ചു് ഇന്നത്തെ ബ്രസീൽ എന്ന രാജ്യത്തു് പോയിരുന്നോ എന്നുകൂടി ശങ്കയ്ക്കു് അവകാശമുണ്ടു്. ആ സ്ഥലത്തിനു് ഫുസാങ്ങ് എന്നാണു് അയാൾ പേരിട്ടതു്. ഇതു് ഏ ഡി. ൪൯൯-ലായിരുന്നു. ചീനത്തു് ബുദ്ധമതപ്രചാരം വൎദ്ധിച്ചപ്പോൾ വൃദ്ധപുരോഹിതനായിരുന്ന ബോധിധമ്മൻ ഇൻഡ്യയിൽനിന്നു് അനവധി ശിഷ്യരൊരുമിച്ചു് ചീനത്തു് കാൻറൺനഗരത്തിൽ ചെന്നെത്തി. അക്കാലത്തു് ചീനയുടെ ഒരു ഭാഗമായിരുന്ന ലോയാങ്ങിൽതന്നെ മൂവായിരം ഭാരതീയ-

ബുദ്ധസന്യാസികളും പതിനായിരം ഭാരതീയബൗദ്ധകുടുംബങ്ങളും പാർത്തിരുന്നതായി കാണുന്നു. ബുദ്ധമതത്തിനു ഭാരതഭൂമിയിൽ ക്ഷണികമായ ഉത്തേജനം ഉണ്ടായി എങ്കിലും അതു് ക്രമേണ ക്ഷയിച്ചു. ബുദ്ധമതകേന്ദ്രം ചീനായായി.

ഹാൻവംശം പോയി; താങ്ങ്‌വംശം എ. ഡി. 618-ൽ ചീനാസാമ്രാജ്യം ഏററു. പ്രഥമചക്രവർത്തിയായിരുന്ന തായോത്സു എന്ന ആൾ ത്രിസംസ്ഥാനങ്ങളെ ഒന്നാക്കിയതു മാത്രമല്ല, തെക്കു്, ആസാം, കാംബോഡിയാ എന്നുള്ള ദേശങ്ങളും, പടിഞ്ഞാറു് പർസിയ മുതൽ കാസ്പിയൻകടൽവരെയും സാമ്രാജ്യത്തോടു ചേർക്കയും ചെയ്തു. കൊറിയയുടെ ഒരു ഭാഗവും പിടിച്ചു. ഈ വലിയ സാമ്രാജ്യത്തിൻെറ തലസ്ഥാനം സിയൻഫു് എന്ന നഗരമായിരുന്നു. അക്കാലത്തു് ഇത്ര കേമമായ രാജധാനി മറെറാരിടത്തും ഇല്ലായിരുന്നു. പരിഷ്കാരത്തിലും കലാകുശലതയിലും അവിടം മുന്നണി പിടിച്ചിരുന്നു. ജപ്പാൻ, കൊറിയ മുതലായ പുറംസംസ്ഥാനങ്ങളിൽനിന്നു് ശാസ്ത്രങ്ങളും കലകളും അഭ്യസിക്കാൻ അനേകം വിദ്യാർത്ഥികൾ വന്നുകൊണ്ടിരുന്നു. വിദേശീയരുടെ വ്യാപാരം അവിടെ വർദ്ധിച്ചു. അവരെ സ്വകീയനിയമപ്രകാരംതന്നെ പരിപാലിക്കുന്നതിനു പ്രത്യേകനിയമങ്ങളുമുണ്ടായിരുന്നു. മഹാമത്തു് ജനിക്കുന്നതിനു മുമ്പുതന്നെ അറബികൾ ചീനത്തു കടന്നുകഴിഞ്ഞിരുന്നു. അവരുടെ ഓടങ്ങളിലും ചിപ്പങ്ങളിലുമാണു് കച്ചേടം ധാരാളമായി നടന്നുവന്നതു്.

കനേഷുമാരി കണക്കെടുക്കുന്ന സമ്പ്രദായം ഇന്നു വെള്ളക്കാർ ഏർപ്പെടുത്തിയതല്ല, എ. ഡി. 754-ൽ ചീനത്തു് ആ കണക്കു് എടുത്തിരിക്കുന്നതായി കാണുന്നു. അന്നു് ആളെണ്ണുക അല്ല, കുടുംബങ്ങളെ എണ്ണുക ആണു് ചെയ്തിട്ടുള്ളതു്. ഒരു കുടുംബത്തിൽ ശരാശരി അഞ്ചംഗങ്ങൾ ഉണ്ടെന്നാണു കണക്കാക്കിയതു്. അപ്രകാരം

നോക്കിയതിൽ അന്ന് ചീനാസാമ്രാജ്യത്ത് അഞ്ചുകോടി ജനങ്ങൾ ഉണ്ടായിരുന്നതായി കണ്ടിരിക്കുന്നു. കടലാസ് ഉണ്ടാക്കാനുള്ള വിദ്യ ചീനത്തുകാരാണ് കണ്ടുപിടിച്ചത്. എ. ഡി. 751—ൽ അറബികളും ചീനരും തമ്മിൽ തുർക്കിസ്ഥാനത്തുവെച്ച് യുദ്ധം നടന്നതിൽ കുറെ ചീനത്തുകാരെ അറബികൾ തടവുകാരാക്കി കൊണ്ടുപോയി; അവരിൽ നിന്ന് അറബികൾ ആ വിദ്യ പഠിച്ചു. അറബികളാണ് അതുകൊണ്ടുപോയി യൂറോപ്യന്മാരെ അഭ്യസിപ്പിച്ചത്. വെടിമരുന്ന് ആദ്യമായി ഉണ്ടാക്കിയത് ചീനന്മാരാണ്. ചീനന്മാർ ശില്പശാസ്ത്രകുശലന്മാരും യന്ത്രവിദ്യാപ്രവീണന്മാരുമായിരുന്നു. ചുരുക്കത്തിൽ, താങ് വംശക്കാരുടെ കാലം മുന്നൂറുകൊല്ലം ചീനയുടെ ശുക്രദശാകാലമായിരുന്നു; ആ വംശം എ. ഡി. 970—ാമാണ്ടു വരെ നിലനിന്നു.

ആ വംശക്കാരുടെ ആദികാലത്താണ് രണ്ടു നൂതന മതങ്ങൾ—ക്രിസ്തുമതവും ഇസ്ലാംമതവും—ചീനത്തുവന്നു കയറിയത്. ഇരുമതക്കാരെയും താങ്സാമ്രാട്ടുകൾ ഒരുപോലെ സൽക്കരിച്ചു. ഇരുകൂട്ടർക്കും പള്ളികൾ വെച്ചുകൊടുത്തു. ക്രിസ്തുമതത്തിൽ നെസ്റ്റോറിയൻ ശാഖക്കാരാണ് ആദ്യം വന്നത്. ആ വർഗ്ഗം ഇന്നു മലയാളക്കരയിൽ ഒഴിച്ച് എങ്ങും ഇല്ലാതായി. അറബികൾക്ക് ആദ്യമായി കാന്റൺനഗരത്തിൽ വെച്ചുകൊടുത്ത പള്ളി ആയിരത്തിമുന്നൂറിൽമേൽ വർഷം കഴിഞ്ഞിട്ട് ഇന്നും കാണ്മാനുണ്ട്. ലോകത്തിലെ പുരാതനപള്ളികളിൽ ഇതൊന്നാണ്.

ഭാരതഭൂമി ഗുപ്തസാമ്രാജ്യാനന്തരം ക്ഷീണദശയെ പ്രാപിച്ചപ്പോൾ ചീനാസാമ്രാജ്യം താങ്വംശക്കാരുടെ പരിഷ്കാരങ്ങളിൽ അഭിവൃദ്ധമായിരുന്നു. ഏഷ്യാമഹാചക്രവാളത്തിൽ സൂര്യനായി ചീന വിളങ്ങി. ആ സൂര്യ-

ന്റെ വെളിച്ചം മററുള്ള നാട്ടുകളിലും പ്രസരിക്കാതിരുന്നില്ല. അപ്രകാരം ചീനാസംസ്കാരം പ്രചരിച്ച പ്രധാന നാട്ടുകൾ കൊറിയയും ജപ്പാനും ആകുന്നു.

കൊറിയയും ജപ്പാനും ഏഷ്യാമഹാഖണ്ഡത്തിെ കിഴക്കേ അററത്തു സ്ഥിതിചെയ്യുന്നു. അവയ്ക്കു അപ്പുറം ശാന്തമഹോദധിയാണ്. അതുകൊണ്ടു ആ പ്രദേശങ്ങളെ ഔപചാരികമായി ഏഷ്യയിലുൾപ്പെടുത്തുന്നു എന്നല്ലാതെ, അവ പണ്ടു ഏഷ്യയിലെ പരിഷ്കൃതിക്കൊ അഭിവൃദ്ധിക്കൊ കാര്യകാരികളായിട്ടില്ല. അവയെ ചീനമാതാവിന്റെ ചെറുസന്താനങ്ങളായി ഗണിക്കുന്നതായിരിക്കും യുക്തം.

ജപ്പാൻ അക്കാലത്തു കേട്ടുകേൾവിപോലും ഉണ്ടായിരുന്ന ദ്വീപങ്ങളല്ലായിരുന്നു. കൊറിയ അങ്ങനെയല്ല. ബി. സി. 1112—ൽ ചീനചക്രവർത്തിയുമായി മുഷിഞ്ഞു കിത്സി എന്ന പ്രധാനാമാത്യൻ അയ്യായിരം അനുയായികളോടുകൂടി കിഴക്കോട്ടു തിരിച്ച് 'വരഭൂമി' എന്നും 'അരുണോദയഭൂമി' എന്നും പേരിട്ട കൊറിയാദേശത്തു പോയി പാർത്ത കഥ എട്ടാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ചീനത്തു ഉണ്ടായിരുന്ന പല ആളുകളും പരിഷ്കാരങ്ങളും കൈത്തൊഴിലുകളും അവിടെ സംക്രമിച്ചതും തൊള്ളായിരം വർഷം കിത്സിയുടെ വംശക്കാർ അവിടം ഭരിച്ചതും അവിടെ പ്രസ്താവിച്ചുകഴിഞ്ഞു. ഷിഹ്വാന്തീ എന്ന ചീനാസാമ്രാട്ടിന്റെ കാലത്തു—ഈ വാദാനാണ് പുരാണങ്ങളെല്ലാം ചുട്ടിട്ട് പ്രഥമചക്രവർത്തിയായി ഞെളിഞ്ഞിരുന്നതു—അദ്ദേഹത്തിന്റെ ദ്രോഹം സഹിക്കവയ്യാതെ അനവധി ചീനന്മാർ കൊറിയയിൽ കുടിയേറി, ബലഹീനന്മാരായിത്തീർന്ന കിത്സിവംശക്കാരെ ഓടിച്ചു. പിന്നെ എണ്ണൂറു കൊല്ലം രാജ്യം ഛിദ്രിച്ച് അനവധി ചെറുസംസ്ഥാനങ്ങളായി പിരിഞ്ഞു, തമ്മിൽ എന്നും കലഹിച്ച് ഒരുകൂട്ടർ ചീനയോടു സഹായം അ-

പേക്ഷിച്ചു. അതുതന്നെ തരമെന്നു കരുതി, ചീന, കൊറിയയെ കൈക്കലാക്കി. ഇപ്പോൾ ഇതാ സാധു കൊറിയയെ ജപ്പാൻ വിഴുങ്ങിയിരിക്കുന്നു! ചീനയുമായി യുദ്ധം ചെയ്തു് ജപ്പാൻ ജയം നേടി മഞ്ചൂറിയ മുതലായ സംസ്ഥാനങ്ങളിൽക്കൂടി കൈകടത്തിക്കഴിഞ്ഞു. അതും പോരാതെ മംഗോളിയൻസംസ്ഥാനത്തെയും ഇപ്പോൾ ആക്രമിച്ചു് യുദ്ധം നടത്തുന്നു! അക്കഥ എല്ലാം നവീന ചരിത്രമാണു്.

കിത്സിയുടെ വംശം നശിച്ചശേഷം കൊറിയാക്കാൎക്കു് സ്വാതന്ത്ര്യം കിട്ടിയതു് എ. ഡി. ൯൩൫-ൽ ആണു്. വാൻകിയൻ എന്നൊരു വീരനാണു് അതു് സമ്പാദിച്ചതു്. അയാളുടെ പിൻവാഴ്ചക്കാർ നാന്നൂററി അമ്പതു കൊല്ലം വാണു. ഈ കൊറിയാസംസ്ഥാനം ഉണ്ടായി രണ്ടായിരം കൊല്ലത്തിനിടയ്ക്കു്, ആദ്യം തൊള്ളായിരവും, ഇടക്കാലത്തു് നാന്നൂററമ്പതും, ഇങ്ങനെ പതിമ്മൂന്നരശതവൎഷം, സ്വാതന്ത്ര്യം അനുഭവിച്ചതല്ലാതെ, ശേഷം കാലമെല്ലാം കീഴണഞ്ഞിരുന്നു എങ്കിലും, ഇന്നും കൊറിയന്മാൎക്കു് സ്വാതന്ത്ര്യലാഭത്തിൽ ഉള്ള മോഹം നിലനിൽക്കുന്നുണ്ടു്. കൊറിയയ്ക്കു കിട്ടിയ പരിഷ്കാരവും മതവും കലാകൗശലവും എല്ലാം ചീന കൊടുത്തതാണു്. കൈയെഴുത്തുപോലും ചീനന്മാരുടേതായിരുന്നു. ഇപ്പോൾ അതു് ഭേദപ്പെട്ടിട്ടുണ്ടു്. ബുദ്ധമതവും ചീനത്തുനിന്നു് കുടിയേറി. ചീന കൊടുത്ത കലാവിദ്യകളെ കൊറിയന്മാർ ഒന്നുകൂടി മിനുക്കി ഒന്നാംതരം പണിത്തരങ്ങൾ സൃഷ്ടിച്ചു. കപ്പൽപണിയിൽ കൊറിയന്മാർ അതിവിദഗ്ദ്ധന്മാരായിരുന്നു. അവൎക്കു് നല്ലൊരു നാവികബലം ഉണ്ടായിരുന്നതായും കാണുന്നു. അതുകൊണ്ടാണു് അവർ ജപ്പാനിൽ ആക്രമണം നടത്തിയതു്.

ചീനയോടും കൊറിയയോടും ഒപ്പം ജപ്പാൻ പഴമ ഉള്ള രാജ്യമല്ല. ഇന്നത്തെ ജാപ്പുകൾ കൊറിയയിൽനിന്നും

മലേഷ്യയിൽനിന്നും കുടിയേറിയവരുടെ സന്താനങ്ങൾ ആണ്. മംഗോളിയൻവർഗ്ഗക്കാരാണ് അവർ. അവർക്ക് മുമ്പിൽ നാട്ടുകാരായി ഐനുക്കൾ എന്ന രോമാശന്മാരായ ഒരുവക മനുഷ്യർ ഉണ്ടായിരുന്നു. അവരെ ഇന്നത്തെ ജാപ്പുകൾ വടക്കൻപ്രദേശങ്ങളിലേയ്ക്ക് ഓടിച്ചു.

എ. ഡി. ഇരുന്നൂറാംകൊല്ലത്തിൽ യവതൊ എന്ന ദേശത്തിന് അധിപതിയായി ജിംഗോ എന്ന ഒരു രാജ്ഞിയുടെ പേർ കാണുന്നു. ഇംഗ്ലീഷ് ഭാഷയിൽ 'ജിംഗോ' എന്ന പദത്തിന് ഗർവിഷ്ഠനായ അധികാരവാദി എന്നാണ് അർത്ഥം. ജപ്പാന്റെ നയം മിക്കവാറും അതിനോട് ഒപ്പിച്ചിരിക്കുന്നുണ്ട്. ആരും ആ രാജ്യത്തെ ആക്രമിക്കയുംമററും ചെയ്തിട്ടുള്ളതായി കേട്ടുകേൾവിയില്ല. ആഭ്യന്തരകലഹം ധാരാളം ഉണ്ടായിട്ടുണ്ട്. കുറേക്കാലം ജപ്പാൻ കൂട്ടിലടച്ചിരുന്നു. എന്നുവെച്ചാൽ, ജപ്പാൻജനങ്ങൾ പുറനാടുകളിൽ പോകയോ മറുനാട്ടുകാർ (ചീനന്മാർപോലും) അവിടെ കടക്കയോ ചെയ്തുകൂടാ എന്ന് നിർബന്ധമുണ്ടായിരുന്നു. ക്രിസ്ത്യാനിപ്പാതിരിമാർ അവിടെ കടക്കാതിരിക്കാൻ ചെയ്ത ഏർപ്പാടാണ് ഇതു്. അതു് ദോഷത്തെ ആണെന്നു് ബോധപ്പെട്ടതോടുകൂടി രാജ്യത്തിൽ ആർക്കം പ്രവേശനം ലഭിച്ചു. "ഒന്നുകിൽ ആശാന്റെ നെഞ്ചത്തു് അല്ലെങ്കിൽ കളരിക്കുപുറത്തു്" എന്ന മാതിരി മറുദേശങ്ങളും ആയുള്ള ഇടപാടു് മുഴുത്തു് ജപ്പാൻ ഇന്നു് ഒരു യൂറോപ്യൻ രാജ്യത്തിന്റെ പ്രകൃതിയെ പ്രാപിച്ചിരിക്കുന്നു. കണ്ടുപഠിക്കാനും കണ്ടതെല്ലാം സ്വാധീനമാക്കാനും ജപ്പാനു് എളുപ്പവും വശതയും ഒന്നു വേറെതന്നെയാണ്. പൗരസ്ത്യാചാരങ്ങൾ വെടിഞ്ഞു് പാശ്ചാത്യസമ്പ്രദായം ജപ്പാൻ സ്വീകരിച്ചതു് ബഹുഎളുപ്പം, അൻപതു കൊല്ലം കൊണ്ടു് കഴിഞ്ഞു!

ആദികാലത്തു് ചീനത്തു് ഉണ്ടായിരുന്ന പരിഷ്കാരം കൊറിയയിൽകൂടി ജപ്പാനിൽ കടന്നു. ക്രിസ്തുാബ്ദം അ-

ഞ്ചാംശതകത്തിൽ ചീനരുടെ കയ്യെഴുത്തും ബുദ്ധമതവും കിട്ടി. എ.ഡി. ൫൫൨-ൽ ഒരു സ്വർണ്ണബുദ്ധവിഗ്രഹവും കുറെ വൈദികഗ്രന്ഥങ്ങളും കൊറിയാരാജാവ് അയച്ചുകൊടുത്തു. ഷിന്റോമതമായിരുന്നു ജപ്പാനിൽ ആദികാലംമുതൽ ഉണ്ടായിരുന്നതു്. "ഷിന്റോ" എന്ന പദത്തിന്ന് "ദേവപഥം" എന്നാണർത്ഥം. പ്രകൃത്യാരാധനവും പിതൃാരാധനവും ആണ് അതിൽ പ്രധാനം. മരണാനന്തരമുള്ള ആത്മാവിന്റെ സ്ഥിതിയെപ്പററിയോ, പുനർജ്ജന്മത്തെപ്പററിയോ ഒന്നുംഗണനയില്ലായിരുന്നു. ചീനത്തുനിന്നാണ് ജപ്പാനു ലഭിച്ച പരിഷ്ക്കാരമെല്ലാം. എങ്കിലും, രണ്ടു ജനങ്ങളുടേയും പ്രകൃതിക്ക് വളരെ ഭേദമുണ്ടു്. ശാന്തസ്വഭാവികളും തത്വചിന്തകരും ആയിരുന്നു ചീനന്മാർ; ജാപ്പുകളാകട്ടെ, യുദ്ധപ്രിയന്മാരും ബഹളികളും ആയിരുന്നു് നായകാനുസരണം അവർക്കുള്ള പ്രധാന ഗുണമായിരുന്നു. ദൈവത്തെയും പിതൃക്കളേയും വണങ്ങണം എന്നാണു ഷിന്റോ മതം ഉപദേശിച്ചതു്. ഈ അനുസരണശീലമാണ് ജപ്പാൻകാരുടെ മുഖ്യബലം. തന്നിമിത്തം ഉണ്ടായ ഒത്തൊരുമ ആണ് അവരുടെ സകലാഭ്യുദയത്തിനും നിദാനം. ബുദ്ധമതവും ഷിന്റോമതവും തമ്മിൽ ആദ്യം പൊരുത്തമില്ലാതെ പിണങ്ങി എങ്കിലും, ഒടുവിൽ രണ്ടും യോജിച്ച് ഇന്നും ജപ്പാനിൽ വിലസുന്നു. മേലാവിനോടുണ്ടായ അനുസരണം രാജാവിൽ സംക്രമിച്ചപ്പോൾ രാഷ്ട്രീയമായ സാമ്രാജ്യാധിപത്യത്തിന്ന് നിദാനമായി. 'മിക്കാഡോ' എന്നാണ് ജപ്പാൻ ചക്രവർത്തിയുടെ സ്ഥാനപ്പേർ. ഓരോ വീട്ടിലും മിക്കാഡോവിന്റെ വിഗ്രഹം വെച്ച് പൂജ ചെയ്തുവരുന്നു. സൂര്യനിൽനിന്നും ജനിച്ച ദേവാംശമാണ് രാജാവ് എന്നാണ് അവർ വിശ്വസിക്കുന്നതു്. യവതോ എന്ന ദേശത്തു് ആദ്യം നരഎന്നൊരു പ്രധാന പട്ടണം പണിതു് താങ്വംശ ചക്രവർത്തിയുടെ തലസ്ഥാനനഗരിയിൽ കണ്ടിരുന്ന പല പരിഷ്ക്കാ-

രങ്ങളും അവിടെ പകർത്തി. അക്കാലം ഇടപ്രഭുക്കന്മാരുടെ ആധിപത്യം മുഴുത്തിരുന്നു. ഇററലി ഏർപ്പാടനുസരിച്ച് ഓരോ പ്രഭുക്കന്മാർക്കും സേനാബലം ഉണ്ടായിരുന്നു. മിക്കാഡോ കേവലം പാവയെപ്പോലെ അവരുടെ കയ്യിൽ തുള്ളി. പ്രാമാണികത്വത്തിന് ഈ പ്രഭുക്കന്മാർ തമ്മിൽ എന്നും കലഹം നടന്നു. അവരെ പിടിച്ചടക്കാൻ ആരും ഒരുമ്പെട്ടില്ല. അങ്ങിനെ കുറേ കഴിഞ്ഞപ്പോൾ സോഗാവംശക്കാരുടെ ഒടുവിലത്തെ ചക്രവർത്തി ആയിരുന്ന ഷോതുകതൈഷി എന്ന ആൾ രാജാധികാരം നടത്തി പ്രഭുക്കന്മാരെ ചൊല്പടിക്കാരാക്കി. എ. ഡി. ൬൦൦-ലാണ് ഇങ്ങനെ നടന്നത്. അദ്ദേഹത്തിന്റെ മരണാനന്തരം ആ വംശത്തെ പ്രഭുക്കൾ ഓടിച്ചു. അല്പകാലം ചെന്നപ്പോൾ 'കാക്കത്തോമിനോകാമനോറി' എന്നൊരു വീരനുണ്ടായി. അദ്ദേഹം സ്വാധികാരം ഉറപ്പിച്ചു. ഭരണസമ്പ്രദായം ചീനത്തുനിന്നു പകർത്തി. നര രാജധാനി ആയത് അക്കാലത്താണ്. ഏറെ താമസിയാതെ എ. ഡി. ൭൯൪-ൽ രാജധാനി കിയോട്ടോവിലേക്ക് മാററി. പതിനൊന്ന് വർഷശതങ്ങൾ കഴിഞ്ഞിട്ടാണ് ഇപ്പോഴത്തെ 'തോക്കിയോ' രാജധാനി ആയത്. ജപ്പാന്റെ ചരിത്രം മുഴുക്കെ തോക്കിയോ അല്ല, കിയോട്ടോ ആണ് കണ്ടിരിക്കുന്നത്.

ഫൂജിവാരാവംശത്തിന്റെ കൂടസ്ഥനായിരുന്നു കാക്കത്തോമി. ആ വംശക്കാർ ജപ്പാൻചരിത്രത്തിൽ പ്രാധാന്യം നേടിയവരാണ്. ഇരുന്നൂറുകൊല്ലം ചക്രവർത്തികൾ പേരിനുമാത്രം ഉണ്ടായിരുന്നതല്ലാതെ ഫൂജവാരാവംശക്കാരാണ് ഭരണം നടത്തിയത്. അവരുടെ തറവാട്ടിലെ പെണ്ണുങ്ങളെ അല്ലാതെ ചക്രവർത്തികൾ വിവാഹം ചെയ്തുകൂടായിരുന്നുത്ര!

ജപ്പാന്റെ പേർ 'ഉദയസൂര്യമണ്ഡലം' എന്നായിരുന്നു. അത് ഒരു ചീനാചക്രവർത്തി ഇട്ട പേരാണ്.

അവരുടെ ഭാഷയിൽ 'ദായിനിപ്പാങ്' എന്നു പറഞ്ഞു വന്നതിൻെറ ഛായയാണ് 'ജപ്പാൻ' എന്നായിത്തീർന്നത്. മാർക്കോപ്പോളൊ എന്ന ദേശസഞ്ചാരി ആ പേരിനെ 'ചിപ്പാങ്ങോ' എന്നാക്കി. അതുപോലെ, ഭാരതഭൂമിക്ക് ഇൻഡ്യ എന്നും ഹിന്ദുസ്ഥാനം എന്നും പേർ സിദ്ധിച്ചത് സിന്ധുനദിയുടെ പേരിൽനിന്നാണ്. സിന്ധുനദിയെ ഗ്രീക്കുകാർ 'ഇൻഡോസ്' എന്നു വിളിച്ചു. അതിൽ നിന്ന് രാജ്യത്തിന് ഇൻഡ്യ എന്ന് പേർ കിട്ടി. പർഷ്യന്മാർ സിന്ധുവിനെ ഹിന്ദുവാക്കി. അതിൽ നിന്ന് ഹിന്ദുസ്ഥാനവും ഹിന്ദുമതവും എന്ന പേരുകൾ വന്നു.

---

## ഇരുപത്തിആറാം അദ്ധ്യായം

---

### ഹർഷവർദ്ധനനും ഹിയൻസാങ്ങും

ഭാരതഭൂമിയിൽ ബാലാദിത്യനോടുകൂടി ഗുപ്തവംശം അസ്തപ്രായമായതും, ഹൂണന്മാരെ നാടുവിട്ട് ഓടിച്ചതും, ഉത്തരേൻഡ്യയിൽ ചെറുസംസ്ഥാനങ്ങൾ മുതിർന്നതും, ദക്ഷിണദേശത്ത് പുലകേശി ചാലൂക്യൻ സാമ്രാജ്യം ഏർപ്പെടുത്തിയതും കഴിഞ്ഞ ഒരു അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ഇന്ന് കാൺപൂർ ഒരു പ്രധാന നഗരമാണ്. അതിനു പ്രാധാന്യം വന്നതിന് എത്രയോ മുമ്പ്, തത്സമീപത്ത് കന്യാകുബ്ജം എന്നൊരു പട്ടണം ഉണ്ടായിരുന്നു. പണ്ട് ഒരു മഹർഷി ഒരു രാജാവിൻെറ നൂറു പെൺമക്കളെ ശപിക്കയാൽ അവർ കൂനികളായിപ്പോയി എന്നും അവർ പാർത്തിരുന്ന പട്ടണത്തിന് കന്യാകുബ്ജം എന്ന് പേർസിദ്ധിച്ചു എന്നുമാണ് ഐതിഹ്യം. ഹൂണന്മാർ കന്യാകുബ്ജത്തു വാണിരുന്ന രാജാവിന്റെ പത്നിയായ രാജശ്രീയെ ബന്ധനസ്ഥയാക്കികൊണ്ടുപോയി. രാജശ്രീയുടെ സോദരൻ രാജവർദ്ധനൻ

സഹോദരിയെ വീണ്ടെടുക്കാൻ യുദ്ധം ചെയ്തു് ചതിവിൽ ഹതനായി. അനന്തരം അദ്ദേഹത്തിന്റെ കനിഷ്ഠസഹോദരൻ ആയിരുന്ന ഹർഷവർദ്ധനൻ സോദരിയെ തേടി പുറപ്പെട്ടു. അവൾ എങ്ങനെയോ ഹൂണന്മാരിൽ നിന്നു് രക്ഷപ്പെട്ടു് മലയേറി. അവിടെ അവൾക്കു് സങ്കടം സഹിക്കവയ്യാതെ ആയപ്പോൾ സതിയായി പ്രാണഹാനിക്കു് ഒരുമ്പെട്ടു. ജീവഹാനി വരുത്തുന്നതിനു മുമ്പായി ഹർഷൻ കണ്ടുമുട്ടി രക്ഷപ്പെടുത്തി. തദനന്തരം ജ്യേഷ്ഠനെ ചതിവിൽ കൊന്ന രാജാവുമായി യുദ്ധം ചെയ്തു്, അയാളുടെ രാജ്യം മാത്രമല്ല, ഉത്തരേൻഡ്യ മുഴുക്കെ പിടിച്ചടക്കി, വിന്ധ്യാദ്രിവരെ വിസ്തൃതമായ സാമ്രാജ്യം നേടി. വിന്ധ്യനു തെക്കു് ചാലൂക്യസംസ്ഥാനം പ്രബലമായിരുന്നതുകൊണ്ടു് അതു് കടന്നുപോകാൻ ഹർഷനു് സാധിച്ചില്ല.

ഹർഷവർദ്ധനൻ കന്യാകുബ്ജം രാജധാനി ആക്കി. ബുദ്ധമത ചക്രവർത്തികളിൽ അദ്ദേഹമായിരുന്നു അന്തിമൻ. അനവധി വിദ്വാന്മാരാലും കവികളാലും കലാവിദഗ്ദ്ധരാലും അദ്ദേഹത്തിന്റെ രാജധാനി പ്രശോഭിച്ചു. ബ്രാഹ്മണമതം ബുദ്ധമതത്തെ മിക്കവാറും ആവരണം ചെയ്തുകഴിഞ്ഞിരുന്നെങ്കിലും, അതിന്റെ മഹിമ വിദേശസഞ്ചാരികളെ ആകർഷിക്കാതിരുന്നില്ല. അങ്ങനെ വന്ന സഞ്ചാരികളിൽ ഒരാളായിരുന്നു പ്രസിദ്ധനായ ഫിയൻസാങ്; എന്ന ചീനൻ. അയാൾ മദ്ധ്യേഷ്യയിൽകൂടി കടന്നു് ഇൻഡ്യയിൽ വന്നു് ഭാരതഭൂമിയെ ചുററി സഞ്ചരിച്ചതുകൂടാതെ, സിലോണിൽ പോലും പോയിരുന്നതായി കാണുന്നു. സഞ്ചരിച്ച ദേശങ്ങളുടേയും, അവിടത്തെ ജനങ്ങളുടേയും, ഭരണരീതികളുടേയും, ആചാരങ്ങളുടേയും, ഐതിഹ്യങ്ങളുടേയും, എന്നുവേണ്ട, കണ്ടതും കേട്ടതും എല്ലാത്തിന്റേയും ഒരു കഥ എഴുതിയിട്ടുള്ളതു് ഇന്നുള്ളവർക്കു് ഒരു നല്ല പ്രമാണമായി സിദ്ധിച്ചിട്ടുണ്ടു്. വിചാരിച്ചു നോക്കൂ;

അക്കാലത്തു് വഴികളോ, വാഹനങ്ങളൊ ഒന്നും ഇല്ലാതിരുന്നപ്പോൾ ചീനത്തുനിന്നു പുറപ്പെട്ടു് ഗോബിഎന്ന മഹാസൈകതത്തിൽബുദ്ധഭിക്ഷുവായിനടന്നു് തുർഫ്ഗാൻ താഷ് ഖണ്ഡം,സമരഖണ്ഡം,ബാല്ഖ്,ഖോടാൻ, യാർഖണ്ഡംഎന്നീ പ്രസിദ്ധനഗരങ്ങളുംകണ്ടു. ഹിന്ദുസ്ഥാനത്തു വന്നു അവിടെ ഉണ്ടായിരുന്ന സംസ്ഥാനങ്ങളെ കണ്ടു്, തിരിച്ചു സ്വന്ത നാട്ടിൽ അനവധി കൊല്ലംകൊണ്ടു ചെന്നെത്തി താൻ കണ്ട വിശേഷങ്ങളെല്ലാം വിവരമായി എഴുതിയിട്ട ഈ മഹാസഞ്ചാരിയുടെ ധീരതയും, സഹനശക്തിയും, സാഹസികതയും അന്യാദൃശവും അത്ഭുതാവഹവുമല്ലേ; ചീനാചക്രവർത്തി ആപല്ക്കരമായ ഈ ദേശാടനത്തെ ആദ്യം അനുവദിച്ചില്ല, കല്പനയെ കൂട്ടാക്കാതെയാണു് ഹിയൻസാങ്ങ് പുറപ്പെട്ടതു്. ഗോബിമഹാസൈകതത്തിൽഅയാൾചാകാതെ ചത്തുപിഴച്ചുഎന്നു വേണം പറയാൻ. അതിന്റെ ഇങ്ങെ അററത്തു വിളങ്ങിയിരുന്ന തുർഫ്ഗാൻ രാജ്യത്തു വന്നെത്തിയപ്പോൾ കേവലം ജീവച്ഛവമായി. മരുമദ്ധ്യത്തിൽ ഒരു ശാദ്വലപ്രദേശമായിരുന്നു ഈ ചെറിയസംസ്ഥാനം. ഇന്നുംപടത്തിൽ തുർഫ്ഗാൻ കാണാം. അവിടമെല്ലാംഇന്നു നശിച്ചു. പുരാണവസ്തുക്കളെ അന്വേഷിക്കുന്നവിദ്വാന്മാൎക്ക അവിടംഒരു കൗതുകാവഹമായ സ്ഥലമാകുന്നു. ഹിയാൻസാങ്ങ് വന്നകാലത്തു അങ്ങനെഅല്ലായിരുന്നു. ക്രിസ്ത്വബ്ദംഏഴാം ശതകത്തിൽ അവിടം നല്ല പരിഷ്കൃതനിലയിൽ ഇരുന്നു. ഇൻഡ്യ,ചീന,പേർസ്യ ഈ മൂന്നു സാമ്രാജ്യങ്ങളിലെ പരിഷ്ക്കാരങ്ങളുടെ ഒരു സംഗമസ്ഥാനംആയിരുന്നുഅവിടം. യൂറോപ്യൻ സംസ്കാരവും അല്പം കലരാതിരുന്നില്ല. ഇപ്രകാരം കൂട്ടുകറിയായിരുന്നപരിഷ്കൃതി പ്രത്യേകമൊരു വൈശിഷ്ട്യത്തെ പ്രദർശിപ്പിച്ചതിൽ ഒട്ടും ആശ്ചൎയ്യമില്ല. ബുദ്ധമതംഅവിടെപ്രചരിച്ചു. സംസ്കൃതഭാഷയിൽ

കൂടി ആൎയ്യസംസ്കാരം അവിടെ കടന്നു, എങ്കിലും ആചാരങ്ങളും നടപടികളും ചീനന്മാരുടേയും പർസ്യന്മാരുടേയും ആയിരുന്നു. നാട്ടുഭാഷ മംഗോളിയൻ അല്ലായിരുന്നു. യൂറോപ്പിലെ കെൽടിക്ക് ഭാഷയോടു സമമായ ഒരു ഇൻഡോയൂറോപ്യൻ ഭാഷയായിരുന്നതു ആശ്ചൎയ്യമാണു്. അതിലും അധികം അത്ഭുതം അവർ നിൎമ്മിച്ച വിഗ്രഹങ്ങളും ബിംബങ്ങളും പാശ്ചാത്യശില്പകലാവൈശിഷ്ട്യത്തെ വ്യഞ്ജിപ്പിച്ചതാണു്. ബുദ്ധവിഗ്രഹങ്ങളും ബോധിസത്വന്മാരുടെ രൂപങ്ങളും ദേവന്മാരുടേയും ദേവിമാരുടേയും ബിംബങ്ങളും ഭംഗിയേറിയവയായിരുന്നതു കൂടാതെ, കിരീടങ്ങളും അലങ്കാരങ്ങളും, ഉടയാടകളും ഗ്രീക്കുകാരുടെ രീതിയിൽ ഉള്ളവയായിരുന്നു. ഹിന്ദുകലയുടെ പുഷ്ടിയും, ഗ്രീക്കുകലയുടെ ചൈതന്യവും, ചീനകലയുടെ ലാവണ്യവും ഒന്നുചേൎന്നുണ്ടായ ഭംഗി അനിൎവാച്യമായിരുന്നു. പാശ്ചാത്യപൌരസ്ത്യകലകളുടെ സമ്മേളനത്തിൽ ഉണ്ടാവുന്ന രാമണീയകം എന്തെന്നു കണ്ടറിയാൻ തുർഫാൻ ഉതകി

തുർഫാനിൽനിന്നു ഹിയൻസാങ് കച്ചം എന്ന സ്ഥലത്തെത്തി. ഇതു് മദ്ധ്യേഷ്യയിൽ അന്നു ഉണ്ടായിരുന്ന പ്രസിദ്ധനഗരങ്ങളിൽ ഒന്നായിരുന്നു. വിശിഷ്യ, സംഗീതകുശലന്മാരും സുന്ദരികളും ഉണ്ടെന്നു കീൎത്തിസമ്പാദിച്ചിരുന്നു. അവിടെയും കൂട്ടുകറിപ്പരിഷ്കാരം കാണാമായിരുന്നു. മതവും കലാവിദ്യയും ഇൻഡ്യയിൽനിന്നു കിട്ടി, കച്ചോടച്ചരക്കുകളും സംസ്കാരവും പർസ്യയിൽ നിന്നു ലഭിച്ചു; സംസ്കൃതവും പർസ്യനും ലത്തീനും കെൽട്ടിക്കും ചേൎന്നുള്ള ഒരു അവിയൽഭാഷ സംസാരിച്ചു; കൊള്ളാമോ?

അവിടെനിന്നു് കടന്നു് ഹിയൻസാങ് മഹാഖാൻ ഭരിച്ചു വന്ന തുരുഷ്കരാജ്യത്തു് എത്തി. മദ്ധ്യേഷ്യമിക്കവാറും ബുദ്ധമതാനുയായി ആയിരുന്ന ഈ ഖാനിന്റെ

സാമ്രാജ്യമായിരുന്നു. അവിടെ നിന്ന് പുറപ്പെട്ട്, പണ്ട് ആയിരം കൊല്ലംമുമ്പ് മഹാൻ അലക്സാണ്ടർ പിടിച്ചടക്കിയ സമരഖണ്ഡത്തിൽ എത്തി. അവിടെനിന്ന് ബാൽഖിൽ, പിന്നെ കാബൂൾനദിതടംവഴി കാശ്മീരത്തു കൂടി ഭാരതഖണ്ഡത്തിൽ ഹിയൻസാങ് വന്നുകയറി. സുപരിഷ്കൃതരെന്ന് പ്രസിദ്ധി നേടിയിരുന്ന താങ്വംശചക്രവർത്തികൾ ചീനാസാമ്രാജ്യം ഭരിച്ചിരുന്ന കാലത്താണു ഈ ദേശസഞ്ചാരി അവിടെനിന്നു വന്നിട്ടുള്ളതെന്ന് ഓർമ്മിക്കുമ്പോൾ, അദ്ദേഹം കുറിച്ചിട്ടുള്ള അഭിപ്രായങ്ങൾ കേവലം ഒരു അപരിഷ്കൃതസഞ്ചാരിയുടേതല്ലെന്ന് ആർക്കും ബോധപ്പെടാമെന്നു തന്നെയല്ല, അവയെ വിലമതിക്കേണ്ടതാണെന്നും വിചാരിക്കാം. ഭാരതീയരെ ഹിയൻസാങ് വളരെ പുകഴ്ത്തിയിരിക്കുന്നു എന്നുള്ളത് നമുക്ക് ഏററവും അഭിമാനകരമാകുന്നു.

അയാൾ ദേശസഞ്ചാരം ആരംഭിച്ചപ്പോൾ വയസ്സ് ഇരുപത്തിആറ് മാത്രമായിരുന്നു. ആൾ നല്ല സുമുഖൻ, ദീർഘകായൻ, നല്ല നിറം, തെളിഞ്ഞു ജീവസ്സുള്ള കണ്ണുകൾ, ഭാവം ഗംഭീരം, ആരു കണ്ടാലും ശങ്കിയ്ക്കും; എങ്കിലും നയനാനന്ദകരൻ; നല്ല വശ്യവാക്ക്; സമുദ്രത്തിന്റെ ഗാംഭീര്യവും ചെന്താമരയുടെ സൗന്ദര്യവും ഉള്ള ആളായിരുന്നു എന്ന് ഒരു പഴയ ചീനരേഖ ഉണ്ട്. ബുദ്ധഭിക്ഷുവിന്റെ കാഷായവസ്ത്രം ധരിച്ച് ഏകാകിയായിപുറപ്പെട്ട ഈ മഹാന്റെ ധൈര്യവും ദൃഢനിശ്ചയവും അന്യാദൃശം തന്നെ. ഇൻഡ്യയിൽ അദ്ദേഹം ഏറെ നാൾ പാർത്തു. അധികകാലവും പാടലീപുത്രത്തിന് സമീപം നാളന്ദിവിഹാരവിദ്യാലയത്തിലാണ് താമസിച്ചതു്. അവിടെ പതിനായിരം ഛാത്രന്മാരും സന്യാസികളും ഉണ്ടായിരുന്നത്രേ! അന്ന് അവിടമായിരുന്നു ബുദ്ധമതത്തിന്റെ കേന്ദ്രസ്ഥാനം. ബ്രാഹ്മണമതത്തിൻെറതലസ്ഥാനം വാരാണസി ആയിരുന്നു.

ചീനത്തുകാർ ഭാരതഭൂമിയെ "ഇന്ദുദേശം" എന്നാണു പറഞ്ഞുവന്നതു്. 'ഇന്ദു' എന്നുള്ള പദത്തിന് സംസ്കൃതത്തിൽ ചന്ദ്രൻ എന്നാണല്ലോ അൎത്ഥം. ചീനഭാഷയിലും ചന്ദ്രന് 'ഇൻതു' എന്നുതന്നെയാണ് പദം. ഇൻഡ്യയെ ചന്ദ്രമണ്ഡലമാക്കിത്തീൎത്തതു് "സ്വൎഗ്ഗസാമ്രാജ്യ"ക്കാരാണെന്നുള്ളതു് യുക്തംതന്നെ! സ്വൎഗ്ഗസാമ്രാജ്യം എന്നുള്ള പേർ ചീനത്തിനുള്ളതാണ്. ഹീയൻസാങ്ങ് തിരിച്ചുള്ള യാത്രയിൽ സിന്ധുനദിയിൽ മുങ്ങിച്ചാകാനുള്ളതായിരുന്നു. ദൈവാനുകൂല്യം നിമിത്തം ആ അത്യാഹിതം സംഭവിച്ചില്ല. പക്ഷെ, അദ്ദേഹത്തിൻെറ കയ്യെഴുത്തുപുസ്തകങ്ങൾ മിക്കതും നദിയിൽ വീണ് ഒലിച്ചുപോയി. ശിഷ്ടമുണ്ടായിരുന്നതുംകൊണ്ടു് ചീനത്തു് എത്തിയപ്പോൾ, ചീനാചക്രവൎത്തി വളരെ ബഹുമാനത്തോടെ സ്വീകരിച്ചു്, യാത്രാചരിത്രം എഴുതുവാൻ ആജ്ഞാപിച്ചു. അപ്രകാരം എഴുതീട്ടുള്ള കഥയാണ് ഇന്നു് നമുക്കു കിട്ടിയിട്ടുള്ളതു്. അതിൽ പല സംഗതികളും തലയും വാലും കൂടാതെ വിവരിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിൻെറ നിരീക്ഷണങ്ങളും വിവരണങ്ങളും വാസ്തവകഥനങ്ങളാകുന്നു. അദ്ദേഹം കണ്ട സംഗതികളേയും ആളുകളേയും പററി പറഞ്ഞിട്ടുണ്ടു്; കേട്ടിരുന്ന കഥകളും പ്രസ്താവിച്ചിട്ടുണ്ടു്. ബുദ്ധനെപ്പററിയും ബോധിസത്വന്മാരെപററിയും പല ദിവ്യാഖ്യാനങ്ങളും ഉൾപ്പെടുത്തീട്ടുണ്ടു്. അക്കാലത്തെ സ്ഥിതിഗതികളെ വൎണ്ണിക്കുന്ന ഇത്ര നല്ല ഒരു പ്രമാണം മറെറാന്നില്ല.

ഭാരതഖണ്ഡത്തിലെ ജനങ്ങളേപ്പററിയും ഭരണത്തേപ്പററിയും ആകപ്പാടെ അദ്ദേഹത്തിന് നല്ല അഭിപ്രായമാണ് തോന്നിയിരുന്നതു്. സാമാന്യജനങ്ങൾ സ്വഭാവേന ഉത്സാഹപ്രിയന്മാരായിരുന്നെങ്കിലും, സത്യവാന്മാരും യോഗ്യന്മാരുമായിരുന്നു; പണം ഇടപെട്ട കാൎയ്യങ്ങളിൽ അവൎക്ക് തന്ത്രം പോരാ; എങ്കിലും ചതി-

വോ വാക്കിന് അവ്യവസ്ഥയോ ഇല്ലായിരുന്നു; ധമ്മ-
ത്തെ ദാക്ഷിണ്യപൂർവം നടത്തി,ഭരണം സത്യത്തിൽ പ്ര-
തിഷ്ഠിതമായിരുന്നു; പെരുമാററം എപ്പോഴും ശാന്തവും
സുന്ദരവുമായിരുന്നു; കള്ളന്മാരും അക്രമികളും കുറവായി-
രുന്നു; അപൂർവ്വമായിട്ടു മാത്രമേ ലഹളകൾ നടന്നിരുന്നു-
ള്ളു; ദയാപുരസ്സരമായ ജനഭരണത്തിൽ ഭാരമേറിയ ക-
രങ്ങളോ ബലാൽക്കാരത്തോടുള്ള പിടിവേലയോ ഇല്ലാ-
യിരുന്നു; ദാസ്യവൃത്തി ലഘുവായിരുന്നു; കൃഷിയായിരുന്നു
പ്രധാനമായ ഉപജീവനമാർഗ്ഗം; അവനവന്റെ സമ്പാ-
ദ്യം നിർബാധമായി അനുഭവിക്കാമായിരുന്നു. സക്കാർ-
ഭൂമി കൃഷി ചെയ്യുന്നവർ ആറിലൊരുഭാഗം രാജഭോഗം
കൊടുക്കണം. കച്ചോടക്കാർ ധാരാളമായി ചരക്കുകൾ
കൊണ്ടുവന്ന് വിററിരുന്നു. വിദ്യാഭ്യാസം ബാല്യത്തിൽ
തന്നെ ആരംഭിച്ചു. അക്ഷരാഭ്യാസം കഴിഞ്ഞു് കുട്ടിവാ-
യിക്കാറായാൽ ആൺകുട്ടികളും പെൺകുട്ടികളും ഏഴുവ-
യസ്സിൽ ശാസ്ത്രാഭ്യാസം തുടങ്ങുന്നു. മതഗ്രന്ഥങ്ങൾ മാ-
ത്രമല്ലായിരുന്നു ശാസ്ത്രങ്ങൾ; വ്യാകരണം, കലകൾ,
കൈവേലകൾ, വൈദ്യം, തക്കം, തത്വജ്ഞാനം എന്നു
തുടങ്ങി എല്ലാ വിഷയങ്ങളും ഉൾപ്പെട്ടിരുന്നു. ഉപരിഗ്ര-
ന്ഥങ്ങൾ മഹാവിദ്യാലയങ്ങളിൽ പോയി പഠിക്കണം.
വിദ്യാഭ്യാസകാലം മുപ്പതു് വയസ്സുവരെ ഉണ്ടായിരുന്നു.
അത്രത്തോളം പഠിക്കുന്നവർ ചുരുക്കമായിരുന്നു. എങ്കി-
ലും സാമാന്യവിദ്യാഭ്യാസം മിക്കപേക്കും ബുദ്ധസന്ന്യാ-
സികളും പുരോഹിതന്മാരും നടത്തിവന്നു. അവരായി-
രുന്നുഅന്നത്തെ ആശാന്മാർ. എണ്ണത്തിലും അവർഅന-
വധി ഉണ്ടായിരുന്നു. ഭാരതീയജനങ്ങൾക്കു് ഉണ്ടായിരുന്ന
ജ്ഞാനലബ്ധിക്കുള്ള കാംക്ഷയെപ്പററി ഹിയൻസാങ്
ഗ്രന്ഥത്തിൽ എവിടെയും പുകഴ്ത്തിപ്പറഞ്ഞിരിക്കുന്നു.

പ്രയാഗയിലുള്ള * 'കുംഭമേല' (ഉത്സവം) യെപ്പററി ഹിയൻസാങ് വൎണ്ണിച്ചിരിക്കുന്നു. ഇത്ര പുരാതനമായ ഈ ഉത്സവം ഇന്നും നടക്കുന്നുണ്ട്. ഹർഷചക്രവൎത്തി ബുദ്ധമതക്കാരനായിരുന്നു എങ്കിലും, ഹിന്ദുമഹോത്സവമായിരുന്ന ഈ കുംഭമേലയ്ക്കു് സന്നിഹിതനായതു മാത്രമല്ല, സാധുക്കളും വിദ്വാന്മാരും അദ്ദേഹത്തിൻെറ അതിഥികളായി വരുവാൻ വിളംബരം പ്രസിദ്ധപ്പെടുത്തിയതായും ഹിയൻസാങ് പറഞ്ഞിരിക്കുന്നു. ലക്ഷം ജനങ്ങൾക്ക് അദ്ദേഹം ധൎമ്മം കൊടുത്തുവത്രേ. അഞ്ചു വർഷത്തിൽ ഒരിക്കൽ ഖജനാവിൽ മിച്ചംവരുന്ന സ്വൎണ്ണവും ആഭരണങ്ങളും പട്ടുമെല്ലാം ആ മഹാൻ സാധുക്കൾക്ക് ഈ മേലയിൽവെച്ചു് ധൎമ്മം കൊടുത്തുവന്നു. ഒരിക്കൽ തൻെറ കിരീടവും സോദരി രാജശ്രീയുടെ വില പിടിച്ച പണ്ടങ്ങളും വസ്ത്രങ്ങളുംപോലും ദാനംചെയ്തു പോൽ!

ബുദ്ധമതാചാരമനുസരിച്ചു് ഹർഷൻ ആഹാരത്തിനായി ജന്തുഹിംസ ചെയ്തുവന്നതു് നിറുത്തി. ബ്രാഹ്മണമതക്കാരും അക്കാലത്തു മിക്കവരും സസ്യഭക്ഷകരായിരുന്നു. ഹിയൻസാങ് ഒരു വിശേഷ നടപ്പിനെപ്പററി പറഞ്ഞിരിക്കുന്നു; അതെന്തെന്നാൽ, ആൎക്കെങ്കിലും രോഗം പിടിപെട്ടാൽ ഏഴുദിവസം പട്ടിണി കിടക്കണം, എന്നിട്ടും ഭേദമായില്ലെങ്കിൽ മാത്രമേ വൈദ്യനെ വിളിക്കാവുവത്രേ! രാജാക്കളോടും സേനാനായകരോടും വിദ്വാന്മാരോടും എല്ലാവരും ഏററവും വണക്കത്തോടുകൂടി പെരുമാററിവന്നു. അവൎക്ക് എല്ലായ്പോഴും മാന്യസ്ഥാനം നൽകിയിരുന്നു. ചീനത്തും അപ്രകാരമായിരുന്നു.

തിരിച്ചു് പോകുംവഴി ഹിയൻസാങ് മദ്ധ്യേഷ്യയിൽ തുരുഷ്കരെ (തുൎക്കികൾ) കണ്ടുമുട്ടി. അവരുംബൌദ്ധരായിരുന്നു. ഏറെനാൾ താമസിയാതെ അവർ യൂ-

---

* നമ്മുടെ നാട്ടിൽ 'വേല' എന്ന വാക്കാണു് ഉപയോഗിക്കുന്നതു്.

റോപ്പുഖണ്ഡത്തെ കിട്ടകിടെ വിറപ്പിച്ച കഥ മേൽ പ-
യാം. പർസിയ, ഇറാക്ക് അതായത്ത് മെസപ്പൊട്ടേ-
മിയ, ഖൊറാസാൻ, മോസം, എന്നുവേണ്ട, സിറിയയു-
ടെ അതിർത്തിവരെ ബുദ്ധമതവും വിഹാരങ്ങളും കണ്ടു.
പർസ്യന്മാർ വൈദഗ്ദ്ധ്യത്തെക്കാൾകരകൗശലത്തെ ആ-
ണ് അഭിമാനിച്ചിരുന്നതെന്ന് അദ്ദേഹം പ്രസ്താവിച്ചി-
രിക്കുന്നു. പർസ്യൻസാമാനങ്ങളുടെ ഭംഗി ആരും സം-
മ്മതിച്ചിരുന്നതാണ്.

ഹിയൻസാങ്ങ് വന്നതിനു മേൽ ഒരു നൂറാണ്ടു
കഴിഞ്ഞപ്പോൾ സുങ്ങ്യുൻ എന്നൊരു ചീനൻ ഇൻഡ്യ-
യിലേക്കു പുറപ്പെട്ടു. അയാൾ ഗാന്ധാരരാജ്യംവരെ
വന്നു. അവിടെ വെച്ചു നിര്യാതനായി. ഇത്ര പ്രാചീ-
നകാലത്തുപോലും ദൂരസഞ്ചാരംചെയ്തു ജ്ഞാനാഭിവൃദ്ധി
വരുത്തുവാൻ തുനിഞ്ഞിറങ്ങിയ മഹാന്മാർ വന്ദനീയ-
ന്മാരാണെന്നുള്ളതിനു തർക്കമില്ല.

2882 / L175

---

## ഇരുപത്തിഏഴാം അദ്ധ്യായം

---

### തെന്നിൻഡ്യയും, ശങ്കരഭഗവൽപാദരും, ഭരണതന്ത്രവും.

ശ്രീഹഷൻ എ. ഡി. ൬൪൮-ൽ മരിച്ചു. അതി-
നു മുമ്പുതന്നെ ഇൻഡ്യയുടെ പശ്ചിമോത്തരഭാഗത്തു
ആഗമിയായ വാതൂലകോലാഹലത്തിനു മുന്നരങ്ങായ
കാർമേഘംകൊണ്ടുകഴിഞ്ഞിരുന്നു. ആ മഹാമാരി ഭാര-
തഭൂമിയെ മാത്രമല്ല, മദ്ധ്യേഷ്യയേയും ആഫ്രിക്കാഖണ്ഡ-
ത്തിന്റെ ഉത്തരദേശങ്ങളേയും യൂറോപ്പിന്റെ ദക്ഷിണദേ-
ശങ്ങളേയും ഒരുപോലെ ബാധിച്ചു. അറേബ്യാസംസ്ഥാ-
നത്തു മഹമ്മദ് ഇസ്ലാംമതത്തെ പ്രചരിപ്പിച്ചു. പുതുമ

തജ്ജാതമായ ഉത്സാഹത്തോടെ അറബികൾ വിജയാശംസാഭരിതരായി മഹാഭൂഭാഗങ്ങളെ ആക്രമിച്ച് ജയഭേരി നേടി ലോകയാത്രാചരിത്രത്തെ പുതുപ്പിച്ച അത്ഭുതകഥ വിസ്തരിച്ചു പറയാനുള്ളതാണ്. അതിനു മുമ്പായി ദക്ഷിണാപഥത്തിന്റെ അവസ്ഥ നമുക്ക നോക്കണം. ഹർഷന്റെ കാലത്തുതന്നെ മഹമ്മദീയരായ അറബികൾ ബെലൂചിസ്ഥാനിൽ കടന്നുകഴിഞ്ഞു. അതുപോലെ, മദ്ധ്യേഷ്യയിൽ നിന്നുള്ള മഹമ്മദീയർ സിന്ധുനദി കടന്ന് സിൻഡ് എന്ന സംസ്ഥാനത്തു കുടിയേറിപാർപ്പായിരുന്നു. പിന്നീടു മുന്നൂറുകൊല്ലം കഴിഞ്ഞതിനുമേൽ മാത്രമേ ഭാരതഭൂമിയിൽ മഹമ്മദീയാക്രമണം ഉണ്ടായുള്ളു.

ഇൻഡ്യയുടെ ദക്ഷിണാപഥത്തിൽ ചാലൂക്യന്മാർ സാമ്രാജ്യം ഉറപ്പിച്ചു. മഹാരാഷ്ട്രദേശത്ത് ബദാമി ആയിരുന്നു അവരുടെ രാജധാനി. മഹാരാഷ്ട്രന്മാർ ധീരന്മാരും യോദ്ധാക്കന്മാരും ആയിരുന്നു. ഗുണം ചെയ്യുന്നവരോടു നന്ദിയുള്ളവരും ശത്രുക്കളോടു പ്രതികാരം ചെയ്യുന്നതിനു ശക്തന്മാരും ആയിരുന്നതായി ഹിയൻസാങ് പ്രസ്താവിച്ചിരിക്കുന്നു. വടക്ക് ഹർഷനും, തെക്ക് പല്ലവരും, കിഴക്ക് കലിംഗന്മാരും (ഒറീസ്സാ) ചാലൂക്യസാമ്രാജ്യത്തെ നിയന്ത്രിച്ചിരുന്നു. എങ്കിലും ക്രമേണ അവരുടെ ശക്തി വർദ്ധിച്ച് ഇരുപുറവും സാമ്രാജ്യം വികസിച്ച് സമുദ്രമേഖല ആയി. ക്രമേണ രാഷ്ട്രകൂടന്മാർ അവരെ കീഴടക്കി.

ഇങ്ങനെ തെന്നിൻഡ്യയിൽ പല രാജ്യങ്ങൾ പുലരുകയും ക്ഷയിക്കയും ചെയ്ത കൂട്ടത്തിൽ, മധുരയിൽ പാണ്ഡ്യരാജ്യം ഉയർന്നു. മധുരരാജാക്കന്മാർ തമ്മിൽ വിദ്വാന്മാരേയും കവികളേയും വളരെ പ്രോത്സാഹിപ്പിച്ചു. തമിഴഭാഷയ്ക്കുണ്ടായ പ്രാബല്യം അന്നായിരുന്നു. ക്രിസ്ത്വബ്ദം ആദിശതകത്തിൽ പല ഉത്തമകാവ്യങ്ങളും തമി-

ഴിലുണ്ടായി. അതുപോലെ പല്ലവന്മാരും അക്കാലത്ത് പ്രബലന്മാരായി. അവരുടെ തലസ്ഥാനം കാഞ്ചീപുരമായിരുന്നു. അവരാണ് മലേഷ്യ മുതലായ ദ്വീപങ്ങളിൽ പോയി കുടിപാർപ്പ് ഉറപ്പിച്ചത്. ക്രിസ്തുവബ്ദം ഒമ്പതാം ശതകത്തിന്റെ മദ്ധ്യത്തിൽ ചോളരാജ്യം പ്രബലമായി. നൗകാബലംകൊണ്ട് അവർ ബങ്കാൾ ഉൾക്കടലും അറേബിയൻസമുദ്രവും സ്വാധീനമാക്കിസഞ്ചരിച്ചു. കാവേരീസംഗമത്തിലുണ്ടായിരുന്ന കാവേരിപ്പട്ടണമെന്ന സ്ഥലമായിരുന്നു അവരുടെ പ്രധാനമായ തുറമുഖം. വിജയാലയൻ ആയിരുന്നു അവരുടെ ആദിരാജാവ്. അദ്ദേഹം കേമനായിരുന്നു. അവർ ഉത്തരദേശത്തു വ്യാപിച്ച് ആദ്യം രാഷ്ട്രക്കൂടരാൽ പരാജിതരായെങ്കിലും, പിന്നീട് രാജരാജൻ എന്ന രാജാവ് വിജയംനേടിചോളപ്രതാപം വർദ്ധിപ്പിച്ചു. അപ്പോൾ കാലം പത്താംശതകത്തിന്ന് ഒടുവായി. അക്കാലത്ത് മഹമ്മദീയർ ഉത്തരേൻഡ്യയിൽ കയറി ആക്രമം തുടങ്ങിയിരുന്നെങ്കിലും, ദക്ഷിണേൻഡ്യയിൽ അതുകൊണ്ട് ഹാനി ഒന്നും വന്നിരുന്നില്ല. രാജരാജൻ തെക്ക് സിലോൺദ്വീപു പിടിച്ചു. അവിടെ ഏഴുപത്തുകൊല്ലം ചോളന്മാർ ഭരണം നടത്തി. രാജരാജന്റെ പുത്രൻ രാജേന്ദ്രൻ കുറേക്കൂടി ധീരനും സാഹസികനും ആയിരുന്നു. അദ്ദേഹം ഗജസേനയോടുകൂടി ബർമ്മയുടെ ദക്ഷിണദേശം കൈവശപ്പെടുത്തി; വടക്കോട്ടു കടന്ന് വംഗരാജാവിനെ തോല്പിച്ചു. ഇങ്ങനെ ചോളസംസ്ഥാനം വളർന്നു. ഗുപ്തന്മാർക്ക് ഇപ്പുറം ഇത്ര വലിയ സംസ്ഥാനം ഉണ്ടായിട്ടില്ല. പക്ഷേ, അതു് ഏറെനാൾ നിലനിന്നില്ല. രാജേന്ദ്രൻ നല്ല യോദ്ധാവായിരുന്നെങ്കിലും ക്രൂരനായിരുന്നതുകൊണ്ട് ജയിച്ച രാജ്യങ്ങളേ സ്വാധീനമാക്കിയിരുന്നില്ല. ക്രി. ഡി. 1013 മുതൽ 1044-വരെ മുപ്പത്തിഒന്നുകൊല്ലം അദ്ദേഹം രാജാവാ-

യിരുന്നു. അദ്ദേഹത്തിൻെറ മരണാനന്തരം ചോളസാമ്രാജ്യം പൊളിഞ്ഞു.

ചോളന്മാർ നല്ല സാംയാത്രികന്മാരായിരുന്നു. അവർ നെയ്തുണ്ടാക്കിയ വസ്ത്രങ്ങൾക്ക് വളരെ പ്രിയമുണ്ടായിരുന്നു. ഗ്രീക്കുകാർ ചോളരാജ്യമായി കച്ചോടം നടത്തിവന്നു. ഒന്നാംതരം ശില്പങ്ങൾ ചോളന്മാർ ചെയ്തിട്ടുള്ളവ ഇന്നും കാണാം. തഞ്ചാവൂർ ക്ഷേത്രം രാജരാജൻ പണിയിപ്പിച്ചതാണ്. ബദാമിയിലും കാഞ്ചീപുരത്തുമുള്ള ക്ഷേത്രങ്ങളും അവരുടെ കാലത്ത് ഉണ്ടായവയാണ്. എല്ലോറയിൽ മല തുരന്നുണ്ടാക്കീട്ടുള്ള കൈലാസക്ഷേത്രം ഇവയിലെല്ലാററിലുംവെച്ച് ഏററവും മനോഹരവും അത്ഭുതകരവുമാകുന്നു. അവിടെ ഓട്ടിൽ വാർത്തുവെച്ചിരിക്കുന്ന നടരാജബിംബം ശില്പവിദ്യാകൗശലത്തിന്റെ മൂർദ്ധാന്യോദാഹരണമാകുന്നു. ചോളപുരത്ത് രാജേന്ദ്രൻ ചെങ്കല്ലുകൊണ്ടു പണിയിച്ചിട്ടുള്ള പതിനാറു മൈൽ നീളമുള്ള മല്വിതരണച്ചാലുകൾ കണ്ടിട്ട്, ഒരു നൂററാണ്ടു കാലം കഴിഞ്ഞു് ആ പ്രദേശങ്ങളിൽ സഞ്ചരിച്ച ആൽബെരുണി എന്ന അറബിസഞ്ചാരി അത്ഭുതപ്പെട്ടുപോയി.

ഒരുവിധം നോക്കിയാൽ തെന്നിൻഡ്യ വളരെ ഭാഗ്യം പെററ ദേശമാണ്. എന്തെന്നാൽ, മഹമ്മദീയരുടെ ആക്രമണം ഹേതുവായിട്ട് ഉത്തരേൻഡ്യയിലുണ്ടായിരുന്ന പുരാതന സ്മാരകങ്ങളും ശില്പങ്ങളും എടുപ്പുകളും മിക്കവാറും നശിക്കയും ജീർണ്ണപ്പെടുകയും അലങ്കോലപ്പെടുകയും ചെയ്തു. മദ്ധ്യഏഷ്യയിൽനിന്നു വന്നു കയറിയ മുസ്ലിമീങ്ങൾ മതാന്ധതയിൽ ചെയ്ത ഈ ദുഷ്പ്രവൃത്തി തെന്നിൻഡ്യയ്ക്കു് പററിയില്ല. വടക്ക് അനവധി ബിംബങ്ങൾ പൊട്ടിത്തകർന്നുപോയി. ക്ഷേത്രങ്ങൾ സേനാശിബിരങ്ങളായി. തെക്കൻനാട്ടിൽ കടന്നെങ്കിൽ മാത്രമേ പണ്ടത്തെ ക്ഷേത്രങ്ങളുടേ വൈഭവം ഇന്നു് കാണാൻ

സാധിക്കയുള്ളു. ദക്ഷിണദേശത്തുള്ള മിക്ക ക്ഷേത്രങ്ങളും വാസ്തവത്തിൽ ദുർഗ്ഗങ്ങളോടൊപ്പം ഉറപ്പുള്ളവയായി കാണാം. ദൈവാരാധനത്തിനു മാത്രമല്ല, ശത്രുബാധയിൽ നിന്നു് രക്ഷനേടാനും അവ ഉതകിവന്നു. ക്ഷേത്രത്തിലായിരുന്നു എഴുത്തുപള്ളി, ഗ്രാമപഞ്ചായത്തു്, ഗ്രാമജനങ്ങൾക്കു് സമ്മേളിക്കാനും ഉല്ലസിക്കാനുമുള്ള സ്ഥലം. അതുകൊണ്ടു് ഗ്രാമജീവിതം ആസകലം ക്ഷേത്രത്തെ അവലംബിച്ചിരുന്നു. സാധാരണമായിഗ്രാമമദ്ധ്യത്തിലായിരിക്കും ക്ഷേത്രം. ഇന്നും ഈ സംവിധാനം തെന്നിൻഡ്യയിൽ കാണാം. മലയാളത്തിൽ ഇതു് അത്ര സ്പഷ്ടമായി കാണുന്നില്ലെങ്കിലും, സത്യം അതുതന്നെയാണെന്നു് സൂക്ഷിക്കുന്നവൎക്കു് അറിയാം. മലയാളം ചേരരാജാവിൻെറ സംസ്ഥാനം ആയിരുന്നു.

ആസേതുഹിമാചലം പരന്നുകിടക്കുന്ന ഭാരതഖണ്ഡത്തിൻെറ തെക്കേ അററത്തു് ചേരചോളപാണ്ഡ്യരാജവംശങ്ങൾ തമ്മിൽ കലഹിക്കുകയും, ഓരോരിക്കൽ ഓരോരുത്തർ പ്രാബല്യം നേടുകയും ചെയ്തകഥ ലോകനാടകത്തിൽ ഒരു ചെറിയ വിഷ്കംഭകമായിട്ടു് മാത്രമേ കരുതാനുള്ളു. അതിനാൽ വിസ്തരിച്ചു പ്രസ്താവിക്കാൻ അവസരമില്ല. എങ്കിലും ഭാരതഭൂലക്ഷ്മിയുടെ തിലകമായ ദക്ഷിണദേശം രാജാക്കന്മാരേയും ചക്രവൎത്തികളേയും അതിശയിക്കത്തക്ക ഒരു മഹാനെ ജനിപ്പിച്ചു.

തിരുവിതാംകൂർ സംസ്ഥാനത്തിൻെറ വടക്കേ അറെത്തു് കാലടിഗ്രാമത്തിൽ ശങ്കരൻ എന്നു് ഒരു നമ്പൂരി ഉണ്ണി ജനിച്ചതു ഇക്കാലത്താണു്. ജനിച്ച കാലത്തു് ഈ ഉണ്ണി ലോകവിശ്രുതനായിത്തീരുമെന്നു് ആരും ഗണിച്ചിട്ടുണ്ടാവില്ല. എങ്കിലും ബാല്യംതൊട്ടു് പ്രദർശിപ്പിച്ച മേധാവിത്വവും ധീരതയും സ്വാതന്ത്ര്യബോധവും ജ്ഞാനൗത്സുക്യവും അനന്യസാധാരണങ്ങൾ ആയിരുന്നു. ബാല്യത്തിൽതന്നെ സന്ന്യസിച്ചു് ജന്മസിദ്ധമായ മേധാ-

വിത്വം നിമിത്തം സകല ശാസ്ത്രപാരംഗതനായിത്തീൎന്നു. ബുദ്ധമതപ്രചാരത്താൽ ക്ഷീണമായിരുന്ന വേദമതത്തെ പുനരുദ്ധാരണം ചെയ്യാൻ തുനിഞ്ഞ സാഹസം അന്യാദൃശമെന്നേ പറഞ്ഞുകൂടൂ. സ്വദേശമായ കുഗ്രാമത്തെവിട്ട് ഹിമവൽപ്രദേശംവരെ കടന്നു്, വിമതസ്ഥന്മാരെ വാദകോലാഹലങ്ങളിൽ തോല്പിച്ച്, വേദാന്തോപജ്ഞമായ ശൈവസിദ്ധാന്തം സ്ഥാപിച്ച്, തെക്കും വടക്കും കിഴക്കും പടിഞ്ഞാറും മഠസ്ഥാപനങ്ങൾ ചെയ്തു്, മുപ്പത്തിരണ്ടു വയസ്സിന്നു് ഉള്ളിൽ അതിവിഖ്യാതനായിത്തീൎന്ന കഥ ശ്രീവിദ്യാരണ്യസ്വാമികളുടെ ശങ്കരദിഗ്വിജയമഹാകാവ്യം വായിച്ചു ധരിക്കേണ്ടതാണ്. ശ്രീകാശിയിൽവെച്ചു നടത്തിയ വിമതഖണ്ഡനവാദങ്ങൾ ഭാരതീയരെ വേദമതത്തിലേക്ക് പുനരാകൎഷിച്ചു. ഒടുവിൽ, എന്നും മഞ്ഞു് ഉറഞ്ഞുകിടക്കുന്ന ഹിമവദധിത്യകകളിലുള്ള കേദാരനാഥത്തു ചെന്നു് തപോനിഷ്ഠയിൽ ശങ്കരഭഗവൽപാദർ സ്വൎഗ്ഗാരോഹണം ചെയ്തു.

ഇത്ര മഹാനായ മതപ്രവാചകൻ എവിടെ എങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു് സംശയമാണ്. സാധാരണയായി മതപ്രവൎത്തകരുടെ പരമായുധം ഭക്തിരസോജ്ജനമാകുന്നു. ശങ്കരാചാര്യർ അതല്ല, യുക്തിവാദംകൊണ്ടാണു്, ഭാരതീയരെ ആവൎജ്ജിപ്പിച്ചതു്. ഉപനിഷൽഭാഷ്യം, ബ്രഹ്മസൂത്രഭാഷ്യം. ഗീതാഭാഷ്യം മുതലായി അനേകം ഭാഷ്യങ്ങളുംമററു് അനേകംകൃതികളുംകൊണ്ടു് വേദമതത്തോടൊപ്പം സാധുവായ മതം ഇല്ലെന്നു് യുക്തിയുക്തമായി ആ മഹാൻ സ്ഥാപിച്ചു, കുററമാണോ മഹാജനങ്ങൾ അതിൽ വിരണ്ടുപോയതു്. സോദാഹരണം യുക്തിവാദം ചെയ്തു് മതാന്തരങ്ങളെ ഖണ്ഡിച്ചആ മഹാനുഭാവനെ ഭാരതീയർ നേതാവായി അഭിഷേകം ചെയ്തതിൽ എന്താണാശ്ചൎയ്യം? ആൾ കോമളൻ, അതിതേജസ്വി; യുവാവു്; പരിവ്രാജകൻ; സൎവ്വസംഗത്യാഗി;

ശാരദാദേവി നാവിൽ കളിയാടുന്നു; ലളിതമധുരകോമളമായ വാഗ്വിലാസംകൊണ്ട് ആരെയും വശീകരിച്ചു; ഗംഗാപ്രവാഹംപോലെ ഒഴുകുന്ന പ്രസംഗങ്ങൾ ഏവന്റെ ശ്രവണത്തേയും ആനന്ദിപ്പിച്ചു; ഏതു് ആകാംക്ഷയ്ക്കും സമാധാനം പറയത്തക്ക മേധാവിത്വം വിളങ്ങി നിഗ്രഹാനുഗ്രഹശക്തി സ്വാധീനയായിരുന്നു. മഹാസേനാനികളും സമ്രാട്ടുകളും ലോകചരിത്രത്തിൽ മുഴച്ചു നിൽക്കുന്നുണ്ടാവാം. അവർഅതാതു കാലംകഴിയുമ്പോൾ ഉദിച്ചുവന്ന ക്രമത്തിനു അസ്തമിക്കയും ചെയ്യുന്നു. മഹാന്മാരായ മതാചാര്യന്മാർ സനാതനന്മാരാണു്; വാടാവിളക്കുകളാണു്; സൂര്യനെപ്പോലെ അവർ സർവ്വകാലവും വെളിച്ചം നൽകുന്നു. ജ്ഞാനദ്വാരാ ബ്രാഹ്മണമതത്തെ നവീകരണം ചെയ്തു. അന്യാദൃശമായ മഹത്വംനേടിയ ആചാര്യവര്യനായിരുന്ന ശ്രീമാൻ ശങ്കരഭഗവൽപാദർ എന്നുള്ള യശസ്സ് ആചന്ദ്രതാരം നിലനിൽക്കുന്നതാണു്.

ഇക്കാലത്തു് ചാർവ്വാകൻ എന്നൊരു നാസ്തികമതവക്താവുണ്ടായിരുന്നു. നാസ്തികവാദം ഈശ്വരനെ നിഷേധിക്കുന്നു. ഈ വാദം പണ്ടു് ഗ്രീസ്സിലും ഉണ്ടായിരുന്നു. ഇന്നു് ഇതു് റഷ്യയിൽ കാണാം. ഒരു സംഗതിയാണു് ഇതിൽനിന്നും നാം ഗ്രഹിക്കേണ്ടതു്. ഭാരതഖണ്ഡത്തിൽ ഇത്ര പുരാതനകാലത്തുപോലും സ്വാഭിപ്രായപ്രകടനസ്വാതന്ത്ര്യം ഉണ്ടായിരുന്നു. ആൎക്കും അവനവന്റെ വിശ്വാസം അനുസരിച്ചു നിർബാധമായി കാലക്ഷേപം ചെയ്യാമായിരുന്നു. യൂറോപ്പുഖണ്ഡത്തിൽ ഈയിടെ മാത്രമേ ഈ സ്വാതന്ത്ര്യം ജനങ്ങൾക്കു ലഭിച്ചുള്ളു. സ്വാഭിപ്രായനിഗ്രഹം അവിടത്തെ മതപ്രചരണത്തിന്റെ മുഖ്യ പടങ്ങളായിരുന്നു.

മറെറാരു സംഗതികൂടി മനസ്സിലാക്കണം. ദേശത്തിന്റെ കിടപ്പനുസരിച്ചു നോക്കിയാൽ, ഭാരതഭൂമി പലമാതിരി രാജ്യങ്ങളും സംസ്ഥാനങ്ങളും ചേൎന്നതും, വിവിധാചാരങ്ങൾ അനുഷ്ഠിക്കുന്ന ജനങ്ങൾ പാൎത്തുവ-

രുന്നതും, അനവധി സ്വതന്ത്രരാജാക്കളാൽ ഭരിച്ചുവരുന്നതും ആണെങ്കിലും, ആദികാലം മുതൽ തന്നെ അതിന്റെ പരിഷ്കാരവും സംസ്കാരവും ഏകരൂപമായിരുന്നു; പുരാണേതിഹാസങ്ങൾക്കും വിശ്വാസങ്ങൾക്കും ഭേദമില്ലായിരുന്നു, വാസ്തവത്തിൽ ഭിന്നഭിന്നമായി കാണുന്നതെല്ലാം ഒരു മൂലത്തിൽനിന്നുണ്ടായതാണെന്നുള്ള സംഗതി പ്രധാനമായി ഗ്രഹിച്ചിരിക്കേണ്ടതാകുന്നു. നടപ്പും ആചാരവും പലവിധം ഇരുന്നാലും, ഹിന്ദുമതം എവിടെയും ഒന്നുതന്നെ. വേദം എല്ലാവർക്കും പ്രമാണമാണ്. പുരാണകഥകൾ ഒന്നുതന്നെ; രാമായണവും ഭാരതവും എവിടെയും ചൊല്ലി രസിക്കുന്നു; ശ്രീരാമനേയും കൃഷ്ണനേയും ഏതു നാട്ടിലും പൂജിക്കുന്നു; സംസ്കൃതം എവിടെയും അഭിമതഭാഷ ആകുന്നു; ആ ഭാഷയിലുണ്ടായ കൃതികളാണ് ഏതു നാട്ടുഭാഷയുടേയും സ്വത്ത്: അഭിപ്രായങ്ങൾക്കും ഭരണവ്യവസ്ഥാപനങ്ങൾക്കും എവിടെയും പൊരുത്തമുണ്ട്; ചിന്താസരണിക്ക് എവിടെയും സാമ്യമുണ്ട്. ചുരുക്കത്തിൽ, ഒരു തായയ്ക്കുണ്ടായ പല മക്കളെപ്പോലെ ഭാരതീയർ ഒരു കുടുംബക്കാരാകുന്നു. ഈ ഐക്യം വെള്ളക്കാരുടെ ഭരണം വന്നതിന്മേൽ ഉണ്ടായതാണെന്നുള്ള വാദം ശരിയല്ല. നേരെമറിച്ച്, അവരുടെ പ്രവേശാനന്തരമല്ലയോ, ഭിന്നബോധം ഉളവായതെന്നു ശങ്കിക്കാൻ പല ന്യായങ്ങളുമുണ്ട്. ആഭ്യന്തരകലഹങ്ങൾ പണ്ടും ഇല്ലായിരുന്നില്ല. അതു് ഒരു തറവാട്ടുകാർ തമ്മിൽ തല്ലുംപോലെ എന്നല്ലാതെ സംസ്കാരത്തെ ഭിന്നിപ്പിച്ചില്ല. ഇൻഡ്യ പുണ്യഭൂമി ആണെന്നും മറുനാട്ടുകൾ മ്ലേച്ഛഭൂമികളാണെന്നും പണ്ടേ ഹിന്ദുക്കൾ പറഞ്ഞുവരാറുള്ളതാണ്. പഞ്ചായത്തുഭരണസമ്പ്രദായം ഒരു തരത്തിൽ അല്ലെങ്കിൽ മറെറാരുതരത്തിൽ എവിടെയും നടപ്പായിരുന്നു. ഐകമത്യത്തിൽ ഊന്നിയാണ്. ശ്രീമച്ഛങ്കരഭഗവൽപാദർ പ്രവർത്തിച്ചതു്; ഹിമവാൻമുതൽ

കന്യാകുമാരിവരെ അദ്ദേഹത്തിന്റെ വേദാന്തദർശനം ഒരുപോലെ പരന്നതു്. നാലു ദിങ്മുഖങ്ങളിലും ആചാര്യമതത്തെ പ്രതിഷ്ഠിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും ഈ ഐക്യബോധമാകുന്നു. പണ്ടേ തന്നെ അനവധി ശിവക്ഷേത്രങ്ങൾ ഉണ്ടായിരുന്ന ദക്ഷിണദേശത്തു് ശ്രീശങ്കരാചാര്യരുടെ അദ്വൈതസിദ്ധാന്തം ക്ഷണേന സ്വീകാര്യമായി. ഗുപ്തസാമ്രാജ്യകാലത്തു് ഉത്തരേന്ത്യയിൽ വൈഷ്ണവമതത്തിനു് പ്രാബല്യം സിദ്ധിച്ചിരുന്നതുകൊണ്ടു് അവിടെ ശൈവസിദ്ധാന്തത്തിനു് അത്രത്തോളം പ്രചാരം വന്നില്ലെങ്കിലും അദ്വൈതമതവാദത്തെ ഖണ്ഡിക്കാൻ ആർക്കും സാധിച്ചില്ല. വൈഷ്ണവരും മാധ്വരും പിന്നീടു് ഉപനിഷത്തുക്കളെ ദ്വൈതവാദത്തിനു് അനുകൂലമാക്കി വ്യാഖ്യാനിച്ചെങ്കിലും, താർക്കികസാംഖ്യമീമാംസകവാദങ്ങളോടു് എതിരിടാൻ ആചാര്യസ്വാമികളുടെ യുക്തികളെത്തന്നെ അവരും സ്വീകരിക്കേണ്ടിവരുന്നു എന്നുള്ളതു് ഒട്ടും അപ്രധാനസംഗതി അല്ല. സത്യത്തിൽ ശൈവത്തിനും വൈഷ്ണവത്തിനും തമ്മിൽ ഒരു ഇലയുടെ അകവും പുറവും പോലുള്ള ഭേദമേ ഉള്ളൂ.

ഈ അദ്ധ്യായം മുഴപ്പിക്കുമ്മുമ്പെ ഭാരതഭരണസമ്പ്രദായത്തേക്കുറിച്ചു അല്പം പ്രസ്താവിക്കേണ്ടതായുണ്ടു്. ചന്ദ്രഗുപ്ത മൗര്യന്റെ മന്ത്രിയായിരുന്ന ചാണക്യന്റെ (കൗടില്യൻ) അർത്ഥശാസ്ത്രത്തെപ്പററി മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അതിൽനിന്നു് ക്രിസ്ത്വബ്ദത്തിനു് നാലു ശതവർഷം മുമ്പുള്ള ഭാരതഭൂമിയിലെ ഭരണരീതി നമുക്കു് മനസ്സിലാക്കാം. അതിനു് ഇപ്പുറമുണ്ടായ ഭരണനീതിഗ്രന്ഥങ്ങളിൽ ശുക്രാചാര്യരുടെ നീതിശാസ്ത്രം പ്രധാനമാണു്. അർത്ഥശാസ്ത്രത്തിനൊപ്പമല്ലെങ്കിലും, ക്രിസ്ത്വബ്ദം ഒമ്പതും പത്തും ശതകങ്ങളിലെ ഇന്ത്യയുടെ ഭരണരീതി ഏതാണ്ടു് അതിൽനിന്നു ഗ്രഹിക്കാം.

വർണ്ണവ്യവസ്ഥ അന്നും നടപ്പായിരുന്നെങ്കിലും, വൃത്തികൊണ്ടാണ്, ജന്മംകൊണ്ടല്ല, മാഹാത്മ്യമെന്നു സമ്മതമായിരുന്നു. സാമർത്ഥ്യവും ശേഷിയും ആണ് സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് വേണ്ടതെന്നും, സത്യവും ബുദ്ധിയും ആണ്, ജാതിയും തറവാട്ടും അല്ല, ആവശ്യമെന്നും, നീതിശാസ്ത്രം പറയുന്നു. പ്രജകളുടെ പൊതുവായ അഭിപ്രായത്തിനു വിപരീതമായി രാജാവു് പ്രവർത്തിച്ചുകൂടെന്നുള്ളതിന്റ് ദൃഷ്ടാന്തമായി, അനവധി ഇഴകൾകൊണ്ടു പിരിച്ച കയറുകൊണ്ടു് സിംഹത്തെയും ബന്ധിക്കാമെന്ന് പറഞ്ഞിരിക്കുന്നു. എങ്കിലും, അന്നത്തെ പൊതുജനാഭിപ്രായം മേൽ ജാതിക്കാരുടെ അഭിമതംതന്നെ ആയിരുന്നിരിക്കണം. വ്യാപാരവർദ്ധനകൊണ്ടും കീഴിലുള്ള ജാതികൾ ക്രമേണ ഉയർന്നുവന്നപ്പോൾ, അല്പമായ ചില അവകാശം നൽകി സമാധാനപ്പെടുത്തുക അല്ലാതെ, മേൽ ജാതിക്കാർക്കൊപ്പം അവരെ ഗണിച്ചിരിക്കാൻ തരമല്ല. റോമിൽ ഉണ്ടായിരുന്നപോലെ പതിതരായ അടിമകളുടെവമ്പിച്ച സംഖ്യ ഭാരതഭൂമിയിൽ ഇല്ലായിരുന്നു; എങ്കിലും, ജാതിശ്രേഷ്ഠ്യം നിമിത്തം കീഴ്ജാതിക്കാർക്ക് ഒരുവക അടിമത്തം ഇല്ലായിരുന്നു എന്ന് പറയാൻ തരമില്ല. എന്നാൽ ശൂദ്രരാജാക്കന്മാർ രാജ്യങ്ങൾ ഭരിച്ചുവന്നതായി കാണുന്നുണ്ടു്. രാജാവിന്ന് സ്വേച്ഛാധികാരം അനുവദിച്ചിരുന്നില്ല. മന്ത്രിമാരും, സചിവസഭയും, വൈദികസഭയും, പഞ്ചായത്തുകളും, സംഘങ്ങളും, ശ്രേണികളും, രാജാധികാരത്തെ നിയന്ത്രണം ചെയ്തുവന്നു. നാഗരീകജീവിതത്തിന്നും ഗ്രാമീണജീവിതത്തിന്നും നിയമങ്ങളും രീതികളും ഏർപ്പെട്ടിരുന്നു. ഗ്രാമപഞ്ചായത്തിന്ന് അധികാരം വേണ്ടുവോളം ഉണ്ടായിരുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാരും പഞ്ചായത്തുകാരെ അഭിനന്ദിച്ചു. അതതു ദേശങ്ങളിലെ കരങ്ങൾ പിരിച്ചു കൊടുക്കാനുള്ള ചുമതലയും അധികാരവും

പഞ്ചായത്തിനായിരുന്നു. അവൎക്ക് കുററങ്ങൾ വിസ്തരിച്ച് ശിക്ഷിക്കുവാനും അധികാരം ഉണ്ടായിരുന്നു. സിവിൽ കാൎയ്യങ്ങൾക്കും അവർ തന്നെയാണ് തീരുമാനം ചെയ്തു വന്നതു്. അവൎക്ക് മേലാവായി മഹാസഭ ഉണ്ടായിരുന്നു. പഞ്ചായത്തിൽ അംഗങ്ങളായിരിക്കുന്നവരുടെ സംബന്ധക്കാർ സൎക്കാർ ഉദ്യോഗം വഹിച്ചുകൂടായിരുന്നു. സൎക്കാർ മുതൽ അപഹരിക്കയോ കരം കൊടുക്കാതിരിക്കയോ ചെയ്യുന്ന ആളും പഞ്ചായത്തിലെ അംഗമായിക്കൂടായിരുന്നു. സ്ത്രീകൾക്കും പഞ്ചായത്തിലെ അംഗങ്ങളാകാൻ അനുവാദം ഉണ്ടായിരുന്നു. പല കാൎയ്യങ്ങളിലും പഞ്ചായത്തുകാർ കമ്മററികളെ നിയമിച്ചുവന്നു. തെററു കാണിക്കുന്നവനെ അതിൽനിന്നു നീക്കാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരുന്നു. പഞ്ചായത്തുകാരുടെ അധികാരാതിൎത്തിയ്ക്കുള്ളിൽ ഒരു പട്ടാളക്കാരനുപോലും പ്രവേശിക്കണമെങ്കിൽ ചീട്ടു വാങ്ങണം എന്നു് നിൎബന്ധം ഉണ്ടായിരുന്നു. സ്വയം ഭരണത്തിന് അക്കാലത്തു് ഊൎജ്ജിതം ഉണ്ടായിരുന്നതു് ആൎയ്യസമുദായഭരണത്തിന്റെ ഒരു മുഖ്യലക്ഷണമാകുന്നു. ഉദ്യോഗസ്ഥന്മാരും പ്രജയും തമ്മിൽ തൎക്കം ഉണ്ടായാൽ, രാജാവു് എപ്പോഴും പ്രജയുടെ പക്ഷം സഹായിക്കണം; ജനങ്ങൾ പൊതുവായി ആവലാതിപ്പെടുന്ന ഉദ്യോഗസ്ഥനെ വേലയിൽനിന്ന് പിരിച്ചുവിടണം. വലിയ നഗരങ്ങളിലുള്ള ശ്രേണികൾക്കും സംഘങ്ങൾക്കും സംഭൂയവ്യവസായങ്ങൾക്കും എല്ലാം സ്വയംഭരണാധികാരം ധാരാളം ഉണ്ടായിരുന്നു. മതസംഘങ്ങൾക്കും അപ്രകാരംതന്നെ. ഗാൎഹികവൃത്തികളെല്ലാം വൈദികരുടെ അധികാരത്തിൽതന്നെ നടന്നുവന്നു. പുഷ്പങ്ങളെ മാലാകാരൻ ചെടികളിൽനിന്നു് ശേഖരിക്കുംപോലെ വേണം രാജാവു് ജനങ്ങളോട്ടു് കരങ്ങൾ പിരിക്കാൻ. അതായതു് ജനങ്ങൾക്കു് ഉപദ്രവംത

ട്ടാതേയും അവരുടെ വളച്ച്യ്ക്ക് ഹാനിവരാതേയും ലഘുവായി വേണം കരഗ്രഹണം എന്നു് അത്ഥം. എന്നാൽ ഏട്ടിൽ കാണുന്നതുപോലെ കാര്യത്തിൽ നടന്നിട്ടുണ്ടോ എന്നു് നിണ്ണയിക്കാൻ തരമില്ല. എങ്കിലും,സാമാന്യജനബോധം അപ്രകാരമായിരുന്നു എന്നു് ഊഹിക്കാൻ ന്യായമുണ്ടു്. ഭാരതഭൂമിയിൽ സ്വരാജ്യം പുലന്നിരുന്ന കാലത്തു് കേവലം തോന്ന്യാസമായല്ല ഭരണം നടന്നിരുന്നതെന്നും, ഇന്നത്തെ പരിഷ്കൃതസാമ്രാജ്യങ്ങളിലുള്ളതിൽ കൂടുതലായി ജനസമുദായത്തിനു് അവകാശങ്ങളും അധികാരങ്ങളും ചുമതലകളും ഏല്പ്പെട്ടിരുന്നു എന്നും, കലഹങ്ങളുണ്ടായിരുന്നെങ്കിലും രാഷ്ട്രീയബോധം പിണക്കങ്ങളെ പരിഹരിച്ചിരുന്നു എന്നും സ്പഷ്ടമാവുന്നുണ്ടു്. ജാതിവിഭജനംകൊണ്ടു് ബ്രാഹ്മക്ഷത്രങ്ങൾക്കു് പ്രാബല്യം ഉണ്ടായിരുന്നു എങ്കിലും, കീഴിലുള്ളവർ പടിപ്പടിയായി ഉയർന്നുവന്നു എന്നുള്ള സംഗതി പ്രത്യേകം ധരിക്കേണ്ടതാണു്. പുതുവർഗ്ഗങ്ങൾ ക്രമേണ ആര്യഭരണക്രമത്തിൽ ലഭിച്ചതു് ഒട്ടും അപ്രധാനസംഗതിയല്ല. മേൽ ജാതിക്കാർ കീഴ്ജാതിക്കാരുടെ മേൽ അധികാരം ചെലുത്തിവന്നെങ്കിലും, പഞ്ചായത്തുകളിൽ സാധാരണ ഗ്രാമജനങ്ങളുടെ സാന്നിധ്യം മേൽജാതിക്കാരുടെ സ്വേച്ഛാവിഹാരത്തെ നിയന്ത്രണം ചെയ്യാതിരുന്നില്ല. ആര്യഭരണതന്ത്രം ദ്രാവിഡദേശങ്ങളിലേക്കു് കടന്നപ്പോൾ മുമ്പുണ്ടായിരുന്ന അതിന്റെ പ്രവണതയ്ക്കു് ലോപം വന്നുഎന്നും, വിദേശീയാക്രമണം വന്നപ്പോൾ അതിനു് കാഠിന്യം വന്നു എന്നും വിചാരിക്കാൻ വഴി ഇല്ലാതില്ല.

പുരാതനകാലത്തു തന്നെ ഗണിതശാസ്ത്രത്തിൽ ഭാരതീയർ വിദ്വാന്മാരായിരുന്നു. ജ്യോതിശ്ശാസ്ത്രം മാത്രമല്ല, ഫലശാസ്ത്രത്തിലും, പ്രശ്നമാർഗ്ഗങ്ങളിലും, അനവധിഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ ഉണ്ടു്. ഹോരാശാസ്ത്രത്തിൽപണ്ടേ അവർ വിദഗ്ധന്മാരായിരുന്നു. ഭാസ്കരാചാര്യരുടെ

പുത്രീയായിരുന്ന ലീലാവതി ആണ് ആ പേരിലുള്ള ഗണിതഗ്രന്ഥം രചിച്ചിരിക്കുന്നതു്. അദ്ദേഹവും ബ്രഹ്മഗുപ്തനും കൂടിയാണ് ദശാംശഗണിതസമ്പ്രദായം ആദ്യമായി കണ്ടുപിടിച്ചതു്. ആ സമ്പ്രദായം ഇൻഡ്യയിൽനിന്ന് അറബികൾ പഠിച്ചു. അറേബ്യയിൽനിന്നാണ് യൂറോപ്പിൽ പരന്നതു്. ബീജഗണിതവും അപ്രകാരം തന്നെ. 'ആൾജിബ്രാ' എന്നുള്ള ഇംഗ്ലീഷ്പദം അറബിഭാഷയിൽനിന്നു കിട്ടിയതാണ്. ഹസ്തരേഖാശാസ്ത്രം, ശകുനശാസ്ത്രം, പക്ഷിശാസ്ത്രം, ഗൗളിശാസ്ത്രം, പ്രശ്നശാസ്ത്രം; എന്നിങ്ങനെ പല പല ഗണിതശാസ്ത്രോപജ്ഞങ്ങളായ ശാസ്ത്രങ്ങളും, തച്ചുശാസ്ത്രം, യന്ത്രനിർമ്മാണം മുതലായി ക്ഷേത്രഗണിതതത്ത്വങ്ങളിൽ സ്ഥാപിച്ചസൂക്ഷ്മജ്ഞാനങ്ങളും അവർ ഗ്രഹിച്ചിരുന്നു. ആലയനിർമ്മാണത്തിലും ബിംബനിർമ്മാണത്തിലും ആ തത്വങ്ങളെ അവർ വേണ്ടുംവണ്ണം പ്രയോഗിച്ചു. കോണങ്ങളെ ഗണിച്ചു; വൃത്തങ്ങളെ ചതുരിച്ചു; സംഖ്യാശാസ്ത്രത്തിൽ അവർ മറുകര കണ്ടു. അതാണല്ലൊ ഇയ്യിടെ കൃഷ്ണമൂർത്തിയുടെ സംഖ്യാപ്രമേയങ്ങളെ കേംബ്രിഡ്ജ് മഹാവിദ്യാലയാധികാരികൾപോലും അഭിമാനിച്ചതു്.

---

# ഇരുപത്തിഎട്ടാം അദ്ധ്യായം

---

## മലേഷ്യയും ഇൻഡോചീനയും

വിദേശസഞ്ചാരവും സമുദ്രയാത്രയും ഭാരതീയൎക്കു് നിഷിദ്ധമായതു് അവാചീനകാലത്താണ് എന്നുള്ളതിന് തൎക്കമില്ല. മുമ്പുള്ളവർ പാരസീകത്തും, മദ്ധ്യേഷ്യയിലും, കാൺസ്റ്റാന്റിനോപ്പിളിലും, അലക്സാണ്ഡ്രിയയിലും, ഗ്രീസ്സിലും, റോമിലും, ചീനത്തും സഞ്ചരിച്ചു് കച്ചവടത്തു്

കച്ചോടം ചെയ്തിരുന്നതായി കാണുന്നതുകൂടാതെ, സാം-യാന്ത്രികരായി ഇൻഡ്യാസമുദ്രത്തിലുള്ള ദ്വീപങ്ങളിൽ പോയി പാർത്തുവന്നതായും തെളിവുകളുണ്ട്. അവർ പോയിട്ടുള്ള ദിക്കുകളിലെല്ലാം സാമാനങ്ങൾ മാത്രമല്ല, സംസ്കാരവും കൊണ്ടുപോയി. അപ്രകാരം തെന്നിൻ-ഡ്യാക്കാർ മലേഷ്യയിലും ഇൻഡോചീനയിലും പോയി ഭാരതപരിഷ്കാരം സ്ഥാപിച്ച കഥയാണ് നാം പറയാൻ പോകുന്നതു്.

സമുദ്രയാനത്തിൽ ദക്ഷിണദേശീയർക്ക് നല്ല സാമർത്ഥ്യം ഉണ്ടായിരുന്നു. ഓടങ്ങളിലും പാക്കപ്പലുകളിലും അവർ ക്രിസ്ത്വബ്ദം ഒന്നും രണ്ടും ശതവർഷത്തിൽ ഗതാ-ഗതം ചെയ്തു് ദ്വീപാന്തരങ്ങളിൽ കുടിയും ഉറപ്പിച്ചു. അവർ താമസിച്ച നാട്ടുകളിൽ ആദ്യം ഹിന്ദുമതവും പി-ന്നീട്ട് ബുദ്ധമതവും പ്രചരിപ്പിച്ചു. മലേഷ്യക്കാർ മുഴുക്കെ അപ്രകാരം ആദ്യം ഹിന്ദുക്കളും പിന്നെ ബൗദ്ധരുമായി.

ഇൻഡോചീനയിൽ ചമ്പ എന്ന സ്ഥലത്താണ് ആദ്യം അവർ കുടിയേറിയതു്. ആ സ്ഥലം അന്നാം രാജ്യത്തിലാണ്. ക്രിസ്ത്വബ്ദം മൂന്നാംശതകത്തിൽ അ-വിടെ പാണ്ഡുരംഗനഗരം വളർന്നു. ഇരുനൂറുകൊല്ലം കഴിഞ്ഞു് കാംബോജം മുതിർന്നു; അനവധി കൽക്കെട്ടി-ടങ്ങളും ക്ഷേത്രങ്ങളും അവിടെ ഉണ്ടായി. അതു് പണി-യാൻ നല്ല മൂത്താശാരിമാരെയും ശില്പികളെയും ഇൻഡ്യ-യിൽനിന്നു് കൊണ്ടുപോയി. ആലയനിർമ്മാണത്തിൽ അവർ മത്സരിച്ചു് വളരെ വൈദഗ്ദ്ധ്യം നേടി.

ദ്വൈപ്യജനങ്ങൾ മിക്കവാറും സാമുദ്രികന്മാരായി-രുന്നു. അവിടവിടെ കച്ചോടസാമാനങ്ങൾ കൊണ്ടു-പോയി വ്യാപാരം ചെയ്തുവന്നതിൽ കലഹങ്ങൾ ഏറ്റെപ്പെട്ടു. ഹിന്ദുക്കളും ബൗദ്ധന്മാരും തമ്മിൽ പിണങ്ങി. പല യുദ്ധങ്ങളും നാശങ്ങളും സംഭവിച്ചു. എട്ടാംശത-വർഷംവരെ മുന്നൂറുകൊല്ലകാലം ഇൻഡോചീനയിൽ

മൂന്നു് ഹിന്ദുരാജ്യങ്ങളുണ്ടായിരുന്നു. ഒൻപതാംശതവർഷത്തിൽ ജയവർമ്മൻ എന്നൊരു ശക്തനായ രാജാവ് മൂന്നു് രാജ്യങ്ങളെ ഒന്നിച്ച് ചേർത്തു് ഭരിച്ചു. അദ്ദേഹം ബുദ്ധമതക്കാരനായിരുന്നു. അദ്ദേഹം അങ്കോർ എന്ന സ്ഥലത്തു് രാജധാനി കെട്ടാൻ ആരംഭിച്ചു. അതു് മുഴുപ്പിച്ചതു് അദ്ദേഹത്തിൻെറ പിൻവാഴ്ച യശോവർമ്മനായിരുന്നു. ഈ കംബോഡിയാ സാമ്രാജ്യം നാനൂറുവർഷം നിലനിന്നു. ഒരു കണക്കിനു് അതു് ഒരു മഹാസാമ്രാജ്യമായിരുന്നു. പൗരസ്ത്യലോകത്തു് അങ്കോരധാമത്തിൻെറ പ്രസിദ്ധി അനല്പമായിരുന്നു. അതിനു സമീപമായിരുന്നു അങ്കോരവാടം എന്ന പ്രസിദ്ധക്ഷേത്രം. ക്രിസ്ത്വബ്ദം പതിമ്മൂന്നാം ശതകത്തിൽ കിഴക്കുനിന്നു് അന്നാംകാരും പടിഞ്ഞാറുനിന്നു് നാട്ടുവർഗ്ഗങ്ങളും വടക്കുനിന്നു് ഷാൻകാരും കംബോഡിയാസാമ്രാജ്യത്തെ ആക്രമിച്ചു. ഈ ആക്രമണങ്ങളെ തട്ടത്തിൽ രാജ്യം വളരെ ക്ഷീണിച്ചെങ്കിലും, അങ്കോരധാമത്തിന്റെ വലിപ്പത്തിനും പ്രസിദ്ധിക്കും കുറവ് വന്നില്ല. ൧൨൯൬-ൽ വന്ന ഒരു ചീനരാജദൂതൻ അതിനെ സ്തുതിച്ച് വർണ്ണിച്ചിരിക്കുന്നു. പെട്ടെന്നു് 1300-ൽ മീക്കാങ്ങ് നദീമുഖം മണൽ കയറി നിറഞ്ഞു് വലിയ ജലപ്രളയം ഉണ്ടായി. വിളഭൂമി എല്ലാം ചെളി കയറി ആളുകൾ പട്ടിണിയായി. അന്നു് അവിടം വിട്ടു് ജനങ്ങൾ മറുദേശത്തുപോയി. മഹത്തായിരുന്ന അങ്കോരധാമം കാടു കയറി നശിച്ചു. പിന്നീട് അവിടം സയാംകാരും അന്നാംകാരും മാറിമാറി ഭരിച്ചു. ഇന്നും അവിടെ കാണുന്ന നഷ്ടശിഷ്ടങ്ങൾ അങ്കോരധാമത്തിനും അങ്കോരവാടത്തിനും ഉണ്ടായിരുന്ന മാഹാത്മ്യത്തെ വിളിച്ചു പറയുന്നു.

സമുദ്രത്തിനു അക്കരെ ഇൻഡോചീനയിൽ നിന്നു് നാതിദൂരം സുമാത്രാദ്വീപം സ്ഥിതിചെയ്യുന്നു. ക്രിസ്ത്വബ്ദം ഒന്നാം ശതകത്തിൽ ദക്ഷിണഇൻഡ്യയിൽ നിന്നും

പല്ലവന്മാർ അവിടെ കയറി കുടിപാർപ്പു തുടങ്ങി. ക്രമേണ അവർ പരന്ന് മലേഷ്യയും സുമാത്രാരാജ്യത്തിന്റെ പ്രധാന നഗരി ശ്രീവിജയ ആയിരുന്നു. ഉന്നതഭാഗത്തുള്ള ഗിരിനിരകളുടെ അധിത്യകയിൽ സ്ഥിതിചെയ്തിരുന്ന ഈ നഗരിയുടെ തുറമുഖം പാലംഭംഗം എന്ന നദിയുടെ സംഗമസ്ഥലമായിരുന്നു. ക്രിസ്ത്വബ്ദം ആറാം ശതകത്തിൽ ബുദ്ധമതം അവിടെ പ്രവേശിച്ചു് ക്രമേണ സുമാത്രാരാജ്യത്തിലെ പ്രധാനമതമായി. സമീപദ്വീപങ്ങളിലെല്ലാം ബുദ്ധമതം പ്രചരിപ്പിച്ചതു് സുമാത്രാക്കാരായിരുന്നു. സുമാത്രയെ ശ്രീവിജയബുദ്ധരാജ്യം എന്നാണ് പറയാറുള്ളതു്.

ശ്രീവിജയസാമ്രാജ്യം ക്രമേണ വർദ്ധിച്ചു്, മലയാ, ബോർണിയോ, ഫിലിപ്പൈൻ, സെലിബിസ്, ജാവായുടേയും ഫാർമോസായുടേയും അർദ്ധഭാഗം, സിലോൺ, ചീനയുടെ തെക്കുഭാഗത്തുള്ള ഒരു തുറമുഖം, തെന്നിന്ത്യയുടെ തെക്കേ അറ്റം, ഈ സ്ഥലങ്ങളും ദ്വീപങ്ങളും എല്ലാംകൂടി ഒരു മഹാസാമ്രാജ്യമായിത്തീർന്നു. ചീനന്മാരും ഹിന്ദുക്കളും മേൽ ഇവിടെ കപ്പൽപ്പണിയും കച്ചോടവും കേമമായി നടത്തിവന്നു. അനവധി തുറമുഖങ്ങളും ഉണ്ടായി. കച്ചോടത്തിന് പ്രധാനം നല്ല തുറമുഖമാണല്ലോ. സമാനങ്ങൾ കയററാനും ഇറക്കാനും വേണ്ടുന്ന സൗകര്യമുള്ള തുറമുഖങ്ങൾ ഇംഗ്ലീഷുകാർ ഇന്ന് കൈവശപ്പെടുത്തിയിരിക്കുന്നതുപോലെ, അന്ന് വ്യാപാരികളാൽ അധ്യുഷിതമായിരുന്ന ശ്രീവിജയസാമ്രാജ്യവും അനേകം തുറമുഖങ്ങളെ സ്വാധീനപ്പെടുത്തിയിരുന്നു അവ രാജ്യരക്ഷയ്ക്കുള്ള താവളങ്ങളും വാടകളും ആയിരുന്നു എന്നു് സംശയമില്ല. അപ്രകാരം അന്ന് കൈവശപ്പെടുത്തി നല്ലപോലെ സുരക്ഷിതമാക്കി വെച്ചിരുന്ന തുറമുഖമായിരുന്നു ശിങ്കപ്പൂർ. ഇന്നും അതിന്റെ മാഹാത്മ്യം കണ്ടിട്ടു് ബ്രിട്ടീഷുകാർ അനവധി ധനം

ചെലവിട്ട് അവിടം നാവികസേനയുടെ താവളമാക്കി ഉറപ്പിച്ചിരിക്കുന്നു. ബ്രിട്ടീഷുകാരെപ്പോലെ ശ്രീവിജയസംസ്ഥാനം വ്യാപാരംകൊണ്ട് വർദ്ധിച്ച സാമ്രാജ്യമാണ്. അതു് ക്രിസ്ത്വബ്ദം ആദിമുതൽ എ. ഡി. ൧൨൩൦-ാമാണ്ടുവരെ ആയിരത്തിമുന്നൂറു കൊല്ലത്തിനു മേൽ നിലനിന്നു. ബ്രിട്ടീഷ്സാമ്രാജ്യം വർദ്ധിച്ചു വന്നിട്ട് ഇരുന്നൂറുകൊല്ലം ആവുന്നതേ ഉള്ളല്ലോ. ക്രിസ്ത്വബ്ദം ആയിരാമാണ്ടു മുതൽ മുന്നൂറുകൊല്ലക്കാലമായിരുന്നു അതിന്റെ അത്യുന്നതസ്ഥിതി. അക്കാലത്തു് തെന്നിൻഡ്യയിൽ ചോളന്മാരുടെ ആധിപത്യം മുഴുത്തിരുന്നു. ഇരുസാമ്രാജ്യക്കാരും നാവികസേനാബലം ഉണ്ടായിരുന്നവരും വ്യാപാരികളും ഉദ്ധതന്മാരും ആയിരുന്നു. അവർ തമ്മിൽ പലപ്പോഴും കൂട്ടിമുട്ടിയിരിക്കാം. പക്ഷേ, ചോളസാമ്രാജ്യം ക്ഷണം ക്ഷയിച്ചു. പിന്നെ എത്രയോ നാൾ ശ്രീവിജയസാമ്രാജ്യം നിലനിന്നു.

പതിനൊന്നാം ശതവർഷത്തിൽ ചീനാചക്രവർത്തി ശ്രീവിജയചക്രവർത്തിക്ക് ഒന്നാംതരം ഓട്ടുമണികൾ സമ്മാനം അയച്ചതിനു പകരം ശ്രീവിജയസാമ്രാട്ട് മുത്തും ദന്തവും സംസ്കൃതഗ്രന്ഥങ്ങളും കൂടാതെ സ്വർണ്ണത്തകിടിൽ ദേവനാഗരിയിൽ ഒരെഴുത്തും അയച്ചുകൊടുത്തതായി കാണുന്നു.

ഇൻഡ്യൻമഹോദധിയിലുള്ള അനേകംദ്വീപങ്ങളും ശ്രീവിജയസാമ്രാജ്യത്തിന് അധീനമായി എങ്കിലും, ജാവാദ്വീപിന്റെ കിഴക്കുഭാഗം സ്വതന്ത്രമായി നിലനിന്നു. അവിടെ ഹിന്ദുമതമായിരുന്നു നടപ്പ്. ബുദ്ധമതം നഷ്ടമായിരുന്നു. അവിടം കീഴടക്കാൻ ശ്രീവിജയസാമ്രാട്ടിന് കഴിഞ്ഞില്ല. ജാവാക്കാർ നല്ല സമുദ്രസഞ്ചാരികളും കച്ചോടക്കാരുമായിരുന്നു. വ്യാപാരംകൊണ്ടാണ് അവർ വളർന്നതു്. സിങ്കപ്പൂർ ഒന്നാംതരം തുറമുഖമാ-

ണ്ടെന്ന് അവർ കണ്ടു. അതു് ശ്രീവിജയക്കാക്ക് അധീനമായിരുന്നതു് കിട്ടിയാൽ കൊള്ളാമെന്ന് അവക്ക് മോഹം ഉണ്ടായിരുന്നു. അതിൽവെച്ച് ശ്രീവിജയക്കാരും കിഴക്കൻജാവാക്കാരും ശത്രുക്കളായി പിണങ്ങി. ക്രിസ്താബ്ദം പന്ത്രണ്ടാംശതവർഷം മുതൽ ജാവാക്കാക്ക് പ്രാബല്യം ക്രമേണ കൂടി, ശ്രീവിജയസാമ്രാജ്യത്തിലെ പല ഭാഗങ്ങളും അവർ കൈവശപ്പെടുത്തി. ഒടുവിൽ ൧൩൭൭-ൽ ശ്രീവിജയക്കാരെ പാടേ തോല്പിച്ചു. അന്നു നടന്ന യുദ്ധം അതിഭയങ്കരമായിരുന്നു. അനവധി നാശങ്ങൾ ഉണ്ടായ കൂട്ടത്തിൽ ശിങ്കപ്പൂർ തുറമുഖം നാശമടഞ്ഞു. ഇങ്ങനെ മലേഷ്യയിൽ ഉണ്ടായ രണ്ടാമത്തെ സാമ്രാജ്യവും നശിച്ചു. പിന്നീട് മൂന്നാമതുണ്ടായ മജ്ജാപഹിതസാമ്രാജ്യത്തെപ്പററി പിന്നീടു പറയാം.

ശ്രീവിജയസാമ്രാജ്യവുമായി മഹാകലഹം നടത്തി ഒടുവിൽ ജയഭേരി നേടിയ കിഴക്കേജാവാക്കാർ ഹിന്ദുക്കളായിരുന്നു എന്ന് പറഞ്ഞിട്ടുണ്ടല്ലൊ. പല്ലവന്മാർ പല പ്രവിശ്യകളും സമ്പാദിച്ചതിൽ ഒന്നായിരുന്നു ജാവായും. ജാവാക്കാർ ഹിന്ദുസംസ്കാരത്തെ നല്ലപോലെ അഭിവൃദ്ധമാക്കി. അനവധി ഗ്രന്ഥങ്ങൾ അക്കാലത്ത് ഉണ്ടായവ ഇന്നും കാണ്മാനുണ്ട്. ക്ഷേത്രങ്ങളും ആലയങ്ങളും പണിനടത്തുന്നതിൽ അവർ വളരെ വിരുതന്മാരായിരുന്നു. അത്ഭുത ക്ഷേത്രങ്ങൾ അവിടെ ഉണ്ട്. എ. ഡി. ൬൫൦-നു മേൽ ൯൫൦ വരെ മുന്നൂറു് കൊല്ലത്തിനിടയിൽ നിർമ്മിച്ചവയാണ് അവ. ഒന്നാംതരം പണിക്കാരെ ഇൻഡ്യയിൽനിന്നും മററു സ്ഥലങ്ങളിൽ നിന്നും വരുത്തി പണിയിച്ചിട്ടുള്ള ഈ മഹാക്ഷേത്രങ്ങൾ ഇന്നും ദർശനീയങ്ങളാകുന്നു.

ഈ പല്ലവന്മാരാണ് ബോർണ്ണിയോവിലും ഫിലിപ്പൈനിലും ഉള്ള ജനങ്ങളെ അക്ഷരവും എഴുത്തും പഠിപ്പിച്ചതു്. അവിടെ ഉണ്ടായിരുന്ന പഴയ കയ്യെഴുത്തുഗ്ര-

സ്ഥലങ്ങളെ എല്ലാം സ്പാനിഷ്കാർ വന്നു കയറി നശിപ്പിച്ചു. കഷ്ടം! കച്ചോടം എവിടെ ഉണ്ടോ അവിടെ അറബികളും എത്തും. മഹമ്മദു മതക്കാരാകും മുമ്പുതന്നെ അവർ കച്ചോടക്കാരാണ്. ഈ ദ്വീപങ്ങളിലെല്ലാം അറബികളും കയറി വ്യാപാരം നടത്തിവന്നു. കന്യാകുമാരിയിലുള്ള ചില പഴയ റിക്കാർട്ടുകളിൽ അറബികളുടെ പാണ്ടികശാലയിൽനിന്നു് ക്ഷേത്രത്തിലേക്കു് സാമാനം വാങ്ങിട്ടുള്ളതായി ഞാൻ കണ്ടിട്ടുണ്ടു്.

---

# ഇരുപത്തിഒമ്പതാം അദ്ധ്യായം

---

## റോമാസാമ്രാജ്യാധഃപതനവും അന്ധകാരാരംഭവും

ശ്രീവിജയസാമ്രാജ്യത്തിന്റെ കഥ പറഞ്ഞു് നാം ക്രിസ്ത്വബ്ദം പതിന്നാലാം ശതകംവരെ കടന്നുപോയി. ഭാരതകഥ ശ്രീഹർഷന്റെ കാലം, അതായതു് ഏഴാംശതകംവരെ മാത്രമേ പറഞ്ഞിട്ടുള്ളൂ. അത്രതന്നെ ആയിട്ടില്ല യൂറോപ്പിലെ കഥ. ഇൻഡോചീനയും മലേഷ്യയും ഒരററത്തു കിടക്കുന്ന സ്ഥലങ്ങളാകകൊണ്ടു് ആരും അത്ര ഗൗനിക്കാറില്ല, ഏഷ്യയുടേയും യൂറോപ്പിന്റേയും ചരിത്രങ്ങളെ അവ ബാധിക്കുന്നുമില്ല. എങ്കിലും അവ ഭാരതീയസംസ്കാരത്തിന്റെ സന്താനങ്ങളും, ആയിരം കൊല്ലത്തിൽ കുറയാതെ കച്ചോടത്തിലും കലാവിദ്യകളിലും പാരംഗത്യം നേടിയവരും ആണെന്നുള്ള സംഗതി നമുക്കു് അഭിമാനകരവും സ്തുത്യവും ആകുന്നു. സത്യത്തിൽ നാം ലോകചരിത്രത്തിൽ ഏഴാംശതകത്തിനിപ്പുറം കടന്നിട്ടില്ല. അറേബ്യയിൽ ഇസ്ലാംമതം മുളച്ചതും, തന്നിമിത്തം ഏഷ്യയിലും യൂറോപ്പിലും ഉണ്ടായ വലിയ

മാററങ്ങളും പറയാൻ കിടക്കുന്നു. അതിനു മുമ്പായി നമുക്കു് യൂറോപ്പിലേയ്ക്കു് ഒന്നു് എത്തിനോക്കാം.

റോമാസാമ്രാജ്യം രണ്ടായി പിരിഞ്ഞതും കിഴക്കേ പകുതിയിൽ ബൈസാൻറിയം നഗരം ഉണ്ടായിരുന്ന സ്ഥലത്തു് കാൺസ്റ്റൻറൈൻ ചക്രവത്തി പുതുരാജധാനി സ്ഥാപിച്ചു് പുതുറോമാനഗരം ആക്കിയതും ഓമ്മയുണ്ടല്ലോ. അനേകം ശത്രുക്കളുടെ ആക്രമണങ്ങൾ സഹിച്ചു എങ്കിലും, പൗരസ്ത്യസാമ്രാജ്യം ഏറെനാൾ പിന്നീട് നിന്നു. പശ്ചിമസാമ്രാജ്യമാകട്ടെ, ഏറിയകാലത്തെ പഴമ കൊണ്ടു് മാഹാത്മ്യം ഉണ്ടായിരുന്നിട്ടുപോലും ക്ഷണത്തിൽ നാശമണഞ്ഞു. ഉത്തരദേശീയരായ അപരിഷ്കൃതവർഗ്ഗങ്ങളുടെ ആക്രമണങ്ങളെ അതിന്നു തട്ടുക്കാൻ കഴിഞ്ഞില്ല. എ. ഡി. ൪൧൦-ൽ അലേറിക്കു് എന്നു പേരായ ഗാത്തുവർഗ്ഗപ്രമാണിയുടെ പടയോട്ടത്തിൽ റോമാനഗരം പിടിക്കപ്പെട്ടു. അനന്തരം വാൻഡൽവർഗ്ഗക്കാർ (ജർമ്മൻകാരായിരുന്നു അവർ) റോമാനഗരം നശിപ്പിച്ചശേഷം, പരന്തിരീസ് രാജ്യവും സ്പെയിൻരാജ്യവും കടന്നു്, കടൽവഴി അക്കരെ ആഫ്രിക്കാ മഹാഖണ്ഡത്തിന്റെ വടക്കേ അററത്തു് പണ്ടു് കാർത്തേജുകാർ മികച്ചിരുന്ന സ്ഥലത്തു് രാജ്യം ഉറപ്പിച്ചു. തദനന്തരം അവർ തിരികെ വന്നു് റോമാനഗരം പിടിച്ചു് കൈവശപ്പെടുത്തി. പണ്ടു് റോമന്മാർ കാർത്തേജുകാരെ പ്യൂനിക് യുദ്ധങ്ങളിൽ നശിപ്പിച്ചതിന്നു് ദൈവം അവരോടു് പകരം ചോദിച്ചതാവാം.

ഏകദേശം ഇക്കാലത്തു് മദ്ധ്യേഷ്യയിലുള്ള മംഗോളിയയിൽനിന്നു പുറപ്പെട്ട ഗോസായികളായ ഹൂണവർഗ്ഗക്കാർ മതിന്നു് ഡാന്യൂബ് നദിയുടെ കിഴക്കും റോമാസാമ്രാജ്യത്തിന്നു് വടക്കും പടിഞ്ഞാറും ആയി വ്യാപിച്ചു. പ്രമാണി ആയിരുന്ന അററില്ലയുടെ നേതൃത്വത്തിൽ അവർ പൗരസ്ത്യറോമാസാമ്രാജ്യത്തെ

കഠിനമായി ദ്രോഹിച്ചു വന്നതു് തടുക്കാൻ ഏററവും ശ്രമമമായിത്തീന്നതിനാൽ, അപ്പോഴപ്പോൾ വലിയ തുകകൾ കൈക്കൊണ്ടും കൊടുത്തുവത്രേ. പൌരസ്ത്യസാമ്രാജ്യം അടിപെടുത്തിയ ശേഷം അററില്ല, ഗാൾ എന്നു് വിളിച്ചുവന്ന പരന്തിരീസ് രാജ്യത്തിന്റെ തെക്കഭാഗം മുടിച്ചു. റോമാസാമ്രാജ്യത്തിന്റെ സേനയ്ക്കു് അററില്ലയെ തടുക്കാൻ ശക്തിപോരാഞ്ഞിട്ടു്, പണ്ടു് മ്ലേച്ഛരെന്നു ധിക്കരിച്ചിരുന്ന ഗാത്തിക്കു് വർഗ്ഗങ്ങളെ കൂട്ടുപിടിച്ചു് ട്രായിസ് എന്ന സ്ഥലത്തുവെച്ചു് ഒരു മഹായുദ്ധം നടന്നു. ആ യുദ്ധത്തിൽ ലക്ഷത്തിഅൻപതിനായിരം പേർ നശിച്ചു. എങ്കിലും, മംഗോളിയർ ഹൂണരെ തോല്പിച്ചു് പിന്തിരിച്ചു. ഇതു് എ. ഡി. ൪൫൧-ൽ ആണു് നടന്നതു്. അററില്ലതോൽവി ഏററിട്ടും ശൌര്യം ശമിക്കാതെ ഇററലിനാട്ടിൽ കടന്നു കൊള്ളിവയ്ക്കുകയും കൊള്ളയിടുകയും ചെയ്തു. അററില്ലയ്ക്കൊപ്പം ഒരു ദുഷ്ടരാക്ഷസൻ ഉണ്ടായിട്ടില്ലെന്നു് ഇന്നും യൂറോപ്പിൽ പ്രസിദ്ധമാണു് അററില്ലയുടെ മരണാനന്തരം ഹൂണന്മാരുടെ മുഷ്കു ശമിച്ചു. ക്രമേണ അവർ നാട്ടുകാരുമായി കലർന്നുപോയി. ഇക്കാലത്തുതന്നെ ആയിരുന്നു വെള്ളഹൂണന്മാർ ഭാരതഭൂമിയിൽ കടന്നതും. നാല്പതു് കൊല്ലം കഴിഞ്ഞിട്ടു് 'തിയോഡറിക്' എന്ന പേരായ ഒരു ഗാത്തിക്കു് പ്രമാണി പാശ്ചാത്യറോമാസാമ്രാജ്യാധിപതി ആയി. അദ്ദേഹത്തോടുകൂടി പാശ്ചാത്യസാമ്രാജ്യം നശിച്ചു. പൌരസ്ത്യസാമ്രാജ്യാധിപനായിരുന്ന ജസ്റ്റിനിയൻ അല്പകാലം ഇററലിയും സിസിലിയും കൈവശപ്പെടുത്തി ഇരുസാമ്രാജ്യങ്ങളും ഒരുമിച്ചു ഭരിച്ചു ക്ഷണേന രണ്ടും വേർപിരിഞ്ഞുപോയി.

എത്രയോ പ്രബലമായും പ്രസിദ്ധമായും ഇരുന്ന റോമാസാമ്രാജ്യം ഇത്ര പെട്ടെന്നു് അസ്തംഗമിച്ചതു

അത്ഭുതം എന്നു വിചാരിക്കുന്നവർ ഉണ്ടാവും. സത്യ-ത്തിൽ ഏറെ നാളായിത്തന്നെ ആ സാമ്രാജ്യം ഉള്ളതെല്ലാം പൊള്ളയായി കേവലം ഓട്ടി മാത്രംകൊണ്ടു തിളങ്ങുക ആയിരുന്നു. ഉടുതുണിയ്ക്കു മറുതുണി ഇല്ലാ-തെ വെറും പാപ്പരായി കഴിയുന്ന വലിയ കുടുംബ-ക്കാരൻ പുറമേ ഇറങ്ങുമ്പോൾ വെളുത്തേടൻെറ മാ-റവു വാങ്ങി കട്ടിയും കവണിയും ഉടുത്തു് അന്തസ്സു കാണിച്ചു നടക്കുമ്പോൾ, തറവാട്ടുമഹിമ കരുതി ജന-ങ്ങൾ അയാളെ അഭിമാനിക്കുന്നതുപോലെ ആയിരുന്നു, റോമാസാമ്രാജ്യത്തിൻെറ ഏറിയ കാലത്തെ നില. പഴമ കരുതി അതിനെ ആരും ബഹുമാനിച്ചു. പണ്ടേ തന്നെ റോമന്മാർ സുഖലോലുപന്മാരായിരു-ന്നു. കളിയും നാടകവും തീനും ആഡംബരവും മുഴ-ത്തപ്പോൾ ശക്തി എല്ലാം ക്ഷയിച്ചു. സകലതും ശമ്പളക്കാരും അടിമകളും വേണം നടത്താൻ എ-ന്നായി. ദാംഭികരായ റോമാപൗരന്മാർ ഹീനരാക്കി ജന്തുക്കളേക്കാൾ കഷ്ടമായി വെച്ചിരുന്ന അടിമകൾ പിണങ്ങി ലഹളകൾ തുടങ്ങി. അവരെ ബലാൽക്കാരം കൊണ്ടു പിടിച്ചു ഹിംസിച്ചു. ഒരു സംഗതി നല്ല-പോലെ ധരിക്കണം; ബലാൽക്കാരം ശക്തിയെ അല്ല അശക്തതയേ ആണു വ്യഞ്ജിപ്പിക്കുന്നതു്; സ്നേഹം കൊണ്ടും സാഹോദര്യംകൊണ്ടും കീഴടക്കുന്നതാണു ബ-ലം; അടിച്ചു് ചൊല്പടി കേൾപ്പിക്കുന്നതു്, ഗുരുക്ക-ന്മാർക്കെന്നപോലെ, രാജ്യങ്ങൾക്കും മാനഹാനിയും ബ-ലക്ഷയവും ആകുന്നു. റോമാപൗരന്മാർ സാധുക്കളേ-യും അടിയാന്മാരേയും ഹിംസിച്ചു് അടക്കിയതു് ത-ങ്ങളെത്തന്നെ ഹനിക്കുക ആയിരുന്നു. അവരുടെ ആ-ത്മാർത്ഥമായ സഹായസഹകരണങ്ങൾ ഇല്ലാഞ്ഞതു-കൊണ്ടാണു്, ഹൂണന്മാരും ഗാത്തിക്കു് തുടങ്ങിയ

ഉത്തരദേശീയരായ കാട്ടുവർഗ്ഗങ്ങളും ആക്രമിച്ചപ്പോൾ, പേരുകേട്ടിരുന്ന സാമ്രാജ്യം പർപ്പടംപോലെ പൊടിഞ്ഞതു്.

പാശ്ചാത്യറോമാസാമ്രാജ്യം ശിഥിലം ആയതോടുകൂടി പറങ്കികളും ഗാത്തുകളും, എന്നുവേണ്ട, അനവധി അപരിഷ്കൃതവർഗ്ഗങ്ങൾക്കും കളിക്കളമായി, യൂറോപ്പുമഹാഖണ്ഡം. അവരുടെ പിൻഗാമികളാണു് ഇന്നു കാണുന്ന വെള്ളക്കാർ എല്ലാം. ജർമ്മനും, പറങ്കിയും, പരന്തിരീസും, സ്പാനിയാർഡും, ലന്തക്കാരും, റോമന്മാർ മ്ലേച്ഛരായി ഗണിച്ചിരുന്ന വർഗ്ഗങ്ങളുടെ സന്താനങ്ങളാകുന്നു. ക്രമേണ അവർ ഇന്നു കാണുന്ന രാജ്യങ്ങളെ അധിവസിച്ചു ഇന്നിതാ! അവർ മഹാശക്തികളായി മററു് ഭൂഖണ്ഡങ്ങളേക്കൂടി സ്വാധീനപ്പെടുത്തി പ്രശസ്തരായിത്തീന്നിരിക്കുന്നു.

റോമാസാമ്രാജ്യം നശിച്ചതോടുകൂടി യൂറോപ്പിൽ അന്ധകാരകാലം ആരംഭിച്ചു. എത്രയോ തലമുറകളിൽ തെളിഞ്ഞിരുന്ന ജ്ഞാനദീപം കെട്ടുപോയി. സംസ്കാരത്തിന്റെ ഗതി പിന്നോക്കമായി. വാനരം മൂത്തു് നരനായതു പോയി, നരൻ വാനരമായി. "പിച്ചൻ പിച്ചൻ പഴയ പിച്ചൻ". ഇതു് ഒരു അത്ഭുതമായി ചിലർ ഗണിച്ചേക്കാം. പക്ഷേ, മനുഷ്യപ്രകൃതി സൂക്ഷ്മമായി ആലോചിച്ചാൽ, സ്ഥായിയായി കിടക്കുന്നജന്തുസ്വഭാവം, പരിഷ്കാരപ്പിത്തലാട്ടംകൊണ്ടു മോടിപിടിപ്പിച്ചിരുന്നതു്, ചായപ്പൂച്ചു് പോയപ്പോൾ ചെമ്പു് തെളിഞ്ഞുപോയി, എന്നു് ഗണിക്കാനേ ഉള്ളു. എത്രതന്നെ ഒട്ടിച്ചു് ചേർത്താലും വിത്തുഗണം പത്തുഗുണം ആയിട്ടു് തന്നെ കാണാം. മലമുകളിലേക്കു് ഉരുട്ടിക്കയററിയ പാറ കൈവിട്ടപ്പോൾ തിരികെ കുണ്ടിൽ വന്നു വീണു; പിന്നെയും ഉരുട്ടിക്കയററിക്കൊണ്ടു് പോകുന്നു. ഇങ്ങനെയാണു്

യൂറോപ്യന്മാർ ഇന്നു പിന്നെയും പരിഷ്കാരനിലയിൽ എത്തി ഇരിക്കുന്നതു്. അന്ധകാരം ഉദിച്ചപ്പോൾ ജനങ്ങളുടെ ജീവിതസമ്പ്രദായവും ചിന്താസരണിയും സാക്രട്ടീസിന്റേയും പ്ലേറ്റോവിന്റേയും കാലത്തുണ്ടായിരുന്നതിൽനിന്നു് എത്രയോ അകന്നു പ്രാകൃതദശയെ പ്രാപിച്ചു.

പാശ്ചാത്യസാമ്രാജ്യകഥ ഇങ്ങനെയായി. പൗരസ്ത്യസാമ്രാജ്യമോ? കാൺസ്റ്റന്റൈൻചക്രവർത്തി രാജ്യത്തിലെ മതം ക്രിസ്തുമതമാക്കിയതു് പറഞ്ഞുവല്ലോ. അദ്ദേഹത്തിന്റെ പിൽക്കാലം ചക്രവർത്തിയായ ജൂലിയൻ ക്രിസ്തുമതവിരോധി ആയിരുന്നു. പഴയ ദേവന്മാരുടേയും ദേവിമാരുടേയും വിഗ്രഹങ്ങളെ ആരാധിക്കാൻ അദ്ദേഹം നിർബന്ധിച്ചു. ആ യത്നം ഫലിച്ചില്ല. ജൂലിയനു പിന്നീടു് വാണ തിയോഡോസിയസ്, നേരേ മറിച്ചു്, ഒരു ദൃഢവ്രതനായ ക്രിസ്ത്യാനി ആയിരുന്നു. അദ്ദേഹം പഴയ ദേവബിംബങ്ങളെ എല്ലാം ഉടച്ചുകളഞ്ഞു. പക്ഷേ കർമ്മവൃത്താം അതിരു കടന്നിട്ടു് അദ്ദേഹം നിശ്ചയിച്ചിട്ടുള്ള ക്രമത്തെ അനുഷ്ഠിക്കാത്ത ക്രിസ്ത്യാനികളെപ്പോലും ദ്രോഹിച്ചു. അദ്ദേഹത്തിന്റെ വാഴ്ചക്കാലത്തു്, അതായതു് എ. ഡി. ൩൯൫-ൽ, കിഴക്കും പടിഞ്ഞാറും സാമ്രാജ്യങ്ങൾ അല്പകാലം യോജിച്ചു. ക്രിസ്തുമതം ക്രമേണ പരന്നു. ക്രിസ്ത്യാനികളും മററു മതക്കാരുമായി ഉണ്ടായിരുന്നതിലധികം അവർ തമ്മിൽ തന്നെ ആയിരുന്നു കലഹം. യൂറോപ്പിലും ഏഷ്യയിലും ആഫ്രിക്കയിലും ക്രിസ്ത്യാനിവർഗ്ഗങ്ങളുടെ ആഭ്യന്തരകലഹം ധാരാളം ഉണ്ടായി. തർക്കവും അടിപിടിയും യുദ്ധവുമെല്ലാം ക്രിസ്ത്യൻ സഹോദരന്മാർ തമ്മിൽ 'എന്റെ മതം ശരി, എന്റെ മതംശരി, എന്നുള്ളതിലായിരുന്നു.

എ. ഡി. ൫൨൭-മുതൽ ൫൬൫ വരെ ജസ്റ്റിനിയൻ ആയിരുന്നു ചക്രവർത്തി. ഇദ്ദേഹത്തിന്റെ പ്രസിദ്ധി പ്ര-

ധാനമായി നിയമങ്ങളെ ക്രോഡീകരിച്ചതിലാകുന്നു. നിയമ വിദ്യാൎത്ഥികൾ ഇന്നും ജസ്റ്റീനിയന്റെ കോഡ് പരീക്ഷയ്ക്കു പഠിക്കണം. അതുകൊണ്ടു റോമൻചരിത്രം അറിയാത്തവൎക്കും ജസ്റ്റിനിയൻ ചക്രവൎത്തിയുടെ പേരു് അറിയാതെ തരമില്ല. നിയമക്രോഡീകരണം അല്ലാതെ മറെറാരു വിശേഷം ജസ്റ്റിനിയൻനടത്തിയതു് കാൺസ്റ്റാന്റിനോപ്പിളിൽ "സാന്താസോഫിയ" എന്ന ഒരു വലിയ പള്ളി പണിയിച്ചതാകുന്നു. ബൈസാന്റൈൻ ശില്പവിദ്യയുടെ മകുടമായിത്തീൎന്ന ഈ ക്രിസ്തീയദേവാലയം അതിമനോഹരമായി ഇന്നും കാണാം. ജസ്റ്റിനിയൻ ഒരു സൎവകലാശാല തലസ്ഥാനത്തു് സ്ഥാപിച്ചു. എങ്കിലും പ്ലേറേറാ മുതലായ പഴയ ഗ്രീക്കാചാൎയ്യന്മാരുടെ ആയിരം കൊല്ലത്തിനു മേൽ നിലനിന്നുവന്ന കളരികളെ അദ്ദേഹം ഇല്ലാതെ ആക്കിയതു കഷ്ടമായിപ്പോയി. തത്വചിന്ത മതസ്വാതന്ത്ര്യത്തെ പുലത്തുമെന്നു് ഭയപ്പെട്ടായിരിക്കണം പുരാതനകളരികളെ അദ്ദേഹം നശിപ്പിച്ചതു്.

ഇങ്ങനെ ക്രിസ്തുവബ്ദം ആറാം ശതവൎഷമായപ്പോൾ റോമും കാൺസ്റ്റാൻറിനോപ്പിളും നാൾക്കുനാൾ അകലുകയും ജൎമ്മൻവൎഗ്ഗങ്ങളിൽ റോം ആക്രാന്തമായി നശിക്കയും, പുരാതന ഗ്രീക്കു് സംസ്കാരത്തിന്നു് റോമൻ എന്ന പേരിട്ടു് പൌരസ്ത്യസാമ്രാജ്യം ഏറെ നാൾ തുടൎന്നു നിന്നെങ്കിലും ക്ഷയോന്മുഖമാകയും ക്രിസ്തുമതം പ്രചരിച്ചുവന്ന ക്രമത്തിനു് അവാന്തരവൎഗ്ഗീയകലഹങ്ങൾ മുഴക്കയും ക്രിസ്തുമതാനുയായികൾ തുൎക്കിസ്ഥാനത്തും ചീനത്തും അബിസീനിയായിലും ഉണ്ടായിരുന്നവർ മൂലസ്ഥാനങ്ങളായ റോമിനേയും കാൺസ്റ്റാൻറിനോപ്പിളിനേയും കൂട്ടാക്കാതെ പിരിഞ്ഞു് മാറുകയും ചെയ്തു. അന്ധകാരകാലം വന്നു ബാധിച്ചിട്ടു് പുരാതനജ്ഞാനഭണ്ഡാരങ്ങളായ ഗ്രീ-

ക്കിലും ലത്തീനിലും ഉള്ള ഗ്രന്ഥങ്ങളെ ദേവതാരാധന-പരങ്ങളാണെന്നുള്ള ദൂഷ്യം പറഞ്ഞു തിരസ്കരിക്കയാൽ, അജ്ഞാനവും കർമ്മാന്ധ്യവും വർദ്ധിച്ചു. അമാവാസ്യ-യിലെ ചന്ദ്രനിൽ എന്നവണ്ണം കലകൾ നശിച്ചു ക്രി-സ്ത്യാനിപുരോഹിതസംഘങ്ങൾ, പക്ഷേ, ഒരു ഗുണം മാത്രം ചെയ്തു. പൂർവ്വവിദ്യകളെ കളയാതെ മഠങ്ങളിൽ പരിപാലിച്ചു. വാടാവിളക്കു കെട്ടുപോകാതെ അവർ സൂക്ഷിച്ചുവെച്ചിരുന്നില്ലെങ്കിൽ ലോകത്തിൽ പിന്നീട് ജ്ഞാനദീപം കൊളുത്താൻ സാധിക്കാതിരിക്കുമായിരുന്നു. മുമ്പൽ എല്ലാവും പ്രകാശിപ്പിച്ചിരുന്ന ദീപം അറയ്ക്കു-ള്ളിൽ മാത്രമായി എന്നൊരു കുററമേ പറയാനുള്ളൂ. മത സംബന്ധമായ പുസ്തകങ്ങൾ ഇക്കാലത്താണ് ധാരാളമാ-യി ഉണ്ടായിരുന്നത്. യുക്തിവാദങ്ങളും, വിതണ്ഡവാദ-ങ്ങളും; എല്ലു കീറിനോക്കുന്ന സ്വഭാവവും വിമതാസഹി-ഷ്ണുതയും അന്ധകാരകാലത്തിന്റെ പ്രത്യേക ലക്ഷണ-ങ്ങളായിരുന്നു. ദേഹപീഡ ചെയ്യുന്തോറും ആത്മജ്ഞാ-നമേറുമെന്നു വിശ്വാസം പൂണ്ട ക്രിസ്തീയസന്യാസികൾ സ്വമതത്തെ പലേടത്തും പ്രചരിപ്പിച്ചു. ഈജിപ്തിലെ സൈകതങ്ങളിലും മററും അക്കൂട്ടരെ ഇന്നും കാണാം. ഈ ബോധം ഹിന്ദുക്കളിലും ധാരാളമുണ്ട്.

---

## മുപ്പതാം അദ്ധ്യായം

---

### അറേബ്യയും ഇസ്ലാംമതവും

എത്രയോ രാജ്യങ്ങളെല്ലാം നാം കയറിനടന്നു. അ-റേബ്യയെ മാത്രം ഇതുവരെ തിരിഞ്ഞു നോക്കിയില്ല. ആ രാജ്യം മിക്കവാറും സൈകതങ്ങളാലും പർവ്വതങ്ങ-ളാലും വ്യാപ്തമാണെങ്കിലും, അക്കാലത്തു ഉണ്ടായിരുന്ന

പരിഷ്കൃതരാജ്യചക്രത്തിന്റെ കേന്ദ്രസ്ഥാനത്തു് സ്ഥിതിചെയ്തിരുന്നതു കൂടാതെ, നാട്ടുകാരായ അറബികളേപ്പോലെ ധീരന്മാരും ക്ലേശസഹന്മാരും വ്യവസായകുശലന്മാരും ആയ ജനങ്ങളില്ലെന്നുള്ള സംഗതികൊണ്ടു് കൂടി പ്രാധാന്യം വഹിച്ചിരുന്നു. സ്വതഃ മരുപ്രായമായിരുന്ന ഭൂമി ദിഗ്വിജയകോലാഹലത്തിൽ ഉദ്യുക്തരായിരുന്ന ചക്രവർത്തികളെയോ ധനാർജ്ജനനിരതരായ വൈശ്രവണന്മാരെയോ ആകർഷിച്ചില്ല. അറേബ്യയ്ക്കു് ചുററുപാടും മഹാനഗരങ്ങളും രാജധാനികളും വിളങ്ങിയിരുന്നു. ഇറാക്കിൽ യൂഫ്രെറ്ററീസ് എന്നും ടൈഗ്രീസ് എന്നുമുള്ള നദികളുടെ തീരങ്ങളിൽ വലിയ പട്ടണങ്ങൾ ഉണ്ടായി; ഈജിപ്തിൽ അലക്സാണ്ഡ്രിയ, സിറിയയിൽ ഡമാസ്കസ്, ചിന്നേഷ്യയിൽ അന്തോക്യ, എന്നിങ്ങനെയുള്ള കമ്പോളനഗരങ്ങളിലെല്ലാം അറബികളെ സഞ്ചാരികളായും കച്ചോടക്കാരായും കാണാമായിരുന്നു. എങ്കിലും, സ്വന്തനാട്ടിൽ വലിയ പട്ടണങ്ങളുണ്ടാക്കയോ, മററുള്ളവരേപ്പോലെ അന്യരാജ്യങ്ങളെ ആക്രമിക്കയോ ഒന്നും ചെയ്യാതെ, സകല ദിക്കിലും ചുററിനടന്നു് സ്വതന്ത്രരായി കാലക്ഷേപം ചെയ്തുവന്ന കൂട്ടരായിരുന്നു അറബികൾ. അവർ മററുള്ളവരെ ദ്രോഹിക്കയോ മററുള്ളവർ അവരെ കീഴ്പ്പെടുത്തുകയോ ഉണ്ടായിട്ടില്ല.

അതു് അത്ര എളുപ്പവും അല്ലായിരുന്നു. വിശാലമായ മരുപ്രദേശത്തു് ഗോസായികളെപ്പോലെ എന്തു് സാഹസവും ചെയ്വാനും ഏതു് കഷ്ടപ്പാടും സഹിക്കാനും മടിയില്ലാതെ സ്വതന്ത്രസഞ്ചാരികളായിരുന്ന ബിദാവുനികളേയും അറബികളേയും പിടിച്ചടക്കാൻ ആർക്കു കഴിയും? സമുദ്രക്കരയിൽ മാത്രം രണ്ടു് പട്ടണമുണ്ടായിരുന്നു, മക്കവും എത്രിബ്ബം. അവിടത്തുകാരൊഴികെ

മററുള്ളവരെല്ലാം മരുതവാസികളായിരുന്നു. അവക്ക് കൂട്ടുകാർ കുതിരയും ഒട്ടകവും ആയിരുന്നു. അറബിക്കുതിരകളുടെ ഭംഗിയും ഇണക്കവും ഒന്ന് വേറെ തന്നെയാണ്. മണൽക്കാട്ടുകളിൽ ഒട്ടകത്തെപ്പോലെ എളുപ്പം സഞ്ചരിക്കുന്ന ജന്തു മറെറാന്നുമില്ല. ദൈവം അവിടങ്ങളിലേക്ക് പ്രത്യേകം സൃഷ്ടിച്ചിരിക്കുന്ന മൃഗങ്ങളാണ് അവ. കഴുതകളേയും അറബികൾക്ക് വളരെ കാര്യമാണ്. അതിൻെറ ബുദ്ധിക്കുറവിനെ മാത്രം പ്രമാണിച്ച് നാം പുച്ഛിക്കുന്നു; അറബികളാകട്ടെ, അതിന് അവരേപ്പോലെ സഹനശക്തി ഉണ്ടെന്നു കണ്ട് സ്നേഹിക്കുന്നു. വിദ്യാഭ്യാസം വളരെ കുറവുള്ള കൂട്ടരായിരുന്നു അറബികൾ. അതുകൊണ്ടാണോ കഴുതകളേ പ്രിയപ്പെട്ടതെന്ന് ചിലർ ശങ്കിച്ചേക്കാം. പക്ഷേ,

ബഹുദുരഭിമാനികളും അല്പരസക്കാരും ആയിരുന്നു. മരുതവാസികളുടെ സ്വഭാവമാണിത്. വർഗ്ഗങ്ങളായും കുടുംബങ്ങളായും പാത്തുവന്ന അവർ തമ്മിൽ എന്നും അടിപിടിയും ശണ്ഠയുമായിരുന്നു. എന്നാൽ ആണ്ടിലൊരിക്കൽ ഈ വൈരമെല്ലാം തീന്ന് വർഗ്ഗങ്ങൾ എല്ലാം ചേൻ മക്കത്ത് പ്രതിഷ്ഠിച്ചിരുന്ന തന്നം ദൈവപ്രതിമകളേയും 'കാബാ' എന്ന് പേരായ വലിയ കൃഷ്ണശിലയേയും വന്ദിച്ചുവന്നു. കാബാ ഇന്നും മക്കത്ത് ആരാധനാസ്ഥാനമായി അഭിമാനിച്ചുവരുന്നുണ്ട്.

ഇങ്ങനെ ഏറിയകാലം അറബികൾ സഞ്ചാരികളായി, പുരാതനവർഗ്ഗങ്ങളേപ്പോലെ കുലപ്രമാണികളുടെ ഭരണമേററും അങ്ങുമിങ്ങും കച്ചോടം ചെയ്തും കപ്പലോട്ടിച്ചും, പരിഷ്കാരമോ പൌരത്വമോ കൂടാതെ അനേകം തലമുറകളായി മരുതപ്രായമായ ദേശത്ത് നിവസിച്ച് വന്നു. ചുററും പല സാമ്രാജ്യങ്ങ-

ളിലെല്ലാം സുഖോപഭോഗരീതികൾ ഉണ്ടായിരുന്നിട്ടും അറബികൾ പണ്ടത്തെ സ്ഥിതിയിൽ തന്നെ കഴിഞ്ഞുകൂടി. സിറിയയിൽ അല്പകാലത്തേക്ക്, ക്രിസ്ത്വബ്ദം മൂന്നാം ശതകത്തിൽ, പല്മയറാ എന്നൊരു അറബിസംസ്ഥാനമുണ്ടായി. അതും ഏറെക്കാലം നിന്നില്ല. വീര്യമുള്ള ഒരുവർഗ്ഗക്കാർ, ചുറ്റുമുണ്ടായിരുന്ന സംസ്കാരലേശം പിരളാതെ, ഈ വിധം ഏറിയകാലം ഉറങ്ങിക്കിടന്നിട്ട്, കുംഭകർണ്ണൻ ഉണൎന്നാലെന്നപോലെ, പെട്ടെന്ന് പരാക്രമശാലികളായി, ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, എന്നുള്ള മഹാഭൂഖണ്ഡങ്ങളെ ആസകലം വിഴുങ്ങിയ കഥ ആരേയും അത്ഭുതപ്പെടുത്താതിരിക്കയില്ല. മങ്ങിക്കിടന്ന തീപ്പൊരി വലുതായ കാട്ടുതീയായി കത്തിയതുപോലെ, അറബികൾ ജ്വലിച്ച് സാമ്രാജ്യത്തിന്റേയും സംസ്കാരത്തിന്റേയും ഉച്ചസ്ഥാനത്ത് എത്തിയത് ലോകചരിത്രത്തിലെ അത്ഭുതങ്ങളിൽ ഒന്നായിട്ടാണ് ഗണിക്കേണ്ടത്.

ഈ അത്ഭുതശക്തി അവൎക്ക് നൽകിയത് ഇസ്ലാംമതമാകുന്നു. ആത്മപ്രത്യയബോധം അതുകൊണ്ടാണ് അവൎക്ക് ഉദിച്ചത്. ഇസ്ലാംമതത്തിന്റെ മൂലാചാര്യൻ മഹാമത്താകുന്നു. ആ മഹാനുഭാവൻ എ. ഡി. ൫൭൦-ൽ മക്കത്ത് ജനിച്ചു. ബഹു സാധുവായി സകല ജനങ്ങൾക്കും വിശ്വാസപാത്രമായി കാലക്ഷേപം ചെയ്തുവന്നു. അദ്ദേഹത്തെ എല്ലാവരും "അൽ അമീൻ" എന്നാണ് വിളിച്ചു വന്നത്. അറബിയിൽ അതിന്റെ അൎത്ഥം വിശ്വസ്തൻ എന്നാകുന്നു. പുതിയ മതം സ്ഥാപിക്കണമെന്ന് ആഗ്രഹമോ ഭാവമോ അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. എങ്കിലും, വിഗ്രഹാരാധനത്തിൽ കാണിച്ചുവന്ന ഗോഷ്ടികളെ കളയണമെന്നുള്ള അതികാംക്ഷ ഉണ്ടായിരുന്നു. ദൈവം ഏകമാണെന്നും ആ ഏകദൈവം മാത്രമാ-

ണ് സത്യം എന്നുമുള്ള സ്ഥിരബോധത്തെ അദ്ദേഹം എല്ലാവരോടും പ്രവചനം ചെയ്യാൻ തുടങ്ങി. അതു് കേട്ടപ്പോൾ മക്കത്തു് ഉണ്ടായിരുന്ന ജനങ്ങളെല്ലാം അദ്ദേഹത്തെ അധിക്ഷേപിച്ചു്, പൂർവ്വികരുടെ ദൈവങ്ങളെപ്പററിയുള്ള വിശ്വാസത്തെ പുച്ഛിച്ചുഭ്രഷ്ടനെ കൊല്ലാതെകൊന്നു. ഒടുവിൽ ജീവഹാനി ഭയന്നു് മഹാമത്തു് മക്കത്തുനിന്നു ഓടി, യത്രിബ്ബ് എന്ന നഗരത്തിൽ ചെന്നു് ചില സ്നേഹിതന്മാരുടെ രക്ഷയിൽ പാർത്തു. മഹാമത്തു് മക്കത്തു് നിന്നു് ഓടിയതു തൊട്ടാണു് 'ഹിജറാത്തു്' എന്ന് മഹമ്മദീയവർഷം ആരംഭിക്കുന്നതു്. ഇതു് എ. ഡി. ൬൨൨-ലായിരുന്നു. ഹിജറാവർഷം സൗരമാനംകൊണ്ടല്ല, ചാന്ദ്രമാനംകൊണ്ടാണു് കണക്കാക്കുന്നതു്. ആണ്ടിന്നു് തീയതി കുറവാണു്. അതുപോലെ, ഹിജറാമാസങ്ങൾ എല്ലാക്കൊല്ലവും ഒരേ ഋതുവിൽ വരുന്നതും നിശ്ചയമില്ല. ഒരേ മാസം ചിലപ്പോൾ വേനൽക്കാലത്തും ചിലപ്പോൾ വർഷകാലത്തുമായി വരും.

ഹിജറാ, അതായതു് എ ഡി. ൬൨൨, മുതലാണു് ഇസ്ലാമിന്റെ ആരംഭം. മഹാമത്തിനെ എത്രിബ്ബ് ആദരിച്ചതിനാൽ 'മദീനത്തു് ഉൻ നബി' എന്നുള്ള പേർ ആ പട്ടണത്തിനു് സിദ്ധിച്ചു. അതിന്റെ അർത്ഥം 'ആചാര്യന്റെ നഗരം' എന്നാണു്. ആ സംജ്ഞ ലോപിച്ചിട്ടാണു് ഇന്നു് അതിനെ മദീനാ എന്നു വിളിച്ചുവരുന്നതു്. മഹാമത്തിന്റെ സഹായികൾക്കു് 'അൻസാർ' (അനുസരിക്കുന്നവർ) എന്ന പേരും സിദ്ധിച്ചു. ഈ പേർ വലിയ ബഹുമതിയായി അവരുടെ വംശക്കാർ ഇന്നും വഹിച്ചുവരുന്നുണ്ടു്. ഡാക്ടർ എം. എ അൻസാരിയുടെ പേർ നിങ്ങൾ കേട്ടിരിക്കാനിടയുണ്ടു്.

ഇസ്ലാമിൻെറ ജൈത്രയാത്രയെ വിസ്തരിക്കുന്നതിനു മുമ്പായി അന്നത്തെ ലോകാവസ്ഥയെ ചുരുക്കത്തിൽ മനസ്സിലാക്കുന്നതു് കൊള്ളാം. റോമാസാമ്രാജ്യം മൃതപ്രായമായിക്കഴിഞ്ഞു; ഗ്രീക്കുകാരും റോമന്മാരും പുലർത്തിവന്ന പരിഷ്കൃതി അവസിതയായി; അവരുടെ കാലത്തു് ഉണ്ടായിരുന്ന സാമുദായികസ്ഥിതി എല്ലാം മാറി; ഔത്തരാഹന്മാരായ അപരിഷ്കൃതജാതികളും വർഗ്ഗങ്ങളും വ്യാപിച്ച് യൂറോപ്പിൽ പ്രാമാണ്യം നേടി. അവർ ഏതാണ്ട് റോമൻ നടപടികളെ അനുവർത്തിച്ചു എന്നുള്ള ഭാവം നടിച്ചതല്ലാതെ, സത്യത്തിൽ ഇരുസംസ്കാരങ്ങളും ചേർന്ന കൂട്ടുകറിയായ ഒരു പുതുപരിഷ്കാരമാണ് അവർക്ക് ഉണ്ടായിരുന്നതു്. പണ്ടത്തെ മട്ട് വിട്ടും പോയി, പുതിയതു് കിട്ടിയതും ഇല്ല, "കക്ഷത്തിലുള്ളതു് പോകയും ചെയ്തു ഉത്തരത്തിലുള്ളതു് കിട്ടിയതും ഇല്ല" എന്നായപ്പോഴാണ്, അന്ധകാരവും അജ്ഞതയും മുഴുത്തതു്. കിഴക്കേ ഭാഗത്തു് വിളങ്ങിയിരുന്ന റോമാസാമ്രാജ്യം അന്നു് ഉണ്ടായിരുന്നു. കാൺസ്റ്റാൻറിനോപ്പിൾ യൂറോപ്പിൽ ഉണ്ടായിരുന്ന നഗരങ്ങളിൽവെച്ച് പ്രഥമസ്ഥാനം വഹിച്ചിരുന്നു. അവിടെ ഉത്സവങ്ങൾക്കും വിനോദങ്ങൾക്കും ഒരു വാട്ടവും തട്ടിയിരുന്നില്ല. കളികളും സർക്കസ്സുകളും ആഡംബരങ്ങളും ഉത്സവങ്ങളും നടന്നുകൊണ്ടിരുന്നു. എങ്കിലും, പട്ടത്തിരികത്തിത്തുടങ്ങി എന്നു് ആർക്കും ബോധപ്പെട്ടുമായിരുന്നു. പർസ്യയിലെ ശാസ്സനീദ രാജാക്കന്മാരുമായി എന്നും പടവെട്ടു് നടന്നുവരികയും ഖുസ്രു, രണ്ടാമൻ കാൺസ്റ്റാൻറിനോപ്പിളിൻെറ വകയായിരുന്ന ചില ദേശങ്ങളെ കീഴടക്കുകയും ചെയ്തു. അദ്ദേഹം അറേബ്യയും ഈജിപ്റ്റും കൈവശപ്പെടുത്തി, കാൺസ്റ്റാന്റിനോപ്പിളിന്റെ

ഗോപുരദ്വാരത്തോളം എത്തി. പക്ഷേ, അന്നു് ചക്രവർത്തി ആയിരുന്ന ഹിറാക്ലിയസ് അദ്ദേഹത്തെ തോല്പിച്ചു് പിന്തിരിച്ചു. അനന്തരം മകൻ കവധൻ അദ്ദേഹത്തെ ഹനിച്ചു.

ഇങ്ങനെ യൂറോപ്പും ഏഷ്യയും ഒരുപോലെ അപ്പോഴം അവശതയിൽ വർത്തിക്കുന്ന കാലമായിരുന്നു. പോരാത്തതിന്, കൃസ്ത്യാനികളുടെ അവാന്തരവർഗ്ഗങ്ങൾ തമ്മിൽ നടന്നുവന്ന ആഭ്യന്തരകലഹങ്ങളും കുത്തും കൊലപാതകവും യൂറോപ്പിലും ആഫ്രിക്കയിലും ഉണ്ടായിരുന്ന ജനസമുദായങ്ങളെ അത്യന്തം ക്ഷീണിപ്പിച്ചു. പർസ്യായിൽ പാർസിമതം ജനങ്ങളെ ഹേമിച്ചു് അനുഷ്ഠിപ്പിച്ചുവന്നു. വിശ്വാസമില്ലെങ്കിലും മതത്തെ കുത്തിച്ചെലുത്തി മനുഷ്യരുടെ ആത്മസ്വാതന്ത്ര്യത്തെ ഹനിക്കുമ്പോഴും സമുദായബന്ധത്തിന് ശൈഥില്യം വരാതെ തരമില്ലല്ലൊ. അക്കാലത്തു് യൂറോപ്പൊട്ടുക്ക് മഹാമാരികൾ പരന്ന് ലക്ഷോപലക്ഷം ജനങ്ങൾ നശിക്കയും ചെയ്തു.

ഭാരതഭൂമിയിലും ചീനത്തും മാത്രം ഈ നാശങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. അവിടം സുഭിക്ഷമായും വർദ്ധമാനമായും വിളങ്ങി. ഭാരതഭൂമിയിൽ ശ്രീഹർഷൻെറ രാജ്യഭാരകാലമായിരുന്നു. എങ്കിലും, ഉത്തരേൻഡ്യ ക്രമേണ ക്ഷീണിച്ചുതുടങ്ങിയിരുന്നു. ചീനത്തു് താങ്വംശത്തിൽ കേമനായിരുന്ന തായസുങ് എ. ഡി. ൬൨൭-ൽ സിംഹാസനാരൂഢനായി. ചീനാസാമ്രാജ്യത്തിന് കാസ്പിയൻകടൽ മുതൽ കിഴക്ക് ചീനാസമുദ്രംവരെ മദ്ധ്യേഷ്യയിലുള്ള സകല സംസ്ഥാനങ്ങളും കപ്പം നൽകി. എങ്കിലും, ഇത്ര വലിയ സാമ്രാജ്യത്തിന് ഉതകത്തക്കവണ്ണം ബലിഷ്ഠമായ ഒരു കേന്ദ്രഭരണം ഇല്ലായിരുന്നു.

ഇസ്ലാംമതം പിറന്നപ്പോൾ ഇങ്ങനെ ആയിരുന്നു ഏഷ്യയുടേയും യൂറോപ്പിന്റേയും അവസ്ഥ. മക്കത്തുനിന്നു് മഹാമത്തു് മദീനയ്ക്കു് ഓടിപ്പോയിട്ടു് ഏഴു കൊല്ലം കഴിഞ്ഞപ്പോൾ ഇസ്ലാംമതത്തിന്റെ ശക്തി വർദ്ധിച്ചു. അദ്ദേഹം ജയഭേരിയോടെ തിരികെ മക്കത്തു് പ്രവേശിച്ചു. അതിനു മുമ്പുതന്നെ ഇസ്ലാംമതത്തെസ്വീകരിക്കണമെന്നു് പൌരസ്ത്യറോമാചക്രവർത്തികളും പാരസീകചക്രവർത്തികളും കത്തു് അയയ്ക്കത്തക്ക ശക്തി ആ മതത്തിനു് വന്നിരുന്നു. മതവിശ്വാസം ആത്മവിശ്വാസത്തെ ഉദിപ്പിച്ചു. ആനയ്ക്കു് സ്വശക്തി അറിയാൻ ഇടവന്നാൽ പിന്നത്തെ കഥ എന്തെന്നു് പറയാനുണ്ടോ? എന്നതുപോലെ ആണു് ധീരന്മാരായ അറബികൾക്കു് ആത്മവിശ്വാസം ഉണ്ടായപ്പോൾ വലിപ്പം വന്നതു്. ഇസ്‌ലാംമതത്തിന്റെ പ്രധാനശക്തി സാഹോദര്യത്തിലും സമത്വത്തിലും പ്രതിഷ്ഠിതമായിരുന്നു

മഹാമത്തു് എ: ഡി. നാനൂറ-ൽ ദിവംഗതനായി. എങ്കിലും, അറബികളിൽ ഒത്തൊരുമയും രാഷ്ട്രീയബോധവും അദ്ദേഹം ഉദിപ്പിച്ചു. ഹിജറാത്തു് കഴിഞ്ഞിട്ടു പത്തുകൊല്ലം മാത്രമേ ആ മഹാൻ ജീവനോടെ ഇരുന്നുള്ളു. എങ്കിലും അദ്ദേഹം ഒരു പുതിയ മഹാശക്തിയെ ലോകത്തിൽ ഉൽപാദിപ്പിച്ചു. അദ്ദേഹത്തിനു് "ഖാലീഫ" അതായതു് 'നേതാവു്' എന്നു് ഉണ്ടായിരുന്ന സ്ഥാനം തദനന്തരം സ്വകുടുംബത്തിലെ അംഗമായിരുന്ന അബൂബാക്കറിൽ സംക്രമിച്ചു. ജനങ്ങൾ തിരഞ്ഞെടുത്തിട്ടാണു് ഈ ഖാലീഫ്സ്ഥാനം ലഭിക്കുന്നതു്. രണ്ടു് വർഷം കഴിഞ്ഞപ്പോൾ അബൂബാക്കർ മരിച്ചു. ആ സ്ഥാനം ഓമാറിനു കിട്ടി. അദ്ദേഹം പത്തു് കൊല്ലം ആ സ്ഥാനം വഹിച്ചു. രണ്ടു്

ഖാലീഫു്കളുംകൂടി ഒരു വ്യാഴവട്ടക്കാലമേ നേതൃത്വം വഹിച്ചിരുന്നുള്ളു. എങ്കിലും, രണ്ടുപേരും കേമന്മാരായിരുന്നതു നിമിത്തം അറബികളും ഇസ്ലാമും മാഹാത്മ്യത്തെ പ്രാപിച്ചു. ഐഹികവും പാരത്രികവുമായ ഗതികളുടെ ഭരണകർത്തൃത്വം ഖാലിഫിൽ സമ്മിളിതമായിരുന്നു. അതായതു്, മതപൗരോഹിത്യം മാത്രമല്ല, ഭരണകർത്തൃത്വവും നടത്താൻ ഖാലിഫ് ആയിരുന്നു അധികാരി. അതിനാൽ ഖാലിഫ് ഒരു ചക്രവർത്തിയേക്കാൾ ഇസ്ലാംജനങ്ങളെ സംബന്ധിച്ചിടത്തോളം, ശക്തിയേറിയ ദേഹമായിരുന്നു എങ്കിലും ആബുബക്കറും, ഓമാറും സ്വപ്രജകളുടെ കൂട്ടത്തിൽ യാതൊരു ആഡംബരമോ സുഖാനുഭോഗങ്ങളോ കൂടാതെ കേവലജീവിതം നയിച്ചതേ ഉള്ളു. ഇസ്ലാം മതത്തിൻെറ സത്താണു് സാർവജനീനമായ സാഹോദര്യം. മഹാരാജാവും തൊട്ടി എടുക്കുന്ന പറയനും ഈശ്വരദൃഷ്ട്യാ തുല്യരെന്നാണു് ആ മതം ഉപദേശിക്കുന്നതു്. മററുള്ള മതങ്ങളും ആ തത്വം സമ്മതിക്കുന്നുണ്ടെങ്കിലും, അനുഷ്ഠിക്കുന്നതു് അപൂർവം. ഇസ്‌ലാമിന്റെ ജീവൻ അതിന്റെ അനുഷ്ഠാനം ഒന്നുകൊണ്ടാണു് നിലനിൽക്കുന്നതു്. ആദ്യത്തെ രണ്ടു ഖാലീഫു്കൾക്കു് ആ സംഗതിയിൽ വളരെ നിഷ്ഠ ഉണ്ടായിരുന്നു. അവരുടെ കീഴുദ്യോഗസ്ഥന്മാരും കുടുംബക്കാരും മതനിബന്ധനകൾ വെടിഞ്ഞു് സുഖാനുഭോഗികളായിത്തീർന്നതിനെപ്പററി അവർ വിലപിക്കയും ശാസിക്കയും ചെയ്തു. റോമാസാമ്രാജ്യവും പാരസീകസാമ്രാജ്യവും അധഃപതനോന്മുഖങ്ങളായിരുന്നതിനു മുഖ്യനിദാനം അവയുടെ സുഖലോലുപതയാണെന്നും അതുപോലെ അറബിജനങ്ങൾ സുഖാനുഭോഗം തുടങ്ങിയാൽ നശിക്കാൻ ഇടവരുമെന്നും അവർ ഗുണദോഷിക്കുകയും ചെയ്തു. മഹാന്മാരായിരുന്ന ഈ രണ്ടു് ഖാലിഫു്കളുടെ പന്ത്രണ്ടുവർഷത്തെ നേതൃത്വം

കൊണ്ടു് അറബികൾ പൗരസ്ത്യറോമാചക്രവർത്തിയേയും പാരസീക ശാസ്സനീദചക്രവർത്തിയേയും തോല്പിച്ചു് സിറിയ, ഇറാക്കു്, പർസ്യ, എന്നീ സംസ്ഥാനങ്ങളെ മുഴുക്കെ പിടിച്ചു്, പുതുതായ സാമ്രാജ്യം സ്ഥാപിക്കയും, യൂദന്മാർക്കും ക്രിസ്ത്യാനികൾക്കും ഒന്നുപോലെ വന്ദ്യനഗരമായ യരുശലേമിൽ കയറി കുടി ഉറപ്പിക്കുകയും ചെയ്തു.

---

# മുപ്പത്തിഒന്നാം അദ്ധ്യായം

---

## ഇസ്ലാമിൻെറ വിജയയാത്രയും അധഃപതനവും

നടപ്പിലിരിക്കുന്ന സ്ഥിതിഗതികളിലും ആചാരങ്ങളിലും അനാസ്ഥയും അവിശ്വാസവും മുഴുക്കുമ്പോഴാണു് പുതുമതസ്ഥാപകരുടെ പുറപ്പാടു്. വേദമതത്തോടു് അനാദരം ഉദിപ്പിച്ചു്, തന്ത്രയായികൾ തോന്ന്യാസം പ്രവർത്തിച്ചു് അന്ധവിശ്വാസങ്ങളും കുതന്ത്രമന്ത്രപ്രയോഗങ്ങളുംകൊണ്ടു് ജനങ്ങളെ വെരുപ്പിച്ച കാലത്താണു് ബുദ്ധമതവും ജൈനമതവും ഉദിച്ചതു്. അതുപോലെ, പുരാതനപ്രകൃതിമതം ദുഷിച്ചു് ആത്മീയസംസ്കാരം വിട്ടു് കായികസുഖാനുഭോഗത്തിൽ കലാശിച്ചപ്പോൾ ക്രിസ്തുമതം ഉണ്ടായി. അപ്രകാരം തന്നെ ആഭ്യന്തരകലഹങ്ങൾ മുഴുത്തു്, കർമ്മഠന്മാരായ പുരോഹിതന്മാരെ അനുവർത്തിച്ചു്, രാജാധികാരം പ്രജാലോകത്തെ അടിമപ്പെടുത്തി ദ്രോഹിച്ചുവന്ന കാലത്താണു് ഇസ്ലാംമതം ആവിർഭവിച്ചതു്. സർവ്വസമതാപത്തെമുറുകെ പിടിച്ചു് മനുഷ്യർക്കേവർക്കും ദൈവാനുഗ്രഹം ഒരുപോലെ ആണെന്നും, ദൈവം ഒന്നേ ഉള്ളു എന്നും, ആ മഹാശക്തിക്കു് കീഴ്പ്പെട്ടവരെല്ലാം, രാജാ-

വായാലും, പ്രജയായാലും, വലിയവനായാലും എളിയവനായാലും, ധനികനായാലും, ദരിദ്രനായാലും, ഒന്നുപോലെ അനുഗ്രഹീതരാണെന്നും മററും പ്രതിപാദിച്ച മഹമ്മദുമതത്തിൽ മേലാവില്ലുള്ളവർ കേവലം പശുക്കളെപ്പോലെ സ്വേച്ഛാനുസാരണം കൊട്ടയാട്ടി വന്നിരുന്ന ജനസാമാന്യത്തിന് എന്തെന്നില്ലാത്ത ഒരു ഔത്സുക്യം തോന്നി, പുതുജീവൻ ലഭിച്ചതിൽ ആശ്ചര്യം ഒട്ടുമില്ല. പുതുമതോദയം വിപ്ളവത്തിനുള്ള അപരനാമമാണ്. പുതുമതാചാര്യരെ വിപ്ളവകാരികളായി ഗണിക്കുന്നതിൽ യാതൊരു അപാകവുമില്ല. ഇപ്രകാരം ഒരു വിപ്ളവകാരി ആയിരുന്നു മഹാമത്തും. അദ്ദേഹത്തിൻെറ സർവജനാനുഗ്രഹോപജ്ഞമായ മതത്തിൽ ദുഷ്ടരാജാക്കന്മാരാലും ദുശ്ചരിതരായ പുരോഹിതരാലും അടിമപ്പെട്ടുത്തി കഷ്ടപ്പെട്ടു കിടന്ന സാധാരണ ജനങ്ങൾ വശീകൃതരായി. ഏതായാലും മുസ്ലിമിങ്ങൾക്കു അഭേദ്യമായ ഒരു സാഹോദര്യം ഇസ്ലാമതം മൂലം സിദ്ധിച്ചു. ഈ ഐക്യമത്യം ലോകയാത്രയിൽ അവക്ക് വിജയം നൽകി.

അറബികൾ വനേചരവൃത്തി കളഞ്ഞു് ജൈത്രയാത്ര തുടങ്ങിയപ്പോൾ രാജ്യങ്ങൾ ഓരോന്നായി അവക്ക് കീഴടങ്ങി. പല സ്ഥലത്തും യുദ്ധംതന്നെ വേണ്ടിവന്നില്ല. ഒന്നുകിൽ ശത്രുക്കൾ ദുർബലരായിരുന്നു; അല്ലെങ്കിൽ സ്വമേധയാ ജനങ്ങൾ അറബികളോടു ചേർന്നു. എന്തിന്? മഹാമത്തിൻെറ മരണാനന്തരം ഇരുപത്തിഅഞ്ചു് കൊല്ലത്തിനുള്ളിൽ പേർസ്യ, സിറിയ, അമ്മീനിയ മുഴുക്കെ, മദ്ധ്യേഷ്യയിൽ ഒരു ഭാഗം ഈജിപ്ററ്, ആഫ്രിക്കാഖണ്ഡത്തിൻെറ വടക്കു് കുറേ ഭാഗം, ഇത്രയും അറബിസാമ്രാജ്യത്തിൽ ഉൾപ്പെട്ടു കഴിഞ്ഞു. ഈജിപ്ററ് പുരാതന പരിഷ്കൃത രാജ്യ-

ങ്ങളിൽ ഏററവും പ്രധാനപ്പെട്ട സംസ്ഥാനമായിരു-ന്നെങ്കിലും റോമൻ ചക്രവർത്തികളുടെ ആക്രമണങ്ങ-ളും അക്രമങ്ങളും നിമിത്തം ക്ഷതമായിരുന്നതു കൂടാ-തെ, അവിടെ പാർത്തിരുന്ന ക്രിസ്തുവർഗ്ഗങ്ങളുടെ ആഭ്യ-ന്തരകലഹങ്ങളാൽ ഹതവുമാകനിമിത്തം, അറബികളോട്ട് എതിക്കാൻ തീരെ അശക്തമായിരുന്നു. അലക്സാൺഡ്രിയായിൽ പുരാതനകാലം മുതൽ സംഭൃത-മായിരുന്ന വിലയേറിയഗ്രന്ഥസഞ്ചയം അറബികൾ തീ-വെച്ച് ചുട്ടു എന്ന് ഒരു അപഖ്യാതി അവരെപ്പററി പ-റഞ്ഞുവന്നതു്, ഈയിടെ നടത്തീട്ടുള്ള വിചാരണകളിൽ കള്ളമാണെന്നു വെളിവായിട്ടുണ്ട്. ഗ്രന്ഥശാല നശിപ്പി-ച്ചതു് പൗരസ്ത്യറോമാചക്രവർത്തി ആയിരുന്ന തിയോ-ഡോസിയസ്സ് ആവാനാണ് എളുപ്പം. ക്രിസ്തുമതത്തിൽ അതിഭക്തിമാനായിരുന്ന അദ്ദേഹം പണ്ടത്തെ ഗ്രീക്ക് പുരാണകഥകളേയും തത്വദർശനങ്ങളേയും തീരെ വെറുത്തു. ഈ ഏട്ടുകളെ, കഷ്ടം! അദ്ദേഹത്തിന് വെള്ളം കാച്ചാൻ ഇന്ധനമാക്കിയിരുന്നത്രെ! ജൂലിയസ് സീസർ അലക്സാൺഡ്രിയായെ നിരോധനം ചെയ്തപ്പോഴും കുറെ ഗ്രന്ഥങ്ങൾ നശിച്ചുപോയിരിക്കാം. ഏതായാലും, ആ മഹാഗ്രന്ഥാലയത്തിൻെറ നാശം ലോകത്തിൽ ഉണ്ടാ-യിരുന്ന ഒരു മഹാജ്ഞാനഭണ്ഡാരത്തെ തുലച്ചു എന്ന് പറഞ്ഞാൽ കഴിഞ്ഞല്ലൊ.

അറബികൾ കിഴക്കോട്ടും പടിഞ്ഞാറോട്ടും വിജയ-യാത്ര തുടർന്നു. കിഴക്ക് ഹീറത്തു്, ഖാബൂൾ, ബാൽക്ക് മുതലായതു് പിടിച്ചു് സിന്ധുനദിവരെ കയറി. അ-തിന് അപ്പുറത്തു് ഭാരതഭൂമിയിലേക്ക് അവർ കടന്നില്ല. എന്നുതന്നെയല്ല, ഭാരതീയരുമായി അവർ ഇണങ്ങിക്ക-ഴിഞ്ഞു. പടിഞ്ഞാറ് അങ്ങനെ അല്ല ഉണ്ടായതു്. അ-വിടെ അവർ കടന്നു കടന്ന് മുന്നോട്ടുപോയി. അവ-

രുടെ നായകനായിരുന്ന ഓക്ബാ എന്നയാൾ ആ-
ഫ്രിക്കാമഹാഖണ്ഡത്തിന്റെ വടക്കേഭാഗം ഈജിപ്റ്റ്
മുതൽ പടിഞ്ഞാറോട്ട് സകല ദേശങ്ങളും പിടിച്ച്, ഇ-
ന്ന് മൊറോക്കോ എന്നു പേർ പറയപ്പെടുന്ന രാജ്യത്തി-
ന്റെ പടിഞ്ഞാറെ അറ്റം അതലാന്തികമഹോദധിയുടെ
കരവരെ എത്തി, 'ഇനി പടിഞ്ഞാറോട്ട് ദേശം പിടി-
ക്കാനില്ലല്ലൊ' എന്നു വിലപിച്ചുപോൽ!!

മൊറോക്കോവിൽനിന്നു് അറബിപ്പട, ശ്രീരാമ-
സേന സേതു കടന്ന് ലങ്കയിൽ കയറിയതുപോലെ ജി-
ബ്രാൾട്ടർ കടലിടുക്ക് അക്കരെകടന്ന് യൂറോപ്പ് മഹാഖ-
ണ്ഡത്തിൽ പ്രവേശിച്ചു. ജിബ്രാൾട്ടർ എന്ന പേർ 'ജാ-
ബൂൾ ഉത്ത് തരീക്', എന്നുവെച്ചാൽ, തരീക്കിന്റെ
പാറ, എന്ന പേരിൽനിന്ന് ലോപിച്ച് ഉണ്ടായ സം-
ജ്ഞ ആകുന്നു. തരീക്ക് എന്ന സേനാനായകനായിരു-
ന്നു ഇവിടം ആദ്യം കടന്നതു്. ജിബ്രാൾട്ടർ അക്കരെ ക-
ടന്നിട്ട് അറബികൾ സ്പെയിൻരാജ്യം കീഴടക്കി, പരന്തി-
രീസ്, അതായതു് ഫ്രാൻസ്, രാജ്യത്തിൽ കടന്നു ഇ-
ങ്ങനെ മഹാമത്തിന്റെ സ്വർഗ്ഗാരോഹണാനന്തരം, ഒരു
ശതവർഷം കഴിഞ്ഞപ്പോൾ അറബിസാമ്രാജ്യം ഒരറ്റം
ഫ്രാൻസും സ്പെയിനും തുടങ്ങി; ആഫ്രിക്കയുടെ വടക്കേപ-
ടിഞ്ഞാറേ അറ്റം മൊറോക്കോ മുതൽ കിഴക്കേ അറ്റം
സൂവസ് കരയിടുക്കുവരേയും അവിടം മുതൽ അറേബ്യാ,
പർസ്യ, മധ്യേഷ്യ കഴിഞ്ഞു് മംഗോളിയയുടെ അതി-
ർത്തിവരെയും നീണ്ടു് മഹാവിസ്തൃതിയെ പ്രാപിച്ചു. ഇ-
ൻഡ്യയിൽ സിന്ധുദേശം മാത്രമേ അവർക്ക് ഉണ്ടായിരു-
ന്നുള്ളൂ. അതലാന്തികമഹോദധി മുതൽ ഭാരതമഹോ-
ദധിവരെ സമുദ്രമേഖലയായ ഭൂമിക്ക് അറബികൾ അ-
ധിപതികളായി. യൂറോപ്പ് മഹാഖണ്ഡത്തെ ഇരുപുറത്തു
നിന്നും അവർ ആസ്കന്ദനംചെയ്തു. കാൺസ്റ്റാന്റിനോ-
പ്പിളിൽ നിന്നു്, പടിഞ്ഞാറോട്ടും, ഫ്രാൻസിൽനിന്നു്

കിഴക്കോട്ടും ഒരു തിരിയുടെ രണ്ടറ്റവും തീ കൊളുത്തിയാൽ അതു് എത്ര എളുപ്പം എരിഞ്ഞുപോകുമോ എന്നപോലെ, യൂറോപ്പ് മഹാഖണ്ഡം ഇരുപുറത്തുകൂടി പുറപ്പെട്ട ആക്രമണംകൊണ്ടു് നശിക്കുമെന്നായപ്പോൾ, യൂറോപ്യൻജനങ്ങൾക്കു് വലുതായ സംഭ്രമം തുടങ്ങി. മഹാപ്രളയംപോലെ കയറിവന്ന അറബിപ്പടയെ തട്ടുക്കാൻ ഭിന്നവൎഗ്ഗക്കാരായിരുന്ന യൂറോപ്യൻ സംസ്ഥാനങ്ങൾ എല്ലാംകൂടി ഒന്നുചേൎന്നു് ചാറത്സ് മാർട്ടൽ എന്ന നായകന്റെ കീഴിൽ മഹായുദ്ധം നടത്തി, എ. ഡി. ൭൩൨-ൽ പരന്തിരീസ് രാജ്യത്തിൽ ടൂർസ് എന്ന സ്ഥലത്തുവെച്ചു് അറബികളെ തോല്പിച്ചു. സ്വസ്ഥാനമായ അറബിദേശത്തിൽനിന്നു് സഹസ്രയോജന ദൂരത്തുള്ള സേനയ്ക്കു് പിൻബലം ലഭിക്കാനുള്ള ക്ലേശം ഉണ്ടായിരുന്നതുകൊണ്ടു് മാത്രമാണു്, യൂറോപ്യൻ മഹാസേന അതിനെ പരാജിതയാക്കിയതു്. അങ്ങനെ അറേബ്യൻ മഹാസേനയുടെ പ്രവാഹം ഫ്രാൻസിൽ നടന്ന യുദ്ധത്താൽ തടയപ്പെട്ടിരുന്നില്ലെങ്കിൽ, ഇന്നത്തെ യൂറോപ്യൻ ചരിത്രമെല്ലാം മാറി എഴുതേണ്ടി വരുമായിരുന്നു. ക്രിസ്തുമതംപോയി ഇസ്ലാംമതം യൂറോപ്പാസകലം പരക്കുമായിരുന്നു.

ഗോസായികളെപ്പോലെ വീടും കുടികളും ഇല്ലാതെ മണൽക്കാട്ടുകളിൽ നടന്ന അറബികൾ ഒരു ശതവൎഷകാലത്തിനുള്ളിൽ സ്പെയിൻ മുതൽ മംഗോളിയവരെ നീണ്ടുകിടക്കുന്ന ഭൂഭാഗത്തിന്റെ സാമ്രാട്ടുകളായിത്തീൎന്നതു് വിശുദ്ധമായ മതത്തിന്റെ മഹാശക്തിക്കു് ഉത്തമമമായ തെളിവാകുന്നു. അറബികളെ 'സാരസന്മാർ' എന്നാകുന്നു വിളിക്കാറുള്ളതു്. ആ സംജ്ഞ അവരുടെ പൂൎവ്വസ്ഥിതിയെ വിളിച്ചു പറയുന്നു. 'സഹ്രാ'

എന്നു വെച്ചാൽ സൈകതം, 'നഷീൻ' എന്ന് വെച്ചാൽ വസിക്കുന്നവർ, 'സഹ്രാനഷീൻ' എന്ന പദങ്ങളാണ് 'സാരസനാ'യി പരിണമിച്ചത്.

അറബികൾക്ക് ഉണ്ടേ തങ്ങളിൽതല്ലുക സ്വഭാവസിദ്ധമാണ്. വെറും ഊഷരഭൂമിയിൽ തെണ്ടി നടക്കുമ്പോൾ തമ്മിൽ കലഹിക്കാൻ വക ഒന്നും ഇല്ലായിരുന്നു. മഹാരാജ്യങ്ങൾ പിടിച്ച് കേമന്മാരായി സുഖാനുഭോഗങ്ങളും നാഗരികപദവികളും കിട്ടിയപ്പോൾ കലഹവും വർദ്ധിച്ചു. അറബികളുടെ പ്രമാണിക്ക് പണ്ട് വായിൽ മണ്ണായിരുന്നു.; ഇപ്പൊഴൊ? 'ഖാലിഫ്‌സ്ഥാനം', മഹാസാമ്രാട്ടുകൾക്ക് പോലും കൊതിക്കത്തക്ക പ്രഭാവം സിദ്ധിപ്പിച്ചു. അപ്പോൾ തങ്ങളിൽ തല്ലും തലകീറും തുടങ്ങി. എന്തിന്? ഇസ്ലാം അചിരേണ കക്ഷി തിരിഞ്ഞു.

ആബു ബാക്കറും ഓമാറും ഖാലീഫ്‌മാരായിരുന്നപ്പോൾ യാതൊരു കലഹത്തിനും വഴി ഇല്ലായിരുന്നു. അതിനു കാരണം സ്വാർത്ഥപരത അവർക്ക് ഇല്ലാത്തതായിരുന്നു. അവരുടെ നേട്ടങ്ങളെല്ലാം തങ്ങൾക്കുള്ളതല്ല, അല്ലാവിനുള്ളതാണ് എന്നുള്ള വിശ്വാസം അവർക്ക് ഉണ്ടായിരുന്നു. ഏതു മതത്തിൻെറയും ശക്തി സ്വാർത്ഥത്യാഗത്തിൽ സ്ഥിതിചെയ്യുന്നു. ആ വിശ്വാസം എത്രത്തോളം നിലനിൽക്കുന്നോ, അത്രത്തോളം തദനുയായികൾ ജയിക്കുന്നു. സ്വാർത്ഥം എപ്പോൾ മൂത്തിരുന്നോ അപ്പോൾ മതം ക്ഷീണബലമായി ത്തുടങ്ങുന്നു. അപ്രകാരമാണ് ഇസ്ലാമിൻെറ ഉൽഗമനശക്തി മൂന്നാമത്തെ ഖാലീഫാ ആയിരുന്ന ഓത്മാനോട്ടുകൂടി ക്ഷയോന്മുഖമായത്. ആബു ബാക്കറും ഓമാറും ഓത്മാനും മൂന്നുപേരും മക്കത്തുകാരും കുലീനന്മാരും ആയിരുന്നു. ആദ്യത്തെ രണ്ടുപേരും മക്കത്തേക്കോ അറേബ്യക്കോ വേണ്ടി അല്ല ജയങ്ങൾ നേടിയത്; അല്ലാവിനു വേണ്ടി ആയിരുന്നു.

ഓത്മാനാകട്ടെ, സ്വപ്രഭാവത്തിനും സ്വന്തനഗരത്തിന്റെ വലിപ്പത്തിനും സ്വരാജ്യത്തിൻെറ യശസ്സിനും വേണ്ടി-യാണ പ്രയത്നിച്ചതു്. അപ്പോൾ പുതുമതത്തിൻെറ ജീവശക്തി തളൎന്നു. സ്വാൎത്ഥപരത ആയി പ്രമാണം.

പുതുമതസ്ഥാപനത്തിൽ രണ്ടു സംഗതികൾ മഹാമത്തു കരുതിയില്ല. ഒന്നാമതു്, വീട്ടുഭരണമാണു് നാട്ടുഭരണത്തിന്റെ മൂലമെന്നു കരുതാതെ, ഗാൎഹികജീവിതത്തിൽ ഉണ്ടായിരുന്ന പല പഴുതുകളും അടച്ചില്ല. അതുനിമിത്തം വീട്ടുവഴക്കു് ഒഴിയാബാധയായി, ഉത്തമമതബോധത്തെ നേൎവ്വഴിയിൽനിന്നു് ഊടുവഴികളിലേക്കു് ഉന്തിവിട്ടു. സൎവ്വജനസമത്വത്തെ അടിസ്ഥാനമാക്കി വെച്ച മതത്തെ തദനുസരണം പ്രജാധികാരനിഷ്ഠമായി ബലിഷ്ഠമായ ഒരു ഭരണതന്ത്രത്തിൽ ഉറപ്പിച്ചില്ല. ജനങ്ങൾ തിരഞ്ഞെടുക്കുന്ന ആളാണു് പ്രമാണി എന്നൊരു വയ്പുണ്ടായിരുന്നെങ്കിലും, നടപ്പിൽ ഖാലിഫ്സ്ഥാനം പാരമ്പൎയ്യക്രമത്തിൽ ലഭിച്ചുവന്നപ്പോൾ, സ്വാധികാരപ്രമത്തനായിരുന്ന ഒരു രാജാവിനും ഖാലിഫിനും തമ്മിൽ യാതൊരു ഭേദവും ഇല്ലെന്നായി. ഈ രണ്ടു ന്യൂനതനിമിത്തമാണു് ഇസ്ലാം മതത്തിൻെറ ഐകമത്യം പോയതു്. ഈ ഭിന്നിപ്പിനു് ഒരു താൽകാലികമായ കാരണവും ഉണ്ടാകാതെ ഇരുന്നില്ല.

മൂന്നാമത്തെ ഖാലിഫ് ആയിരുന്ന ഓത്മാനെ, എൺപതു വയസ്സായ കിഴവനായിരുന്നു എന്നുള്ള ദാക്ഷിണ്യം കൂടാതെ, മദീനത്തെ ജനങ്ങൾ തെരുവിൽ വെച്ചു് എ. ഡി. 656-ൽ കല്ലെറിഞ്ഞു കൊന്നു. അതിനുണ്ടായ സംഗതിപറയാം. ഓമാർ ഖാലിഫ് മരിച്ചപ്പോൾ സാക്ഷാൽ മഹാമത്തിൻെറ മകളായ ഫത്തിമയുടെ ഭൎത്താവും മഹാമത്തിൻെറ ദത്തുപുത്രനും ആയിരുന്ന ആലി ആണു് ഖാലിഫ്സ്ഥാനത്തിനു് ശരിയായ അവകാശി എന്നൊരു കക്ഷി, അതല്ല, ആലിമദീനക്കാരനാണു്, മക്കത്തുകാൎക്കാണു് ആ സ്ഥാനത്തിനുള്ള അ-

വകാശം, അതുകൊണ്ട് മഹാമതത്തിന്റെ പ്രിയപത്നി ആയിരുന്ന അയേഷ നിശ്ചയിച്ച ഓത്മാന് സ്ഥാനം നൽകേണ്ടതാണെന്നു മറെറാരു കക്ഷി. രണ്ടു കക്ഷികളും തമ്മിൽ നടന്ന പോരിൽ, അയേഷതന്നെ ഒട്ടകപ്പുറത്ത് യുദ്ധക്കളത്തിൽ പോയി അമർ ചെയ്തുപോലും! ഏതെങ്കിലും അവളുടെ ഇച്ഛപോലെ ഓത്മാൻ സ്ഥാനാരൂഢനായി. ഇതു് മദീനക്ക് ഒരു ഇടിവായി. ആലിയെ മക്കത്തുകാർ കൊന്നു. അതും പോരാതെ ആലിയുടെ മക്കളായി, ഹാസ്സാൻ എന്നും ഹുസൈൻ എന്നും രണ്ടുപേർ ഉണ്ടായിരുന്നവരിൽ, ഒരാളെ അയാളുടെ ഭാൎയ്യ വിഷം കൊടുത്തു കൊന്നു, ഹുസൈനെ കർബാലാ യുദ്ധക്കളത്തിൽ വെച്ച് ഹനിച്ചു. ഇങ്ങനെ ആലിയുടെ വംശവിച്ഛേദം വരുത്തിയതിന്റെ ദുഃഖാചാരണമായിട്ടാണ് മൊഹറം പെരുനാൾ ഇന്നും നടത്തിവരുന്നതു്.

ഇങ്ങനെ മഹമ്മദീയർ രണ്ടു് കക്ഷികളായി പിരിഞ്ഞു. ആലിയുടെ കക്ഷിക്കാർ ഷിയാക്കാരും അയേഷയുടെ കക്ഷിക്കാർ സുന്നികളുമായി. ഇവർ തങ്ങളിലുള്ള പിണക്കം ഇന്നും നിലവിൽക്കുന്നു! ഇതെന്തൊരു കഥയാണ്? എത്രയോ മാഹാത്മ്യത്തോടെ വളൎന്ന മതം അച്ഛിവഴക്കിലും വീട്ടുവഴക്കിലും വന്നടഞ്ഞതു്! അള്ളാവിന്റെ കാൎയ്യമെല്ലാം പോയി, അയേഷയും ഫ്ത്തിമയും തമ്മിലുള്ള ജയാപജയമായി കാൎയ്യം! പുറമേ ലോകത്തു് എവിടെയും ജയഭേരി നേടി ഇസ്ലാംസേന സാമ്രാജ്യം നേടുകയും കീൎത്തി വൎദ്ധിപ്പിക്കുകയും ചെയ്തുവന്ന കാലത്തു്, വീട്ടിനുള്ളിൽകഹലവുംസ്പരച്ഛേർച്ചയില്ലായ്മയും വന്നുചേൎന്നതു് വിധിയുടെ വൈപരീത്യമെന്നേ പറയാവു. മദീനരായ ഒമയദ്ദുകൾക്ക് ഖാലിഫാസ്ഥാനം കൊടുത്തുകൂടെന്നും മക്കത്തുകാരായ അബ്ബാസിദ്ദുകൾക്ക് വേണം ആ സ്ഥാനംഎന്നുമുള്ള തൎക്കമുണ്ടാവാൻപ്രധാന നിദാനം,ആ സ്ഥാനം കേവലം മതാദ്ധ്യക്ഷതയെ മാത്ര-

മല്ല, ലോകാധിപത്യത്തെ കൂടി നൽകി എന്നുള്ളതായിരുന്നു. "വിശ്വാസികളുടെ സേനാപതി" എന്ന സ്ഥാനം കൈക്കൊണ്ടു് ഖാലിഫ്കളിൽ ചിലർ ആ മതത്തെ സംരക്ഷിക്കുന്നതിനു് പകരം ധിക്കരിക്കകൂടി ചെയ്തതായി കാണുന്നതു് ആശ്ചര്യംതന്നെ. മദീനയിലുണ്ടായിരുന്ന പ്രധാന പള്ളിയെപ്പോലും ഒരാൽ തൊഴുത്താക്കിയത്രേ ശാന്തം! പാവം!?

ഒരു നൂററാണ്ടുകാലം സാക്ഷാൽ മഹാമതത്തിന്റെ വംശക്കാർ തന്നെ, അതായതു് ഒമയട്ടുകാംതന്നെ, ഖാലിഫ് സ്ഥാനം വഹിച്ചു. പക്ഷെ, മൂന്നാമത്തെ ഖാലിഫായിരുന്ന ഓത്മാന്റെ ദുർവൃത്തങ്ങളും സ്വാന്തഭോഗതല്പരതയും നിമിത്തം ഇസ്ലാംമതത്തിനു മഹാമത്തു് നൽകിയിരുന്ന മഹത്വം ക്ഷയിച്ചു് ലൗകികാധികാരപ്രമത്തത വന്നുചേർന്നു. ഷിയാ സുന്നിവഴക്കിനും കാരണമായതു് അതാണു്. അവർ തമ്മിൽ ഉണ്ടായിരുന്ന പിണക്കത്തിൽ ഏററവും വന്ദ്യഭൂമിയായിരുന്ന മക്കത്തെ കാബാ (വലിയ പള്ളി) പോലും ചുട്ടെരിച്ചുകളഞ്ഞത്രെ! പിന്നീടു് അതു് പണിയുന്നതു് പഴയനിലയിൽ വേണമോ,കുറേക്കൂടി ആർഭാടമായി വേണമോ എന്നുള്ളതിലും വലിയ തർക്കങ്ങൾ ഉണ്ടായിപോൽ!

ഒമയട്ടു ഖാലിഫാകളിൽ മിടുക്കനായിരുന്ന മുവാവീയാ എന്നയാൾ (൬൬൧ - ൬൮൦) പൗരസ്ത്യറോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായ കാൺസ്റ്റാൻറിനോപ്പിൾ നഗരത്തെ കപ്പൽ വഴി വന്നു് ഇരുപ്രാവശ്യം നിരോധനം ചെയ്തതു കൂടാതെ, മദ്ധ്യേഷ്യയിലും ആഫ്രിക്കയിലും പല പോർ നടത്തി ദേശങ്ങൾ നേടി. ഇത്ര വലിയ സാമ്രാജ്യം മദീനത്തു നിന്നു് ഭരിക്കാൻ സാദ്ധ്യമല്ലെന്നു് കണ്ടു്, മഹമ്മദ് സാമ്രാജ്യത്തിന്റെ തലസ്ഥാനം മദ്ധ്യേഷ്യയിൽ ദമാസ്കസ്

നഗരത്തിലേക്കു മാററി. അവിടെ വലിയ കൊട്ടാരങ്ങളും മന്ദിരങ്ങളും ഉദ്യാനങ്ങളും നീരാഴികളും പണിയിപ്പിച്ചു്, ഒരു തലസ്ഥാനനഗരിക്കു വേണ്ടുന്ന വൈഭവങ്ങൾ എല്ലാം വരുത്തി. ദമാസ്കസിലെപ്പോലെ ഇത്ര നല്ല ജലവിതരണസ്ഥാപനം മററൊരുദിക്കിലും ഇല്ലെന്നു് പ്രസിദ്ധമാണു്.

ആലയനിമ്മാണത്തിൽ അറബികൾ ഒരു പുതുമാതൃക സൃഷ്ടിച്ചു. അതിനു സാരസൻ ശില്പം എന്നാണു പേർ പറയുന്നതു്. സാരസൻ മാതൃകയ്ക്കു് മൂലം അറേബ്യയിലുള്ള പനമരം ആണു്. അതിന്റെ ആകൃതിയിൽ തൂണുകളും, ഗോളരൂപമായ മേലാപ്പും, മൂലകളിൽ കവരങ്ങൾക്കൊപ്പമായ സ്തൂപികളും തൊങ്ങലോടുകൂടിയവളച്ചുവാതലുകളും സാരസൻ തച്ചുപണിയിൽ പകർത്തി. ഗ്രീക്കുകാരുടേയും പാർസ്യന്മാരുടേയും സിറിയന്മാരുടേയും ഈജിപ്റ്റുകാരുടേയും തച്ചുപണികളിൽ നിന്നുള്ള സംസ്കാരങ്ങളും കൂടിക്കലർന്നപ്പോൾ, സാരസൻ ശില്പകൗശലം വികാസമേററു. എല്ലാംകൂടിച്ചേർന്നുള്ള ആനച്ചന്തവും ഗാംഭീര്യവും പൊലിപ്പവും ഒന്നു വേറെതന്നെയാണു്. അതു് ഭാരതഭൂമിയിൽ കടന്നപ്പോൾ ഭാരതീയതച്ചുശാസ്ത്രരീതികൾ കൂടിക്കലർന്നു്, മുകിലചക്രവത്തികളുടെ മഹാമന്ദിരങ്ങളായി പരിണമിച്ചു. സാക്ഷാൽ സരസൻ പണിത്തരങ്ങൾ ഇന്നു് കാണണമെങ്കിൽ സ്പെയിൻരാജ്യത്തു് അറബികൾ പണിഞ്ഞിട്ടുള്ള കെട്ടിടങ്ങൾ നോക്കണം.

സുഖാനുഭോഗസംരംഭങ്ങളിൽഖാലിഫ്‌ന്മാർപ്രവേശിച്ചുതോടുകൂടി അവരുടെ അന്തഃപുരം വളരെവർദ്ധിച്ചു. വിനോദങ്ങളും, കളികളും, നായാട്ടുകളും, പന്തായങ്ങളും, വേഷഭ്രമങ്ങളും, സുഗന്ധദ്രവ്യങ്ങളും പാട്ടും, കൂത്തും, ആട്ടവും, ദാസികളും എന്നു വേണ്ട, ഐഹികസുഖസം-

ഭാരങ്ങളെല്ലാം തികഞ്ഞു. മഹമ്മദുരാജാക്കന്മാരുടെ മന്ദിരം ഭൂമിയിലെ സ്വൎഗ്ഗമായി. ഈ ആർഭാടങ്ങളിലും ആഘോഷങ്ങളിലും രാജ്യരക്ഷയും മങ്ങിപ്പോയി.

ഒമയദുഖാലീഫ്കളിൽ കേമന്മാരായിരുന്നവർ, അബ്ദുൽമാലിഖ് (൬൮൫—൭൦൫), വാലീദ് ഒന്നാമൻ (൭൦൫—൭൧൫), സുലൈമാൻ (൭൧൫) എന്നിവരായിരുന്നു. പിരണീസ് പൎവ്വതപംക്തി മുതൽ ചീനവരെ മഹമ്മദുസാമ്രാജ്യം വളൎന്നു. എന്നിട്ടും പൗരസ്ത്യറോമാസാമ്രാജ്യത്തെ നശിപ്പിക്കാൻ അതിന്നു സാധിച്ചില്ല. മേൽപ്പറഞ്ഞ, സുലൈമാൻ, ൭൧൫-ൽ ഈജിപ്റ്റിലെ നാവികസേനാബലത്തോടുകൂടി കാൺസ്റ്റാന്റിനോപ്പിൾ ആക്രമിച്ചതിൽ, അന്ന് ചക്രവൎത്തിയായിരുന്ന ലിയോ ഐസൂരിയൽ, ബാസ്ഫറസ്സ് കടലിടുക്കിൽവെച്ച് അദ്ദേഹത്തെ തോല്പിച്ചു. അന്നുമുതൽ ഒമയദുവംശക്കാരുടെ അധഃപതനം ആരംഭിച്ചു.

മതത്തിൻെറ പ്രേരകശക്തി പോയി; ലൗകികസുഖചിന്ത മുഴുത്തു; ഭരണസാമൎത്ഥ്യം ശിഥിലമായി; കൊറാന്റെ അൎത്ഥം മനസ്സിലാകാതെ ആയി; അറബിഭാഷയുടെ ഭംഗി അറിയാൻ മേലാതെ പാരസീകരും ഇൻഡ്യാക്കാരും ഷിയാക്കാരായി കേവലം ശബ്ദമാത്രം കൊണ്ടു തൃപ്തിപ്പെട്ടു; ആൎയ്യവേദത്തിന്നു വന്നപോലെ, മന്ത്രങ്ങൾ സാമാന്യജനങ്ങൾക്ക് അൎത്ഥമറിഞ്ഞുകൂടാത്ത വാക്കുകൾ മാത്രമായി മൂഢവിശ്വാസത്തിന്നു പാത്രമായി; വീഴാൻ പോകുന്നവന്നു ഉന്തു് കൊടുക്കുന്നതുപോലെ, ഖാലിഫ്കളും ദുർവൃത്തരായപ്പോൾ ഒമയദുവംശം നശിച്ചു. വാലീദ് രണ്ടാമൻ കൊറാനെപ്പററി ആക്ഷേപിക്കയും, പ്രാൎത്ഥനകൾ നടത്താതിരിക്കുകയും, നിഷിദ്ധാഹാരങ്ങൾ ഭുജിക്കുകയും ചെയ്തതായി കാണുന്നു. ഈ സംഗതികൾ സത്യമായാലും വ്യാജമായാലും, അബ്ബാസീദ് വംശക്കാരായ എതിർ കക്ഷികൾക്കു പ്രാബ-

ല്യം നേടാൻ ഒരു പഴുതു കിട്ടി. ജനങ്ങളെ ക്ഷോഭിപ്പിക്കാൻ ഒരു ഉപായമായി, ഒമെയദുകക്ഷിക്കാർ വെളുത്ത കൊടിയും അബ്ബാസിദ് കക്ഷിക്കാർ കറുത്ത കൊടിയും പിടിച്ചു് ആഭ്യന്തരകലഹം തുടങ്ങി. ൭൫൦-ൽ ഒടുവിലത്തെ ഒമെയദുഖാലിഫിനെ ഈജിപ്റ്റിൽവെച്ചു കൊന്നു. അബ്ദുൽഅബ്ബാസ് ആദ്യത്തെ അബ്ബാസിദ്-ഖാലിഫായി, അബ്ദുൽഅബ്ബാസ് ആദ്യമായി ചെയ്തതു് ഒമെയദുവംശക്കാരെ ആസകലം കൊന്നിട്ടു്, അവരുടെ ശവങ്ങളെല്ലാം കൂട്ടിയിട്ടു് അതിന്മീതെ രത്നാകംബളം വിരിച്ചു് തീൻ നടത്തിയതാണത്രേ! അഹോ! വൈരനിര്യാതനത്തിന്റെ കാഠിന്യം! ഇതു് ൭൫൦-ലാണു് നടന്നതു്.

അബ്ബാസിദ്‌വംശക്കാർ അല്പകാലത്തേക്കു് മാത്രമേ പ്രാബല്യം വഹിച്ചുള്ളു, സമുദ്രത്തിലുണ്ടായിരുന്ന അവരുടെ മേന്മ അസ്തമിച്ചു. ഇസ്ലാമിനു് ആദ്യം ഉണ്ടായിരുന്ന പ്രേരണശക്തിയും, മിതജീവിതം നിമിത്തം ഉണ്ടായിരുന്ന സഹനശക്തിയും, സർവ്വസമത്വബോധത്തിൽ നിന്നു വളൎന്ന രഞ്ജനശക്തിയും, പോയി, സുഖാനുഭോഗതല്പരതയും സ്ത്രീലമ്പടത്വവും സ്തുതിപ്രിയത്വവും വൎദ്ധിച്ചു. സത്യത്തിൽ അബ്ബാസിദ്‌ഖാലിഫ്കളും, ശാസ്സനീദവംശജരായിരുന്ന പൎസിചക്രവൎത്തികളും, ബൈസാന്റൈൻ അധിപതികളായിരുന്ന ചക്രവൎത്തികളും തമ്മിൽ ലൌകികസുഖാനുഭോഗവിഷയത്തിൽ വളരെ അന്തരമില്ലായിരുന്നു. അന്തഃപുരങ്ങളും, പാട്ടും, കൂത്തും, കളിയും, പരിചാരകവൎഗ്ഗങ്ങളും, സ്തുതിപാഠകന്മാരും, വിദൂഷകന്മാരും, ദാസികളും ചേൎന്നു് കോവിലകങ്ങളിലും മണിമന്ദിരങ്ങളിലും ഉദ്യാനങ്ങളിലും ജലക്രീഡകളിലും ഖാലിഫ്കൾ വിളയാടിത്തുടങ്ങിയപ്പോൾ, ഇസ്ലാമിന്റെ ജീവൻ പോയി. മൂലസ്ഥാനമായ അറേബ്യയിൽ തന്നെ ആഭ്യ-

ന്തരകലഹങ്ങൾ ഉണ്ടായതു് ഒരു വിധം ശമിപ്പിച്ചു, എ-
ങ്കിലും മഹാസാമ്രാജ്യം ശിഥിലമായി. സ്പെയിൻരാജ്യ-
ത്തു് അധികാരി ആയിരുന്ന ഒമയദ്ദ് നായകൻ അബ്ബാ-
സിദ്ദ് ഖാലിഫ്ിന്റെ അധികാരത്തെ നിരസിച്ച് സ്വ-
തന്ത്രനായി. ആഫ്രിക്കയിലുണ്ടായിരുന്ന ദേശങ്ങളും
പിരിഞ്ഞുപോയി. ഈജിപ്ററ പിണങ്ങി. ശേഷിച്ച്
ഏഷ്യയിലുണ്ടായിരുന്ന ദേശങ്ങളെ ഒരു വിധം കൂട്ടിപ്പി-
ടിച്ചു രക്ഷിക്കുവാൻ മാത്രമേ ഖാലിഫ്ിനു കഴിഞ്ഞുള്ളൂ.
തലസ്ഥാനംതന്നെ ദമാസ്കസ്സിൽനിന്നു് ബാഗ്ദാദിലേ-
ക്കു മാറി. പർഷ്യൻ ചക്രവത്തികളുടെ വാസന്തികസ്ഥാ-
നമായിരുന്നു അവിടം. അവരുടെ പണ്ടത്തെ രാജധാ-
നി ആയിരുന്ന സെസിഫ്ൺ നഗരവും സമീപത്താ-
യിരുന്നു. അവിടെ ഉണ്ടായിരുന്ന മാഹാത്മ്യങ്ങൾ കണ്ടു
ഭ്രമിച്ചാണു് ഖാലിഫ്കൾ ബാഗ്ദാദ്നഗരത്തെ പൊ-
ലിപ്പിച്ചതു്. വിശേഷിച്ചും, പണ്ടേതന്നെ ബാഗ്ദാദ്
യൂറോപ്പും ഏഷ്യയും തമ്മിലുണ്ടായിരുന്ന കച്ചോടപ്പെ-
രുവഴിയുടെ കേന്ദ്രസ്ഥാനം ആയിരുന്നു, അതിനാൽ
അവിടം സകലജാതിക്കാരും, ക്രിസ്ത്യനും, യൂദനും, മേ-
ത്തനും, പാർസിയും, ഹിന്ദുവുംകൂടി കൂട്ടിവന്ന കമ്പോള-
മായിരുന്നു. ധനപ്രവാഹം അനിയന്ത്രിതമായി വരിക-
യാൽ ഐശ്വര്യവും വലിപ്പവും കൂടിക്കൂടിവന്നതേയുള്ളൂ.
മുസ്ലിംസാമ്രാജ്യത്തിൻെറ തലസ്ഥാനംകൂടി ആയപ്പോൾ
ബാഗ്ദാദിനൊപ്പം ഒരു നഗരം ലോകത്തിൽ ഇല്ലെ-
ന്നുള്ള നില വന്നു.

അബ്ബാസിദ് ഖാലിഫ്മാരിൽ ഏററവും പ്രസി-
ദ്ധനായതു് ഹറൂൺ അൽറഷീദ് ആകുന്നു. അറബിക്ക-
ഥകൾ വായിച്ചിട്ടുള്ളവക്കെല്ലാം ഈ പേർ സുപരിചിത-
മത്രേ. ഭാരതഭൂമിയിലെ വിക്രമാദിത്യനെപ്പോലെ ആണു്
അറബിനാട്ടിൽ ഹറൂൺ അൽ റഷീദും. പല അത്ഭു-
തകഥകളും അദ്ദേഹത്തെപ്പററി പറഞ്ഞുവരുന്നു. അദ്ദേ-

ഫത്തിൻെറ കാലം എ. ഡി. ൭൫൦ മുതൽ ൧൨൫൮ വരെ ആയിരുന്നു. സാമ്രാജ്യത്തിൻെറ വിസ്തൃതി മുമ്പുണ്ടായിരുന്നതിൽ കുറഞ്ഞുപോയെങ്കിലും, സിസിലി മുതൽ ഏഡൻവരെയും, ഈജിപ്ററു മുതൽ മദ്ധ്യേഷ്യവരെയും വിസ്തൃതമായിരുന്നു. അവിടം സുരക്ഷിതവുമായിരുന്നു. ഒരു പരിഷ്കൃതരാജ്യഭരണത്തിനു തക്ക കോപ്പുകളെല്ലാം അവിടെ സന്നദ്ധമായിരുന്നു. ജനപ്രാമാണ്യത്തിനു് പകരം രാജാധികാരസ്വാതന്ത്ര്യമായിരുന്നു ഭരണരീതി. റോമാചക്രവർത്തികളുടെ ഭരണസമ്പ്രദായങ്ങൾ കൂട്ടിക്കലർത്തി ഫർജ്ജുരും, മന്ത്രിമാരും, ഖജാനാ, സഞ്ചായം, മരാമത്തു്, പേഷ്കാർ, സേനാ, അദാലത്തു്, ദിവാൻ എന്നിങ്ങനെ പല തുറകളായി രാജ്യഭാരം നടന്നു. രാജ്യത്തിന്റെ ഒരററം മുതൽ മറേറ അററംവരെ വാർത്താവിതരണത്തിനു് തപാൽ നടപ്പുണ്ടായിരുന്നു. രായസക്കാരും, കണക്കപ്പിള്ളമാരും, പ്രമാണം എഴുത്തുകാരും, പകർപ്പെഴുത്തുകാരും, ഓരോ തുറകളിലും അനവധി ശിപായിമാരും, ഡഫേദാരന്മാരും, ഹരിക്കാരും, വേലക്കാരും ഒരു പട്ടാളംതന്നെ. അന്തഃപുരജനങ്ങളും പെണ്ണുങ്ങളും, ഷണ്ഡരും, കോമാളികളും, വിദൂഷകരും, ഫലിതക്കാരും, ചാരന്മാരും, കവികളും, മുണ്ഡന്മാരും, ഭൃതികളും, വേശ്യകളും, ദാസികളും, ചേടികളും, ആഭിചാരകരും, വ്യഭിചാരികളും, എന്നുവേണ്ട, അസംഖ്യംപേർ ഖാലിഫിനെ ചുററി സേവപിടിച്ചും നുണപറഞ്ഞും സ്തുതിപാഠം ചെയ്തും കൂത്തുകാണിച്ചും രാജഹൃദയത്തെ ആവർജനം ചെയ്തു. എന്നിട്ടും ഭരണം ഒരുവിധം നന്നായി നടന്നുവന്നു എന്നുള്ളതാണു് ആശ്ചര്യം. പൗരസ്ത്യപാശ്ചാത്യദേശങ്ങളിലെ കച്ചോടം മുഴക്കെ വന്നുഴിഞ്ഞ മഹാപണകേന്ദ്രമായിരുന്ന ബാഗ്ദാദിൽ കണക്കില്ലാത്ത ധനം വന്നു ചൊരിഞ്ഞതുകൊണ്ടു് വൈശ്രവണാലയം പോലെ അവിടം ശോഭിച്ചു. പോരാഞ്ഞതിനു് അറബി-

സേന പുതുനാടുകളെ വെട്ടിപ്പിടിച്ചും കൊള്ളയിട്ടും കുത്തിവാരിയും അനവധി പണ്ടവും പണവും തലസ്ഥാനത്തു കൊണ്ടുവന്നു കുമിച്ചു. തുരുഷ്കനാട്ടുകാരായ അടിമകൾ പരസ്സഹസ്രം എന്നും വന്നുചേൎന്നുകൊണ്ടിരുന്നതിനാൽ വേലക്കാർ ബഹുസുലഭമായിരുന്നു. ഭൂമി ഫലവതി ആയിരുന്നു. കുറമാണോ അവിടെ ഉണ്ടായിരുന്ന ജനങ്ങൾ കുബേരന്മാരായതു്? സേനാധിപന്മാരും, ഉദ്യോഗസ്ഥന്മാരും, മുതലാളികളും, ജമിൻദാരന്മാരും രാജ്യസേവകന്മാരും മണിമേടകൾ കെട്ടി സൎവ്വസുഖാനുഭോഗങ്ങളോടുകൂടി കഴിഞ്ഞകാലം, രാജ്യത്തിന്റെ അധഃപതനവേള ആയിരുന്നു എന്നു് വിശ്വസിക്കുന്നവർ ആരെങ്കിലും ഉണ്ടാവുമോ? കലാവിദ്യകൾക്കും, കവിതക്കാർക്കും ശാസ്ത്രജ്ഞന്മാൎക്കും നല്ല പ്രോത്സാഹനം ലഭിച്ച അക്കാലത്തിന്റെ ക്ഷയോന്മുഖത്വം ആരു കണ്ടു? ധൎമ്മസ്ഥാപനങ്ങളും, വിദ്യാലയങ്ങളും, ദേവാലയങ്ങളും പുഷ്കലമായിരുന്ന കാലം, കെടും മുമ്പായി കത്തുന്ന പടുതിരിയാണെന്നു് ആരറിഞ്ഞു? എങ്കിലും, ഹറൌൺ അൽ റഷീദിന്റെ ഭരണകാലം അറബിസാമ്രാജ്യത്തിന്റെ ദൌർബല്യത്തേയും ക്ഷയോന്മുഖത്വത്തേയും അഭിമുഖീകരിച്ചിരുന്നു എന്നുള്ള വാസ്തവം അനന്തരസംഭവങ്ങൾ അചിരേണ വെളിപ്പെടുത്തി. ക്ഷയത്തിന്നു് കാരണം മറെറാന്നുമല്ല. ഇസ്ലാമിനു ഉണ്ടായിരുന്ന ആത്മാൎത്ഥതയും കൽപനാശക്തിയും നിലച്ചു; അല്ലാവിന്നുവേണ്ടിയാണു് സകലപ്രവൃത്തിയും എന്നുള്ള നിഷ്കാമബുദ്ധി വിട്ടു്, സ്വാനുഭോഗചിന്തയിൽ ജനമനസ്സു് മയങ്ങി; സത്യമതപ്രചരണത്തിനായി തുടങ്ങിയ സമരങ്ങൾ കൊള്ളയിടാനും വെട്ടിപ്പിടിക്കാനുമായി പരിണമിച്ചു് വഷളായി; ഖാലിഫ മതരക്ഷാധികാരിത്വത്തിനേക്കാൾ രാജാധിരാജത്വമേറെ സ്വർഗ്ഗസുഖാനുഭവൈകതല്പരനായി വാണു. ജനപ്രാമാണ്യവും പ്ര-

ജാക്ഷേമവും പോയി, ഉദ്യോഗമേധാവിത്വവും സ്വതന്ത്രാധികാരവുമായി, രാജ്യഭരണനീതി. കൊറാനിലുള്ള വിശ്വാസവും തന്നിയുക്തമായ ലഘുജീവിതവും പോയി, ആഡംബരഭ്രമത്തിലും ഐഹികസുഖ സംരംഭത്തിലും അറബിജീവിതം മുങ്ങി. സാക്ഷാൽ ഖാലിഫാപോലും മദിരാസ്വാദനലോലുപനായിത്തീൎന്നു. മനുഷ്യരുടേയും ജന്തുക്കളുടേയും അണ്ഡജങ്ങളുടേയും ബിംബങ്ങൾ കൊണ്ടു് രാജമന്ദിരങ്ങൾ അലംകൃതങ്ങളായി.

ഹറൂൺ അൽ റഷീദിൻെറ ആഡംബരങ്ങളും ആഘോഷങ്ങളും കണ്ടു് ആളുകൾ ഭ്രമിച്ചു് അദ്ദേഹത്തെ പ്രശംസിച്ചു. പക്ഷേ; അതെല്ലാം ഉണ്ട ഇല്ലാത്ത വെടിയായിരുന്നു; അരിയില്ലാത്ത ഉമിയായിരുന്നു; പൊള്ളയായ പിത്തളപ്പിത്തലാട്ടമായിരുന്നു; എന്നു് അദ്ദേഹം എ. ഡി. ൮൦൯-ൽ മരിച്ചപ്പോൾ വ്യക്തമായി. ചീനചക്രവൎത്തിയും പരന്തരീസ്സ് ചക്രവൎത്തി ആയിരുന്ന ചാൎള്ളിമൈനും രാജദൂതരെ അയക്കത്തക്ക പ്രശസ്തി നേടിയ ബാഗ്ദാദ് സാമ്രാജ്യം മൺകലംപോലെ ഉടഞ്ഞു. ഈജിപ്റ്റും കൈവിട്ടു പോയി; ആഭ്യന്തരകലഹം എല്ലാ സ്ഥലത്തും തലപൊക്കി. സാമ്രാജ്യം ഛിന്നഭിന്നമായി. പിന്നെ ഇരുന്നൂറുകൊല്ലം കഴിഞ്ഞിട്ടു് സെൽജൂക്ക് തുൎക്കികൾ (തുരുഷ്കർ) മുതിൎന്നുവന്നതുവരെ ഇസ്ലാം അധഃപതിച്ചു

ഉമയ്യക്കുടുംബക്കാരുടെ ഭരണകാലത്തു് കളികളിലും വിനോദങ്ങളിലും കലാവിദ്യകളിലും അറബികൾക്കു് ഉത്സാഹം വൎദ്ധിച്ചതുപോലെ, കുതിരപ്പന്തയങ്ങളിലും, നായാട്ടിലും, ചതുരംഗത്തിലും, പോളോവിലും (കുതിരപ്പുറത്തു കേറിയുള്ള പന്തടികളി) അവർ വിരുതു സമ്പാദിച്ചു. സംഗീതത്തിനു് അതിയായ പ്രചാരം സിദ്ധിച്ചു. സാരസൻ തച്ചുപണികൾ വൎദ്ധമാനദശയെ പ്രാപിച്ചു. സ്ത്രീകളുടെ സാമുദായികസ്ഥിതി-

ക്ക് വളരെ മാററം വന്നുകൂടി. ആദികാലത്ത് അറബിവനിതകൾ ഘോഷകൾ അല്ലായിരുന്നു. അവർ പബ്ളിക്കിൽ എവിടെയും സ്വതന്ത്രമായി സംസരിക്കയും കാര്യങ്ങൾ നടത്തുകയും ചെയ്തിരുന്നു. പുരാതനമദ്ധ്യേഷ്യാസാമ്രാജ്യങ്ങളോടും റോമാസാമ്രാജ്യത്തോടും ഇടപെട്ട് അവയെ ജയിച്ചകൂട്ടത്തിൽ ആ സാമ്രാട്ടുകളുടെ ദുരാചാരങ്ങളും ദുർഭല്ലുകളും പകൎന്ന വന്നതിൽ ഒന്നാണു ഘോഷാസമ്പ്രദായം. കാൺസ്റ്റാന്റിനോപ്പിളിന്റേയും പർസ്യയുടെയും കാററ് തട്ടിയിട്ടാണ് അറബികൾ സ്ത്രീജനങ്ങളെ കൂട്ടിലടച്ചത്. സ്ത്രീകൾക്ക് സ്വാതന്ത്ര്യഹാനി വരുത്തി കേവലം ഷണ്ഡങ്ങളെപ്പോലെ അന്തഃപുരങ്ങളിൽ അടച്ചിട്ട് അവരെ ദുർവൃത്തകളാക്കി സമുദായത്തെ കളങ്കപ്പെടുത്തുന്ന ഏൎപ്പാട്ട് അന്നു തുടങ്ങിയത് ഇക്കാലംവരെ നിലനിൽക്കുന്നുണ്ട്. അത് ഇസ്ലാംമതത്തിനുള്ള ദൂഷ്യമല്ല ഇപ്പോൾ ഈ ദുരാചാരം മുസ്ലിമിങ്ങളും, അവരെക്കണ്ടു പഠിച്ച ഹിന്ദുക്കളും ഉപേക്ഷിച്ചുവരുന്നത് അഭിനന്ദനീയമായ പരിഷ്കാരമാകുന്നു. വണക്കവും ലജ്ജയും സ്ത്രീജനങ്ങൾക്ക് അലങ്കാരമാണെങ്കിലും, കാഴ്ചബംഗ്ലാവിലെ ജന്തുക്കളെപ്പോലെ അവരെ വീട്ടിനകത്തിട്ട് അടയ്ക്കുന്നത് കഠിനദ്രോഹമാണ്. പാതിവ്രത്യം അതുകൊണ്ട് സ്ഥിരം ആകുന്നതിനു പകരം ദുർബലമാകുന്നതിനാണ് എളുപ്പം. ഈ ദുരാചാരം മലയാളരാജ്യത്തെ, അന്തർജ്ജനങ്ങളിലൊഴിച്ച് ഒരിക്കലും സ്പർശിച്ചില്ലെന്നുള്ളത് ഒരു മെച്ചമാണ്.

അതുപോലെ മഹമ്മദീയർ ആദികാലത്ത് ഇതരമതസഹിഷ്ണുതാ തീരെ ഇല്ലാത്തവരായിരുന്നു. ഖാലിഫ് ആയിരുന്ന ഓമാർ ക്രിസ്ത്യാനികളോടും മററും കാണിച്ചിട്ടുള്ള മഹാമനസ്കതയും ദാക്ഷിണ്യവും ചരിത്രപ്രസിദ്ധ-

മാകുന്നു. ക്രിസ്ത്യാനികൾ ആഭ്യന്തരകലഹത്താൽ തങ്ങളിൽ തല്ലി നശിക്കവേ മഹമ്മദീയർ അവരെ സ്നേഹിച്ചു. അതുപോലെ, ഭാരതഭൂമിയിൽ സിന്ധുരാജ്യത്ത് ഹിന്ദുക്കളും ഇസ്ലാമികളും പരസ്പരരഞ്ജനയോടെ വസിച്ചു. ഈ സ്ഥിതി എല്ലാം; പോയിട്ട്, കർമ്മഠരായ മേത്തന്മാർ ഇതരമതസ്ഥരെ ദ്രോഹിച്ച് നിർബന്ധപൂർവ്വം ഇസ്ലാംമതത്തിൽ ചേർത്തത് ആ മതത്തിന്റെ ദൂഷ്യമല്ല. മതതത്വബോധത്തിന്റെ ശക്തി അററുപോയ ശേഷം വെറും ആചാരത്തെ മാത്രം മുറുകെ പിടിച്ച് ക്രൂരതം പ്രാപിച്ച തദനുയായികളുടെ ദുഷ്ടചേഷ്ട എന്ന് മാത്രമെ പറയാനുള്ളു. സാഹസികന്റെ കയ്യിൽ ഒരു വാൾ കിട്ടിയാൽ കഴുത്ത് വെട്ടുവാൻ ഉള്ള കൗതുകം വർദ്ധിക്കാതിരിക്കുമോ? എന്നപോലെ പ്രാബല്യം ഏററ അറബികൾ കർമ്മഠരായപ്പോൾ ഇതരമതധ്വംസനത്തിനു പുറപ്പെട്ടു.

ഒരു സംഗതികൂടി പറഞ്ഞ് ദീർഘമായ ഈ അദ്ധ്യായത്തെ മുഴപ്പിക്കാം. അബ്ബാസിദ് ഖാലിഫികൾ ശാസ്ത്രാന്വേഷണത്തിനുള്ള താല്പര്യത്തെ വർദ്ധിപ്പിച്ചു. നവീനശാസ്ത്രങ്ങൾ നമ്മുടെ ജീവിതരീതികളെ എത്രമാത്രം പരിഷ്കരിച്ചു എന്ന് ഈ ക്രിസ്തബ്ദം ഇരുപതാം നൂററാണ്ടിൽ ആരെയും പറഞ്ഞു ധരിപ്പിക്കേണ്ടതല്ല. നമ്മുടെ സകല വ്യാപാരങ്ങളും ശാസ്ത്രത്തിന് കടപ്പെട്ടിരിക്കുന്നു. വെറുതെ ഇരുന്ന് വിധിയെ പ്രതീക്ഷിക്കയല്ല ശാസ്ത്രം ചെയ്യുന്നത്. ഏതു സംഗതിയും എന്തുകൊണ്ട് സംഭവിക്കുന്നു എന്ന് പരീക്ഷിച്ചറിയുന്നു. ചില പരീക്ഷകൾ ഫലിക്കാതെ പോയേക്കാം. അതുനിമിത്തം മുഷിഞ്ഞ് പോകാതെ പിന്നെയും പിന്നെയും പരീക്ഷണങ്ങൾ നടത്തി അനവധി ജ്ഞാനം നാം സമ്പാദിച്ചിട്ടുണ്ട്. നമ്മുടെ പുരാതന മഹർഷിമാർ ഇതു തന്നെയാണ് ആശ്രമങ്ങളിൽ ചെയ്തുവരുന്നത്.

ഓരോരുത്തരും ഓരോ തത്വങ്ങൾ അറിയാൻ തപ-
സ്സുചെയ്തു ജീവിതത്തെ നയിച്ചു. അതാണു് ഓരോ
വിദ്യകൾക്കും മഹർഷിമാർ കൂടസ്ഥന്മാരായിത്തീർന്നതു്.
ഇങ്ങനെ അനവധി രഹസ്യങ്ങൾ അവർ സമ്പാദിച്ചു-
തെല്ലാം കാലാന്തരത്തിൽ യുക്തശിഷ്യപരമ്പരകളി-
ലല്ലാതെ കാടുകയറി നശിച്ചു. ഇന്നു വ്യവസായശീല-
രായ പാശ്ചാത്യർ ഒന്നൊന്നായി പുനരായി കണ്ടുപി-
ടിക്കുന്നു. ഈജിപ്റ്റിലും, ചീനത്തും, ഭാരതത്തിലും എത്ര
ജ്ഞാനരത്നങ്ങൾ കുഴിച്ചുമൂടിയിരിക്കുന്നു! അറബികൾ
ആ പുരാതനമായ ഋഷിവർഗ്ഗങ്ങളുടെ മാർഗ്ഗരീതികളെ അ-
നുവർത്തിച്ചു ജ്യോതിഷത്തിലും വൈദ്യത്തിലും പാരം-
ഗത്യം സമ്പാദിച്ചു. പലരും തക്ഷശില മുതലായ മഹാ-
വിദ്യാലയങ്ങളെ ആശ്രയിച്ചു പഠിച്ചു. ജ്യോതിഷഗ്രന്ഥ-
ങ്ങളും വൈദ്യഗ്രന്ഥങ്ങളും സംസ്കൃതത്തിൽനിന്നു് അറ-
ബിയിൽ ഭാഷാന്തരം ചെയ്തു. അങ്ങനെ സമ്പാദിച്ച
ജ്ഞാനത്തെ അവർ സ്വപ്രയത്നത്താൽ വർദ്ധിപ്പിച്ചു.
കുഴൽകണ്ണാടിയും വടക്കുനോക്കിയന്ത്രവും അറബികൾ
സൃഷ്ടിച്ചവയാണു്. അവരുടെ അടുക്കൽനിന്നാണു ഗണി-
തവും വൈദ്യവും യൂറോപ്പുരാജ്യങ്ങളിൽ പകർന്നതു്. സ്പെ-
യിനിൽ കാർഡോവാ, ഈജിപ്റ്റിൽ കൈറൊ, മദ്ധ്യേ-
ഷ്യയിൽ ബസ്രാ, കുഫാ എന്നീ സ്ഥലങ്ങൾ അറബി-
വിദ്യാകേന്ദ്രങ്ങളായി അന്നു വിളങ്ങി എല്ലാത്തിലും കേ-
മമായിരുന്നു ബാഗ്ദാദ്. ആ നഗരം ഇറാക്കിന്റെ ക-
ണ്ണായി വിളങ്ങി. അവിടെ ഇരുപതുലക്ഷം ജനങ്ങൾ
അധിവസിച്ചിരുന്നത്രേ! ഇന്നു കൽക്കട്ടാനഗരത്തിൽ
പോലും അതിൽ പകുതി ജനങ്ങളേ ഉള്ളൂ. ബാഗ്ദാദ്
നഗരപ്രമാണികൾ ആണു് ആദ്യമായി കാലുറകളും
(മോസാ എന്നാണു് അറബിപ്പേർ) ഷിമ്മീസ് എന്നു
പേരുള്ള കുറുക്കുപ്പായവും ഉപയോഗിച്ചു തുടങ്ങിയതു്.
അതുകണ്ടു പഠിച്ചതാണു് യൂറോപ്യന്മാർ.

അറബികൾ പണ്ടേ സഞ്ചാരികളായിരുന്നു. കടലും കരയും ഒരുപോലെ അവൎക്ക് സ്വാധീനമായിരുന്നു. ആഫ്രിക്കയിലും ഇൻഡ്യയിലും ചീനത്തും മലേഷ്യയിലും അവർ കടന്നു കച്ചോടം നടത്തി, കുടിപാർപ്പുകൾ ഉറപ്പിച്ചു. കന്യാകുമാരിയിൽപോലും അറബികളുടെ കപ്പോലങ്ങൾ ഉണ്ടായിരുന്നതായി റിക്കാർഡുകൾ കണ്ടിട്ടുണ്ട്. ആൽബറൂണി എന്ന അറബിദേശസഞ്ചാരി, ഫിയാൻസാങ്ങിനെപ്പോലെ, ഭാരതസഞ്ചാരത്തിൻെറ കഥ എഴുതിയിട്ടുണ്ട്, അറബികൾ ചരിത്രകാരന്മാരായിരുന്നതുകൊണ്ട് അവരുടെ കഥകൾ അവരുടെ ഗ്രന്ഥങ്ങളിൽനിന്നു മനസ്സിലാക്കാം. അറബിക്കഥകൾ ഏതു നാട്ടിലും പ്രസിദ്ധങ്ങളാകുന്നു. ബാഗ്ദാദിൻെറ മഹിമ മറന്നാലും അവയെ ആസ്വദിക്കാത്തവരാരുമില്ല.

---

## മുപ്പത്തിരണ്ടാം അദ്ധ്യായം

---

### ഹിന്ദുക്കളും മഹമ്മദീയരും

അറബികളുമായി നാം കുറെ അധികം കളിച്ചു. ഇനി ഇൻഡ്യയിലും ചീനത്തും യൂറോപ്പിലും എന്തെല്ലാം കൃത്യങ്ങളാണ് ഇതിനിടെനടന്നതെന്നു നോക്കാം. അറബികൾ ആറേഴ്ശതവൎഷത്തിനിടയിൽ, കാടോടി നടന്നു വന്ന ദശയിൽ നിന്നുയൎന്ന്, ദേശസഞ്ചാരികളായി കച്ചോടം നടത്തി, നാടുചുററിക്കണ്ടു് പരിഷ്കാരം സമ്പാദിച്ച്, ഇസ്ലാംമതത്തിൻെറ ആവിർഭാവത്തോടുകൂടി ഐകമത്യവും സാഹോദൎയ്യവും സിദ്ധിച്ച്, പ്രബലന്മാരായി ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ മൂന്നു മഹാഭൂഖണ്ഡങ്ങളിലും പരിഷ്കൃതങ്ങളായിരുന്നപുരാതനരാജ്യങ്ങളെ കീഴടക്കി, ലോകമഹാസാമ്രാജ്യം സ്ഥാപിച്ചു, ഖാലിഫിൻെറ അധികാരം ലൌകികവിഷയ-

ങ്ങളിലും വൈദികവിഷയങ്ങളിലും ഈശ്വരാജ്ഞയുക്തുല്യമായി അനിഷേധ്യമാക്കിത്തീർത്തശേഷം, ആഭ്യന്തരകലഹം നിമിത്തവും സാക്ഷാൽ മഹാമതത്തിൻെറ ഉപദേശത്തിന്റെ തത്വം മറന്നതുനിമിത്തവും ഐഹികസുഖാനുഭോഗികൾ ആയിത്തീർന്നതുനിമിത്തവും ക്രമേണ ക്ഷയിച്ച് യൂറോപ്പിൽ ഏ ഡി. ൭൩൨-ൽ ചാറൽസ് മാട്ടലിന്റെ നേതൃത്വത്തിൽ എതിർത്ത സേനയോട് ടൂർസിൽവെച്ച് തോററ് പിന്തിരിഞ്ഞ കഥ എല്ലാം നാം മനസ്സിലാക്കിക്കഴിഞ്ഞുവല്ലോ. ആ തോല്വിയോടുകൂടി അറബികളുടെ ജൈത്രയാത്ര യൂറോപ്പിൽ നിലച്ചു, മദ്ധ്യേഷ്യയിലായി അവരുടെ നോട്ടവും നേട്ടവുമെല്ലാം. ഭാരതഭൂമിയിൽ സിന്ധുദേശം വരെ അവർ വ്യാപിച്ചിരുന്നു.

അപ്പോഴത്തെ ഇൻഡ്യയുടെ അവസ്ഥ എന്തായിരുന്നു? ഹർഷവർദ്ധനചക്രവത്തി ഏ ഡി ൬൪൭-ൽ കന്യാകുബ്ജത്തിൽ വെച്ചു തീപ്പെട്ടതോടുകൂടി ഉത്തരേൻഡ്യയിൽ അതിന് അല്പകാലം മുമ്പുതന്നെ ആരംഭിച്ച അധഃപതനം വ്യക്തമായി. ബുദ്ധമതവും ബ്രാഹ്മണമതവും തമ്മിൽത്തിരക്കിയുണ്ടായ ദൌർബ്ബല്യം ശ്രീഹർഷൻെറ പ്രാബല്യംകൊണ്ട് മങ്ങിക്കിടന്നിരുന്നു. അദ്ദേഹത്തിന്റെ അഭാവത്തിൽ ചെറിയ ചെറിയ രാജ്യങ്ങളായി സാമ്രാജ്യം ഭിന്നിച്ച് സ്വാതന്ത്ര്യം നേടി. അവയിൽ ചിലത് അല്പകാലം മേന്മയിൽ കഴിഞ്ഞുകൂടിഎങ്കിലും, മിക്കതും പരസ്പരകലഹം കൊണ്ടു ക്ഷീണഗതിയെ പ്രാപിച്ചു. എങ്കിലും, ശ്രീഹർഷന്റെ കാലത്തുദിച്ച പാണ്ഡിത്യത്തിന്റേയും കലാവിദ്യാകൌശലത്തിന്റേയും വാങ്കൽ അനന്തരകാലത്തും നിലനിന്നു. ഭവഭൂതി, രാജശേഖരൻ, മുതലായ മഹാകവികൾ അക്കാലത്ത് സംസ്കൃതപാണ്ഡിത്യപ്രകർഷത്തെ പുലർത്തി. ഭോജരാജാവിനെ കേൾക്കാത്തവർ ആരെങ്കിലുമുണ്ടോ?

അദ്ദേഹത്തിനെപ്പററി അനവധി ഐതിഹ്യങ്ങൾ ഭാരതഭൂമി ഒട്ടുക്ക് പരന്നിട്ടുണ്ട്. ശ്രീരാമന്റെ രാജ്യഭരണാനന്തരം അതുപോലെ ഒരു രാജാവ് ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഭോജരാജാവാണെന്ന് എല്ലാവരും വിശ്വസിക്കുന്നു. വിദ്വാന്മാർക്ക് ശുക്രദശ അക്കാലത്തായിരുന്നു. ഇങ്ങനെ അപൂർവ്വം ചില തെളിഞ്ഞ കാലങ്ങളുണ്ടായിരുന്നിട്ടും, ഉത്തരഇൻഡ്യയുടെ അവസ്ഥ ക്ഷയോന്മുഖമായിരുന്നു.

ഒരുകാലത്ത് ഉത്തരേൻഡ്യക്ക് ഉണ്ടായിരുന്ന മേന്മ അക്കാലത്തു ദക്ഷിണേൻഡ്യയിൽ പകന്നു. അവിടെ ചാലൂക്യന്മാരും, ചോളന്മാരും, പല്ലവരും, രാഷ്ട്രകൂടരും ഓരോ കാലത്ത് മുതിൻ പേരുകേട്ട സാമ്രാജ്യങ്ങളെ സ്ഥാപിച്ചു. ദക്ഷിണദേശീയനായിരുന്ന സാക്ഷാൽ ശ്രീശങ്കരഭഗവൽപാദർ ആ സേതുഹിമാചലം സഞ്ചരിച്ച് വിമതസ്ഥന്മാരെ യുക്തികൊണ്ടും ശാസ്ത്രവാദംകൊണ്ടും ജയിച്ച് അതിപ്രവൃദ്ധമായിരുന്ന ബുദ്ധമതത്തെ നാട്ടുവിട്ടോടിച്ചു. ഈ മഹിമ അറബികളുടേയും ഇസ്ലാംമതത്തിൻേറയും പ്രവേശനത്തിൽപോലും കുറവേററില്ല. എന്തെന്നാൽ, ഇസ്ലാം വടക്കുവന്നുമുട്ടിയതല്ലാതെ ദക്ഷിണാപഥത്തെ പ്രാപിച്ചില്ല. ശ്രീഹർഷൻെറ കാലത്തുതന്നെ അറബികൾ സിന്ധുകടന്നു. എ. ഡി. ൭൧൨-ൽ മഹമ്മത്തുബിൻ കാസിം എന്നു പതിനേഴ് വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഒരു വീരബാലൻെറ നേതൃത്വത്തിൽ മൂൾട്ടാൻ നഗരംവരെ പഞ്ചാബിൻെറ പശ്ചിമഭാഗം മഹമ്മദീയർ പിടിച്ചു. ഉത്തരഇൻഡ്യയിലെ രാജാക്കന്മാരും അറബികളും തമ്മിൽ എന്നും കലഹം നടന്നു വരവേ, തെന്നിൻഡ്യാരാജാക്കളുമായി അവർ രമ്യമായിക്കഴിഞ്ഞു. രാഷ്ട്രകൂടന്മാരും അവരുമായി പ്രത്യേകസഖ്യമുണ്ടായിരുന്നു. തെന്നിൻഡ്യയിൽ പ്രജകളായും സഞ്ചാ-

രികളായും കച്ചോടം ചെയ്തും വന്നു പാൎത്ത അറബികൾക്കു് വേണ്ടുന്ന സഹായങ്ങൾ രാജാക്കന്മാർ ചെയ്തുവന്നു. മേത്തന്മാൎക്ക പള്ളികളും ഗ്രാമങ്ങളും അവർ കെട്ടിച്ചുകൊടുത്തു. അറബികളും ഹിന്ദുക്കളുമായുള്ള സമ്പൎക്കം ഇരുകൂട്ടരുടേയും സംസ്കാരത്തെ ബാധിക്കാതിരുന്നില്ല. എങ്കിലും അറബികൾക്കാണു് അതുകൊണ്ടു ഗുണം അധികമുണ്ടായതു്. അതിനു കാരണം മറെറാന്നുമില്ല; അറബിസമുദായം പരിഷ്കാരദശയിലേക്കു പ്രവേശിച്ചു് പുതുമയും ഉത്സാഹവും കൂടിയവരായിരുന്നു, ഹിന്ദുക്കളാകട്ടെ; പണ്ടേതന്നെ പരിഷ്കാരപാരമ്യം സിദ്ധിച്ചു തഴമ്പിച്ചിരുന്നു. പുതുമോടികൾ സ്വീകരിക്കാൻ യുവാക്കൾക്കുള്ള കെൽപ്പു വരുമോ വൃദ്ധരായിത്തീൎന്നവൎക്കു്? അറബ്വിദ്യാൎത്ഥികൾ തക്ഷശിലയിൽ വൈദ്യം പഠിച്ചു; ജ്യോതിഷവും ഗണിതവും വശമാക്കി; സംസ്കൃതഗ്രന്ഥങ്ങളെ അറബിഭാഷയിൽ തർജ്ജമചെയ്തു. ഹറൌൺ അൽറഷീദിന്റെ പ്രാബല്യകാലത്തു് അനേക ഭാരതീയഭിഷക്കുകളും വിദ്വാന്മാരും ബാഗ്ദാദിൽ ചെന്നു് ആൎയ്യപരിഷ്കൃതിയെ പ്രചരിപ്പിച്ചു് ബഹുമതി നേടി. അതുപോലേ പേൎഷ്യയിലുണ്ടായിരുന്ന ആൎയ്യസംസ്കാരവും അറബികൾ സമ്പാദിച്ചു. ബൈസാന്റൈനിൽ നിന്നു് ഗ്രീക്കുസംസ്കാരവും അവൎക്കു ലഭിച്ചു. ഇങ്ങനെ പുരാതനസംസ്കാരങ്ങളെല്ലാം കൂട്ടി വാൎത്തുണ്ടാക്കിയതാണു് സാരസനപരിഷ്കാരം. ഈ പുതുസംസ്കാരം അല്പകാലം വളരെ കേമമായി വിളങ്ങി. മഹാന്ധകാരത്തിൽ മുഴുത്തുകിടന്ന യൂറോപ്പിന്റെ പ്രാഗ്ഭാഗത്തിൽ അതിന്റെ പ്രകാശം ഇരുളടഞ്ഞ ആകാശത്തിൽ സൂൎയ്യോദയംപോലെ മനോഹാരിതയെ പ്രാപിച്ചു.

ഹിന്ദുക്കളും മഹമ്മദീയരും തമ്മിൽ യാതൊരു പിണക്കവുമുണ്ടായിരുന്നില്ല. നേരെമറിച്ചു്, അവർ വളരെ ഇണക്കമായി വളൎന്നു. ഇസ്ലാമികൾ വരികയും പോ-

കയും, കച്ചോടം നടത്തുകയും, കുടിപാൎക്കയും പള്ളികൾ പണിയുകയും, മതപ്രചാരണം ചെയ്യുകയും ചെയ്തതിൽ ഹിന്ദുക്കൾ യാതൊരു വൈമനസ്യവും കാണിച്ചില്ല. കേരളദേശങ്ങളിൽ മഹമ്മദീയരെ സഹോദരങ്ങളായി മലയാളികൾ ചെങ്ങാത്തം പിടിച്ചു നടക്കുന്നതു് ഇന്നും കാണാം. ഭാരതീയപ്രജകളായി അവർ കഴിഞ്ഞുകൂടിയ കാലമെല്ലാം ഈ സാഹചര്യം നിലനിന്നു. എപ്പോളൊരിക്കൽ ആ മട്ടുവിട്ടു്, വാളും കൊണ്ടു് വെട്ടിപ്പിടിക്കാനാരംഭിച്ചോ, അപ്പോഴാണ് ഹിന്ദുക്കൾക്കും മുസ്‌ലിമിങ്ങൾക്കും തമ്മിൽ വൈരം മുളച്ചതു്.

ഇപ്രകാരം വെട്ടിപ്പിടിക്കാനും കൊള്ളിവെയ്ക്കാനും കൊള്ളയിടാനും ഇദംപ്രഥമമായി തുടങ്ങിയതു് ഘസ്നിയിലെ മഹമ്മത്തായിരുന്നു. ഹറൂൺ അൽ റഷീദിന്റെ കാലം കഴിഞ്ഞു് മദ്ധ്യേഷ്യാസാമ്രാജ്യത്തിന്റെ ആധിപത്യം നാമമാത്രമായ കാലത്തു്, ക്രിസ്താബ്ദം പത്താംശതകത്തിൽ, അഫ്ഘാനിസ്ഥാനത്തു്, ഘസ്നിക്കുസമീപം ഒരു ചെറുദേശത്തു സബക്തജിൻ എന്നു പേരായ ഒരു തുൎക്കി, അടിമ സ്വാതന്ത്ര്യമായി കൈക്കലാക്കി. അയാൾ കന്ദഹാറിൽ നിന്നു ഇൻഡ്യയെ ആസ്കന്ദനം ചെയ്തു. അന്നു് ലാഹൂറിലെ രാജാവായിരുന്ന ജയപാലൻ അയാളോടു പൊരുതു് തോററു. സബക്തജിന്നിന്റെ മകനും അനന്തരഗാമിയും ആയിരുന്നു മഹമ്മത്തു്. അയാൾ നല്ലൊരു സാദിഭടനും സേനാനായകനുമായിരുന്നു. ആണ്ടുതോറും ഇൻഡ്യയിൽ കയറി, ആക്രമണങ്ങൾ നടത്തി. വളരെ നാശങ്ങൾ ചെയ്കയും അനവധി ധനം കൊള്ളയിട്ടുകൊണ്ടുപോകുകയും ചെയ്തു. പതിനേഴ തവണ ആക്രമിച്ചതിൽ ഒരിക്കൽമാത്രമേ കാശ്മീരത്തുവെച്ചു് അയാൾ തോററുള്ളൂ. അയാൾ പാടലീപുത്രം, മധുര, സോമനാഥം എന്നീ സ്ഥലങ്ങൾ വരെ തെക്കോട്ടു് കടന്നു. സോമനാഥക്ഷേത്രം ധ്വംസിച്ചു് അനവധി സ്വത്തുകൊണ്ടുപോ-

കകയും ചെയ്തു. ധനം മാത്രമല്ല, കണക്കില്ലാത്ത ആളുകളെയും പിടിച്ചു് അടിമകളാക്കി കൊണ്ടുപോയി. സ്ഥാനേശ്വരം എന്നുള്ള ദിക്കിൽ നിന്നു് മാത്രം രണ്ടായിരം പേരെ പിടിച്ചുകൊണ്ടുപോയിപോൽ.

ഈ മാതിരി ദ്രോഹങ്ങൾ മഹമ്മദീയർ ചെയ്തുതുടങ്ങിയപ്പോഴാണ് അവരും ഹിന്ദുക്കളും വൈരികളായതു്. മഹാമത്തു് എ. ഡി. ൧൦൩൦-ൽ ചത്തു. അയാൾ ഇസ്ലാം മതത്തെ പ്രചരിപ്പിക്കാൻ സ്വീകരിച്ച ഉപായങ്ങൾ നിർബന്ധവും ദ്രോഹവുമായിരുന്നു. മുസ്ലിമ്ങ്ങൾ അയാളെ പുകഴ്ത്തുന്നെങ്കിലും ഹിന്ദുക്കൾക്ക് വെറുപ്പാണു് തോന്നിയതു്. സത്യത്തിൽ മതപ്രചാരകനെന്നുള്ളതിനേക്കാൾ ഒരു മഹായോദ്ധാവാണെന്നുള്ള നിലയാണു് മഹാമത്തിന്ന് ഉണ്ടായിരുന്നതു്. എന്തെന്നാൽ, അയാൾ സിന്ധുദേശത്തുണ്ടായിരുന്ന മഹമ്മദീയരാജാക്കന്മാരെയും എതിർത്തതായി കാണുന്നു.

ഉത്തിഷ്ഠമാനമായ ഇസ്ലാംമതം ജരാജീർണ്ണമായിരുന്ന ആര്യസംസ്കാരവുമായി കൂട്ടിമുട്ടിയപ്പോൾ രണ്ടിനും പല ഭേദഗതി ഉണ്ടാകാതിരുന്നില്ല. എങ്കിലും യൗവനക്കൊഴുപ്പുള്ള ഒരാൾ വൃദ്ധനായ മററൊരാളുമായി ബലം പരീക്ഷിച്ചാൽ, വൃദ്ധൻ ആ ഘാതത്തെ തടുക്കാൻ നോക്കുന്നതല്ലാതെ യുവാവായ എതിരാളിയെ തള്ളിയിടാൻ തുനിയുകയില്ലല്ലോ. പുതുമണ്ണിൽ തുവളമേററ് കൊഴുത്തു് കുതിച്ചു് കയറിവന്ന ഇസ്ലാംതരുവിന്റെ പുറപ്പാടിൽ പുരാതന ആര്യമതകല്പവൃക്ഷം ഒന്നു് ചാഞ്ഞുകൊടുത്തു. ഭീമസേനൻ മദാന്ധനായി കദളീവനത്തിൽ പ്രവേശിച്ചു ഹനുമാനോടു് എതിർത്ത കഥ, ഇസ്ലാം ഹിന്ദുസംസ്കാര സംഘട്ടനത്തിന്ന് നിദർശനമായി തോന്നിക്കുന്നു. ജയിക്കാൻ കഴിഞ്ഞില്ലെങ്കിലും, സൗഗന്ധികാഹരണം സിദ്ധമായി. എന്നതുപോലെ, ഹിന്ദുസംസ്കാരത്തെ നശിപ്പി-

ക്കാൻ സാധിച്ചില്ലെങ്കിലും, സാരസന്നസംസ്കാരം ക്രമേണ പരന്നു. ആറവുവെള്ളംപോലെ പെട്ടെന്നു ഒന്നിച്ചല്ല അതു വ്യാപിച്ചതു്. പകലിരുണ്ടു രാവാകുന്നതു പോലെ സാവധാനത്തിലായിരുന്നു. ഘസ്നിയിലെ മഹാമത്താണു് മതപ്രചരണത്തിനു് ആദ്യമായി സാഹസം ചെയ്തു തുടങ്ങിയതു്. എങ്കിലും ഉത്തരഇൻഡ്യയിൽ ഇസ്ലാംകിടന്നു് കളിച്ചതല്ലാതെ മററു ഭാഗങ്ങളിലേക്കു ഏറെ നാൾ പ്രവേശിച്ചില്ല. അവിടെത്തന്നെ ബങ്കാളത്തു് ഇരുന്തൂറുകൊല്ലം കഴിഞ്ഞതിനു മേലാണു് കടന്നതു്. രജപുത്തു് വീരയോദ്ധാക്കളുടെ താവളമായിരുന്ന ചിററൂർ ഇസ്ലാംമതാധീനമായില്ല. തെന്നിൻഡ്യയിൽ പിന്നെ പല ശതവർഷത്തിനു മേലാണു് ആ മതം പടർന്നുപിടിച്ചതു്.

എങ്കിലും ആര്യസംസ്കാരത്തിന്റെ അഭിവൃദ്ധികാലം നിലച്ചു എന്നതിനു് തക്കമില്ല. അന്യന്റെ കൈ തലയ്ക്കു് മീതെ കയറി എന്നു് അതിനു ബോധം വന്നു. ബലം മറുകക്ഷിയിലാണെന്നു ബോധപ്പെട്ടപ്പോൾ ആത്മരക്ഷയ്ക്കുള്ള ഉപായങ്ങൾനോക്കുന്നതാണല്ലോ ബുദ്ധിമൽകൃത്യം. തദനന്തരണം ആര്യമതം ആമയെപ്പോലെ തല ഉള്ളിലേക്കു വലിച്ചു. നാളതുവരെ അയഞ്ഞു പ്രവണമായിരുന്ന ജാതിവിഭാഗം കഠിനമാക്കി. സ്ത്രീകളുടെ സ്വാതന്ത്ര്യം നിയന്ത്രിച്ചു. ഗ്രാമപഞ്ചായത്തുകൾ ജനസാമാന്യത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നതിനു് പകരം കക്ഷിവഴക്കിനുള്ള രംഗങ്ങളായി. ഹിന്ദുസമുദായം ഇങ്ങനെ ദുർബലമായിത്തീർന്നു എങ്കിലും,ഏറിയ നാളായി ദൃഢമൂലമായിരുന്ന അതിന്റെ സംസ്കാരം മഹമ്മദീയർ ഇത്ര തുനിഞ്ഞിട്ടും നശിപ്പിക്കാൻ കഴിഞ്ഞില്ലെന്നു് തന്നെയല്ല, അതിന്റെ വാസന മഹമ്മദീയചക്രവൎത്തികൾ സ്വീകരിക്കേണ്ടി വരികയും ചെയ്തു എന്നുള്ള സംഗതി വിസ്മയനീയമാകുന്നു. ജേതാക്കളെ പാട്ടി.

ലാക്കാനുള്ള കെല്പ് ആര്യസംസ്കാരത്തിനുള്ള സനാതനത്വത്തെ ഉറപ്പിക്കുന്നു.

സത്യത്തിൽ മഹത്തായ അറബിജ്ഞാനഗതിക്കും ആര്യപരിഷ്കൃതിക്കും തമ്മിൽ യാതൊരു പൊരുത്തക്കേടും ഇല്ല. അറബിസംസ്കാരം അപരിഷ്കൃതരും അർദ്ധപരിഷ്കൃതരും ആയിരുന്ന മദ്ധ്യേഷ്യാധ്യുഷിതരായിരുന്നകാടോടിവർഗ്ഗങ്ങളിൽ വ്യാപിച്ചപ്പോൾ ഉണ്ടായ വക്രത നിമിത്തം ദുഷ്ടമായിത്തീർന്നു. ഇങ്ങനെദുഷ്ടമായിത്തീർന്ന ഇസ്ലാം ആണ് ഇൻഡ്യയിൽ കടന്നത്. അപ്രകാരം വന്നു കയറിയ ഇസ്ലാമികളുടെ ദുരാചാരവും ദ്രോഹവും കാണുകയും, മഹ്മൂദിന്റെ കൊള്ളയും കൊള്ളിവയ്പും അനുഭവിക്കയും ചെയ്തപ്പോഴാണ് ഹിന്ദുക്കൾക്ക് ഇസ്ലാം മതം വെറുത്തത്.

---

# മുപ്പത്തിമൂന്നാം അദ്ധ്യായം

## വിശുദ്ധറോമാസാമ്രാജ്യവും യൂറോപ്പിൻെറ നവീകരണവും.

ഹഷവർദ്ധനന്റെ കാലം മുതൽ ഗസ്നിയിലെ മഹ്മൂദിൻെറ കാലംവരെ മുന്നൂററി അൻപതുകൊല്ലത്തെ ഭാരതകഥ വളരെ ചുരുക്കത്തിൽ കഴിഞ്ഞ അദ്ധ്യായങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിനിടെ അനവധി രാജാക്കന്മാരും നാടുവാഴികളും കലഹിച്ചതും സ്നേഹിച്ചതുമായി രസകരങ്ങളായ പല ഉപാഖ്യാനങ്ങൾ പറയാനുള്ളതെല്ലാം ഇവിടെ വിട്ടുകളഞ്ഞിരിക്കയാണു്. ഉത്തരേൻഡ്യയിൽ പാഞ്ചാലരാജ്യം മുതിർന്നതും, കന്യാകുബ്ജത്തിനു പററിയ സങ്കടങ്ങളും, കാശ്മീരരാജാവ് ആ മഹാനഗരത്തെ പിടിച്ചതും, പിന്നീട് വംഗരാജാവു ആക്രമിച്ചതും, അനന്തരം ദക്ഷിണദേശത്തുനിന്നുരാഷ്ട്ര-

ക്കൂടർ വന്നു കയറിയതും മററും പറഞ്ഞുതുടങ്ങിയാൽ അവസാനിക്കയില്ല.

ചരിത്രത്തിന്റെ കാലഘട്ടങ്ങളെ വെട്ടിമുറിച്ചു തിരിക്കാൻ സാദ്ധ്യമല്ല. ചരിത്രത്തിൻെറ ഗതി നദീപ്രവാഹംപോലെയാണു്. അനുസ്യൂതമായി അതു ഇടമുറിയാതെ ചലിക്കുന്നു. പകൽ ഇരുണ്ടു രാത്രിയാവുംപോലെ സാവധാനത്തിൽ ഭേദങ്ങൾ വരുന്നു. ഒരു കാലം മറേറതിലേക്കു ലയിച്ചുചേരുന്നതു് എവിടെയാണു്, എപ്പൊഴാണു്, എന്നു നിർദ്ദേശിക്കാൻ വയ്യ. എങ്കിലും, കുറെ ചെല്ലുമ്പോൾ രണ്ടും വേർതിരിഞ്ഞുകാണാം. ഭാരതഭൂമിയിൽ അനേകവർഷശതങ്ങളായി വിളങ്ങി വന്ന ആര്യസംസ്കാരം ക്രമേണ വിദേശിയാക്രമണത്തോടു് ഇടഞ്ഞു് ക്ഷീണഗതിയെ പ്രാപിച്ചു. ഒരു നാൾകൊണ്ടു് ഉണ്ടായ തളർച്ചയല്ല അതു്. ഘസ്നിയിലെ മഹാമത്തിൻെറ പുറപ്പാടോടുകൂടി ഇസ്ലാം ഉത്തരഇൻഡ്യയെ അടിമപ്പെടുത്തി. ഏറിയ നാൾ കഴിഞ്ഞതിനു മേലേ അതു ദക്ഷിണഇൻഡ്യയിൽ ബാധിച്ചുള്ളു. ബങ്കാളത്തേപ്പോലും ഇരുനൂറു കൊല്ലത്തോളം അതിനു് അഭിഭൂതമാക്കാൻ കഴിഞ്ഞില്ല. ഉത്തരഇൻഡ്യയിൽ രജപുത്തുസംഘങ്ങൾ ഇസ്ലാമിൻെറ ആവേശത്തെ തടുത്തു. ചിററൂർ ദുർഗ്ഗത്തിൽ നടന്നിട്ടുള്ള ചരിത്രപ്രസിദ്ധങ്ങളായ മഹാസമരങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. എങ്കിലും, സമുദ്രം തള്ളിക്കയറി വരുമ്പോൾ എത്രതന്നെ ബലമായി കരകൾ ഉറപ്പിച്ചാലും കടലിൻെറ തള്ളൽ തടുക്കാൻ സാദ്ധ്യമാണോ?. അതുപോലെ ഇസ്ലാമിൻെറ ആക്രമണം മദ്ധ്യേഷ്യയിൽ നിന്നു പുറപ്പെട്ടതു് തടുത്തുനിർത്താൻ കാളിന്ദീപ്രവാഹത്തെ തടുത്ത കാത്തവീര്യാർജ്ജുനന്നും സാധിക്കയില്ല.

എതിർക്കാൻകെല്പില്ലെന്നു വരുമ്പോൾ ആത്മരക്ഷയ്ക്കുള്ള ഉപായം തുടങ്ങുന്നതു് സ്വാഭാവികമാണു്. അതു

തന്നെയാണ് ആയ്യസംസ്കാരം അനുഷ്ഠിച്ച നയം. ആമ-യേപ്പോലെ അത് ഓട്ടിയിൽ ഒതുങ്ങി; നാളതുവരെ പ്ര-വണം ആയിരുന്ന ജാതിബന്ധത്തെ ഉറപ്പിച്ചു. ആചാര-ങ്ങളെ കഠിനങ്ങളാക്കി. സ്ത്രീസ്വാതന്ത്ര്യത്തെ നിയന്ത്രിച്ചു. ഗ്രാമപഞ്ചായത്തുകളുടെ അധികാരങ്ങളെ കുറച്ചു. ഇ-ങ്ങനെ വീട്ടിനുള്ളിൽ കയറി വാതിൽ അടച്ചിരുന്ന ഹി-ന്ദുധമ്മം, വരുത്തരെ വശീകരിക്കാൻ ശ്രമിക്കാതിരുന്നി-ല്ല. പഴയസത്വം അതിന്ന് തീരെ നശിച്ചുപോയിരു-ന്നില്ല. നല്ല വാക്കും നല്ല വചനവുംകൊണ്ടു് വിദേശി-യരെ ആകർഷിച്ച് അടുപ്പിച്ചു. ഇസ്ലാമിൻെറ പല ന-ടപടികളേയും അനുകരിച്ചു. അതിലെ തത്വങ്ങളെ രൂ-പാന്തരേണ സ്വാനുഷ്ഠാനങ്ങളിൽ സംക്രമിപ്പിച്ചു. കാ-ലക്രമേണ ഇസ്ലാമികരം പൂവ്വവൈരം മറന്നു. കാലാനു-സൃതങ്ങളായ ഭേദഗതികളെ പൂവ്വാചാരവിഭിന്നങ്ങളാ-ണെന്നുള്ള ബോധം വരുത്താതെ സ്വായത്തങ്ങൾ ആ-ക്കാനുള്ള പ്രാണബലം ഉള്ളതുകൊണ്ടാണ് ഹിന്ദുസം-സ്കാരം ഇന്നും ജീവനോടെ നിലനില്ക്കുന്നതു്. ശത്രുക്കളെ മിത്രമാക്കാനും വിജിഗീഷുക്കളെ സ്വാധീനപ്പെടുത്താനും ഭാരതീയധമ്മത്തിനുള്ള പാടവം ഒന്നുവേറെ തന്നെ. ദുർബ്ബലന്ന് സഹനമാണ് ബലം. അതാണ് ഇന്നത്തെ ഗാന്ധിമതവും.

യൂറോപ്പിൽക്കൂടി ഒന്നു കടന്ന് ഈ കാലഘട്ടം അ-വിടെ എങ്ങനെ പുരാതനസംസ്കാരത്തെ നവീനത്വ-ത്തിലേക്ക് നയിച്ചു എന്ന് നോക്കീട്ടു്, ഈ ഭാഗത്തെ ഇവിടെ നമുക്കു് ഉപസംഹരിക്കാം.

റോമിൻെറ അധഃപതനത്തോടുകൂടി പടിഞ്ഞാറേ യൂറോപ്പിൻെറ സംസ്കാരം നിലച്ചു. കാൺസ്റ്റാൻറി നോപ്പിളിൻെറ അധികാരാതൃത്തിയിലൊഴിച്ച് യൂറോ-പ്പിൻെറ കിഴക്കൻ നീതികളിൽ കാടുകയറി. ഹൂണാ-ദ്ധ്യക്ഷനായ അററില്ലാ യൂറോപ്പിൻെറ മിക്ക ഭാഗങ്ങ-

ളിലും കൊള്ളിവെച്ചു. എങ്കിലും അചിരേണ പാശ്ചാത്യദേശങ്ങളിൽ ഒരു പുതിയ ഉണർവ്വ് കണ്ടുതുടങ്ങി.

റോമാസാമ്രാജ്യത്തിൻെറ മഹാനാശത്തിൽ നിന്ന് തലപൊക്കാൻ കുറേനാൾ വേണ്ടിവന്നു എങ്കിലും, ക്രിസ്തുമതത്തിൻെറ സംജീവനശക്തി നിമിത്തം പുതുസംസ്ഥാനങ്ങൾ മുളയ്ക്കാൻ ആരംഭിച്ചു ഫ്രാൻസ്, ബൽജിയം, ജർമ്മനിയുടെ ഏതാനുംഭാഗം, ഇവയെല്ലാം ചേൎന്ന്, ക്ലോവിയസ് എന്ന നാഥൻെറ ആധിപത്യത്തിൽ ഒരു പറങ്കിസംസ്ഥാനം ഉദ്ഭൂതമായി. അദ്ദേഹം മുപ്പതു കൊല്ലം എ. ഡി. ൪൮൧ മുതൽ ൫൧൧ വരെ ഭരിച്ചു. ഈ രാജവംശത്തിന് മൊറൊവിൻജിയൻ വംശം എന്നാണ് ചരിത്രം പേരിട്ടിരിക്കുന്നതു്. മൊറോവിൻജിയൻ രാജാക്കന്മാർ അവരുടെ അന്തർവ്വംശികന്മാരുടെ പാവകളായിരുന്നു. സത്യത്തിൽ രാജാധികാരം വഹിച്ചതു് ഈ അധികൃതന്മാരായിരുന്നു. മുസ്ലിമീങ്ങളായ സാരസന്മാരെ ടൂർസ് യുദ്ധത്തിൽ തോല്പിച്ചു. എ. ഡി. ൭൩൨-ൽ പിൻതിരിപ്പിച്ച ചാറൽസ് മാർട്ടൽ ഈ അധികാരികളിൽ ഒരാളായിരുന്നു. യൂറോപ്പിനെ മഹമ്മദാക്രമണത്തിൽ നിന്ന് രക്ഷിച്ച വീരപുരുഷനായി ക്രിസ്ത്യാനികൾ അയാളെ കൊണ്ടാടി. അയാളുടെ യശസ്സും പൗരുഷവും വർദ്ധിക്കുന്നതു കണ്ടു്, പൗരസ്ത്യചക്രവർത്തിയുമായി ഇടഞ്ഞിരുന്ന റോമായിലെ മാർപാപ്പ ക്രിസ്തുമതോദ്ധാരകസ്ഥാനം അയാളിൽ ആരോപിച്ചു. ചാറത്സ് മാർട്ടിലിന്റെ മകൻ പെപ്പിൻ ഇതുതന്നെ തരമെന്നു കരുതി, കേവലം പാവകളായിരുന്ന മോറാവിൻജിയൻ വംശക്കാരെ ഉന്തിഅരശാക്കി രാജസ്ഥാനം സ്വീകരിച്ചു അതിനു മാർപാപ്പയും അനുവദിച്ചു. ഈ പെപ്പിൻെറ മകനായിരുന്നു പ്രസിദ്ധനായ ചാർലിമെയിൻ. ശത്രുക്കൾ ആക്രമിച്ചപ്പോൾ ചാർലി മെയിനിൻെറ സഹായം മാർപാപ്പായ്ക്ക് ല-

ഭിക്കയും, അതിൽ സന്തുഷ്ടനായി, എ. ഡി. ൮൦൦-ൽ വലിയ പള്ളിയിൽ, വെച്ച് ചാർല്ലിമെയിനിനെ റോമാസാമ്രാട്ടാക്കി കിരീടധാരണമഹോത്സവം നടത്തുകയും ചെയ്തു. അന്ന് മുതൽ "വിശുദ്ധറോമാസാമ്രാജ്യം" ഉദ്ഭൂതമായി.

ഈ വിശുദ്ധറോമാസാമ്രാജ്യം പുരാതനറോമാസാമ്രാജ്യത്തിൻെറ തുടർച്ചയാണെന്ന് ഒട്ടും തെററിദ്ധരിക്കരുത്. രണ്ടിനും യാതൊരു ബന്ധവും ഇല്ല. അതിൻെറ അവസ്ഥ ഗഗനകുസുമംപോലെ ആയിരുന്നു. വലിയ പേരു മാത്രം; സത്യമൊന്നുമില്ല. സാമ്രാജ്യവും ചക്രവത്തിയും മാർപാപ്പയും എന്നുള്ള വമ്പിച്ച നാമധേയങ്ങൾ മനുഷ്യരെഭ്രമിപ്പിച്ചു; വിസ്മയിപ്പിച്ചു, ഭയപ്പെടുത്തി. പഴയ റോമൻ ചക്രവത്തി എന്നുള്ള ബോധത്തോട്ട് ക്രിസ്തുമതവും കൂടി ചേന്നപ്പോൾ അതു് വിശുദ്ധാസംജ്ഞയ്ക്കു് പാത്രമായി. ദൈവത്തിൻെറ അവതാരപുരുഷനായി ചക്രവത്തിയും മാർപ്പാപ്പയും; ഒരാൾ ലൌകികവിഷയത്തിൽ, മറേറ ആൾ മതവിഷയത്തിൽ. ഈ സമ്മേളനത്തിൽ നിന്നാണു് രാജാവിനു് ദേവാധികാരം സിദ്ധിച്ചതു്. മതരക്ഷകസ്ഥാനം ഇന്നും ഇംഗ്ലീഷ് ചക്രവത്തി വഹിക്കുന്നുണ്ടു്. ഖാലിഫ് അതു് ഇക്കാലം വരെ വഹിച്ചിരുന്നു.

പാശ്ചാത്യറോമാനഗരത്തിൻെറ ഈ പുതുവേഷം പൌരസ്ത്യകാൺസ്റ്റാൻറിനോപ്പിളിനു് തീരെ രുചിച്ചില്ല. ചാർലിമെയിൻ പാശ്ചാത്യസാമ്രാട്ടെന്നല്ല ദൈവത്തിൻെറ സർവാധികാരി ആണെന്നുള്ള വൻപേരോടുകൂടി യൂറോപ്പിൻെറ പാശ്ചാത്യാർദ്ധഭാഗം (ഫ്രാൻസ്, ബൽജിയം, ഹാളൻഡു്, സ്വിററ്സർലണ്ടു്, ജമ്മനിയിലും ഇററലിയിലും പകുതി) അടക്കിഭരിച്ച് യശസ്വിയായി വത്തിച്ചതു്, കാൺസ്റ്റാൻറിനോപ്പിളിൽ ചക്രവത്തിനിയായി വാണ ഐറീന് കോപകാരണമായി. ഈ ഐ-

റിൻ മകനെ കൊന്നിട്ട് ചക്രവർത്തിനിസ്ഥാനം കൈക്കലാക്കിയവളായിരുന്നു. അവരുടെ കാലത്തു നാട്ടിൽ തീരെ സൈ്വരമില്ലെന്നു കണ്ടിട്ടാണു്, മാർപാപ്പ ധൈര്യമായി അവരുടെ ആധിപത്യത്തെ നിരസിച്ച് സ്വാതന്ത്ര്യം നേടിയത്. ചക്രവർത്തിക്ക് ദേവത്വം സിദ്ധിച്ചപ്പോൾ ആരാധനകളും ചടങ്ങുകളും മോടികളും ആചാരങ്ങളും ദേവനോടൊപ്പം നൽകി തുടങ്ങി.

എന്നാൽ ഈ ദേവത്വവും മതസംരക്ഷകത്വവുമെല്ലാം കേവലം പുറംപൂച്ച് മാത്രമായിരുന്നു എന്ന് ആദിമുതൽ തന്നെ വെളിപ്പെടുത്താതിരുന്നില്ല ചാർലിമെയിൻ ചക്രവർത്തി ബാഗ്ദാദിലെ ഹറൂൺ അൽറഷീദിൻെറ സമകാലീനനായിരുന്നു. അവർ തമ്മിൽ സഖ്യം ചെയ്തു് പൗരസ്ത്യറോമാസാമ്രാജ്യത്തേയും സ്പെയിനിലെ സാരസന്മാരെയും നശിപ്പിക്കാൻ ഉദ്യമിച്ചു. ഈ സംഗതിയിൽനിന്നു് സ്പഷ്ടമാവുന്നതെന്തെന്നാൽ മതസംരക്ഷണമോ ദേവത്വമോ ഒന്നുമല്ല, അധികാരലോഭവും രാജ്യലാഭവുമാണു് ചക്രവർത്തിയേയും ഖാലിഫിനെയും ബാധിച്ചിരുന്നതെന്നല്ലേ? അല്ലെങ്കിൽ ക്രിസ്ത്യാനികളെ ക്രിസ്ത്യാനികളും, മുസ്ലിമിങ്ങളെ മുസ്‌ലിമിങ്ങളും, നശിപ്പിക്കാൻ പുറപ്പെടുമോ? മതത്തിൻെറ പേരു് പറഞ്ഞു് എത്ര അതിക്രമങ്ങൾ ലോകത്തിൽ നടക്കുന്നുണ്ടു്. ഷാർലിമെയിനു് കാൺസ്റ്റാൻറിനോപ്പിളും, ഹറൂൺ അൽറഷീദിന് സ്പെയിനും അകലെ ആയിപ്പോയതുനിമിത്തം, പൊരുതികീഴടക്കാൻ തക്കമില്ലായിരുന്നു. അതുകൊണ്ടു് ഹറൂൺ കാൺസ്റ്റാൻറിനോപ്പിളിനേയും ചാർല്ലി സ്പെയിനിനേയും അടക്കണമെന്നായിരുന്നു അവരുടെ സഖ്യത്തിന് അർത്ഥം. മാർപാപ്പാ ക്രിസ്തുവിൻെറ ആൾപേരായി വാഴവെ, ചാർലിമെയിനിൻെറ പിൽക്കാലം റോമായിലും ഇററലിയിലും നടന്ന അതിക്രമങ്ങൾ അവർണ്ണനീയങ്ങളാ-

യിരുന്നത്രേ ദുൎമ്മാൎഗ്ഗികളായ സ്ത്രീപുരുഷന്മാൎക്കു് മാർപാപ്പയെ ആക്കാനും നീക്കാനുംപോലും ശക്തിയുണ്ടായിരുന്നപോൾ!

കണ്ണാടിയിൽ കാണുന്ന ഛായപോലെ നിഴലിച്ച വിശുദ്ധറോമാസാമ്രാജ്യം നാമമാഹാത്മ്യംകൊണ്ടു് ജനങ്ങളെ ഭ്രമിപ്പിച്ചു്, പഴയ റോമാസാമ്രാജ്യത്തിന്റെ അന്തസ്സു് സമ്പാദിച്ചു്, ഏറെ നാളം നിലനിന്നു എന്നതിനു് സംശയമില്ല. ചാൎല്ലിമെയിൻ എ—ഡി—൮൧൪-ൽ മരിച്ചു. അദ്ദേഹത്തിൻെറ പിൻവാഴ്ചക്കാരായ കാർലോവിൻജിയൻ വംശക്കാർ അദ്ദേഹത്തോടൊപ്പം സ്വശക്തിയുള്ളവരായിരുന്നില്ല. 'തടിയൻ', 'കഷണ്ടി', 'ഭക്തൻ', എന്നും മററും ഹാസ്യപ്പേർ സമ്പാദിച്ച വിദ്വാന്മാരുടെ കാലത്തു് സാമ്രാജ്യം ശിഥിലമായി. ചാൎല്ലിമെയിനിന്റെ സാമ്രാജ്യം പിരിഞ്ഞുണ്ടായ രാജ്യങ്ങളാണു് ജൎമ്മനിയും ഫ്രാൻസും. എ. ഡി. ൮൪൩—മുതലാണു് ജൎമ്മനി വേർ തിരിഞ്ഞതു്. ൯൩൬—മുതൽ ൯൭൩—വരെ ഭരിച്ച മഹാൻ എന്ന ബഹുമതിനാമംകൊണ്ടു വിശിഷ്ടനായിരുന്ന ഓട്ടോ ചക്രവൎത്തി, ജൎമ്മനിക്കു് ഐകമത്യവും രാഷ്ട്രീയതത്വവും നേടിക്കൊടുത്തു. ൯൮൭-ൽ ഹ്യൂകാപ്പേ എന്നയാൾ ദുർബലരായിരുന്ന കാർല്ലോവിൻജിയൻ രാജാക്കളെ ധിക്കരിച്ചു് ഫ്രാൻസുരാജ്യം നേടി. ചെറിയ ഇടവകകളായി തമ്മിത്തല്ലിക്കഴിച്ച പരന്തിരിസുകാർ, മാർപാപ്പയുടേയും ചക്രവൎത്തിയുടേയും കയ്യേററങ്ങളെ ഭയപ്പെട്ടു്, ഹ്യൂകാപ്പേയുടെ നേതൃത്വത്തിൽ സംയുക്തരായിത്തീൎന്നപ്പോഴാണു് ഫ്രാൻസു രാജ്യത്തിനു് രാഷ്ട്രീയതത്വനില വന്നതു്. അക്കാലംമുതൽതന്നെ ജൎമ്മനിയും ഫ്രാൻസും പരസ്പരസ്പർദ്ധികളായി വൎത്തിച്ചിരുന്നതു് ഇന്നും നില-

നിൽക്കുന്നുണ്ട്! ഏകദേശം ഇക്കാലത്തുതന്നെ റഷ്യാ-മഹാരാജ്യവും ഉത്ഭവിച്ചു. എ—ഡി. ൮൬൨—ൽ റൂറിക്ക് എന്നു പേരായ ഒരു ഔത്തരാഹനാണു് പിതൃ-സ്ഥാനം വഹിക്കുന്നതു്. യൂറോപ്പിന്റെ ദക്ഷിണപൂ-ർവ്വഭാഗത്തു് ബൾഗേറിയയും, സർബ്ബീയയും ഹംഗേറി-യയും, പോളണ്ടും, വിശുദ്ധറോമാസാമ്രാജ്യത്തിനും റഷ്യാമഹാരാജ്യത്തിനും ഇടയ്ക്കു് ഉദ്ഭൂതങ്ങളായി.

ഇതിന്നിടെ വടക്കൻ പ്രദേശത്തുള്ളവരും ലന്ത-ക്കാരും ഓടങ്ങളിൽ കയറി വലിയ നദികളിലും മദ്ധ്യാ-ർണ്ണവത്തിലും സഞ്ചരിച്ചു് ഇററലിയിലും ഫ്രാൻസിലും ഇറങ്ങി കൊള്ളയിടുകയും ദേശങ്ങൾ പിടിക്കയും ചെയ്തു. ഫ്രാൻസിന്റെ പടിഞ്ഞാറുഭാഗത്തുള്ള നാർമ്മിൻഡി ഇററലിയുടെ ദക്ഷിണഭാഗം, സിസിലി എന്നീ സ്ഥല-ങ്ങൾ അവർ കൈക്കലാക്കി കുടിയുറപ്പിച്ചു. കൊള്ളയി-ടാനും കൃഷിചെയ്യാനും ഒന്നുപോലെ സമർത്ഥരായിരുന്ന നാർമ്മന്മാർ, എ—ഡി ൧൦൬൬—ൽ 'ജൈത്ര' നെന്നു് പേരു കേട്ട വില്യമിന്റെ നേതൃത്വത്തിൽ ഇംഗ്ലണ്ടിൽ കയറി ആ ദ്വീപം സ്വാധീനമാക്കി.

ഇങ്ങനെ ക്രിസ്തുവർഷം ആയിരം തികഞ്ഞപ്പോൾ യൂറോപ്പിൽ ഇന്നു് കാണുന്ന മാതിരി പ്രത്യേകരാ-ഷ്ട്രങ്ങൾ തിരിഞ്ഞു് വെളിപ്പെട്ടു. അക്കാലത്തു് ഘസ്നി-യിലെ മഹാമത്തു് ഭാരതഭൂമിയിൽ കടന്നു് കൊള്ള-യിട്ടുവന്നു. ബാഗ്ദാദിലെ അബ്ബാസീദ്ദ് ഖാലിഫു്കളു-ടെ അധികാരം കുറഞ്ഞു. സെൽജൂക്കു് തുർക്കികൾ ഏഷ്യയുടെ പശ്ചിമഭാഗത്തു് ഇസ്ലാംമതത്തെ പുനർജ്ജീ-വിപ്പിച്ചു. അറബികളുടെ, അതായതു് സാരസന്മാരു-ടെ ആധിപത്യത്തിൽ ആയിരുന്നു സ്പെയിൻ. എങ്കി-ലും, അവർ മാതൃഭൂമിയായ അറേബ്യയിൽനിന്നു് തീ-രെ വേർപെട്ടുപോകയും, ബാഗ്ദാദിലെ ഖാലിഫ്ിന്റെ

വിരോധം സമ്പാദിക്കയും ചെയ്തു. ആഫ്രിക്കയുടെ വടക്കെ ഭാഗം ഖാലിഫിന്റെ അധികാരത്തെ നിരസിച്ചു. ഈജിപ്റ്റിൽ പ്രത്യേകം ഒരു ഖാലിഫ് ഉണ്ടായി. യൂറോപ്പിലും ഇൻഡ്യയിലും ആഫ്രിക്കയിലും അറേബ്യയിലും നടന്നതുപോലെ അല്ല ചീനത്തു് ഉണ്ടായ അവസ്ഥ. താങ്‌വംശരാജാക്കന്മാരുടെ ആധിപത്യത്തിൽ ക്രിസ്ത്വബ്ദം ഏഴും എട്ടും ശതകങ്ങളിൽ ചീനക്ഷേമത്തിന്റെയും പരിഷ്കൃതിയുടേയും ഉച്ചസ്ഥാനത്തെ പ്രാപിച്ചു. റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തോടുകൂടി നശിച്ചു് മൃഗപ്രായമായിത്തീൎന്ന യൂറോപ്പിനെ ഗണിക്കാനില്ല. ഉത്തരേൻഡ്യയിൽ ഹർഷവർദ്ധനന്റെ കാലത്തു് ഉയർച്ച ഉണ്ടായിരുന്നു. ദാക്ഷിണാത്യർ ദേശാന്തരങ്ങളിൽ പോയി അങ്കോരം, ശ്രീവിജയ, മുതലായ പുതുസംസ്ഥാനങ്ങൾ സ്ഥാപിച്ചു. ചീനയോടു് ഒപ്പമായിരുന്നു എന്നു് പറയണമെങ്കിൽ ബാഗ്ദാദിലും സ്പെയിനിലും ഉണ്ടായിരുന്ന രണ്ടു് അറബി സംസ്ഥാനങ്ങൾ മാത്രമായിരുന്നു. ഒരു താങ്ങ് ചക്രവൎത്തി ഈ അറബികളുടെ സഹായം നേടി, ഭ്രഷ്ടമായ സ്വാധികാരത്തെ വീണ്ടെടുക്കപോലും ഉണ്ടായത്രേ! എങ്കിലും, പരിഷ്കൃതലോകത്തിന്റെ മുന്നണിയിൽ നിന്നിരുന്നതു് ചീന തന്നെ ആയിരുന്നു. ഭൂഗോളത്തിന്റെ മറുവശത്തു് അമേരിക്ക അന്നു് ആൎക്കും അറിഞ്ഞുകൂടായിരുന്നു. അവിടെ പൂർവ്വാർദ്ധഗോളത്തിലുണ്ടായിരുന്നതിനു് ഒപ്പം പരിഷ്കൃതജനസമുദായങ്ങൾ ഉണ്ടായിരുന്നതായി ഇപ്പോൾ വെളിപ്പെട്ടിട്ടുണ്ടു്. മെക്സിക്കോവിലെ മായന്മാരും പെറൂവിയയിലെ ഇൻകാക്കാരും പരിഷ്കൃതവൎഗ്ഗങ്ങൾ ആയിരുന്നു. ഇതായിരുന്നു ക്രിസ്തുവർഷം സഹസ്രം കഴിഞ്ഞപ്പോൾ ഉണ്ടായിരുന്ന ലോകാവസ്ഥ.

ഒരു സംഗതി പ്രത്യേകം മനസ്സിലാക്കാൻ ഉണ്ട്. മദ്ധ്യേഷ്യയിൽനിന്നാണ് ഒരു വക സഞ്ചാരിവർഗ്ഗങ്ങൾ യൂറോപ്പിലും ഇൻഡ്യയിലും കടന്ന് കോലാഹലങ്ങളുണ്ടാക്കി നവീനലോകഗതിക്കു കാലിട്ടതു്. ഹൂണന്മാർ സിതിയന്മാർ, തുർക്കികൾ, എന്നിങ്ങനെ പല പല വർഗ്ഗങ്ങൾ ഒന്നിനു പിന്നിൽ മറെറാന്നായി, തിരമാല പോലെ വന്നു കയറിക്കൊണ്ടിരുന്നു. വെള്ളഹൂണന്മാർ ഇൻഡ്യയിലും അററില്ലയുടെ ഹൂണന്മാർ യൂറോപ്പിലും കടന്നിട്ടുള്ള സംഗതി മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അതു-പോലെ, സെൽജൂക്കു് തുർക്കികൾ ബാഗ്ദാദിലെ അറ-ബിസാമ്രാജ്യം കൈക്കലാക്കി. പിന്നെ ഏറിയകാലം കഴിഞ്ഞു് മറെറാരു തുർക്കിവർഗ്ഗം ഓട്ടോമാൻ തുർക്കികൾ —കാൺസ്റ്റാന്റിനോപ്പിൾ പിടിച്ച്, യൂറോപ്പിൽ വീയ-ന്നവരെ കടന്നുകയറി. മദ്ധ്യേഷ്യയിൽ നിന്ന് തന്നെ-യാണ് മംഗോളിയൻ വർഗ്ഗങ്ങൾ ചീനത്തെ പിടിച്ചട-ക്കിയതും യൂറോപ്പിന്റെ മദ്ധ്യഭാഗംവരെ ജയിച്ചതും. അ-വരിൽ ഒരുവംശക്കാർ—മുകിലർ—ഭാരതഭൂമിയിൽ സാ-മ്രാജ്യം സ്ഥാപിച്ച് എത്രയോ കാലം ചക്രവർത്തികളായി വാണു.

മദ്ധ്യേഷ്യയിൽ നിന്നു് അലപോലെ കന്നുകയറി-ക്കൊണ്ടിരുന്ന വർഗ്ഗക്കാരെ തടുക്കാനായിട്ടാണ് ചീനാ-ചക്രവർത്തി പ്രസിദ്ധപ്പെട്ട വൻകോട്ടമതിൽകെട്ടിച്ചതു്. അതുകൊണ്ടൊന്നും അവരുടെ ആക്രമണത്തിന് ഒരുശ-മനവും ഉണ്ടായില്ലെങ്കിലും, ഈ പ്രതിബന്ധം അവരുടെ തള്ളലിനെ മറുനാട്ടുകളിലേക്കു് തിരിച്ചു വിട്ടു. ചീനാ-ചക്രവർത്തികൾ അവരെ പിന്തിരിക്കുന്തോറും അവർ ഇ-ൻഡ്യയിലും യൂറോപ്പിലും പലപ്രാവശ്യം തള്ളിക്കയറി. ഹൂണന്മാരും, ടാർട്ടർ വർഗ്ഗങ്ങളും, തുർക്കികളും, ഇങ്ങനെ കയറിയവരാണ്.

മറെറാരു സംഗതി കൂടി ധരിക്കാനുണ്ട്. ഇന്ന് യൂറോപ്പിൽ കാണുന്ന സ്വതന്ത്രരാജ്യങ്ങളുടെ ജനനം ഇക്കാലത്താണെന്ന് മുമ്പ് പറഞ്ഞുവല്ലോ. ഫ്രാൻസ്, ജർമ്മനി, രഷ്യ, ഇംഗ്ലണ്ട്, എന്ന ഷാർലിമെയിനിന്റെ സാമ്രാജ്യം പിരിഞ്ഞു് ഉണ്ടായ രാജ്യങ്ങൾക്കൊന്നും ഇന്നത്തെ പോലെ പ്രത്യേകമായുള്ള രാഷ്ട്രത്വബോധം അന്നു ഉളവായിരുന്നില്ല. ഇന്ന് ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ജർമ്മൻകാരുമെല്ലാം അവരവരുടെ രാജ്യത്തെ മാതൃഭൂമിയാക്കി, അവിടവിടെയുള്ള ജനങ്ങളെല്ലാം ഒരമ്മ പെററ സഹോദരങ്ങളേപ്പോലെ കെട്ടുപാടുള്ളവരായ ഗണിക്കുന്നു. അന്ന് അതില്ലായിരുന്നു. ഒരു രാജ്യാതിർത്തിയ്ക്കുള്ളിൽ പാർക്കുന്നവർ എന്നുള്ള ബോധമേ ഉണ്ടായിരുന്നുള്ളു. ഓരോ രാജ്യക്കാർക്കും സാഹോദര്യസമ്പ്രദായത്തിലുള്ള ബന്ധമുണ്ടായി രാഷ്ട്രബോധം ഉദിക്കാനുണ്ടായ നിദാനം, യൂറോപ്പിൽനടപ്പായ ഈറയിലി ഏർപ്പാടാകുന്നു. അതു് ഉണ്ടായതു് വരെ എല്ലാവരും ക്രിസ്ത്യാനികളാണെന്നു് ഒരു അടുപ്പം അല്ലാതെ ഉണ്ടായിരുന്നില്ല. ആ ബോധം ഇസ്ലാമികൾക്കും ഹിന്ദുക്കൾക്കും ബൌദ്ധർക്കും ഉണ്ടാകാതിരുന്നില്ല. അതല്ലാതെ രാഷ്ട്രീയബോധവും, തന്മൂലം ഒരു കെട്ടുപാടും, ഉറച്ചതു് ഈറയിലി ഏർപ്പാടിന്റെ ശക്തികൊണ്ടാകുന്നു. ഇൻഡ്യയിലും ചീനത്തും സമുദായസംഘടനയ്ക്ക് ഓരോ ഉപായങ്ങൾ ഉണ്ടായിരുന്നു എങ്കിലും, യൂറോപ്പിലെ ഈറയിലിഏർപ്പാടുപോലെ അവ സ്വരാഷ്ട്രബോധജനകങ്ങൾ ആയിരുന്നില്ല.

ഈ ഈറയിലി ഏർപ്പാടിന്റെ സ്വരൂപം പറയാം. റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തിൽ യൂറോപ്പ് ആസകലം അലങ്കോലമായി, അരാജകത്വം വളർന്നു. എന്നും കലഹവും അതിക്രമങ്ങളും മുഴുത്തു. മാർത്സ്യ-

ന്യായത്തിൽ ബലവാൻ കാര്യം ജയം എന്നല്ലാതെ വരാൻ നിർവാഹമില്ലല്ലോ. അപ്രകാരം പ്രബലന്മാരായ ചിലർ പ്രഭുത്വം സമ്പാദിച്ച് കോട്ടകൊത്തളങ്ങൾകെട്ടി പാർത്തു. അവർ സമീപപ്രദേശങ്ങളിൽ ഉള്ളവരെ കൊള്ളയിട്ടും ദ്രോഹിച്ചും കാലം കഴിച്ചു. ഇങ്ങനെ വന്നപ്പോൾ, സാധുക്കളായ കുടിയാന്മാരും കൃഷീവലന്മാരും ഏററവും വലഞ്ഞുവശായി. അവൎക്ക യാതൊരു കെട്ടുപാടും തമ്മിൽ ഉണ്ടായിരുന്നില്ല. ഒററയ്ക്കൊററയ്ക്ക് കഴിഞ്ഞുകൂടിവന്നവരെ രക്ഷിക്കാൻ പൊതുവായ ഒരു ഭരണകൂടം ഉണ്ടായിരുന്നില്ല. പിന്നെ അവൎക്ക് എന്തുള്ളു ഗതി? ഈ മറവപ്രഭുക്കളെ ആശ്രയിച്ചു ഉപജീവനം കഴിക്കാനല്ലാതെ തരമില്ലെന്നു വന്നു. അപ്രകാരം അവർ പ്രഭുക്കളുടെ അടിയാന്മാരായി; അവരുടെ ഭൂസ്വത്തിന്റെ ആദായത്തിൽ ഒരുഭാഗം ഈ പ്രഭുക്കന്മാൎക്ക കൊടുക്കാമെന്നു ഉടമ്പെട്ടു - അപ്രകാരം ചെയ്യുന്നപക്ഷം അവരെ ഉപദ്രവിക്കയില്ലെന്നു പ്രഭുക്കളും കരാർ ചെയ്തു. ഇങ്ങനെ പ്രഭുക്കന്മാരും അടിയാന്മാരുമായി ഒരു കെട്ടുപാടുണ്ടായി. ചെറിയ പ്രഭുക്കന്മാർ വലിയ പ്രഭുക്കന്മാരുടെ ആധിപത്യം സ്വീകരിച്ചു. അവർ ഭൂസ്വത്തിന്റെ ആദായം കൊടുക്കുന്നതിനു പകരം പടയാളികളായി ഊഴിയം ചെയ്തുകൊള്ളാമെന്നു നിശ്ചയംചെയ്തു. ഇങ്ങനെ താണതരം കൃഷീവലന്മാർ മുതൽ പടിപ്പടി മേലോട്ട് രാജാവു വരെ ഒരു കെട്ടുപാട് ഉണ്ടായതാണ് ഇറയിലി ഏൎപ്പാട്. രാജാവും ദൈവത്തിന്റെ ദാസത്വം കയ്യേററു. അടിതൊട്ട് മുടിവരെ ഉള്ള ഈ ബന്ധമാണ് യൂറോപ്പിൽ ഉണ്ടായ കുഴപ്പത്തെ പരിഹരിച്ച് രാഷ്ട്രീയബോധത്തെ ഉദിപ്പിച്ചത്.

"നമ്മുടെ നാട്ടിൽ ഉണ്ടായ ഇടപ്രഭുക്കളുടേയും ജന്മികളുടേയും ഉത്ഭവം ഇപ്രകാരംതന്നെ ആണ്. ആതമര-

ക്ഷയ്ക്കു് വേണ്ടി എളിയവൻ സാമനസ്സാലെ വലിയവന്റെ ദാസത്വം സ്വീകരിക്കുന്ന നയം ഏതു് നാട്ടിലും ഉണ്ടായിട്ടുണ്ട്. എന്നാൽ യൂറോപ്പിൽ ഉണ്ടായപോലെ മറെറാരു ദിക്കിലും അതിന് ദാർഢ്യവും സാമൂദായികഫലവും ഉണ്ടായില്ല. പള്ളിവസ്തുക്കളെ സംബന്ധിച്ചും ജ്ഞറയിലി ഏർപ്പാട്ട് അവിടെ നടപ്പായിരുന്നു. പാതിരിമാർ ജന്മികളും ആയിരുന്നു. ജർമ്മനിയിൽ പകുതിഭാഗം പാതിരിമാരുടേയും ബിഷപ്പന്മാരുടേയും ആധിപത്യത്തിലായിരുന്നു. അവരുടെ മേൽകോയ്മ മാർപാപ്പ വഹിച്ചു.

ജ്ഞറയിലിഏർപ്പാട്ട് പരന്നതോടുകൂടി ജനങ്ങൾ തരം തിരിഞ്ഞു. ഏററവും കീഴിൽ കൃഷീവലന്മാർ, അതായതു് അടിയാന്മാർ, അവരുടെ മേലാവായി ചെറിയ ജന്മിപ്രഭുക്കൾ, അവക്ക് മീതെ മഹാപ്രഭുക്കൾ, അവരുടെ മേൽ രാജാവു് രാജാവിന് മീതെ ദൈവം. വാസ്തവത്തിൽ, ഭൂമി കൃഷിചെയ്തു് ഉർവരയാക്കിയതു് അടിയാന്മാരാണു. അവർ അടുത്തു് മേലാവിലുള്ളവക്ക് ഭോഗം കൊടുത്തു. മേലാവിലുള്ളവർ അവരുടെ മേലുള്ളവക്ക് ഭോഗങ്ങളും ഊഴിയവും നൽകി. മഹാപ്രഭുക്കന്മാക്ക് എന്നും ഒന്നുകിൽ തങ്ങളിൽ കലഹിക്കാനോ, അല്ലെങ്കിൽ നായാടാനോ, മത്സരക്കളികളിൽ ഏർപ്പെടാനോ, അല്ലാതെ വേറെ ജോലി ഒന്നുമില്ലായിരുന്നു. അതിനുള്ള ചിലവുകളും ആളുകളും എല്ലാം കീഴിലുള്ളവർ സംഭരിച്ച് കൊടുക്കണം. നമ്മുടെ വലിയ ജന്മികളുടെ കഥ നോക്കിയാൽ ഏതാണ്ട് ഇപ്രകാരം തന്നെ ആയിരുന്നു എന്നു കാണാം. അടിയന്തിരങ്ങൾക്കെല്ലാം കുടിയാന്മാർ വട്ടം കൂട്ടികൊടുക്കണം. നിത്യനിദാനച്ചിലവിന് പോലും തിങ്ങൾ എല്ലിച്ചുവന്ന പതിവു് ഇയ്യിടെ മാത്രമേ നിന്നുള്ളു.

കുടിയാന്മാരെ പ്രഭുക്കൾ രക്ഷിക്കണമെന്നാണ് വയ്പ്. നടപ്പിൽ പ്രഭുക്കന്മാർ കേവലം തോന്ന്യാസം കാണിച്ച് അവരെ ഏറെ ക്ലേശിപ്പിക്കാതിരുന്നില്ല. അതുകൊണ്ട് അടിയാന്മാരുടെ ജീവിതം ഏററവും ഉപായത്തിൽ കഴിഞ്ഞുവന്നു. പ്രഭുക്കന്മാൎക്ക് ധനവും അധികാരവും ബഹുമതിയും ക്രമേണ വർദ്ധിച്ചു. നിയമാധികാരികൾ പോലും പ്രഭുക്കളായതുകൊണ്ട് അവൎക്ക് ഗുണകരമായ ചട്ടങ്ങളും നാട്ടിൽ നടപ്പായി. ഇങ്ങനെ പ്രഭുസമുദായഭരണം ഉദിച്ചു. പിന്നെ എത്രയോ കാലം കഴിഞ്ഞതിനു മേലാണ് ഇടനിലക്കാൎക്ക് ക്രമേണ പ്രാബല്യം സിദ്ധിച്ചതും, സമുദായഘടനയ്ക്ക് വലുതായ ഭേദഗതി സംഭവിച്ചതും. ആ സംഗതി മേൽ വ്യക്തമാക്കാം.

'ശാന്തസമുദ്രത്തിലെ ബ്രിട്ടൻ' എന്നു പേർ പെററ കൊച്ചു ജപ്പാൻ ഇതാ തായായ ചീനയെ വിഴുങ്ങാൻ തുടങ്ങിയിരിക്കുന്നു. ആയിരം കൊല്ലത്തിനു മുൻപ് ഈ ദ്വൈപസ്യർ ചീനയെ അനുവൎത്തിച്ചുവന്നിരുന്നു. അവിടെ ഫ്യൂജിവാരവംശക്കാർ പ്രാധാന്യം വഹിച്ചുവന്ന കഥ ചുരുക്കി ഇരുപത്തിഅഞ്ചാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ഇരുനൂറു കൊല്ലം അവരുടെ പ്രാബല്യം നിമിത്തം ചക്രവൎത്തി കേവലംബിംബപ്രായനായി സന്ന്യാസവൃത്തിയെ അവലംബിച്ചു. എങ്കിലും, രാജ്യഭരണാധികാരം മകനു ഉണ്ടായിരുന്നതു നിമിത്തം ഭരണക്രമത്തിൽ കയ്യിടാതെ ഇരുന്നില്ല. ക്രമേണ അവർ ഫ്യൂജിവാരവംശക്കാരുടെ പ്രാബല്യത്തിന്റെ വേരു തോണ്ടി. ഫ്യൂജിവാരവംശക്കാർ മഹാജന്മികൾ മുഖാന്തിരം ആയിരുന്നു കരം പിരിച്ചു വന്നതു. ഈ കരം പിരിവുകാരായ ജന്മികൾക്കു ദായിമ്യോക്കൾ എന്നായിരുന്നു പേർ. കരം പിരിവുകാർ അധിപതികളായിത്തീരുന്ന വേഷപ്പകൎച്ച വെള്ളക്കാർ നമ്മെ കാണിച്ചതനിട്ടുള്ളതാണ്. ഡില്ലി പാഷായുടെ കരം പിരിവുകാരായിട്ടാണല്ലോ ഇം-

ഗ്ലീഷ് കൊമ്പഞ്ഞിയുടെ ഭാരതരംഗപ്രവേശം. അതുപോലെ, ജപ്പാനിലും ദായിമ്യോക്കൾ സാക്ഷാൽ ഭരണാധികാരികളായി. അവർ കിയേട്ടോവിലുണ്ടായിരുന്ന ചക്രവൎത്തിയെ വകവെച്ചില്ല. ദായിമ്യോക്കൾ രണ്ടു കുടുംബക്കാരായിരുന്നു. തൈരാ എന്നും മിനമോതോ എന്നും ആയിരുന്നു കുടുംബക്കാരുടെ സംജ്ഞകൾ. അവർ കുരുപാണ്ഡവരെപ്പോലെ പരസ്പരസ്പൎദ്ധികളായിത്തീൎന്നു. തൈരാക്കാർ വിരോധികളായിരുന്ന മിനമോതോക്കന്മാരെ, നാലു ബാലരെ ഒഴിച്ചു്, നിശ്ശേഷം ഹനിച്ചു. ഈ നാലു ബാലരിൽ ഒരുവനായിരുന്നു പന്ത്രണ്ടുവയസ്സായിരുന്ന യോറിത്തോമൻ. അയാൾ വളരെ വീരനായി വളൎന്നു് വൈരനിൎയ്യാതനം നടത്തി. ഇങ്ങനെ യോറിത്തോമൻ സൎവ്വാധികാരിയായി. ചക്രവൎത്തി അയാൾക്കു "ശേയിത്തായി ഷോഗുണ്ണൻ" എന്നു വെച്ചാൽ; "മ്ലേച്ഛദമനമഹാസേനാനായകൻ" എന്ന സ്ഥാനപ്പേരും കൊടുത്തു. പിന്നെ എഴുനൂറു്കൊല്ലത്തേക്കു ഷോഗുണ്ണന്മാരുടെ രാജ്യഭാരം ആയിരുന്നു. ആദ്യത്തെ ഷോഗുണ്ണൻെറ ഭരണകാലം വളരെ ശ്രേയസ്കരമായിരുന്നു. പിന്നീടുവന്നവർ പലരും കലഹപ്രിയന്മാരാകയാൽ, വലിയ ഉദ്യോഗസ്ഥന്മാരും ആയി പിണങ്ങി പല വിപത്തുകളും രാജ്യത്തിന്നു നേരിട്ടു. എങ്കിലും, യൂറോപ്പിൽ അക്കാലത്തു് നടന്നതുപോലുള്ള അതിക്രമങ്ങളൊന്നും നടന്നില്ല. ആകപ്പാടെ നോക്കിയാൽ, ജപ്പാൻെറ സ്ഥിതി ദോഷഫലപ്രദം അല്ലായിരുന്നു എന്നുതന്നെ പറയാം.

ജപ്പാൻ അന്നു് ചീനത്തു് ഉണ്ടായിരുന്ന പരിഷ്കാരങ്ങളെല്ലാം പകൎത്തി. എങ്കിലും, ചീനന്മാരുടേയും ജാപ്പുകളുടേയും പ്രകൃതി രണ്ടും രണ്ടായിരുന്നു. ചീന അമ്മാച്ചനേപ്പോലെ എന്നും സമാധാനത്തോടെ പാൎത്തു.

ജപ്പാൻ ചോരത്തിളപ്പുള്ള അനന്തരവരെപ്പോലെ സർവദാ പിടപിടപ്പുള്ളവരായിരുന്നു. അതിക്രമണശീലവും രണകൗതുകവും ജപ്പാൻകാൎക്ക് അന്നേ കൂടപ്പിറവികളാണ്. ആ സ്വഭാവങ്ങളാണ് ഇന്നും അവർ പ്രത്യക്ഷമാക്കുന്നത്. ചീനത്ത് യോധവൃത്തി നിന്ദ്യമായിരുന്നു. ജപ്പാനിൽ അതു മാനാർഹമായിരുന്നു. ഇങ്ങനെ ഗുരുശിഷ്യന്മാൎക്ക് വളരെ അന്തരം ഉണ്ടായി. ജപ്പാൻകാർ ചീനന്മാരുടെ സമുദായാചാരങ്ങളെ തങ്ങൾക്കു ചേർന്നപടി മാററി നടത്തി. മംഗോളിയർ ചീനയിൽ വ്യാപിച്ചതോടുകൂടി പഴയ രീതികൾ എല്ലാം അവിടെ മാറി. മംഗോളിയർ ജപ്പാനെ വശപ്പെടുത്താൻ നോക്കിയതിൽ ഫലിച്ചില്ല. ഇങ്ങനെ ചീനയും ജപ്പാനും പിരിഞ്ഞു. ജപ്പാനിൽ പഞ്ഞിച്ചെടി കയററിയത് ഹിന്തുക്കളാണ്. എ. ഡി. 793-ൽ ഒരു കപ്പലോട്ടത്തിൽ കുറെ ഇൻഡ്യാക്കാർ ജപ്പാനിൽ ചെന്നടിഞ്ഞു. അവരാണ് പഞ്ഞിക്കുരു അവിടെ നട്ടു വളൎത്തിത്തുടങ്ങിയത്. പിന്നെ കുറെക്കാലം കഴിഞ്ഞു ചീനത്തുനിന്ന് ഒരു ബുദ്ധസന്യാസി 1191-ൽ തേയിലക്കുരു കൊണ്ടുവന്ന് പിടിപ്പിച്ചു. അതിൽനിന്ന് തേയിലകൃഷി അവിടെ വളൎന്ന് ഇന്ന് ജപ്പാനിൽ പഞ്ഞിയും തേയിലയും പ്രധാനകൃഷികളാകുന്നു. തേയിലകുടി ജപ്പാൻകാരുടെ ഇടയിൽ ഒരു വലിയ ലൗകികസമുദായാചാരവും ചടങ്ങും ആയിത്തീൎന്നിട്ടുണ്ട്.

ഒന്നാം ഭാഗം സമാപ്തം

L. 175

Indic Digital Archive Foundation
gpura.org